# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2019 ഫെബ്രുവരി 12, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

65/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 89

**II. തിരുത്തിയ ഉത്തരം** .. 357

**III. അടിയന്തരപ്രമേയ നോട്ടീസ്** .. 357

രാഷ്ട്രീയ കൊലപാതകങ്ങളിലെ ഗൂഢാലോചന
(പരിഗണനയ്ക്കെടുത്തില്ല) .. 357

**IV. മേശപ്പുറത്തുവച്ച കടലാസുകൾ** .. 362

**V. ചട്ടങ്ങളുടെ ഭേദഗതിയുടെ പരിഗണന** .. 370

(പരിഗണനയ്ക്കെടുത്തില്ല)

**VI. നിയമനിർമ്മാണകാര്യം** .. 370

(i) 2019-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം .. 370

(ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള
സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന .. 370
പ്രമേയവും അനന്തര ഘട്ടങ്ങളും

(iii) 2019-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്)
ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും .. 378

**VII. അവകാശലംഘന പ്രശ്നങ്ങൾ** .. 380

**VIII. പ്രമേയം** .. 385

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച് .. 385

**IX. അവലോകനം** .. 385

അനുബന്ധം I & II .. 388

# കേരള നിയമസഭാ നടപടികൾ

പതിനാലാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

*2019 ഫെബ്രുവരി 12, ചൊവ്വ*

വാല്യം 175] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2019 ഫെബ്രുവരി മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ......

നക്ഷത്രചിഹ്നമിട്ട 211-ാം നമ്പർ ചോദ്യവുമായി *238-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ള നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് രണ്ട് ചോദ്യങ്ങൾക്കുമുള്ള മറുപടി ഒരുമിച്ച് പറയാവുന്നതാണ്.

**പ്രളയത്തിനുശേഷം ജലനിരപ്പ് ക്രമാതീതമായി താഴ്ന്ന അവസ്ഥ**

1 (*211) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. റോജി എം. ജോൺ : സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന് ശേഷം സംസ്ഥാനത്തെ കിണറുകളിലും പുഴകളിലും ജലനിരപ്പ് ക്രമാതീതമായി താഴ്ന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുള്ള വസ്തുതകളെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) വരുന്ന വേനൽക്കാലത്ത് ഇത് കടുത്ത ശുദ്ധജലക്ഷാമത്തിന് ഇടയാക്കുമെന്ന റിപ്പോർട്ടുകൾ ഗൗരവമായി എടുത്തിട്ടുണ്ടോ;

(സി) എങ്കിൽ കിണറുകളുടെയും പുഴകളുടെയും സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തെത്തുടർന്ന് പുഴകളിലും സമീപ പ്രദേശത്തെ കിണറുകളിലും ജലനിരപ്പ് താഴുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. ഇതുസംബന്ധിച്ച് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റ് (CWRDM) പഠനം നടത്തിയിട്ടുണ്ട്, പ്രസ്തുത പഠനത്തിൽ കണ്ടെത്തിയ വസ്തുതകൾ ചുവടെ ചേർക്കുന്നു:

പ്രളയത്തെത്തുടർന്നുള്ള മണ്ണൊലിപ്പും ഭൂഗർഭജലത്തിന്റെ അതിശക്തമായ ഒഴുക്കുംമൂലം പുഴകളുടെ അടിത്തട്ടുകളിൽ താഴ്ച സംഭവിച്ചതും നദികളുടെ അടിത്തട്ടിൽ ചെളിയും എക്കലും അടിഞ്ഞ് സുഷിരങ്ങളില്ലാത്ത പ്രതലം (Impermeable layer) ഉണ്ടാകുന്നതും നദീമുഖത്തേയ്ക്ക് വേഗത്തിൽ ജലം ഒഴുകുന്നതും റെഗുലേറ്ററുകളുടെ അപര്യാപ്തതമൂലം ജലനിരപ്പ് സംരക്ഷിക്കാൻ കഴിയാത്തതും ഭൂഗർഭത്തിലേയ്ക്ക് ഒഴുകിപ്പോകുന്ന ജലത്തിന്റെ അളവ് കുറഞ്ഞതും പ്രളയശേഷമുള്ള മഴയുടെ ലഭ്യതക്കുറവും നേരിയ തോതിലെങ്കിലും പുഴകളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലനിരപ്പ് കുറയുന്നതിന് കാരണമായിട്ടുണ്ട്.

(ബി&സി) കടുത്ത ശുദ്ധജല ക്ഷാമത്തിന് ഇടയാക്കുമെന്ന റിപ്പോർട്ടുകളൊന്നും ലഭ്യമായിട്ടില്ല. സംസ്ഥാനത്ത് വരൾച്ചയുടെ കാഠിന്യം നിർണ്ണയിക്കുന്നത് വേനൽ മഴയുടെ ലഭ്യതയെ ആശ്രയിച്ചായിരിക്കും. 2018 ആഗസ്റ്റിലെ പ്രളയത്തിനുശേഷം മഴ ലഭ്യതയിൽ വന്ന കുറവ് പരിഗണിച്ച് ഡാമുകളിൽ ലഭ്യമായിട്ടുള്ള ജലം വിനിയോഗിക്കുന്നതിൽ അതീവ ശ്രദ്ധ പുലർത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം മറ്റ് ജലസ്രോതസ്സുകളിൽ ലഭ്യമായ ജലം കാർഷികാവശ്യത്തിനും മറ്റാവശ്യങ്ങൾക്കും വിനിയോഗിക്കുമ്പോൾ ജലനഷ്ടം കുറച്ച് ജലവിഭവ വിനിയോഗ മാനേജ്മെന്റ് ശാസ്ത്രീയമായി നിർവ്വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ജലസംരക്ഷണം, ജലവിനിയോഗം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ, ചർച്ചകൾ, ഭൂജല പോഷണം സാധ്യമാകുന്ന പ്രവൃത്തികൾ എന്നിവയും നിർവ്വഹിച്ചുവരുന്നു. പുഴകളുടെ സംരക്ഷണത്തിനും ജലമലിനീകരണം തടയുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടും ജനപങ്കാളിത്തത്തോടുംകൂടി വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. വരട്ടാർ, മീനച്ചിൽ-മീനന്തറ-കൊടൂരാർ, കിള്ളിയാർ ശുചീകരണം (തിരുവനന്തപുരം നഗരസഭാ പരിധി വരെ) പള്ളിക്കലാർ എന്നിവ മാതൃകയാക്കി കൂടുതൽ നദികൾ ശുചീകരിച്ച് സംരക്ഷിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

കൂടാതെ, കേരള ജല അതോറിറ്റി മുൻകാലങ്ങളിലെ പോലെ വേനൽക്കാലത്ത് പുഴ സ്രോതസ്സായ പദ്ധതികളിൽ നീർച്ചാലുകൾ കീറിയും സ്ഥിരം തടയണകൾ നിർമ്മിച്ചും ജലവിതാനം ഉയർത്താറുണ്ട്. ഇതുകൂടാതെ തടയണകളിൽ ഷട്ടറുകൾ സ്ഥാപിച്ച് ജലം ശേഖരിച്ച് വയ്ക്കുകയും ശുദ്ധജലം പാഴായിപ്പോകുന്നത് തടയുന്നതിന് സമയബന്ധിതമായി വിതരണ ശൃംഖലയിലുണ്ടാകുന്ന അറ്റകുറ്റപ്പണികൾ നടത്തുന്നുമുണ്ട്. അടിയന്തര അറ്റകുറ്റപ്പണികൾക്കായി ബ്ലൂ-ബ്രിഗേഡ് സംവിധാനവും ജലമോഷണം തടയുന്നതിനായി ആന്റി തെഫ്റ്റ് സ്ക്വാഡും പ്രവർത്തിച്ചുവരുന്നു. ജലസംരക്ഷണത്തെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനായി പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും സന്ദേശങ്ങൾ പ്രചരിപ്പിക്കാറുണ്ട്.

ഭൂജല വകുപ്പ് പ്ലാൻ പദ്ധതിയായ ഭൂജലസംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ ഭൂജലവിതാനം ഉയർത്തുന്നതിനായി തുറന്ന കിണർ/റീചാർജ്ജ് പിറ്റ്/കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സംസ്ഥാനത്ത് നടപ്പാക്കിവരുന്നു.

ജലനിധി പദ്ധതിയിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof water Harvesting), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഓട (ഓവുചാൽ നിർമ്മാണം), ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar) എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ച് വരികയാണ്.

## പ്രളയശേഷം ഭൂഗർഭ ജലനിരപ്പിലുണ്ടായ കുറവ്

2 (*238) ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിനുശേഷം ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി കുറഞ്ഞുവരുന്നതായി ഏതെങ്കിലും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഭൂജല വിതാനം കുറയാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഭൂജലത്തിന്റെ തോത് വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) : സർ,

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിനുശേഷം ഭൂജല വകുപ്പ് നടത്തിയ പഠനത്തിൽ ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടില്ല. 2018 സെപ്റ്റംബറിലെ ഭൂജലവിതാനം ദശാബ്ദ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെ നിരീക്ഷണ കിണറുകളിൽ 75% കിണറുകളിലെ ജലവിതാനം കുറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. സെപ്റ്റംബർ 2018-ലെ ഭൂജലവിതാനം സെപ്റ്റംബർ 2017-ലെ ഭൂജലവിതാനവുമായി താരതമ്യ പഠനം നടത്തിയതിൽ സംസ്ഥാനത്തെ 62 ശതമാനം കിണറുകളിലും കുറവ് രേഖപ്പെടുത്തിയിരുന്നു. എന്നാൽ ബഹുഭൂരിപക്ഷം കിണറുകളിലും രേഖപ്പെടുത്തിയിരിക്കുന്ന ഈ കുറവ് കേവലം 0.5 മില്ലീ മീറ്ററിൽ താഴെ മാത്രമാണ്. നിലവിലെ സ്ഥിതിഗതികൾ ആശങ്കാജനകമല്ലെന്ന് വിലയിരുത്തുന്നു.

(ബി) നിമ്നോന്നതമായ ഭൂപ്രകൃതിയും ചെറിയ കാലയളവിൽ കൂടുതൽ മഴ ലഭിച്ചതും ഭൂതലത്തിൽ മഴവെള്ളത്തിന് ഊർന്നിറങ്ങാനുള്ള സമയ ലഭ്യത കുറവുമൂലവും ഭൂജലസംപോഷണം നടക്കുന്നതിന് കാലതാമസം ഉണ്ടാവുകയും ഉപരിതല ജലപ്രവാഹംമൂലം പ്രദേശത്തെ മേൽമണ്ണിനെ ഒഴുക്കി പുഴകളിലും നദികളിലും താഴ്ന്ന പ്രദേശങ്ങളിലും നിക്ഷേപിക്കുകയും ചെയ്ത സാഹചര്യം സംജാതമായിട്ടുണ്ട്. ഇതുമൂലം ജലഭൃതങ്ങൾ (aquifer) സംപോഷണം ചെയ്യപ്പെടാതിരിക്കാൻ കാരണമായിട്ടുണ്ട്. കൂടാതെ വൃഷ്ടി പ്രദേശങ്ങളിൽ തുടർച്ചയായ മഴയുടെ ആധിക്യംകൊണ്ട് നദിയിലെ അടിത്തട്ടിലെ മണ്ണ് ഒരു പരിധിവരെ ഒഴുകിപ്പോയതിനാൽ നദിയിൽനിന്നും സമീപത്തെ ജലഭൃതങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരുന്ന ഭൂജല പ്രവാഹം തിരിച്ച് ജലഭൃതങ്ങളിൽ നിന്നും നദിയിലേക്ക് ഒഴുകുന്ന സ്ഥിതി (base flow) ഉണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ ഇത്തരം പ്രദേശങ്ങളിലെ കിണറുകളിലെ ജലനിരപ്പ് കുറയുവാൻ കാരണമായിട്ടുണ്ട്.

(സി)" ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും" പദ്ധതിയിൻകീഴിൽ ഭൂജലവിതാനം ഉയർത്തുന്നതിനായി തുറന്ന കിണർ/റീചാർജ്ജ്പിറ്റ്/കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണ പ്രവൃത്തികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി ഭൂജല സംരക്ഷണത്തിനായി വിവിധ പദ്ധതികൾ ഇറിഗേഷൻ, മണ്ണ് സംരക്ഷണം, കൃഷി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി സംയോജിച്ച് നടപ്പിലാക്കി വരുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പ്രളയത്തിനുശേഷം സ്വാഭാവികമായും കടുത്ത വരൾച്ചയുണ്ടാകുമെന്നാണ് അനുമാനിക്കപ്പെടുന്നത്. ശാസ്ത്രീയമായ പഠനത്തിന്റെ ഭാഗമായി കിണറുകളിലും ശുദ്ധജല തടാകങ്ങളിലുമൊക്കെ ജലനിരപ്പ് കുറഞ്ഞുവരുന്നതായി അങ്ങ് സൂചിപ്പിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ വരൾച്ച നമ്മൾ പ്രതീക്ഷിക്കേണ്ടതാണ്.

വേനൽമഴ ലഭ്യമായിക്കഴിഞ്ഞാൽ നമുക്ക് വരൾച്ചയെ നേരിടാൻ കഴിയുന്ന ഒരു സാഹചര്യമാണുള്ളതെന്നാണ് അങ്ങ് പറഞ്ഞത്. വേനൽമഴ പ്രതീക്ഷിച്ചുമാത്രം വരൾച്ചയെ നേരിടാമെന്ന ഒരു സാഹചര്യത്തിലേയ്ക്ക് പോയാൽ അത് ലഭ്യമല്ലാതെ വരുമ്പോൾ ജനങ്ങൾക്ക് ഏറെ പ്രയാസവും ദുരിതവും അനുഭവിക്കേണ്ടിവരും. ഈ സാഹചര്യത്തിൽ ഇപ്പോഴുള്ള സംവിധാനമുപയോഗിച്ച് നിലവിലുള്ള ശുദ്ധജല തടാകങ്ങളിലും പുഴകളിലുമെല്ലാം തടയണകൾ കെട്ടി പരമാവധി ജലം സംഭരിച്ച് വയ്ക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ വരൾച്ചാ ദുരിതാശ്വാസ ഫണ്ട് ജില്ലകളിലേയ്ക്ക് ഇതിനകം കൊടുത്തിട്ടുണ്ടോ? എങ്കിൽ എത്ര തുകയാണ് ഇതിനുവേണ്ടി ജില്ലകൾക്ക് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, റവന്യൂ വകുപ്പാണ് അവസാനം ചോദിച്ച ചോദ്യത്തിനുള്ള മറുപടി പറയേണ്ടത്. 2017-ൽ വരൾച്ചയുണ്ടായപ്പോൾ ഏതെല്ലാം മേഖലകളിൽ അതിന്റെ ദോഷഫലങ്ങളുണ്ടായെന്ന് പരിശോധിച്ച് ഇപ്രാവശ്യം ആവശ്യമായ മുൻകരുതലുകളെടുക്കുകയാണുണ്ടായത്. കഴിഞ്ഞ മാസം 23-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിക്കുകയും എല്ലാ ജില്ലകളിലും ഇതിനെക്കുറിച്ച് അവലോകനം നടത്തി വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വെള്ളത്തിന്റെ കാര്യത്തിൽ വാട്ടർ മാനേജ്മെന്റ് വളരെ ശ്രദ്ധയോടുകൂടിയാണ് ഡാമുകളിലെ വെള്ളം തുറക്കുന്നതും കൈകാര്യം ചെയ്യുന്നതും. നമ്മൾ കരുതലായി ജലം സൂക്ഷിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വേനൽമഴ ലഭിച്ചാൽ അതിന് വിഷമമുണ്ടാകില്ല, ഇല്ലെങ്കിൽ അതെല്ലാം മുൻകൂട്ടി കണ്ടുകൊണ്ടുള്ള നടപടികൾ സ്വീകരിക്കും.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഗ്രാമീണ റോഡുകൾ, കുടിവെള്ളം, വൈദ്യുതി എന്നിവയെല്ലാമാണ് സർക്കാർ ഏറ്റവും പ്രധാനമായി കാണുന്നത്. പക്ഷെ സമ്പൂർണ്ണ വൈദ്യുതീകരണം വഴി ഏതാണ്ട് 99 ശതമാനം പേർക്കും വൈദ്യുതി എത്തിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ പല മേഖലകളിലും ശുദ്ധജലക്ഷാമം നേരിടുന്ന സാഹചര്യമുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണം പോലെ സമ്പൂർണ്ണ കുടിവെള്ള പദ്ധതി എന്ന ആശയം ഇതുവരെയും പൂർത്തീകരിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. എല്ലാവർക്കും കുടിവെള്ളം നൽകുമെന്നുള്ള രീതിയിൽ അത്തരമൊരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; വരൾച്ച വന്നാലുണ്ടാകുന്ന സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് എല്ലാ വീടുകളിലും വെള്ളം എത്തിക്കുവാനുള്ള ഒരു സമ്പൂർണ്ണ കുടിവെള്ള പദ്ധതിയെക്കുറിച്ച് ഗവൺമെന്റിന് ആലോചിക്കുവാൻ കഴിയുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതൊരു നല്ല ആശയമാണ്. പക്ഷെ സാമ്പത്തികമാണ് പ്രധാന ഘടകം. ഇപ്പോൾ കുറെ ടാങ്കുകളും ഫിൽട്ടർ പ്ലാന്റുകളുമൊക്കെ സ്ഥാപിച്ചിട്ടുണ്ട്; പക്ഷെ വിതരണം മാത്രം നടന്നിട്ടില്ല. ഇത്തരത്തിലുള്ള ഏകദേശം എൺപത്തിയഞ്ച് പദ്ധതികൾ പൂർത്തിയാക്കണമെങ്കിൽ മൂവായിരത്തിയഞ്ഞൂറ് കോടി രൂപ വേണ്ടിവരും. എന്തായാലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാര്യങ്ങൾ ചെയ്യാം. എല്ലാവർക്കും വെള്ളം എത്തിക്കുകയെന്നത് നല്ല ആശയമാണ്. ഇപ്പോൾത്തന്നെ അൻപത് ശതമാനം പേർക്ക് മാത്രമേ നല്ല വെള്ളം എത്തിക്കുവാൻ സാധിക്കുന്നുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, CWRDM-ന്റെ റിപ്പോർട്ടിൽ ഗുരുതരമായ ചില കണ്ടെത്തലുകളാണുള്ളത്. കഴിഞ്ഞ വർഷം വരൾച്ചയെ നേരിട്ടതുപോലെ ഈ വർഷം നേരിടാൻ കഴിയില്ല. കാരണം, പ്രളയസമയത്ത് എക്കൽ മണ്ണടിഞ്ഞ് റിവർ ബെഡ്ഡിലും കരയിലും ഭൂഗർഭ ജലം സൂക്ഷിക്കുന്ന, അല്ലെങ്കിൽ വെള്ളം താഴേയ്ക്കിറങ്ങുന്ന സുഷിരങ്ങൾ മുഴുവനും അടഞ്ഞുപോയിരിക്കുകയാണ്. ഭൂഗർഭ ജലവിതാനം താഴാനുണ്ടായ കാരണം അതാണ്. CWRDM-റിപ്പോർട്ടിലുള്ള ശിപാർശകളനുസരിച്ച് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്? കേരളത്തിലുണ്ടായ പ്രളയത്തിനുശേഷം വരൾച്ചയുണ്ടാകാൻ സാധ്യതയുള്ള ഡെയിഞ്ചറസ് സോണുകൾ ഈ വകുപ്പ് അടയാളപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അങ്ങനെ പ്രത്യേക നിർദ്ദേശമൊന്നും CWRDM തന്നിട്ടില്ലെങ്കിലും അതുസംബന്ധിച്ച ബുദ്ധിമുട്ടുകൾ മുഴുവൻ അവർ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ എക്കൽമണ്ണ് ഒലിച്ചു പോയതിന്റെ ഫലമായി ഓപ്പൺ വെല്ലുകളിലെ ജലവിതാനം താഴ്ന്നു എന്നുള്ളത് ശരിയാണ്. അതേസമയം പലയിടങ്ങളിലും ബോർ വെല്ലിലുള്ള വെള്ളം ഓവർ ഫ്ലോ ചെയ്തുവന്നിട്ടുണ്ട്. ബോർ വെല്ലുകൾക്ക് ഏറ്റവും കൂടുതൽ താഴ്ചയുള്ളത് എന്റെ നിയോജകമണ്ഡലത്തിലുള്ള പ്രദേശങ്ങളിലാണ്. ആയിരവും ആയിരത്തിയിരുന്നൂറും അടിവരെ താഴ്ചയുള്ള ബോർ വെല്ലാണ് അവിടെയുള്ളത്. അവിടെയുള്ള കുറേ ബോർ വെല്ലുകളിൽ ഇപ്രാവശ്യം അത്ഭുതംപോലെ വെള്ളം ഓവർ ഫ്ലോ ചെയ്തുവന്നിട്ടുണ്ട്. ചിലയിടങ്ങളിൽ ഓപ്പൺ വെല്ലിലുള്ള ജലവിതാനം താഴുകയും ബോർ വെല്ലിലെ വെള്ളം പൊങ്ങുകയും ചെയ്യുന്ന തരത്തിലുള്ള രണ്ട് പ്രതിഭാസങ്ങൾ നടന്നിട്ടുണ്ട്. വലിയ ആശങ്കയ്ക്ക് വകയില്ല. എന്തായാലും 2017 മാർച്ചിലുണ്ടായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എവിടെയെല്ലാമാണ് ബുദ്ധിമുട്ട് എന്നുള്ളതും അവ തരണം ചെയ്യാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കേണ്ടതെന്നത് സംബന്ധിച്ചും ചർച്ച ചെയ്യുന്നതിനും നിർദ്ദേശം നൽകുന്നതിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചിരുന്നു. ഇക്കാര്യം എങ്ങനെയെല്ലാം പരിഹരിക്കാൻ സാധിക്കുമെന്നുള്ളത് പരിശോധിക്കുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, പ്രളയത്തിനുശേഷം നമ്മുടെ നാട്ടിലെ മാവുകളെല്ലാം വളരെ നന്നായി പൂത്തുനിൽക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. പ്രളയം വന്നതിനുശേഷം ആകെ ലഭിച്ചൊരു ഗുണമാണിത്. ഈയവസരത്തിൽ ഇക്കാര്യം സൂചിപ്പിച്ചുവെന്ന് മാത്രം.

പ്രളയാനന്തരം പല പുഴകളും തോടുകളും ഇടിഞ്ഞ് ഗുരുതരാവസ്ഥയിലായിരിക്കുകയാണ്. അവയ്ക്ക് ഇതുവരെ തുക അനുവദിക്കുകയോ നന്നാക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുകയോ ചെയ്തിട്ടില്ല. കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിച്ചാൽ മാത്രമേ അവ കൂടുതൽ അനുഗുണമാകുകയുള്ളൂ. അതിനാൽ ഇടിഞ്ഞുപോയ പുഴകളും തോടുകളും നന്നാക്കി വെള്ളത്തിന് സുഗമമായി ഒഴുകിപ്പോകുന്നതിനുള്ള സാഹചര്യമൊരുക്കാനാവശ്യമായ ഫണ്ട് സർക്കാർ വകയിരുത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ഫണ്ടിന് വേണ്ടിയുള്ള ശ്രമം നടത്തുന്നുണ്ട്. ഫണ്ട് ലഭിച്ചാൽ ഉടൻതന്നെ അവയുടെ പ്രവൃത്തി പൂർത്തിയാക്കുന്നതാണ്.

ശ്രീ. റോജി എം. ജോൺ: സർ, എറണാകുളം, തൃശ്ശൂർ ജില്ലകളുടെ ഭൂരിഭാഗം പ്രദേശങ്ങളിലെയും കുടിവെള്ള ലഭ്യത അവിടെയുള്ള ജലസേചന കനാലുകളിലെ വെള്ളത്തെ ആശ്രയിച്ചാണിരിക്കുന്നത്, പ്രത്യേകിച്ച് ഇടതുകര കനാൽ, ഇടമലയാർ കനാൽ എന്നിവയിലൂടെയുള്ള വെള്ളത്തിന്റെ ലഭ്യതയനുസരിച്ചാണ്. പ്രളയത്തിലകപ്പെട്ടുപോയ ഈ പ്രദേശങ്ങൾ ഇപ്പോൾ രൂക്ഷമായ ജലക്ഷാമം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വൈദ്യുതി ഉൽപ്പാദനത്തിനുശേഷം കെ.എസ്. ഇ.ബി.എൽ. അവരുടെ സൗകര്യാർത്ഥമാണ് ഇവിടെയുള്ള പല പ്രദേശങ്ങളിലെയും കനാലുകളിലൂടെ വെള്ളം തുറന്നുവിട്ടുകൊണ്ടിരിക്കുന്നത്. അതിനനുസരിച്ചാണ് കനാലുകളിലൂടെയുള്ള വെള്ളത്തിന്റെ ലഭ്യത നിശ്ചയിക്കുന്നത്. അത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. വൈദ്യുതി ഉൽപ്പാദിപ്പിച്ചതിനുശേഷം റേഷൻ വിതരണംപോലെയാണ് കെ.എസ്.ഇ.ബി.എൽ. വെള്ളം തുറന്നുവിട്ടുകൊണ്ടിരിക്കുന്നത്. അതല്ലാതെ, കെ.എസ്.ഇ.ബി.എൽ.-മായി ചർച്ച ചെയ്ത് ഈ കനാലുകളിലൂടെ കൃത്യമായി വെള്ളം വരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ; പ്രളയത്തെത്തുടർന്ന് പല പ്രദേശങ്ങളിലെയും മെയിൻ കനാലുൾപ്പെടെയുള്ള കനാലുകൾ തകർന്നുപോയിട്ടുണ്ട്. അവയെല്ലാം ഇപ്പോൾ താൽക്കാലികമായി മാത്രം അറ്റകുറ്റപ്പണികൾ നടത്തി ജലസേചനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവയെ പൂർണ്ണമായും, പ്രത്യേകിച്ച് ഇടതുകര കനാൽ, ഇടമലയാർ കനാലുകളൊക്കെ തകർന്നുപോയത് പുനരുദ്ധരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണം. കാരണം, പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ നടത്തിയെങ്കിൽ മാത്രമേ അടുത്ത വർഷത്തേയ്ക്കെങ്കിലും ഉപയോഗപ്രദമാക്കാൻ സാധിക്കുകയുള്ളൂ. അക്കാര്യത്തിൽ അങ്ങ് പ്രത്യേകമായി ഇടപെടുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രളയത്തിൽ നശിച്ചവ നന്നാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ ഇലക്ട്രിസിറ്റി വകുപ്പുമായി ആലോചിച്ച് വെള്ളത്തിന്റെ ക്രമീകരണം നടത്താനുള്ള ശ്രമവും നടത്തുന്നതാണ്.

ശ്രീ. കെ. എം. ഷാജിക്കുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വെള്ളപ്പൊക്കത്തിനുശേഷം ജലനിരപ്പ് താഴുന്നത് സ്വാഭാവികമാണെങ്കിലും ഇത്തവണത്തേത് പുതിയ പ്രതിഭാസമാണെന്ന് CWRDM-ന്റെ റിപ്പോർട്ടിൽ കൃത്യമായി പറയുന്നുണ്ട്. ഈ റിപ്പോർട്ട് നമ്മൾ ഗൗരവത്തോടെ കാണേണ്ടതുണ്ട്. വെള്ളം കയറിയ നെൽപ്പാടങ്ങൾ വരൾച്ചയിൽ വിണ്ടുകീറുകയും വെള്ളം പൊങ്ങിയ കിണറുകളിൽ ഏറ്റവും രൂക്ഷമായി വെള്ളം താഴുകയും ചില കിണറുകൾ ഇടിയുകയും ചെയ്തിട്ടുണ്ട്. ഇതിന് വളരെ കൃത്യമായ കാരണങ്ങളുണ്ട്. അതുപോലെ പുഴകളും തടയണകളുമെല്ലാം വെള്ളത്തിന്റെ കുലംകുത്തിയുള്ള ഒഴുക്കിൽ തകർന്നു പോയതോടെ വെള്ളം തടഞ്ഞുനിർത്താൻ കഴിയുന്നില്ല എന്നുള്ളതാണ്. പുഴയിൽ വെള്ളം ക്രമാതീതമായി കുറയുന്നത് കുടിവെള്ളത്തെ ബാധിക്കും. പ്രത്യേകിച്ച് പാലക്കാട്, മണ്ണാർക്കാട് മേഖലകളിലൊക്കെ അത് വലിയൊരു പ്രശ്നമാണെന്നുള്ളതുകൊണ്ട് പ്രളയത്തിൽ തകർന്ന തടയണകൾ പുനഃസ്ഥാപിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രളയത്തിൽ തകർന്ന തടയണകൾ താൽക്കാലികമായി നിർമ്മിക്കുന്നതിനുള്ള അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരം കാര്യങ്ങൾ സ്ഥിരമായി ചെയ്യുന്നതിന് ഇപ്പോൾ പണത്തിന്റെ ബുദ്ധിമുട്ടുണ്ട്. ഇക്കാര്യം റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ലോക ബാങ്കുമായി ബന്ധപ്പെട്ട് ഫണ്ട് കണ്ടെത്താനുള്ള ശ്രമംകൂടി നടത്തുന്നുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, മുമ്പ് നമ്മുടെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഭൂഗർഭ ജലസ്രോതസ്സുകൾ വർദ്ധിപ്പിക്കാനുള്ള ധാരാളം സാഹചര്യങ്ങളുണ്ടായിരുന്നു. തെങ്ങ് കൃഷി ചെയ്തിരുന്നത് വലിയ കുഴി കുഴിച്ചിട്ടായിരുന്നു. കേരളത്തിൽ നാളികേര കൃഷിതന്നെ ഇപ്പോൾ അന്യമായിക്കൊണ്ടിരിക്കുകയാണ്. അതുപോലെ കുളങ്ങളും തടാകങ്ങളുമൊക്കെ നികത്തിയതുകാരണം വെള്ളം താഴേയ്ക്കിറങ്ങാത്ത സ്ഥിതിവിശേഷമുണ്ട്. മുമ്പ് ഗ്രാമീണ റോഡുകളിലെ ഓടകളടക്കമുള്ളവ മണ്ണിൽ നിർമ്മിച്ചിരുന്നതുകൊണ്ട് വെള്ളം താഴേയ്ക്ക് പോകുമായിരുന്നു. ഇപ്പോൾ ഓടകളും പി.ഡബ്ല്യു.ഡി. റോഡുകളും കോൺക്രീറ്റ് ചെയ്തിരിക്കുന്നതുകാരണം വെള്ളം താഴേയ്ക്കിറങ്ങാത്ത സ്ഥിതിയുണ്ടായിരിക്കുകയാണ്. ഇതുമൂലമുണ്ടാകുന്ന ഭൂഗർഭ ജലനഷ്ടത്തെക്കുറിച്ച് ഗവൺമെന്റ് ഏതെങ്കിലും തരത്തിലുള്ള കണക്ക് ശേഖരിച്ചിട്ടുണ്ടോ; ഇക്കാര്യം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ശരിയാണ്. കേരളത്തിലുടനീളം ധാരാളം കുളങ്ങളുണ്ട്. പാലക്കാട് ജില്ലയിൽത്തന്നെ ഏകദേശം

നാലായിരത്തോളം കുളങ്ങളുണ്ട്. ഭൂപരിഷ്കരണ നിയമം വന്നപ്പോൾ മിച്ചഭൂമിയായി കൊടുത്ത സമയത്ത് ശ്രദ്ധിക്കാതെപോയ ധാരാളം സംഭവങ്ങളുണ്ട്. ഹരിത കേരളം മിഷനുമായി ആലോചിച്ച് ഇവയെല്ലാംകൂടി ലിങ്ക് ചെയ്യുന്ന വലിയൊരു പദ്ധതി ഞങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ആളുകൾ, കൃഷി വകുപ്പ്, ഇറിഗേഷൻ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളുടെയും സഹകരണത്തോടുകൂടി ഇവയെ വലിയ രീതിയിൽ പുനരുദ്ധരിക്കാനും അങ്ങനെ ഗ്രൗണ്ട് വാട്ടർ ലെവലിൽ വളരെയേറെ മാറ്റങ്ങളുണ്ടാക്കാനും സാധിക്കും. ഇപ്രാവശ്യം ചിലയിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തപ്പോൾ ഗ്രൗണ്ട് വാട്ടർ ലെവൽ വളരെയധികം ഉയർത്താൻ സാധിച്ചിട്ടുണ്ട്. കുളങ്ങൾ മുഴുവൻ പുനരുദ്ധരിക്കാനുള്ള വലിയൊരു പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അമിതമായ ഭൂഗർഭജല ചൂഷണം ഇന്ന് നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് 759 കിണറുകൾക്കും 25 വാട്ടർബോട്ടിൽ ശുദ്ധീകരണ യൂണിറ്റുകൾക്കും അനുമതി കൊടുത്തു എന്നാണ് 2018-ലെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. കേരളത്തിലെ ഭൂഗർഭജല തോത് 46 ശതമാനം ആവറേജാണ്. അതേസമയം കാസർഗോഡ് ജില്ലയിൽ 69.86 ശതമാനവും വയനാട് ജില്ലയിൽ 14 ശതമാനവുമാണ്. ഭൂഗർഭജല ശോഷണം തടയുന്നതിനുവേണ്ടി ചെക്ക് ഡാമുകൾ, തടയണകൾ തുടങ്ങിയ പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. സ്വാഭാവികമായും ഭൂഗർഭ ജലത്തിന്റെ തോത് ഏറ്റവും കൂടുതലുള്ള ഭാഗത്ത് ഇവ അനുവദിക്കുമ്പോൾ അതിന്റെ ഫണ്ട് കുറയ്ക്കുകയും തോത് ഏറ്റവും കുറവുള്ള വയനാട് പോലെയുള്ള പ്രദേശത്ത് ഫണ്ട് കൂട്ടുകയും ചെയ്യും. ഫണ്ട് അനുവദിക്കുന്നതിന്റെയും വിതരണം ചെയ്യുന്നതിന്റെയും കാര്യത്തിൽ എന്തെങ്കിലും മാനദണ്ഡമുണ്ടോ; ഭൂഗർഭജല തോതിന്റെ അടിസ്ഥാനത്തിലാണോ ഫണ്ട് അനുവദിക്കുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്പോൾത്തന്നെ ബോർ വെല്ലിനുള്ള കണക്ഷൻ കൊടുക്കുന്നതിൽ നല്ല നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കിട്ടിയ അപേക്ഷകൾക്കെല്ലാം അനുമതി കൊടുക്കുന്നില്ല. കൃഷി ആവശ്യത്തിനും കുടിവെള്ളത്തിനുമല്ലാത്തവയ്ക്ക് വലിയ നിയന്ത്രണങ്ങളുണ്ട്. കൃഷി ആവശ്യത്തിന് 5 എച്ച്.പി.-യിൽ കൂടുതൽ കൊടുക്കുന്നുമില്ല. തീർച്ചയായും ആ നിയന്ത്രണങ്ങൾ വളരെ ഗുണം ചെയ്യുന്ന എന്നുള്ളതാണ് റിപ്പോർട്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വർഷം മുഴുവൻ ഒഴുകിയിരുന്ന പുഴകളായിരുന്നു നമ്മുടെ ജലസമൃദ്ധിയുടെ ഏറ്റവും അടിസ്ഥാന ഘടകം. പുഴകളുടെ വേനൽക്കാലത്തെ സ്വാഭാവിക നീരൊഴുക്കില്ലാതായതാണ് ഇന്ന് നമ്മൾ നേരിടുന്ന ജല ദൗർലഭ്യത്തിന്റെ

അടിസ്ഥാന കാരണം. നമ്മുടെ ജലസുരക്ഷയ്ക്ക് പുഴകളുടെ വീണ്ടെടുപ്പ് അനിവാര്യമാണ്. ഇതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ; മറ്റൊരു ചോദ്യം, സംസ്ഥാന ഗ്രാമവികസന വകുപ്പ് വഴി നടപ്പാക്കുന്ന IWMP (Integrated Watershed Management Programme) എന്ന കേന്ദ്രപദ്ധതി ഇപ്പോൾ PMKSY-യുടെ നീർത്തട ഘടകമായി മാറിയിട്ടുണ്ട്. അതിലുൾപ്പെട്ട പ്രവർത്തനഘട്ടം ആരംഭിക്കാത്ത 14 പദ്ധതികൾക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽനിന്ന് ഫണ്ട് ലഭിക്കാത്തതുകൊണ്ട് മറ്റെന്ത് ബദൽ സംവിധാനമാണ് നമ്മൾ ഏർപ്പെടുത്തിയിരിക്കുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, എല്ലാ കുളങ്ങളും പുനരുദ്ധരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. കഴിയുന്നത്ര ചെക്ക് ഡാമുകൾ, കൃത്രിമമായി ചെറിയ ചെറിയ തടയണകൾ തുടങ്ങിയവ പഞ്ചായത്തിന്റെയും മറ്റും സഹായത്തോടെ നിർമ്മിച്ച് ജലത്തിന്റെ ഒഴുക്ക് നിലനിർത്താനുള്ള പരിശ്രമം നടത്തുന്നുണ്ട്.

PMKSY-യിൽ കേന്ദ്ര ഗവൺമെന്റ് മറ്റ് സംസ്ഥാനങ്ങൾക്കൊക്കെ കൊടുക്കുന്ന തുക നമുക്ക് അനുവദിച്ചില്ലെന്നു മാത്രമല്ല, ഇതിന്റെ ഉദ്ദേശ്യം തന്നെ ഇല്ലാതാക്കി ഫണ്ട് കുറച്ചുകൊണ്ടുവരികയാണ്. PMKSY-യിൽ സംസ്ഥാന ഗവൺമെന്റ് 30,000 കോടി രൂപയുടെ പ്രോജക്ട് കൊടുത്തിട്ടും ഫണ്ട് അനുവദിച്ചിട്ടില്ല. അതിൽത്തന്നെ ഇറിഗേഷന്റെ പാർട്ടുമുണ്ട്. അതിനും നമുക്ക് ഫണ്ട് അനുവദിച്ചിട്ടില്ല.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കേരളത്തിന് സാക്ഷരതയുണ്ടെങ്കിലും ജലസാക്ഷരതയില്ലെന്നാണ് കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് സ്വാമിനാഥൻ കമ്മിറ്റിയുടെ ഒരു പരാമർശം. സത്യത്തിൽ നമ്മളനുഭവിക്കുന്ന എല്ലാ പ്രശ്നങ്ങളുടെയും കാരണം അതാണ്. ഭൂഗർഭജലത്തിന്റെ അളവ് കുറയുന്നുവെന്ന് പറയുന്ന അവസരത്തിൽ, എല്ലാ വയലും നികത്തിയവരാണ് നമ്മളെന്നുകൂടി മനസ്സിലാക്കണം. ഭൂമിക്കടിയിലേക്ക് വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനങ്ങളെല്ലാം കേരളത്തിൽ നമ്മൾ ഇല്ലാതാക്കിയെങ്കിലും താഴെനിന്ന് വെള്ളമെടുക്കാനുള്ള വിദ്യ നമുക്ക് നന്നായിട്ടറിയാം ഞാൻ പറയുന്നത്, ഒരു വലിയ വരൾച്ച വരികയാണ്, ജലം വിതരണം ചെയ്യാനുള്ള സംവിധാനംതന്നെ ശാസ്ത്രീയമല്ല. നമ്മൾ റോഡിൽക്കൂടി സഞ്ചരിക്കുമ്പോൾ എവിടെ നോക്കിയാലും പല പൈപ്പുകളും പൊട്ടിയിരിക്കുന്നതാണ് കാണുന്നത്. തിരുവനന്തപുരത്ത് ആഴ്ചയിലൊരിക്കലെങ്കിലും പൈപ്പ് പൊട്ടുന്ന അവസ്ഥയാണുള്ളത്. വെള്ളം നഷ്ടപ്പെടാതെ കൃത്യമായി കൊടുക്കാനും അവ ആവശ്യത്തിന് ഉപയോഗിക്കാനും കഴിയുന്ന തരത്തിലുള്ള ജല സാക്ഷരത വ്യക്തികൾക്ക് പകർന്നു കൊടുക്കാൻ സാധിക്കണം. ഹരിത കേരളം പദ്ധതി അത്തരത്തിലുള്ളവയാണ്. അത്തരത്തിൽ, ജലവിഭവ വകുപ്പ് മുൻകയ്യെടുത്ത് മറ്റ് വകുപ്പുകളെ മുഴുവൻ ഏകോപിപ്പിച്ച്, വെള്ളം അനാവശ്യമായി ചോർന്ന് പോകാതിരിക്കാനും ആവശ്യത്തിന് മാത്രം ഉപയോഗിക്കാവുന്നതുമായ ഒരു സിസ്റ്റം രൂപപ്പെടുത്താനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിഗണിക്കാവുന്നതാണ്. ക്വിക്ക്റിലീസ് വാൽവുപയോഗിച്ച് വെള്ളം ഒഴുകിപ്പോകുന്നത് തടയാനുള്ള സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് നടത്തിയത് വളരെ വിജയകരമായി കണ്ടു. പ്രഷർ കൂടുതൽ വരുമ്പോൾ ആട്ടോമാറ്റിക്കായി വാൽവ് റിലീസ് ചെയ്യുന്ന സംവിധാനമാണത്. അത് വിജയകരമാണെന്നാണ് റിപ്പോർട്ട്. അതിനാൽ പൈപ്പ് പൊട്ടിപ്പോകുന്ന പ്രദേശങ്ങളിലെല്ലാം അങ്ങനെ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാന്യനായ മന്ത്രി വരൾച്ചയെ നേരിടുന്നതിന് വേണ്ടി ബോധവൽക്കരണവും ചർച്ചയും നടത്തുന്നുണ്ടെന്ന് പറഞ്ഞു. ബോധവൽക്കരണത്തിലും ചർച്ചയിലും നമുക്ക് വെള്ളം സുരക്ഷിതമായി സൂക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ കഴിയും. പക്ഷെ വരാൻപോകുന്ന അതികഠിനമായ വരൾച്ചയെ നേരിടുന്നതിനുവേണ്ടിയുള്ള തയ്യാറെടുപ്പാണ് ആദ്യം വേണ്ടത്. കഴിഞ്ഞ സീസണിൽ അന്നത്തെ ജലവിഭവ വകുപ്പുമന്ത്രി എല്ലാ ജില്ലകളിലും വന്ന് മീറ്റിംഗുകൾ നടത്തുകയും കിയോസ്കുകൾ സ്ഥാപിച്ച് വെള്ളം എത്തിക്കുമെന്ന പ്രഖ്യാപനം നടത്തുകയും ചെയ്തതല്ലാതെ അവ സ്ഥാപിച്ചതായി കാണാൻ കഴിയുന്നില്ല. എന്റെ നിയോജകമണ്ഡലം മലയോര മേഖലയാണ്. അവിടെ ഒരിറ്റ് വെള്ളം കിട്ടുന്നതിനുവേണ്ടിയുള്ള യാതൊരു നടപടിയും സ്വീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അതിനാൽ ഇക്കാര്യത്തിൽ ഒരു ശാശ്വത പരിഹാരമുണ്ടാക്കി വരൾച്ചയെ നേരിടുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്പോൾ കുറേ കിയോസ്കുകൾ വെറുതെയിരിക്കുകയാണ്. അവിടെയൊക്കെ പല സ്ഥലത്തും കണക്ഷൻ കൊടുത്തു, എന്നിട്ട് കുറേ കിയോസ്കുകൾ മിച്ചമായിരിക്കുകയാണ്. ലോറിയിൽ വെള്ളം കൊണ്ടു പോകുന്ന പ്രദേശങ്ങളിൽ മുൻഗണന നൽകി, അവിടെ വെള്ളമെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീമതി വീണാ ജോർജ്ജ്: സർ, മഹാപ്രളയം നമുക്ക് അനേകം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പുഴകളിലെ ജലനിരപ്പ് സംബന്ധിച്ചുള്ളതാണ് അതിലൊന്ന്. മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കൈവശം മഴയുടെ തോതും പുഴകളിലെ ജലനിരപ്പും സംബന്ധിച്ച് ധാരാളം ഡാറ്റാസുണ്ട്. പക്ഷെ ഉദ്യോഗസ്ഥർ തന്നെ പലപ്പോഴും പറയുന്നത് ഈ ഡാറ്റാകൾ നമ്മൾ വേണ്ട രീതിയിൽ പ്രോസസ്സ് ചെയ്യുന്നില്ലെന്നാണ്. മേജർ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ ഇത് സംബന്ധിച്ച പഠനവും ഗവേഷണവും കൂടുതൽ ഊർജ്ജിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? അതോടൊപ്പം വരട്ടാർ ഉൾപ്പെടെയുള്ള നദികളുടെ ശുചീകരണം സംബന്ധിച്ചും ആ മാതൃകയിൽ മറ്റ് നദികൾ ശുചീകരിക്കുമെന്നും അങ്ങിവിടെ സൂചിപ്പിച്ചു. കേരളത്തിലെ എല്ലാ പുഴകളെയും അതിന്റെ സമഗ്രതയിൽ ഉൾക്കൊണ്ടുകൊണ്ട് അതിലേയ്ക്കെത്തുന്ന കൈത്തോടുകൾ, പുഴയുടെ ഗതിയെ തടഞ്ഞുകൊണ്ട് നിർമ്മിച്ച കലിങ്കുകൾ, നിർമ്മാണങ്ങൾ ഇതെല്ലാം ഒഴിവാക്കുന്നതുൾപ്പെടെയുള്ള സമ്പൂർണ്ണ നദീതട മാപ്പിംഗ് കൊണ്ടുവരാൻ ശ്രമിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചു, റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി വേൾഡ് ബാങ്ക് തന്നെ ഇതിനെക്കുറിച്ച് ഒരു പഠനം നടത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. തീർച്ചയായും ആ അടിസ്ഥാനത്തിലൊരു പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. എവിടെയൊക്കെയാണ്, എന്തൊക്കെയാണ് പ്രയാസങ്ങളെന്ന് മനസ്സിലാക്കാനും അവയെങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ചും ആ പഠന റിപ്പോർട്ടിലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചക്കരപ്പറമ്പിനടുത്തുള്ള കരീത്തോട്, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ചെറിയൊരു പാലം പണിതുകൊണ്ടിരിക്കുമ്പോൾ തമിഴ്നാട് സ്വദേശിയായ 21 വയസ്സുള്ള മുത്തിരുളാണ്ടി എന്ന യുവാവ് ഷോക്കേറ്റ് മരണപ്പെട്ട കാര്യം കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അദ്ദേഹം കണ്ണൂരിൽ പട്ടാളത്തിന്റെ റിക്രൂട്ട്മെന്റ് കഴിഞ്ഞുവന്ന് ബന്ധുവിന്റെ കൂടെ ഒരു ദിവസം പണിക്കുപോയതാണ്. ഡ്രിൽ ചെയ്തുകൊണ്ടിരിക്കുമ്പോൾ അടിയിലൂടെ പോയ ഇലക്ട്രിസിറ്റി കേബിളിൽ തട്ടിയാണ് മരണപ്പെട്ടത്. വളരെ ദാരുണമായ സാഹചര്യമാണ് അവരുടെ കുടുംബത്തിനുള്ളത്. തമിഴ്നാട്ടിലെ രാമനാഥപുരം സ്വദേശിയാണദ്ദേഹം. ആ കുടുംബത്തിന് മതിയായ നഷ്ടപരിഹാരം കൊടുക്കാൻ ജലസേചന വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അതിനെക്കുറിച്ച് വിശദമായ റിപ്പോർട്ട് കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയുമായി ആലോചിച്ച് എത്ര നഷ്ടപരിഹാരം കൊടുക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് തീരുമാനിക്കാം.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഏറ്റവും രൂക്ഷമായ വരൾച്ചയാണ് കഴിഞ്ഞ വർഷമുണ്ടായത്. അതിനെ നല്ല നിലയിൽത്തന്നെ ഈ ഗവൺമെന്റ് നേരിടാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു. എന്റെ മണ്ഡലം ഇപ്പോൾ കാര്യമായ കുടിവെള്ള പദ്ധതികളില്ലാത്ത മണ്ഡലമാണ്. കുടിവെള്ള പ്രശ്നം രൂക്ഷമായ ഈ സാഹചര്യത്തിൽ അവിടെയുള്ള കിണറുകളിലെ വെള്ളത്തിനിപ്പോൾ മഞ്ഞനിറമാണ്. വെള്ളപ്പൊക്കത്തിനുശേഷം കണ്ട പുതിയൊരു പ്രതിഭാസമാണത്. കുടിവെള്ള മെത്തിക്കുന്നതിന് അടിയന്തരമായ ചില നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള ആർ. ഒ. പ്ലാന്റുകൾ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വെള്ളത്തിന് മഞ്ഞനിറം കാണാനുള്ള കാരണമെന്താണെന്ന് പരിശോധിക്കാനുള്ള ഏർപ്പാട് ചെയ്യാം. ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്നതെന്തിനാണെന്നുള്ളത് മനസ്സിലാക്കി അതിനുവേണ്ട സൗകര്യം ചെയ്യാം.

ശ്രീ. സണ്ണി ജോസഫ്: സർ, വെള്ളപ്പൊക്കത്തിൽ ഉരുൾപൊട്ടി കുത്തിയൊഴുകി പുഴകളുടെ ഇരുകരകളും കവർന്നെടുത്ത സ്ഥലങ്ങളിലാണ് പ്രധാന പ്രശ്നമുണ്ടായത്. കണ്ണൂർ ജില്ലയിലെ ബാവേലിപ്പുഴ, വയനാട്ടിൽ നിന്നും വരുന്ന ബാവേലിപ്പുഴയുടെ കൊട്ടിയൂർഭാഗം തുടങ്ങി മൂന്ന്-നാല് പഞ്ചായത്തുകളുടെ തീരങ്ങൾ പൂർണ്ണമായും കവർന്നെടുത്തു. അവ നന്നാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സ്ഥലമുടമകളടക്കം അവിടെയുള്ള കൃഷിക്കാർ മുഴുവനും ആവശ്യപ്പെടുകയാണ്. അവരോടൊക്കെ ഉദ്യോഗസ്ഥരും എഞ്ചിനീയർമാരും പറയുന്നത്, എം.എൽ.എ. പറഞ്ഞാൽ ഈ കാര്യങ്ങളൊക്കെ ശരിയാക്കുമെന്നാണ്. ഞാൻ മന്ത്രിയെ കണ്ടു, അതിന് മുൻപ് ശ്രീ. മാത്യു ടി. തോമസിനോടും സംസാരിച്ചു; പക്ഷെ ഇതിനൊരു പരിഹാരമുണ്ടായിട്ടില്ല. പൊതുജനങ്ങളുടെ ഇംപ്രഷൻ ഞങ്ങൾ പറയാത്തതുകൊണ്ടാണ് ശ്രദ്ധിക്കാത്തതെന്നാണ്. ഇക്കാര്യത്തിൽ പ്രത്യേക ഫണ്ട് കണ്ടെത്താനും നേരത്തെ പറഞ്ഞ റീ-ബിൽഡ് കേരളയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമുൾപ്പെടെ ഇടപെട്ട് ടി നദീതട സംരക്ഷണത്തിനുവേണ്ടി പ്രത്യേക സംവിധാനമൊരുക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായും ആലോചിച്ച് ഫണ്ട് കണ്ടെത്താനുള്ള ശ്രമം നടത്തും.

ശ്രീ. എം. രാജഗോപാലൻ: സർ, "Water is a devine gift, Kerala is blessed with this precious gift in an abundant measure. Water resources of Kerala an advanced report 1958," സംസ്ഥാനത്തിന്റെ ജലവിഭവം സംബന്ധിച്ച ആദ്യത്തെ റിപ്പോർട്ടിന്റെ ആമുഖത്തിലെ വരികളാണിവ. ഇപ്പോഴാണെങ്കിൽ ജലസമൃദ്ധിയിൽ നിന്ന് വർഷത്തിൽ 6 മാസം വരെ ജലദൗർലഭ്യം നേരിടുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. മഴയുടെ മാറുന്ന താളവും വർദ്ധിക്കുന്ന താപനിലയും കുറയുന്ന അന്തരീക്ഷാർദ്രതയും ജലസ്ഥിതി കൂടുതൽ രൂക്ഷമാക്കുക മാത്രമല്ല, പരിഹാരസാധ്യതകൾ കൂടുതൽ പ്രയാസകരമാക്കുകയും ചെയ്യുന്നു. കാലാവസ്ഥാ വ്യതിയാനം ജലദുരന്തങ്ങൾ വർദ്ധിപ്പിക്കുമെന്നാണ് കാലാവസ്ഥാ ശാസ്ത്രജ്ഞരുടെ മുന്നറിയിപ്പ്. കഴിഞ്ഞ മൂന്ന്

വർഷങ്ങൾക്കിടയിലുണ്ടായ കൊടുംവരൾച്ചയും ഓഖി ചുഴലിക്കാറ്റും പ്രളയവും നമ്മെ ഇക്കാര്യം ബോധ്യപ്പെടുത്തി. ഈ സാഹചര്യത്തിൽ നദികളുടെ പരിപാലനത്തിനും വെള്ളപ്പൊക്കമുണ്ടാകുന്ന സ്ഥലങ്ങളിൽ ജല നിയന്ത്രണത്തിനായി റിവർ ബേസിൻ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാനും ഡാമുകൾക്ക് നിരീക്ഷണ സംവിധാനം ഏർപ്പെടുത്താനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, റിവർ ബേസിൻ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്; കഴിയുന്നതും വേഗം നടപ്പിലാക്കാനുള്ള ശ്രമം നടത്തുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ 1958-ലും പിന്നീട് 1974-ലും രണ്ട് പഠന റിപ്പോർട്ടുകളാണ് വാട്ടർ റിസോഴ്സസ് ഇൻ കേരള എന്ന നിലയിൽ പുറത്ത് വന്നിട്ടുള്ളത്. 35 വർഷമായി കേരളത്തിലെ നദികൾക്കും പുഴകൾക്കുമൊക്കെ ഒട്ടേറെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ സമഗ്രമായൊരു പഠനം പിന്നീടുണ്ടായിട്ടില്ല. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ജലസേചന വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ആദ്യത്തെ പഠന റിപ്പോർട്ട് പുറത്ത് വന്നത്; പിന്നീട് 1974-ൽ വന്നിട്ടുണ്ട്. പ്രളയാനന്തര സാഹചര്യത്തിൽ കേരളത്തിലെ വാട്ടർ റിസോഴ്സസിനെ സംബന്ധിച്ച് സമഗ്രമായൊരു പഠനം നടത്താൻ സർക്കാർ മുൻകയ്യെടുക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വേൾഡ് ബാങ്കുമായി ആലോചിച്ച് പഠനം നടത്താനുള്ള ശ്രമം നടത്തുന്നുണ്ടെന്ന കാര്യം നേരത്തെ പറഞ്ഞതാണ്. റീ-ബിൽഡ് കേരളയിൽ അതിനുള്ള നിർദ്ദേശം വയ്ക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, നദീതട പുനരുജ്ജീവന പദ്ധതിയിൽ ചാലക്കുടിപ്പുഴയെക്കൂടി ഉൾപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചതിലുള്ള നന്ദി ഈയവസരത്തിൽ രേഖപ്പെടുത്തുകയാണ്. പ്രളയത്തെത്തുടർന്ന് ചാലക്കുടിപ്പുഴയിലെ ഷോളയാർ, പെരിങ്ങൽക്കുത്ത് ഡാമുകൾ ചെളിയും മണ്ണും മരങ്ങളും മറ്റും വീണ് നികന്ന്, അതിന്റെ ജലസംഭരണശേഷി കുറഞ്ഞു പോയിരിക്കുകയാണ്. ജലസംഭരണശേഷി വർദ്ധിപ്പിക്കാൻ, അടിഞ്ഞുകൂടിയ മണ്ണും മരങ്ങളും നീക്കം ചെയ്യാൻ ജലസേചന വകുപ്പും കെ.എസ്.ഇ.ബി.-യും വനം വകുപ്പും ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? കൂട്ടത്തിൽ ഈ ഡാമിലേക്ക് വെള്ളം വരുന്ന പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് ഫെബ്രുവരി 1-ന് ഷോളയാർ ഡാം നിറയ്ക്കേണ്ടതാണ്. അങ്ങും സർക്കാരും ഇടപെട്ടതിനെത്തുടർന്ന് 5 എം.സി.എം. വെള്ളം തുറന്ന് വിടുകയുണ്ടായി. കണക്കനുസരിച്ച് ഇനി 86 എം.സി.എം. വെള്ളം കൂടി തമിഴ്നാട് തരേണ്ടതായിട്ടുണ്ട്. അപ്പർ ഷോളയാറിൽ ഇപ്പോൾ വെള്ളമുണ്ട്. കേരള ഷോളയാറിലേക്ക് കരാറനുസരിച്ച് വെള്ളം തരാതെ പറമ്പിക്കുളത്തേയ്ക്ക് കൊണ്ടു പോകാനുള്ള നീക്കം

നടക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് സർക്കാർ അടിയന്തരമായി ഇടപെട്ട് കരാറനുസരിച്ചുള്ള വെള്ളം ഷോളയാർ ഡാമിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, രണ്ട് കാര്യങ്ങളാണുള്ളത്. ഒന്നാമത്തെ കാര്യം, അത് ഇന്റർസ്റ്റേറ്റ് വാട്ടറാണ്. മുഖ്യമന്ത്രിയുമായി ആലോചിച്ച് വളരെ ശക്തമായി ഇടപെട്ടതിന്റെ ഭാഗമായാണ് കുറച്ച് വെള്ളം കിട്ടിയത്. മറ്റൊന്ന് ചാലക്കുടിപ്പുഴയിലുണ്ടായ പ്രളയത്തിന് ബഡ്ജറ്റിൽ പുതിയ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കുരിയാർകുറ്റിയിൽ പ്രളയത്തിനെ തടുക്കാനും പാലക്കാട് ജില്ലയിലെ വരൾച്ചയെ നേരിടാനുമുള്ള രണ്ട് ഉദ്ദേശ്യത്തോടുകൂടി ബഡ്ജറ്റിൽ 5 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രളയം നേരിടാനുള്ള വലിയ പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. അത് വന്നാൽ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ സാധിക്കും.

മി. സ്പീക്കർ: *212-ാം നമ്പർ ചോദ്യവുമായി *218-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിനായി ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. അബ്ദു റബ്ബ് നോട്ടീസ് നൽകിയിരുന്നെങ്കിലും ചോദ്യങ്ങളിൽ വേണ്ടത്ര യോജിപ്പ് കാണാത്തതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

**മയക്കുമരുന്ന് വ്യാപനത്തിനെതിരെ നടപടി**

3 ( *212 ) ശ്രീ. വി. ടി. ബൽറാം:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മദ്യലഭ്യത കുറച്ചതാണ് മയക്കുമരുന്നിന്റെ വ്യാപനത്തിന് കാരണമായതെന്ന ആക്ഷേപം വസ്തുതാപരമായിരുന്നോ;

(ബി) എങ്കിൽ ഈ സർക്കാർ കാലയളവിൽ ബാറുകൾ തുറന്ന് മദ്യലഭ്യത വർദ്ധിപ്പിച്ച സാഹചര്യത്തിൽ മയക്കുമരുന്ന് ഉപയോഗത്തിലും വ്യാപനത്തിലും കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) നിരോധിത ലഹരി വസ്തുക്കൾ വിദേശ രാജ്യങ്ങളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്ന് വ്യാപകമായി വിതരണം ചെയ്യുന്ന റാക്കറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം എത്രമാത്രം സഹായകമായിട്ടുണ്ട്;

(ഡി) സർക്കാർ ശക്തമായ നടപടി സ്വീകരിച്ചുവെന്ന് പ്രഖ്യാപിക്കുമ്പോഴും മയക്കുമരുന്ന് റാക്കറ്റ് ശക്തിപ്പെടുന്നതിന്റെ കാരണം ശക്തമായ നടപടികൾ ഇല്ലാത്തതും കേരളം അവരുടെ ഒരു സുരക്ഷിത ഹബ്ബ് ആണെന്നതും കൊണ്ടല്ലേയെന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ മയക്കുമരുന്ന് കടത്തിനെതിരെ നിരന്തരം നിരീക്ഷണം നടത്തുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും ഉത്തരവാദപ്പെട്ട സ്ഥലങ്ങളിൽ സമർത്ഥരായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും അവർക്ക് ആവശ്യമായ സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) മയക്കുമരുന്നിന്റെ വ്യാപനത്തിന് കാരണമായി വിലയിരുത്തിയിട്ടുള്ള ഘടകങ്ങളിൽ ഒന്നുമാത്രമാണ് മദ്യ ലഭ്യതയിലെ കുറവ്.

(ബി) മദ്യ വർജ്ജനത്തിന് ഊന്നൽ നൽകുന്ന നയമാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നത്. അതിശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ സംഘടിപ്പിക്കുവാനാണ് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുള്ളത്. ലഹരിക്ക് അടിമപ്പെട്ടവരെ ബോധവത്കരിച്ച് പുനരധിവസിപ്പിക്കുന്നതിന് വിമുക്തി മിഷന്റെ കീഴിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനൊപ്പം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി മയക്കുമരുന്ന് കേസ്സുകൾ കൂടുതൽ കണ്ടുപിടിക്കുന്നതിനും അവയുടെ വ്യാപനം തടയുന്നതിനും എക്സൈസ് വകുപ്പ് നിതാന്ത പരിശ്രമം നടത്തിവരുന്നു. തികഞ്ഞ ലക്ഷ്യബോധത്തോടുകൂടി നടത്തുന്ന ഈ പ്രവർത്തനങ്ങളിലൂടെ മയക്കുമരുന്നുകൾ അടക്കമുള്ള ലഹരിവസ്തുക്കളുടെ ഉപഭോഗം പടിപടിയായി നിയന്ത്രിക്കുവാനും കുറച്ചുകൊണ്ടുവരുവാനും സാധിക്കുന്നതിനൊപ്പം ലഹരിമുക്ത കേരളം എന്ന ആത്യന്തിക ലക്ഷ്യം കൈവരിക്കാൻ കഴിയുന്നതുമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മയക്കുമരുന്ന് റാക്കറ്റിന്റെ ഒരു സുരക്ഷിത ഹബ്ബായി കേരളം മാറിയിട്ടില്ല. അതേ അവസരത്തിൽ മയക്കുമരുന്നിന്റെ സംഭരണം, വിതരണം, ഉപഭോഗം എന്നിവ സംബന്ധിച്ച് എക്സൈസ് വകുപ്പ് വിപുലമായ നിരീക്ഷണം നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വലിയ തോതിൽ മയക്കുമരുന്നുകളുടെ ശേഖരണവും വിതരണവും കണ്ടെത്താനും പിടികൂടാനും കഴിഞ്ഞിട്ടുമുണ്ട്.

മയക്കുമരുന്ന് കടത്ത് തടയുന്നതിന് ഏറ്റവും ഫലപ്രദവും അതിശക്തവുമായ നടപടികളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്.

(ഇ) എക്സൈസ് ഇന്റലിജൻസ് വിഭാഗവും സ്പെഷ്യൽ സ്ക്വാഡുകളും മയക്കുമരുന്ന് കടത്തു നിരീക്ഷിക്കുന്നതിനും പിടിച്ചെടുക്കുന്നതിനും നിതാന്ത ജാഗ്രത പുലർത്തി വരുന്നുണ്ട്. ചെക്പോസ്റ്റുകളിലെ പരിശോധനയും വാഹന പരിശോധനയും ശക്തിപ്പെടുത്തിയിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിലെയും സംസ്ഥാനത്തിനകത്തെ മറ്റു വകുപ്പുകളിലെയും എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ സഹകരണത്തോടെ സംയുക്ത പരിശോധനകളും സജീവമായി നടത്തിവരുന്നു. കേസ്സുകൾ കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുകയും ഗൗരവമുള്ള കേസ്സുകൾ കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം നൽകുകയും ചെയ്തുവരുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, അങ്ങയുടെ മറുപടിയിൽ നിന്നുതന്നെയാണ് ഒന്നുരണ്ട് ചോദ്യങ്ങൾ ചോദിക്കാനുള്ളത്. "യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മദ്യലഭ്യത കുറച്ചതാണ് മയക്കുമരുന്നിന്റെ വ്യാപനത്തിന് കാരണമായതെന്ന ആക്ഷേപം വസ്തുതാപരമായിരുന്നോ" എന്ന ചോദ്യത്തിന് മറുപടിയായി അങ്ങ് പറഞ്ഞത് "പല കാരണങ്ങളിൽ ഒന്നു മാത്രമായിരുന്നു അത് "എന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വ്യാപകമായി മദ്യഷാപ്പുകൾ തുറക്കുന്നതിനുവേണ്ടി പറഞ്ഞ ഒരു രാഷ്ട്രീയകാരണം മദ്യ ഉപയോഗം വ്യാപകമാക്കിയില്ലെങ്കിൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കുമെന്നതായിരുന്നു. ഇപ്പോൾ അങ്ങുതന്നെ പറയുന്നത് പല കാരണങ്ങളിലൊന്നുമാത്രമാണ് അതെന്നാണ്. ചോദ്യം 'സി' -യ്ക്ക് നൽകിയ മറുപടി വളരെ നിരുത്തരവാദപരമാണെന്നാണ് എനിക്ക് തോന്നുന്നത്. "നിരോധിത ലഹരി വസ്തുക്കൾ വിദേശരാജ്യങ്ങളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്ന് വ്യാപകമായി വിതരണം ചെയ്യുന്ന റാക്കറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ" എന്ന ചോദ്യത്തിന് "ശ്രദ്ധയിൽപ്പെട്ടിട്ടില്ല" എന്ന മറുപടിയാണ് തന്നത്. ഇങ്ങനെയാണെങ്കിൽ ഒരു എക്സൈസ് വകുപ്പ് നമുക്കെന്തിനാണ്? ഈ നാട്ടിലെ മുഴുവൻ ആളുകളുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ് നമ്മുടെ കൊച്ചുകുട്ടികൾ പഠിക്കുന്ന സ്കൂളുകൾ മുതൽ യുവാക്കളിരിക്കുന്ന അങ്ങാടികളിൽ വരെ വ്യാപകമായി മയക്കുമരുന്നുകൾ ലഭ്യമാണെന്നുള്ളത്. ഇവ വളരെ എളുപ്പത്തിലും ലഭ്യമാണ്.

മി. സ്പീക്കർ: ശ്രീ. വി. ടി. ബൽറാം , question should be specific.

ശ്രീ. വി. ടി. ബൽറാം: സർ, ഇത് എക്സൈസ് വകുപ്പിന്റെ മാത്രം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് പറയുമ്പോൾ അത് വിരൽ ചൂണ്ടുന്നത് ഈ വകുപ്പിന്റെ ഉദാസീനതയിലേയ്ക്കും അലംഭാവത്തിലേയ്ക്കുമല്ലേ; ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ധാരാളം മദ്യഷാപ്പുകൾ അനുവദിച്ചു എന്നു പറയുന്നത് ശരിയല്ല. ബാർ ഹോട്ടലുകൾ അനുവദിച്ചിട്ടുണ്ട്. ബിവറേജ് ഔട്ട്ലെറ്റുകളുടെയും കള്ളുഷാപ്പുകളുടെയും എണ്ണം നമുക്ക് കുറവാണ്. മദ്യനിരോധനമല്ല, ലഹരി വർജ്ജനമാണ് ഗവൺമെന്റിന്റെ നയമെന്ന് തുടക്കത്തിൽത്തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് കാലഘട്ടത്തിലുള്ള മാനിഫെസ്റ്റോയിലും ഈ കാര്യങ്ങൾ എൽ.ഡി.എഫ്. വ്യക്തമാക്കിയിട്ടുണ്ട്. അതിനനുസൃതമായ നയമാണ് രൂപീകരിച്ചിട്ടുള്ളത്. ഈ നയത്തിന്റെ ഭാഗമായി പുതിയ ബാറുകൾ അനുവദിച്ചിട്ടുണ്ട്. ഇവിടെ എൻഫോഴ്സ്മെന്റ് ശക്തമായി നടക്കുന്നുണ്ട്. വിദേശത്ത് നിന്നുള്ള മയക്കുമരുന്നുകളുടെ ഒരു ഹബ്ബായി കേരളം മാറിയെന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുന്നത്. അതിനോടുള്ള ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കിയിട്ടുള്ളതാണ്. അത്തരമൊരു സാഹചര്യം കേരളത്തിലില്ല. കേരളത്തിലില്ലാത്ത ഒരു സ്ഥിതി ഉണ്ടെന്ന് വരുത്തിത്തീർക്കുന്നത് കേരളത്തിനെ അപമാനിക്കുന്നതിന് സമമായി പരിഗണിക്കേണ്ടതായി വരും. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനത്തെ മുപ്പത് മാസത്തെയും എൽ.ഡി.എഫ് ഗവൺമെന്റിന്റെ മുപ്പത് മാസത്തെയും കാര്യങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ എൻഫോഴ്സ്മെന്റ് വൻ തോതിൽ ശക്തിപ്പെടുകയാണ് ചെയ്തിട്ടുള്ളതെന്നാണ് മനസ്സിലായത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എൻ.ഡി.പി.എസ്. ആക്ട് (Narcotic Drugs and Psychotropic Substances Act) പ്രകാരം അഞ്ച് വർഷംകൊണ്ടെടുത്ത കേസുകളുടെ എണ്ണം 5012 ആയിരുന്നെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടര വർഷക്കാലത്തിനിടയിൽ 16190 കേസ്സുകളെടുത്തിട്ടുണ്ട്. അഞ്ചു വർഷം കൊണ്ട് 11602 കോട്പ (Cigrettes and Other Tobacco Products Act) കേസ്സുകൾ എടുത്തുവെങ്കിൽ 190451 കോട്പ കേസ്സുകൾ ഈ ഗവൺമെന്റിന്റെ കാലത്തെടുത്തിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കലല്ല ഉദ്ദേശിക്കുന്നത്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിൽ ശക്തമായ ഇടപെടൽ നടത്തിവരുന്നുണ്ട്. അതിനനുസൃതമായി വൻതോതിൽ ലഹരി പദാർത്ഥങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമാവശ്യമായ നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടുപോകാൻ സർക്കാരിന് കഴിയുന്നുണ്ട്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, അങ്ങയുടെ മറുപടിയിൽ പറഞ്ഞ കണക്കുകൾ, കേരളത്തിൽ വ്യാപകമായി മയക്കുമരുന്നുകൾ ലഭ്യമാണെന്നുള്ളതിന്റെ ഒരഡ്മിഷനാണ്. കേസ്സെടുക്കുന്നതിനെക്കുറിച്ച് മാത്രമല്ല, ഇതിന്റെ കൺവിക്ഷനെക്കുറിച്ച് (conviction) കൂടി അങ്ങേയ്ക്ക് കണക്കുകൾ വ്യക്തമാക്കാൻ കഴിയുമോ എന്നാണ് എനിക്കറിയാനുള്ളത്. എൻ.ഡി.പി.എസ്. ആക്ട് (Narcotic Drugs and Psychotropic Substances Act) വളരെ ദുർബ്ബലമാണ്. പല്ലും നഖവുമില്ലാത്ത ഒരു നിയമമായി അത് നിൽക്കുകയാണ്. ഒരു കിലോഗ്രാം വരെ മയക്കുമരുന്ന് കൈവശം വച്ചാൽ ബെയിലബിൾ ഒഫൻസായി മാത്രമാണ് അതിന് ചാർജ് ചെയ്യാവുന്നത്. നോൺ-ബെയിലബിൾ ഒഫൻസാകണമെങ്കിൽ ഒരു കിലോഗ്രാമിന് മുകളിൽ പോകണം. ഇതൊരു കേന്ദ്ര നിയമമാണെങ്കിൽപ്പോലും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഈ നിയമം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും

(കഞ്ചാവ് പോലുള്ള മയക്കുമരുന്നുകൾ മാത്രമല്ല ഇന്ന് ലഭ്യമാകുന്നത്) നിരവധി വിദേശ നിർമ്മിത മയക്കുമരുന്നുകൾ കേരളത്തിലും ഇന്ത്യയിലുമുടനീളം ലഭ്യമാകുന്ന സാഹചര്യത്തിൽ അതിനെക്കൂടി കൺട്രോൾ ചെയ്യാനും കഴിയുന്ന തരത്തിൽ ശക്തമായൊരു നിയമനിർമ്മാണം നടത്തുന്നതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ സാധിക്കുമോ; ആ നിലയിലുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് വസ്തുതാപരമായ കാര്യമാണ്. എൻ.ഡി.പി.എസ്. ആക്ട് (Narcotic Drugs and Psychotropic Substances Act) ഇത്തരത്തിലുള്ള കുറ്റം തടയുന്നതിന് പര്യാപ്തമല്ല. ഇത് സ്റ്റേറ്റ് ഗവൺമെന്റിന്റെ നിയന്ത്രണത്തിൽപ്പെടുന്നതല്ല. സ്റ്റേറ്റ് ഗവൺമെന്റ് ഇതിന്റെ അപര്യാപ്തത മനസ്സിലാക്കി കേന്ദ്രഗവൺമെന്റിനെ സമീപിക്കുകയും നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എൻ.ഡി.പി.എസ്. ആക്ടിൽ ഭേദഗതി വരുത്തി കഞ്ചാവും അതുപോലുള്ള ലഹരി പദാർത്ഥങ്ങളും വിതരണം നടത്തുന്നവർക്കും വിൽപ്പന നടത്തുന്നവർക്കും മതിയായ ശിക്ഷ ഉറപ്പുവരുത്തേണ്ടതുണ്ട്. അതിന് സഹായകമായ നിലയിൽ നിയമഭേദഗതി വേണമെന്ന് സ്റ്റേറ്റ് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്നും ഈ ആവശ്യമുന്നയിച്ച് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, വളരെ സ്പെസിഫിക്കായ ചോദ്യമാണ് പ്രതിപക്ഷം ചോദിച്ചത്; പക്ഷേ എങ്ങും തൊടാതെയുള്ള മറുപടിയാണ് നമുക്ക് ലഭിച്ചത്. നിരോധിത ലഹരി വസ്തുക്കളെക്കുറിച്ചുള്ള ഇതിലെ മൂന്നാമത്തെ ചോദ്യത്തിൽ അങ്ങ് നൽകിയ മറുപടി " ശ്രദ്ധയിൽപ്പെട്ടിട്ടില്ല" എന്നാണ്. ഡ്രഗ്സിന്റെ കാര്യത്തിൽ നമുക്ക് ഇപ്പോഴും വലിയ ധാരണയില്ല. ഇപ്പോഴും നമ്മുടെ പോലീസും എൻഫോഴ്സ്മെന്റും എക്സൈസുമെല്ലാം പഴയ കാലത്തുള്ള ഡ്രഗ്ഗുകളെക്കുറിച്ചുള്ള ചർച്ചകളും റിസർച്ചുമാണ് നടത്തുന്നത്. ഇന്ന് വളരെ അഡ്വാൻസ്ഡായി പല രൂപത്തിലും ഭാവത്തിലും സ്റ്റാമ്പിലുമൊ ക്കെയാണ് മയക്കുമരുന്ന് വരുന്നത്. പുതിയ ഡ്രഗ്ഗുകളിലെ കെമിക്കൽ കോംപോസിഷൻ എങ്ങനെ തടയാമെന്നതിനെക്കുറിച്ചുള്ള എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എക്സൈസ് ഡിപ്പാർട്ട്മെന്റിനും എൻഫോഴ്സ്മെന്റിനും ഇത് കണ്ടുപിടിക്കുന്നതിനുള്ള ബോധമുണ്ടോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഞാനിവിടെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. എം.ഡി.എം.എ., (മിഥലിൻ ഡയോക്സി മെത്താഫിറ്റമിൻ) എന്നതൊരു പുതിയ ലഹരിപദാർത്ഥമാണ്. ഇതുപയോഗിക്കാനുള്ള സൗകര്യംകൊണ്ടാണ്

മയക്കുമരുന്നിന് അടിമകളായിട്ടുള്ള ആളുകൾ ഇതിനെ ആശ്രയിക്കുന്നത്. കണ്ടുപിടിക്കൽ അത്ര എളുപ്പമല്ല. ഇവിടെ എക്സൈസ് ഡിപ്പാർട്ട്മെന്റ് നടത്തിയ എൻഫോഴ്സ്മെന്റിന്റെ ഭാഗമായി എം.ഡി.എം.എ. എന്ന മയക്കുമരുന്ന് സമീപകാലത്ത് 31.10 കിലോഗ്രാം കണ്ടുപിടിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഇത് റെക്കോർഡാണ്. ഇപ്പോൾ മാത്രമല്ല, നേരത്തെതന്നെ ഇതുപോലെയുള്ള ലഹരിപദാർത്ഥങ്ങൾ വരുന്നുണ്ട്. അവ തടയുന്നതിനുവേണ്ടിയുള്ള എൻഫോഴ്സ്മെന്റാണ് വളരെ പ്രധാനം. ഇവിടെ 65.94 കിലോഗ്രാം ഹാഷിഷ് ഓയിലും 1884.28 കിലോഗ്രാം കഞ്ചാവും അടുത്തിടെ കണ്ടുപിടിച്ചിട്ടുണ്ട്. ഇതെല്ലാം എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമാണ്. എക്സൈസ് ഡിപ്പാർട്ട്മെന്റിൽ ലഭ്യമാകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലും വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലും ആവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, മയക്കുമരുന്നിന്റെ വിപണനവും വ്യാപനവും തടയുന്നതിന് അവെയർനസ് പ്രോഗ്രാം വളരെ പ്രധാനപ്പെട്ട കാര്യമാണ്. സ്കൂളുകളിലും ക്യാമ്പസുകളിലുമൊക്കെ ഒരു പരിധിവരെ ഇത് നടക്കുന്നുണ്ട്. എക്സൈസ് ഉദ്യോഗസ്ഥരും ഈ മേഖലയിൽ വളരെ ഊർജ്ജസ്വലത കാണിക്കുന്നുണ്ട്. പക്ഷെ, ശ്രീ. കെ. എസ്. ശബരീനാഥൻ സൂചിപ്പിച്ചതുപോലെ, നമ്മുടെ സങ്കല്പങ്ങളിൽ നിന്നൊക്കെ വ്യത്യസ്തമായി കഞ്ചാവെന്നുള്ളതാണ് മയക്കുമരുന്നിന്റെ ഏറ്റവും വലിയ ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നതെങ്കിലും മോഡേൺ സിന്തറ്റിക് ഡ്രഗ്സ് ഇന്ന് എല്ലാ ആധുനിക നഗരങ്ങളേയും കീഴടക്കിക്കൊണ്ടിരിക്കുകയാണ്. അതിൽ എൽ.എസ്.ഡി. പോലുള്ള ലഹരി ഉല്പന്നങ്ങൾ സ്റ്റാമ്പ് സൈസിൽ ക്യാരി ചെയ്യാൻ കഴിയുന്നതാണ്; മദ്യംപോലെ പെട്ടെന്ന് പോലീസിനോ എക്സൈസിനോ കണ്ടുപിടിക്കാനും സാധിക്കാത്തതാണ്. അതിന്റെ മണം കണ്ടുപിടിക്കുന്നതും സൂക്ഷിക്കുന്നതും അത്ര എളുപ്പമുള്ള കാര്യമല്ല. ഇതിനുവേണ്ടി എക്സൈസ് ഡിപ്പാർട്ട്മെന്റിന് മാത്രം ഒരിക്കലും കഴിയില്ല. പോലീസുമായി ചേർന്ന് ഇവ എങ്ങനെ കണ്ടുപിടിക്കാൻ കഴിയുമെന്നുള്ള പരിശ്രമം നടത്തേണ്ടതാണ്. കൊച്ചിപോലുള്ള നഗരങ്ങളിൽ ഫൈവ് സ്റ്റാർ ഹോട്ടലുകൾ കേന്ദ്രീകരിച്ച് ഡ്രഗ് പാർട്ടികൾ, റേവ് പാർട്ടികൾ എന്നിങ്ങനെ വളരെ വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. Yotel-ൽ നടന്ന ഒരു പാർട്ടി പോലീസ് പിടിച്ചിരുന്നു. അതുപോലെ ഓൺലൈൻ മാധ്യമങ്ങൾ വഴിയും സോഷ്യൽമീഡിയ വഴിയും സ്ഥലം ഫിക്സ് ചെയ്ത്, പലപ്പോഴും Airbnb പോലുള്ള ഹോംസ്റ്റേകളൊക്കെ സെലക്ട് ചെയ്തുകൊണ്ടാണ് വിദേശരാജ്യങ്ങളിൽ നിന്നുവരെ ഈ ഡ്രഗ് പാർട്ടികളിലേയ്ക്ക് ആളുകളെ ആകർഷിക്കുന്നത്. എക്സൈസ് ഡിപ്പാർട്ട്മെന്റിന് ആധുനിക ഉപകരണങ്ങൾ കൊടുത്ത് കുറച്ചുകൂടി കാര്യക്ഷമമായി ഇടപെടുത്താൻ വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ;

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ പ്രശ്നത്തിലുള്ള ആത്മാർത്ഥമായ സമീപനത്തിൽ നിന്നുള്ള കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. ഹൈബി ഈഡൻ ചൂണ്ടിക്കാണിച്ചത്. ലഹരി വർജ്ജനത്തിന് എറണാകുളം കേന്ദ്രമായി ക്യാമ്പയിൻ പോലുള്ള ഫലപ്രദമായ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകിവരുന്നുണ്ട്. 'വിമുക്തി' പദ്ധതി മുഖേനയുള്ള സന്ദേശം ഉയർത്തുന്നതിനും ലഹരിക്കെതിരായ പ്രചാരണം ശക്തമായി സംഘടിപ്പിക്കുന്നതിനും എല്ലാ ജനപ്രതിനിധികളുടേയും ജനവിഭാഗങ്ങളുടേയും സഹകരണമുണ്ടാക്കുകയെന്നതാണ് ഏറ്റവും പ്രധാനം. ബോധവൽക്കരണംവഴി ഇതുപോലുള്ള അപകടകരമായ സാഹചര്യത്തിൽ നിന്ന് നാടിനെ രക്ഷിക്കുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. എക്സൈസ് ഡിപ്പാർട്ടുമെന്റിന് പരിമിതികളുണ്ടെങ്കിലും ഈ സാഹചര്യത്തെ നേരിടാൻ സാധിക്കാവുന്ന നിലയിലുള്ള ആധുനികവൽക്കരണം ഗവൺമെന്റിന്റെ പരിഗണനയിലുള്ള വിഷയമാണ്. അതോടൊപ്പം നിലവിലുള്ള സാധ്യതകൾ പരിശോധിച്ച് ആവശ്യമായ ഉപകരണങ്ങളും വാഹനങ്ങളും നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പോലീസിന്റെയും മറ്റ് സംവിധാനങ്ങളുടെയും സഹകരണത്തോടുകൂടി ഇതിനെ നേരിടാനാണ് ശ്രമിക്കുന്നത്. അതിർത്തി പ്രദേശങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിലെ പോലീസിനെയും എക്സൈസ് ഡിപ്പാർട്ട്മെന്റിനെയും കൂടി സഹകരിപ്പിച്ച് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളിലേയ്ക്ക് പോകുന്നുണ്ട്. ആധുനികവൽക്കരണം അനിവാര്യമായതിനാൽ അക്കാര്യം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലാണ്.

മി. സ്പീക്കർ: അദ്ദേഹം ചോദിച്ചത് പുതിയ രൂപത്തിലും ഭാവത്തിലുമുള്ള മരുന്നുകളുടെ കാര്യമാണ്.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ആധുനികവൽക്കരണത്തിലൂടെ മാത്രമേ നമുക്ക് ഇതിനെ നേരിടാൻ സാധിക്കുകയുള്ളൂ. ഉള്ള സാധ്യതകൾ വച്ച് പരമാവധി കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. അതിന്റെ ഫലമായാണ് വിവിധതരത്തിലുള്ള ലഹരി പദാർത്ഥങ്ങൾ കണ്ടുപിടിക്കാൻ കഴിയുന്നത്. അത് കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, പഞ്ചാബ് കഴിഞ്ഞാൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ കേരളത്തിന് രണ്ടാം സ്ഥാനമാണ്. Narcotic Drugs and Psychotropic Substances Act-അനുസരിച്ച് 2015-ൽ 5924 കേസുകളാണ് രജിസ്റ്റർ ചെയ്തതെങ്കിൽ 2018-ൽ 8700 കേസ്സുകളും 2016-ൽ 9242 കേസ്സുകളുമായിരുന്നു രജിസ്റ്റർ ചെയ്യപ്പെട്ടത്. എൻഫോഴ്സ്മെന്റ് വിഭാഗം കൂടുതൽ കേസ്സുകളെടുക്കുന്നുണ്ടെങ്കിലും ഇതിന്റെ ഉപഭോഗം

വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിമുക്തി പോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും സ്കൂൾ കുട്ടികളുടെ ഇടയിലാണ് മയക്കുമരുന്നിന്റെ ഉപയോഗം കൂടുതലായി ഇന്ന് കാണുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ ക്ലീൻ ക്യാമ്പസ്-സേഫ് ക്യാമ്പസ്, സ്കൂൾ ഹെൽപ്പ് പ്രോഗ്രാം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നീ പദ്ധതികളുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന് സ്കൂൾ കുട്ടികളുടെയിടയിൽ ലഹരി ഉപയോഗം കുറയ്ക്കുക എന്നതാണ്. വിമുക്തിയോടൊപ്പം ഈ പദ്ധതികൾക്കും കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് കുട്ടികളുടെയിടയിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചാൽ മാത്രമേ ലക്ഷ്യപ്രാപ്തിയിലെത്താൻ സാധിക്കുകയുള്ളൂ. എൻഫോഴ്സ്മെന്റിലൂടെ കൂടുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുവെന്ന് പറഞ്ഞുവെങ്കിലും മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2015-ലെയും 2018-ലെയും കണക്കുകൾ ഞാൻ നേരത്തെ പറഞ്ഞു. ഈ പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, മയക്കുമരുന്നുപയോഗം വർദ്ധിച്ചുവരുന്നു എന്നുള്ള നിഗമനത്തിൽ പൂർണ്ണമായും എത്താൻ കഴിയില്ല. എൻഫോഴ്സ്മെന്റ് ദുർബ്ബലമായ സന്ദർഭങ്ങളിൽ കേസ്സുകളൊന്നുമില്ലെന്നും ശക്തിപ്പെടുന്ന സന്ദർഭങ്ങളിൽ കേസ്സുകൾ ധാരാളം വരുന്നുണ്ടെന്നുമുള്ള വ്യത്യാസം യാഥാർത്ഥ്യബോധത്തോടുകൂടി തന്നെയാണ് നമ്മൾ കാണേണ്ടത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി ഉപയോഗവും അവയുടെ പരിസര പ്രദേശങ്ങളിലുള്ള ലഹരിയുടെ വ്യാപനവും തടയുന്നതിനുള്ള വലിയ ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളെയും അധ്യാപകരെയും രക്ഷിതാക്കളെയും പങ്കാളികളാക്കി ആരും പുതിയതായി ലഹരി ഉപയോഗിക്കരുതെന്ന ഉറച്ച നിലപാടിന്റെ അടിസ്ഥാനത്തിലുള്ള കർശനമായ സമീപനം സ്വീകരിക്കുന്നുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുകൾ സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട്. എക്സൈസ് സിവിൽ ഓഫീസർമാർ മുതൽ എക്സൈസ് കമ്മീഷണർ വരെയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രത്യേക ചുമതല നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തുള്ള ഏതെങ്കിലും കടകളിലോ മറ്റു സ്ഥാപനങ്ങളിലോ നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങൾ ആരെങ്കിലും വിൽപ്പന നടത്തിയിട്ടുണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾ ഒരു തരത്തിലും പ്രവർത്തിപ്പിക്കാത്ത നിലയിലുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. വി. ജോയി:</u> സർ, ലഹരിക്ക് അടിമപ്പെട്ടവരെ ചികിത്സിക്കുന്നതിന് ഡീ-അഡിക്ഷൻ സെന്ററുകൾ ഇന്ന് സ്വകാര്യമേഖലയിൽ വ്യാപകമായിട്ടുണ്ട്. പക്ഷെ വലിയ ചൂഷണമാണ് അവിടെ നടക്കുന്നത്. എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്ന കാര്യം സൂചിപ്പിച്ചിരുന്നു. ഈ സെന്ററുകൾ ആരംഭിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേരളത്തിലെ 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. അവിടെയെല്ലാം ലഹരിക്ക് അഡിക്ടായിട്ടുള്ള നിരവധിപേർ ചികിത്സയ്ക്ക് വിധേയരാകുന്നുണ്ട്. വളരെ നല്ല പ്രതികരണമാണ് ഡീ-അഡിക്ഷൻ സെന്ററുകളിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്. കൂടാതെ പുനരധിവാസം, തൊഴിൽ എന്നിവയുൾപ്പെടെ ഉറപ്പുവരുത്താവുന്ന നിലയിലുള്ള ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഡീ-അഡിക്ഷൻ സെന്റർ കൂടാതെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ കൗൺസിലിംഗ് സെന്ററുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ലഹരിക്ക് അടിമകളായ ആളുകളെ മോചിപ്പിക്കുന്നതിനുവേണ്ടി വളരെ സഹായകരമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

ഡോ. എം. കെ. മുനീർ: സർ, എക്സൈസ് വകുപ്പും സാമൂഹ്യനീതി വകുപ്പും ചേർന്ന് സ്കൂൾ ക്യാമ്പസുകൾ ലഹരിമുക്ത ക്യാമ്പസ്സാക്കുന്നതിന് ഒ.ആർ.സി. (അവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ) എന്നൊരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. തുടക്കത്തിൽ കോഴിക്കോട് ജില്ലയിലാണ് ആരംഭിച്ചത്. ആ പദ്ധതി ഒന്നുകൂടി ശക്തമാക്കേണ്ടതുണ്ട്. അടുത്തകാലത്തായി സ്കൂൾ ക്യാമ്പസിലെ ഒരു പെൺകുട്ടി വളരെ നിർബന്ധപൂർവ്വം തനിക്കൊരു വ്യക്തിയെത്തന്നെ ഭർത്താവായി മതിയെന്നുപറഞ്ഞ് വാശിപിടിച്ചു. അവസാനം രക്ഷിതാക്കൾ പോയി അന്വേഷിച്ചപ്പോഴാണ് ആ വ്യക്തി ഈ കുട്ടിക്ക് മയക്കുമരുന്ന് കുത്തിവച്ചുകൊടുക്കുന്ന ആളാണെന്ന് മനസ്സിലാകുന്നത്. അപ്പോൾ അയാളെ തന്റെ ഭർത്താവായി കിട്ടിയാൽ കാലാകാലം തനിക്ക് മയക്കുമരുന്ന് കുത്തിവച്ചുതരുമല്ലോയെന്നുള്ള മാനസികാവസ്ഥയിൽ കുട്ടി എത്തിയെന്ന് അന്നത്തെ കോഴിക്കോട് കമ്മീഷണർ കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ നമ്മളറിയാതെ കുട്ടികൾ വഴിപ്പെട്ട് പോകുന്നുണ്ട്. എക്സൈസ് വകുപ്പ് മുന്നിൽ നിന്നുകൊണ്ട് സംഘടനകളും സാമൂഹ്യ പ്രസ്ഥാനങ്ങളുമടക്കം, ഒ.ആർ.സി. ശക്തമാക്കിയാൽ ക്യാമ്പസുകളെ ഇത്തരത്തിലുള്ള മയക്കുമരുന്നിൽ നിന്ന് വിമുക്തമാക്കാം. സാമൂഹ്യനീതി വകുപ്പുമന്ത്രിയും കൂടി ഇടപെട്ട് ഈ വിഷയത്തിൽ വേണ്ട ശ്രദ്ധ ചെലുത്തുമോ;

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ലഹരി വർജ്ജനത്തിനുവേണ്ടിയുള്ള ഏത് നിർദ്ദേശവും സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്. കുട്ടികളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കണം. കുട്ടികൾ ഒരുതരത്തിലും ലഹരിയുമായി ബന്ധപ്പെടാൻ പാടില്ലെന്ന നിലയിലുള്ള ശക്തമായ ബോധവൽക്കരണം ഇപ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ നടത്തുന്നുണ്ട്. അതുപോലെ കൗൺസിലിംഗ് കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. കുട്ടികളെ ലക്ഷ്യം വച്ചുകൊണ്ട് ഇനിയും അത്തരം കാര്യങ്ങൾ ശക്തിപ്പെടുത്താൻ തയ്യാറാണ്. ലഹരി വർജ്ജനത്തിനുവേണ്ടി ഏത് കേന്ദ്രങ്ങളിൽ നിന്നും ഏത് നിർദ്ദേശങ്ങൾ വന്നാലും അവ പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നതാണെങ്കിൽ അതെല്ലാം സ്വീകരിച്ച് ഗവൺമെന്റ് മുന്നോട്ടുപോകുമെന്നാണ് ഇക്കാര്യത്തിൽ വ്യക്തമാക്കാനുള്ളത്.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നത് കുറ്റകരമാണെന്നാണ് എനിക്ക് പറയാനുള്ളത്. മുതിർന്നവർക്കും കുട്ടികൾക്കും നിയമത്തിൽ ഒരുപോലെയാണ് പരിഗണനയുള്ളത്. ഇക്കാര്യത്തിൽ നിയമനിർമ്മാണ മേഖലയിൽക്കൂടി നടപടിയെടുക്കേണ്ടത് ആവശ്യമാണെന്ന് തോന്നുന്നു. ഇത്തരം സാധനങ്ങൾ കുട്ടികൾക്ക് വിൽക്കുന്നതിനും കൈമാറുന്നതിനും ലഭിക്കുന്ന ശിക്ഷയുടെ തോത് വർദ്ധിപ്പിക്കുന്ന കാര്യം നിയമവ്യവസ്ഥയിൽത്തന്നെ ഉൾപ്പെടുത്താൻ നമ്മൾ ആലോചിക്കേണ്ടതായിട്ടുണ്ട്. അക്കാര്യം പരിഗണിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, കുട്ടികളുടെയിടയിലുള്ള ലഹരി വ്യാപനത്തെ രണ്ട് രീതിയിലാണ് ഗവൺമെന്റ് സമീപിക്കുന്നത്. ഏതെങ്കിലും കുട്ടി ഇത്തരം തെറ്റിൽപ്പെട്ടുപോയിട്ടുണ്ടെങ്കിൽ ഉടനെ പിടികൂടി ആ കുട്ടിയെ ശിക്ഷിക്കുക എന്നതല്ല ഗവൺമെന്റിന്റെ നിലപാട്. അദ്ധ്യാപകരെയും രക്ഷിതാക്കളെയും വിവരമറിയിച്ചും സാമൂഹ്യ പ്രവർത്തകരെ ഇടപെടുവിച്ചും ആ കുട്ടിയെ തിരുത്തിക്കുന്നതിനുവേണ്ടിയുള്ള നിലപാടാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. എന്നാൽ, ലഹരി പദാർത്ഥങ്ങൾ വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ ശ്രദ്ധയിൽപ്പെട്ടുകഴിഞ്ഞാൽ അവരോട് ഒരു വിട്ടുവീഴ്ചയുമില്ലാതെ തകർക്കുകയെന്ന നിലപാട് തന്നെയാണ് സ്വീകരിക്കുന്നത്. നിലവിലുള്ള നിയമങ്ങളിൽ ഒരുപാട് അപര്യാപ്തതകളുണ്ട്. ആ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ടാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇക്കാര്യത്തിൽ കൂടുതൽ പരിഷ്കരണ നടപടികൾ ആവശ്യമാണെങ്കിൽ അതെല്ലാം പരിശോധിക്കാനും ഗവൺമെന്റ് സന്നദ്ധമാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, സ്കൂൾ കുട്ടികളിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കൂടിവരികയാണ്. നേരത്തേ സൂചിപ്പിച്ചതുപോലെ, ഹൈസ്കൂൾ-ഹയർ സെക്കണ്ടറി തലങ്ങളിലെ ഏതാണ്ട് 28.7% കുട്ടികൾ ഒരു തവണയെങ്കിലും ലഹരി ഉപയോഗിച്ചവരാണെന്നാണ് പറയുന്നത്. എക്സൈസ് ഡിപ്പാർട്ട്മെന്റ് വളരെ കൃത്യമായി നല്ലരീതിയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. പക്ഷേ, മറ്റൊരു രൂപത്തിലാണ് റിപ്പോർട്ടുകൾ വരുന്നത്. ഇതുമായി ബന്ധപ്പെട്ട് 1986-ൽ ഇന്ത്യൻ പാർലമെന്റിൽ പാസ്സാക്കിയതാണ് NDPS Act. ഈ രംഗത്ത് നിലവിലുള്ള ഏറ്റവും മൂർച്ചയേറിയതും വധശിക്ഷ വരെ ഉറപ്പുവരുത്തുന്നതുമാണ് ഈ നിയമം. പക്ഷേ അതിലെ പഴുതുകൾ വച്ചാണ്, നേരത്തേ പറഞ്ഞതുപോലെ, ഒരു കിലോഗ്രാം കഞ്ചാവ് സൂക്ഷിച്ച ആൾക്ക് മൂവായിരം രൂപ കൊടുത്താൽ സ്പോട്ടിൽത്തന്നെ ജാമ്യം കിട്ടുന്ന ഒരു സാഹചര്യമുണ്ട്. ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചോദിച്ച ഈ പ്രശ്നത്തിന് ഞാൻ വ്യക്തത വരുത്തിയിട്ടുള്ളതാണ്. NDPS Act കേന്ദ്രവുമായി ബന്ധപ്പെട്ടതാണ്. അതിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എല്ലാ ശ്രമവും നടത്തുന്നുണ്ട്. നിലവിലുള്ള സാഹചര്യങ്ങളുടെ അനുഭവങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ റിപ്പോർട്ടുകളിൽ വരുന്ന ചില പ്രശ്നങ്ങളാണ്. ഇതെല്ലാം പരിശോധിച്ച് കൂടുതൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കേണ്ടതുണ്ടെങ്കിൽ

അത്തരം കാര്യങ്ങൾ സംസ്ഥാനത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ചെയ്യുന്നതിന് ഗവൺമെന്റിന് യാതൊരു തടസ്സവുമില്ല. ആ ദിശയിലൂടെ ഈ കാര്യങ്ങളെല്ലാം പരിശോധിച്ച് ആവശ്യമായ നിലപാടുകളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട അംഗങ്ങളുടെ ചോദ്യങ്ങളും ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയും കേൾക്കുമ്പോൾ ഈ മേഖലയിൽ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവ വികാസങ്ങൾ എത്രമാത്രം ഭീകരമാണെന്ന് ബോധ്യപ്പെടും. ഒരു സംശയമുള്ളത്, ഇവരെ എങ്ങനെ ശിക്ഷിക്കാൻ കഴിയുമെന്നുള്ളതാണ്. ശ്രീ. പാറക്കൽ അബ്ദുല്ല പറഞ്ഞതുപോലെ, കഞ്ചാവ് പിടിച്ചാൽ മൂവായിരം രൂപ കൊടുത്താൽ ഉടൻ ജാമ്യം കൊടുക്കും. കുഞ്ഞുങ്ങളെയും ചെറുപ്പക്കാരെയും നശിപ്പിക്കുന്ന കഞ്ചാവ് മാഫിയയെ വകവരുത്താൻ അടുത്തകാലത്ത് തിരുവനന്തപുരം സിറ്റിയിൽ കമ്മീഷണർ കരുതൽ തടങ്കൽ നിയമമുപയോഗിച്ച് കൊള്ളക്കാരെ മുഴുവൻ പിടിച്ച് അകത്താക്കി. സമൂഹത്തെ നശിപ്പിക്കുന്ന ഈ വർഗ്ഗത്തെ എന്തുകൊണ്ട് കരുതൽ തടങ്കൽ നിയമപ്രകാരം ഒരു വർഷം വിസ്താരം പോലുമില്ലാതെ ജയിലിൽ പിടിച്ചിടുന്നില്ല; അതിനെപ്പറ്റി ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതല്ലേ; അക്കാര്യം ശ്രദ്ധിക്കാൻ അങ്ങ് തയ്യാറാണോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ ആശയത്തോട് എനിക്ക് എതിർപ്പില്ല. പക്ഷേ, നിയമം അതിനനുവദിക്കുന്നില്ല. ഒരു ഗവൺമെന്റിന് നിയമാനുസൃതം മാത്രമേ പ്രവർത്തിക്കാൻ കഴിയൂ. നിയമത്തിന്റെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള ഇടപെടലുകൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അങ്ങയുടെ വികാരത്തോട് യോജിക്കുന്നു. എല്ലാവരും ജാഗ്രത പുലർത്തി ശക്തമായിത്തന്നെ ഇത്തരത്തിലുള്ള തെറ്റായ പ്രവണത ഇല്ലാതാക്കുന്നതിനുവേണ്ടി ശ്രമിക്കേണ്ടതുണ്ട്.

ശ്രീ. പി. വി. അൻവർ: സർ, ഇവിടെ NDPS Act-ൽ നമുക്കൊന്നും ചെയ്യാൻ കഴിയില്ല എന്നുള്ളത് എല്ലാവർക്കും ബോധ്യമാണ്. പോക്സോ നിയമം (Protection of Children from Sexual Offences Act) വളരെ ശക്തമായി നടപ്പാക്കിയ ഒരു സംസ്ഥാനമാണിത്. സ്വാഭാവികമായും പ്രായപൂർത്തിയാകാത്ത കുട്ടികളെ ഈ രീതിയിൽ അവർ ഉപയോഗപ്പെടുത്തുകയാണ്. അതുകൊണ്ട് NDPS കേസ്സുകളിൽ കുട്ടികളെ ദുർബ്ബലപ്പെടുത്തി ഉപയോഗപ്പെടുത്തുന്ന കേസ്സുകളിൽ പോക്സോ നിയമം കൂടി ചാർജ് ചെയ്യുന്നതിനുള്ള നയപരമായ തീരുമാനമെടുക്കാൻ കഴിയുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, നിയമത്തിന്റെ നില പരിശോധിച്ചുകൊണ്ട് മാത്രമേ ഗവൺമെന്റിനൊരു നിലപാടെടുക്കാൻ കഴിയൂ. പുതിയ നിയമനിർമ്മാണം ആവശ്യമാണെങ്കിൽ സ്റ്റേറ്റിന്റെ പരിധിയിൽ നിന്നുകൊണ്ട് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിക്കാൻ തയ്യാറാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, ഓരോ കേന്ദ്രങ്ങളിലും മയക്കുമരുന്ന് റാക്കറ്റുകൾക്ക് നേതൃത്വം കൊടുക്കുന്ന ചില ആളുകളുണ്ട്. തൊടുപുഴയിൽ ഇത്തരത്തിൽ നേതൃത്വം കൊടുക്കുന്ന ഒരാൾ വേറൊരു കേസ്സിൽപ്പെട്ട് മൂന്ന് മാസം ജയിലിലായിരുന്നു. അപ്പോൾ ആ ശൃംഖലയാകെ സ്തംഭിച്ചു. എല്ലാ സ്ഥലത്തും ഒന്നോ രണ്ടോ ആളുകളാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. പെട്ടെന്ന് അവർക്ക് വിതരണം ചെയ്യാനുള്ള സംവിധാനമുണ്ട്. അങ്ങനെയുള്ളവരെ കണ്ടെത്തി ഏതെങ്കിലും വകുപ്പിൽപ്പെടുത്തി കസ്റ്റഡിയിലെടുക്കണം. അവർ വലിയ സാമൂഹ്യ ദ്രോഹം ചെയ്യുന്നവരാണ്. അതിനുള്ള കണ്ടെത്തലുകൾ നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ശ്രദ്ധയിൽപ്പെട്ട ഒരു കേസ്സിൽ നടപടി സ്വീകരിച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതാണ് ഗവൺമെന്റിന്റെ സമീപനം. അതുകൊണ്ട് ഇതുപോലുള്ള സാമൂഹ്യവിരുദ്ധ ശക്തികളെ നേരിടുന്നതിന് നിയമപരമായി സാധ്യതയുള്ള എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യും. ഇൻഫർമേഷൻ കിട്ടിക്കഴിഞ്ഞാൽ അത് ഗൗരവമായി പരിശോധിക്കുന്നതാണ്. ഇൻഫർമേഷൻ കളക്ട് ചെയ്യുന്നതിന് എക്സൈസ് ഡിപ്പാർട്ട്മെന്റിൽത്തന്നെ നിലവിലൊരു സംവിധാനമുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തി പരമാവധി വിവരങ്ങൾ ശേഖരിച്ച് ഇതുപോലുള്ള സാമൂഹ്യവിരുദ്ധ ശക്തികളെ നേരിടുന്നതിനുവേണ്ടിയുള്ള നടപടികൾ സർക്കാർ ഇപ്പോൾത്തന്നെ സ്വീകരിച്ചുവരുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' എന്ന പേരിൽ ആരംഭിച്ച പദ്ധതി വളരെ ഫലപ്രദമായിരുന്നു. എക്സൈസ് വകുപ്പുമന്ത്രിയോടല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം, എക്സൈസ് ഉദ്യോഗസ്ഥർ മാത്രം വിചാരിച്ചാൽ ഇത് നിയന്ത്രിക്കാൻ കഴിയില്ല. പോലീസിന്റെ ശക്തമായ ഇടപെടലുണ്ടെങ്കിൽ മാത്രമേ കേരളത്തിൽ മയക്കുമരുന്നിന്റെ വ്യാപനവും ഉപയോഗവും നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. പഞ്ചാബിൽ ആയിരത്തിയിരുന്നൂറോളം ആളുകൾ rigorous imprisonment-ന് ജയിലിലാണ്. ഇത് ഇന്ത്യയിലൊട്ടാകെയുണ്ട്. വ്യാപകമായ തോതിൽ നമ്മുടെ സംസ്ഥാനത്തും നടന്നുവരികയാണ്. ശക്തമായ നടപടികൾ ഇക്കാര്യത്തിലുണ്ടാകണം. 999 ഗ്രാം വരെ കഞ്ചാവ് കയ്യിൽ വച്ചിരുന്നാൽ അവർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിയില്ല. അതുകൊണ്ട് കേന്ദ്ര നിയമത്തിലും മാറ്റം വരുത്തേണ്ടത് ആവശ്യമാണ്. ഇക്കാര്യത്തിൽ ആഭ്യന്തര-എക്സൈസ് വകുപ്പുകളുടെ ജോയിന്റ് എഫർട്ട് ആവശ്യമാണ്. അതിന് ഗവൺമെന്റ് നേതൃത്വം കൊടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിർദ്ദേശിച്ചതുപോലെ ആഭ്യന്തര വകുപ്പും എക്സൈസ് വകുപ്പുമെല്ലാം ചില കേസുകളിൽ പരസ്പരം ആലോചിച്ചുതന്നെ ഇടപെടുന്ന സ്ഥിതിയുമുണ്ട്. ഗൗരവമായ ഇടപെടൽ നടത്താനുള്ള ഒരുക്കങ്ങൾ തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ

4 (*213) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതര സംസ്ഥാന തൊഴിലാളികൾക്കായി നടത്തിയ ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവർക്കായി ആവാസ് എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്ന "അപ്നാഘർ" പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ലാറ്റ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ മാതൃകയിൽ പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് മരണാനന്തര ആനുകൂല്യം (25,000 രൂപ), അപകടമരണ ധനസഹായം (രണ്ട് ലക്ഷം രൂപ), ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം (50,000 രൂപ വരെ), ചികിത്സാ ധനസഹായം (20,000 രൂപ വരെ), ടെർമിനൽ ബെനിഫിറ്റ് (50,000 രൂപ വരെ) എന്നീ ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്.

സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഫണ്ടിൽനിന്നും രണ്ട് ലക്ഷം രൂപ വീതം ഓരോ ജില്ലയിലെയും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാർക്ക് നൽകിക്കൊണ്ട് റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്.

(ബി&സി) ഉണ്ട്. സ്മാർട്ട് ഐ.റ്റി. എന്ന സ്ഥാപനം മുഖേനയാണ് എൻറോൾമെന്റ് നടന്നുവരുന്നത്. ആവാസ് പദ്ധതിപ്രാകരം ചികിത്സാ സഹായം അഷ്വറൻസ് സ്കീമായി നടപ്പിലാക്കുന്നതിന് ചിയാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പട്ടിക ഗോത്രവർഗ്ഗക്കാരുടെ സാമ്പത്തിക-സാമൂഹിക ഉന്നമനം

5 (*214) <u>ശ്രീ. ഡി. കെ. മുരളി</u> :

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :

<u>ശ്രീമതി വീണാ ജോർജ്ജ് :</u>

<u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന 101 ഊരുകൾ വികസിപ്പിക്കുന്ന പദ്ധതിയുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും ഊരിനു പുറത്ത് പലയിടങ്ങളിലായി താമസിക്കുന്നവരുടെ സാമ്പത്തിക, സാമൂഹിക ഉന്നമനത്തിനായുള്ള പി.കെ.കാളൻ പദ്ധതി കാര്യക്ഷമമാക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) പട്ടിക ഗോത്രവർഗ്ഗ മേഖലയിലെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് അധിക തൊഴിൽ ദിനം ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ട്രൈബൽ പ്ലസ് പ്രകാരം കൃഷി, മൃഗസംരക്ഷണം തുടങ്ങിയ പരമ്പരാഗത ഉപജീവന മാർഗ്ഗങ്ങൾ ആധുനികവൽക്കരിച്ച് സ്ഥിര വരുമാനം ഉറപ്പാക്കാൻ പദ്ധതിയുണ്ടോ;

(സി) പട്ടിക ഗോത്രവർഗ്ഗക്കാരായ ഭൂരഹിതർക്ക് വേണ്ടിയും തൊഴിൽ നൈപുണ്യം നേടിയിട്ടുള്ള യുവാക്കളെ സംരംഭകരാക്കുന്നതിനു വേണ്ടിയും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ)</u>:

(എ) സംസ്ഥാനത്തെ വളരെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ കോളനികളിലും 1 കോടി രൂപ വീതം ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നോക്കാവസ്ഥയിലുള്ള കോളനികളുടെ വിവരങ്ങൾ ജില്ലാതലത്തിൽനിന്നും ശേഖരിച്ചതിനെത്തുടർന്ന് 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ 2017-2018 സാമ്പത്തിക വർഷം തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായ 91 കോളനികളിൽ 74 കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭ്യമാകുകയും 73 കോളനികളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 30 കോളനികളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച കോളനികളിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥർ നിർവ്വഹണ ഏജൻസികളുടെ പ്രതിനിധികളുടെ യോഗം വിളിച്ചുചേർത്ത് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**പി. കെ. കാളൻ കുടുംബസഹായ പദ്ധതി**

സങ്കേതങ്ങൾക്കുപുറത്ത് ഒറ്റപ്പെട്ട് ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ആവിഷ്കരിച്ച പദ്ധതിയാണ് പി. കെ. കാളൻ കുടുംബസഹായ പദ്ധതി. ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കോളനികളിലല്ലാതെ ചിന്നിച്ചിതറികിടക്കുന്ന കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നേരിട്ട് മനസ്സിലാക്കി മൈക്രോ പ്ലാനുകൾ തയ്യാറാക്കുകയാണ് ചെയ്യുന്നത്. ഇതിൽ ഓരോ കുടുംബത്തിനും ആവശ്യമായിവരുന്ന പ്രധാന ആവശ്യങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തികരിച്ച് നൽകുന്ന രീതിയിലാണ് പദ്ധതി പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. പരമാവധി നിലവിലുള്ള സ്കീമുകളെ സംയോജിപ്പിക്കുന്ന സമീപനമാണ് ഈ മൈക്രോ പ്ലാനുകൾ കൊണ്ടുദ്ദേശിക്കുന്നത്.

ഈ പദ്ധതി നടപ്പിലാക്കിയതുമൂലം ആലപ്പുഴ നിയോജകമണ്ഡലത്തിലെ 53 വീടുകളുടെ മെയിന്റനൻസ് വർക്ക് പൂർത്തീകരിച്ചു. പുതിയ വീടുകളുടെ നിർമ്മാണം, ടോയ്‌ലെറ്റ് നിർമ്മാണം എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ അംഗത്വമില്ലാതിരുന്ന അംഗങ്ങളെ ഉൾപ്പെടുത്തി എസ്.ടി. സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. ആരോഗ്യ ഇൻഷ്വറൻസ് ഇല്ലാത്ത 45 കുടുംബങ്ങൾ ഉണ്ടായിരുന്നതിൽ 36 പേർക്ക് ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ലഭിച്ചു. തൊഴിൽകാർഡ് ഇല്ലാത്ത 73 കുടുംബങ്ങൾ ഉണ്ടായിരുന്നതിൽ 62 പേർക്ക് തൊഴിൽകാർഡ് ലഭിച്ചു. വനിതകൾക്കായി കയർ, തടുക്ക് നിർമ്മാണ പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കി തൊഴിൽ ചെയ്യുന്നവർക്ക് ദിവസേന 300 രൂപ നിരക്കിൽ മാസാവസാനം തുക ബാങ്ക് അക്കൗണ്ട് വഴി നൽകിവരുന്നു.

(ബി) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന കേരള ട്രൈബൽ പ്ലസ് പദ്ധതി MGNREGA സംസ്ഥാന മിഷൻ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. കേരള ട്രൈബൽ പ്ലസ് പദ്ധതി തൊഴിലുറപ്പ് പദ്ധതി, കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖപ്രകാരം മാത്രമേ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. ഈ പദ്ധതിയിലൂടെ കൃഷി, മൃഗ സംരക്ഷണ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

1. പഴം കൃഷി, പട്ടുനൂൽ കൃഷി, തോട്ടവിള കൃഷി, ഫാം ഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തുന്നു.

2. തരിശ്ഭൂമി, പാഴ്ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ.

3. മൃഗ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ.

4. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതു വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം.

കൃഷി, മൃഗസംരക്ഷണ മേഖലയിൽ ആധുനികവത്കരണത്തിന് സർക്കാർ/ സർക്കാതിര ഏജൻസികളുമായി സംയോജനത്തിലൂടെ നിലവിലുള്ള MGNREGA മാനദണ്ഡം അനുവദിക്കുന്ന മേഖലകളിൽ നടത്തിയിട്ടുണ്ട്.

(സി) പട്ടികഗോത്ര വർഗ്ഗക്കാരായ ഭൂരഹിതർക്കുവേണ്ടി പ്രത്യേകമായി കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പദ്ധതി ഒന്നും നടപ്പാക്കുന്നില്ല. എന്നാൽ തൊഴിൽ നൈപുണ്യം നേടിയിട്ടുള്ള യുവാക്കളെ സംരംഭകരാക്കുന്നതിനുവേണ്ടി കോർപ്പറേഷൻ 50,000 രൂപ മുതൽ 50 ലക്ഷം രൂപ വരെ പദ്ധതി തുകയുള്ള വിവിധ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കോർപ്പറേഷൻ കഴിഞ്ഞ 5 വർഷങ്ങളായി ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ സഹായത്തോടെ പ്രസ്തുത വിഭാഗത്തിനായി നടപ്പാക്കിയ പദ്ധതികളുടെ ഫലപ്രാപ്തിയെക്കുറിച്ച് പഠനം നടത്തുന്നതിനായി ന്യൂഡൽഹി ആസ്ഥാനമായുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ (IIPA) എന്ന സ്ഥാപനത്തെ കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് ചുമതലപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്.

**കുട്ടനാടിനെ പ്രളയത്തിൽനിന്ന് സംരക്ഷിക്കാൻ നടപടി**

6 (*215) ശ്രീമതി യു. പ്രതിഭ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിനെ വർഷകാല പ്രളയത്തിൽ നിന്ന് സംരക്ഷിക്കാനുള്ള തോട്ടപ്പിള്ളി സ്പിൽവേയുടെ നവീകരണം ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ;

(സി) പ്രളയത്തിന്റെ പശ്ചാത്തലത്തിലും വേമ്പനാട് കായൽ സംരക്ഷണം കണക്കിലെടുത്തും പമ്പാനദിയിലെ മാലിന്യ നിർമ്മാർജ്ജനത്തിനും തീര സംരക്ഷണത്തിനും അനിവാര്യമായ പമ്പാനദീ സംരക്ഷണ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) തോട്ടപ്പിള്ളി സ്പിൽവേയുടെ നവീകരണത്തിനായുള്ള ആദ്യഘട്ട പദ്ധതിക്ക് അനുവദിച്ച തുക ഉപയോഗിച്ച് സ്പിൽവേയുടെ നിലവിലുള്ള 40 പഴയ ഷട്ടറുകൾ മാറ്റി സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിച്ചു. സ്പിവൽവേയുടെ കിഴക്ക് ഭാഗത്തുള്ള കായൽ ഡ്രഡ്ജിംഗ് പണികൾ ഭാഗികമായി മെക്കാനിക്കൽ വിഭാഗം നേരിട്ട് നടത്തി. ഈ പദ്ധതിക്ക് ഇതുവരെ 8.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

തോട്ടപ്പിള്ളി പൊഴിമുഖത്ത് നീരൊഴുക്കിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ നീക്കം ചെയ്യുന്നതിന് ദുരന്ത നിവാരണ നിയമപ്രകാരം നടപടി സ്വീകരിക്കാൻ തീരുമാനമായിട്ടുണ്ട്.

നീരൊഴുക്കിന് തടസ്സമായി സ്പിൽവേ ചാനലിൽ പൊഴിമുഖത്ത് അടിഞ്ഞുകൂടുന്ന മണൽ ലേലത്തിലൂടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2019-20-ലെ ബഡ്ജറ്റിൽ രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിക്കുകയും തോട്ടപ്പിള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലിന്റെയും നവീകരണത്തിന് തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. അതിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു:

1. ശാസ്ത്രീയ പഠനത്തോടെ പൊഴിമുഖത്ത് പുലിമുട്ട് സ്ഥാപിക്കുക;

2. സ്പിൽവേ മുതൽ കടൽ വരെയുള്ള ചാനലിന്റെ തീരസംരക്ഷണം;

3. തോട്ടപ്പിള്ളിയിലേയ്ക്ക് പമ്പ, അച്ചൻകോവിൽ നദികളിലൂടെ എത്തുന്ന പ്രളയജലം സുഗമമായി ഒഴുകിയെത്തുന്ന ചാനലുകളുടെയും തോടുകളുടെയും നവീകരണം;

4. ആവശ്യമായ സ്ഥലങ്ങളിൽ ഫ്ലഡ് റെഗുലേറ്ററുകൾ സ്ഥാപിക്കുക;

5. സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതിനായുള്ള വൈദ്യുതീകരണ പ്രവൃത്തികൾ;

6. സ്പിൽവേ സ്ട്രക്ച്ചറിലെ മെക്കാനിക്കൽ വർക്കുകൾ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുക.

(ബി) കുട്ടനാട് പാക്കേജിൽ 7 സ്കീമുകളാണ് നടപ്പിലാക്കിവരുന്നത്. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 3 സ്കീമുകൾ പൂർത്തീകരിച്ചു. 7 സ്കീമുകളിൽ 4 സ്കീമുകൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളായ, കെ.ഇ.എൽ.-1, കെ.ഇ.എൽ.-2, കെ.ഇ.എൽ.-3, കെ.ഇ.എൽ.-4 എന്നീ സ്കീമുകളിൽ കെ.ഇ.എൽ.-1, കെ.ഇ.എൽ.-2 പൂർത്തീകരിച്ചു. കെ.ഇ.എൽ.-3, കേരളത്തിലെ കുട്ടനാട് മേഖലയിലെ 231 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളിൽ 94 പാടശേഖരങ്ങൾക്കായി 57 പ്രവൃത്തികൾ അറേഞ്ച് ചെയ്തതിൽ 46 പ്രവൃത്തികൾ പൂർത്തീകരിച്ചു. 5 വർക്കുകൾ ടെർമിനേറ്റ് ചെയ്യുകയും 4 പ്രവൃത്തികൾ ഫോർക്ലോസ് ചെയ്യുകയും ചെയ്തു. 2 പ്രവൃത്തികൾ പൂർത്തീകരണഘട്ടത്തിലാണ്. കെ.ഇ.എൽ.-4 ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ - 5 വാട്ടർ ഷെഡ്ഡുകളിലായി 21 വർക്കുകൾ എഗ്രിമെന്റ് വച്ച് പണി പുരോഗമിക്കുന്നു. ഇതിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു.

തണ്ണീർമുക്കം ബാരേജിന്റെ മൂന്നാം ഘട്ടം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇതിൽ സിവിൽ വർക്കുകൾ 91.35 ശതമാനവും മെക്കാനിക്കൽ പ്രവൃത്തികൾ 99 ശതമാനവും ഇലക്ട്രിക്കൽ പ്രവൃത്തികൾ 72 ശതമാനവും പൂർത്തീകരിച്ചു. മൂന്നാംഘട്ടത്തിന്റെ ഭാഗമായുള്ള മൺചിറ നീക്കം ചെയ്യുന്നതായ പണികൾ മാത്രമാണ് പൂർത്തീകരിക്കുവാനുള്ളത്.

(സി) വേമ്പനാട്ട് കായൽ സംരക്ഷണം കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി കായലും ജലാശയങ്ങളും ശുചീകരിക്കുക, പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ജനപങ്കാളിത്തത്തോടെ നീക്കം ചെയ്യുക, ചെളി വാരി കായലിന് ആഴം കൂട്ടുകയും പുറംബണ്ടുകൾ പുനർനിർമ്മിക്കുകയും ബലപ്പെടുത്തുകയും ചെയ്യുക എന്നീ പ്രവൃത്തികൾ ആവിഷ്കരിച്ചുവരുന്നു. പമ്പാനദിയുടെ മാലിന്യനിർമ്മാർജ്ജനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പമ്പാ ആക്ഷൻ പ്ലാൻ. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റ്, പമ്പാ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ടത്തിന് 2003-ൽ 18.5 കോടി രൂപയുള്ള അംഗീകാരം നൽകി. നിലവിൽ ചീഫ് എഞ്ചിനീയർ, പ്രോജക്ട്-2 ആണ് അതോറിറ്റിയുടെ പ്രോജക്ട് ഡയറക്ടർ. ടി പദ്ധതിയുടെ പ്രവൃത്തികളുടെ നിർവ്വഹണം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവരെയാണ് ഏൽപ്പിച്ചത്. ഇതിൽ ജലസേചന വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവൃത്തികൾ പൂർത്തിയായി. ദേവസ്വം ബോർഡിന്റെ ചില പ്രവൃത്തികൾ ഇനിയും പൂർത്തിയാകാനുണ്ട്. പമ്പാ ആക്ഷൻ പ്ലാൻ രണ്ടാം ഘട്ടത്തിന്റെ സമഗ്രമായ മാസ്റ്റർ പ്ലാൻ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ പ്രോജക്ട് II, ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി. സൂപ്രണ്ടിംഗ് എഞ്ചിനീയർ, മേജർ ഇറിഗേഷൻ സൗത്ത് സർക്കിൾ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ക്ഷീരമേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ നടപടി**

7 (*216) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനിൽ അക്കര :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ ഭീമമായ നഷ്ടം സംഭവിച്ച ക്ഷീരമേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ ഇതിനകം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) നഷ്ടം സംഭവിച്ച ക്ഷീര കർഷകർക്ക് ഉരുക്കളെ വാങ്ങുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പശു നഷ്ടപ്പെട്ട കർഷകന് ഉരു ഒന്നിന് മുപ്പതിനായിരം രൂപയും പരമാവധി തൊണ്ണൂറായിരം രൂപയും എന്ന് നിജപ്പെടുത്തിയിട്ടുള്ളത് മൂന്നിൽ കൂടുതൽ ഉരുക്കൾ നഷ്ടപ്പെട്ട് ജീവനോപാധി ഇല്ലാതായ ക്ഷീര കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയ സാഹചര്യത്തിൽ ഈ നിബന്ധനയിൽ ഇളവ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീര കർഷകർക്ക് അടിയന്തര സഹായമായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28,887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണ വകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീര സംഘം പ്രതിനിധികൾ, മേഖലാ യൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ 104.64 ലക്ഷം രൂപയുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ദേശീയ ക്ഷീരവികസന ബോർഡിൽനിന്നും 494 മെ. ടൺ കാലിത്തീറ്റയും 160 മെ. ടൺ സൈലേജും 21 മെ. ടൺ ഉണക്കപ്പുല്ലും അന്ധ്രാപ്രദേശ് മൃഗസംരക്ഷണ വകുപ്പിൽ നിന്നും 20 ടൺ കാലിത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതമായി 22 കോടി രൂപ വിനിയോഗിച്ച് ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) | ഗുണഭോക്തക്കളുടെ എണ്ണം | ആകെ സബ്സിഡി തുക (ലക്ഷം) |
|---|---|---|---|---|
| 1 | ഗോദാനം (ഒരു പശു യൂണിറ്റ്) | 33000 | 1200 | 396 |
| 2 | 2 പശു യൂണിറ്റ് | 66000 | 900 | 594 |
| 3 | അവശ്യാധിഷ്ഠിത സഹായം | 50000 | 1500 | 750 |
| 4 | കാലിത്തൊഴുത്ത് | 50000 | 630 | 315 |
| 5 | യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയ കാലിത്തൊഴുത്ത് | 100000 | 100 | 30 |

കൂടാതെ വയനാട്, ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ 'Donate a cow' എന്ന പദ്ധതിപ്രകാരം ഇതിനോടകം ആലപ്പുഴ ജില്ലയിൽ 96 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 64 കറവപ്പശുക്കളെയും 200 കിടാരികളെയും പാലക്കാട് ജില്ലയിൽ 8 കിടാരികളെയും എറണാകുളം ജില്ലയിൽ 6 കറവപ്പശുക്കളെയും പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

ക്ഷീരസഹകരണ സംഘങ്ങൾ നേരിട്ട് പ്രളയ ദുരിതത്തിൽ ബുദ്ധിമുട്ടനുഭവിച്ച ക്ഷീരകർഷകർക്ക് കാലിത്തീറ്റ, വയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ നൽകുകയും നാശനഷ്ടം സംഭവിച്ച കാലിത്തൊഴുത്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള സഹായവും നൽകിയിട്ടുണ്ട്.

പ്രളയം മുഖേന നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനായി മിൽമ സംസ്ഥാന സർക്കാർ മുഖേന കേന്ദ്രസർക്കാരിന് സമർപ്പിച്ച 54.84 കോടി രൂപയുടെ പദ്ധതിയിൽ 44.03 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകുകയുണ്ടായി. ഇതിൽ 33.03 കോടി രൂപ കേന്ദ്ര സർക്കാർ ഗ്രാന്റും ബാക്കി ഏകദേശം 11 കോടി രൂപ മിൽമയുമാണ് ചെലവഴിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ 2 വർഷം കൊണ്ട് നടപ്പിലാക്കുവാനാണുദ്ദേശിക്കുന്നത്.

പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം മൃഗസംരക്ഷണ വകുപ്പ് 17.89 കോടി രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. പ്രളയ ബാധിത പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റവിതരണം എന്നിവ നടത്തുകയുണ്ടായി.

(ബി) പ്രളയകാലത്ത് നഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് ഉരുക്കളെ വാങ്ങുന്നതിന് പദ്ധതി വിഹിതം ഉപയോഗിച്ച് പ്രത്യേക ഫ്ലഡ് റിലീഫ് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൽ 1200 ഗുണഭോക്താക്കളുള്ള ഒരു പശു യൂണിറ്റും 900 ഗുണഭോക്താക്കളുള്ള രണ്ട് പശു യൂണിറ്റുമാണ് നടപ്പിലാക്കുന്നത്. ഒരു പശു യൂണിറ്റിന് 33,000 രൂപയും രണ്ട് പശു യൂണിറ്റിന് 66,000 രൂപയുമാണ് ധനസഹായമായി നൽകുന്നത്. ഈ പദ്ധതി പ്രകാരം 396 ലക്ഷം രൂപ ഒരു പശു യൂണിറ്റ് സ്ഥാപിക്കുന്നതിനും 594 ലക്ഷം രൂപ രണ്ട് പശു യൂണിറ്റ് നടപ്പിലാക്കുന്നതിനും വകയിരുത്തുകയും പദ്ധതി പൂർത്തീകരിച്ചുവരികയുമാണ്.

കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി ക്ഷീര കർഷകർക്ക് കാലിത്തൊഴുത്ത് പുനഃനിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും മറ്റു അവശ്യാധിഷ്ഠിത പദ്ധതികൾക്കും ധനസഹായം നൽകുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

പ്രളയബാധിതമായ 7 ജില്ലകളിൽ 11 ആടുകൾ അടങ്ങുന്ന 1000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 6.6 കോടി രൂപയുടെ പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്നു. കർഷകന് ഇതുപ്രകാരം യൂണിറ്റ് ഒന്നിന് 59,400 രൂപ പദ്ധതിയുടെ ധനസഹായമായി ലഭിക്കും.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം ദുരന്തത്തിൽ പശു നഷ്ടപ്പെടുന്നതിന് പരമാവധി 3 എണ്ണമെന്ന നിരക്കിൽ പശു ഒന്നിന് 30,000 രൂപ, പരമാവധി 90,000 രൂപ വരെ ദുരിതാശ്വാസം നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ അടിസ്ഥാനമാക്കി കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് നഷ്ടപരിഹാരത്തുക നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ നഷ്ടപരിഹാരം നിശ്ചയിക്കുന്ന മാനദണ്ഡം 2020 വരെ തുടരും.

**സാമൂഹ്യക്ഷേമ പദ്ധതികളിൽ പട്ടിക വിഭാഗങ്ങളുടെ പ്രാതിനിധ്യം**

8 (*217) <u>ശ്രീ .ചിറ്റയം ഗോപകുമാർ :</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ :</u>

<u>ശ്രീ. ജി. എസ്. ജയലാൽ :</u>

<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പട്ടിക വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളുടെ പ്രാതിനിധ്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; തൊഴിലുറപ്പ് പദ്ധതിയിൽ ഇവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പട്ടിക വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കിടയിൽ സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിതരണം സംബന്ധിച്ച വിവരങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(സി) പട്ടിക വിഭാഗങ്ങളുടെ ഇടയിൽ വിധവാ പെൻഷൻ, വയോജന പെൻഷൻ എന്നിവ ലഭിക്കാനാർഹരായ എല്ലാവർക്കും പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പട്ടിക വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള പട്ടിക വിഭാഗം പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(എഫ്) പ്രൊഫഷണൽ കോഴ്സുകളിൽ സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാരുടെ മക്കളല്ലാത്ത പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യം കൂട്ടുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ)

പട്ടികജാതി വികസന വകുപ്പ്

ഉണ്ട്. 2017-18 വർഷം 2,09,188 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇതിൽ 18,067 കുടുംബങ്ങൾക്ക് 100 ദിവസത്തിലധികം തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുള്ളതാണ്. 2018-19 വർഷം 2,13,230 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇതിൽ 11,052 കുടുംബങ്ങൾ 100 ദിവസത്തിലധികം തൊഴിൽ ചെയ്തിട്ടുണ്ട്. പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്

പരിശോധിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് പദ്ധതിപ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽദിനങ്ങൾ കൂടി ലഭ്യമാക്കുന്നതിന് കേരള ട്രൈബൽ പ്ലസ് എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നു.

**തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി**

പട്ടികവർഗ്ഗക്കാർക്ക് നിലവിൽ അനുവദിച്ചുവരുന്ന തൊഴിൽ ദിനങ്ങൾക്കു പുറമെ 100 ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾകൂടി സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. നിലവിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്ന മഹാത്മാഗാന്ധി തൊഴിലുറപ്പ് സ്റ്റേറ്റ് മിഷൻ വഴിയാണ് ഈ പദ്ധതിയും നടപ്പിലാക്കുന്നത്. പദ്ധതി മുഖേന പട്ടികവർഗ്ഗക്കാർക്ക് 200 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിലൂടെ അവരുടെ സാമൂഹിക-സാമ്പത്തിക വികസനം ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയ്ക്ക് വകുപ്പ് 12.40 കോടി രൂപ സ്റ്റേറ്റ് മിഷന് അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

കൂടാതെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻകൂർ വേതനം നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് 11.13 കോടി രൂപ കുടുംബശ്രീയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ അട്ടപ്പാടിയിലേയ്ക്ക് 6 കോടി രൂപയും വയനാട്ടിലേയ്ക്ക് 5.13 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി അട്ടപ്പാടിയിലെ അഗളി, ഷോളയൂർ, പുതൂർ പഞ്ചായത്തുകളിൽ കുടുംബശ്രീ ഊരുസമിതി വഴിയും വയനാട്ടിലെ പനമരം, മുട്ടിൽ, പുൽപ്പള്ളി ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ, എ.ഡി.എസ്. മുഖേനയുമാണ് നടപ്പിലാക്കുന്നത്.

(ബി) ഉണ്ട്. സമൂഹത്തിലെ വളരെ അവശത അനുഭവിക്കുന്നവരും നിരാശ്രയരും നിരാലംബരും ആയ വ്യക്തികൾക്ക് ഒരു ആശ്വാസം എന്ന നിലയ്ക്കാണ് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഇതിനായി സംസ്ഥാന സർക്കാർ ഓരോ വർഷവും ഗണ്യമായ തുക ചെലവഴിക്കുന്നുണ്ട്. എല്ലാ പ്രാദേശിക സർക്കാരുകളും സമ്പൂർണ്ണ പെൻഷൻ പദ്ധതിയിലുൾപ്പെടുത്തി ഏതെങ്കിലും സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുള്ള, പട്ടികവിഭാഗങ്ങളിൽപ്പെട്ടവർ ഉൾപ്പെടെയുള്ള വ്യക്തികൾക്ക് ആയത് അനുവദിച്ച് നൽകിയിട്ടുണ്ട്. ബാച്ചുകളായി ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് പെൻഷൻ തുക ഗുണഭോക്താക്കൾക്ക് വിതരണം നടത്തിവരുന്നു. ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ/ കോർപ്പറേഷനുകൾ എന്നിവ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ

അടിസ്ഥാനത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട 66,438 വ്യക്തികളാണ് സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റി വരുന്നത്.

കോർപ്പറേഷൻ - 1244

മുനിസിപ്പാലിറ്റി - 3402

ഗ്രാമപഞ്ചായത്ത് - 61792

ഓരോ ജില്ലയിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2944 |
| 2 | കൊല്ലം | 4458 |
| 3 | പത്തനംതിട്ട | 2954 |
| 4 | ആലപ്പുഴ | 1566 |
| 5 | കോട്ടയം | 2544 |
| 6 | ഇടുക്കി | 4572 |
| 7 | എറണാകുളം | 2236 |
| 8 | തൃശ്ശൂർ | 5908 |
| 9 | പാലക്കാട് | 10337 |
| 10 | മലപ്പുറം | 5918 |
| 11 | കോഴിക്കോട് | 2175 |
| 12 | വയനാട് | 11951 |
| 13 | കണ്ണൂർ | 4415 |
| 14 | കാസർഗോഡ് | 4460 |
| ആകെ | | 66438 |

(സി) വിവിധ വകുപ്പുകൾ മുഖേന അനുവദിക്കുന്ന സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് അർഹതയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ ആർക്കെങ്കിലും ആയത് ലഭിക്കാത്തതായി

ഉണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി)

പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി വകുപ്പ് പെൺകുട്ടികൾക്കായി എം.ആർ.എസ്സുകളും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്ന തിനായി എൽ.ഐ.സി.യുമായി ചേർന്ന് വാത്സല്യ നിധി എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. അതുപ്രകാരം പെൺകുട്ടികളുടെ ഹയർ സെക്കണ്ടറി വരെയെങ്കിലുമുള്ള പഠനം ഉറപ്പുവരുത്തുകയും ഉന്നത പഠനത്തിനായി ഇൻഷ്വറൻസ് തുക പ്രയോജനപ്പെടുത്താ നാകുകയും ചെയ്യുന്നു. പദ്ധതി പ്രകാരം 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്നതിന് പ്രതിവർഷം സ്കോളർഷിപ്പും പെൺകുട്ടിക്ക് 18 വയസ്സ് തികയുമ്പോൾ 3 ലക്ഷം രൂപയും ലഭ്യമാക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗത്തിലെ സ്ത്രീകൾ ഉൾപ്പെടെയുള്ളവരുടെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പട്ടികവർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി വിദ്യാഭ്യാസത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ തുക ലഭ്യമാകുന്ന "ഗോത്രവാത്സല്യ നിധി"എന്ന ഇൻഷ്വറൻസ് പദ്ധതി.

2. പട്ടികവർഗ്ഗക്കാരിലെ നിരക്ഷരത ഇല്ലാതാക്കുന്നതിനായി പ്രസ്തുത വിഭാഗത്തെ വിവിധ തുല്യതാ പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന "സമഗ്ര സാക്ഷരതാ പദ്ധതി"

3. പട്ടികവർഗ്ഗ കുട്ടികളുടെ ഭാഷാ പ്രശ്നം ലഘൂകരിക്കുന്നതിന് പ്രൈമറി ക്ലാസ്സുകളിൽ പട്ടികവർഗ്ഗ യുവതീ യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന "ഗോത്രബന്ധു പദ്ധതി"

4. പട്ടികവർഗ്ഗ കുട്ടികൾക്ക് ട്യൂഷൻ നൽകി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് "സാമൂഹ്യപഠന മുറി പദ്ധതി".

5. അട്ടപ്പാടിയിലെ കുട്ടികൾക്ക് സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനം

6. പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണ പദ്ധതി.

7. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലന പദ്ധതി.

8. എസ്.എസ്.എൽ.സി., +2 പരീക്ഷകൾ എഴുതുന്നവർക്കായി റസിഡൻഷ്യൽ കോച്ചിംഗ് ക്യാമ്പ്

9. പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധയിനം ഫീസുകൾ, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി.

10. നഴ്സറിതലം മുതൽ എസ്.എസ്.എൽ.സി. തലംവരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പെന്റ് തുടങ്ങിയവ അനുവദിക്കുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി.

11. ദുർഘടവും വിദൂരവുമായ കോളനികളിൽനിന്നും കുട്ടികളെ വാഹനത്തിൽ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള ഗോത്ര സാരഥി പദ്ധതി.

12. പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ മുടങ്ങാതെ സ്കൂളുകളിൽ എത്തിക്കുന്നതിന് മാതാപിതാക്കൾക്ക് പ്രത്യേക പ്രോത്സാഹന ഗ്രാന്റ്.

13. വിദ്യാർത്ഥികൾക്ക് താമസിച്ചുപഠിക്കുന്നതിന് മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും.

14. വിദേശത്തുപോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതി.

15. അഞ്ചാം ക്ലാസ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യങ്ങൾ നൽകുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി.

16. എട്ടാം ക്ലാസുമുതൽ +2 വരെ പഠിക്കുന്ന കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി.

17. വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ബോർഡിംഗ് ഗ്രാന്റ്.

18. എസ്.എസ്.എൽ.സി. മുതൽ ഉന്നത വിജയം നേടുന്ന കുട്ടികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി.

19. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠനയാത്രയായ "ഭാരത ദർശൻ പദ്ധതി"

20. വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി നൈപുണ്യ വികസന പദ്ധതി.

(ഇ)

<u>പട്ടികജാതി വികസന വകുപ്പ്</u>

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി വകുപ്പ് പെൺകുട്ടികൾക്കായി പ്രത്യേക ഹോസ്റ്റലുകൾ (പോസ്റ്റ് മെട്രിക്/പ്രീമെട്രിക് തലങ്ങളിൽ) നടത്തുന്നുണ്ട്. കൊഴിഞ്ഞുപോക്ക് തടയുന്നതിന്റെ ഭാഗമായി 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ലംപ്സംഗ്രാന്റിനുപുറമെ പഠന സഹായത്തിനായി 2000 രൂപ പ്രതിവർഷം നൽകിവരുന്നു. കൂടാതെ വാത്സല്യനിധി പദ്ധതിയും കൊഴിഞ്ഞുപോക്ക് തടയുന്നതിന് സഹായകമാകുന്നുണ്ട്. ഇൻഷ്വറൻസിന്റെ 2-ാം ഗഡു പ്രീമിയം അടയ്ക്കുന്നതിന് ഒന്നാം ക്ലാസ് പ്രവേശനവും 3-ാം ഗഡുവിന് അഞ്ചാം ക്ലാസ് പ്രവേശനവും 4-ാം ഗഡുവിന് പത്താം ക്ലാസ് വിജയവും മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുള്ള പട്ടികവർഗ്ഗ വിഭാഗം പെൺകുട്ടികൾ ഉൾപ്പെടെയുള്ളവരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

കൃഷിപ്പണിയുമായി ബന്ധപ്പെടുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇടയിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലായുള്ളത്. രക്ഷിതാക്കളോടൊപ്പം കുട്ടികളും പണി സ്ഥലത്തേയ്ക്ക് പോകുന്ന പ്രവണതയുണ്ട്. കാർഷിക വിളകളുടെ വിളവെടുപ്പ് സമയത്ത് സ്കൂളിൽ ഇത്തരം കുട്ടികളുടെ ഹാജർ നില കുറവായി കാണപ്പെടുകയും ക്രമേണ സ്കൂളിൽ വരാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. വിവിധ ക്ലാസ്സുകളിലെ തോൽവിയും കാരണമാകുന്നുണ്ട്. കുടുംബത്തിലെ പ്രശ്നങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തെ കാര്യമായി ബാധിക്കുന്നു. ഇതേത്തുടർന്ന് രക്ഷിതാക്കൾ കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധ കാണിക്കാതെ ഇരിക്കുന്നതും ചിലരുടെ രക്ഷിതാക്കളിൽ മദ്യപാന സ്വഭാവവും പ്രമുഖ കാരണങ്ങളിൽപ്പെടുന്നു.

വിദൂര കോളനികളിൽനിന്നും കുട്ടികളെ വാഹനത്തിൽ സ്കൂളുകളിൽ എത്തിക്കുന്നതിന് "ഗോത്രസാരഥി" പദ്ധതി.

സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിന് പട്ടികവർഗ്ഗത്തിൽതന്നെയുള്ള ടി.ടി.സി./ബി.എഡ്./ടി.എഡ് പാസ്സായവരെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന "ഗോത്രബന്ധു" പദ്ധതി.

പട്ടികവർഗ്ഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി പഠന നിലവാരം ഉയർത്തുന്നതിലേയ്ക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഫെസിലിറ്റേറ്റർമാരായി നിയമിച്ച് പ്രാവർത്തികമാക്കുന്ന സാമൂഹ്യപഠനമുറി പദ്ധതി.

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ എത്തിക്കുന്ന രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി.

(എഫ്) എല്ലാ വിഭാഗത്തിലും വരുന്ന പട്ടികവിഭാഗ വിദ്യാർത്ഥികളുടെ പ്രവേശനം സാധ്യമാക്കുന്നതിന് എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസ്-നു മുകളിൽ ഗ്രേഡ് ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്കായി ദീർഘകാല കോച്ചിംഗ് നേടുന്നതിനായി 20,000 രൂപ വരെ ധനസഹായം നൽകുന്നു. വകുപ്പിനുകീഴിലുള്ള പി.ഇ.റ്റി.സി.-കൾ മുഖേനയും പരിശീലനം നൽകിവരുന്നു.

**ന്യൂജെൻ മയക്കമരുന്നുകളുടെ ഉപഭോഗം തടയാൻ നടപടി**

9 (*218) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :

<u>ശ്രീ. പി. കെ.ബഷീർ :</u>

<u>ശ്രീ. പാറക്കൽ അബ്ദുല്ല :</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതലമുറയിൽപ്പെട്ട മയക്കമരുന്നുകളുടെ വ്യാപനം വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പല രൂപത്തിലും പല ഭാവത്തിലുമുള്ള ന്യൂജെൻ മയക്കമരുന്നുകൾ തിരിച്ചറിയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളത്; വിശദമാക്കുമോ;

(സി) മയക്കമരുന്നുകളുടെ ഉപഭോഗം വർദ്ധിച്ചുവരുന്നത് തടയാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. റ്റി. പി. രാമകൃഷ്ണൻ)</u>:

(എ) കണ്ടെത്തിയിട്ടില്ല.

(ബി) ന്യൂജെൻ മയക്കുമരുന്നുകൾ തിരിച്ചറിഞ്ഞ് കേസ്സുകൾ കണ്ടുപിടിക്കുന്നതിന് ആവശ്യമായ പ്രാഥമിക പരിശോധന നടത്തി ഉറപ്പുവരുത്തുന്നതിലേയ്ക്ക് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയിൽനിന്നും ലഭിക്കുന്ന ഡ്രഗ് ഐഡന്റിഫിക്കേഷൻ കിറ്റുകൾ ഫീൽഡ് ഓഫീസുകളിൽ ഉപയോഗിച്ച് പരിശോധന നടത്തി തിരിച്ചറിയുന്നുണ്ട്.

(സി) മയക്കുമരുന്ന് ഉപയോഗത്തിലേയ്ക്ക് മാറിയിട്ടുള്ള ആളുകളെ മയക്കുമരുന്ന് ഉപയോഗത്തിൽനിന്നും മോചിപ്പിക്കുന്നതിനും ഇത്തരത്തിൽ അടിമപ്പെട്ടവരെ ബോധവത്കരിച്ച് പുനരധിവസിപ്പിക്കുന്നതിനുമായി 'വിമുക്തി' മിഷന്റെ കീഴിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. നിലവിൽ കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ലഹരിക്കെതിരെ "കായിക ലഹരി" എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേയ്ക്ക് കൈപിടിച്ചു നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സ്പോർട്സ് കൗൺസിൽ മറ്റ് സ്പോർട്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് നടത്തിവരുന്നു.

മയക്കുമരുന്ന് കടത്ത് തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും ശക്തമാക്കിയിട്ടുണ്ട്. കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകൾ ആധുനികവത്കരിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുമുണ്ട്. ഇതിനൊപ്പം വാഹന പരിശോധനകൾ കർശനമാക്കുകയും ചെയ്തു. തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു.

## പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

10 (*219) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്രവർഗ്ഗക്കാരെ വികസനത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സാമ്പത്തിക ബാധ്യതകൊണ്ടും വിവിധ കോഴ്സുകൾ തിരഞ്ഞെടുക്കേണ്ടത് സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതിനാലും പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികളിൽ ഗണ്യമായ വിഭാഗം ഉന്നത വിദ്യാഭ്യാസത്തിന് താല്പര്യം കാണിക്കാത്ത പ്രശ്നം പരിഹരിക്കാൻ പരിപാടിയുണ്ടോ;

(സി) വിദ്യാഭ്യാസം നേടിയ പലർക്കും അവരുടെ യോഗ്യതയ്ക്ക് അനുസരിച്ചുള്ള ജോലി ലഭിക്കുന്നില്ലെന്ന പ്രശ്നം പരിഹരിക്കുന്നതിനും ആധുനിക സ്വയംതൊഴിൽ സംരംഭങ്ങൾ നടപ്പാക്കുന്നതിനും പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) അവലോകനം ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ ഈ വിഭാഗത്തെ വികസനത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ചും പുരോഗതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗോത്ര ബന്ധു

അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കളെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രൈമറി ക്ലാസ്സുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഈ പദ്ധതിയിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ ഭാഷാ പ്രശ്നം പരിഹരിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയാനും സാധിച്ചു.

2. സാമൂഹ്യ പഠനമുറി പദ്ധതി

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച സാമൂഹ്യ പഠനമുറികൾ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സഹായകമായിട്ടുണ്ട്.

3. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശോധനാ പദ്ധതി

അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷംതോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുന്നു. പരിശീലനം ലഭിച്ചതിൽ 18 വിദ്യാർത്ഥികൾക്ക് വിവിധ സൈനിക-നവോദയ സ്കൂളുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

4. <u>ലാപ്ടോപ്പ് വിതരണ പദ്ധതി</u>

പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള 32 കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവര സാങ്കേതിക വിദ്യാമേഖലയിൽ പുരോഗതി നേടുന്നതിന് സഹായകമായിട്ടുണ്ട്.

5. <u>സമഗ്ര-സാക്ഷരതാ പദ്ധതി</u>

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത ഇല്ലാതാക്കുന്നതിന് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതി പ്രയോജനപ്പെടുന്നു.

6. <u>എൻട്രൻസ് പരീക്ഷാ പരിശീലനം</u>

2017-18 വർഷം എൻട്രൻസ് പരീക്ഷാ പരിശീലനത്തിലൂടെ 103 പേർക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചിട്ടുണ്ട്.

7. <u>റസിഡൻഷ്യൽ കോച്ചിംഗ് ക്യാമ്പ്</u>

വയനാട്, കണ്ണൂർ ജില്ലകളിൽ എസ്.എസ്.എൽ.സി., +2 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2017-18 വർഷം വാർഷിക പരീക്ഷയ്ക്ക് മുമ്പായി റസിഡൻഷ്യൽ കോച്ചിംഗ് ക്യാമ്പ് നടത്തിയതിൽ 1125 വിദ്യാർത്ഥികൾ പരീക്ഷാ വിജയം നേടിയിട്ടുണ്ട്.

8. <u>പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി</u>

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായി 16144 കുട്ടികളാണുള്ളത്. വരുമാന പരിധിയില്ലാതെ സർക്കാർ ഫീസ്, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിങ്ങനെ മുഴുവൻ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകിവരുന്നു. 2017-18 വർഷം പോസ്റ്റ്മെട്രിക് തലത്തിൽ +2 പരീക്ഷ എഴുതിയ 5356 പേരിൽ 3402 പേർ ഉപരിപഠനത്തിന് അർഹരായി.

9. <u>പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി</u>

നഴ്സറിതലം മുതൽ എസ്.എസ്.എൽ.സി. വരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ നൽകുന്നു. നിലവിൽ 77215 കുട്ടികൾക്കാണ് ആനുകൂല്യം നൽകിവരുന്നത്. 2017-18 വർഷം 7336 പേർ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയതിൽ 6415 പേർ ഉപരിപഠനത്തിന് അർഹത നേടി.

10. <u>ഗോത്ര സാരഥി പദ്ധതി</u>

ദുർഘടവും വിദൂരവുമായ കോളനികളിൽനിന്നും കുട്ടികളെ വാഹനത്തിൽ സ്കൂളുകളിൽ എത്തിക്കുന്ന ഗോത്ര സാരഥി പദ്ധതി മുഖേന കൂടുതൽ കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും സാധിച്ചിട്ടുണ്ട്.

11. <u>മാതാപിതാക്കൾക്ക് പ്രത്യേക പ്രോത്സാഹന ഗ്രാന്റ്</u>

പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ എത്തിക്കുന്നതിന് മാതാപിതാക്കൾക്ക് പ്രത്യേക പ്രോത്സാഹന ഗ്രാന്റ് നൽകുന്നു. ഈ പദ്ധതിയും, കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിന് സഹായകരമായിട്ടുണ്ട്.

12. <u>എം.ആർ.എസ്. ഹോസ്റ്റൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി</u>

2017-18 അധ്യയനവർഷം എം.ആർ.എസ്സ്.കളിൽ എസ്.എസ്.എൽ.സി.-ക്ക് 99.82% വിജയവും +2-ന് 89% വിജയവും ലഭിക്കുകയുണ്ടായി.

13. <u>വിദേശപഠനത്തിനുള്ള ധനസഹായ പദ്ധതി</u>

സംസ്ഥാനത്ത് സ്ഥിര താമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച് സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്ന ടി പദ്ധതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് പ്രചോദനമാകുന്നു. 2016-17 മുതൽ 3 വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

14. <u>നൈപുണ്യ വികസന പദ്ധതി പുരോഗതി</u>

എൻ.റ്റി.റ്റി.എഫ്. (നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ), സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST), ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യ (ECIL) എത്തിയോസ് (Etheos) മുതലായ സ്ഥാപനങ്ങൾ മുഖാന്തരം വിവിധ സാങ്കേതിക ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾക്ക് അതിൽ യഥാക്രമം 192, 50, 21, 125 കുട്ടികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(ബി) പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി, മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള പരിശീലന പരിപാടിയും പ്രസ്തുത കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവുകൾക്കായി സാമ്പത്തികാനുകൂല്യം എന്നിവ അനുവദിച്ചുവരുന്നു. കൂടാതെ വിവിധ കോഴ്സുകളെപ്പറ്റി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളിലും പ്രോജക്ട് ഓഫീസുകളിലും പ്രവർത്തിക്കുന്ന സഹായി സെന്ററുകൾ മുഖേന ആവശ്യമായ വിവരങ്ങൾ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്നു. വിവിധ കോഴ്സുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും പ്രസ്തുത കേന്ദ്രങ്ങളിലൂടെ സഹായമൊരുക്കുന്നു.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും പഠിക്കുന്ന കുട്ടികൾക്ക് അനുയോജ്യമായ മേഖലകളിൽ തുടർപഠനം നടത്തുന്നതിനാവശ്യമായ കരിയർ ഗൈഡൻസ് കൗൺസിലിംഗും നൽകിവരുന്നു.

(സി) പട്ടികവർഗ്ഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും മറ്റ് സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവയുമായി ചേർന്നും തൊഴിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഇതുപ്രകാരം ഗോത്രബന്ധു പദ്ധതിയിൽ മെന്റർ ടീച്ചർ, സാമൂഹ്യ പഠനമുറി പദ്ധതിയിൽ ട്യൂട്ടർ, എസ്.ടി. പ്രൊമോട്ടർ, മാനേജ്മെന്റ് ട്രെയിനി, കമ്മിറ്റഡ് സോഷ്യൽ വർക്കർ, സാക്ഷരതാ പ്രേരക്മാർ, ഇൻസ്ട്രക്ടർമാർ, കുടുംബശ്രീ അനിമേറ്റർ എന്നീ തസ്തികളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീയുവാക്കളെ നിയമിച്ചിട്ടുണ്ട്.

ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് കരിയർ ഗൈഡൻസ് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താത്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു.

കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അധീനതയിലുള്ളതും കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) എന്ന സ്ഥാപനം അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുമായ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുമായും സഹകരിച്ച് ആധുനിക തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന ജോലി സാധ്യതകൾ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ലഭ്യമാക്കുന്നതിന് ഉറപ്പാക്കുന്ന പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നത്.

പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിന് പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ അട്ടപ്പാടയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ആധുനിക തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം ആസ്ഥാനമാക്കി സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഡസ്ക്ക്ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ് എന്നീ മേഖലകളിൽ 282 പേർക്ക് പ്രതിവർഷം പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നു.

**നാട്ടാനകളുടെ വിവരങ്ങൾക്ക് മൊബൈൽ ആപ്**

11 (*220) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാട്ടാനകളുടെ സമ്പൂർണ്ണ വിവരങ്ങൾ അടങ്ങിയ ഡി.എൻ.എ. പ്രൊഫൈലിംഗ് നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആനകളെക്കുറിച്ചുള്ള എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നതെന്നും അവ പ്രായോഗിക തലത്തിൽ ഏതൊക്കെ രീതിയിൽ ഉപയോഗപ്പെടുമെന്നും അറിയിക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ ആനകളുടെയും ഉടമസ്ഥരുടെയും പാപ്പാന്മാരുടെയും പേര് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ശേഖരിച്ച വിവരങ്ങൾ ഉപയോഗപ്രദമാക്കുന്നതിന് മൊബൈൽ ആപ്പ് വികസിപ്പിക്കുമോ; വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്തെ 512 നാട്ടാനകളുടെ ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ മദപ്പാടിലുള്ള 5 നാട്ടാനകളുടെ രക്ത സാമ്പിളുകൾ ശേഖരിക്കുവാൻ കഴിയാത്തതിനാൽ ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. ടി നാട്ടാനകളുടെ രക്തസാമ്പിളുകൾ ശേഖരിച്ച് ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ആനകളുടെ ശാരീരികമായ എല്ലാ അളവുകളും നിലവിലെ കൈവശ ക്കാരന്റെയും പാപ്പാന്മാരുടെയും വിവരങ്ങളും ആനയെ തിരിച്ചറിയാനുള്ള ഫോട്ടോകളും ആനയിൽ ഘടിപ്പിച്ചിട്ടുള്ള മൈക്രോചിപ്പ് നമ്പരിന്റെ വിവരവും ആനയ്ക്ക് ലഭ്യമാക്കിയിരിക്കുന്ന പാർപ്പിട സൗകര്യത്തിന്റെ വിവരവും ചട്ടപ്രകാരം ആനയ്ക്ക് സൂക്ഷിക്കേണ്ട രേഖകളുടെ വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്.

ടി രേഖകൾ ശേഖരിക്കുന്നതുവഴി ആനകളെ കൃത്യമായി തിരിച്ചറിയുവാനും ആനകളുടെ പരിപാലനം വിലയിരുത്തുവാനും ഇതിന്റെ അടിസ്ഥാനത്തിൽ ആനകളുടെ പരിപാലനത്തിന് വേണ്ട തുടർനടപടികൾ സമയാസമയങ്ങളിൽ ഉറപ്പുവരുത്താനും കഴിയുന്നു.

(സി) സംസ്ഥാനത്ത് എല്ലാ നാട്ടാനകളുടെയും ഉടമസ്ഥരുടെയും പാപ്പാന്മാരുടെയും പേര് വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ശേഖരിച്ച് സൂക്ഷിപ്പിച്ചിട്ടുണ്ട്.

(ഡി) മൊബൈൽ അപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നവോത്ഥാന മൂല്യസംരക്ഷണം**

12 (*221) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സമൂഹത്തെ നവോത്ഥാന മൂല്യങ്ങളിൽ നിന്നും പുരോഗമന ആശയങ്ങളിൽ നിന്നും വ്യതിചലിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായി കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന് ആധാരമായി എന്തൊക്കെ കാര്യങ്ങളാണ് ഈ സർക്കാർ നിലവിൽ വന്നശേഷം ഉണ്ടായിട്ടുള്ളത്; വിവരിക്കുമോ;

(സി) ഇതിൽ നിന്നും കേരള സമൂഹത്തെ മാറ്റി ചിന്തിപ്പിക്കുന്നതിനും നവോത്ഥാന മൂല്യ സംരക്ഷണത്തിനുമായി സാംസ്കാരിക വകുപ്പ് പരിശ്രമങ്ങൾ നടത്തുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ&ബി) നവോത്ഥാന മൂല്യങ്ങൾക്കും ഭരണഘടന മൂല്യങ്ങൾക്കും അപചയം വരുത്തുന്ന രീതിയിൽ പ്രതിലോമകരമായ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ വിവിധ കോണുകളിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ജാതിയുടെയും മതത്തിന്റെയും പേരിൽ ജനതയെ ഭിന്നിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നതായി കാണുന്നു. ആചാരങ്ങളും അനുഷ്ഠാനങ്ങളും വ്യക്തിപരമായ തലങ്ങളിൽ കാണാതെ സമൂഹത്തിന്മേൽ അടിച്ചേൽപ്പിക്കുന്ന പ്രവണതയും ഏറിവരുന്നു. ഇവയ്ക്കെതിരെ നിയമപരവും ബോധനപരവുമായ തലങ്ങളിൽ തികച്ചും ജാഗരൂകമായ നിലപാടുകളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

നൂറ്റാണ്ടുകൾ പഴക്കമുള്ള ചില ആചാരാനുഷ്ഠാനങ്ങൾ പൗരാവകാശങ്ങളെ നിഷേധിക്കുന്നവയാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടാണ് 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലുമായി നവോത്ഥാന പ്രസ്ഥാനങ്ങൾ കേരളത്തിൽ ഉയർന്നുവന്നത്. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുകയും ഭരണഘടന നിലവിൽ വരികയും ചെയ്തതോടുകൂടി നവോത്ഥാനമൂല്യങ്ങളെല്ലാം ഭരണഘടനയിൽ ഉൾച്ചേർത്തിട്ടുണ്ട്. എന്നാൽ ഭരണഘടനാ തത്വങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ആചാരാനുഷ്ഠാനങ്ങളെ പുനഃസ്ഥാപിക്കാൻ ചിലർ ശ്രമിക്കുന്നുണ്ട്.

(സി) വർത്തമാന കേരളത്തിൽ ഉണ്ടായിട്ടുള്ള ഇത്തരം പ്രതിലോമകരമായ പ്രവണതകളിൽനിന്നും പിന്തിരിപ്പിക്കുന്നതിനും നവോത്ഥാന മൂല്യ സംരക്ഷണത്തിനുമായി സാംസ്കാരിക വകുപ്പ് വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം, ശ്രീനാരായണഗുരുവിന്റെ "നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ" 100-ാം വാർഷികം, മഹാത്മാഗാന്ധിയുടെ

150-ാം ജന്മവാർഷികം, അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം, മഹാത്മാ അയ്യങ്കാളി-മഹാത്മാഗാന്ധി സംഗമ വാർഷികം, ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികം തുടങ്ങിയവ വിപുലമായി ആചരിക്കുകയുണ്ടായി. ഈ ആചരണങ്ങൾ കേരള സമൂഹത്തിന്റെ നവോത്ഥാന മൂല്യങ്ങൾക്കും സമൂഹത്തിന്റെ മതേതര കെട്ടുറപ്പിനും എതിരെ ഉയരുന്ന ശക്തമായ വെല്ലുവിളികളെ പ്രതിരോധിക്കുവാൻ സഹായിക്കുന്നവയാണ്.

ജനതയെ തങ്ങൾ കടന്നുപോന്ന വഴിത്താരകളുടെ ചരിത്രം ഓർമ്മിപ്പിക്കുന്ന തരത്തിൽ ചരിത്ര സംഭവങ്ങളുടെയും ചരിത്രത്തിലിടം പിടിച്ച വ്യക്തികളുടെയും അനുസ്മരണങ്ങൾ, അത്തരം സംഭവങ്ങളെ കേന്ദ്രീകരിച്ചുള്ള കലാവിഷ്കാരങ്ങൾ, സെമിനാറുകൾ തുടങ്ങിയ ബോധവത്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്.

സാംസ്കാരിക വകുപ്പും വിദ്യാഭ്യാസ വകുപ്പും നവോത്ഥാന മൂല്യങ്ങളെ പ്രചരിപ്പിക്കുന്നതിനും ഭരണഘടനാ സാക്ഷരത ഉണ്ടാക്കുന്നതിനും വേണ്ടിയുള്ള പരിപാടികൾ നടത്തിവരികയാണ്.

## കുടിവെള്ള-ജലസേചന പദ്ധതികൾ

13 (*222) ശ്രീ. എം. സ്വരാജ് :
ശ്രീ. പി. ടി. എ. റഹീം :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴവാലി, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ തുടങ്ങിയ ബൃഹത് ജലസേചന പദ്ധതികൾ പൂർത്തീകരിക്കാനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; മൂവാറ്റുപുഴവാലി ജലസേചന പദ്ധതി, കുടിവെള്ളത്തിനായി മൂവാറ്റുപുഴയെ ആശ്രയിക്കുന്ന തൃപ്പൂണിത്തുറ നഗരസഭ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കുടിവെള്ളത്തിന് ക്ഷാമം സൃഷ്ടിക്കാനിടയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി പേപ്പാറ, നെയ്യാർ ഡാമുകളെ അധിക സ്രോതസ്സായി ഉപയോഗിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ അതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി നടപ്പാക്കുന്ന ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രൂപവൽക്കരിച്ച സാങ്കേതിക കമ്മിറ്റിയുടെ വിലയിരുത്തൽ പ്രകാരം മൂവാറ്റുപുഴവാലി, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ എന്നീ ജലസേചന പദ്ധതികൾ സത്വരമായി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു.

തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള ചൂണ്ടി കുടിവെള്ള പദ്ധതി രാമമംഗലത്തുള്ള മൂവാറ്റുപ്പുഴയാറിലെ ജലനിരപ്പ് ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. മലങ്കര ഡാമിൽനിന്ന് കെ.എസ്.ഇ.ബി. വൈദ്യുതി ഉൽപ്പാദിപ്പിച്ചശേഷം $70m^3/sec$ വെള്ളം മൂവാറ്റുപുഴയാറിലേയ്ക്ക് ഒഴുക്കിവിടുന്നതിനോടൊപ്പം ഒരു സ്ഥിരം തടയണകൂടി നിർമ്മിച്ചാൽ മാത്രമേ തൃപ്പൂണിത്തുറ നഗരസഭ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടാൻ സാധ്യതയുള്ളൂ.

(ബി) ഉണ്ട്. അമൃത് പദ്ധതിയിലുൾപ്പെടുത്തി 75mld ശേഷിയുള്ള ഒരു ശുദ്ധികരണശാലയുടെ പ്രവൃത്തികൾ അരുവിക്കരയിൽ നടന്നുവരുന്നു. പേപ്പാറ ഡാമിന്റെ നിലവിലെ സംഭരണശേഷി 107.5 മീറ്ററിൽനിന്നും ഡാമിന്റെ പരമാവധി ശേഷിയായ 110.5 മീറ്ററിലേയ്ക്ക് ഉയർത്തിയാൽ മാത്രമേ നഗരത്തിലെ ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനാവശ്യമായ സർവ്വേ വർക്കിനുള്ള ടെണ്ടർ നടപടികൾ കഴിഞ്ഞു.

നെയ്യാർ ഡാം ജലസ്രോതസ്സായുള്ള പദ്ധതിക്ക് 60 കോടി രൂപയുടെ ഫണ്ട് ഉപയോഗിച്ച് ജലസേചന വകുപ്പിന്റെ സ്ഥലത്ത് 120mld ശേഷിയുള്ള ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിനുള്ള ടെണ്ടറിന്റെ പ്രാഥമിക നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഉണ്ട്. 2012-18 കാലയളവിൽ പരമാവധി 115 ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ ഉദ്ദേശം 13.8 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും 3.7 ലക്ഷത്തോളം ജനങ്ങൾക്ക് ശുചിത്വ സൗകര്യങ്ങളും ഒരുക്കുവാനാണ് 1358 കോടി രൂപയുടെ പുതുക്കിയ അടങ്കൽ കണക്കാക്കിയിട്ടുള്ള ജലനിധി രണ്ടാംഘട്ട ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയ്ക്കായി 2018 ഡിസംബർ വരെ 1232.75 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ പ്രവർത്തന പുരോഗതി വിവിധ തലങ്ങളിൽ (പഞ്ചായത്ത്, മേഖലാതലം, സംസ്ഥാനതലം) സമയാസമയങ്ങളിൽ കൃത്യമായി വിലയിരുത്തുന്നുണ്ട്. വിലയിരുത്തൽ പ്രകാരം കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. 2,25,119 ഗാർഹിക കണക്ഷനുകൾ നൽകിയതുവഴി 9.14 ലക്ഷം ജനങ്ങൾക്ക് കുടിവെള്ള സൗകര്യം ലഭിച്ചുവരുന്നു.

**ക്ഷേമനിധി ബോർഡുകളുടെ പുനഃസംഘടന**

14 (*223) ശ്രീ. കെ. ദാസൻ :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. പി. ഉണ്ണി :

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളെ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതൊക്കെ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്നു; അതുവഴി ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) മുൻ യു.ഡി.എഫ്. സർക്കാർ ഗ്രാന്റ് നൽകാതിരുന്നതിനെ തുടർന്ന് കടുത്ത പ്രതിസന്ധിയിലായിരുന്ന കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കുടിശ്ശിക ആനുകൂല്യ വിതരണത്തിനായി ഗ്രാന്റ് നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ;

(ഡി) മുൻ സർക്കാരിന്റെ വികല മദ്യനയം കാരണം തൊഴിൽ നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികൾക്കായി പ്രഖ്യാപിച്ചിട്ടുള്ള അബ്കാരി ക്ഷേമനിധി ബോർഡുവഴി നടപ്പാക്കാനുദ്ദേശിക്കുന്ന പുനരധിവാസ പദ്ധതിയുടെ വിശദാംശം നൽകാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. സമാനസ്വഭാവമുള്ള ബോർഡുകളുടെ ഏകീകരണത്തിലൂടെ ബോർഡുകളുടെ ശാക്തീകരണം സാധ്യമാക്കുന്നതിനൊപ്പം കൂടുതൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുവാനും കഴിയും.

(സി) ഉണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് ആനുകൂല്യ കുടിശ്ശിക വിതരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 130 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ഡി) തൊഴിൽ നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികളുടെ പുനരധിവാസത്തിനായി നികുതി വകുപ്പ് "സുരക്ഷാ" സ്വയം തൊഴിൽ എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കേരള സംസ്ഥാന അബ്കാരി ക്ഷേമനിധി ബോർഡാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഡാമുകളിലെ മണൽ നീക്കം ചെയ്യുന്നതിന് നടപടി**

15(*224) ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഡാമുകളിലായി അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഈ മണൽ ആവശ്യക്കാർക്ക് എപ്രകാരം വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ&ബി) ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് പൂർവ്വരൂപത്തിലാക്കുന്നതിന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP)26-9-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 79/2017/ ജ.വി.വ. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. കൂടാതെ (16-6-2018-ലെ) G.O.(Rt)No.425/2018/WRD പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിക്കുപുറമേ ജലവിഭവ, ധനകാര്യ, ഊർജ്ജ, റവന്യൂ, വനം വന്യജീവി വകുപ്പുസെക്രട്ടറിമാരും ഈ സമിതിയിൽ അംഗങ്ങളാണ്. 2-11-2018-ൽ ഉന്നതാധികാര സമിതി യോഗം ചേർന്ന് SOP, മംഗലം, ചുള്ളിയാർ എന്നീ പൈലറ്റ് പദ്ധതികളുടെ DPR എന്നിവയിൽ ചില ഭേദഗതികൾ ശിപാർശ ചെയ്തിട്ടുണ്ട്. ആയതിന് ചീഫ് ടെക്നിക്കൽ എക്സാമിനർ നൽകിയ അഭിപ്രായം പരിശോധിച്ചുവരുന്നു. കൂടാതെ അരുവിക്കര ഡാമിന്റെ സ്ഥാപിത സംഭരണശേഷി വീണ്ടെടുക്കുന്നതിന്റെ ഭാഗമായി ചെളിയും മണലും നീക്കം ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) മംഗലം, ചുള്ളിയാർ എന്നീ പൈലറ്റ് പദ്ധതികൾക്ക് രണ്ട് രീതിയിലുള്ള ടെണ്ടർ നടപടികൾ ആയിരിക്കും സ്വീകരിക്കുക. Turn Key പ്രകാരവും Work Contract പ്രകാരവും.

Work Contract പ്രകാരമുള്ള ടെണ്ടർ ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ, റവന്യൂ അധികാരികൾക്ക് കൈമാറുന്നതാണ്. Turn Key പ്രകാരം ടെണ്ടർ ചെയ്യുമ്പോൾ മണൽ, എക്കൽ എന്നിവ നീക്കം ചെയ്യുന്നതിനും വേർതിരിക്കുന്നതിനും കിട്ടുന്ന മണൽ ടെണ്ടർ പിടിക്കുന്നയാൾതന്നെ ലേലം ചെയ്യുന്നതുമാണ്.

## ഡാമുകളുടെയും റിസർവോയറുകളുടെയും സംഭരണശേഷി

16 (*225) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകളിലും റിസർവോയറുകളിലും പ്രളയത്തെ തുടർന്ന് അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച നടപടികൾക്ക് ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഏതൊക്കെ ഡാമുകളിൽ നിന്നാണ് ചെളിയും മണലും നീക്കുന്നത്;

(ഡി) ഇപ്രകാരം ലഭിക്കുന്ന മണൽ ടെൻഡർ ചെയ്ത് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഉണ്ട്.

(ബി) ഉണ്ട്. 16-6-2018-ലെ G.O.(Rt)No.425/2018/WRD പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിക്കുപുറമേ ജലവിഭവ, ധനകാര്യ, ഊർജ്ജ, റവന്യൂ, വനം-വന്യജീവി വകുപ്പ് സെക്രട്ടറിമാരും ഈ സമിതിയിൽ അംഗങ്ങളാണ്. 2-11-2018-ൽ ഉന്നതാധികാര സമിതി യോഗം ചേർന്ന് ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) മംഗലം, ചുള്ളിയാർ എന്നീ പൈലറ്റ് പദ്ധതികളുടെ DPR എന്നിവയിൽ ചില ഭേദഗതികൾ ശിപാർശ ചെയ്തിട്ടുണ്ട്. ആയതിന് ചീഫ് ടെക്നിക്കൽ എക്സാമിനർ നൽകിയ അഭിപ്രായം പരിശോധിച്ചുവരുന്നു.

(സി) പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ ഡാമുകൾ കൂടാതെ അരുവിക്കര ഡാമിന്റെ സ്ഥാപിത സംഭരണശേഷി വീണ്ടെടുക്കുന്നതിന് കേരള വാട്ടർ അതോറിറ്റി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്; രണ്ട് രീതിയിലുള്ള ടെണ്ടർ നടപടികൾ ആയിരിക്കും സ്വീകരിക്കുക - Turn Key പ്രകാരവും Work Contract പ്രകാരവും.

Work Contract പ്രകാരമുള്ള ടെണ്ടർ ചെയ്യുമ്പോൾ വേർതിരിച്ച് കിട്ടുന്ന മണ്ണ്, കളിമണ്ണ് എന്നിവ റവന്യൂ അധികാരികൾക്ക് കൈമാറുന്നതും Turn Key പ്രകാരം മണൽ, എക്കൽ എന്നിവ നീക്കം ചെയ്യുന്നതിനും വേർതിരിക്കുന്നതിനും ചെയ്തു കിട്ടുന്ന ടെണ്ടർ പിടിക്കുന്നയാൾതന്നെ ലേലം ചെയ്യുന്നതുമാണ്.

**പട്ടികവർഗ്ഗ വിഭാഗത്തെ മുഖ്യധാരയിലെത്തിക്കാൻ പദ്ധതികൾ**

17 (*226) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടും അത് പൂർണ്ണമായും പ്രയോജനപ്രദമാകാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ഇക്കാര്യത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; അത് പ്രസ്തുത വിഭാഗത്തിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാക്കി; വിശദമാക്കുമോ;

(സി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) ആധുനിക തൊഴിൽ മേഖലയിലുണ്ടാകുന്ന തൊഴിലവസരങ്ങൾ പട്ടികവിഭാഗക്കാർക്ക് സ്വായത്തമാക്കുവാൻ അവരെ പ്രാപ്തരാക്കുന്നതിനായി എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള എല്ലാ പദ്ധതികളും അവരുടെ ആവശ്യങ്ങൾ പരിഗണിച്ച് ആസൂത്രണം ചെയ്ത് പൂർണ്ണമായും പ്രയോജനപ്രദമായാണ് നടപ്പിലാക്കി വരുന്നത്.

പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക സർവ്വേ പ്രകാരം ലഭ്യമായ വിവരങ്ങളുടെയും വിവിധ പഠന റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസം, സാമ്പത്തികം, ഭൗതിക ആസ്തി എന്നിവയിലൂടെ ജീവിത നിലവാരത്തിലുണ്ടായ മാറ്റങ്ങൾ പദ്ധതികളുടെ ഫലപ്രാപ്തിക്ക് തെളിവാണ്.

(ബി) പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കി പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സാമൂഹിക പഠനമുറി

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ജോലി ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

2. ഗോത്രബന്ധു

സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിച്ച് കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും കുട്ടികളുടെ സ്കൂൾ പ്രവേശനം ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ബിഎഡ്./ഡി.എഡ്. പാസ്സായ അഭ്യസ്ത വിദ്യരിൽനിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു പദ്ധതി. വയനാട്ടിൽ 241 പേരെയും അട്ടപ്പാടിയിൽ 26 പേരെയും മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്.

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം

എ) അടിസ്ഥാന സൗകര്യങ്ങൾ

അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യം നടപ്പിലാക്കുന്നത് കൂടാതെ ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിയുടെ സ്പിൽ ഓവർ പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി) എം.ജി.എൻ.ആർ.ഇ.ജി.എസ്.- തൊഴിലിനുള്ള വേതനം

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ അട്ടപ്പാടിക്ക് പുറമെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

സി) <u>പി. കെ. കാളൻ കുടുംബസഹായ പദ്ധതി</u>

ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരശേഖരണം നടത്തി അവരുടെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് മൈക്രോപ്ലാനുകൾ കുടുംബശ്രീ മിഷൻ തയ്യാറാക്കിവരുന്നു. എല്ലാ ജില്ലകളിലും മൈക്രോപ്ലാനുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഉള്ളാടൻ സമുദായങ്ങൾക്കായി 5.06 കോടി രൂപയുടെ മൈക്രോപ്ലാനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ മലമ്പുഴ പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതികൾക്ക് 1.54 കോടി രൂപ സംസ്ഥാന കുടുംബശ്രീ മിഷന് അനുവദിച്ചിട്ടുണ്ട്.

4. <u>ഗോത്രവാത്സല്യനിധി</u>

പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ എൽ.ഐ.സി.-യുമായി സഹകരിച്ച് ഗോത്രവാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലില്ലാത്ത സ്ത്രീകൾക്ക് സ്വയം തൊഴിൽ നൽകുന്ന അപ്പാരൽ പാർക്ക് എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.റ്റി. മേഖലയിൽ പരിശീലനം നൽകി സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ പരിപാടി, തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക, പോഷകാഹാരക്കുറവ്, ശിശുമരണ-മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.

എ.റ്റി.എസ്.പി. ഹാംലെറ്റ്, അംബേദ്കർ വികസന പദ്ധതിയിലൂടെ പട്ടികവർഗ്ഗ ഊരുകളിലെ സമഗ്ര വികസനം സാധ്യമായിട്ടുണ്ട്.

പട്ടികവർഗ്ഗ മേഖലകളിൽ കണ്ടുവരുന്ന പാരമ്പര്യ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, പകർച്ചവ്യാധികൾ, വിളർച്ച പോലുള്ള അസുഖങ്ങൾ എന്നിവ നിയന്ത്രണ വിധേയമാക്കുന്നതിനും ഗർഭിണികളായ സ്ത്രീകൾക്ക് വിദഗ്ദ്ധ പരിശോധന സമയാസമയങ്ങളിൽ

ലഭ്യമാക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ആരോഗ്യമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽനിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി സാക്ഷരതാ മിഷൻ മുഖേന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ആദിവാസി സാക്ഷരതാ പദ്ധതി.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനുള്ള ഗോത്രജീവിക പദ്ധതി, അട്ടപ്പാടിയിൽ ഭക്ഷ്യസുരക്ഷയും ആരോഗ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പാക്കുന്ന മില്ലറ്റ് പദ്ധതി, ഇടുക്കി ജില്ലയിലെ ആദിവാസ ഗോത്ര വിഭാഗക്കാരുടെ ആചാരാനുഷ്ഠാനങ്ങൾ, ഉത്സവങ്ങൾ, സർഗ്ഗാത്മക പ്രവർത്തനങ്ങൾ എന്നിവയുടെ മതനിരപേക്ഷമായ ദർശനം ബോധ്യപ്പെടുത്തി ചൂഷണരഹിത ഊരുകൾ സൃഷ്ടിക്കുന്നതിനായുള്ള ഗോത്രരശ്മി സാമൂഹിക ശാക്തീകരണ പദ്ധതികൾ എന്നിവയും പട്ടികവർഗ്ഗ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി നടപ്പിലാക്കിയ മറ്റ് പദ്ധതികളാണ്.

(സി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്കൂൾ റേഡിയോ, കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ്, സി.സി.ടി.വി., സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി, എം.ആർ.എസ്സ്.-കളുടെ അടുക്കള നവീകരിക്കുന്നതിനുള്ള പദ്ധതി, മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്, മിനി മാസ്റ്റ് ലൈറ്റ്, മിന്നൽ രക്ഷാചാലകം, ഖര-ദ്രാവക-മാലിന്യ സംസ്കരണ പ്ലാന്റ്, ജലശുദ്ധീകരണ പദ്ധതി, നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, സിന്തറ്റിക് ട്രാക് നിർമ്മാണം, എം.ആർ.എസ്സ്.-കളിൽ ഫയർ എക്സ്റ്റിംഗ്വിഷർ സിസ്റ്റം, ഔട്ട് ഡോർ ഫിറ്റ്നെസ്, ഡിജിറ്റൽ ലൈബ്രറി, ആർച്ചെറി എന്നിവ സജ്ജീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ഡി) പട്ടിക വിഭാഗക്കാർക്ക് ആധുനിക തൊഴിൽ മേഖലകളിലുണ്ടാകുന്ന തൊഴിലവസരങ്ങൾ സ്വായത്തമാക്കുന്നതിനായി ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക എന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രഖ്യാപിത ലക്ഷ്യമാണ്. പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യ വികസനവും പരമ്പരാഗത തൊഴിൽ പ്രോത്സാഹനവുമാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത

തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഇതിൽ സർക്കാർ സ്ഥാപനങ്ങളായ സി-ഡിറ്റ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, കെൽട്രോൺ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ടെക്നോളജി, ഇലക്ട്രോണിക് കോർപ്പറേഷൻ, നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, ഇറാം, എത്തിയോസ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നീ സ്ഥാപനങ്ങൾ മുഖേനയും തൊഴിൽ സാധ്യതയുള്ള കോഴ്സുകൾക്ക് പരിശീലനം നൽകി പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നു.

**പ്രളയബാധിതരായ പട്ടികവിഭാഗക്കാരുടെ ക്ഷേമം**

18 (*227) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ബാബു :
ശ്രീ. പി. ഉണ്ണി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയബാധിത പ്രദേശങ്ങളിലെ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ;

(ബി) പ്രളയത്തിൽ കേടുപാടുകൾ സംഭവിക്കുകയും പൂർണ്ണമായി നശിക്കുകയും ചെയ്ത ഈ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനും പുനർനിർമ്മിക്കുന്നതിനും പ്രത്യേക പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധികൾ വീണ്ടെടുക്കുന്നതിന് വിവിധ കാർഷിക പദ്ധതികളും അനുബന്ധ പദ്ധതികളും മറ്റ് പുനരധിവാസ പദ്ധതികളും ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ)

പട്ടികജാതി വികസന വകുപ്പ്

പ്രളയബാധിതരായ 82507 പട്ടികജാതി വിഭാഗ കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി ഓരോ കുടുംബത്തിനും 5000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈയിനത്തിൽ ഇതുവരെയായി 33,37,60,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രളയത്തിൽ പൂർണ്ണമായി വീട് തകർന്ന 243 പേർക്ക് വീട് നിർമ്മിക്കുന്നതിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിൽ തകർന്ന 90 കോളനികൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിലേയ്ക്കായി 42,69,00,000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രളയാനന്തരം ഭൂമി വാസയോഗ്യമല്ലാതായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

കാലവർഷക്കെടുതിമൂലം ദുരന്തം ബാധിച്ചതും മുൻകരുതലെന്ന നിലയിലുമായി 7664 പട്ടികവർഗ്ഗ കുടുംബങ്ങളെ ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിച്ചിരുന്നു. നാശനഷ്ടങ്ങൾക്കും ആഘാതത്തിനും ഇരയായ 3355 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമെന്ന നിലയിൽ 10,000 രൂപ വീതം 2 ഘട്ടങ്ങളിലായി വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ 480/18/D&MD തീയതി 4-9-18 പ്രകാരം ഭക്ഷ്യേതര വസ്തുക്കൾ ജില്ലാതല ഉദ്യോഗസ്ഥന്മാർ മുഖേന ദുരിതം നേരിട്ട് ബാധിച്ചവരും പിന്നാക്കം നിൽക്കുന്നവരുമായ 32631 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്.

കാലവർഷക്കെടുതിമൂലം വീട് നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തിയോ, വകുപ്പിന്റെ ഭവനപദ്ധതിയിലുൾപ്പെടുത്തിയോ വീട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ലാന്റ് ബാങ്ക് പദ്ധതിയിലും വനാവകാശ നിയമപ്രകാരവും നിക്ഷിപ്ത വനഭൂമി അനുവദിക്കുന്നതുൾപ്പെടെ ഭൂമി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വയനാട് ജില്ലയിലെ 6 കോളനികളിലെ 144 കുടുംബങ്ങൾക്ക് 10 സെന്റിൽ കുറയാതെ ഭൂമി നൽകുന്നതിനായി 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിൽ 10 ഹെക്ടർ നിക്ഷിപ്ത വനഭൂമി 34 കുടുംബങ്ങൾക്ക് 50 സെന്റ് വീതം നൽകുന്നതിന് നടപടി അന്തിമഘട്ടത്തിലാണ്. പാലക്കാട് ജില്ലയിൽ 3.67 ഹെക്ടർ വനഭൂമി, വനാവകാശ നിയമപ്രകാരം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും കാലവർഷ ക്കെടുതിയുടെ ദുരന്തത്തിനിരയായവർക്ക് പ്രത്യേക പരിഗണന നൽകുന്നതുമാണ്.

(ബി)

<u>പട്ടികജാതി വികസന വകുപ്പ്</u>

നിലവിൽ റവന്യൂ വകുപ്പുവഴി ഈ വിഭാഗക്കാർക്കായി ധനസഹായം നൽകി വരുന്നതിനാൽ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടില്ല.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച വാസയോഗ്യമല്ലാത്തതായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനും പുനർനിർമ്മിക്കുന്നതിനും മുൻഗണന നൽകി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൻ പ്രകാരം കാലവർഷക്കെടുതിയിൽ വീട് നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തിയും വകുപ്പിന്റെ ഭവന പദ്ധതിയിലുൾപ്പെടുത്തിയും വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വാസയോഗ്യമല്ലാത്തതായി കണ്ടെത്തിയ 729 വീടുകളിൽ 289 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാർ ഒപ്പുവയ്ക്കുകയും ആയതിൽ 153 വീടുകൾക്ക് ആദ്യ ഗഡു അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി)

<u>പട്ടികജാതി വികസന വകുപ്പ്</u>

പ്രളയാനന്തരം ഭൂമി നഷ്ടപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് മറ്റൊരു വാസയോഗ്യമായ ഭൂമി കണ്ടെത്തി ധനസഹായം അനുവദിക്കുന്നതിനും വീട് നഷ്ടപ്പെട്ടവർക്ക് വകുപ്പിന്റെ ഭവനനിർമ്മാണ ധനസഹായ പദ്ധതിപ്രകാരം തുക അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രളയബാധിതരായ ഓരോ പട്ടികജാതി കുടുംബത്തിനും 5000 രൂപ വീതം ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പ്രളയത്തിൽ കൃഷി ഭൂമി നഷ്ടപ്പെട്ടവർക്ക് ലാന്റ് ബാങ്കിലും മറ്റ് പദ്ധതികളിൽപ്പെടുത്തിയും ഭൂമി വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കാലവർഷക്കെടുതിമൂലം ദുരിതമനുഭവിച്ച അർഹരായ 3355 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10,000 രൂപ വീതം ആശ്വാസ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ കരടിയോട് കോളനിയിൽ ഉരുൾപൊട്ടലിനെത്തുടർന്ന് കോളനി വാസയോഗ്യമല്ലെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന്

നടപടികൾ സ്വീകരിച്ചുവരുന്നു. ടി ജില്ലയിൽ ഉരുൾപൊട്ടലിൽ അമ്പലപ്പാറ, തോട്ടുകാട്, ഉപ്പുകളം എന്നീ കോളനികളിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സന്ദർശിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

കോട്ടയം ജില്ലയിൽ മാധവശ്ശേരി കോളനി, ഇടുക്കി ജില്ലയിലെ വെണ്ണിയാനി, കാറ്റൂതി, പെരിയാർവാലി, ഗാന്ധിനഗർ എന്നീ കോളനികളും തൃശ്ശൂർ ജില്ലയിലെ ആനക്കയം കോളനിയിലെ പട്ടികവർഗ്ഗക്കാർക്കും ലാന്റ് ബാങ്കിലുൾപ്പെടുത്തി ഭൂമി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മലപ്പുറം ജില്ലയിൽ 10 ഹെക്ടർ നിക്ഷിപ്ത വനഭൂമി 34 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിൽ ജീവനോപാധി നഷ്ടപ്പെട്ട 34 പട്ടികവർഗ്ഗക്കാർക്ക് വകുപ്പിന്റെ സ്വയംതൊഴിൽ പദ്ധതിയിലുൾപ്പെടുത്തി ജീവനോപാധികൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ ജീവനോപാധി നഷ്ടപ്പെട്ട 19 പേർക്ക് വളർത്തുമൃഗങ്ങൾ നൽകുന്നതിനായുള്ള ജില്ലാതല അനുമതി ലഭ്യമായിട്ടുണ്ട്.

### പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ ഫണ്ട്

19 (*228) <u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്ന് ചൂണ്ടിക്കാട്ടി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നീക്കിവെച്ച തുകയുടെ അൻപത് ശതമാനം വെട്ടിക്കുറച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) മുൻകാലങ്ങളിൽ പ്രകൃതിദുരന്തം ഉണ്ടായപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ലാത്തതിനാൽ, തുക വെട്ടിക്കുറച്ച നടപടി പുനഃപരിശോധിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ&ബി) പ്രധാന പദ്ധതികളായ ഭവന നിർമ്മാണം, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവ ഒഴിവാക്കി പദ്ധതിയുടെ 20% തുക വെട്ടിക്കുറച്ചിരുന്നു. പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 296.53 കോടി രൂപ, പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന വിഹിതമായ 632.58 കോടി രൂപയിൽനിന്നും 20% തുകയായ 126.50 കോടി രൂപ പദ്ധതി തുകയിൽ കുറവുവരുത്തി.

(സി) നിലവിൽ പരിഗണനയിലില്ല.

പ്രധാനപ്പെട്ട പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ വകുപ്പുകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടില്ല. പട്ടിക വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള പ്രധാന പദ്ധതികളായ ആരോഗ്യം, പാർപ്പിടം, വിദ്യാഭ്യാസം എന്നീ മേഖലകളെ ബാധിക്കാത്ത രീതിയിലാണ് തുക വെട്ടിക്കുറച്ചിട്ടുള്ളത്. കേരളം കണ്ട മഹാപ്രളയത്തിനുശേഷം റീബിൽഡ് കേരളയ്ക്കുവേണ്ടിയാണ് 20% തുക കുറച്ചിട്ടുള്ളത്.

## സാംസ്കാരിക പൈതൃകവും പാരമ്പര്യവും സംരക്ഷിക്കുന്നതിന് നടപടി

20 (*229) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പുരുഷൻ കടലുണ്ടി :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനതായ സാംസ്കാരിക പൈതൃകവും പാരമ്പര്യവും സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ അതുല്യമായ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമങ്ങളിലും ചെറുനഗരങ്ങളിലും സാംസ്കാരിക സമുച്ചയങ്ങളും ഗ്രാമീണ കലാകേന്ദ്രങ്ങളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) വിദ്യാർത്ഥികളുടെ കലാഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനായി രംഗമുദ്ര എന്ന പേരിൽ കുട്ടികളുടെ കലാസംഘം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) കേരളത്തിന്റെ തനതായ സാംസ്കാരിക പൈതൃകവും പാരമ്പര്യവും സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഈ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 'സാംസ്കാരിക സമുച്ചയങ്ങൾ' സ്ഥാപിക്കുന്ന പദ്ധതി, ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും

കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദി ഒരുക്കുക എന്ന ലക്ഷ്യത്തോടെ 'നാട്ടരങ്ങ് എന്ന പദ്ധതി എന്നിവ ഇത്തരത്തിലുള്ളവയാണ്. കേരളത്തിന്റെ ക്ലാസിക്കൽ നാടോടി കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും ടി കലകളിൽ നിശ്ചിത യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനും യുവ മനസ്സുകളിൽ കലാഭിമുഖ്യം വളർത്തുക എന്ന ഉദ്ദേശ്യത്തോടെയും വജ്രജൂബിലി ഫെല്ലോഷിപ്പ് എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. കലാകരകൗശല രംഗത്തുള്ള പരമ്പരാഗത കലാകാരന്മാരുടെ ജീവിത നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ 'കലാകാരന്മാർക്കുള്ള ഉപജീവനം അഥവാ ഗ്രാമീണ കലാകേന്ദ്രങ്ങൾ' എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ പ്രചരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കുന്ന തിനുപുറമെ പരമ്പരാഗത, വംശീയ ഭക്ഷണ രീതികൾ, കേരളത്തിന്റെ പൈതൃകഗ്രാമങ്ങൾ തുടങ്ങിയവ സംബന്ധിച്ച ഹ്രസ്വ വീഡിയോകൾ വകുപ്പിന്റെ വെബ്സൈറ്റ് വഴി ലഭ്യമാക്കിയിട്ടുണ്ട്.

പൈതൃകവും പാരമ്പര്യവും സംരക്ഷിക്കുകയെന്ന മുഖ്യലക്ഷ്യത്തോടെയാണ് തൃപ്പൂണിത്തുറ ഹിൽപാലസിലെ പൈതൃകപഠനകേന്ദ്രം, മലയാള ഭാഷയേയും സംസ്കാരത്തെയും അഭിവൃദ്ധിപ്പെടുത്താനുദ്ദേശിച്ചുകൊണ്ട് സ്ഥാപിതമായ സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നത്.

വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന വൈലോപ്പിള്ളി സംസ്കൃതി ഭവൻ "സംസ്കൃതി" എന്ന പേരിൽ പ്രതിമാസ സാംസ്കാരിക പരിപാടി നടത്തിവരുന്നു. പാരമ്പര്യ കലകളും കലാ സാംസ്കാരിക പരിപാടികളുമാണ് ഇതിൽ ഉൾപ്പെടുത്താറുള്ളത്. പ്രസ്തുത പരിപാടികളിൽ ആഗോളതലത്തിൽ പ്രശസ്തരായവരും ഉയർന്നുവരുന്ന കലാകാരന്മാരും കലാകാരികളുമടക്കം പങ്കെടുത്തിട്ടുണ്ട്.

കേരള ഫോക്‌ലോർ അക്കാദമി പൈതൃക കലകൾ സംരക്ഷിക്കുന്നതിന് പ്രതിവർഷം 100 മുതൽ 200 വരെ കലാസംഘങ്ങൾക്ക് അവരുടെ പരിപാടികൾ അവതരിപ്പിക്കാൻ നാടൻ ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ എന്നിവ വഴി അവസരം നൽകുന്നുണ്ട്. പാരമ്പര്യ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന് നാടൻ കലാരംഗത്ത് മികവ് തെളിയിച്ച കലാകാരന്മാരെ അവാർഡ് നൽകി ആദരിക്കുന്നുണ്ട്. നാടൻ കലാരംഗത്ത് പ്രവർത്തിക്കുന്ന അവശകലാകാരന്മാർക്ക് ചികിത്സാസഹായം നൽകിവരുന്നുണ്ട്. പാരമ്പര്യ കലകൾ പരിശീലിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്.

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി സംഘടിപ്പിക്കുന്ന വിവിധ സെമിനാറുകൾ, കലാപരിപാടികൾ, വിവിധ ഗാലറികൾ, മ്യൂസിയം എന്നിവ വിശിഷ്യാ മലബാറിന്റെ തനതായ സാംസ്കാരിക പൈതൃകവും പാരമ്പര്യവും വിളിച്ചോതുന്നതും ഭാവി തലമുറയ്ക്ക് അറിവ് പകരാൻ പര്യാപ്തവുമാകും.

വാസ്തുവിദ്യാഗുരുകുലം, പാരമ്പര്യ വാസ്തുവിദ്യ, ചുമർ ചിത്രകല, തടിയിലും കല്ലിലുമുള്ള കൊത്തുപണികൾ എന്നിവ സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി നിലകൊള്ളുന്നു.

പൈതൃക പഠനകേന്ദ്രത്തിന്റെ ചുമതലയിൽ വ്യത്യസ്തങ്ങളായ പൈതൃകങ്ങളുമായും പൈതൃക പഠനവുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നു. ഭാരതീയ ചികിത്സാ പൈതൃകത്തിന്റെ ചരിത്രവും പാരമ്പര്യവും സംബന്ധിച്ച അറിവുകൾ പൊതുജനങ്ങളിലെത്തിക്കുന്നതിന്റെ ഭാഗമായി ചിത്രപ്രദർശനം നടത്തിവരുന്നു.

സാംസ്കാരിക പൈതൃകവും പാരമ്പര്യവും സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ കേരള-ഡൽഹി സാംസ്കാരിക പൈതൃകോത്സവം, തെലുങ്കാന സാംസ്കാരിക പൈതൃകോത്സവം, മലബാർ സാംസ്കാരിക പൈതൃകോത്സവം എന്നിവ സംഘടിപ്പിച്ചു.

(ബി) എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നാടകശാല, സിനിമ തിയറ്റർ, സംഗീതശാല, പുസ്തകക്കടകൾ, സെമിനാർ ഹാളുകൾ, ശില്പികൾക്കും കരകൗശല വിദഗ്ദ്ധർക്കുമുള്ള പണിശാലകൾ, റിഹേഴ്സൽ സൗകര്യം, എഴുത്തുകാർക്കും കലാകാരന്മാർക്കുമുള്ള ഹ്രസ്വകാല താമസ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ഈ സമുച്ചയങ്ങൾ. ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദി ഒരുക്കുക എന്ന ലക്ഷ്യത്തോടെ 'നാട്ടരങ്ങ് എന്ന ഒരു പദ്ധതിയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

കലാകരകൗശല രംഗത്തുള്ള പരമ്പരാഗത കലാകാരന്മാരുടെ ജീവിത നിലവാരം ഉയർത്തുക, അവർക്ക് ഈടുറ്റ വിപണി ബന്ധങ്ങൾ സ്ഥാപിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ സംസ്ഥാനത്തെ 20 ഓളം പൈതൃക കലാഗ്രാമങ്ങളെയും 10 കലാരൂപങ്ങളെയും സംരക്ഷിക്കുന്നതിന് കലാകാരന്മാർക്കുള്ള ഉപജീവനം അഥവാ ഗ്രാമീണ കലാകേന്ദ്രങ്ങൾ എന്ന പദ്ധതിയും വകുപ്പുമുഖേന നടപ്പിലാക്കിവരുന്നുണ്ട്.

പാലക്കാട്-കൽപ്പാത്തി, കോട്ടയം വെള്ളാവൂർ, കണ്ണൂർ-കണ്ണപുരം എന്നീ പ്രദേശങ്ങളിൽ ഫോക്‌ലോർ അക്കാദമിയുടെ ഗ്രാമീണ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കാനുള്ള പരിശ്രമങ്ങൾ പുരോഗമിച്ചുവരുന്നു.

വാസ്തുവിദ്യാ ഗുരുകുലത്തിന്റെ പ്രാദേശിക കേന്ദ്രങ്ങളും വർക്ക്ഷോപ്പുകളും സ്റ്റാളുകളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(സി) സാംസ്കാരികകാര്യ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗവാസനകളെ പരിപോഷി പ്പിക്കുന്നതിനോടൊപ്പം നമ്മുടെ തനതുകലകളും സംസ്കാരവും കുട്ടികളിലൂടെ ജനഹൃദയങ്ങളിലേയ്ക്കെത്തിക്കുക എന്ന ദൗത്യം ഏറ്റെടുത്തുകൊണ്ട് 'രാഗമുദ്ര' എന്ന പേരിൽ ഒരു സംഗീതനൃത്ത സംഘത്തിന് രൂപം കൊടുക്കുകയാണ്.

സാമൂഹ്യ പുരോഗതിയും സാംസ്കാരിക അഭ്യുന്നതിയുമാണ് ഈ പരിപാടി കൊണ്ട് പ്രധാനമായും ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രാഥമിക ഗുണഭോക്താക്കൾ കുട്ടികൾതന്നെയാ ണെങ്കിലും അതിന്റെ ഗുണപരമായ മേന്മകൾ സാമൂഹ്യ സാംസ്കാരിക മേഖലകളിൽ പ്രതിഫലിക്കും.

ബാലഭവൻ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ, പൂർവ്വ വിദ്യാർത്ഥികൾ മറ്റ് സ്കൂളുകളിൽ പഠിക്കുന്ന താൽപ്പര്യമുള്ള വിദ്യാർത്ഥികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ബാലഭവനിലെ അദ്ധ്യാപകർ, പിരിഞ്ഞുപോയ അദ്ധ്യാപകർ വിവിധ കലാസാംസ്കാരിക മേഖലകളിൽ മികവുതെളിയിച്ച പ്രതിഭാശാലികളായ മഹത് വ്യക്തികൾ എന്നിവർ അടങ്ങുന്ന ഒരു സംഘമായിരിക്കും പരിശീലനം നൽകുന്നത്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

21 (*230) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും പുതിയ പ്രവണതകളെക്കുറിച്ച് അറിവും ഉചിതമായ പരിശീലനവും നൽകി തൊഴിലിന് പ്രാപ്തരാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കരിയർ ഡവലപ്മെന്റ് സെന്ററുകൾ സൃഷ്ടിച്ച നേട്ടം അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ഇത്തരം സെന്ററുകൾ കൂടുതൽ സ്ഥലങ്ങളിൽ തുടങ്ങാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ച് ഉദ്യോഗാർത്ഥികളെ തൊഴിലിന് പ്രാപ്തരാക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ഡി) നിലവിലെ സ്ഥിതിയിൽ നിന്നും മാറി, സ്വകാര്യ മേഖലയിലും ഗ്രാമീണ മേഖലയിലും ആവശ്യമുള്ള തൊഴിലാളികളെ ലഭ്യമാക്കുന്ന തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും പാലോടും ആലപ്പുഴ ജില്ലയിലെ കായംകുളത്തും പാലക്കാട് ജില്ലയിലെ ചിറ്റൂരും കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. തൃപ്പൂണിത്തുറ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി പ്രകാരം നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിന് കട്ടപ്പന വില്ലേജിൽ ബ്ലോക്ക് നം.58-ൽ സർവ്വേ നം.293/11-1-ൽ 10 സെന്റ് സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ കടകംപള്ളി ആസ്ഥാനമായി ആരംഭിക്കുന്ന മിനി സിവിൽ സ്റ്റേഷനിൽ എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വയനാട്, പത്തനംതിട്ട ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലുള്ള 10 എംപ്ലോയബിലിറ്റി സെന്ററുകളിലായി ആകെ 160068 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 112832 പേരെ നൈപുണ്യം അസെസ്സ് ചെയ്യുകയും 104988 പേർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം പരിശീലനം നൽകിയ ഉദ്യോഗാർത്ഥികളിൽ 47844 പേർക്ക് സ്വകാര്യ മേഖലയിലെ വിവിധ സ്ഥാപനങ്ങളിൽനിന്ന് ജോബ് ഓഫറുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കിവരുന്ന മോഡൽ കരിയർ സെന്റർ, എംപ്ലോയബിലിറ്റി സെന്റർ പദ്ധതികൾ പ്രകാരം ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ ശാസ്ത്രീയമായി വിലയിരുത്തി അവർക്കാവശ്യമായ നൈപുണ്യ പരിശീലനം നൽകി സ്വകാര്യ മേഖലയിലും ഗ്രാമീണ മേഖലയിലും നിലവിലുള്ള തൊഴിലുകൾക്ക് പ്രാപ്തരാക്കി വരുന്നുണ്ട്. ഇപ്രകാരം തൊഴിൽ നൈപുണ്യം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കാൻ പരമാവധി അവസരം ഉണ്ടാക്കികൊടുക്കുന്നുണ്ട്. വകുപ്പ് മുഖാന്തരം നടപ്പാക്കിവരുന്ന കരിയർ ഡെവലപ്മെന്റ് സെൻറർ പദ്ധതിപ്രകാരം കരിയർ സംബന്ധമായ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ പരിശീലനങ്ങളും നൽകി സർക്കാർ/സ്വകാര്യ മേഖലയിലെ തൊഴിലുകൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കി വരുന്നുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ പരമാവധി ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി "നിയുക്തി" എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ എല്ലാ വർഷവും നടത്തിവരുന്നുണ്ട്.

**സംയോജിത നദീതട പദ്ധതി**

22 (*231) <u>ശ്രീ. സജി ചെറിയാൻ</u> :
<u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വിവിധ ജലസേചന പദ്ധതികളുടേയും കനാലുകളുടേയും കേടുപാടുകൾ തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഷട്ടറുകൾ, തടയണകൾ, കനാലുകൾ, പമ്പുകൾ എന്നിവ പോലെയുള്ള ജലസേചന നിർമ്മിതികൾ നവീകരിക്കുന്നതിന് ഒരു സംയോജിത നദീതട പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(സി) നദികളും ജലാശയങ്ങളും ശുചീകരിക്കുവാനും നദികളുടെ സമീപമുള്ള നഗര പ്രദേശങ്ങളിൽ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുവാനും തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) വിവിധ ജലസേചന പദ്ധതികളിൽ പ്രളയംമൂലം തകരാറുസംഭവിച്ച കനാലുകൾ, അനുബന്ധ നിർമ്മിതികളായ അണ്ടർ ടണൽ, പാർശ്വഭിത്തി, താങ്ങുമതിൽ, ചിറ, സ്ലൂയിസ് വാൽവുകൾ, കനാൽ ഷട്ടറുകൾ മുതലായവയുടെ തകരാറുകൾ പരിഹരിക്കുക, പുനർ നിർമ്മിക്കേണ്ടവ നിർമ്മിക്കുക, തകർന്ന കെട്ടിടങ്ങൾ, കനാൽ റോഡുകൾ എന്നിവ പുനർനിർമ്മിക്കുക, അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുക എന്നീ പ്രവൃത്തികൾക്കായി സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് (SDRF) ഫണ്ടിൽനിന്നും G.O.(Rt)No.57/2019/DMD dated 28-1-2019 പ്രകാരം 536.27 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധനയിലാണ്.

(സി) ഉണ്ട്. ജലസേചന പദ്ധതികളുടെ കനാലുകൾ, ജലസംഭരണികൾ എന്നിവയിലെ മാലിന്യങ്ങൾ നീക്കി അവ ജലസേചനയോഗ്യമാക്കി നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പമ്പാനദിയുടെ ശുചീകരണത്തിനും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമായി പമ്പാ ആക്ഷൻ പ്ലാൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുണ്ട്.

തിരുവനന്തപുരം നഗരത്തിലെ കരമനയാറിന്റെ സമീപത്തുള്ള മുട്ടത്തറയിൽ 107mld സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിലവിലുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിനുവേണ്ടി കാമ്പസിനുള്ളിൽ 5mld ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. വേമ്പനാട്ടുകായലിന്റെ സമീപത്തുള്ള കൊച്ചി നഗരസഭയിൽ ഇളംകുളത്ത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പുനരുജ്ജീവനം, 5mld ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ അമൃത് പദ്ധതി 2015-16-ൽ ഉൾപ്പെടുത്തി പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്ന് റാക്കറ്റുകൾ

23 (*232) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ഡോ. എം. കെ. മുനീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ മയക്കുമരുന്ന് ഉപയോഗം വ്യാപകമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മയക്കുമരുന്ന് കലർത്തിയ ഉൽപ്പന്നങ്ങൾ ആകർഷകമായ വിവിധ വർണ്ണങ്ങളിലും നാമത്തിലും പായ്ക്ക് ചെയ്തും ശീതളപാനീയങ്ങളിൽ കലർത്തിയും വിദ്യാർത്ഥികൾക്കിടയിൽ വ്യാപകമായി വിറ്റഴിക്കുന്ന റാക്കറ്റുകൾ സജീവമാണെന്ന് അറിവുണ്ടോ;

(സി) എങ്കിൽ ഇത്തരത്തിലുള്ള മയക്കുമരുന്ന് വ്യാപനം തടയുന്നതിന് എക്സൈസ് വകുപ്പ് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം നല്കുമോ;

(ഡി) ഇല്ലെങ്കിൽ അതിനാവശ്യമായ മുൻകരുതലുകൾ സമയബന്ധിതമായി നടപ്പാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) മയക്കുമരുന്ന് ഉപയോഗം വ്യാപകമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരത്തിലുള്ള റാക്കറ്റുകൾ സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിദ്യാർത്ഥികൾക്കിടയിൽ ലഹരിപദാർത്ഥങ്ങളുടെ വിതരണം, ഉപഭോഗം എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പ് അതീവ ജാഗ്രത പുലർത്തുന്നുണ്ട്.

(സി) മയക്കുമരുന്ന് വ്യാപനം തടയുന്നതിന്റെ ഭാഗമായി ഹൈസ്കൂൾ/ ഹയർസെക്കണ്ടറി തലത്തിലുള്ള എല്ലാ സ്കൂളുകളിലും/കോളേജുകളിലും ലഹരി വിരുദ്ധ ബോധവത്കരണ ക്ലബ്ബുകൾ ആരംഭിച്ച് നിരവധി ബോധവത്കരണ പ്രവർത്തനങ്ങൾ നിരന്തരം നടത്തിവരുന്നുണ്ട്. മയക്കുമരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കുമെതിരെ ശക്തമായ പ്രതിരോധം തീർക്കുന്നതിലേയ്ക്കായി എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാലയങ്ങളുടെ ചുമതല വിഭജിച്ച് നൽകി. ആ വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ കൺവീനർമാർ, പ്രധാന പ്രവർത്തകർ, സ്കൂൾ അധികൃതർ എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് ലഹരി വസ്തുക്കളുടെ ഉപയോഗം, വിതരണം തുടങ്ങി അനാരോഗ്യകരമായ എന്തെങ്കിലും പ്രവണത നിലനിൽക്കുന്നുണ്ടോയെന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി മുൻകൂട്ടിത്തന്നെ എക്സൈസ് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മന്ദഗതിയിലായ കുടിവെള്ള പദ്ധതികൾ

24 (*233) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലക്ഷ്യമിട്ട് പ്രഖ്യാപിച്ച പദ്ധതികൾ മന്ദഗതിയിലാണെന്ന ആക്ഷേപം വസ്തുതാപരമാണോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിലും 2017-18-ലെ ബഡ്ജറ്റിലും പ്രഖ്യാപിച്ച കിഫ്ബിയുടെ ധനസഹായത്തോടെ നടത്തുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണ്;

(സി) പ്രസ്തുത പദ്ധതികൾക്കായി ഇതിനകം എന്ത് തുകയാണ് അനുവദിച്ചത്; പ്രവൃത്തികളുടെ എത്ര ശതമാനം പൂർത്തിയായി; വ്യക്തമാക്കാമോ;

(ഡി) ഒമ്പത് നഗരങ്ങളിൽ നടപ്പിലാക്കുന്ന അമൃത് പദ്ധതിയിൽ ഇതിനകം എന്ത് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്;

(ഇ) പ്രസ്തുത പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ അനാസ്ഥമൂലം പിന്നോക്കം പോയി എന്നത് വസ്തുതാപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ശുദ്ധമായ കുടിവെള്ളം ലക്ഷ്യമിട്ട് പ്രഖ്യാപിച്ച പദ്ധതികൾ മന്ദഗതിയിലാണെന്ന ആക്ഷേപം വസ്തുതാപരമല്ല.

കേരള ജല അതോറിറ്റി നിലവിൽ 1080 ശുദ്ധജലവിതരണ പദ്ധതികളിലൂടെ സംസ്ഥാനത്തെ ഏകദേശം 54.27% ജനങ്ങൾക്ക് 24 ലക്ഷം കണക്ഷനുകളിലൂടെയും 2.06 ലക്ഷം പൊതു ടാപ്പുകൾവഴിയും കുടിവെള്ളം വിതരണം ചെയ്യുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും വിവിധ ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി നടപ്പിലാക്കിയ ഗ്രാമീണ നഗര ജലവിതരണ പദ്ധതികൾ ഇതിനകംതന്നെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. നിലവിൽ കേരള ജല അതോറിറ്റി പ്രതിദിനം 2644 ദശലക്ഷം ലിറ്റർ ശുദ്ധജലമാണ് വിതരണം ചെയ്യുന്നത്. ധനലഭ്യത അനുസരിച്ച് നബാർഡ്, സ്റ്റേറ്റ് പ്ലാൻ, NRDWP, അമൃത്, കിഫ്ബി മുതലായ ശീർഷകങ്ങളിലായി വിവിധ ജലവിതരണ പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ള പദ്ധതികൾ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ നിലവിലുള്ള പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഏകദേശം 5000 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾ പുരോഗമിക്കുകയാണ്. ഈ പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ പ്രതിദിനം 1741 ദശലക്ഷം ലിറ്റർ ജലം കൂടി കൂടുതലായി ലഭ്യമാകുന്നതാണ്. എന്നാൽ ജലവിതരണ ലൈനുകളുടെ സ്ഥാപന സമയത്ത് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നുമുള്ള റോഡ് കട്ടിംഗ് അനുമതി, റെയിൽവേ ലൈനുകളുടെ ക്രോസിംഗ് സംബന്ധിച്ച അനുമതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽനിന്നുമുള്ള

അനുമതി, പദ്ധതി ഘടകങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാകുന്നതിൽ വരുന്ന കാലതാമസം എന്നിവ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തെ ബാധിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി മന്ത്രിമാരുടെ തലത്തിലും വകുപ്പ് മേധാവികളുടെ തലത്തിലും ഇടപെടലുകൾ നടത്തിയും അവലോകനങ്ങൾ നടത്തിയും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2016-17-ലെ പുതുക്കിയ ബജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടെയുള്ള 23 കുടിവെള്ള പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയുടെ അനുമതിയും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ 57 പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത്. അതിൽ 40 പാക്കേജുകൾ ടെണ്ടർ ചെയ്തുകഴിഞ്ഞു. അവയിൽ 3 പാക്കേജുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 33 പാക്കേജുകളുടെ പ്രവൃത്തികൾ പുരോഗമിക്കുകയും 4 പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ശേഷിക്കുന്ന 17 പാക്കേജുകളിൽ 11 പാക്കേജുകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഇവ ടെണ്ടർ ചെയ്യുന്നതാണ്. ബാക്കിയുള്ള 6 പാക്കേജുകൾ ടെണ്ടർ ചെയ്യപ്പെട്ട പാക്കേജുകളുടെ പുരോഗതിയ്ക്കനുസരിച്ച് ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതാണ്. മേൽ പദ്ധതികളുടെ വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

കൂടാതെ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2016-17-ലെ പുതുക്കിയ ബജറ്റ് പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തിയ 11 സർക്കിളുകളിലെ 148 പ്രൊപ്പോസലുകൾക്ക് 433.33 കോടി രൂപയുടെ അനുമതി സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്. (വിശദാംശം അനുബന്ധം II.a ആയി ചേർത്തിരിക്കുന്നു.)* അവയിൽ 7 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം, മൂവാറ്റുപ്പുഴ, കണ്ണൂർ) 76 പ്രൊപ്പോസലുകൾക്ക് 294.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. (വിശദാംശം അനുബന്ധം II.b ആയി ചേർത്തിരിക്കുന്നു.)* മേൽ പദ്ധതികളിൽ തിരുവനന്തപുരം, കൊല്ലം സർക്കിളിലെ 7 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. ബാക്കിയുള്ള പ്രവൃത്തികൾ സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശേഷിക്കുന്ന 4 സർക്കിളുകളിലെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2017-18-ൽ ഉൾപ്പെട്ടിട്ടുള്ള 36 കിഫ്ബി പദ്ധതികളിൽ 35 പദ്ധതികൾക്ക് സർക്കാരിൽനിന്ന് അനുമതി ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും അവയിൽ 21 കുടിവെള്ള പദ്ധതികൾക്ക് 1140.784 കോടി രൂപയുടെ ധനസഹായത്തിനുള്ള അനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. മേൽ പദ്ധതികളിൽ 4 പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ശേഷിക്കുന്ന 14 കുടിവെള്ള പദ്ധതികൾ (മതിപ്പ് തുക 1144.50 കോടി രൂപ) കിഫ്ബിയുടെ പരിഗണനയിലാണ്. ഭരണാനുമതി നൽകിയ 35 പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധം IIIആയി ചേർത്തിരിക്കുന്നു.*

(സി)

| ബജറ്റ് വർഷം | പദ്ധതികളുടെ എണ്ണം | ഭരണാനുമതി തുക (കോടി) | കിഫ്ബിയിൽനിന്നും അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | കിഫ്ബി അനുവദിച്ച തുക (കോടി) |
|---|---|---|---|---|
| 2016-17 | 34 (23 കുടിവെള്ള പദ്ധതികളും 11 പദ്ധതി കളായി (സർക്കിളുകളിലായി) പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായുള്ള 148 പ്രവൃത്തികളും) | 1690.43 | 30 (23 കുടിവെള്ള പദ്ധതികളും 7 സർക്കിളുകളിലായി പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായു ള്ള 76 പ്രവൃത്തികൾ) | 1551.99 |
| 2017-18 | 35 | 2269.83 | 21 | 1140.784 |

കിഫ്ബി 2016-17 (ശതമാനത്തോടൊപ്പം) കിഫ്ബി 2017-18 പദ്ധതികളുടെ നിലവിലെ സ്ഥിതി യഥാക്രമം അനുബന്ധം I, III എന്നിവയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

(ഡി) അംഗീകാരം ലഭിച്ച മൂന്ന് വാർഷിക പദ്ധതികളിലായി കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് 232.24 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാന സർക്കാരിന്റെ അനാസ്ഥമൂലം അമൃത് പദ്ധതികൾ പിന്നോക്കം പോയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളി ക്ഷേമപദ്ധതികൾ

25 (*234) ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിസ് പദ്ധതിയുടെ പ്രയോജനം എത്ര തൊഴിലാളി കുടുംബങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ; ഏതെല്ലാം വിഭാഗങ്ങളെ പുതുതായി ചിസ് പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; എത്ര തൊഴിലാളികൾ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ന്യായവേതനവും സാമൂഹ്യ സുരക്ഷയും ആരോഗ്യ പരിരക്ഷയും ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) അപ്നാഘർ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്തെ 19.39 ലക്ഷം കുടുംബങ്ങൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ ചിസ് പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നു. ചിസ് പദ്ധതിയിൽ പുതുതായി അംഗങ്ങളാക്കിയ വിഭാഗങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് സർക്കാർ 'ആവാസ് ' എന്ന ഇൻഷ്വറൻസ് പദ്ധതിയ്ക്ക് രൂപംകൊടുത്തിട്ടുള്ളത്. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള തൊഴിലാളികളാണ് 'ആവാസ്' പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ, സംസ്ഥാനത്തെ ചിസ് പ്ലസ് പദ്ധതിയിൽ എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസുകൂടി ഉറപ്പുവരുത്തുന്നുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശ സ്വയംഭരണം തുടങ്ങിയ മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കാൻ കഴിയും വിധത്തിലുള്ള വിവിധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് ഈ പദ്ധതിയിലൂടെ നൽകിവരുന്നത്. ആധാർ കാർഡിന്റെ മാതൃകയിൽ ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡ് സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യു.ആർ. കോഡ് എന്നിവ ഉണ്ടായിരിക്കും. 6-2-2019 വരെ 360176 ഇതര സംസ്ഥാന തൊഴിലാളികൾ ആവാസ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ലഭിക്കുന്നില്ല എന്ന് പരാതി ലഭിച്ചാൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖേന ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽപരമായ ആവശ്യങ്ങളിൽ സഹായങ്ങൾ നൽകുന്നതിനായി തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുകയും കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുന്നതിനും ബാങ്കിംഗ്, ആരോഗ്യ, യാത്രസംബന്ധമായ എല്ലാ ആവശ്യങ്ങളിലും ഫെസിലിറ്റേഷൻ സെന്റർ മുഖേന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും പരാതികൾക്ക് പരിഹാരം കാണുകയും ചെയ്യുന്നുണ്ട്. ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം വഴി ഇതര സംസ്ഥാന തൊഴിലാളികളെ അവർക്ക് അർഹമായ നിയമ പരിരക്ഷയെക്കുറിച്ച് ബോധവത്കരിക്കാനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒരു പരിധിവരെ ഒഴിവാക്കാനും കഴിയുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ ഉൾപ്പെട്ട മെഡിക്കൽ ടീമിനെ ഉൾക്കൊള്ളിച്ചുകൊണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്താറുണ്ട്. ഈ ക്യാമ്പുകളിൽ മരുന്നുകൾ സൗജന്യമായി നൽകി വരുന്നു. തുടർ ചികിത്സ ആവശ്യമെന്നുകണ്ടാൽ തൊട്ടടുത്ത സർക്കാർ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യാറുണ്ട്. കൂടാതെ തൊഴിൽ വകുപ്പിൽനിന്നും ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെട്ട ടീം ലേബർ ക്യാമ്പുകളിൽ സ്ക്വാഡ് പരിശോധന നടത്തുകയും പരിസര ശുചീകരണം, ആരോഗ്യ പരിപാലനം എന്നിവ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകിവരുന്നു.

കൂടാതെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിപ്രകാരം മരണാനന്തര സഹായം (25,000 രൂപ), അപകട മരണം സംഭവിച്ചാലുള്ള ധനസഹായം (2 ലക്ഷം രൂപ), ചികിത്സാ സഹായം (20,000 രൂപ വരെ), ടെർമിനൽ ബെനിഫിറ്റ് (25,000 രൂപ മുതൽ 50,000 രൂപ വരെ), സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന

തൊഴിലാളികളുടെ ഭൗതീക ശരീരം സ്വദേശത്തെത്തിക്കുന്നതിനുള്ള ആനുകൂല്യം (5,000 രൂപ വരെ), വിദ്യാഭ്യാസ ഗ്രാന്റ് (1,000 രൂപ മുതൽ 3,000 രൂപ വരെ) തുടങ്ങിയ ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

(ഡി) അപ്നാഘർ പദ്ധതിയുടെ പാലക്കാട്ടുള്ള പാർപ്പിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഈ പദ്ധതിക്കായി എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും കോഴിക്കോട് ജില്ലയിൽ രാമനാട്ടുകരയിലും സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. പ്രസ്തുത സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

## ലഹരി വർജ്ജന ബോധവത്കരണ പ്രവർത്തനങ്ങൾ

26 (*235) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിമുക്ത കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾമൂലം എന്തൊക്കെ മാറ്റങ്ങളാണ് സമൂഹത്തിൽ സൃഷ്ടിക്കുവാൻ സാധിച്ചത്;

(സി) ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേക്ക് കൊണ്ടുവരുന്നതിന് നടത്തുന്ന പദ്ധതികൾ എന്തൊക്കെയാണ്; അതിലെ പങ്കാളിത്തം ആശാവഹമാണോ;

(ഡി) കോഴിക്കോട് ജില്ലയിൽ നിംഹാൻസ് മാതൃകയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) വിമുക്തി മിഷൻ നടത്തി വരുന്ന ലഹരി വർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാക്കുവാൻ സാധിച്ചതെന്ന് അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ലഹരിവർജ്ജനത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന മദ്യനയമാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. ആയതിനുതകുന്ന ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷന്റെ നേതൃത്തിൽ എല്ലാ മേഖലകളിലും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ലഹരിക്ക് അടിമപ്പെട്ടവരെ അതിൽനിന്നും മോചിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും സർക്കാർ ആശുപത്രികളോടനുബന്ധിച്ച് വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങി കൗൺസിലിംഗും ചികിത്സയും നൽകിവരുന്നുണ്ട്.

(ബി) ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ ലഹരിവർജ്ജന മനോഭാവം എല്ലാ വിഭാഗം ജനങ്ങളിലും ഉണ്ടാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ മദ്യ ഉപഭോഗത്തിൽ കുറവ് വരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. ലഹരി ഉപയോഗത്തിൽനിന്നും വിദ്യാർത്ഥികളെയും യുവജനങ്ങളെയും പിന്തിരിപ്പിക്കുന്നതിന് വളരെ ഫലപ്രദമായ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

(സി) ലഹരിക്കെതിരെ 'കായിക ലഹരി' എന്ന ആശയവുമായി എല്ലാ ജില്ലകളിലും സ്പോർട്സ് കൗൺസിലുമായി ചേർന്നുകൊണ്ട് കബഡി, വോളിബോൾ, ഫുട്ബോൾ മത്സരങ്ങൾ നടത്തിയിട്ടുണ്ട്. 2019 ജനുവരി 12-ന് എറണാകുളത്തുവച്ച് ഹാഫ് മാരത്തോൺ, ഫൺ റൺ എന്നിവ വൻജനപങ്കാളിത്തത്തോടെ നടത്തുവാനും സാധിച്ചിട്ടുണ്ട്.

(ഡി) ബാംഗ്ലൂർ നിംഹാൻസ് മാതൃകയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഡീ-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഭൂമി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. തുടർനടപടികളുടെ ഭാഗമായി പദ്ധതി നിർവ്വഹണം, പരിശീലനം, മേൽനോട്ടം, ഗവേഷണം ഉൾപ്പെടെയുള്ള ഒരു പഠന റിപ്പോർട്ട് (DPR) തയ്യാറാക്കുവാൻ ബാംഗ്ലൂർ നിംഹാൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) വിമുക്തി മിഷൻ നടത്തിവരുന്ന ലഹരിവർജ്ജന ബോധവത്കരണ പ്രവർത്തനങ്ങൾ വിവിധ വിഭാഗം ജനങ്ങൾക്കിടയിൽ ഗുണപരമായ പ്രതിഫലനം സൃഷ്ടിച്ചിട്ടുണ്ട്. ലഹരി ഉപഭോഗത്തിന്റെ വിപത്ത് ബോധ്യപ്പെടുത്തുവാനും അതിലൂടെ ലഹരിവർജ്ജനം സാധ്യമാക്കുവാനും കഴിയുന്നുണ്ട്. സ്കൂൾ കോളേജ് തലങ്ങളിലൂടെ ലഹരി വിരുദ്ധ ക്ലബ്ബുകൾ മുഖേനയുള്ള ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുവാനും സ്കൂൾ പരിസരങ്ങൾ ലഹരി മുക്തമാക്കാനും കഴിഞ്ഞിട്ടുണ്ട്.

## ഗോത്രരശ്മി പദ്ധതിവഴി നടത്തുന്ന പ്രവർത്തനങ്ങൾ

27 (*236) ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രവർഗ്ഗക്കാർക്കായി സർക്കാർ പുതുതായി ആവിഷ്കരിച്ചിട്ടുള്ള നൈപുണ്യ വികസന പരിശീലന പദ്ധതി പ്രകാരമുള്ള പരിശീലനശേഷം തൊഴിൽ ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്താനായി പ്ലേസ്മെന്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പട്ടികഗോത്രവർഗ്ഗക്കാർക്ക് സർക്കാർ സർവ്വീസിൽ മതിയായ പ്രാതിനിധ്യം ഉറപ്പാക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വനം, പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളിൽ പട്ടികഗോത്രവർഗ്ഗക്കാരെ പ്രത്യേകമായി നിയമിക്കാനുള്ള നടപടി പൂർത്തിയായോ; വിശദമാക്കുമോ;

(സി) ഗോത്രരശ്മി പദ്ധതിവഴി പട്ടികഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന എല്ലാ നൈപുണ്യ പരിശീലന പരിപാടികളിലും പരിശീലനം പൂർത്തിയാകുന്നതോടുകൂടി വിവിധ തൊഴിൽ സ്ഥാപനങ്ങളിൽ ജോലി ലഭ്യമാക്കുമെന്ന് ഉറപ്പാക്കുന്നതിന് വിവിധ പരിശീലന സ്ഥാപനങ്ങളുമായി കരാർ ഉണ്ടാക്കുന്നുണ്ട്. എല്ലാ പരിശീലനാർത്ഥികളും ജോലിയിൽ പ്രവേശിച്ചതായുള്ള രേഖ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സ്ഥാപനത്തിനുള്ള അവസാന ഗഡു തുക അനുവദിക്കുകയുള്ളൂ.

(ബി) കേരള സർക്കാരിന് കീഴിലുള്ള വകുപ്പുകളിൽ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിന് സെക്രട്ടറി, ധനവകുപ്പ് ചെയർമാനും പൊതുഭരണം, പട്ടികജാതി/പട്ടികവർഗ്ഗ സെക്രട്ടറിമാർ മെമ്പർമാരുമായുള്ള ഒരു ഉന്നതതല സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമയബന്ധിതമായി യോഗം ചേരുകയും വിവിധ വകുപ്പുകളിൽ റിപ്പോർട്ട് ചെയ്യാതെ കിടന്നിരുന്ന ഒഴിവുകൾ ഉണ്ടെങ്കിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ഒടുവിലത്തെ യോഗം 7-11-2017-ന് കൂടുകയും നിയമനം സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ആവശ്യപ്പെടുകയും നിയമനങ്ങൾ ത്വരിതപ്പെടുത്തുവാൻ ആവശ്യപ്പെടുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7-1-2019-ന് ഇതുസംബന്ധിച്ച് എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാരുമായി ഒരു യോഗം ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

പട്ടികഗോത്ര വർഗ്ഗക്കാർക്ക് സംസ്ഥാന സർവ്വീസിൽ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവ് രൂപീകരിച്ച് പോലീസ്, എക്സൈസ് വകുപ്പുകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്നും (വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനത്തിലും വനാതിർത്തിയിലും അധിവസിക്കുന്ന ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കായി) പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ, വുമൺ സിവിൽ പോലീസ് ഓഫീസർ, എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിൽ 100 ഒഴിവുകളിലേയ്ക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനശിപാർശ നൽകിയിട്ടുണ്ട്.

ആദിവാസി മേഖലകളിൽ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്, മലപ്പുറം ജില്ലയിലെ നിലമ്പൂർ, കാളിക്കാവ്, അരീക്കോട് ബ്ലോക്കുകൾ, വയനാട് ജില്ല (മുഴുവൻ) എന്നിവിടങ്ങളിലെ വനാതിർത്തിയിലും വനത്തിനുള്ളിലും വസിക്കുന്ന ആദിവാസി വിഭാഗങ്ങളിലെ യോഗ്യരായ 75 യുവതീ-യുവാക്കളെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പോലീസ് കോൺസ്റ്റബിൾ തസ്കികയിൽ നിയമിച്ചിട്ടുണ്ട്. ഇവരുടെ പരിശീലനം അന്തിമഘട്ടത്തിലാണ്.

വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനാന്തരങ്ങളിലും വനാതിർത്തികളിലും സെറ്റിൽമെന്റ് കോളനികളിലും താമസിക്കുന്ന ട്രൈബൽ വിഭാഗത്തിലെ യുവതീ യുവാക്കൾക്ക് നിയമനം നൽകുന്നതിനായി 25 സിവിൽ എക്സൈസ് ഓഫീസർമാരുടെ റെഗുലർ തസ്തിക സൃഷ്ടിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 2 വനിതകൾ ഉൾപ്പെടെ 25 പേർക്ക് എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർമാരായി നിയമനം നൽകിയിട്ടുണ്ട്.

ആദിവാസി വിഭാഗത്തിൽനിന്നും 2001-ൽ ഫോറസ്റ്റ് ഗാർഡ് തസ്തികയിൽ 300 പേരെ സൂപ്പർന്യൂമററിയായും 2013-ൽ 700 വാച്ചർ തസ്തികകൾ പുതുതായി സൃഷ്ടിച്ചും സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന വനം വകുപ്പിൽ നിയമനം നൽകിയിരുന്നു.

(സി) ഇടുക്കി ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളായ മന്നാൻ, മുതുവാൻ, ഊരാളി, ഹിൽപുലയ, പളിയർ തുടങ്ങിയ ഗോത്രവിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങളിൽ അവരെ പ്രാപ്തരാക്കുന്നതിനും ശക്തമായ ഒരു നേതൃത്വനിര വാർത്തെടുക്കുന്നതിനുമായി അവലംബിച്ച പദ്ധതിയാണ് ഗോത്രരശ്മി.

അവരുടെ ജീവിതരീതികളിലെ സാംസ്കാരിക തനിമ നിലനിർത്തിക്കൊണ്ട് പുതിയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും ആരോഗ്യ വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ കരുത്താർജ്ജിക്കുന്നതിനും അവർക്ക് ആത്മവിശ്വാസം പകരുന്നതിനും ലക്ഷ്യംവച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്.

ഗോത്രവിഭാഗങ്ങളുടെ കലാരൂപങ്ങൾ, കൃഷി, ആചാരാനുഷ്ഠാനങ്ങൾ, ഋതുഭേദ സഞ്ചാര പഠനത്തിലൂടെ മനസ്സിലാക്കി ആയതനുസരിച്ചുള്ള കൃഷിരീതി നടപ്പിലാക്കൽ, കാർഷിക സംസ്കൃതി പരിപോഷിപ്പിക്കൽ, ലഹരി വിമുക്ത പ്രവർത്തനം, സ്ത്രീ സൗഹൃദ ഊരുകളുടെ നിർമ്മിതി, നിർണ്ണായകമായ തീരുമാനമെടുക്കൽ പ്രക്രിയയിൽ കടന്നുവരുവാൻ യുവതീ-യുവാക്കളെ പ്രാപ്തമാക്കുക എന്നതാണ് ഗോത്രരശ്മി പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി:

ഇടുക്കി ജില്ലയിലെ 5 പ്രധാനപ്പെട്ട ഗോത്ര സമൂഹങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും വിശകലനം ചെയ്യുന്നതിനും സാധിച്ചു. ഇതിലൂടെ ഇവർക്കായുള്ള മൈക്രോപ്ലാൻ പദ്ധതി രൂപീകരണത്തിന് സഹായകമായിട്ടുണ്ട്.

- തങ്ങളെ ചൂഴ്ന്നുനിൽക്കുന്ന പ്രശ്നങ്ങളെ യഥാസമയം കണ്ടെത്തി ഭരണ സംവിധാനങ്ങൾക്ക് മുമ്പിൽ അവ വ്യക്തമായി അവതരിപ്പിച്ച് ഫലപ്രദമായ രീതിയിൽ അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും പ്രാപ്തിയുള്ള 50 ഗോത്രരശ്മി ഗ്രൂപ്പുകൾ രൂപീകരിച്ചു;
- പങ്കാളിത്താധിഷ്ഠിതഗ്രാമ അവലോകനം (പി.ആർ.എ.) നടത്തി;
- 200 പേർക്ക് നേതൃത്വ പരിശീലനം നൽകി;
- 5 ഇടങ്ങളിലായി മതനിരപേക്ഷ കൂട്ടായ്മകൾ സംഘടിപ്പിച്ചു;
- സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ;
- 11 വായനശാലകൾ രൂപീകരിച്ചു;
- ഓർഗാനിക് തിയേറ്ററിന്റെ ഭാഗമായി 5 കൃഷിയിടങ്ങളിലായി 8 ഏക്കറിൽ കൃഷി ആരംഭിച്ചു;
- ലഹരി ബോധവത്കരണത്തിന്റെ ഭാഗമായി തെരുവ് നാടകസംഘം രൂപീകരിച്ചു;
- 5 ഗോത്രവർഗ്ഗ ജനതയെ സംബന്ധിച്ച് പ്രാഥമിക വിവര ശേഖരണം നടത്തി;
- ഋതുഭേദ സഞ്ചാരപഠന പുസ്തകം തയ്യാറാക്കി;

• സാമൂഹിക പരിവർത്തനങ്ങളും സാമ്പത്തിക ഉന്നതിയും ഗോത്ര സംസ്കൃത ഉന്നതിയും പരിരക്ഷിച്ചുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് ഗോത്രരശ്മി. കാർഷികവൃത്തി മുതൽ പരമ്പരാഗത കലകളെവരെ പരസ്പരം സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു നേതൃത്വപരിശീലനവും ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിരുന്നു. കാലാവസ്ഥയ്ക്ക് അനുസൃതമായ രീതിയിൽ പണ്ടുകാലങ്ങളിൽ ചെയ്തുവന്നിരുന്ന കൃഷിരീതി അനുവർത്തിക്കുന്നതിനും ഗോത്രരശ്മി ഉപകരിച്ചു. 11 വായനശാലകൾ ആരംഭിച്ചു. മദ്യം, മയക്കമരുന്നുകൾക്കെതിരെയുള്ള ബോധവത്കരണ പരിപാടികളും പാരമ്പര്യ കലകളുടെ സംരക്ഷണവും കാർഷിക സംസ്കൃതിയുടെ പരിപാലനവും ഉൾപ്പെടെ ഉറപ്പാക്കുന്ന ഒരു പദ്ധതിയാണ് ഗോത്രരശ്മി.

**വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് ജനവാസ കേന്ദ്രങ്ങൾക്ക് സംരക്ഷണം**

28 (*237) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. വി. അൻവർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുവ, ആന എന്നിവ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ചുവരികയും ജീവനാശം ഉണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ വന്യമൃഗ ആവാസകേന്ദ്രങ്ങളായ സാംഗ്ചറികളും പാർക്കുകളും സംരക്ഷിക്കുന്നതിനും വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് ഇറങ്ങാതിരിക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വിളകൾക്ക് നാശം വരുത്തുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് ഉണ്ടായിരുന്ന അനുമതി പിൻവലിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽനിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കാൻ പദ്ധതിയുണ്ടോ;

(ഡി) സംസ്ഥാനത്ത് നാട്ടാനകളുടെ പരിപാലനത്തിൽ ഉണ്ടാകുന്ന പോരായ്മകൾ കണക്കിലെടുത്ത് നാട്ടാന പരിപാലനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് വന്യമൃഗ ആവാസ കേന്ദ്രങ്ങളായ സാംഗ്ചറികളും പാർക്കുകളും സംരക്ഷിക്കുന്നതിനും വന്യമൃഗങ്ങൾ ജനവാസ മേഖലയിലേയ്ക്ക് ഇറങ്ങാതിരിക്കുന്നതിനും വനം വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു:

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, റെയിൽ ഫെൻസിംഗ്, ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവയുടെ നിർമ്മാണം.

2. വനത്തിന് പുറത്തേയ്ക്കുവരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. വനത്തിനോട് ചേർന്ന് താമസിക്കുന്ന ജനങ്ങൾക്ക് ആവശ്യമായ ബോധവത്കരണം നടത്തുന്നതിനുള്ള നടപടികൾ.

(ബി) വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിന് പൊതുജനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് 2011-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പലപ്പോഴായി കാലാവധി ദീർഘിപ്പിച്ച മേൽ ഉത്തരവിന്റെ കാലാവധി 2016 മാർച്ച് മാസത്തിൽ അവസാനിച്ചു. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ വിവിധ വകുപ്പുകൾപ്രകാരം കാട്ടുപന്നിയുടെ ആക്രമണത്തെ പ്രതിരോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) വന്യജീവി ആക്രമണം രൂക്ഷമായിട്ടുള്ള വയനാട് വന്യജീവി സങ്കേതത്തിൽ അധിവസിക്കുന്ന കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു. ആദ്യഘട്ടത്തിൽ വന്യജീവി സങ്കേതത്തിൽനിന്നും 800 കുടുംബങ്ങളെ 10 ലക്ഷം രൂപ വീതം നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനോടകം 332 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായിട്ടുണ്ട്. 59 കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കൂടാതെ, രണ്ടാംഘട്ട കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വന്യജീവി ആക്രമണം രൂക്ഷമായ മറ്റു പ്രദേശങ്ങളിൽനിന്നും 497 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി 4970 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

വന്യജീവി ആക്രമണം അതിരൂക്ഷമായ പ്രദേശങ്ങളിലും വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒറ്റപ്പെട്ട ജനവാസ മേഖലകളിൽനിന്നും കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നത് ഫലപ്രദമായ ഒരു പരിഹാര മാർഗ്ഗമാണ്. സംസ്ഥാനത്ത് ഇത്തരത്തിലുള്ള 37 പ്രദേശങ്ങളിൽനിന്നും 1861-ഓളം കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് നാട്ടാനകളെ പരിപാലിക്കുന്നത് 2012-ലെ കേരള നാട്ടാന (കാര്യകർത്തൃത്വവും പരിപാലനവും) ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. നിലവിലെ ചട്ടങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനും കാര്യക്ഷമമായ പരിപാലനം നാട്ടാനകൾക്ക് നൽകുന്നുണ്ടെന്ന് പരിശോധിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ സർക്കുലറുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ചിട്ടുണ്ട്.

## വനവിഭവങ്ങളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

29 (*239) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ദാസൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി വനമേഖലകളിൽ നിന്നുള്ള തടി ഉൾപ്പെടെയുള്ള വിവിധ ജീവനോപാധി മാർഗ്ഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വനത്തിൽ നിന്നുള്ള ജീവനോപാധി സാധ്യതകളെ തടിയിൽ അധിഷ്ഠിതമായ വ്യവസായങ്ങളിൽ മാത്രമായി പരിമിതപ്പെടുത്താതെ, തടിയിതര ഉല്പന്നങ്ങളുടെ ശേഖരണവും വിപണനവും ഉറപ്പുവരുത്തി വലിയതോതിലുള്ള വരുമാന വർദ്ധന സാധ്യമാക്കുന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി തടിയിതര വിഭവങ്ങളുടെ ലഭ്യതയും അതിന്റെ വിപണി ആവശ്യകതയും സംബന്ധിച്ച് പഠനം നടത്തുന്നതിനും വനവിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും അതിന് ആവശ്യമായ പരിശീലനം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനം വകുപ്പിന്റെ വിവിധ ഡിവിഷനുകളിലെ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. ഇത്തരത്തിൽ ഓരോ ഡിവിഷന്റെയും വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾക്കനുസൃതമായി തടി ഉൾപ്പെടെയുള്ള വിവിധ ജീവനോപാധി മാർഗ്ഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തു ന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. 2018-19 വർഷത്തിൽ വനം വകുപ്പിന്റെ വിവിധ ഡിപ്പോകൾവഴി ഉദ്ദേശ്യം 200 കോടി രൂപയുടെ വരുമാനം ചന്ദനമുൾപ്പെടെയുള്ള തടി വിൽപ്പനയിലൂടെ പ്രതീക്ഷിക്കുന്നു. 2019-20 വർഷത്തിൽ 250 കോടി രൂപ തടി വിൽപ്പനയിലൂടെ വരുമാനം പ്രതീക്ഷിക്കുന്നു. 2018 ആഗസ്റ്റ് മാസം മുതൽ വനം വകുപ്പിന്റെ തെരഞ്ഞെടുത്ത 6 ഡിപ്പോകൾവഴി ചന്ദനം ചില്ലറ വിലപ്പന നടത്തിവരുന്നു. 358.22 കിലോ ചന്ദനം ചില്ലറവിൽപ്പനവഴി വിറ്റിട്ടുള്ളതാണ്.

വനം വകുപ്പിലെ വിവിധ ടെറിട്ടോറിയൽ ഡിവിഷനുകളിൽനിന്നും അംഗീകൃത വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾക്കനുസരണമായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനും പരമ്പരാഗത പനമ്പ്നെയ്ത്ത് തൊഴിലാളികൾക്കും ഗോത്രവർഗ്ഗ ഈറ്റവെട്ട് തൊഴിലാളികൾക്കും തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 2018 വർഷത്തിൽ 9700 മെട്രിക് ടൺ ഈറ്റ അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ, പ്രാദേശിക അടിസ്ഥാനത്തിൽ ഈറ്റ, മുള എന്നിവ സർക്കാർ ഉത്തരവ് (കൈ.) 3/2018/വനം തീയതി 9-2-2018 പ്രകാരം വർക്കിംഗ് പ്ലാൻ നിർദ്ദേശാനുസരണം നിയമാനുസൃതമായി നൽകിവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 31-12-2018 വരെ വനം വകുപ്പ് 194.51 കോടി രൂപ റവന്യൂ വരുമാനമായി സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുള്ളതാണ്.

കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ശബരിമലയിലെ പമ്പയിൽ ഉദ്ദേശ്യം 90000 ക്യൂബിക് മീറ്റർ മണൽ അടിഞ്ഞുകൂടിയിട്ടുണ്ട്. ഇങ്ങനെ അടിഞ്ഞുകൂടിയ മണൽ വിൽപ്പനയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതിക്കുവേണ്ടി എഴുതിയിട്ടുള്ളതാണ്. കേന്ദ്രാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ മണൽ വിൽപ്പനയിലൂടെ ഉദ്ദേശ്യം 25 കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നു. വനത്തിനുള്ളിൽ വീണുകിടക്കുന്ന വിലപിടിപ്പുള്ള തടികൾ വർക്കിംഗ് പ്ലാൻ നിബന്ധനകൾക്കനുസൃതമായി ശേഖരിച്ച് വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 2018 വർഷത്തിൽ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോമിസ്, അക്കേഷ്യ മാഞ്ചിയം, വാറ്റിൽ എന്നിവ ശേഖരിക്കുന്നതിന് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന് അനുമതി നൽകിയിരുന്നുവെങ്കിലും ശേഖരണം നടന്നിട്ടില്ല. 2019-20 വർഷമുതൽ അക്കേഷ്യ ഓറിക്കുലിഫോമിസ്, അക്കേഷ്യ മാഞ്ചിയം, വാറ്റിൽ എന്നീ ഇനങ്ങൾ ഓപ്പൺ ഓക്ഷൻ വഴി വിൽപ്പന നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കാനുദ്ദേശിക്കുന്നു.

വനവിഭവ ശേഖരണവും വിപണനവും വനാശ്രിതരായ പട്ടികവർഗ്ഗക്കാരുടെ പ്രധാന ജീവനോപാധി മാർഗ്ഗമാണ്. വനാവകാശ നിയമം 2006-ൽ നിലവിൽവന്നതോടെ വനവിഭവ ശേഖരണവും വിപണനവും പട്ടികവർഗ്ഗക്കാരുടെ അവകാശമാണ്. കേരളത്തിലെ വനങ്ങളിൽനിന്നും വനവിഭവങ്ങൾ ശേഖരിക്കുന്നതിനായി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വർഷംതോറും അനുവാദം നൽകിവരുന്നു. ഇത്തരത്തിൽ ഏകദേശം 145 ഇനങ്ങൾ വനത്തിൽനിന്നും ശേഖരിക്കുന്നതിനാണ് അനുവാദം നൽകിവരുന്നത്. വനവിഭവങ്ങൾ പട്ടികവർഗ്ഗക്കാർ നേരിട്ടും പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ വഴിയും വിപണനം ചെയ്തുവരുന്നു. വനവിഭവങ്ങൾ പട്ടികവർഗ്ഗക്കാർതന്നെ ഇടനിലക്കാരുടെ ഇടപെടൽ ഇല്ലാതെ നേരിട്ട് വിപണനം ചെയ്യുന്നതുമൂലം ടി ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനും അതുവഴി വരുമാന വർദ്ധനവിനും കൂടുതൽ ലാഭം ലഭിക്കുന്നതിനും ഇടവരുത്തുന്നു. വനവിഭവ വിപണനത്തിനായി "വനശ്രീ" പദ്ധതി വനം വകുപ്പ് നടപ്പാക്കിവരുന്നു. രണ്ട് മൊബൈൽ യൂണിറ്റുകളും 35 ഇക്കോ ഷോപ്പുകളും വഴി ഉൽപ്പന്നങ്ങൾ വിതരണം ചെയ്തുവരുന്നു. വനശ്രീ ഉൽപ്പന്നങ്ങളുടെ നിലവിലെ വലിയ തോതിലുള്ള സ്വീകാര്യതയും മാറിയ വിപണന സാഹചര്യങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുമായി കേന്ദ്ര പട്ടികവർഗ്ഗ വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ട്രൈബൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡെവലപ്മെന്റ് ഫെഡറേഷൻ ഓഫ് ഇൻഡ്യ (TRIFED)വഴി വനശ്രീ ഉല്പന്നങ്ങളും തിരിച്ചും വിപണനം ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്കായി കരാർ ചെയ്തിട്ടുണ്ട്. കൂടാതെ വനശ്രീ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനത്തിനായുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) വനവിഭവങ്ങൾക്ക് കൂടുതൽ മാർക്കറ്റ്, വില എന്നിവ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് വനം വകുപ്പ് 'വനശ്രീ' പദ്ധതി നടപ്പാക്കിവരുന്നത്. തനത്

ഉൽപ്പന്നങ്ങളുടെയും മറ്റ് ഏജൻസികളുടെയും വിഭവങ്ങൾ വനശ്രീവഴി വിറ്റഴിക്കുന്നതിലൂടെ കൂടുതൽ വിപണിയും ലാഭവും വനശ്രീ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ഇത്തരത്തിൽ വനവിഭവ വിപണനംവഴി ഏകദേശം 6.50 കോടി രൂപയുടെ വിറ്റുവരവ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വനശ്രീ ഇക്കോ ഷോപ്പുകൾക്ക് ലഭിച്ചിട്ടുണ്ട്. വിഭവ വിപുലീകരണത്തിനും കൂടുതൽ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുമായി TRIFED പോലെയുള്ള സ്ഥാപനങ്ങളുമായി ഒപ്പംചേർന്ന് പ്രവർത്തിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതുവഴി വിപണന സാധ്യതകൾ വലിയ തോതിൽ വിപുലീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

വനം വകുപ്പിനുകീഴിൽ 60 ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇവ വനാശ്രിതരായ പട്ടികവർഗ്ഗക്കാരുൾപ്പെടെയുള്ളവർക്ക് ജീവനോപാധിയായി നിലനിൽക്കുന്നു.

(സി) തടിയിതര വിഭവങ്ങളുടെ ലഭ്യതയും അതിന്റെ വിപണി ആവശ്യകതയും സംബന്ധിച്ച് പഠനം നടത്തുന്നതിനായി സെന്റർ ഫോർ ഡെവലപ്മെന്റ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ റിപ്പോർട്ടിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്ര ഔഷധ സസ്യ ബോർഡിന്റെ ധനസഹായത്തോടെ വനവിഭവങ്ങളുടെ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയ്ക്ക് ആവശ്യമായ വിവിധ ഉപകരണങ്ങൾ, സാങ്കേതിക സഹായങ്ങൾ, പരിശീലന പരിപാടികൾ എന്നിവ വനസംരക്ഷണ സമിതികൾക്കും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾക്കും ഏർപ്പെടുത്തിയിട്ടുള്ളതാണ്.

**ഗ്രേറ്റ് വൈൽഡ് ലൈഫ് കോറിഡോർ നിർമ്മിക്കുന്നതിന് നടപടി**

30 (*240) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യരും വന്യജീവികളും തമ്മിലുണ്ടാകുന്ന സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വന്യജീവികളുടെ, പ്രത്യേകിച്ചും ആനകളുടെ സ്വതന്ത്രമായ സഞ്ചാരത്തിനായി വനഭാഗങ്ങളെയും മനുഷ്യവാസ പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന 'ഗ്രേറ്റ് വൈൽഡ് ലൈഫ് കോറിഡോർ' നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) വനാന്തരങ്ങളിലും വനത്തിന്റെ പ്രാന്തപ്രദേശങ്ങളിലും താമസിക്കുന്ന അഞ്ഞൂറ് കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) വനങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനും വനങ്ങൾ ശുചീകരിക്കുന്നതിനുമായി പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് എന്ന പേരിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) മനുഷ്യരും വന്യജീവികളും തമ്മിലുണ്ടാകുന്ന സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വന്യജീവികളുടെ പ്രത്യേകിച്ചും ആനകളുടെ സ്വതന്ത്രമായ സഞ്ചാരത്തിനായി വനഭാഗങ്ങളെയും മനുഷ്യവാസ പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഗ്രേറ്റ് വൈൽഡ് ലൈഫ് കോറിഡോർ നിർമ്മിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ട്. വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇൻഡ്യ പ്രസിദ്ധീകരിച്ച 'റൈറ്റ് ഓഫ് പാസ്സേജ്-എലിഫന്റ് കോറിഡോർസ് ഓഫ് ഇൻഡ്യ' എന്ന പുസ്തകത്തിൽ കേരളത്തിൽ 7 ആനത്താരകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. കോട്ടിയൂർ-പേരിയ, ബേഗൂർ-ബ്രഹ്മഗിരി, നിലമ്പൂർ-അപ്പൻകാപ്പ്, പേരിയ-പക്രന്തളം, തിരുനെല്ലി-കദ്രക്കോട്, നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം, മുതുമലൈ-നിലമ്പൂർ വഴി ഒ വാലി എന്നിവയാണ് 7 ആനത്താരകൾ. ഇതിൽ തിരുനെല്ലി-കദ്രക്കോട് ആനത്താരയ്ക്കുവേണ്ടിയുള്ള 18 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും റിസർവ് വനമായി വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. കോട്ടിയൂർ-പേരിയ, ബേഗൂർ-ബ്രഹ്മഗിരി, നിലമ്പൂർ-അപ്പൻകാപ്പ്, പേരിയ-പക്രന്തളം എന്നീ 4 ആനത്താരകളിൽ ആനകളുടെ സ്വതന്ത്രമായ സഞ്ചാരപഥത്തിനായി 350.8937 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരും. നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം, മുതുമലൈ-നിലമ്പൂർ വഴി ഒ വാലി എന്നീ ആനത്താരകൾക്ക് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടില്ല.

(ബി) വന്യജീവി ആക്രമണം രൂക്ഷമായിട്ടുള്ള വയനാട് വന്യജീവി സങ്കേതത്തിൽ അധിവസിക്കുന്ന കുടുംബങ്ങളെ മാറ്റിപ്പാർക്കുന്നതിനുള്ള സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു. ആദ്യഘട്ടത്തിൽ വന്യജീവി സങ്കേതത്തിൽനിന്നും 800 കുടുംബങ്ങളെ 10 ലക്ഷം രൂപ വീതം നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനോടകം 332 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായിട്ടുണ്ട്. 59 കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കൂടാതെ, രണ്ടാംഘട്ട കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വന്യജീവി ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽനിന്നും 497 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി 4970 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

വന്യജീവി ആക്രമണം അതിരൂക്ഷമായ പ്രദേശങ്ങളിലും വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒറ്റപ്പെട്ട ജനവാസ മേഖലകളിൽനിന്നും കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നത് ഫലപ്രദമായ ഒരു പരിഹാര മാർഗ്ഗമാണ്. സംസ്ഥാനത്ത് ഇത്തരത്തിലുള്ള 37 പ്രദേശങ്ങളിൽനിന്നും 1861-ഓളം കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) വനങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനും വനങ്ങൾ ശുചീകരിക്കുന്നതിനുമായി പ്രോജക്റ്റ് ഗ്രീൻ ഗ്രാസ് എന്ന പദ്ധതി വിഭാവനം ചെയ്ത് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്ത് വനപ്രദേശങ്ങളിലും വനങ്ങളിലൂടെ കടന്നുപോകുന്ന സംസ്ഥാന-അന്തർ സംസ്ഥാന ദേശീയ പാതയോരങ്ങളിലുമായി 125 മാലിന്യ നിക്ഷേപ പ്രദേശങ്ങൾ കണ്ടെത്തുകയും അതാത് സ്ഥലങ്ങളിലെ ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളും വനസംരക്ഷണ സമിതികളുമായി ചേർന്ന് ശുചീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി മൂന്നാർ വനം ഡിവിഷനിലെ നേര്യമംഗലം റെയ്ഞ്ചിൽ എക്സ്-സർവ്വീസ് മെൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## പട്ടികവിഭാഗത്തിൽപ്പെടുന്നവർക്കുള്ള പുനരധിവാസ പദ്ധതികൾ

1 (2539) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതികൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ;

(ബി) പ്രസ്തുത പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മിക്കുന്നതിനായി ആലത്തൂർ നിവാസികളുടെ എത്ര അപേക്ഷകളാണ് വകുപ്പിന് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) എത്ര പേർക്ക് വീടുകൾ നൽകിയിട്ടുണ്ടെന്നും, ഇനി എത്ര വീടുകൾ അനുവദിക്കേണ്ടതുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ)

പട്ടികജാതി വികസന വകുപ്പ് :

ആലത്തൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പ്രളയത്തിൽ തകർന്ന 36 വീടുകളാണുള്ളത്. വീട് നഷ്ടപ്പെട്ടവർക്ക് വകുപ്പ് മുഖേന നൽകുന്ന അടിയന്തര സഹായമായ 5,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. പുതിയ വീട് അനുവദിക്കുന്നതിന് റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u> :

കഴിഞ്ഞ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട ആലത്തൂർ നിയോജകമണ്ഡലത്തിലെ കവിളുപാറ കോളനിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 15 ഗുണഭോക്താക്കളുടെ വീടുകൾ വാസയോഗ്യമല്ലാത്തതായും 13 ഗുണഭോക്താക്കളുടെ വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. വീടുകൾ വകുപ്പിന്റെ ഭവനനിർമ്മാണ പദ്ധതിയിൽപ്പെടുത്തി വാസയോഗ്യമാക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി)

<u>പട്ടികജാതി വികസന വകുപ്പ്:</u>

നിലവിൽ 11 അപേക്ഷകളാണ് വകുപ്പിന് ലഭിച്ചിട്ടുള്ളത്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u> :

ഭവനനിർമ്മാണത്തിനായി 5 അപേക്ഷകളും ഭവന നവീകരണത്തിനായി 13 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

## കോങ്ങാട് മണ്ഡലത്തിലെ വികസന പദ്ധതികൾ

2 (2540) <u>ശ്രീ. കെ. വി.വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വിവിധ പട്ടികജാതി-പട്ടികവർഗ്ഗ വികസന പദ്ധതികളുടെ തുക ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ നൽകുമോ;

(ബി) ഓരോ പദ്ധതിയുടെയും പുരോഗതിയും വിവരങ്ങളും നൽകാമോ?

<u>ഉത്തരം</u>

(എ&ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി

3 (2541) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം എത്രയായിരുന്നു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആയത് നിലവിൽ എത്ര; വ്യക്തമാക്കുമോ;

(സി) ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകാൻ ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു; എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ശരാശരി എത്ര സെന്റ് വീതംനല്കി; വ്യക്തമാക്കുമോ;

(ഡി) ശേഷിക്കുന്ന മുഴുവൻ ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്കും ഭൂമി വാങ്ങി നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര പട്ടികജാതി കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമിയുടെ കൈവശരേഖ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) 45225.

(ബി) 34642.

(സി) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെയായി 10583 കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിനായി 332498.91 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ശരാശരി 5 സെന്റും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റ് ഭൂമിയുമാണ് വിതരണം ചെയ്യുന്നത്.

(ഡി) സംസ്ഥാനത്തിന്റെ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന തുകയ്ക്ക് അനുസൃതമായി ധനസഹായം അനുവദിക്കുന്നതാണ്.

(ഇ) പട്ടികജാതി വികസന വകുപ്പിൽനിന്നും കൈവശരേഖ അനുവദിക്കുന്നില്ല.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സർവ്വേ**

4 (2542) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക നിലവാരവും ജീവിതരീതികളും സംബന്ധിച്ച സർവ്വേയും അതിന്റെ അവലോകനവും നടത്താറുണ്ടോ; വിശദമാക്കുമോ;

(ബി) അവസാനം നടത്തിയ സർവ്വേയിൽ കണ്ട പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളുടെ ജനസംഖ്യാ വർദ്ധനവ്, ജനസംഖ്യ സംബന്ധിച്ച സവിശേഷ വിവരങ്ങൾ എന്നിവ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിഭാഗങ്ങളുടെ ജനസംഖ്യാ വിവരങ്ങളും സാമൂഹിക-സാമ്പത്തിക അവസ്ഥയും ജീവിതനിലവാരവും സംബന്ധിച്ച വിവരങ്ങൾ സംസ്ഥാനത്തിന്റെ വികസന പദ്ധതികളിലേക്ക് സമന്വയിപ്പിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗങ്ങളുടെ വിദ്യാഭ്യാസം, തൊഴിലവസരങ്ങൾ, തൊഴിൽ സാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച സർവ്വേകൾ നടത്താറുണ്ടോ; ഇത്തരം വിവരങ്ങൾ വിശകലനം ചെയ്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ വിശദമാക്കുമോ;

(ഇ) പ്രസ്തുത വിഭാഗങ്ങളുടെ ആരോഗ്യസ്ഥിതിയെ സംബന്ധിച്ചും ജീവിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ചുമുള്ള വിവരങ്ങൾ ശേഖരിക്കുന്നുണ്ടോ; സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത വിഭാഗങ്ങളുടെ സംവരണ ആനുകൂല്യം എല്ലാ ഉപവിഭാഗങ്ങൾക്കും ജനസംഖ്യാടിസ്ഥാനത്തിൽ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തികസ്ഥിതിയും ജീവിതനിലവാരവും സംബന്ധിച്ച അവലോകനം നടത്തുന്നതിന് 2008-10 കാലയളവിൽ സാമൂഹിക സാമ്പത്തിക സർവ്വേ നടത്തിയിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ അന്തിമ സർവ്വേ റിപ്പോർട്ട് 2013-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക നിലവാരങ്ങളും ജീവിത രീതികളും സംബന്ധിച്ച കൃത്യമായ അവലോകനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. സർവ്വേയിൽ കാലോചിതമായി മാറ്റങ്ങൾ വരുത്തി പുതിയ സാമൂഹിക സാമ്പത്തിക സർവ്വേ (ഇ-സർവ്വേ) 2018 കാലയളവിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സർവ്വേയിൽ ജനസംഖ്യാ വർദ്ധനവ് സംബന്ധിച്ച താരതമ്യ പഠനം നടത്തിയിട്ടില്ല. 2001, 2011 വർഷങ്ങളിലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികജാതി ജനസംഖ്യ യഥാക്രമം ആകെ ജനസംഖ്യയുടെ 9.8 ശതമാനത്തിൽനിന്നും 9.1 ശതമാനമായി കുറയുകയാണുണ്ടായിട്ടുള്ളത്.

2009-10-ലെ കില സർവ്വേ പ്രകാരം പട്ടികജാതി ജനസംഖ്യ സംബന്ധിച്ച സവിശേഷ വിവരങ്ങൾ ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

സംസ്ഥാനത്ത് ആകെ 564329 പട്ടികജാതി കുടുംബങ്ങൾ വസിക്കുന്നു. പട്ടികജാതി കുടുംബങ്ങളും ജനസംഖ്യയും ഏറ്റവും കൂടുതലുള്ളത് പാലക്കാട് ജില്ലയിലും ഏറ്റവും കുറവ് വയനാട് ജില്ലയിലുമാണ്. ഏറ്റവും കുറവ് ജനസംഖ്യയുള്ള ഉപവിഭാഗങ്ങൾ നേരിയൻ, ബതഡ, സമഗാര, മൈല, പുതിരൈ വണ്ണാൻ, ഡോംബൻ, മണ്ടാല എന്നിവയാണ്. ഏറ്റവും ദുർബല വിഭാഗങ്ങളായി കണ്ടെത്തിയിട്ടുള്ള അഞ്ച് കമ്മ്യൂണിറ്റികൾ അരുന്ധതിയാർ/ ചക്കിലിയാർ, കള്ളാടി, നായാടി, വേടൻ എന്നിവയാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് അവസാനം നടത്തിയ സർവ്വേ പ്രകാരം 426208 പട്ടികവർഗ്ഗക്കാരാണുള്ളത്. 107965 കുടുംബങ്ങളുണ്ട്. ഇത് ജനസംഖ്യയുടെ 1.28 ശതമാനമാണ്. എന്നാൽ 2011-ലെ സെൻസസ് പ്രകാരം പട്ടികവർഗ്ഗ ജനസംഖ്യ 4,84,839 ആണ്. ഇത് ജനസംഖ്യയുടെ 1.45 ശതമാനമാണ്.

<u>സർവ്വേയുടെ സവിശേഷതകൾ :</u>

1. പട്ടികവർഗ്ഗ ജനസംഖ്യ ഏറ്റവും കൂടുതലുള്ള ജില്ല വയനാടാണ്. ഇത് ആകെ പട്ടികവർഗ്ഗ ജനസംഖ്യയുടെ 18.76 ശതമാനമാണ്. ഇടുക്കി ജില്ലയാണ് രണ്ടാം സ്ഥാനത്തുള്ളത്.

2. പട്ടികവർഗ്ഗ വിഭാഗങ്ങൾ ഏറ്റവും കൂടുതലുള്ള ജില്ലകൾ വയനാട്, ഇടുക്കി, കാസർഗോഡ്, പാലക്കാട് എന്നിവയാണ്.

3. കേരളത്തിൽ 4762 പട്ടികവർഗ്ഗ കോളനികൾ നിലവിലുണ്ട്.

4. സ്ത്രീ പുരുഷ അനുപാതം 1000:1031.

5. സാക്ഷരതാ നിരക്ക് 74.44% ആണ്.

6. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ ആളുകൾ പണിയർ സമുദായത്തിലാണ്. കുറവുള്ളത് മഹാമനസർ സമുദായത്തിലുമാണ്.

7. പ്രാക്തന ഗോത്രവർഗ്ഗം പട്ടികവർഗ്ഗ ജനസംഖ്യയിൽ 6.17 ശതമാനമാണ്. ചോലനായ്ക്കരാണ് ഈ വിഭാഗത്തിൽ ഏറ്റവും കൂടുതലുള്ളത്.

(സി) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പട്ടികജാതി ഉപപദ്ധതി വിഹിതം സംസ്ഥാനത്തെ പട്ടികജാതി ജനസംഖ്യയുടെ ശതമാനത്തേക്കാളും ഉപരിയായി ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ എസ്.സി.പി. ബഡ്ജറ്റ് വിഹിതം 9.81 ശതമാനമായിരുന്നപ്പോൾ പട്ടികജാതി ജനസംഖ്യാ പ്രാതിനിധ്യം 9.1 ശതമാനമായിരുന്നു. പട്ടികജാതി വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ജീവിതനിലവാരം ഉയർത്തുന്നതിനുമുള്ള വിവിധ പദ്ധതികൾ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്.

അതുപോലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ മൊത്തം ജനസംഖ്യയുടെ 1.45 ശതമാനമാണ്. എന്നാൽ ജനസംഖ്യാനുപാതത്തിന് മുകളിലാണ് ബഡ്ജറ്റിൽ ഈ വിഭാഗത്തിന് തുക വകയിരുത്തുന്നത്. ജനസംഖ്യാ കണക്കുകളുടെയും സർവ്വേ റിപ്പോർട്ടിന്റെയും പട്ടികവർഗ്ഗ ജില്ലാതല ഉദ്യോഗസ്ഥരുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ ആവശ്യകത മനസ്സിലാക്കിയാണ് നടപ്പിലാക്കുന്നത്.

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നഴ്സറിതലം മുതൽ പ്രൊഫഷണൽ കോഴ്സുകൾ വരെ മെച്ചപ്പെട്ട വിദ്യാഭ്യാസം സംസ്ഥാനത്തിനകത്തും/പുറത്തും ലഭിക്കുന്നതിനുള്ള പദ്ധതികൾ/വിവിധവിദ്യാഭ്യാസധനസഹായങ്ങൾ/പ്രോത്സാഹനസമ്മാനങ്ങൾ/ട്രെയിനിംഗുകൾ എന്നിവ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങളുള്ള കോഴ്സുകൾ കണ്ടെത്തി അവയ്ക്കുള്ള പരിശീലനവും വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭിക്കുന്നതടക്കമുള്ള പദ്ധതികളും നടത്തുന്നുണ്ട്.

(ഇ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് "ഹെൽത്ത് കെയർ സ്കീം " എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി മുഖേന 29 പട്ടികജാതി സങ്കേതങ്ങളിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ, മെഡിക്കൽ ക്യാമ്പുകൾ, ഡി-അഡിക്ഷൻ പ്രോഗ്രാമുകൾ, മാരക രോഗങ്ങൾ ബാധിച്ചവർ, അത്യാഹിതങ്ങളിൽപ്പെട്ടവർ എന്നിവർക്കുള്ള ആരോഗ്യ സുരക്ഷ പദ്ധതി, വ്യക്തിഗത ചികിത്സാ ധനസഹായം, മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന പട്ടികജാതി കുടുംബങ്ങൾക്കുള്ള ധനസഹായം, പാലിയേറ്റീവ് കെയർ മുതലായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആധുനിക വൈദ്യസഹായം എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുക

എന്ന ലക്ഷ്യത്തോടെ ഡോക്ടർ, പാരാമെഡിക്കൽ സേവനം ഉൾപ്പെടെ എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ സംസ്ഥാനമൊട്ടാകെ 2017-18 മുതൽ പ്രവർത്തനമാരംഭിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ കണ്ടുവരുന്ന രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, പകർച്ചവ്യാധികൾ, വിളർച്ച പോലുള്ള അസുഖങ്ങൾ എന്നിവ നിയന്ത്രണവിധേയമാക്കുന്നതിനും ഗർഭിണികളായ സ്ത്രീകൾക്ക് വിദഗ്ധ പരിശോധന സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ആരോഗ്യമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നത്. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എല്ലാ ദിവസങ്ങളിലും ഓരോ കോളനികൾ സന്ദർശിച്ച് ചികിത്സാവിധികൾ നിശ്ചയിച്ച് മരുന്ന് നൽകുന്നതും വിദഗ്ധ ചികിത്സ ആവശ്യമായവർക്ക് താലൂക്ക് - ജില്ലാ ആശുപത്രികളിൽവഴി ചികിത്സ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇതുകൂടാതെ താഴെപ്പറയുന്ന വിവിധ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു:

- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി
- ആയുർവ്വേദ ഡിസ്പെൻസറികൾ, അലോപ്പതി, ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ
- അട്ടപ്പാടിയിൽ പാചകംചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി
- വനിതാ ശിശുവികസന വകുപ്പിനു കീഴിൽ കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.

(എഫ്) ഏറ്റവും പരിഗണനയർഹിക്കുന്ന ദുർബല വിഭാഗങ്ങളായ 5 ഉപവിഭാഗങ്ങൾക്കു വേണ്ടി മാത്രമായി (വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്ലിയർ) പ്രത്യേക പദ്ധതി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പട്ടികഗോത്രവർഗ്ഗക്കാർക്ക് സർക്കാർ സർവ്വീസിൽ

നിലവിൽ 2 ശതമാനം സംവരണമാണുള്ളത്. എന്നാൽ പട്ടികവർഗ്ഗ വിഭാഗത്തിനായി നീക്കിവയ്ക്കപ്പെട്ട ഒഴിവുകളിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യവും നിലനിൽക്കുന്നു. ഇത് പരിഹരിക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികവിഭാഗക്കാരുടെ ക്ഷേമ പദ്ധതികൾ**

5 (2543) ശ്രീ. ആന്റണി ജോൺ :

ശ്രീ. കെ. ആൻസലൻ :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. & എസ്.റ്റി. വികസന കോർപ്പറേഷൻ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കായി എന്തെല്ലാം വായ്പാ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; അറിയിക്കാമോ;

(ബി) വിവിധ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ സാധിക്കാതെ കടക്കെണിയിലായ ഈ വിഭാഗക്കാരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് ഈ സർക്കാർ കടാശ്വാസ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് കടാശ്വാസത്തിനായി നൽകിയ അപേക്ഷകളിൽ പണം നൽകാത്തതിനാൽ തീർപ്പാക്കാതെ കിടന്ന അപേക്ഷകൾ പരിഗണിച്ച് കടാശ്വാസം അനുവദിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി&സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 48591 പട്ടികജാതി വിഭാഗക്കാരുടെ വായ്പാ കുടിശ്ശികയിനത്തിൽ 92,16,83,055.57 രൂപയും മുൻ സർക്കാരിന്റെ കാലത്ത് കടാശ്വാസത്തിനായി നൽകിയ അപേക്ഷകളിൽ തീർപ്പാകാതെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കിടന്ന 1353 പട്ടികവർഗ്ഗക്കാരുടെ വായ്പാ കുടിശ്ശികയിനത്തിൽ 3,45,75,612 രൂപയും എഴുതിത്തള്ളിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽനിന്നും 5,00,000 രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടി എത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും പിഴപ്പലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് 20-8-2016-ലെ സ.ഉ.(അ) 118/16/ധന പ്രകാരമുള്ള ബഹു. മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി നിലവിലുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ വിവിധ സ്ഥാപനങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾ എഴുതിത്തള്ളിക്കൊണ്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറപ്പെടുവിച്ചിട്ടുള്ള 16-10-2014-ലെ സ.ഉ.(കൈ.) 74/14/പ.ജ.പ.വ.വി.വ. 30-3-2015-ലെ സ.ഉ. (അ) 24/2015/പ.ജ.പ.വ.വി.വ., 1-10-2015-ലെ സ.ഉ.(അ) 71/15/പ.ജ.പ.വ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഇപ്പോഴും നൽകിവരുന്നു.

## കൊയിലാണ്ടി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

6 (2544) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുവഴി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ പ്രസ്തുത വകുപ്പുവഴി നടപ്പിലാക്കാനുദ്ദേശിക്കുന്നതും ഡി.പി.ആർ. തയ്യാറാക്കിയതുമായ പ്രവൃത്തികളുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് കോർപ്പസ് ഫണ്ട് 2018-19 ഉപയോഗപ്പെടുത്തി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | അംഗീകരിച്ച തുക |
|---|---|---|---|
| 1 | ചെറുവാനത്ത് മീത്തൽ കോളനി റോഡ്, ഫുട്പാത്ത്, കിണർ നിർമ്മാണം | മൂടാടി | 25 ലക്ഷം |
| 2 | മഞ്ഞളാട്കുന്ന് എസ്.സി. കോളനി റോഡ് ടാറിംഗ് | കൊയിലാണ്ടി | 15 ലക്ഷം |
| 3 | അരങ്ങിൽ എസ്.സി. കോളനി റോഡ് സോലിംഗ് & ടാറിംഗ് | ചേമഞ്ചേരി | 25 ലക്ഷം |

(ബി) ഒന്നുംതന്നെയില്ല.

## പട്ടികജാതിക്കാരുടെ ഉന്നമനത്തിനുള്ള പ്രധാന പദ്ധതികൾ

7 (2545) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണ്; അവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഭവന നിർമ്മാണ പദ്ധതിയുടെയും ഭൂമി വാങ്ങുന്ന പദ്ധതിയുടെയും പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ; ഈ സർക്കാർ അധികാരത്തിലെത്തിയശേഷം എത്ര വീടുകൾ പൂർത്തീകരിക്കാനായിട്ടുണ്ട്; വിശദമാക്കുമോ ;

(സി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ഡി) പട്ടികജാതി കോളനികളിലെ സൗകര്യം വർദ്ധിപ്പിക്കാനുള്ള അംബേദ്കർ ഗ്രാമ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി
2. ഭവനരഹിതർക്ക് ഭവനം, പഠനമുറി
3. പട്ടികജാതി വിഭാഗത്തിലെ ദുർബ്ബല വിഭാഗത്തിനുള്ള വികസന പരിപാടികൾ
4. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്
5. മരാമത്തും കെട്ടിടവും
6. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും
7. പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായക വിടവ് നികത്തൽ പദ്ധതി)
8. പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം
9. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം
10. വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃക റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്
11. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം
12. തൊഴിലിനും പരിശീലനത്തിനും മാനവവിഭവശേഷി വികസനത്തിനുമുള്ള സഹായം
13. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് - എസ്.സി.പി. (51% സംസ്ഥാന വിഹിതം)
14. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം)
15. പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)
16. ആരോഗ്യ സംരക്ഷണ പദ്ധതി
17. വാത്സല്യനിധി പദ്ധതി
18. എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ
19. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ

    (a) പ്രധാനമന്ത്രി ആവാസ് യോജന [പ്രത്യേക ഘടക പദ്ധതി (40% സംസ്ഥാന വിഹിതം)]

(b) എൻ.ആർ.എൽ.എം. (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (40% സംസ്ഥാന വിഹിതം)

20. പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം കൂടാതെ താഴെപ്പറയുന്ന 100% കേന്ദ്രധനസഹായത്തോടെയുള്ള പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നു.

21. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

22. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

23. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന

24. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ

25. 9-ഉം 10-ഉം ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)

26. നാഷണൽ കർമ്മചാരി ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NSKFDC)

27. വെഞ്ച്വർ കാപ്പിറ്റൽ ഫണ്ട് ഫോർ എസ്.സി.

28. ക്രെഡിറ്റ് എൻഹാൻസ്മെന്റ് ഗാരണ്ടി സ്കീം ഫോർ എസ്.സി.

29. അസിസ്റ്റൻസ് റ്റു വോളിയന്ററി ഓർഗനൈസേഷൻ വർക്കിംഗ് ഫോർ വെൽഫെയർ ഓഫ് എസ്.സി.

30. പ്രധാനമന്ത്രി ആദർശ ഗ്രാമ യോജന പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. വിവിധ പദ്ധതികളുടെ പുരോഗതി മന്ത്രിതലത്തിലും ഡയറക്ടറേറ്റ് തലത്തിലും ജില്ലാതലത്തിലും അവലോകനയോഗം ചേർന്ന് വിലയിരുത്തിവരുന്നു.

(ബി) വകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി 2007-08 മുതൽ 2017-18 വരെ 98152 പേർക്കും ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം 2016-17 മുതൽ 2018-19 വരെ 10583 കുടുംബങ്ങൾക്കും ധനസഹായം നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 വർഷം 14906 വീടുകൾ അനുവദിച്ചതിൽ 10760 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 വർഷം അനുവദിച്ച 8895 വീടുകളിൽ 4897 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

2007-08 മുതൽ 2015-16 വരെ അനുവദിച്ചതിൽ പൂർത്തിയാകാതെ അവശേഷിച്ചതിൽ 9243 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പുതിയ വീടുകൾ അനുവദിച്ചിട്ടില്ല. വകുപ്പിന്റെ സ്പിൽഓവർ വീടുകളിൽ 3533 എണ്ണം ലൈഫ് മിഷൻ മാനദണ്ഡപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. സ്പിൽഓവർ വീടുകൾ ലൈഫ് മിഷൻ മാനദണ്ഡപ്രകാരം തുക അനുവദിച്ച് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പട്ടികജാതി കോളനികളിലെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിനായുള്ള അംബേദ്കർ ഗ്രാമപദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ത്വരിതപ്പെടുത്തുന്നതിന് അവലോകന യോഗങ്ങൾ കൃത്യമായി നടത്തുന്നുണ്ട്.

**മലയൻകാട് വെസ്റ്റ് പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ**

8 (2546) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017-ലെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ, ആലുവ നിയോജകമണ്ഡലത്തിലെ മലയൻകാട് വെസ്റ്റ് പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ആലുവ നിയോജകമണ്ഡലത്തിലെ മലയൻകാട് വെസ്റ്റ് പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവൃത്തികൾക്കായി 98,22,057 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിനായി കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് എന്ന നിർവ്വഹണ ഏജൻസിക്ക് 50,00,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതി പ്രവൃത്തികളുടെ ഉദ്ഘാടനം 1-10-2018-ന് ബഹു. എം.എൽ.എ. നിർവ്വഹിച്ചിട്ടുള്ളതും എസ്റ്റിമേറ്റ് പ്രകാരമുള്ള പദ്ധതികളിൽ സംരക്ഷണഭിത്തി നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ബി) ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കും.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം**

9 (2547) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ൽ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ആധാരം രജിസ്റ്റർ ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; എത്ര പേർക്ക് ധനസഹായം നൽകാൻ അവശേഷിക്കുന്നുണ്ട്; പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യും; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് ഭൂമി, പഠനമുറി, ഭവന നിർമ്മാണം എന്നിവയ്ക്ക് ധനസഹായം വിതരണം ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രളയ ബാധിതരായ പട്ടികജാതി വിഭാഗക്കാർക്കുള്ള കുടിശ്ശിക തുക ഈ സാമ്പത്തിക വർഷത്തിൽ പൂർണ്ണമായി വിതരണം ചെയ്യുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 3096 പേർക്ക് ധനസഹായം നൽകി. മറ്റ് വിവരം ജില്ലകളിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി) ധനസഹായം വിതരണം ചെയ്തുവരുന്നു.

(സി) ഈ സാമ്പത്തിക വർഷംതന്നെ വിതരണം ചെയ്യുന്നതാണ്. ആകെ 85174 പ്രളയബാധിത കുടുംബങ്ങളിൽ 66753 പേർക്കുള്ള ധനസഹായം അനുവദിച്ചുകഴിഞ്ഞു. മറ്റുള്ളവർക്ക് ഉടൻ നൽകുന്നതാണ്.

**ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ**

10 (2548) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം എത്രയായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) ആയത് നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാൻ ഈ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്; ഓരോ കുടുംബത്തിനും ശരാശരി എത്ര തുക വീതം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) അവശേഷിക്കുന്ന മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീട് നിർമ്മിച്ച് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ അത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 26210.

(ബി) ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് പ്രകാരം നിലവിൽ 22648 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുണ്ട്.

(സി)

| ഇനം | 2016-17 | 2017 -18 | 2018-19 |
|---|---|---|---|
| ചെലവഴിച്ച തുക | 234,50,09,800 | 395,43,35,036 | 226,77,60,675 |
| അനുവദിച്ച വീടുകൾ (പ്രയോജനം ലഭിച്ച കുടുംബങ്ങൾ) | 14906 | 8895 | --- |
| ഓരോ വീടിനും അനുവദിച്ച തുക | 3 ലക്ഷം | 4 ലക്ഷം | --- |

2018-19 മുതൽ ലൈഫ് മിഷൻ മുഖേനയാണ് പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നത് എന്നതിനാൽ പട്ടികജാതി വികസന വകുപ്പ് പ്രത്യേകമായി ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നില്ല. പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി പട്ടികജാതി വികസന വകുപ്പ് 61.30 കോടി രൂപ ലൈഫ് മിഷന് നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ വിവിധ ഭവന പദ്ധതികൾ ഏകോപിപ്പിച്ച് ലൈഫ് മിഷൻ എന്ന പേരിൽ സമ്പൂർണ്ണ ഭവന പദ്ധതി നടപ്പാക്കുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷം മുതൽ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ലിസ്റ്റിൽ നിന്നുള്ള ക്രമപ്രകാരം അനുവദിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം സത്വരം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വേങ്ങര മണ്ഡലത്തിലെ പദ്ധതികൾ**

11 (2549) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം വികസന പരിപാടി 2016-17 പ്രകാരം വെങ്കുളം എസ്.സി. കോളനി, നെല്ലിക്കാപ്പറമ്പ് എസ്.സി. കോളനി എന്നീ രണ്ട് കോളനികളെ തെരഞ്ഞെടുക്കുകയും ഒന്നാം ഗഡുവായി 50 ലക്ഷം രൂപ വീതം അനുവദിക്കുകയും ചെയ്തു.

(ബി) അംബേദ്കർ ഗ്രാമം വികസന പരിപാടി 2016-17 പദ്ധതിയിൽ ഉൾപ്പെട്ട വെങ്കുളം എസ്.സി. കോളനിയിലെ എസ്റ്റിമേറ്റ് ജില്ലാ നിർമ്മിതി കേന്ദ്രം സമർപ്പിച്ചിട്ടുണ്ട്. ഈ കോളനിയിൽ ഇന്റേണൽ റോഡ് & ഫുട്പാത്ത്, സോളാർ സ്ട്രീറ്റ് ലൈറ്റ്-മിനിമാസ്റ്റ്, ശ്മശാനത്തിന് സംരക്ഷണഭിത്തി നിർമ്മിക്കൽ, കമ്മ്യൂണിക്കേഷൻ ഫെസിലിറ്റീസ്, ഭവന പുനരുദ്ധാരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**പഠനമുറി നിർമ്മാണം**

12 (2550) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി നിർമ്മിച്ചുനൽകുന്ന പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ എത്ര അപേക്ഷകളാണ് ലഭിച്ചത്; ഇതിൽ എത്രപേർക്ക് പഠനമുറി നിർമ്മിച്ചുനല്കിയിട്ടുണ്ട് ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ പഠനമുറി പദ്ധതിക്കായി 2017-18 വർഷം 815 അപേക്ഷകളും 2018-19 വർഷം 580 അപേക്ഷകളും ലഭിച്ചു. 2017-18 വർഷം 815 പേർക്കും 2018-19 വർഷം 580 പേർക്കും പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2017-18-ൽ 275 എണ്ണം പൂർത്തിയായി.

(ബി) പഠനമുറി പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം 56,53,11,250 രൂപയും 2018-19 സാമ്പത്തിക വർഷം 86,46,31,633 രൂപയും ചെലവഴിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 14.59 കോടി രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

## പീരുമേട് നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി

13 (2551) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ നടത്തിവരുന്ന കോളനികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾക്ക് അനുവദിക്കപ്പെട്ട തുക, പ്രവൃത്തികൾ ടെൻഡർ ചെയ്ത തീയതി, പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ;

(ഡി) നിലവിൽ ഇടുക്കി ജില്ലയിൽ അംബേദ്കർ ഗ്രാമം പദ്ധതിയുടെ മേൽനോട്ട ചുമതല നിർവ്വഹിച്ചുവരുന്ന ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മുങ്കിലാർ, ലാൻഡ്രും - പത്മാപുരം കോളനികൾ.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) 60% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 15-3-2019-നകം എല്ലാ പദ്ധതികളും പൂർത്തീകരിക്കുമെന്ന് നിർമ്മാണ ഏജൻസിയായ ജില്ലാ നിർമ്മിതികേന്ദ്രം അറിയിച്ചിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട ബ്ലോക്കുതല പട്ടികജാതി വികസന ഓഫീസർമാരും ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസറുമാണ് ചുമതല നിർവ്വഹിക്കുന്നത്.

## ഹാംലെറ്റ് പദ്ധതി

14 (2552) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്തിൽപ്പെട്ട വാതിൽമട ഭൂദാനം കോളനിയിൽ ഹാംലെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ടെന്നും ഇതിലേക്കായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത ഫോറസ്റ്റ് ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഭാഗത്തുനിന്ന് ഉണ്ടായ ഗുരുതരമായ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാതിൽമട കോളനിയിലെ അവശേഷിക്കുന്ന പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ പയ്യാവൂർ പഞ്ചായത്തിലെ വാതിൽമട ഭ്രദാനം കോളനിയിൽ ഹാംലെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ശ്മശാനം നിർമ്മാണം, ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മാണം, വീരഭദ്ര ക്ഷേത്രത്തിന് ചുറ്റുമതിൽ നിർമ്മാണം, ഓപ്പൺ സ്റ്റേജ് ചുറ്റുമതിൽ നിർമ്മാണം, വായനശാല അറ്റകുറ്റപ്പണി, ആചാര്യ വിനോബഭാവെ സാംസ്കാരിക നിലയം അറ്റകുറ്റപ്പണി, ഇലക്ട്രിക്കൽ വർക്ക്, കിച്ചൺ, ടോയ്‌ലെറ്റ് നിർമ്മാണം, കിണർ നിർമ്മാണം, 16 വീടുകളുടെ അറ്റകുറ്റപ്പണി, കക്കൂസ് നിർമ്മാണം 25, 4 കുഴൽക്കിണർ നിർമ്മാണം, 10 കിണർ റിപ്പയർ എന്നീ പദ്ധതികൾക്ക് അംഗീകാരം നൽകിയിരുന്നു. ഇതിൽ വീരഭദ്ര ക്ഷേത്രത്തിന് ചുറ്റുമതിൽ നിർമ്മാണം, സാംസ്കാരിക നിലയം, ഇലക്ട്രിക്കൽ വർക്ക്, ഓപ്പൺ കിണർ നിർമ്മാണം, 5 കിണറുകളുടെ റിപ്പയർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്. നിർവ്വഹണ ഏജൻസിയായ എഫ്.ഐ.ടി.-ക്ക് ആകെ 52,39,311 രൂപ നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

15 (2553) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ ഇന്നുവരെ നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലം മുതൽ ഇന്നുവരെ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സ്വയംപര്യാപ്ത ഗ്രാമം, അംബേദ്കർ ഗ്രാമം പദ്ധതിയിൽ താഴെപ്പറയുന്ന കോളനികളിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

| സ്വയംപര്യാപ്തഗ്രാമം പദ്ധതി | അംബേദ്കർ ഗ്രാമം |
|---|---|
| 1. തോന്നയ്ക്കൽ കോളനി | 1. കരിക്കകത്ത് പട്ടികജാതി കോളനി |
| 2. അപ്പോളോ കോളനി | 2. എരുമല പട്ടികജാതി കോളനി |
| 3. സി.ആർ.പി.എഫ്., പള്ളിപ്പുറം | 3. പമ്മത്തിൻമൂല - ഫീസിബിളല്ല (പകരം പരിയാരം കുന്നുമുകൾ കോളനിയെ ബഹു. എം.എൽ.എ. ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും ഫീസിബിലിറ്റി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 4. നെടുമൺ മരുതൂർ കോളനി | |

(ബി)

| ക്രമ നമ്പർ | കോളനിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | തോന്നയ്ക്കൽ കോളനി (1,00,00,000) | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. 89,31,824 രൂപ ഏജൻസിയായ എഫ്.ഐ.റ്റി.ക്ക് അനുവദിച്ചു. |
| 2 | അപ്പോളോ കോളനി | കിണർ നിർമ്മാണം, വാട്ടർ ടാങ്കിന്റെ ഫൗണ്ടേഷൻ എന്നീ പ്രവൃത്തികൾ പൂർത്തിയായി. കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല. 25,00,000 രൂപ ഏജൻസിയായ സിഡ്കോയ്ക്ക് അനുവദിച്ചിട്ടുണ്ട്. |
| 3 | സി.ആർ.പി.എഫ്. പള്ളിപ്പുറം | കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം, ഓടയുടെ വശങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. വാട്ടർ ടാങ്ക് നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭിക്കാത്തതിനാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഏജൻസിയായ സിഡ്കോയ്ക്ക് 65,00,000 രൂപ അനുവദിച്ചിട്ടുണ്ട്. |
| 4 | നെടുമൺ മരുതൂർ (1,00,00,000) | റോഡ് വർക്ക്, റീട്ടെയ്നിംഗ് വാൾ എന്നിവ ഭാഗികമായി പൂർത്തീകരിച്ചു. കമ്മ്യൂണിറ്റി ഹാൾ, ഇലക്ട്രിക് പണികൾ, പ്ലംബിംഗ് & സാനിട്ടറി വർക്ക്, കൺസ്ട്രക്ഷൻ ഓഫ് കിച്ചൺ & ബൗണ്ടറി വാൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഏജൻസിയായ സിഡ്കോയ്ക്ക് 65,00,000 രൂപ അനുവദിച്ചിട്ടുണ്ട്. |
| 5 | കരിക്കകത്ത് പട്ടികജാതി കോളനി (1,00,00,000) | വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. 50 ലക്ഷം രൂപ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ചു. |
| 6 | എരുമല പട്ടികജാതി കോളനി (96,54,505) | വാട്ടർ അതോറിറ്റിയുടെ വർക്ക് 50% പൂർത്തീകരിച്ചിട്ടുണ്ട്. 50 ലക്ഷം രൂപ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ചു. |

**അംബേദ്കർ പദ്ധതി**

16 (2554) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ പശ്ചാത്തല വികസനത്തിനായുള്ള അംബേദ്കർ പദ്ധതി പ്രകാരം 2018-19-ൽ എസ്.സി.പി.യിലും, റ്റി.എസ്.പി.യിലും എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുകയിൽ എത്ര കോടി രൂപ 31-12-2018 വരെ ചെലവഴിച്ചു; അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അംബേദ്കർ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം എസ്.സി.പി.-യിൽ 100 കോടി രൂപ വകയിരുത്തിയിരുന്നു. പ്രളയത്തെത്തുടർന്ന് എല്ലാ വകുപ്പുകളിലും 20% പ്ലാൻ കുറവ് വരുത്തിയതിനെത്തുടർന്ന് പട്ടികജാതി വകുപ്പിൽ തത്തുല്യമായി കുറവ് വരുത്തുന്നതിന്റെ ഭാഗമായി ടി തുക 43 കോടിയായി കുറവ് ചെയ്തിട്ടുണ്ട്.

(ബി) ചെലവഴിച്ചിട്ടില്ല. ഏജൻസികൾ പണി പൂർത്തീകരിക്കുന്ന മുറയ്ക്കാണ് ചെലവ് വരുന്നത്.

**അംബേദ്കർ ഗ്രാമം പദ്ധതി**

17 (2555) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പട്ടികജാതി കോളനികളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ബി) വണ്ടൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ കോളനികളിലാണ് പദ്ധതി നടപ്പിലാക്കുന്നത്; എത്ര ശതമാനം പ്രവൃത്തികൾ ഇതിനകം പൂർത്തിയാക്കി;

(സി) പ്രവൃത്തികൾ ത്വരിതപ്പെടുത്തി വികസന പ്രവർത്തനങ്ങൾ അതിവേഗം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ?

## ഉത്തരം

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പട്ടികജാതി കോളനികളിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്.

1. ഇന്റേണൽ റോഡ്/ഫുഡ്പാത്ത്

2. ആശയ വിനിമയ സൗകര്യം

3. കുടിവെള്ള പദ്ധതി

4. ഡ്രെയിനേജ് സൗകര്യങ്ങൾ

5. വൈദ്യുതീകരണം/വീടുകളിൽ സോളാർ വൈദ്യുതീകരണം

6. സോളാർ തെരുവുവിളക്ക്

7. സാനിട്ടേഷൻ

8. ഭവന പുനരുദ്ധാരണം

9. മാലിന്യ നിർമ്മാർജ്ജനം

10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ / കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)

11. സംരക്ഷണഭിത്തി നിർമ്മാണം.

12. ഇറിഗേഷൻ ഫെസിലിറ്റീസ്

13. അടുക്കളത്തോട്ടം

14. വരുമാനദായക പദ്ധതികളായ ഡയറിയിംഗ് മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ, സെറികൾച്ചർ വീവിംഗ്/കരകൗശലം മുതലായ വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതികൾ.

(ബി) വണ്ടൂർ നിയോജകമണ്ഡലത്തിൽ നിന്നും കാളികാവ് ബ്ലോക്കിലെ വാരിയത്ത് എസ്.സി. കോളനി, വണ്ടൂർ ബ്ലോക്കിലെ ഷാരിയിൽ എസ്.സി. കോളനി എന്നീ കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. വാരിയത്ത് എസ്.സി. കോളനിയിൽ 40% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഷാരിയിൽ പട്ടികജാതി കോളനിയിൽ 25% പ്രവൃത്തി പൂർത്തീകരിച്ചുണ്ട്.

(സി) പ്രവൃത്തി ത്വരിതപ്പെടുത്തി വികസന പ്രവർത്തനങ്ങൾ അതിവേഗം പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി വിഭാഗക്കാർക്ക് ആനുകൂല്യങ്ങൾ**

**ലഭിക്കാനുള്ള കാലതാമസം**

18 (2556) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം പട്ടികജാതി വിഭാഗക്കാർക്ക് ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാതെ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) നടപ്പുസാമ്പത്തിക വർഷം പഠനമുറി, ഭവന നിർമ്മാണം എന്നീ പദ്ധതികളിൽ നിർമ്മാണം പൂർത്തീകരിക്കാത്തവർ എത്ര പേരുണ്ട്; അവർക്ക് നൽകാൻ കുടിശ്ശികയായ തുക എത്ര; പ്രസ്തുത പദ്ധതികളിൽ എന്നുമുതൽ തുക കുടിശ്ശികയായിട്ടുണ്ട്;വിശദമാക്കുമോ;

(സി) 2018-19 വർഷത്തിൽ ഭൂമി വാങ്ങൽ പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടില്ല.

(ബി) നടപ്പുവർഷം അനുവദിച്ച 5000 പഠനമുറികളിൽ 60 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 4940 പഠനമുറികളിൽ 3173 പേർക്ക് ഒന്നാം ഗഡുവും 950 പേർക്ക് രണ്ടാം ഗഡുവും 388 പേർക്ക് മൂന്നാം ഗഡുവും അനുവദിച്ചുനൽകിയിട്ടുണ്ട്. 2017-18 വർഷം സ്പിൽഓവർ ആയ പഠനമുറികൾക്ക് തുക അനുവദിക്കുന്നതിനാൽ തുക കുടിശ്ശികയായി അവശേഷിക്കുന്നില്ല. ഭവന നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം നടപ്പുവർഷം പുതിയ വീടുകൾ അനുവദിക്കുന്നില്ല സ്പിൽഓവർ വീടുകൾക്ക് തുക അനുവദിക്കുന്നുണ്ട്. വിവിധ കാലയളവുകളിൽ (2007-08 മുതൽ 2017-18 വരെ) അനുവദിച്ച 98152 വീടുകളിൽ 15403 വീടുകൾ ഇനിയും പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു. തുക കുടിശ്ശികയായി അവശേഷിക്കുന്നില്ല.

(സി) 2018-19 സാമ്പത്തിക വർഷം ഭൂമി വാങ്ങൽ പദ്ധതി പ്രകാരം 3096 കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

## പട്ടികജാതി പെൺകുട്ടികളുടെ വിവരശേഖരണം

19 (2557) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ വാത്സല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) 2017-18-ൽ ഈ പദ്ധതിയിൻ കീഴിൽ എത്ര പേരെ ഉൾക്കൊള്ളിച്ചിട്ടുണ്ട്; വിവരിക്കുമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഇതുവരെ എത്ര കുട്ടികളെ വാത്സല്യനിധി ആരംഭിച്ചശേഷം അതിൽ അംഗമാക്കിയിട്ടുണ്ട്; അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 2017-18-ൽ പ്രസ്തുത പദ്ധതിയിൽ 5 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(സി) 17 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

## വാത്സല്യനിധി പദ്ധതി

20 (2558) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികവിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി നടപ്പിലാക്കിയ വാത്സല്യനിധി പദ്ധതിയിൽ ഇതിനകം എത്രപേർ അംഗങ്ങളായിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി ഓരോ കുട്ടിയുടെയും പേരിൽ സർക്കാർ എത്ര രൂപയാണ് നിക്ഷേപിക്കുന്നത്; അറിയിക്കാമോ;

(സി) ഈ പദ്ധതിയെ സംബന്ധിച്ച് പട്ടികജാതി വകുപ്പ് മുഖാന്തരം ബോധവൽക്കരണം നടത്തുന്നതിനും കൂടുതൽ കുട്ടികളെ ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതുവരെ വാത്സല്യനിധി പദ്ധതിയിൽ 2816 പേർ അംഗങ്ങളായിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഓരോ കുട്ടിയുടെയും പേരിൽ നാല് ഗഡുക്കളായി 1,38,000 രൂപ സർക്കാർ എൽ.ഐ.സി.-യിൽ നിക്ഷേപിക്കുന്നു.

(സി) ഈ പദ്ധതിയെ സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പ് എസ്.സി. പ്രൊമോട്ടർമാർ മുഖേനയും വിവിധ മാധ്യമങ്ങളാലും ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടുതൽ കുട്ടികളെ ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

21 (2559) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വകുപ്പ് അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

**മാതൃകാ കോളനികളാക്കി മാറ്റുന്ന പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങൾ**

22 (2560) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളാണ് മാതൃകാ കോളനികളാക്കി മാറ്റുന്നതെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരം മാതൃകാ കോളനികളുടെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇവയുടെ നിർവ്വഹണ പുരോഗതിയും പട്ടികജാതി കോളനികളിലെ എത്ര ശതമാനമാണ് പൂർത്തീകരിച്ചതെന്നും ഈ പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽനിന്നും 10 കോളനികൾ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | കോളനിയുടെ പേര് | നിയോജക മണ്ഡലം |
|---|---|---|
| 1 | ചാതോത്ത് ചക്ലിയ കോളനി | കാഞ്ഞങ്ങാട് |
| 2 | രാവണേശ്വരം സെറ്റിൽമെന്റ് കോളനി | |
| 3 | മാച്ചിക്കാട് കോളനി | തൃക്കരിപ്പൂർ |
| 4 | ആനിക്കാടി കോളനി | |
| 5 | ബന്തിയോട് കോളനി | മഞ്ചേശ്വരം |
| 6 | കജമ്പാടി കോളനി | |
| 7 | ഉളുമ്പാടി കോളനി | ഉദുമ |
| 8 | ദേവരടുക്ക കോളനി | |
| 9 | കല്ലക്കട്ട കോളനി | കാസർഗോഡ് |
| 10 | ബാറഡ്ക്ക കോളനി | |

പട്ടികവർഗ്ഗ വികസന വകുപ്പ് കാസർഗോഡ് ജില്ലയിൽ മാതൃകാ കോളനികൾ നടപ്പാക്കിയിട്ടില്ല.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**ആദിവാസി വിഭാഗങ്ങളുടെ സമഗ്ര ആരോഗ്യ സംരക്ഷണം**

23 (2561) ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അട്ടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങൾക്കിടയിലെ ശിശുമരണം ഒഴിവാക്കുന്നതിനും, സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടും അത് ആദിവാസി സമൂഹത്തിൽ ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് പഠനം നടത്തി യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും തദനുസൃതമായി പരിഹാരമാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആദിവാസി വിഭാഗങ്ങൾക്കിടയിലെ ശിശുമരണം ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസനം, സാമൂഹ്യനീതി, ആരോഗ്യ കുടുംബക്ഷേമം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും ധാരാളം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി;
- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി;
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി;
- ആയുർവ്വേദ ഡിസ്പെൻസറികൾ, അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ ;
- പാചകംചെയ്ത ഭക്ഷണം നൽകുന്ന അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി;
- വനിതാ ശിശുവികസന വകുപ്പിനുകീഴിൽ കുട്ടികൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം;
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി;
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി ;
- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂറും കാഷ്വൽറ്റി - ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തീയേറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്;

• പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശുസംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസലിംഗ്, മാനസികരോഗ-ക്ഷയരോഗ-അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു;

• പോഷകാഹാര കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്.

(ബി) വിവിധ സരക്കാർ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് എജൻസികൾ മുഖേനയും നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ ഫലമായി സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതി മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ടതാണ്.

സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സംയോജിത പ്രവർത്തനങ്ങളുടെ ഫലമായി ആദിവാസി വിഭാഗങ്ങൾക്കിടയിലെ ശിശുമരണ, ആരോഗ്യ സംരക്ഷണ വിഷയങ്ങളിൽ താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

➢ അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് 31 (2013) എന്നത് 13 (2018) എണ്ണമായി കുറയ്ക്കാൻ സാധിച്ചു.

➢ അബോർഷൻ കേസുകൾ 77 (2013) എന്നത് 24 (2018) ആയി കുറഞ്ഞു.

➢ ഹോം ഡെലിവറി 64 (2013)ൽ നിന്ന് 6 (2018) ആയി കുറഞ്ഞു.

➢ ഇൻട്രാ യൂട്രിൻ ഡെത്ത് 18 (2013)ൽ നിന്ന് 4 (2018) ആയി കുറഞ്ഞു.

(സി) അട്ടപ്പാടിയിലെ ആദിവാസി ശിശുമരണങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുന്നത് പരിശോധിക്കുവാനായി പാലക്കാട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വനാവകാശ നിയമം**

24 (2562) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി ലഭ്യമാക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) വനാവകാശ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് ഇനിയും അപേക്ഷ സമർപ്പിക്കാത്തവർ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ;

(സി) കണ്ണൂർ, മലപ്പുറം, വയനാട് ജില്ലകളിൽ ഭൂരഹിതർക്ക് നൽകുവാൻ വനം വകുപ്പ് ഭൂമി കൈമാറി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമി കൈമാറിയെന്ന് വിശദമാക്കുമോ;

(ഡി) വനഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി എപ്രകാരമാണ് ലഭ്യമാക്കുന്നത്;

(ഇ) ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്കെല്ലാം ഒരേക്കർ ഭൂമി വീതം നൽകുവാൻ റവന്യൂ ഭൂമിയുടെ കുറവ് തടസ്സമാണ്. എങ്കിലും വിവിധ ഫാമുകളുടെ കൈവശമുള്ള ഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ വിതരണം ചെയ്ത് ഒരു ഏക്കർ ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) വനാവകാശ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനായി ഇനിയും അപേക്ഷ സമർപ്പിക്കാത്തവർ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിന് പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ മുഖേന ഈ സർക്കാർ വന്നതിനുശേഷം നടപടി സ്വീകരിച്ചിരുന്നു. അപ്രകാരം ലഭിച്ച അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കണ്ണൂർ, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ കേന്ദ്രാനുമതി ലഭിച്ചതിൽ മലപ്പുറത്ത് 74.73 ഏക്കർ, വയനാട് 2688 ഏക്കർ എന്നിങ്ങനെ വിതരണം ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ വാസയോഗ്യമായ ഭൂമിയില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 25 ഏക്കർ ഭൂമി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. അവശേഷിക്കുന്ന ഭൂമി വനം വകുപ്പ് വിട്ടുനൽകേണ്ടതുണ്ട്.

(ഡി) നിക്ഷിപ്ത വനഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിലുള്ള ഭൂരഹിതരക്ക് ഭൂമി കണ്ടെത്തി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(ഇ) ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വിലയ്ക്കുവാങ്ങി നൽകുന്നത് സംബന്ധിച്ച് 3-3-2018-ലെ സ.ഉ. (എം.എസ്.) നമ്പർ 21/2018/പ.ജ.പ.വ.വി.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഭൂവുടമകളിൽനിന്നും ഭൂമി നോട്ടിഫിക്കേഷനിലൂടെ കണ്ടെത്തി ഭൂമി പരിശോധന നടത്തി അനുയോജ്യമായ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി 689 ഭൂവുടമകളിൽ നിന്നും 1674.77 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വനാവകാശ നിയമപ്രകാരം പട്ടയത്തിന് പകരം**
**കൈവശ രേഖ**

25 (2563) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അട്ടൂർ പ്രകാശ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം, റവന്യൂ, സർവ്വേ വകുപ്പുകളുടെ സഹകരണത്തോടെ വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാർ വീഴ്ചവരുത്തിയെന്ന് കേന്ദ്ര സർക്കാർ, സംസ്ഥാന ചീഫ് സെക്രട്ടറിക്ക് കത്ത് നൽകുന്ന സാഹചര്യമുണ്ടായിട്ടും ഇക്കാര്യത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടാകാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ;

(സി) വനാവകാശ നിയമപ്രകാരം പട്ടയത്തിന് പകരം കൈവശരേഖ നൽകുന്നത് ഗുണഭോക്താക്കൾക്ക് താല്പര്യക്കുറവ് ഉണ്ടാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വിഭാഗത്തിലെ അർഹരായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനം, റവന്യൂ, സർവ്വേ വകുപ്പുകളുടെ സഹകരണത്തോടെ വനാവകാശ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. നിലവിൽ വനാവകാശ നിയമപ്രകാരം ലഭിച്ചതും ഗ്രാമസഭ (630) എസ്.ഡി.എൽ. സി. (6509), ഡി.എൽ.സി. (135) എന്നിവയിൽ പരിഗണനയിലുള്ളതും ഡി.എൽ.സി. പാസ്സാക്കിയതുമായ 827 അപേക്ഷകർക്ക് കൈവശരേഖ നൽകുന്നതിനുള്ള നടപടിയാണ് നടന്നുവരുന്നത്.

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ലഭിച്ച 42789 അപേക്ഷകളിൽ 25631 അപേക്ഷകർക്ക് 34565.76 ഏക്കർ ഭൂമിയുടെ കൈവശരേഖ നൽകിയിട്ടുണ്ട്. 9408 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്. 7750 അപേക്ഷകൾ മാത്രമാണ് കൈവശരേഖ നൽകുന്നതിനായി അവശേഷിക്കുന്നത്. അതിൽ 5723 അപേക്ഷകൾ ഈ സർക്കാർ വന്നതിനുശേഷം വനാവകാശ നിയമപ്രകാരമുള്ള നടപടികൾ പൂർത്തീകരിക്കാമെന്ന ലക്ഷ്യത്തോടെ നടത്തിയ നടപടികളുടെ ഭാഗമായി ലഭിച്ചവയാണ്. ആയവ സർവ്വേ നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് കൈവശരേഖ നൽകുന്നതാണ്. ദുർഘട മേഖലകളായതിനാൽ സർവ്വേ നടപടികൾക്ക് കാലതാമസം വരുന്നുണ്ട്. ഇത് ഒഴിവാക്കുവാനായി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക ഫണ്ട് അനുവദിച്ച് റിട്ടയേർഡ്/ സ്വകാര്യ സർവ്വേയർമാരുടെ കൂടി സഹായത്തോടെ സർവ്വേ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) വനാവകാശ നിയമപ്രകാരം കൈവശരേഖയ്ക്ക് പകരം പട്ടയം ലഭിക്കണമെന്ന് ഗുണഭോക്താക്കൾക്ക് താൽപ്പര്യമുണ്ട്. എന്നാൽ കേന്ദ്ര നിയമമായ വനാവകാശ നിയമത്തിൽ ROR നൽകാൻ മാത്രമേ വ്യവസ്ഥയുള്ളൂ.

(ഡി) വനാവകാശ നിയമപ്രകാരം അർഹരായ എല്ലാപേർക്കും ഭൂമിയുടെ കൈവശരേഖ ലഭിക്കുന്നതിനായി സർവ്വേ നടപടികളും സംയുക്ത പരിശോധനയും ത്വരിതപ്പെടുത്തി എല്ലാ മാസവും എസ്.ഡി.എൽ.സി., ഡി.എൽ.സി. എന്നിവ ചേർന്ന് അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആദിവാസി മേഖലകളിലെ വിവിധ പദ്ധതികൾ**

26 (2564) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുവാനുമായി ഈ സർക്കാർ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(ബി) ആയതിന്റെ ഫലമായി ആദിവാസി മേഖലകളിൽ എന്തൊക്കെ ഗുണകരമായ മാറ്റങ്ങൾ വരുത്തുവാൻ സാധിച്ചു; അറിയിക്കുമോ;

(സി) ആയതിലേയ്ക്ക് ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവർത്തനവുമായി ബന്ധപ്പെട്ട് വീഴ്ചവരുത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) ആദിവാസി മേഖലകളിലെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ആയതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; വിശദമാക്കാമോ;

(എഫ്) ഓരോ ആദിവാസി കുടുംബത്തിൽ നിന്നും ഒരാൾക്ക് സർക്കാർ ജോലി എന്ന നയം നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആദിവാസി വിഭാഗങ്ങൾക്കിടയിലെ ശിശുമരണം ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസനം, സാമൂഹ്യനീതി, ആരോഗ്യ കുടുംബക്ഷേമം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും ധാരാളം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി;
- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനീ ജന്മരക്ഷാ പദ്ധതി;
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി;
- ആയുർവ്വേദ ഡിസ്പെൻസറികൾ, അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ;
- പാചകംചെയ്ത ഭക്ഷണം നൽകുന്ന അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി;
- വനിത ശിശുവികസന വകുപ്പിന് കീഴിൽ കുട്ടികൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം;
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി;
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി;
- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാൽറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തീയേറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്;

• പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശുസംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ-ക്ഷയരോഗ-അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു;

• പോഷകാഹാര കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്

(ബി) വിവിധ സർക്കാർ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് എജൻസികൾ മുഖേനയും നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ ഫലമായി സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതി മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ടതാണെന്ന് നിസ്സംശയം പറയാൻ സാധിക്കും.

സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സംയോജിത പ്രവർത്തനങ്ങളുടെ ഫലമായി ആദിവാസി വിഭാഗങ്ങൾക്കിടയിലെ ശിശുമരണ, ആരോഗ്യ സംരക്ഷണ വിഷയങ്ങളിൽ താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്:

➢ അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് 31 (2013) എന്നത് 13 (2018) എണ്ണമായി കുറയ്ക്കാൻ സാധിച്ചു.

➢ അബോർഷൻ കേസ്സുകൾ 77 (2013) എന്നത് 24 (2018) ആയി കുറഞ്ഞു.

➢ അവരവരുടെ വീടുകളിൽ നടക്കുന്ന പ്രസവം 64 (2013)ൽ നിന്ന് 6 (2018) ആയി കുറഞ്ഞു.

➢ ഇൻട്രാ യൂട്രിൻ ഡെത്ത് 18 (2013)ൽ നിന്ന് 4 (2018) ആയി കുറഞ്ഞു.

അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്ന തിനായി ആരംഭിച്ചതാണ് കമ്മ്യൂണിറ്റി കിച്ചൻ അഥവാ സമൂഹ അടുക്കള. പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല അതത് കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കാണ് ഇപ്പോൾ നൽകിയിരിക്കുന്നത്. ഭക്ഷണം പാകം ചെയ്യാനുള്ള സാമഗ്രികൾ സർക്കാർ മാവേലി സ്റ്റോറുകളിൽനിന്നാണ് വാങ്ങുന്നത്. പാചകത്തിനാവശ്യമായ പച്ചക്കറികൾ വിറകുകൾ എന്നിവ ഭക്ഷണം പാകം ചെയ്യുന്നവർ ശേഖരിച്ച് ഉപയോഗിക്കുന്നതിനാൽ പാചകക്കാരായ പട്ടികവർഗ്ഗക്കാർക്ക് ചെറിയ ഒരു വരുമാനവും ഇതിലൂടെ ലഭിക്കുന്നു.

തങ്ങളുടെ പാരമ്പര്യ ഭക്ഷണ വിഭവങ്ങളായ റാഗി, ചാമ, ചോറ്, മുളയരിക്കഞ്ഞി, ഇലക്കറികൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയും സമൂഹ അടക്കളയുടെ ഭാഗമായി ഉപയോഗിച്ചുവരുന്നു.

സമൂഹ അടുക്കള നടത്തിപ്പിന് ആവശ്യമായ ജൈവപച്ചക്കറികൾ അതതു ഊരുകളിൽ ഉല്പാദിപ്പിക്കുന്ന നിരവധി അയൽക്കൂട്ടങ്ങൾ അട്ടപ്പാടിയിൽ സജീവമാണ്. ഇതുമൂലം ഉപജീവനത്തിനുള്ള ഒരു ഉപാധികൂടിയായി ഈ പദ്ധതി മാറിയിട്ടുണ്ട്. ഇതിനുപുറമെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്കുവേണ്ടിയും സമൂഹ അടുക്കള പ്രവർത്തിച്ചുവരുന്നതിനാൽ രോഗികൾക്കും ഇത് വലിയ അളവിൽ ആശ്വാസം നൽകുന്നുണ്ട്. തങ്ങളുടെ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുക എന്നത് തങ്ങളുടെ ഉത്തരവാദിത്വവും അവകാശവുമാണെന്ന തിരിച്ചറിവ് ഇത്തരം പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനോടൊപ്പം പട്ടികവർഗ്ഗ മേഖലയിൽ വലിയ സാമൂഹ്യ മുന്നേറ്റമുണ്ടാക്കുന്നതിന് കാരണമാകുകയും ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ മേഖലയിൽ കേരള സർക്കാർ പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും കുടുംബശ്രീ മിഷന്റെയും ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി വലിയ തോതിലുള്ള പുരോഗതിയാണ് ഉണ്ടായിരിക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതിക്കായി 59.80 കോടി രൂപയും ജനനീ ജന്മരക്ഷാ പദ്ധതിക്കായി 31.9 കോടി രൂപയും അരിവാൾ രോഗികൾക്കുള്ള ധനസഹായ പദ്ധതിക്കായി 5.45 കോടി രൂപയും ഭക്ഷ്യ സുരക്ഷാ പദ്ധതിക്കായി 46.50 കോടി രൂപയും കമ്മ്യൂണിറ്റി കിച്ചൻ (സമൂഹ അടുക്കള) പദ്ധതിക്കായി 19.73 കോടി രൂപയും മില്ലറ്റ് വില്ലേജ് എന്ന പദ്ധതിക്കായി 2.80 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിൽ വീഴ്ച വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഗോത്ര ബന്ധു പദ്ധതി

പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപക യോഗ്യതയുള്ള യുവതീ-യുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഈ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 241 പേരെ നിയമിച്ചു.

അട്ടപ്പാടിയിലെ 26 സ്കൂളുകളിൽ ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുവാനും അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് തൊഴിൽ നൽകുവാനും ഈ പദ്ധതി മുഖേന സാധ്യമായിട്ടുണ്ട്. 14,466 വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്.

2. സാമൂഹ്യപഠന മുറി

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 100 പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യ പഠന മുറികൾ ആരംഭിച്ചു. 500 പഠന മുറികൾകൂടി ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിൽ 100 എണ്ണം അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 150 പഠന മുറികൾ ആരംഭിക്കുന്നതിനുള്ള നടപടി ഇതിനകം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം സാമൂഹ്യ പഠനമുറി പദ്ധതിയുടെ നടത്തിപ്പിനായി 6,21,32,100 രൂപയുടെ ഭരണാനുമതി ലഭിച്ചു. ആയതിൽ 2017-18 സാമ്പത്തിക വർഷം 6,07,18,673 രൂപ ചെലവഴിച്ചു. 2018-19 സാമ്പത്തിക വർഷം 150 സാമൂഹ്യ പഠന മുറികൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി തുകയിൽ 1,88,95,770 രൂപ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നിർവ്വഹണ ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 48 സാമൂഹ്യ പഠനമുറികളുടെ സിവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. 100 സാമൂഹ്യ പഠന മുറികളിലായി 2796 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

3. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി

അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷംതോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകിവരുന്നു. ഇതുവരെ പരിശീലനം ലഭിച്ചതിൽ 18 വിദ്യാർത്ഥികൾക്ക് വിവിധ സൈനിക, നവോദയ സ്കൂളുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

4. ലാപ്ടോപ് വിതരണം

ലാപ്ടോപ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷംവരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷം ഇതിൻപ്രകാരം 468 കുട്ടികൾ ലാപ്ടോപ് വിതരണത്തിന് അർഹരായിട്ടുണ്ട്.

5. സമഗ്ര-സാക്ഷരതാ പദ്ധതി

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരതാ ഇല്ലാതാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്.

പട്ടികവർഗ്ഗ കോളനികളിൽ സാക്ഷരതാ മിഷൻ മുഖേന പഠന ക്ലാസ്സുകൾ നടത്തി വിവിധ ക്ലാസ്സുകളിലെ തുല്യതാ പരീക്ഷയ്ക്ക് പട്ടികവർഗ്ഗക്കാരെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആദ്യഘട്ടത്തിൽ 100 കോളനികളിലായി 2179 പേർ പഠിതാക്കളായിട്ടുണ്ട്.

6. വിദേശ പഠനത്തിനുള്ള ധനസഹായം

സംസ്ഥാനത്ത് സ്ഥിര താമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽപോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. 2016-17 മുതൽ ഇതുവരെ രണ്ട് വിദ്യാർത്ഥികൾക്ക് പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്.

7. നൈപുണ്യ വികസന പദ്ധതികൾ

1. ഐ.റ്റി. അനുബന്ധ മേഖലകളിൽ പരിശീലനം നൽകുന്നതിന് തിരുവനന്തപുരത്ത് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ 240 കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് സാധിക്കും.

2. ആധുനിക വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് പ്രവർത്തനമാരംഭിച്ചു. ഇവിടെ 291 പട്ടികവർഗ്ഗ വനിതകൾക്ക് വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകുന്നു.

3. എൻ.റ്റി.റ്റി.എഫ്. (നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ) മുഖേന ഇലക്ട്രോണിക് അനുബന്ധ കോഴ്സുകളിൽ പരിശീലനം നടത്തിവരുന്നു. പരിശീലനം ലഭിച്ച 192 കുട്ടികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭ്യമായിട്ടുണ്ട്. ഈ സ്ഥാപനം മുഖേന 420 കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST) മുഖേന 50 പേർക്ക് പരിശീലനം നൽകി ജോലി ലഭ്യമാക്കി. 75 വിദ്യാർത്ഥികൾക്കുകൂടി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

5. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ECIL) മുഖേന അട്ടപ്പാടിയിൽ 21 പേർക്ക് ഡി.സി.എ. (ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) കോഴ്സ് പരിശീലനം നൽകി ജോലി ലഭ്യമാക്കി.

6. എത്തിയോസ് എന്ന സ്ഥാപനം മുഖേന 125 പേർക്ക് ഹോട്ടൽ മാനേജ്മെന്റിൽ പരിശീലനം നടത്തി പ്രമുഖ ഹോട്ടലുകളിൽ പ്ലേസ്മെന്റ് ലഭ്യമാക്കി. ഈ സ്ഥാപനം മുഖേന 130 വിദ്യാർത്ഥികൾക്കുകൂടി പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

7. ധന്വന്തരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് മുഖേന ആയുർവ്വേദ - നഴ്സിംഗ് കോഴ്സുകളിൽ 60 കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE) മുഖേന വിവിധ ആയുർവ്വേദ നഴ്സിംഗ് കോഴ്സുകളിൽ 159 പേർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(8) <u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും</u>

വകുപ്പിന് കീഴിലുള്ള 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 5739 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. 2017-18 വർഷം എസ്.എസ്.എൽ.സി.-ക്ക് 99.82% വിജയവും പ്ലസ് ടു-വിന് 89% വിജയവും ഈ സ്കൂളുകൾക്കുണ്ട്. ഈ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന് സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്കൂൾ റേഡിയോ, സി.സി.റ്റി.വി. , സോളാർ പവർ പ്ലാന്റ്, മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്, മിനി മാസ്റ്റ് ലൈറ്റ്, മിന്നൽ രക്ഷാചാലകം ഖരദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, ജലശുദ്ധികരണ പ്ലാന്റ്, സിന്തറ്റിക് ട്രാക് നിർമ്മാണം, സ്റ്റീം അടുപ്പുകൾ സ്ഥാപിച്ച് അടുക്കള നവീകരണ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഫയർ എക്സ്റ്റിംഗ്വിഷർ സിസ്റ്റം, ഔട്ട്ഡോർ ഫിറ്റ്നസ് സെന്റർ, ഡിജിറ്റൽ ലൈബ്രറി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി പ്രാരംഭഘട്ടത്തിലാണ്.

എം.ആർ.എസ്. കണിയാമ്പാറ്റയിൽ ആർച്ചറി പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാർത്ഥികളുടെ സ്വഭാവ വൈകാരിക മാനവിക പ്രശ്നങ്ങൾക്ക് വിദഗ്ദ്ധ പരിചരണം ഉറപ്പുവരുത്തുന്നതിലേയ്ക്ക് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഔർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ ആറളത്ത് പുതിയ എം.ആർ.എസ്. ആരംഭിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിലുള്ള എം.ആർ.എസ്.-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി ആരംഭിച്ചു. കൂടാതെ പുതുതായി 2 എം.ആർ.എസ്.-കൾകൂടി ആരംഭിക്കുന്നതിന് കേന്ദ്രാനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്. ഇവ വയനാട്ടിലും അട്ടപ്പാടിയിലും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.

9. <u>ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും</u>

വകുപ്പിന് കീഴിൽ 103 പ്രീമെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. 7017 കുട്ടികൾ ഈ ഹോസ്റ്റലുകളിൽ താമസിച്ച് പഠനം നടത്തുന്നു. 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ആറെണ്ണം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചവയാണ്.

ഹോസ്റ്റലുകളെ യൂണിസെഫ് നിഷ്കർഷിക്കുന്ന മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന രണ്ട് പ്രീമെട്രിക് ഹോസ്റ്റലുകളുടെയും ഒരു പൊസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെയും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് 4 പ്രീമെട്രിക് ഹോസ്റ്റലുകളും 2 പോസ്റ്റ് മെട്രിക് ഹോസ്റ്റലും, ഒരു യൂത്ത് ഹോസ്റ്റലും, നാട്ടുകാണി ഐ.റ്റി.ഐ.-യിൽ അക്കാദമിക് ബ്ലോക്കും ഹോസ്റ്റൽ ബ്ലോക്കും നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുകയും 3 പ്രീമെട്രിക് ഹോസ്റ്റലിന്റെയും നാട്ടുകാണി ഐ.റ്റി.ഐ.-യിൽ ഹോസ്റ്റൽ - അക്കാദമിക് ബ്ലോക്കും പ്രവൃത്തി ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്.

(എഫ്) പട്ടികവർഗ്ഗ ഗോത്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ ഒരാൾക്ക് ഒരു ജോലി എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഈ ലക്ഷ്യം സാധ്യമാകുന്നതിനുള്ള വിവരശേഖരണവും തൊഴിൽ മേഖലകളെ സംബന്ധിച്ച പഠനവും നടന്നുവരുന്നു.

## പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട്

27 (2565) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് പട്ടിക വർഗ്ഗ കോളനിയിൽ വാസയോഗ്യമായ വീടില്ലാത്ത എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ കോളനിയിൽ വീട് നിർമ്മിക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കോളനിയിലെ എല്ലാ കുടുംബങ്ങൾക്കും വാസയോഗ്യമായ വീടുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. മുഖേന കോളനി നിവാസികൾ നൽകിയിട്ടുള്ള നിവേദനത്തിൻമേൽ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 31 കുടുംബങ്ങളുണ്ട്.

(ബി) ബേഡഡുക്ക പഞ്ചായത്തിൽ സർവ്വേ നമ്പർ 757-ൽപ്പെട്ട ചെമ്പക്കാട് കോളനിയിൽ സ്ഥിരതാമസമായിട്ടുള്ള കുടുംബങ്ങൾക്ക് സ്ഥലത്തിന് രേഖയില്ലാത്തതിനാൽ 15 വർഷമായി സ്ഥിരതാമസമാണെന്ന് സാക്ഷ്യപത്രം ലഭ്യമാക്കിയ 23 ഗുണഭോക്താക്കൾക്ക് ആദ്യഘട്ടമെന്ന നിലയിൽ നിലവിലുള്ള സ്ഥലത്ത് വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 8 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയതിനുശേഷം വീട് അനുവദിക്കുന്നതാണ്.

(സി) ഈ കോളനിയിൽ വീട് നിർമ്മിക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലം അനുവദിക്കുന്നതിന് പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു (ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത ഭൂമിയുടെ രണ്ടാംഘട്ട ഫീൽഡുതല പരിശോധന നടന്നുവരുന്നു).

(ഡി) ടി കോളനിയിൽ അത്യാവശ്യമായി വീട് അനുവദിക്കേണ്ട 23 പേരുടെ അപേക്ഷ വകുപ്പ് പരിഗണിച്ചുവരുന്നുണ്ട്. ടി 23 പേർക്ക് സ്ഥലത്തിന് രേഖയില്ലാത്തതിനാൽ സർവ്വേ നമ്പർ 757-ൽപ്പെട്ട ഭൂമിയിൽ 15 വർഷമായി സ്ഥിരതാമസമാണെന്ന

സർട്ടിഫിക്കറ്റാണ് ലഭ്യമായിട്ടുള്ളത്. ചെമ്പക്കാട് കോളനിയിൽ മതിയായ ഭൂമി ലഭ്യമല്ലാത്തതിനാൽ മാറി താമസിക്കാൻ തയ്യാറായ 20 കുടുംബങ്ങളെ റവന്യൂ വകുപ്പ് മുഖേന സമീപമുള്ള സർവ്വേ നമ്പർ 176-ൽപ്പെട്ട സ്ഥലത്ത് മാറ്റിപ്പാർപ്പിക്കുവാൻ ശ്രമിച്ചിരുന്നു. പ്രസ്തുത സർവ്വേ നമ്പരിലെ ഈ സ്ഥലത്തിന് 2 പേർ സാവകാശം ഉന്നയിച്ചതിനാൽ ഈ ഭൂമി അളന്നുനൽകുന്ന നടപടികൾ പൂർത്തിയായിട്ടില്ല. ഭൂമി ലഭ്യമല്ലാത്ത കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് ഭൂമി വാങ്ങൽ പദ്ധതിപ്രകാരം അപേക്ഷ സ്വീകരിച്ചു. ഭൂമി വാങ്ങൽ പദ്ധതിയുടെ നടപടികൾ പുരോഗമിച്ചുവരുന്നു.

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി**

28 (2566) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയായിരുന്നു;

(ബി) ആയത് നിലവിൽ എത്ര ; വ്യക്തമാക്കുമോ ;

(സി) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകാൻ ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു ; എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ഓരോ കുടുംബത്തിനും ശരാശരി എത്ര സെന്റ് വീതംനല്കി; വ്യക്തമാക്കുമോ ;

(ഡി) അവശേഷിക്കുന്ന മുഴുവൻ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി വാങ്ങി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത് ; വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമിയുടെ കൈവശരേഖ നൽകിയിട്ടുണ്ട് ; എത്ര പേർക്ക് എത്ര ഏക്കർ നിക്ഷിപ്ത വനഭൂമി നൽകി; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പിലെ കണക്കുപ്രകാരം 12435 പേർ ഭൂരഹിതരാണ്.

(ബി) നിലവിൽ 11,474 പേരാണ് ഭൂരഹിതരായിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി *ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 26.84 കോടി രൂപ ചെലവഴിച്ചു. 283 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചു. ഓരോ കുടുംബത്തിനും കുറഞ്ഞത് 25 സെന്റ് വീതം നൽകിയിട്ടുണ്ട്.

(ഡി) അവശേഷിക്കുന്ന മുഴുവൻ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി വാങ്ങി നൽകൽ, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നിവയിലൂടെ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിക്ഷിപ്ത വനഭൂമി വിതരണത്തിൽ നിൽക്കുന്ന തടസ്സങ്ങൾ പരിഹരിച്ച് ഭൂമി വിതരണം നടത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. ഭൂമി വിൽപ്പനയ്ക്ക് തയ്യാറായിട്ടുള്ളവരിൽനിന്നും ഭൂമി വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയുടെ നടപടികളും പുരോഗമിച്ചുവരുന്നു. ഒരു വർഷത്തിനകം ഭൂമി പ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനമാണ് നടത്തിവരുന്നത്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 686 പേർക്ക് 1493 ഏക്കർ ഭൂമിയുടെ വനാവകാശ കൈവശരേഖ നൽകിയിട്ടുണ്ട്. 1559 പേർക്ക് 1309.54 ഏക്കർ നിക്ഷിപ്ത വനഭൂമിയും വിതരണം ചെയ്തിട്ടുണ്ട്.

## തമിഴ്നാട്ടിൽനിന്നുവന്ന കുടുംബങ്ങളെ പട്ടികവർഗ്ഗമായി പ്രഖ്യാപിക്കണമെന്ന ആവശ്യം

29 (2567) ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽ നിന്നും വന്നവരും, തിരുവനന്തപുരം ജില്ലയിലെ മംഗലപുരം പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ 75 വർഷത്തോളമായി താമസിക്കുന്നവരുമായ മുപ്പത്തിയൊമ്പതോളം കുടുംബങ്ങളെ പട്ടികവർഗ്ഗമായി പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ ആവശ്യത്തിൻമേൽ കിർത്താഡ്സ് വിജിലൻസ് ഓഫീസർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ വെളിപ്പെടുത്താമോ;

(ഡി) കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ വകുപ്പ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിവരിക്കാമോ;

(ഇ) കിർത്താഡ്സ് വിജിലൻസ് ഓഫീസർ 9/7/2018-ൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് 773/16 നമ്പരായി നൽകിയ കത്തിലെ വിഷയം എന്താണെന്ന് പറയാമോ; പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(എഫ്) തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ അവ എന്തെല്ലാം എന്ന് വെളിപ്പെടുത്താമോ;

(ജി) പ്രസ്തുത കത്തിന്റെയും ഉള്ളടക്കത്തിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാപഞ്ചായത്തിലെ ലാൽഭാഗ്, തോന്നയ്ക്കൽ എന്നീ പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ പൂർവ്വികർ തമിഴ്നാട്ടിൽ തിരുനെൽവേലി ജില്ലയിൽ തെങ്കാശി താലൂക്കിൽ കടയനല്ലൂർ പ്രദേശത്തുനിന്നും പലകാലങ്ങളിലായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിയേറിപ്പാർത്തുവരുന്നവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ പലരും തങ്ങളുടെ മക്കളുടെ സ്കൂൾ പ്രവേശന സമയത്ത് കേരളത്തിലെ പട്ടികവർഗ്ഗ സമുദായത്തിൽപ്പെടുന്ന "മലൈപണ്ടാരം" എന്ന് തെറ്റായി ജാതി രേഖപ്പെടുത്തിയിരുന്നു. എന്നാൽ ഇവരുമായി രക്തബന്ധം പുലർത്തുന്ന തമിഴ്നാട്ടിലെ കടയനല്ലൂർ പ്രദേശത്ത് താമസിക്കുന്നവർ ആണ്ടിപണ്ടാരം, പൂപണ്ടാരം എന്നീ പേരുകളിൽ പ്രാദേശികമായി അറിയപ്പെട്ടിരുന്നുവെങ്കിലും പതിനാറോളം വരുന്ന ഉപസമുദായങ്ങൾ ചേർന്നുള്ള "വീരശൈവ" എന്ന പേരിൽ ഒരു പൊതുസമുദായമായാണ് അറിയപ്പെടുന്നതെന്നും ടി സമുദായങ്ങൾ തമിഴ്നാട്ടിൽ Most Backward Class (MBC) എന്ന വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും അന്വേഷണത്തിൽ വെളിപ്പെട്ടിരുന്നു. പരാമർശിത 29 കുടുംബങ്ങളുടെയും രക്തബന്ധുക്കൾ 'ജംഗം' എന്ന പേരിൽ സമുദായ സർട്ടിഫിക്കറ്റ് കൈപ്പറ്റുന്നുവെന്നും കിർത്താർഡ്സ് കണ്ടെത്തിയിട്ടുണ്ട്. ടി സാഹചര്യത്തിൽ മേൽ കുടുംബങ്ങളുടെ പട്ടികവർഗ്ഗ മലൈപണ്ടാരം അവകാശവാദം വസ്തുതാവിരുദ്ധമാണെന്നും കിർത്താർഡ്സ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) 'ജംഗം' സമുദായം കേരളത്തിലെ OBC പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ മേൽ 29 കുടുംബങ്ങൾക്ക് OBC സർട്ടിഫിക്കറ്റ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് 22-9-2018-ലെ 115/ജി1/2017/പ.ജ.പ.വ.വി.വ. നമ്പർ കത്തിലൂടെ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) തമിഴ്നാട്ടിൽ നിന്നും തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ അധിവസിക്കുന്ന 29 കുടുംബങ്ങളിൽപ്പെട്ട വ്യക്തികളുടെ ജാതിസ്ഥിതി അന്വേഷണ റിപ്പോർട്ടാണ് പ്രസ്തുത കത്ത്. ടി കത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

(എഫ്) 'ജംഗം' സമുദായം കേരളത്തിലെ OBC പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ മേൽ 29 കുടുംബങ്ങൾക്ക് OBC സർട്ടിഫിക്കറ്റ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് 22-9-2018-ലെ 115/ജി1/2017/പ.ജ.പ.വ.വി.വ. നമ്പർ കത്തിലൂടെ തിരുവനന്തപുരം ജില്ലകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**ദുരിതാശ്വാസ നിധിയിൽനിന്നുള്ള ചികിത്സാ സഹായം**

30 (2568) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായമായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;വിശദമാക്കുമോ ;

(ബി) അനുവദിച്ചിട്ടുള്ള ചികിത്സാസഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗക്കാർക്ക് 77,00,300 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

പാലക്കാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടില്ല.

(ബി) പട്ടികജാതി വിഭാഗത്തിൽ ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ 't-grantz' സംവിധാനത്തിലൂടെ ഓൺലൈനായി സ്വീകരിക്കുന്നതുകൊണ്ട് ഗുണഭോക്താൾക്ക് സമയബന്ധിതമായി ധനസഹായം നൽകാൻ സാധിക്കുന്നുണ്ട്.

**അട്ടപ്പാടിയിലെ ശിശുമരണ നിരക്ക്**

31 (2569) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ 2016, 2017, 2018 എന്നീ വർഷങ്ങളിൽ ശിശുമരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കുട്ടികൾ ഓരോ വർഷവും മരണപ്പെട്ടു എന്നതിന്റെ വ്യക്തമായ കണക്ക് ലഭ്യമാക്കുമോ;

(ബി) അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) അട്ടപ്പാടിയിൽ 2016, 2017, 2018 എന്നീ വർഷങ്ങളിൽ ആകെ 35 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| 2016 | 8 |
| 2017 | 14 |
| 2018 | 13 |
| ആകെ | 35 |

(ബി) ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

- പാചകം ചെയ്ത ഭക്ഷണം നൽകുന്ന അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി;
- വനിത-ശിശുവികസന വകുപ്പിന് കീഴിൽ കുട്ടികൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം;
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി;
- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി;
- അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ;
- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനീ ജന്മരക്ഷാ പദ്ധതി;
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി ;
- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാൽറ്റി-ലാബ്-മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തീയേറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്;

പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശുസംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസലിംഗ്, മാനസികരോഗ-ക്ഷയരോഗ- അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

ആരോഗ്യമേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റു വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്:

- അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് 31 (2013) എന്നത് 13 (2018) എണ്ണമായി കുറഞ്ഞിട്ടുണ്ട്.
- അബോർഷൻ കേസ്സുകൾ 77 (2013) എന്നത് 24 (2018) ആയി കുറഞ്ഞിട്ടുണ്ട്.
- ഹോം ഡെലിവറി 64 (2013)ൽ നിന്ന് 6 (2018) ആയി കുറഞ്ഞിട്ടുണ്ട്.
- ഇൻട്രാ യൂട്രിൻ ഡെത്ത് 18 (2013)ൽ നിന്ന് 4 (2018) ആയി കുറഞ്ഞിട്ടുണ്ട്.

പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് ഗുളികകളുടെ വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്.

## നെല്ലിയാംപതിയിലെ ശിശുമരണം

32 (2570) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാംപതി ഊരിലെ രങ്കമ്മ-പളനിസ്വാമി ദമ്പതികളുടെ കുഞ്ഞ് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽവച്ച് 2018 ഡിസംബറിൽ മരണമടഞ്ഞ സംഭവത്തെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ എത്ര ഗൈനക്കോളജി ഡോക്ടർമാരാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്തതുകൊണ്ടാണോ നവജാത ശിശു മരണമടയുവാൻ ഇടയായത്; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) നെല്ലിയാംപതി ഊരിലെ രങ്കമ്മ-പളനി സ്വാമി ദമ്പതികളുടെ കുഞ്ഞ് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽവച്ച് 2018 ഡിസംബറിൽ മരണമടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീമതി രങ്കമ്മയെ 19-12-2018-ൽ പ്രസവ ശുശ്രൂഷയ്ക്കായി കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും 21-12-2018-ൽ വേദന അനുഭവപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത ആശുപത്രിയിൽ അപ്പോൾ ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമല്ലാതിരുന്നതിനാൽ അടിയന്തര സാഹചര്യത്തിൽ തമിഴ്നാട്ടിലെ ആനക്കട്ടിയിലുള്ള 'ബഥനി മെഡിക്കൽ സെന്റർ' എന്ന സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കുകയും ഗർഭാവസ്ഥയിൽ മരണപ്പെട്ട കുഞ്ഞിനെ ശസ്ത്രക്രിയയിലൂടെ പുറത്തെടുക്കുകയുമായിരുന്നു. ഗർഭകാലത്ത് ശ്രീമതി രങ്കമ്മയ്ക്ക് കോട്ടത്തറ ആശുപത്രിയിൽ ആവശ്യമായ കുത്തിവയ്പുകളും മരുന്നുകളും നൽകിയിട്ടുണ്ട്.

ശ്രീമതി രങ്കമ്മയ്ക്ക് അടിയന്തര ധനസഹായമായി അട്ടപ്പാടി ഐ.റ്റി.ഡി.പി. മുഖേന 5000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ജനനീ ജന്മരക്ഷാ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

(ബി) കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 3 ഗൈനക്കോളജി ഡോക്ടർമാരാണ് നിലവിലുള്ളത്.

(സി) ഇക്കാര്യം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ വായ്പകൾ**

33 (2571) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ഏതെല്ലാം വായ്പകളാണ് നിലവിൽ എഴുതിത്തള്ളിയത്; വ്യക്തമാക്കുമോ;

(ബി) പട്ടികജാതിയിലുള്ളവരുടെ വായ്പകൾ ഇത്തരത്തിൽ എഴുതിത്തള്ളുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ എടുത്തിട്ടുള്ളതും 31-3-2014 വരെ തിരിച്ചടവ് കാലാവധി

കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകളാണ് എഴുതിത്തള്ളുന്നത്. കൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽനിന്നും 5 ലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടി എത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും പിഴപ്പലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളാക്കി തിരിച്ചടയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി നിലവിലുണ്ട്.

(ബി) പട്ടികജാതി വിഭാഗക്കാർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ള വായ്പകളിൽ 31-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ട്.

**പട്ടികജാതി - ഗോത്രവർഗ്ഗക്കാർക്കുള്ള ഭവന പദ്ധതികൾ**

34 (2572) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികഗോത്ര വർഗ്ഗക്കാർക്ക് പുതുതായി എത്ര വീടുകൾ അനുവദിച്ചെന്നും അവയിൽ എത്ര വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചെന്നും അറിയിക്കാമോ;

(ബി) ഭവനരഹിതരായ എല്ലാ പട്ടികജാതി-പട്ടികഗോത്ര വർഗ്ഗക്കാർക്കും ലൈഫ് മിഷൻ പ്രകാരം വീട് അനുവദിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) അംബേദ്കർ ഗ്രാമം പദ്ധതി, ഹാംലെറ്റ് പദ്ധതി ഇവ പ്രകാരം എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറനാട് മണ്ഡലത്തിൽ പട്ടികജാതി-ഗോത്ര വർഗ്ഗക്കാർക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര വീടുകൾ അനുവദിച്ചുവെന്നും അവയിൽ എത്ര വീടുകളുടെ പണി പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ;

(ഇ) ലൈഫ് പദ്ധതി തുടങ്ങുന്നതിന് മുൻപ് പട്ടികജാതി-ഗോത്ര വർഗ്ഗക്കാർക്ക് നിലവിലുണ്ടായിരുന്ന ഭവന പദ്ധതികൾ ഏതെല്ലാമായിരുന്നു; പ്രസ്തുത പദ്ധതികൾ ഇപ്പോഴും നിലവിലുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിച്ച 23801 വീടുകളിൽ 15657 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2007-08 മുതൽ 2015-16 വരെ അനുവദിച്ച വീടുകളിൽ പൂർത്തീകരിക്കാതെ അവശേഷിച്ച വീടുകളിൽ 9243 വീടുകൾകൂടി പൂർത്തീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുള്ള ഭവനരഹിതരായ 6709 പട്ടികവർഗ്ഗക്കാർക്ക് 2016-17 സാമ്പത്തിക വർഷം വകുപ്പിന്റെ വിവിധ പദ്ധതികളിൽപ്പെടുത്തി വീട് അനുവദിച്ചിട്ടുണ്ട്. ആയതിൽ 143 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 6025 ഗുണഭോക്താക്കൾക്ക് പുതിയ വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ ഭവനങ്ങളുടെ പുരോഗതി വിവരം ശേഖരിച്ചുനൽകുന്നതാണ്. ലൈഫ് മിഷൻ പദ്ധതി പ്രകാരം 3533 സ്പിൽ ഓവർ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനായി 2018-19 സാമ്പത്തികവർഷം 6025 പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ലൈഫ് മിഷൻ സർവ്വേയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം 267 പട്ടികജാതി കോളനികളിൽ നവീകരണ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 121 പട്ടികജാതി കോളനികളിൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഹാംലെറ്റ് പദ്ധതിപ്രകാരം 2013-14 വർഷം മുതൽ 2015-16 സാമ്പത്തിക വർഷംവരെ 45 പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അംബേദ്കർ സങ്കേത വികസന പദ്ധതിപ്രകാരം 101 പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്തതിൽ 30 കോളനികളിൽ പദ്ധതിപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ ഭവനനിർമ്മാണ ധനസഹായ പദ്ധതിപ്രകാരം പട്ടികജാതി വികസന വകുപ്പ് അനുവദിച്ച 176 വീടുകളിൽ 146 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 വർഷം ഹഡ്കോ, പി.വി.ടി.ജി. പദ്ധതിപ്രകാരം ചാലിയാർ പഞ്ചായത്തിലെ 5 പട്ടികവർഗ്ഗക്കാർക്കും ലൈഫ് മിഷൻ പദ്ധതിപ്രകാരം 2018-19 വർഷം എടവണ്ണ പഞ്ചായത്തിലെ ഒരു ഗുണഭോക്താവിനും വീട് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി ഭവനങ്ങളൊന്നും പൂർത്തീകരിച്ചിട്ടില്ല.

(ഇ) ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് വകുപ്പ് നടപ്പാക്കിവന്നിരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 4 ലക്ഷം രൂപ 15%, 30%, 40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നു. പദ്ധതിപ്രകാരം അനുവദിച്ച വീടുകളിൽ സ്പിൽ ഓവറായി അവശേഷിക്കുന്ന വീടുകൾക്ക് നിലവിൽ തുക അനുവദിച്ചുവരുന്നുണ്ട്. 2018-19 വർഷം പുതിയ വീടുകൾ അനുവദിച്ചിട്ടുണ്ട്.

ജനറൽ ഹൗസിംഗ്, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ, ഹഡ്കോ ലോൺ മുഖേനയുള്ള പദ്ധതി, വനബന്ധു, കല്യാൺ യോജന എന്നീ പദ്ധതികൾ മുഖേനയാണ് ലൈഫ് മിഷൻ പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് പട്ടികവർഗ്ഗ വികസന വകുപ്പ് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിരുന്നത്. ആയതിൽ ജനറൽ ഹൗസിംഗ് ഒഴികെയുള്ള പദ്ധതികൾ വിവിധ സാമ്പത്തിക വർഷങ്ങളിൽ പ്രത്യേകമായി ഭവന നിർമ്മാണത്തിന് ഉൾക്കൊള്ളിച്ച പദ്ധതികളാണ്. നിലവിൽ ജനറൽ ഹൗസിംഗ് പദ്ധതി മാത്രമാണുള്ളത്.

### ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വിതരണം

35 (2573) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാളിതുവരെ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂരഹിതരായ എത്ര പേർക്ക് ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതിയിൻകീഴിൽ 689 ഭൂവുടമകളിൽനിന്നും 1674.77 ഏക്കർ ഭൂമി വിൽപ്പനയ്ക്ക് തയ്യാറാണെന്ന ഓഫറുകൾ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ ആദ്യഘട്ട ഫീൽഡ് പരിശോധന കഴിഞ്ഞ 161 ഭൂവുടമകളുടെ 428.21 ഏക്കർ ഭൂമി വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. വയനാട് ജില്ലയിൽ വെള്ളപ്പൊക്ക ബാധിതമായ 6 കോളനികളിലെ 144 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 24.39 ഏക്കർ ഭൂമി കണ്ടെത്തിയത് വാങ്ങി നൽകുന്നതിനായി 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നടപടികൾ അന്തിമഘട്ടത്തിലാണ്.

### പട്ടയം ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ

36 (2574) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ആളുകൾക്ക് ഭൂമി പതിച്ച് നൽകി പട്ടയം ലഭ്യമാക്കിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്; അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽ ഭൂരഹിതരായ 511-ഉം ഭവനരഹിതരായ 315-ഉം കുടുംബങ്ങളുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് / നഗരസഭ | ഭൂരഹിതർ | ഭവനരഹിതർ |
|---|---|---|---|
| 1 | എഴുകോൺ ഗ്രാമപഞ്ചായത്ത് | 100 | 51 |
| 2 | കരിപ്ര ഗ്രാമപഞ്ചായത്ത് | 52 | 26 |
| 3 | വെളിയം ഗ്രാമപഞ്ചായത്ത് | 72 | 43 |
| 4 | നെടുവത്തൂർ ഗ്രാമപഞ്ചായത്ത് | 79 | 62 |
| 5 | കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് | 68 | 29 |
| 6 | കുളക്കട ഗ്രാമപഞ്ചായത്ത് | 45 | 28 |
| 7 | മൈലം ഗ്രാമപഞ്ചായത്ത് | 56 | 39 |
| 8 | ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് | 39 | 37 |
| | ആകെ | 511 | 315 |

കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂരഹിതരും ഭവനരഹിതരുമായി ഒരു കുടുംബം നീലേശ്വരം ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്. ഭൂമി ലഭ്യത പരിശോധിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**പേരാവൂർ മണ്ഡലത്തിലെ ഭവനരഹിതർ**

37 (2575) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർ ഭവനരഹിതരാണ്; വ്യക്തമാക്കുമോ;

(ബി) പേരാവൂർ നിയോജകമണ്ഡലത്തിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ഭവനരഹിതർക്ക് പട്ടികജാതി വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ചപ്പോൾ ഉണ്ടായിരുന്ന അതേ മാനദണ്ഡത്തിലാണോ ലൈഫ് പദ്ധതിയിൻ കീഴിൽ അവർക്ക് ധനസഹായം നൽകുന്നത്; അല്ലെങ്കിൽ പട്ടികജാതി വകുപ്പിൽ നിന്നും അനുവദിച്ച അതേ മാനദണ്ഡത്തിൽ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 22648 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുണ്ട്.

(ബി) പേരാവൂർ നിയോജകമണ്ഡലത്തിൽപ്പെട്ട 191 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | പേരാവൂർ | 11 |
| 2 | കൊട്ടിയൂർ | 38 |
| 3 | കേളകം | 8 |
| 4 | കണിച്ചാർ | 9 |
| 5 | മുഴക്കുന്ന് | 6 |
| 6 | ആറളം | 24 |
| 7 | അയ്യൻകുന്ന് | 18 |
| 8 | പായം | 56 |
| 9 | ഇരിട്ടി മുനിസിപ്പാലിറ്റി | 21 |
| | ആകെ | 191 |

(സി) അല്ല. സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള 50,000 രൂപ വരെ വാർഷിക വരുമാനമുള്ളവരുള്ള വാസയോഗ്യമായ വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം 4 ലക്ഷം രൂപ 15%, 30%,

40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്തുവരുന്നു. മുൻപ് ഭവന നിർമ്മാണത്തിനായി ഏതെങ്കിലും ഏജൻസി മുഖേന ധനസഹായം ലഭിച്ചിട്ടില്ലാത്തവർക്കാണ് വകുപ്പ് ധനസഹായം നൽകിവന്നിരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഗുണഭോക്തൃ പട്ടികയുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നത്. ഗുണഭോക്തൃ ലിസ്റ്റ് ലഭിക്കാത്തയിടങ്ങളിൽ പത്രപരസ്യത്തിലൂടെ നേരിട്ട് അപേക്ഷ ക്ഷണിച്ചും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സമ്പൂർണ പാർപ്പിട പദ്ധതിയാണ് ലൈഫ് മിഷൻ മുഖേന നടപ്പിലാക്കി വരുന്നതെന്നതിനാൽ പൊതു മാനദണ്ഡപ്രകാരമാണ് ധനസഹായം അനുവദിക്കുന്നത്.

**ഭവനരഹിതരായ പട്ടിക വിഭാഗങ്ങൾ**

38 (2576) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവനരഹിതരായ പട്ടിക വിഭാഗങ്ങളിൽ എത്ര പേർക്കാണ് വീട് വച്ച് നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇനിയും എത്രപേർ ഭവനരഹിതരായിട്ടുണ്ടെന്നും മുഴുവൻ പേർക്കും എപ്പോൾ വീട് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*. നടപ്പ് വർഷം മുതൽ ലൈഫ് പദ്ധതിയിൻകീഴിൽ ഭവനനിർമ്മാണ പദ്ധതി ഏറ്റെടുത്തുവരുന്നു.

(ബി) ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടിക പ്രകാരം സംസ്ഥാനത്ത് 22648 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരം 15168 പട്ടികവർഗ്ഗക്കാർ ഭവനരഹിതരായുണ്ട്. ആയതിൽ 6025 പേർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം വീടുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭവനരഹിതരായ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും ലൈഫ് മിഷൻ പദ്ധതി മുഖേന വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട്**

39 (2577) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയായിരുന്നു; വ്യക്തമാക്കുമോ;

(ബി) ആയത് നിലവിൽ എത്ര; വ്യക്തമാക്കുമോ;

(സി) ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാൻ ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു; എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ഓരോ കുടുംബത്തിനും ശരാശരി എത്ര തുക വീതം നല്കി; വ്യക്തമാക്കുമോ;

(ഡി) അവശേഷിക്കുന്ന മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് നിർമ്മിച്ച് നൽകാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് ഭവനരഹിതരായ 15149 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടായിരുന്നു.

(ബി) നിലവിൽ 9143 പട്ടികവർഗ്ഗക്കാർ ഭവനരഹിതരായുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വീട് നിർമ്മിച്ചു നൽകാൻ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-17 | 206.92 കോടി രൂപ |
| 2017-18 | 147.34 കോടി രൂപ |
| 2018-19 (സാമ്പത്തിക വർഷം നാളിതുവരെ) | 123.24 കോടി രൂപ |
| ആകെ | 477.50 കോടി രൂപ |

20595 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഭവന നിർമ്മാണം, ഭവനപുനരുദ്ധാരണം എന്നിവയ്ക്കായി വകുപ്പ് മുഖേന യഥാക്രമം 3.50 ലക്ഷം, 1.50 ലക്ഷം രൂപ ധനസഹായ നിരക്ക് പ്രകാരം തുക അനുവദിച്ചുവരുന്നു.

(ഡി) ലൈഫ് മിഷൻ പദ്ധതിപ്രകാരം മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വികസനപ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ**

40 (2578) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിലെ വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതി കോളനികളിലെ കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിക്കാറുണ്ടോ;

(സി)എങ്കിൽ ഇത്തരം കോളനികളിൽ വേണ്ട കുടുംബങ്ങളുടെ എണ്ണം എത്രയായിരിക്കണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്;

(ഡി) പട്ടികജാതി കോളനികളിലെ കുടുംബങ്ങളുടെ എണ്ണത്തെ സംബന്ധിച്ച പഠനം അവസാനമായി എന്നാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പട്ടികജാതി കുടുംബങ്ങളുടെ എണ്ണം കുറവായതുകൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കാത്ത കോളനികളുടെ പിന്നോക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത് പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി കോളനികളിലെ വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പ്രധാന മാനദണ്ഡം എത്ര പട്ടികജാതി വിഭാഗക്കാർ പ്രദേശത്ത് അധിവസിക്കുന്നുവെന്ന ഫീസിബിലിറ്റിയെ ആധാരമാക്കിയാണ്. ഒരു കോളനിയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ നേരിട്ടുള്ള ഗുണഭോക്തൃ കുടുംബങ്ങളിൽ 51 ശതമാനത്തിലധികം പട്ടികജാതി കുടുംബങ്ങളിൽപ്പെട്ടവരായിരിക്കണം. ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറാണ് കോളനികളിൽ നേരിട്ട് പരിശോധന നടത്തി എസ്.സി. ഫീസിബിലിറ്റി സർട്ടിഫിക്കറ്റുകൾ നൽകുന്നത്.

(ബി) ധനസഹായം അനുവദിക്കാറുണ്ട്.

(സി) മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) 2009-10

(ഇ&എഫ്) ഇല്ല. പട്ടികജാതി കുടുംബങ്ങളുടെ എണ്ണം കുറവായ കോളനികളുടെ വികസനാവശ്യങ്ങൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ജില്ലാതലത്തിൽ പരിഗണിക്കാവുന്നതാണ്.

**കാസർഗോഡ് എസ്.റ്റി. കോളനിയിലെ റോഡുകൾ**

41 (2579) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നബാർഡ് സാമ്പത്തിക സഹായത്തോടെ കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ കോളനിയിലേക്കുള്ള എത്ര റോഡുകൾക്കാണ് അനുമതി നൽകിയതെന്നും ആയതിൽ പണി പൂർത്തീകരിച്ചവ ഏതെന്നും വിശദമാക്കാമോ;

(ബി) പണി പൂർത്തീകരിച്ച റോഡുകളുടെ തുക ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) റോഡുകളുടെ പണി പൂർത്തീകരിച്ച വകയിൽ ഇനി എത്ര തുക നൽകാനുണ്ട്; പൂർത്തീകരിച്ച റോഡുകൾ ഏതെന്നും തുക എത്രയെന്നും വിശദമാക്കാമോ;

(ഡി) ഇനി കൊടുക്കാനുള്ള തുക നല്കുന്നതിന് വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) നബാർഡ് ആർ.ഐ.ഡി.എഫ് 19, 20 സ്കീമുകളിൽ കാസർഗോഡ് ജില്ലയിൽ ആകെ 17 റോഡുകൾക്ക് ഭരണാനുമതി ലഭിച്ചതിൽ 2 റോഡുകളുടെ അനുമതി ഇതിനകം റദ്ദാക്കിയിട്ടുണ്ട്. ശേഷിച്ച 15 റോഡുകളിൽ 12 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 3 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ചെന്തിക്കുന്ന് അകവശ്ശേരിതട്ട് കോളനി റോഡ്
2. മേലഞ്ചേരി ചെമ്പന ഉമ്മിച്ചി റോഡ്
3. കോലങ്കരടി പട്ടികവർഗ്ഗ കോളനി റോഡ്

4. കോഴിച്ചിട്ട പട്ടികവർഗ്ഗ കോളനി റോഡ്

5. നന്ദൻകുഴി പട്ടികവർഗ്ഗ കോളനി റോഡ്

6. പെരിയം പട്ടികവർഗ്ഗ കോളനി റോഡ്

7. കമ്മടി ഹരിജൻ കോളനി റോഡ്

8. ഒറ്റപ്പടപ്പ് കോളനി റോഡ്

9. പെരിയങ്ങാനം ചീറ്റകോളനി റോഡ്

10. ബാലനടുക്ക ജംഗ്ഷൻ നാഗത്താൻമൂല റോഡ്

11. പുളുവിഞ്ചി പട്ടികവർഗ്ഗ കോളനി റോഡ്

12. പാവൂർ - മുടിമാർ റോഡ്

(ബി) പണി പൂർത്തീകരിച്ച റോഡുകൾക്കായി ബന്ധപ്പെട്ട ഏജൻസികൾ സമർപ്പിച്ചിട്ടുള്ള ബില്ലുകളിന്മേൽ ശീർഷകങ്ങളിൽ ലഭ്യമായിട്ടുള്ളതും എസ്.റ്റി.എസ്.ബി. അക്കൗണ്ടിൽ ലഭ്യമായിട്ടുള്ളതുമായ ലെറ്റർ ഓഫ് ക്രെഡിറ്റ് തുകകളുടെ ഇനത്തിൽ ആകെ 640.1940 ലക്ഷം രൂപ വിവിധ ഏജൻസികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) റോഡുകളുടെ പണി പൂർത്തീകരിച്ച വകയിൽ സമർപ്പിച്ചിട്ടുള്ള ബില്ലുകളിൻ പ്രകാരം 163.7335 ലക്ഷം രൂപ ഏജൻസികൾക്ക് നൽകാനുണ്ട്. തുകയുടെ വിശദാംശങ്ങളും റോഡുകളുടെ വിവരവും അനുബന്ധമായി ചേർക്കുന്നു*.

(ഡി) ആർ.ഐ.ഡി.എഫ്. 19, 20 സ്കീമുകളിലെ കാസർഗോഡ് ജില്ലയിലെ പ്രവൃത്തികളുടെ ബില്ലുകളിന്മേൽ നബാർഡ് പാസ്സാക്കിയ ലോൺ തുകകൾ ശീർഷകങ്ങളിൽ കണ്ടെത്തുന്നതിന് ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസലുകൾ നേരത്തെ സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത ശീർഷകങ്ങളുടെ ചീഫ് കൺട്രോളിംഗ് ഓഫീസറായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറെ നിശ്ചയിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവായ സാഹചര്യത്തിൽ ടി പ്രൊപ്പോസലുകൾ ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്) മുഖാന്തരം വകുപ്പിന് തിരിച്ചയച്ചിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ശീർഷകങ്ങളിൽ ലഭ്യമാക്കുന്നതിനായി പുതിയ രീതിയിൽ അഡീഷണൽ ഓതറൈസേഷൻ പ്രൊപ്പോസലുകൾ തയ്യാറാക്കി സർക്കാർ വകുപ്പ് മുഖേന നേരിട്ട് ധനകാര്യ വകുപ്പിന് സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിവിധ വേയ്സ് ആന്റ് മീൻസ് ക്ലിയറൻസ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അപേക്ഷകളിന്മേൽ ബിൽ തുകകൾ നേരിട്ട് കോൺട്രാക്ടർമാർക്ക് അനുവദിക്കണമെന്ന പുതിയ നിർദ്ദേശം ധനകാര്യ വകുപ്പിൽനിന്നും ലഭ്യമായിട്ടുള്ളതനുസരിച്ച് തുക കോൺട്രാക്ടർക്ക് അനുവദിക്കുന്നത് സംബന്ധിച്ച അനുമതി ഉത്തരവും അക്കൗണ്ട് വിവരങ്ങളും ലഭ്യമാക്കുന്നതിന് വിവിധ ഏജൻസികളോട് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുകകൾ അനുവദിച്ചു നൽകുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

42 (2580) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് സ്വയംപര്യാപ്ത ഗ്രാമം എന്ന പേരിൽ പട്ടികജാതി വികസന വകുപ്പും ഹാംലെറ്റ് ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പേരിൽ പട്ടികവർഗ്ഗ വികസന വകുപ്പും നടപ്പാക്കിയ പദ്ധതി പ്രകാരം തെരഞ്ഞെടുത്തതും എന്നാൽ പണി പൂർത്തീകരിയ്ക്കാതിരുന്നതുമായ സങ്കേതങ്ങളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംബേദ്കർ ഗ്രാമം എന്ന പുതിയ പദ്ധതി പ്രകാരം സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്ന നാൽപ്പതോ അതിലധികമോ പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 268 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. 2018 ആഗസ്റ്റ് മാസത്തിൽ കേരളം നേരിട്ട പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും പ്രളയക്കെടുതി നേരിട്ടിട്ടുള്ളതുമായ കോളനികളുടെ പുനർനിർമ്മാണത്തിനായി പദ്ധതി

ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 90 കോളനികളെ തെരഞ്ഞെടുക്കുകയും നിർവ്വഹണ ചുമതല അതത് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 121 കോളനികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളനികളിൽ 55 കോളനികളിൽ പ്രവർത്തനം ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പല കോളനികളുടെയും നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. പൂർത്തീകരിക്കാത്ത കോളനികളുടെ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി അവലോകന യോഗം സംഘടിപ്പിച്ചുവരുന്നു.

ഹാംലെറ്റ് വികസന പദ്ധതി പ്രകാരം 2013-14 മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ 52 കോളനികളെ തെരഞ്ഞെടുത്തിരുന്നെങ്കിലും 45 കോളനികളിൽ മാത്രമാണ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ആയതിൽ 31 കോളനികളുടെ പദ്ധതിപ്രവർത്തനങ്ങൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച 31 കോളനികളിൽ 18 കോളനികളിലെ പദ്ധതികൾ പൂർത്തീകരിച്ചത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഇനിയും പൂർത്തീകരിക്കാനുള്ള അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്കും ജില്ലാതല ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഒഴിവാക്കി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പദ്ധതി അന്തിമമായി തീർപ്പാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 288 കോളനികളെ തെരഞ്ഞെടുക്കുകയും ആയതിന്റെ നിർവ്വഹണ ചുമതലയ്ക്കായി ഗവ. അംഗീകൃത ഏജൻസികളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുത്ത കോളനികളിൽ ഒരു കോടി രൂപയുടെ പദ്ധതി നിർവ്വഹണമാണ് നടപ്പിലാക്കിവരുന്നത്. ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 262 കോളനികളുടെ പദ്ധതി നിർവ്വഹണം ആംരംഭിക്കുന്നതിനായി 50 ലക്ഷം രൂപ വീതം അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ രണ്ടാംചിറ, ചെന്നിലോട് എന്നീ കോളനികളുടെ പദ്ധതി നിർവ്വഹണം പൂർത്തിയായിട്ടുണ്ട്. ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളുടെ അവലോകനം ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ഓഫീസ് തലത്തിലും നടത്തിവരുന്നുണ്ട്.

സംസ്ഥാനത്തെ വളരെ പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ കോളനികളിലും ഒരു കോടി രൂപ വീതം ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന പദ്ധതിയായ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ടി കോളനികളിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ Detailed Project Report ലഭ്യമായ 91 കോളനികളിൽ, 74 കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ 73 കോളനികളിൽ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുകയും 30 കോളനികളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച കോളനികളിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാതല ഉദ്യോഗസ്ഥർ നിർവ്വഹണ ഏജൻസികളുടെ പ്രതിനിധികളുടെ യോഗം എല്ലാ മാസവും വിളിച്ചുചേർത്ത് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

43 (2581) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമ പദ്ധതിയിൽ അനുമതി ലഭ്യമാക്കിയ മാവൂർ ഗ്രാമപഞ്ചായത്തിലെ അടുവാട് കോട്ടക്കുന്ന് കോളനിയിൽ മുപ്പത് ലക്ഷത്തിന്റെ പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ശേഷിക്കുന്ന പ്രവൃത്തികൾ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) നടത്തിയ പ്രവൃത്തിയുടെ ഭാഗമായി കുടിവെള്ള ടാങ്കും വിതരണ ശൃംഖലയും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സോഴ്സ് കണ്ടെത്താൻ സാധിക്കാതിരുന്നതിനാൽ കുടിവെള്ളം ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിർമ്മാണം പൂർത്തീകരിച്ച ടാങ്കിലേക്ക് വാട്ടർ അതോറിറ്റി ലൈൻ നീട്ടി കുടിവെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിർവ്വഹണ ഏജൻസി (കേരള സിഡ്കോ) ഏറ്റെടുത്ത പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിനാൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20-4-2018-ന് കണ്ണൂരിൽവച്ച് ചേർന്ന യോഗത്തിൽ ഏജൻസി പൂർത്തീകരിച്ചതിന്റെ ബിൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെയടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി ചേരുകയും പ്രവൃത്തികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ശേഷിക്കുന്ന പ്രവൃത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പകരം കിണർ കുഴിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനും തദ്ദേശഭരണ എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

(ഡി) പെട്ടെന്നുള്ള പ്രശ്ന പരിഹാരത്തിനായി കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണം**

44 (2582) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; വിവരിക്കുമോ;

(ബി) ഈ പദ്ധതികൾക്കായി ഇതിനകം എത്ര തുക ചെലവഴിച്ചു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കുന്നത്തുനാട് മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പള്ളിമുകൾ, കുറ്റ എന്നീ കോളനികളെ തെരഞ്ഞെടുക്കുകയും ആയതിന്റെ നിർവ്വഹണ ചുമതല കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് എന്ന ഏജൻസിക്ക് നൽകിയിട്ടുള്ളതുമാണ്. പള്ളിമുകൾ കോളനിക്ക് 99,52,182 രൂപയുടെ എസ്റ്റിമേറ്റും കുറ്റ കോളനിയുടെ 87,83,260 രൂപയുടെ എസ്റ്റിമേറ്റും അംഗീകരിച്ചിട്ടുണ്ട്.

(ബി) രണ്ട് കോളനികളുടെയും നിർവ്വഹണത്തിനായി 50 ലക്ഷം രൂപ വീതം എജൻസിയായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗിന് അനുവദിച്ചിട്ടുണ്ട്.

**പട്ടികജാതി വിഭാഗക്കാരുടെ കാവുകളുടെ സംരക്ഷണം**

45 (2583) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ കാവുകളുടെ സംരക്ഷണത്തിനായി ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിലെ കാതിക്കുടം അന്നപൂർണ്ണേശ്വരി ഗുരുമുത്തപ്പൻ ഭഗവതി ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനായി സഹായം ലഭിയ്ക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ (നമ്പർ 14462/17) ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷ പരിശോധിച്ചുവരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദേശ പഠനം**

46 (2584) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് അവസരം ലഭിച്ചാൽ ഫീസുൾപ്പെടെയുള്ള ചെലവുകൾ സർക്കാർ വഹിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര വിദ്യാർത്ഥികൾക്ക് ഈയിനത്തിൽ ആനുകൂല്യം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികളുടെ പൂർണ്ണ വിശദാംശം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം തിരിച്ച് വെളിപ്പെടുത്താമോ;

(ഡി) ഇത്തരത്തിൽ വിദേശത്ത് പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് വിദേശ യാത്രാനുകൂല്യം നൽകുന്നുണ്ടോ;

(ഇ) എങ്കിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വിദേശ പഠനത്തിനുള്ള ചെലവിനും മറ്റുമായി ചെലവാക്കിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ഉന്നതപഠനം നടത്തുന്നതിന് 4-10-2017-ലെ സ.ഉ. (കൈ) 81/2017/പ.ജ.പ.വ.വി.വ. ഉത്തരവിലെ മാനദണ്ഡങ്ങളനുസരിച്ച് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർക്കുന്നു*.

(ബി&സി) വിദേശ പഠനത്തിന് ധനസഹായം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ അനുബന്ധം , II& III* ആയി ചേർക്കുന്നു.

(ഡി) വിദേശത്ത് പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് വിദേശ യാത്രാനുകൂല്യം നൽകുന്നില്ല.

(ഇ) വിശദാംശങ്ങൾ അനുബന്ധം II& III-ൽ ലഭ്യമാണ്*.

**വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് ആനുകൂല്യങ്ങൾ**

47 (2585) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലും നടപ്പുസാമ്പത്തിക വർഷം നാളിതുവരെയും എത്ര പേർക്ക് ഈ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിദേശ സർവ്വകലാശാലകളിൽ അഡ്മിഷൻ നേടുന്ന പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 4-10-2017-ലെ സ.ഉ.(കൈ) 81/2017/പ.ജ.പ.വ. വി.വ. പ്രകാരം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു. വിശദാംശങ്ങൾ അടങ്ങിയ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പ് മുഖേന 2016-17 വർഷം 3 പേർക്കും 2017-18 വർഷം 10 പേർക്കും നടപ്പുസാമ്പത്തിക വർഷം നാളിതുവരെ 9 പേർക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

2016-17, 2017-18, 2018-19 വർഷങ്ങളിൽ ഒരാൾക്കുവീതം (ആകെ 3 പേർക്ക്) പട്ടികവർഗ്ഗ വികസന വകുപ്പുവഴി വിദ്യാഭ്യാസാനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

**പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി**

48 (2586) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗത്തിൽപ്പെട്ട നിർദ്ധനരും പഠന സൗകര്യം ഇല്ലാത്തവരുമായ കുട്ടികളുടെ വീടുകളിൽ 120 ച.അടി വിസ്തീർണ്ണത്തിൽ പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയിൻകീഴിൽ സംസ്ഥാനത്ത് നാളിതുവരെയായി എത്ര പഠനമുറികൾ പൂർത്തിയാക്കിയിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പുതുതായി എത്ര പഠനമുറികൾ നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്; ഇതിന് ഓരോന്നിനും എത്ര തുക വീതമാണ് ചെലവഴിക്കുന്നത് ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 3795 പഠനമുറികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) നടപ്പുവർഷം 5000 പഠനമുറികൾ നിർമ്മിക്കുന്നതിനാണ് പദ്ധതി ഭൗതിക ലക്ഷ്യം നിശ്ചയിച്ചിട്ടുള്ളത്. 5000 പഠനമുറികൾക്ക് രണ്ട് ലക്ഷം രൂപ നിരക്കിൽ 100 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**പിന്നോക്ക സമുദായക്കാർക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ**

49 (2587) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ നല്കിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിശദവിവരങ്ങൾ നൽകാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; ഒ.ഇ.സി. ,ഒ.ബി.സി. എന്നിവർക്കുൾപ്പെടെ നൽകി വരുന്ന ആനുകൂല്യങ്ങളുടെ വിശദ വിവരം നൽകാമോ ?

ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രീമെട്രിക് തലത്തിൽ ലംപ്സം ഗ്രാന്റ്

2. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസത്തിന് ഫീസ്, ഹോസ്റ്റൽ ചെലവ്, സ്റ്റൈപ്പന്റ്

3. 1 മുതൽ 8-ാം ക്ലാസ് വരെയുള്ളവർക്ക് 2000 രൂപ വീതം പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

4. റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിനുള്ള അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് സ്കോളർഷിപ്പ്

5. 9, 10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി)

6. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്

7. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ

8. ലാപ്ടോപ് ധനസഹായം, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം

9. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾ)

10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം

11. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

12. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി

13. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിന് ധനസഹായം

14. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം

15. ബുക്ക് ബാങ്ക് സ്കീം

16. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്.

17. പ്രീമെട്രിക് ഹോസ്റ്റൽ

18. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

19. ഐ.റ്റി.ഐ.-കൾ

20. പി.ഇ.റ്റി.സി.

21. ക്രെസ്റ്റ് വഴി നൽകുന്ന മികവ് നേടുന്നതിന് വേണ്ടിയുള്ള പരിശീലനം

22. നഴ്സറി സ്കൂൾ

23. സിവിൽ സർവ്വീസ് പരിശീലനം

24. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം

25. മെഡിക്കൽ കോളേജ്, പാലക്കാട്

26. പഠനമുറി

27. വിദേശ പഠനസഹായം

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധയിനം ഫീസുകൾ, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി

2. നഴ്സറിതലം മുതൽ എസ്.എസ്.എൽ.സി. തലം വരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയവ അനുവദിക്കുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി

3. പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ മുടങ്ങാതെ സ്കൂളിൽ എത്തിക്കുന്നതിന് മാതാപിതാക്കൾക്ക് പ്രത്യേക പ്രോത്സാഹന ഗ്രാന്റ്

4. വിദേശത്ത് പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന പദ്ധതി

5. അഞ്ചാം ക്ലാസ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യങ്ങൾ നൽകുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി

6. എട്ടാം ക്ലാസ് മുതൽ +2 വരെ പഠിക്കുന്ന കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി

7. വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ബോർഡിംഗ് ഗ്രാന്റ്

8. എസ്.എസ്.എൽ.സി. മുതൽ ഉന്നത വിജയം നേടുന്ന കുട്ടികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി

സംസ്ഥാനത്തെ പിന്നാക്ക സമുദായത്തിൽപ്പെട്ട ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റും ഒ.ബി.സി. വിദ്യാർത്ഥികൾക്ക് 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പും അനുവദിക്കുന്നു.

പോസ്റ്റ്മെട്രിക് തലത്തിൽ യൂണിവേഴ്സിറ്റി/ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് (ഡേ സ്കോളർഷിപ്പ്), ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി (ഹോസ്റ്റലേഴ്സ്), ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, എക്സാമിനേഷൻ ഫീസ് എന്നിവ പൂർണ്ണമായും വരുമാന പരിധിയില്ലാതെ അനുവദിക്കുന്നു. ഒ.ബി.സി. വിഭാഗങ്ങൾക്ക് ഹയർ സെക്കണ്ടറി കോഴ്സുകളിൽ ഒന്നരലക്ഷം രൂപ വരുമാനപരിധിക്ക് വിധേയമായി പ്രതിമാസ സ്റ്റൈപ്പൻറ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ് എന്നിവയും KPCR പ്രകാരം ഡിഗ്രി കോഴ്സുകൾക്ക് ഒരു ലക്ഷം രൂപ വരുമാന പരിധിയ്ക്ക് വിധേയമായി ട്യൂഷൻ ഫീസ് എന്നിവയും പി.ജി. പ്രൊഫഷണൽ കോഴ്സുകൾക്ക് ഒരു ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ്മെന്റ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ് എന്നിവയും അനുവദിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് തലങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം 23-7-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 4/2016/പ.ജ.പ.വ.വി.വ. പ്രകാരം ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നീ വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% വർദ്ധിപ്പിച്ചിട്ടുണ്ട്.

സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് രണ്ടര ലക്ഷം രൂപ വരുമാനപരിധിക്ക് വിധേയമായി ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് (50% CSS) അനുവദിക്കുന്നു. ഫണ്ടിന്റെ ലഭ്യത, മാർക്ക് എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്കോളർഷിപ്പ് അനുവദിച്ച് നൽകുന്നത്. സ്കോളർഷിപ്പിന്റെ നിരക്കുകൾ 1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് 750, 6 മുതൽ 8 വരെ ക്ലാസ്സുകൾക്ക് 900, 9 മുതൽ 10 വരെ ക്ലാസ്സുകൾക്ക് 1000 എന്നുള്ളത് ഏകീകരിച്ച് 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും 1000 രൂപയായി ഉയർത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന് പുറത്ത് കേന്ദ്ര സർവ്വകലാശാലകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും സംസ്ഥാനത്തിനകത്ത് CA, CMA, CS കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്കും ഒന്നരലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS) അനുവദിക്കുന്നു. ഈ സ്കോളർഷിപ്പ് പദ്ധതി പ്രകാരം Refundable അല്ലാത്ത എല്ലാ ഫീസുകളും കൂടാതെ മെയിന്റനൻസ് അലവൻസും അനുവദിച്ചുനൽകുന്നു.

**മെഡിക്കൽ പി.ജി. കോഴ്സുകളിൽ പട്ടികവിഭാഗങ്ങൾക്ക് സംവരണം**

50 (2588) ശ്രീ. വി .ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ പി. ജി. കോഴ്സുകളിൽ പട്ടികവിഭാഗങ്ങളുടെ സംവരണ തത്വം പാലിക്കുന്ന കാര്യത്തിൽ ദേശീയ എൻട്രൻസ് കമ്മീഷണറുടെ മാർഗ്ഗനിർദ്ദേശം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംസ്ഥാന സർക്കാർ പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാന സർക്കാർ ഈ വിഷയത്തിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശം/ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇത്തരത്തിൽ മാർഗ്ഗനിർദ്ദേശങ്ങളൊന്നും ലഭ്യമല്ല.

(ബി) മെഡിക്കൽ പി.ജി. കോഴ്സുകളിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണതത്വം പാലിച്ചുകൊണ്ട് പ്രവേശനം നൽകുന്നത് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ്.

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം**

51 (2589) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) സർക്കാർ നടപ്പിലാക്കിയ പദ്ധതികൾമൂലം ഈ വിഭാഗം കുട്ടികളുടെ പഠന നിലവാരത്തിൽ ഉണ്ടായിട്ടുള്ള മാറ്റം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിഭാഗത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വിവിധ പദ്ധതികൾ വഴി കോടിക്കണക്കിന് രൂപ വിനിയോഗിച്ചിട്ടും അവർക്ക് സമൂഹത്തിലെ ഇതര വിഭാഗങ്ങളുമായി മത്സരിക്കുന്നതിനും മുഖ്യധാരയിൽ എത്തുന്നതിനും സാധിക്കാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(ഡി) അട്ടപ്പാടിയിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈനിക സ്കൂൾ, കേന്ദ്രീയ വിദ്യാലയം, നവോദയ സ്കൂൾ എന്നിവിടങ്ങളിൽ പ്രവേശനത്തിനായി പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ അതിലൂടെ എത്ര കുട്ടികൾക്ക് മേല്പറഞ്ഞ സ്കൂളുകളിൽ 2018-19-ൽ പ്രവേശനം ലഭിച്ചു എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

<u>പട്ടികജാതി വികസന വകുപ്പ്</u>

1. പ്രീമെട്രിക് വിദ്യാഭ്യാസ ധനസഹായം

2. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ധനസഹായം

3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

4. സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്

5. റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ചുപഠിക്കുന്നതിനുള്ള അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ്

6. 9, 10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി)

7. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

8. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസുൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ

9. ലാപ്ടോപ് ധനസഹായം

10. മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ് വാങ്ങാൻ ധനസഹായം

11. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം

12. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം

13. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

14. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി

15. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം

16. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം

17. ബുക്ക് ബാങ്ക് സ്കീം

18. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്.

19. പ്രീമെട്രിക് ഹോസ്റ്റൽ

20. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

21. ഐ.റ്റി.ഐ.-കൾ

22. പി.ഇ.റ്റി.സി.

23. ക്രെസ്റ്റ് വഴി നൽകുന്ന മികവ് നേടുന്നതിനുള്ള പരിശീലനം

24. നഴ്സറി സ്കൂൾ

25. സിവിൽ സർവ്വീസ് പരിശീലനം

26. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം

27. മെഡിക്കൽ കോളേജ്, പാലക്കാട്

28. പഠനമുറി

29. വിദേശ പഠനസഹായം

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

1. ഗോത്രബന്ധു പദ്ധതി
2. സാമൂഹ്യപഠനമുറി
3. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലന പദ്ധതി

4. ലാപ്ടോപ് വിതരണം

5. സമഗ്ര-സാക്ഷരത പദ്ധതി

6. വിദേശ പഠനത്തിനുള്ള ധനസഹായം

7. നൈപുണ്യ വികസന പദ്ധതികൾ

8. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും

9. ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും

10. പട്ടികവർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി "ഗോത്രവാത്സല്യ നിധി" എന്ന ഇൻഷ്വറൻസ് പദ്ധതി

11. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലന പദ്ധതി

12. എസ്.എസ്.എൽ.സി., +2 പരീക്ഷകൾ എഴുതുന്നവർക്കായി റസിഡൻഷ്യൽ കോച്ചിംഗ് ക്യാമ്പ്

13. പോസ്റ്റ്മെട്രിക്/പ്രീമെട്രിക് സ്കോളർഷിപ്പ്

14. ഗോത്രസാരഥി പദ്ധതി

15. പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ മുടങ്ങാതെ സ്കൂളിൽ എത്തിക്കുന്നതിന് മാതാപിതാക്കൾക്ക് പ്രത്യേക പ്രോത്സാഹന ഗ്രാന്റ്

16. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി

17. എട്ടാം ക്ലാസ് മുതൽ +2 വരെ പഠിക്കുന്ന കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി

18. വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ബോർഡിംഗ് ഗ്രാന്റ്

19. എസ്.എസ്.എൽ.സി. മുതൽ ഉന്നത വിജയം നേടുന്ന കുട്ടികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി

20. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠനയാത്രയായ "ഭാരത് ദർശൻ പദ്ധതി"

(ബി) പരിശോധിച്ചിട്ടുണ്ട്.

പാർശ്വവത്കരിക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിലൂടെ സാമൂഹിക സാംസ്കാരിക രംഗത്ത് സമൂഹത്തിന്റെ മുഖ്യധാരയിൽ തങ്ങളുടേതായ ഒരിടം കണ്ടെത്തുന്നതിനും അവരെ വിദ്യാഭ്യാസ മേഖലയിൽ മുൻപന്തിയിൽ എത്തിക്കുന്നതിനുവേണ്ടിയും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുവേണ്ടിയാണ് വകുപ്പ് മുഖേന വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. പഠന പുരോഗതി വിലയിരുത്തുന്നതിന് പ്രത്യേക സംവിധാനമില്ലെങ്കിലും വകുപ്പിന്റെ എം.ആർ.എസ്.-കളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിജയശതമാനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് ഈ വിഭാഗം വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ മാറ്റം സൃഷ്ടിക്കാൻ കഴിയുന്നുണ്ട് എന്നതിന്റെ ഉദാഹരണമാണ്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ പദ്ധതികൾക്കൊണ്ട് വിദ്യാർത്ഥികൾക്ക് സമൂഹത്തിൽ വിവിധ രംഗങ്ങളിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ കഴിയുന്നുണ്ട്. പ്രത്യേക പ്രോത്സാഹന പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും, മെഡിക്കൽ/ എഞ്ചിനീയറിംഗ് പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കി ഗോൾഡ് മെഡൽ കരസ്ഥമാക്കുന്നവരുടെ എണ്ണവും ഇക്കാര്യം സൂചിപ്പിക്കുന്നു. കൂടാതെ വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റൽ അന്തേവാസികളായ വിദ്യാർത്ഥികളുടെയും എം.ആർ.എസ്.-കളിലെ വിദ്യാർത്ഥികളുടെയും പൊതുപരീക്ഷകളിലെ വിജയശതമാനം പരിശോധിച്ചാൽ പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾ ഇതര വിഭാഗങ്ങളുമായി മത്സരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തുന്നതായി മനസ്സിലാക്കുവാൻ കഴിയും.

(ഡി) അട്ടപ്പാടിയിൽനിന്നുള്ള 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നവോദയ സ്കൂളിലും സൈനിക സ്കൂളിലും പ്രവേശനം ലഭിക്കുന്നതിനുള്ള പരിശീലനം വകുപ്പ് നടത്തിവരുന്നു. 2016-17 അദ്ധ്യയന വർഷം പരിശീലനം ലഭിച്ച 7 വിദ്യാർത്ഥികൾക്കും 2017-18 വർഷം 4 വിദ്യാർത്ഥികൾക്കും കഴക്കൂട്ടം സൈനിക സ്കൂളിൽ പ്രവേശനം ലഭ്യമായിട്ടുണ്ട്. കൂടാതെ 5 വിദ്യാർത്ഥികൾക്ക് 2017-18-ൽ ജവഹർ നവോദയ വിദ്യാലയത്തിലും 2 വിദ്യാർത്ഥികൾക്ക് ആൾ ഇന്ത്യ സൈനിക് സ്കൂൾ പ്രവേശന പരീക്ഷ വഴി സൈനിക സ്കൂളിലും പ്രവേശനം ലഭ്യമായിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷം 6 വിദ്യാർത്ഥികൾക്ക് ജവഹർ നവോദയ വിദ്യാലയത്തിലും 3 വിദ്യാർത്ഥികൾക്ക് സൈനിക സ്കൂളിലും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്.

നടപ്പ് അദ്ധ്യയന വർഷം 100 പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള പരിശീലനം നടന്നുവരുന്നു.

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതികൾ**

52 (2590) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ആകെ എത്ര രൂപ ഈയിനത്തിൽ വകയിരുത്തി എന്നും അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രീമെട്രിക് തലത്തിൽ ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പന്റ്

2. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസത്തിന് ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പെന്റ്, ഫീസ്, ഹോസ്റ്റൽ ചെലവ്

3. 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പ്രകാരം 2000/- രൂപ വീതം

4. റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിന് അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് പദ്ധതി പ്രകാരം ആനുകൂല്യം (കേന്ദ്ര പദ്ധതി)

5. 9, 10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി)

6. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്

7. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസുൾപ്പെടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ

8. ലാപ്ടോപ് ധനസഹായം

9. സ്റ്റെതസ്കോപ്പ് ധനസഹായം

10. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവുകൾക്ക് ധനസഹായം

11. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം

12. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

13. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി

14. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം

15. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം

16. ബുക്ക് ബാങ്ക് സ്കീം

17. മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്.

18. പ്രീമെട്രിക് ഹോസ്റ്റൽ

19. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

20. ഐ.റ്റി.ഐ.-കൾ

21. PETC

22. CREST വഴി മികവ് നേടുന്നതിന് പരിശീലനം നൽകുന്ന പദ്ധതി

23. നഴ്സറി സ്കൂളുകൾ

24. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം

25. പാരലൽ കോളേജ് വിദ്യാഭ്യാസ ആനുകൂല്യം

26. മെഡിക്കൽ കോളേജ്, പാലക്കാട്

27. പഠനമുറി പദ്ധതി

28. വിദേശപഠന ധനസഹായം

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.**

53 (2591) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഐ.ടി.ഐ.യുടെ പ്രവർത്തന ന്യൂനതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇവിടെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.-യ്ക്ക് രണ്ട് കോടി രൂപയുടെ എസ്റ്റിമേറ്റിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 9-1-2019-ലെ തീയതിയിലെ സ.ഉ. (സാധാ) നം. 13/2019/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മാവേലിക്കര ഐ.ടി.ഐ. നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. കാർപ്പെന്റർ, കാലഹരണപ്പെട്ട മെക്കാനിക് റേഡിയോ & ടെലിവിഷൻ എന്നീ ട്രേഡിന് പകരം ആരംഭിച്ച ഇലക്ട്രോണിക്, മെക്കാനിക് എന്നീ കോഴ്സുകൾ മാവേലിക്കര ഐ.ടി.ഐ.-യിൽ നടത്തിവരുന്നു.

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇലക്ട്രീഷ്യൻ, വെൽഡർ എന്നീ പുതിയ രണ്ട് ട്രേഡുകൾ കൂടി തുടങ്ങാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. കെട്ടിടം നിർമ്മിക്കേണ്ട സ്ഥലത്തുള്ള പഴയ കെട്ടിടങ്ങൾ ലേലം ചെയ്ത് പൊളിച്ചുമാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഐ.ടി.ഐ.-യുടെ ചുറ്റുമതിൽ അറ്റകുറ്റപ്പണി ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 1992 മുതൽ പ്രവർത്തിച്ചുവരുന്ന മാവേലിക്കര ഐ.ടി.ഐ.-യിൽ കാർപ്പെന്റർ, മെക്കാനിക് റേഡിയോ & ടെലിവിഷൻ എന്നീ എൻ.സി.വി.റ്റി. കോഴ്സുകളിലാണ് പരിശീലനം നൽകിവന്നിരുന്നത്. ഇതിൽ മെക്കാനിക് റേഡിയോ & ടെലിവിഷൻ എന്ന കോഴ്സ് കാലഹരണപ്പെട്ടുപോയതിനാൽ പ്രസ്തുത കോഴ്സിനുപകരം ഇലക്ട്രോണിക് മെക്കാനിക് എന്ന രണ്ട് വർഷ കോഴ്സ് ആരംഭിക്കുകയും എൻ.സി.വി.റ്റി. അഫിലിയേഷൻ നേടുകയും ചെയ്തിട്ടുണ്ട്.

ഇപ്പോൾ നിർമ്മാണാനുമതി നൽകിയിട്ടുള്ള പുതിയ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതോടെ പുതുതായി ഇലക്ട്രീഷ്യൻ, വെൽഡർ എന്നീ കോഴ്സുകൾ കൂടി ആരംഭിക്കാൻ സാധിക്കും.

**പട്ടികവർഗ്ഗ കുട്ടികൾക്കായി കോതമംഗലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ**

54 (2592) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാറിലധികം ആദിവാസി കോളനികളുള്ള കോതമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗ കുട്ടികൾക്കായി കോതമംഗലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനായി കോതമംഗലത്ത് സ്വകാര്യ കെട്ടിടം വാടകയ്ക്കെടുത്ത് ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ടി, വാടകയും മറ്റ് അനുബന്ധ ചെലവുകളുമടക്കം നല്കിയിട്ടുള്ള പ്രൊപ്പോസൽ പരിഗണനയിലാണോ; പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) വടാശ്ശേരിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കെട്ടിടത്തിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോതമംഗലത്ത് ആൺകുട്ടികൾക്കായി സ്വകാര്യ കെട്ടിടം വാടകയ്ക്കെടുത്ത് ഹോസ്റ്റൽ പ്രവർത്തനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ പട്ടികവർഗ്ഗ വികസന വകുപ്പ് തയ്യാറാക്കിവരുന്നു.

(സി) കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വടാശ്ശേരിയിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് താൽക്കാലികമായി അഞ്ച് വർഷത്തേയ്ക്ക് വിട്ടുനൽകുവാനുള്ള പഞ്ചായത്തിന്റെ തീരുമാനം ലഭ്യമായിട്ടുണ്ട്.

(ഡി) പ്രസ്തുത കെട്ടിടം വകുപ്പിന് കൈമാറുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## മീട്ടൂർ ഗാന്ധിഗ്രാം തൊഴിൽ പരിശീലന കേന്ദ്രം

55 (2593) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വന്നിരുന്നതും നിരവധി അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ പരിശീലനം നൽകിവന്നിരുന്നതും നിലവിൽ അടച്ചിട്ടിരിക്കുന്നതുമായ മീട്ടൂർ ഗാന്ധിഗ്രാം തൊഴിൽ പരിശീലന കേന്ദ്രം വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

മീട്ടൂർ ഗാന്ധിഗ്രാം തൊഴിൽ പരിശീലന കേന്ദ്രം SCA to SCSP പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

## മെഡിക്കൽ പി.ജി. കോഴ്സുകളിൽ സംവരണം

56 (2594) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ പി.ജി. കോഴ്സുകളിൽ ഓരോന്നിലും 2010 മുതൽ അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണവും അതിലോരോന്നിലും പട്ടിക വിഭാഗങ്ങൾക്ക് 10% സംവരണം എന്ന നിരക്കിൽ നീക്കിവച്ച സീറ്റുകളുടെ എണ്ണവും വ്യക്തമാക്കാമോ;

(ബി) ഇതേ കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഓരോ വർഷത്തിലും ഓരോ വിഭാഗത്തിലും യഥാർത്ഥത്തിൽ അനുവദിച്ച സീറ്റുകളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) ഓരോ വിഭാഗത്തിലും 10% സീറ്റ് സംവരണം നൽകിയിട്ടില്ലായെങ്കിൽ തുടർന്നുള്ള വർഷങ്ങളിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) മെഡിക്കൽ പി.ജി. കോഴ്സുകളിൽ ഓരോന്നിനും 2010 മുതൽ അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണവും പട്ടിക വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകളുടെ എണ്ണവും കാണിക്കുന്ന ചാർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കിർത്താഡ്സിലെ നിയമനം**

57 (T2595) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പ്രവർത്തിച്ച് വരുന്ന കിർത്താഡ്സിൽ സ്ഥിരം ജീവനക്കാർ എത്ര പേരുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇവിടെ, സർവ്വീസിൽ നിന്ന് വിരമിച്ച ശേഷം ജീവനക്കാരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കിർത്താഡ്സിൽ സ്ഥിരനിയമനത്തിനായി 60 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 49 സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(ബി) ക്ലറിക്കൽ സഹായത്തിനായി കിർത്താഡ്സ് വകുപ്പിൽ ഒരാളെ നിയമിച്ചിട്ടുണ്ട്.

**കിർത്താഡ്സിൽ സ്പെഷ്യൽ റൂൾ നിഷ്കർഷിക്കുന്ന യോഗ്യത**

58 (2596) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിർത്താഡ്സിലെ സ്പെഷ്യൽ റൂൾ പ്രകാരം യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ കെ.എസ്. ആന്റ് എസ്.എസ്.ആർ.-ലെ റൂൾ 39 പ്രകാരം ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ; അവരുടെ യോഗ്യത, സ്പെഷ്യൽ റൂൾ നിഷ്കർഷിക്കുന്ന യോഗ്യത എന്നിവ ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ പ്രകാരം പ്രൊബേഷൻ പ്രഖ്യാപിച്ചത് പി.ആന്റ്.എ.ആർ.ഡി.-യുടെ അഭിപ്രായം തേടിയിട്ടാണോ; എങ്കിൽ എന്തായിരുന്നു നിർദ്ദേശം; പ്രസ്തുത നിർദ്ദശങ്ങൾ പാലിച്ചിട്ടുണ്ടോ; റിമാർക്ക്സ് ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അപ്രകാരം പ്രൊബേഷൻ പൂർത്തിയാക്കിയ ആരെങ്കിലും പട്ടികജാതി-പട്ടിക വർഗ്ഗക്ഷേമ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് ആയി ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഇപ്രകാരം പ്രൊബേഷൻ പൂർത്തിയാക്കിയ കിർത്താഡ്സിലെ ഉദ്യോഗസ്ഥർ ധനകാര്യവകുപ്പിന്റെ പൊതുനിർദ്ദേശത്തിന് വിരുദ്ധമായി ശമ്പള ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുണ്ടോ; എങ്കിൽ എത്ര തുക; വിശദമാക്കാമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ പ്രഖ്യാപിച്ചിട്ടില്ല. 2009, 2010-ൽ സ്പെഷ്യൽ റൂൾ വ്യവസ്ഥ പ്രകാരം സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ പ്രൊബേഷൻ 2017-ൽ ഡിക്ലയർ ചെയ്തിട്ടുണ്ട്.

1. ശ്രീ. മണിഭൂഷണൻ എ., ലക്ചറർ
2. ശ്രീ. സജിത് കുമാർ എസ്.വി., റിസർച്ച് ഓഫീസർ
3. ശ്രീമതി മിനി പി.വി., റിസർച്ച് അസിസ്റ്റന്റ്
4. ശ്രീമതി ഇന്ദു വി. മേനോൻ, ലക്ചറർ

(ബി) പി. ആന്റ് എ.ആർ.ഡി.-യുടെ അഭിപ്രായം തേടിയിട്ടുണ്ട്. പ്രസ്തുത അഭിപ്രായത്തിന് അനുസൃതമായാണ് 11-10-2007-ലെ G.O.(P)No. 60/2007/SCSTDD പ്രകാരം ലക്ചറർ തസ്തികയിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ളത്.

പി. ആന്റ് എ.ആർ.ഡി.-യുടെ റിമാർക്സ് ഫയലിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു*.

(സി) ഉണ്ട്. ശ്രീ. മണിഭൂഷണൻ എ. കിർത്താഡ്സ് വകുപ്പിൽനിന്നും പിന്നോക്ക വിഭാഗ വികസന വകുപ്പിലേക്ക് മുൻ സർക്കാരിന്റെ കാലത്ത് 2014-ൽ അന്യത്ര സേവനവ്യവസ്ഥയിൽ പോകുകയും ഇപ്പോൾ ബഹു. പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായി ജോലി ചെയ്തുവരുന്നുമുണ്ട്.

(ഡി) ഇല്ല. അക്കൗണ്ടന്റ് ജനറൽ ശമ്പളം നിർണ്ണയിച്ച് ലഭ്യമാക്കിയ പേ സ്ലിപ്പിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. മണിഭൂഷണൻ എ. ശമ്പള ആനുകൂല്യങ്ങൾ കൈപ്പറ്റിക്കൊണ്ടിരിക്കുന്നത്.

**ആറന്മുള മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾ**

59 (2597) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിലായി കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ആറന്മുള നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ആയതിന് അനുവദിച്ച തുക എത്രയാണെന്നും വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(സി) തുക അനുവദിച്ചിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്നും അതിന്റെ കാരണങ്ങളും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2016-17, 2018-19 വർഷങ്ങളിലായി കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ആറന്മുള നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു*.

2017-18 വർഷം കോർപ്പസ് ഫണ്ട് പ്രകാരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ജില്ലയ്ക്ക് തുക അനുവദിച്ചിട്ടില്ല.

(ബി) 2016-17 വർഷത്തിൽ ആരംഭിച്ച പ്രവൃത്തികൾ എല്ലാംതന്നെ പൂർത്തീകരിച്ചു. 2018-19 വർഷത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

(സി) തുക അനുവദിച്ചിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഇല്ല.

**ആലത്തൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

60 (2598) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടിവെള്ള പദ്ധതികളിൽ പൂർത്തിയാക്കിയവയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് കുടിവെള്ള പദ്ധതികളിൽ പൂർത്തിയാക്കിയവയുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കുടിവെള്ള പദ്ധതികളൊന്നും നിലവിലില്ല.

(ബി) അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ

61 (2599) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ടോയെന്നും ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) എങ്കിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ഭൂരഹിതരായ 679 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ 26 പേർക്ക് 6.5893 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. 1409 പേർക്ക് 1234.54 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പോത്തുണ്ടി ഡാം പരിസരത്ത് 87 പേർക്ക് 17.4 ഏക്കർ റവന്യൂ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകുവാൻ നടപടി സ്വീകരിച്ചുവരുന്നു. വിജ്ഞാപനം പുറപ്പെടുവിച്ചതിൽ 63 ഭൂവുടമകളിൽനിന്നും വിൽപ്പനയ്ക്ക് തയ്യാറാണെന്നുള്ള സമ്മതപത്രം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഭൂമി വാങ്ങി നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 26 പേർക്ക് 6.5893 ഏക്കർ ഭൂമി വാങ്ങി നൽകി. 1409 പേർക്ക് 1234.54 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തു. പോത്തുണ്ടി ഡാം പരിസരത്ത് 87 പേർക്ക് 17.4 ഏക്കർ ഭൂമി വിതരണം ചെയ്തു.

## ആദിവാസി യുവാവ് കൊല്ലപ്പെട്ട കേസ്സിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ നിയമനം

62 (2600) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ആദിവാസി യുവാവ് മധു കൊല്ലപ്പെട്ട കേസ്സിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചതിനുശേഷം പ്രസ്തുത നിയമനം റദ്ദാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) റദ്ദാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ;

(സി) നിലവിൽ പ്രസ്തുത കേസ്സിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഈ കേസ്സിന് മാത്രമായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - സി) മധു എന്ന യുവാവ് കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട കേസ്സിൽ അഡ്വ. പി. ഗോപിനാഥിനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ആയി നിയമിച്ചിരുന്നു. ശ്രീ. പി. ഗോപിനാഥ് നിലവിലുള്ള സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം കേസ് ഏറ്റെടുക്കാൻ സമ്മതപത്രം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ആയി നിയമിച്ചത്. എന്നാൽ ഉത്തരവ് പുറപ്പെടുവിച്ചശേഷം ശ്രീ. ഗോപിനാഥ് ചട്ടപ്രകാരം നൽകിയ സമ്മതപത്രത്തിലെ വ്യവസ്ഥകൾ അംഗീകരിക്കാൻ തയ്യാറാകാതിരിക്കുകയും നിയമനം സ്വീകരിക്കാതിരിക്കുകയും ചെയ്തു. മധുവിന്റെ ബന്ധുക്കൾ ശ്രീ. ഗോപിനാഥിനെ നിയമിക്കണമെന്ന് ചട്ടപ്രകാരം ആവശ്യപ്പെടുകയും ചെയ്തിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ശ്രീ. പി. ഗോപിനാഥിനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്യുകയും മണ്ണാർക്കാട് എസ്.സി./എസ്.റ്റി. പ്രത്യേക കോടതിയിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ കേസ് നടത്തിപ്പ് ഏൽപ്പിക്കുകയും ചെയ്തു. തുടർന്ന് മറ്റൊരു അഡ്വക്കേറ്റിനെ ഈ കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ആയി നിയമിക്കാനുള്ള നടപടി ആഭ്യന്തര വകുപ്പ് സ്വീകരിച്ചുവരുന്നു.

**ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി**

63 (2601) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് 2018-19-ലെ ബഡ്ജറ്റിൽ എത്ര തുകയാണ് എസ്.സി.പി.-യിലും റ്റി.എസ്.പി.-യിലും വകയിരുത്തിയിട്ടുള്ളതെന്നും ആയതിൽ 31-12-2018 വരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ഇതിലൂടെ എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി എസ്.സി.പി.-യിൽ 2018-19 വർഷം 225 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 31-1-2019 വരെ 133 കോടി രൂപ ചെലവഴിച്ചു.

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനും പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാർക്ക് വികസന പ്രവർത്തനങ്ങൾക്കുമായി 2018-19 ബഡ്ജറ്റിൽ 55 കോടി രൂപ വകയിരുത്തിയതിൽ 8.31 കോടി രൂപ ഭൂമി വാങ്ങി നൽകുന്നതിനായി അനുവദിക്കുകയും 2.31 കോടി രൂപ ഭൂമി വാങ്ങി നൽകുന്നതിനായി ചെലവഴിക്കുകയും ചെയ്തു. മറ്റ് വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക ഉൾപ്പെടെ 6.39 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 3096 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി നൽകി.

26 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 15.42 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ വെള്ളപ്പൊക്ക ബാധിതരായ 6 കോളനികളിലെ 144 പട്ടികവർഗ്ഗക്കാർക്ക് 24.39 കോടി രൂപ അനുവദിച്ച് തുടർനടപടികൾ നടന്നുവരുന്നു.

**മരുത്തുവർ സമുദായത്തിലുള്ളവർക്ക് ഒ.ഇ.സി. സർട്ടിഫിക്കറ്റ്**

64 (2602) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മരുത്തുവർ സമുദായത്തിൽ ഉൾപ്പെട്ടവരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യ ആവശ്യങ്ങൾക്ക് ഒ.ഇ.സി. സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

മരുത്തുവർ സമുദായം സംസ്ഥാനത്തെ ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ജി.ഒ. (എം.എസ്.) നമ്പർ 10/2014/പി.സ.വി.വ. പ്രകാരം ആറ് ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി ഒ.ഇ.സി.-ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്ന 30 സമുദായങ്ങളുടെ പട്ടികയിൽ മരുത്തുവർ സമുദായം ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ടി സമുദായത്തിന് ഒ.ഇ.സി. സർട്ടിഫിക്കറ്റിന് അർഹതയില്ല. 2-8-2017-ലെ ജി.ഒ.(എം.എസ്.)നമ്പർ 14/2017/പി.സ.വി.വ. പ്രകാരമുള്ള പുതുക്കിയ ഒ.ഇ.സി. പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പിന്നാക്ക വിഭാഗക്കാർക്ക് പഠന സൗകര്യം**

65 (2603) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഏതെല്ലാം പിന്നാക്ക വിഭാഗക്കാർക്കാണ് പഠന സൗകര്യം ഒരുക്കുന്നതിനുള്ള സഹായസഹകരണങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ളത്;വ്യക്തമാക്കുമോ;

(ബി) ഈ വ്യവസ്ഥ പ്രകാരം കളമശ്ശേരി മണ്ഡലത്തിൽ എത്ര, ഏതെല്ലാം പഠന സൗകര്യമില്ലാത്ത പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങൾ ചെയ്തു കൊടുത്തു; പട്ടിക തിരിച്ച് വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഒ.ബി.സി. വിഭാഗങ്ങൾക്ക് സംസ്ഥാനത്തിനകത്ത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിനും സംസ്ഥാനത്തിന് പുറത്ത് കേന്ദ്ര സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ഒന്നര ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി ഒ.ബി.സി. ആനുകൂല്യവും സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് കോളേജുകളിൽ എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരുമാനപരിധിക്ക് വിധേയമായി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നുണ്ട്. ഇതുകൂടാതെ ഒ.ഇ.സി. വിഭാഗത്തിലെ 8 സമുദായങ്ങൾക്ക് വരുമാന പരിധി ബാധകമാകാതെ പട്ടികജാതി വിഭാഗങ്ങൾക്ക് ലഭിച്ചുവരുന്ന മുഴുവൻ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നുണ്ട്. വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമായി ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെടുത്തിയ 30 ഒ.ബി.എച്ച്. വിഭാഗങ്ങൾക്ക് 6 ലക്ഷം രൂപ വരുമാനപരിധിക്ക് വിധേയമായി ഒ.ഇ.സി. വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചുവരുന്നുണ്ട്.

(ബി) ആനുകൂല്യങ്ങൾ അനുവദിച്ചതിന്റെ മണ്ഡലം തിരിച്ചുള്ള കണക്കുകൾ വകുപ്പ് ശേഖരിച്ചിട്ടില്ല. കളമശ്ശേരി മണ്ഡലത്തിലെ സർക്കാർ/സർക്കാർ എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഒ.ഇ.സി. പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യവും സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പും അനുവദിക്കുന്നുണ്ട്. പോസ്റ്റ് മെട്രിക് തലത്തിൽ സംസ്ഥാനത്തിനകത്ത്/പുറത്ത് എന്നീ വിഭാഗങ്ങളിലുൾപ്പെടുത്തി സർക്കാർ/സർക്കാർ എയ്ഡഡ് സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് ഒ.ഇ.സി. ആനുകൂല്യവും സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ. ആനുകൂല്യവും അനുവദിച്ചുവരുന്നു.

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തന വിപുലീകരണം**

66 (2604) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന പിന്നാക്കവിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിലവിലുള്ള 14 ജില്ലാ ഓഫീസുകൾക്കും 6 ഉപജില്ലാ ഓഫീസുകൾക്കും പുറമെ 10 പുതിയ ഉപജില്ലാ ഓഫീസുകളും അനുബന്ധമായി 40 തസ്തികകളും സൃഷ്ടിക്കാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുവേണ്ടി കോർപ്പറേഷന്റെ online platform ആയ 'bcdconline' കൂടുതൽ കാര്യക്ഷമമാക്കുകയും SBI ചെലാൻ മുഖാന്തരം കേരള സംസ്ഥാനത്തിലെ എല്ലാ SBI ബ്രാഞ്ചുകളിലും ഗുണഭോക്താക്കൾക്ക് തുക തിരിച്ചടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. കോർപ്പറേഷനിൽ വായ്പയ്ക്ക് അപേക്ഷിക്കുന്ന ഗുണഭോക്താക്കൾക്ക് അപേക്ഷയുടെ ഓരോ ഘട്ടത്തിലെയും പുരോഗതി മൊബൈലിൽ ലഭ്യമാക്കുന്നതിനും തിരിച്ചടവ് തീയതി വിവരം വായ്പക്കാരെ ഓർമ്മിപ്പിക്കുന്നതിനും മറ്റ് വിവരങ്ങൾ കൈമാറുന്നതിനും വേണ്ടിയിട്ടുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**നിയമ പരിഷ്കരണ കമ്മീഷൻ**

67 (2605) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ പരിഷ്കരണ കമ്മീഷൻ 2017-ൽ രൂപീകൃതമായ ശേഷം ഇതിനകം എത്ര റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്; അതിൽ എത്ര ശിപാർശകളുണ്ട്;

(ബി) പ്രസ്തുത ശിപാർശകളിൽ ഏതൊക്കെ ശിപാർശകൾ സർക്കാർ ഇതിനകം അംഗീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനത്തിനായി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വ്യകതമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-ൽ രൂപീകരിച്ച കേരള നിയമ പരിഷ്കരണ കമ്മീഷൻ ഇതിനകം രണ്ട് റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. രണ്ട് റിപ്പോർട്ടുകളിലുമായി എട്ട് ശിപാർശകളുണ്ട്.

(ബി) പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനത്തിനായി 31-1-2019 വരെ 60,58,240 രൂപ (അറുപത് ലക്ഷത്തി അൻപത്തെണ്ണായിരത്തി ഇരുന്നൂറ്റി നാൽപ്പത് രൂപ) ചെലവഴിച്ചിട്ടുണ്ട്.

**നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക കേന്ദ്രങ്ങൾ**

68 (2606) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പതിനാല് ജില്ലകളിലും 50 കോടി രൂപ വീതം ചെലവാക്കി നവോത്ഥാന നായകരുടെ പേരിൽ ഓരോ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; അറിയിക്കാമോ;

(സി) എറണാകുളം ജില്ലയിൽ എവിടെയാണ് ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നവോത്ഥാന നായകരുടെ പേരിൽ ഓരോ ജില്ലയിലും സാംസ്കാരിക സമുച്ചയം സ്ഥാപിക്കുകയെന്ന പദ്ധതി പ്രകാരം ഭൂമി ലഭ്യമായ പാലക്കാട്, കാസർഗോഡ്, കൊല്ലം ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. ഇടുക്കി, മലപ്പുറം, തൃശ്ശൂർ, പത്തനംതിട്ട, കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ ഭൂമി കണ്ടെത്തുകയും അതിന്റെ കൈവശാവകാശം സാംസ്കാരിക വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മറ്റ് ജില്ലകളിൽ അനുയോജ്യമായ ഭൂമി കണ്ടെത്താനുള്ള നടപടി പുരോഗമിക്കുകയാണ്.

(ബി) പാലക്കാട്, കാസർഗോഡ്, കൊല്ലം ജില്ലകളിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ ഡി.പി.ആർ. പൂർത്തിയായിട്ടുണ്ട്.

(സി) എറണാകുളം ജില്ലയിലെ വിവിധയിടങ്ങളിൽ സ്ഥലപരിശോധന നടത്തിയെങ്കിലും അനുയോജ്യമായ ഭൂമി ഇതുവരെയും കണ്ടെത്തിയിട്ടില്ല.

**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ**

69 (2607) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേൽനോട്ടത്തിൽ കുട്ടികൾക്ക് വേണ്ടിയുള്ള രചനകളും കുട്ടികൾ എഴുതിയ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നതിന് പദ്ധതിയുണ്ടോ; അറിയിക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിലെ കുട്ടികൾക്കായി ബാലസാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്തുടനീളം കുട്ടികൾക്കായി ശില്പശാലകൾ, ക്യാമ്പുകൾ, സെമിനാറുകൾ, വായനാമത്സരം, സർഗ്ഗവസന്തം ക്യാമ്പുകൾ, അക്ഷരയാത്ര, വായനാനിറവ് എന്നിവ നടത്തുന്നു. തളിര് എന്ന പേരിൽ കുട്ടികൾക്കായുള്ള ബാലസാഹിത്യ മാസിക പ്രസിദ്ധീകരിക്കുന്നു. കൂടാതെ ബാലസാഹിത്യ രചനകൾ നടത്തുന്ന എഴുത്തുകാർക്കായി ശില്പശാലകൾ നടത്തിവരുന്നുണ്ട്. മുസിരീസ് പൈതൃക പദ്ധതിയുമായി ബന്ധപ്പെട്ട് പുസ്തക പ്രസിദ്ധീകരണവും വിപണനവും നടത്തുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി&ഡി) പരിശോധിച്ചുവരുന്നു.

**നാടകങ്ങൾക്ക് ധനസഹായം**

70 (2608) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായി അവതരിപ്പിക്കുന്ന നാടകങ്ങൾക്ക് ധനസഹായം നൽകുന്നതിലേക്കായി കേരള സംഗീത നാടക അക്കാദമി സമർപ്പിച്ചിട്ടുള്ള 50 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ അനുമതി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം എന്തെന്നും ഇത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

2017-18 ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായി അവതരിപ്പിക്കുന്ന നാടകങ്ങൾക്ക് ധനസഹായം നൽകുന്നതിലേക്കായി കേരള സംഗീത നാടക അക്കാദമി സമർപ്പിച്ചിട്ടുള്ള 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കേരള സംഗീത നാടക അക്കാദമിക്ക് ധനസഹായം അനുവദിച്ച് നൽകുന്നതാണ്.

**അവശ കലാകാരന്മാർക്കുള്ള ആശ്വാസ പദ്ധതികൾ**

71 (2609) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ കലാകാരന്മാർക്കുള്ള ആശ്വാസ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) അപകടം സംഭവിച്ച് നിലവിൽ ജോലി ചെയ്യാൻ സാധിക്കാതെ കിടപ്പിലായിട്ടുള്ള കലാകാരൻമാർക്ക് സർക്കാർ അനുവദിക്കുന്ന ആശ്വാസ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ അംഗീകാരങ്ങളും അവാർഡുകളും ലഭിച്ചിട്ടില്ലാത്തവരേയും ആനുകൂല്യ ങ്ങൾക്ക് പരിഗണിക്കുമോ;

(ഡി) അവശ കലാകാരന്മാരുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ഇ) മരണപ്പെടുന്ന അവശ കലാകാരന്മാരുടെ ആശ്രിതർക്ക് എന്തെല്ലാം ആനുകൂല്യമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പ് മുഖേന കേരളത്തിലെ 2750-ഓളം അവശരായ കലാകാരന്മാർക്ക് പ്രതിമാസം 1500 രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നു.

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗമാകുന്ന കലാകാരന്മാർക്ക് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. ക്ഷേമനിധി അംഗങ്ങളായ കലാകാരന്മാർക്ക് പ്രതിമാസം 3000 രൂപ പെൻഷൻ നൽകുന്നുണ്ട്.

സിനിമാ രംഗത്ത് പ്രവർത്തിച്ചിട്ടുള്ള അവശകലാകാരന്മാർക്ക് പ്രതിമാസം 1000 രൂപ വീതം ചലച്ചിത്ര അക്കാദമിയിൽനിന്നും പെൻഷൻ നൽകിവരുന്നു.

അവശത അനുഭവിക്കുന്ന ഫോക് ലോർ കലാകാരന്മാർക്ക് അർഹത നോക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് 25,000 രൂപ വരെ ചികിത്സാസഹായം ഫോക് ലോർ അക്കാദമി അനുവദിച്ച് നൽകാറുണ്ട്.

(ബി) അശരണരും രോഗബാധിതരുമായ കലാകാരന്മാർക്ക് ആശ്വാസമായി അടിയന്തര ചികിത്സാ ധനസഹായം നൽകുന്നതിനുള്ള പദ്ധതി പ്രകാരം അർഹരായ അപേക്ഷകർക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ സാംസ്കാരിക വകുപ്പ് മുഖേന അനുവദിച്ചുവരുന്നു.

സാംസ്കാരിക ക്ഷേമനിധിയിൽ അംഗമായി രജിസ്ട്രേഷൻ ലഭിച്ച ഒരു വ്യക്തിക്ക് അപകടം സംഭവിച്ചാൽ ആക്ട് പ്രകാരം, ആവശ്യമുള്ള മതിയായ ചികിത്സാ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പരമാവധി 1.5 ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം ലഭിക്കുവാൻ അർഹതയുണ്ട്.

പെട്ടെന്ന് ഉണ്ടാകുന്ന അപകടങ്ങൾക്കും മാരകരോഗങ്ങൾക്കും ചികിത്സാ ധനസഹായമായി സിനിമാരംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാർക്ക് പരമാവധി 25,000 രൂപ വരെ ചലച്ചിത്ര അക്കാദമി അടിയന്തര സഹായം നൽകിവരുന്നു:

കേരള സംഗീത നാടക അക്കാദമി ഏർപ്പെടുത്തിയ അപകട വൈദ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കലാകാരന്മാർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

1. മെഡിക്ലെയിം ഇൻഷ്വറൻസ് 1 ലക്ഷം രൂപ വരെ

2. അപകടംമൂലമുള്ള ചികിത്സാ ചെലവ് 1 ലക്ഷം രൂപ വരെ

3. അപകടംമൂലമുള്ള മരണം, പൂർണ്ണമായ അംഗവൈകല്യം തുടങ്ങിയവയ്ക്ക് 1 ലക്ഷം രൂപ വരെ

4. അപകടംമൂലമുള്ള താൽക്കാലിക അംഗവൈകല്യം പൂർണ്ണമായും ബെഡ്റെസ്റ്റ് ആവശ്യമുള്ള അവസരങ്ങളിൽമാത്രം ആഴ്ചയിൽ 1000 രൂപ വീതം (പരമാവധി 100 ആഴ്ചത്തേയ്ക്ക്)

5. അസുഖങ്ങൾക്ക് ആശുപത്രി ചെലവുകൾക്ക് പുറമെ പരമാവധി 1000 രൂപ വരെ ക്യാഷ് ബെനിഫിറ്റ്.

കേരള ഫോക്‌ലോർ അക്കാദമി വലിയ അപകടം സംഭവിക്കുന്ന കലാകാരന്മാർക്ക് പ്രത്യേകം അർഹിക്കുന്ന ചില കേസ്സുകളിൽ സാമ്പത്തിക സഹായം നൽകാറുണ്ട്.

(സി) സർക്കാർ അംഗീകാരങ്ങളും അവാർഡുകളും ലഭിച്ചിട്ടില്ലായെങ്കിലും അർഹതയുള്ള കലാപ്രവർത്തകരെ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നുണ്ട്.

(ഡി) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്ഥിതിക്ക് അനുസൃതമായി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ബിരുദാനന്തര ബിരുദ പഠനത്തിന് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിനും അവ ക്ഷേമനിധി ആക്ട് പ്രകാരം തവണകളായി തിരികെ അടയ്ക്കുകയും ചെയ്യുന്നതിന് വ്യവസ്ഥയുണ്ട്.

(ഇ) പ്രമുഖരായ 11 കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും സാംസ്കാരിക വകുപ്പ് പ്രതിമാസ ധനസഹായം നൽകുന്നുണ്ട്.

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര സഹായത്തിനും ഫാമിലി പെൻഷനും അർഹതയുണ്ട്.

ചലച്ചിത്ര അക്കാദമി പെൻഷൻ കൈപ്പറ്റുന്ന കലാകാരന്മാർ മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് തുടർപെൻഷൻ അനുവദിച്ച് നൽകിവരുന്നു.

പൊടുന്നനെ മരണപ്പെടുന്ന കലാകാരന്മാരുടെ ആശ്രിതർക്ക് ചില ഘട്ടങ്ങളിൽ ഫോക്‌ലോർ അക്കാദമി പ്രത്യേകമായി സഹായം അനുവദിക്കാറുണ്ട്.

**സാംസ്കാരിക സംഘടനകൾക്ക് ധനസഹായം**

72 (2610) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത സാംസ്കാരിക സംഘടനകൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ സഹായമാണ് നൽകുന്നത്; വ്യക്തമാക്കുമോ;

(ബി) 2016-17, 2017-18 എന്നീ വർഷങ്ങളിൽ ഏറ്റവും കൂടുതൽ തുക ലഭിച്ച മൂന്ന് സാംസ്കാരിക സംഘടനകളുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത തുക ചെലവാക്കുന്നത് സംബന്ധിച്ച് സാംസ്കാരിക വകുപ്പ് എന്തെങ്കിലും പരിശോധന നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. താഴെപ്പറയുന്ന വിവിധ ധനസഹായങ്ങൾ അനുവദിച്ച് വരുന്നുണ്ട്.

1. ആവർത്തന/വാർഷിക ഗ്രാന്റ്
2. അനാവർത്തന ഗ്രാന്റ്
3. സ്പെഷ്യൽ ഗ്രാന്റ്
4. ഒറ്റത്തവണ ധനസഹായം

(ബി) <u>2016-17</u>

1. ജാതിയില്ലാ വിളംബര മ്യൂസിയ നിർമ്മാണത്തിന് ശ്രീ നാരായണ ധർമ്മ സംഘം ട്രസ്റ്റിന് 5 കോടി രൂപ അനുവദിച്ചു.

2. തിരുവനന്തപുരം ജില്ലയിലെ ലാറി ബേക്കർ സെന്ററിന് 2 കോടി രൂപ അനുവദിച്ചു.

3. തൃശ്ശൂർ ജില്ലയിലെ വടക്കേമഠം ബ്രഹ്മസ്വത്തിന് ഒരു കോടി രൂപ അനുവദിച്ചു.

2017-18

1. ശ്രീ നാരായണ ധർമ്മ സംഘം ട്രസ്റ്റ്, ശിവഗിരിക്ക് 8 കോടി രൂപ അനുവദിച്ചു. (വർക്കല ശിവഗിരി കൺവെൻഷൻ സെന്റർ നിർമ്മാണത്തിനായി)

2. തിരുവനന്തപുരം ജില്ലയിലെ അക്കാദമി ഓഫ് മാജിക്കൽ സയൻസിന് ഒരു കോടി രൂപ അനുവദിച്ചു.

3. കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന എൻ. എൻ. കക്കാട് സ്മാരക സമിതിക്ക് 75 ലക്ഷം രൂപ അനുവദിച്ചു.

(സി) സാംസ്കാരിക വകുപ്പ് മുഖാന്തരം ആവർത്തന ഗ്രാന്റ് നൽകിവരുന്ന സ്ഥാപനങ്ങളിൽ സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗം പരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ തുക അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനും അക്കൗണ്ടന്റ് ജനറലിനും ധനകാര്യ പരിശോധനാ വകുപ്പിനും അയച്ചുകൊടുക്കാറുണ്ട്. നിലവിൽ ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന തുകയിന്മേൽ അതത് സാംസ്കാരിക സംഘടന/സമിതി/സ്ഥാപനം/ഫൗണ്ടേഷൻ അധികൃതർ നിശ്ചിത മാതൃകയിലുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നമുറയ്ക്ക് പരിശോധിക്കാറുണ്ട്.

**നാടക നടി പി. കെ. രുഗ്മിണിക്ക് ചികിത്സാസഹായം**

73 (2611) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള നാടകവേദിയിലും സിനിമകളിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ആദ്യകാല നാടക നടിയായ ചോറ്റാനിക്കര കരക്കാട്ട് വീട്ടിൽ പി. കെ. രുഗ്മിണിക്ക് അർഹതപ്പെട്ട അംഗീകാരം ലഭ്യമാക്കാനും രോഗത്താൽ ബുദ്ധിമുട്ടുന്ന ടിയാൾക്ക് ചികിത്സാസഹായം അനുവദിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് സാംസ്കാരിക വകുപ്പിന്റെ സി 3/421/2018 നമ്പർ ഫയലിൽ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) ഈ കലാകാരിയുടെ ആരോഗ്യസ്ഥിതിയും പ്രായാധിക്യവും കണക്കിലെടുത്ത് അപേക്ഷ അടിയന്തരമായി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) സിനിമാ-നാടക കലാകാരിയായിരുന്ന ശ്രീമതി പി. കെ. രുഗ്മിണി ചികിത്സാ ചെലവുകൾക്ക് സഹായം നൽകണമെന്നും സംസ്ഥാന സർക്കാരിൽനിന്ന് ഒരു അവാർഡ് നൽകണമെന്നും അഭ്യർത്ഥിച്ച് ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ. മുഖേന ബഹു. സാംസ്കാരിക വകുപ്പുമന്ത്രിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചതിൽ, അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്ക് ചികിത്സാ ധനസഹായം നൽകുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതി പ്രകാരം ശ്രീമതി രുഗ്മിണിക്ക് 2010-11 സാമ്പത്തിക വർഷത്തിൽ 50,000 രൂപയും 2011-12 സാമ്പത്തിക വർഷത്തിൽ 10,000 രൂപയും 2015-16 സാമ്പത്തിക വർഷത്തിൽ 45,000 രൂപയും അനുവദിച്ചിരുന്നതായി കാണുകയുണ്ടായി.

സാംസ്കാരിക വകുപ്പിന്റെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം ഒരിക്കൽ മാത്രമേ ചികിത്സാ ധനസഹായത്തിനർഹതയുള്ളൂ. നിലവിലുള്ള പദ്ധതി പ്രകാരം ഓരാൾക്ക് അനുവദിക്കാവുന്ന പരമാവധി തുക 1,00,000 രൂപയാണ്. അപേക്ഷകയുടെ ആരോഗ്യസ്ഥിതിയും പ്രായാധിക്യവും കണക്കിലെടുത്ത് വിവിധ സാമ്പത്തിക വർഷങ്ങളിലായി അപേക്ഷകയ്ക്ക് 1,05,000 രൂപ ഇതിനകം ടി പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ളതിനാൽ, ചികിത്സാ ധനസഹായം അനുവദിക്കണമെന്ന ആവശ്യം നിരസിക്കുകയും, അവാർഡ് നൽകുന്നത്, ബന്ധപ്പെട്ട അക്കാദമികൾ അതത് കാലങ്ങളിലെ കലാരംഗത്തെ സംഭാവനകൾ പരിഗണിച്ചാണ് എന്നതിനാൽ അവാർഡ് സംബന്ധമായി കേരള സംഗീത നാടക അക്കാദമിയുമായി ബന്ധപ്പെടുന്നതിന് അപേക്ഷകയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## സിനിമാ രംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ

74 (2612) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ രംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച സമിതി പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) സമിതിയുടെ കാലാവധി എന്നുവരെ നീട്ടിയിട്ടുണ്ട്;

(സി) പ്രസ്തുത സമിതിയുടെ പ്രവർത്തനത്തിന് ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സിനിമാരംഗത്ത് വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 1-7-2017-ലെ സ.ഉ. (കൈ) നമ്പർ 16/2017/സാം.കാ.വ.

ഉത്തരവുപ്രകാരം നിയോഗിച്ച ജസ്റ്റിസ് കെ. ഹേമ സമിതി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കാലാവധി ദീർഘിപ്പിക്കണമെന്ന സമിതി അദ്ധ്യക്ഷയുടെ അഭ്യർത്ഥനയിന്മേൽ 19-1-2019-ലെ സ.ഉ. (കൈ) നമ്പർ 2/2019/സാം.കാ.വ. ഉത്തരവ് പ്രകാരം തുടർന്ന് ദീർഘിപ്പിക്കുകയില്ല എന്ന വ്യവസ്ഥയിൽ സമിതിയുടെ കാലാവധി 2019 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) സമിതിയുടെ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി മുഖേന 23,54,219 രൂപ (ഇരുപത്തിമൂന്ന് ലക്ഷത്തി അൻപത്തിനാലായിരത്തി ഇരുന്നൂറ്റി പത്തൊൻപത് രൂപ) അനുവദിച്ചിട്ടുണ്ട്.

**ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകൾ**

75 (2613) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഫിലിം സൊസൈറ്റികൾക്ക് ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കുന്നതിന് തിയേറ്ററുകൾ വിട്ടുനൽകുന്നതിൽ നിലനിൽക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ തിയേറ്ററുകളിൽ പ്രദർശനത്തിന് അവസരം ലഭിക്കാത്ത കലാമൂല്യമുള്ള ലോകോത്തര സിനിമകൾ ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ തിയേറ്ററുകൾക്ക് പ്രസ്തുത ലക്ഷ്യനിർവ്വഹണത്തിൽ എത്രത്തോളം വിജയിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ചലച്ചിത്രോത്സവങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് കൂടുതൽ മേളകൾക്ക് വേദിയൊരുക്കുന്നതിനായി സുതാര്യവും സഹായകരവുമായ നിലപാടുകൾ സ്വീകരിക്കുന്നതിന് പ്രസ്തുത തിയേറ്ററുകളെ സജ്ജമാക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ഇ) കൂടുതൽ മേളകൾ സംഘടിപ്പിക്കുന്ന തിയേറ്ററുകൾക്ക് പ്രത്യേക ഗ്രാന്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനുകീഴിൽ വിവിധ ജില്ലകളിലായി 16 തിയേറ്ററുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. കോർപ്പറേഷന്റെ എല്ലാ തിയേറ്ററുകളും റിലീസിംഗ് സെന്ററുകളാണ്. എല്ലാ തിയേറ്ററുകളും ആധുനികവൽക്കരിച്ച്

മികച്ച രീതിയിലുള്ള സിനിമാസ്വാദനം പ്രേക്ഷകർക്ക് നൽകുന്നുണ്ട്. ചലച്ചിത്ര പ്രദർശനത്തിലെ നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയുള്ള കുറ്റമറ്റ പ്രവർത്തന രീതിയും റിലീസിംഗ് സിനിമകളുടെ ചാർട്ടിംഗും സർവ്വോപരി തിയേറ്റർ പ്രവർത്തനത്തിലുള്ള മാനേജ്മെന്റിന്റെ നിരന്തര ജാഗ്രതയും മേൽനോട്ടവുംകൊണ്ട് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ എല്ലാ തിയേറ്ററുകളും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ വിവിധ തിയേറ്ററുകളിൽ ഫിലിം സൊസൈറ്റികൾ നടത്തുന്ന ചലച്ചിത്രോത്സവം, ഡോക്യുമെന്ററി, ഹ്രസ്വ ചിത്രങ്ങൾ മുതലായവ റെഗുലർ ഷോകൾക്ക് തടസ്സം വരാത്ത രീതിയിൽ പ്രദർശിപ്പിക്കുവാൻ അനുമതി നൽകുന്നുണ്ട്. ഇപ്രകാരം തിയേറ്റർ നൽകുന്നതിന് ഏറ്റവും കുറഞ്ഞ വാടക നിരക്കാണ് ഈടാക്കുന്നത്. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകൾ എല്ലാംതന്നെ റിലീസിംഗ് സെന്റർ ആയതിനുശേഷം സിനിമാ നിർമ്മാതാക്കളുമായി മുൻകൂർ കരാറിൽ ഏർപ്പെടുകയും അതനുസരിച്ച് ചിത്രങ്ങൾ മുൻകൂട്ടി ചാർട്ട് ചെയ്യുന്നുവെങ്കിലും മേൽ വിവരിച്ച പ്രകാരമുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. എന്നാൽ തിയേറ്ററുകൾ ആധുനികവൽക്കരിച്ചതിനുശേഷം നടത്തിപ്പ് ചെലവ് ഗണ്യമായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ വാടക നിരക്കിൽ മുൻകാലങ്ങളെ അപേക്ഷിച്ച് നേരിയ വർദ്ധനവ് വന്നിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ ജില്ലാ ആസ്ഥാനങ്ങളിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുള്ളതിനാൽ ഇത്തരം ചലച്ചിത്രോത്സവങ്ങളുടെ സംഘാടനത്തിന് സ്ഥിരമായി ഒരിടം സംജാതമാകുകയും ചെയ്യും.

(സി) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സിനിമാ തിയേറ്ററുകളിൽ മുഖ്യധാര സിനിമകളോടൊപ്പം സ്വകാര്യ തിയേറ്ററുകളിൽ പ്രദർശിപ്പിക്കുവാൻ അവസരം ലഭിക്കാത്ത കലാമൂല്യമുള്ള ചിത്രങ്ങളും പ്രദർശിപ്പിക്കുവാൻ ഇടം നൽകുന്നു. തിയേറ്ററുകളുടെ മേന്മയേറിയ നടത്തിപ്പിനായും കാലികമായ ആധുനിക വൽക്കരണത്തിനും മറ്റുമായി വളരെയധികം തുക ചെലവാകുന്ന സാഹചര്യത്തിലും സാമ്പത്തിക നഷ്ടം സഹിച്ചും കലാമൂല്യമുള്ള ചിത്രങ്ങൾ പരമാവധി പ്രദർശിപ്പിക്കുന്നതിന് ചലച്ചിത്ര വികസന കോർപ്പറേഷൻ ശ്രമിക്കുന്നുണ്ട്. ഈ രീതി തുടരുന്നതും, സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ഇത്തരത്തിലുള്ള ചിത്രങ്ങൾ കൂടുതലായി പ്രദർശിപ്പിക്കുന്നതുമാണ്.

(ഡി) അന്താരാഷ്ട്ര ചലച്ചിത്രോത്സവം സംഘടിപ്പിക്കുന്നതിനായി കിഫ്ബി സഹായത്തോടെ സ്ഥിരംവേദി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്നമുറയ്ക്ക് ചലച്ചിത്രോത്സവം കൂടുതൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കാവുന്നതാണ്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

## വിമൻ ഇൻ സിനിമ കളക്ടീവിന് ധനസഹായം

76 (2614) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വിമൻ ഇൻ സിനിമ കളക്ടീവ് എന്ന സംഘടനയ്ക്ക് എത്ര രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്; ഏതൊക്കെ ഇനങ്ങളിലാണ് ഈ സഹായം എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തുക നൽകുവാൻ ധനകാര്യ വകുപ്പ് നൽകിയ റിമാർക്സ് എന്തെന്ന് വ്യക്തമാക്കുമോ; പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സംഘടനയ്ക്ക് തുക അനുവദിച്ച ഭരണ വകുപ്പിന്റെ കറന്റ് ഫയലിന്റെയും നോട്ട് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) ഈ സർക്കാർ വിമൻ ഇൻ സിനിമ കളക്ടീവ് എന്ന സംഘടനയ്ക്ക് ധനസഹായം നൽകിയിട്ടില്ല.

## വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ

77 (2615) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനനിരീക്ഷണം, വന്യജീവി സംരക്ഷണം, വന്യജീവി കണക്കെടുപ്പ് എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രധാന വെല്ലുവിളിയായ ആശയവിനിമയ സംവിധാനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) വനമേഖലയിലെ ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചും ജലസംരക്ഷണത്തിനായി നടത്തുന്ന ഇടപെടലുകളെക്കുറിച്ചും അറിയിക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും ഫോറസ്റ്റ് റെയ്ഞ്ചിന് ഐ.എസ്.ഒ. അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവിടെ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എഫ്) വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനും പ്രശ്നപരിഹാരത്തിനുമായി വകുപ്പ് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വനാതിർത്തികളിലും വനാന്തർഭാഗങ്ങളിലും നിരന്തരം സഞ്ചരിച്ച് വനസംരക്ഷണവും വന്യജീവി സംരക്ഷണവും ഉറപ്പുവരുത്തുന്നു. വനകുറ്റകൃത്യങ്ങളെക്കുറിച്ച് രഹസ്യവിവര ശേഖരണം നടത്തുന്നു. വനനിരീക്ഷണം, വന്യജീവി സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് സ്ഥിരമായി ഫീൽഡ് പട്രോളിംഗ്, ഉൾക്കാടുകളിലെ സംരക്ഷണ ക്യാമ്പ് എന്നിവ നടത്തിവരുന്നു. വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട് വനത്തിനുള്ളിൽത്തന്നെ ആവശ്യത്തിന് ജലം വന്യജീവികൾക്ക് ലഭിക്കത്തക്ക തരത്തിൽ ചെക്ക് ഡാമുകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും കാട്ടുതീ തടയുന്നതിന് ഫയർലൈൻ നിർമ്മിക്കുകയും കൂടാതെ ഉപഗ്രഹ സഹായത്തോടുകൂടിയുള്ള അഗ്നിബാധ തിരിച്ചറിയലും പ്രതിരോധ പ്രവർത്തനങ്ങളും നടത്തിവരുന്നു.

വന്യജീവി കണക്കെടുപ്പ്, വനമേഖല നിരീക്ഷണം എന്നിവ ആധുനിക സാങ്കേതിക സഹായത്തോടെ ശക്തിപ്പെടുത്തുന്നതിന് ചുവടെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.

1. മൃഗങ്ങളെ തിരിച്ചറിയാൻ ക്യാമറാ ട്രാപ്പ്

2. കാഷ്ഠത്തിൽനിന്നുള്ള ഡി.എൻ.എ. പരിശോധന

3. ജി.പി.എസ്., റെയിഞ്ച് ഫൈൻഡർ, കോമ്പസ് എന്നിവയുടെ ഉപയോഗം

4. സോഫ്റ്റ്വെയർ ഉപയോഗിച്ച് ക്യാമറാട്രാപ് ഫോട്ടോകളുടെ കൃത്യതയാർന്ന തരംതിരിക്കൽ

5. ജി.പി.എസ്., ക്യാമറ എന്നീ സംവിധാനങ്ങളോടുകൂടിയ മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള സർവ്വേ

6. ക്യാമറ ഉപയോഗിച്ച് വനമേഖല നിരീക്ഷിക്കാൻ റിയൽടൈം മോണിറ്ററിംഗ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ പെരിയാർ കടുവാ സങ്കേതത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവിധ വനം ഡിവിഷനുകളിൽ ആശയവിനിമയത്തിനായി സ്ഥാപിച്ചിട്ടുള്ള വയർലെസ്, വാക്കിടോക്കി എന്നിവ ഉപയോഗിച്ച് വരുന്നുണ്ട്. സിഗ്നൽ ശരിയായ രീതിയിൽ ലഭിക്കാത്ത ഇടങ്ങളിൽ ടി പ്രശ്നം പരിഹരിക്കുന്നതിന് ആന്റിന, ടവർ എന്നിവ

സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ മുതൽ മുകളിലോട്ടുള്ള എല്ലാ വനസംരക്ഷണ ജീവനക്കാർക്കും സർക്കാർ സി.യു.ജി. സിം കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ആയതും ആശയവിനിമയത്തിനായി ഉപയോഗിച്ചു വരുന്നുണ്ട്.

(സി) കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങളെ പലപ്രദമായി പ്രതിരോധിക്കുന്നതിനായി രാജ്യത്തെ വനസമ്പത്ത് വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, വനങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക, സോഷ്യൽ ഫോറസ്ട്രി-അഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നിവ ലക്ഷ്യമാക്കി കേന്ദ്ര സഹായത്തോടെ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇൻഡ്യയുടെ ഭാഗമായി സംസ്ഥാനത്ത് 'ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി' നടപ്പാക്കിവരുന്നു. ജനങ്ങളുടെ ജീവിത നിലവാര വർദ്ധനവ്, കാവ് സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, പ്രകൃതിജന്യമായ ഇന്ധനങ്ങളുടെ ഉപയോഗത്തെ പ്രോൽസാഹിപ്പിക്കൽ തുടങ്ങിയവയും ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി പരമാവധി കാർബൺ സംഭരണത്തോടൊപ്പം ജൈവവൈവിദ്ധ്യം, ജലം, ജൈവപിണ്ഡം തുടങ്ങിയ പാരിസ്ഥിതിക സേവനങ്ങൾക്കും ഈ പദ്ധതി പ്രാമുഖ്യം നൽകുന്നു. പദ്ധതി 5 ഉപദൗത്യങ്ങൾ കൈവരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാണ്.

ഇവയിൽ ഉപദൗത്യം 5 പ്രകാരം ശോഷിത തണ്ണീർത്തടങ്ങളുടെ പുനർനിർമ്മാണമാണ് നടപ്പാക്കുന്നത്. കായലുകൾ, അന്താരാഷ്ട്ര റാംസർ കൺവെൻഷൻ അംഗീകൃത തണ്ണീർത്തടങ്ങൾ, വനമേഖലയിലുൾപ്പെട്ട ജലാശയങ്ങൾ, ചതുപ്പുകൾ എന്നിവ ഈ ദൗത്യത്തിന്റെ പരിധിയിൽപ്പെടുന്നു. 5 വർഷത്തേക്ക് ഏകദേശം 4915 ഹെക്ടർ തണ്ണീർത്തട പ്രദേശങ്ങളുടെ പരിപാലനമാണ് ഈ ഉപദൗത്യത്തിൻകീഴിൽ തെരഞ്ഞെടുത്തിട്ടുള്ളത്. കൂടാതെ നദീതീരങ്ങളിലും കായൽത്തടങ്ങളിലും മണ്ണൊലിപ്പ് തടയുന്നതിനും തീരസംരക്ഷണത്തിനായി മരം നടീൽ, മഴവെള്ള സംഭരണം, കണ്ടൽക്കാടുകളുടെ സംരക്ഷണം തുടങ്ങിയ പദ്ധതികളും ഇതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ സതേൺ സർക്കിളിലുള്ള അഞ്ചൽ റെയ്ഞ്ചിന് ISO 9001:2015 സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. അഞ്ചൽ റെയ്ഞ്ച് കേന്ദ്രമാക്കി വനസംരക്ഷണം, വൈൽഡ്ലൈഫ് മാനേജ്മെന്റ്, ട്രൈബൽ വെൽഫെയർ, മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണം, റാപ്പിഡ് റെസ്പോൺസ് ടീം, എസ്.എം.എസ്. അലെർട്ട് സിസ്റ്റം എന്നീ മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചതിനാണ് പ്രസ്തുത അംഗീകാരം ലഭിച്ചിട്ടുള്ളത്.

(ഇ) വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിനുമായി ഫീൽഡിലേക്ക് പരമാവധി പുതിയ ജീപ്പുകൾ, ജീവനക്കാർക്ക് ഔദ്യോഗിക സിം കാർഡ് എന്നിവ നൽകിയും ചുറ്റിസഞ്ചാരം, ക്യാമ്പിംഗ് എന്നിവയ്ക്ക് വേണ്ട സൗകര്യങ്ങളും ചെയ്തിട്ടുണ്ട്. കൂടാതെ 10 പുതിയ ഫോറസ്റ്റ് സ്റ്റേഷനുകളും 99 പുതിയ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം സ്പാർക്കുമായി ലിങ്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വനം വകുപ്പിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ ഏജൻസികളെ അറിയിക്കുന്നതിന് നിയമന അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ 2017-ൽ പുറപ്പെടുവിച്ച പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരമാണ് ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾ.

ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഓഫീസ് ക്യാബിൻ, കമ്പ്യൂട്ടർവൽക്കരണം എന്നിവ സജ്ജീകരിക്കുകയും ജീവനക്കാർക്ക് കൂടുതൽ പരിശീലന പരിപാടിയും കൃത്യമായ ഇടവേളകളിൽ റിവ്യൂ മീറ്റിംഗും നടത്തുന്നു.

1-12-2016-ലെ സ.ഉ. (എം.എസ്.) നമ്പർ 82/2015/വനം നമ്പർ ഉത്തരവ് പ്രകാരം 2016-17, 2017-18 വർഷങ്ങളിൽ 30 പേർ വീതമുള്ള 2 ബാച്ചുകളിലൂടെയായി ഓരോ വർഷം 60 പേർക്ക് സർവ്വേ പരിശീലനം നൽകാനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 30 പേരടങ്ങുന്ന 7 ബാച്ചുകളിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് സർവ്വേ ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ഉദ്യോഗസ്ഥരെ വനം വകുപ്പ് സർവ്വേ ജോലികൾക്കായി നിയോഗിച്ചുവരുന്നു.

(എഫ്) വനവൽക്കരണ-വനപരിപാലന പ്രവർത്തനങ്ങളിൽ തദ്ദേശ വാസികളായ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നത് 1938-ലെ ദേശീയ വന നയത്തിന്റെ ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായി വനാശ്രിതരായ തദ്ദേശവാസികളെ അംഗങ്ങളാക്കി വനസംരക്ഷണ സമിതികൾ/ ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്ത് 400 വനസംരക്ഷണ സമിതികളും 190 ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികളും പ്രവർത്തിക്കുന്നു. ഇവയുടെ മേൽനോട്ടത്തിൽ ഏകദേശം 186019.63 ഹെക്ടർ വനഭൂമി സംരക്ഷിച്ചുവരുന്നു. ആകെ 71503 കുടുംബങ്ങൾ ഇവയിൽ അംഗങ്ങളായിട്ടുള്ളതിൽ 10524 പട്ടികജാതി കുടുംബങ്ങളും, 19093 പട്ടികവർഗ്ഗ കുടുംബങ്ങളും ഉൾപ്പെടുന്നു. വനത്തിന്റെ അഭിവൃദ്ധി, വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പുവരുത്തൽ, നിയമാനുസൃതവും നീതിപൂർവ്വവുമായി വനവിഭവങ്ങൾ വിനിയോഗിക്കൽ, വനസംരക്ഷണം എന്നീ ഉത്തരവാദിത്തങ്ങൾ സമിതികളിൽ നിക്ഷിപ്തമായിരിക്കും. പരിപാലന പ്രദേശത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 10

വർഷത്തേക്ക് ഒരു സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി അംഗീകൃത നിയമങ്ങൾക്കും വർക്കിംഗ് പ്ലാൻ നിബന്ധനകൾക്കും വിധേയമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും മറ്റ് സർക്കാർ ഏജൻസികളുടെയും സാമ്പത്തിക സഹായത്തോടെ വിവിധ പരിപാടികൾ സമിതികൾവഴി നടപ്പാക്കുന്നു. ഇത് സമിതി അംഗങ്ങളുടെ വരുമാന വർദ്ധനവിനും കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും സഹായിക്കുന്നു.

സമിതി പ്രവർത്തനങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും അവയ്ക്ക് പുതിയ പ്ലാനുകളും പദ്ധതികളും കണ്ടെത്തുന്നതിനും അവ ഫലപ്രദമായി ആവിഷ്കരിക്കുന്നതിനും സഹായിക്കുന്നതിനുമായി എല്ലാ വനവികാസ ഏജൻസികളിലും ഒരു പി.എഫ്.എം. മാനേജരെയും രണ്ട് അസിസ്റ്റന്റ് മാനേജർമാരെ വീതവും നിയമിക്കുന്നതും സർക്കാർ പരിശോധിച്ചുവരുന്നു. പങ്കാളിത്ത വനപരിപാലനത്തിൽ മതിയായ യോഗ്യതയും പരിചയവുമുള്ള പ്രൊഫഷണലായവരെ പി.എഫ്.എം. മാനേജരായും ഒരു സോഷ്യോളജിസ്റ്റിനേയും ഒരു ഇക്കോളജിസ്റ്റിനേയും അസിസ്റ്റന്റ് മാനേജർമാരായും നിയമിക്കുന്നതിനാണ് ആലോചിക്കുന്നത്. ഇക്കോടൂറിസം ഉൾപ്പെടെയുള്ള പങ്കാളിത്ത വനപരിപാലന കാര്യങ്ങളിൽ വളരെ പ്രൊഫഷണലായ രീതിയിൽ വനവികാസ ഏജൻസികളെ നയിക്കുക എന്നതാണ് ടി മാനേജർമാരെ നിയമിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

കൂടാതെ, നിലവിലെ സ്റ്റാഫുകളുടെ പ്രവർത്തന മികവ് കൂട്ടുന്നതിനും അവരുടെ മനോവീര്യം ഉയർത്തുന്നതിനും പങ്കാളിത്ത പരിപാലന പ്രവർത്തനങ്ങളിൽ ഗുണപരമായ ഇടപെടൽ നടത്തുന്നതിനും ഇതുവഴി സാധിക്കും.

പങ്കാളിത്ത പരിപാലന പ്രവർത്തനങ്ങളുടെ മേൽനോട്ടവും അവലോകനവും സമയബന്ധിതമായി നടത്തുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമായാണ് വിലയിരുത്തപ്പെടുന്നത്. ഇത് ഫലപ്രദമാക്കുന്നതിനായി ഒരു മേൽനോട്ട അവലോകന കമ്മിറ്റിയെ രൂപീകരിക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ഒരു എൻ.ജി.ഒ./എൻ.ജി.ഐ. സമിതി പ്രവർത്തന പ്രദേശത്തെയോ/ജില്ലയിലെയോ ഏതെങ്കിലും ഒരു പ്രശസ്ത സാങ്കേതിക സർവ്വകലശാലയിലെ ഒരു വിദഗ്ദ്ധൻ, സർക്കിൾതല പി.എഫ്.എം. കോർഡിനേറ്റർ എന്നിവർ അംഗങ്ങളായിരിക്കും. ഇവർ ആറ് മാസത്തിലൊരിക്കൽ എല്ലാ സമിതികളുടെയും പ്രവർത്തന അവലോകനം നടത്തി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് റിപ്പോർട്ട് നൽകുകയും അതിനനുസരിച്ച് പദ്ധതികൾ വിഭാവന ചെയ്യുന്നതിനും ഉദ്ദേശിക്കുന്നു.

**വനം വകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ**

78 (2616) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ എത്ര ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഐ.ബി.-കളിൽ ജനപ്രതിനിധികൾക്ക്/ പൊതുജനങ്ങൾക്ക്/ സർക്കാർ ഉദ്യോഗസ്ഥർക്ക് മുറികൾ ലഭിക്കുന്നതിന് ഏത് ഓഫീസിനെയാണ് സമീപിക്കേണ്ടത്; നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) ഫോറസ്റ്റ് ഐ.ബി.-കളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗിക മേൽവിലാസവും ഫോൺ നമ്പരും ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ 41 ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ഇൻസ്പെക്ഷൻ ബംഗ്ലാവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 2 |
| പത്തനംതിട്ട | 5 |
| ഇടുക്കി | 8 |
| എറണാകുളം | 5 |
| തൃശ്ശൂർ | 4 |
| പാലക്കാട് | 5 |
| മലപ്പുറം | 2 |
| കോഴിക്കോട് | 1 |
| വയനാട് | 4 |
| കാസർഗോഡ് | 1 |
| കണ്ണൂർ | 1 |
| ആകെ | 41 |

(ബി) വനം വകുപ്പിന്റെ ഐ.ബി.-കളിൽ മുറികൾ ലഭിക്കുന്നതിന് വനം വകുപ്പ് ആസ്ഥാനത്തെ FMIS വിഭാഗത്തെയാണ് സമീപിക്കേണ്ടത്. ആയതിലേക്കായി 0471-2529233 എന്ന ലാൻഡ്ലൈൻ നമ്പറിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 വരെ ബന്ധപ്പെടാവുന്നതാണ്.

**നടപടിക്രമങ്ങൾ**

1) ജനപ്രതിനിധികൾ/ഉദ്യോഗസ്ഥർ

മേൽ പരാമർശിച്ചിട്ടുള്ള 0471-2529233 എന്ന നമ്പറിൽ മന്ത്രിമാർ/സ്പീക്കർ/ ഡെപ്യൂട്ടി സ്പീക്കർ/ഗവൺമെന്റ് ചീഫ് വിപ്പ്/എം.പി.-മാർ/എം.എൽ.എ.-മാർ/കേരള ഹൈക്കോടതി

ജഡ്ജിമാർ/അക്കൗണ്ടന്റ് ജനറൽ/ചീഫ് സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/വനം-വന്യജീവി വകുപ്പ് ഉദ്യോഗസ്ഥർ (in service/ retired) എന്നിവർക്ക് മുറികൾ ബുക്ക് ചെയ്യാവുന്നതാണ്.

2) മറ്റ് ഡിപ്പാർട്ട്മെന്റ് ജീവനക്കാർ/പൊതുജനങ്ങൾ

മറ്റ് ഡിപ്പാർട്ട്മെന്റ് ജീവനക്കാർക്കും പൊതുജനങ്ങൾക്കും നിശ്ചിത പ്രൊഫോർമ പ്രകാരം പേര്, മേൽവിലാസം, ഫോൺ നമ്പർ, ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ പേര്, സ്ഥലം, ഇൻസ്പെക്ഷൻ ബംഗ്ലാവിൽ താമസിക്കുവാൻ ഉദ്ദേശിക്കുന്ന കാലയളവ്, കൂടെയുള്ള വ്യക്തികളുടെ പേര് എന്നിവ പൂരിപ്പിച്ച് തപാൽവഴി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (GIS II), O/o. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (FMIS), വനം വകുപ്പ് ആസ്ഥാനം, വഴുതക്കാട്, തിരുവനന്തപുരം - 695014 എന്ന മേൽവിലാസത്തിലോ, ro-gis.for@kerala.gov.in എന്ന ഇ-മെയിലിലോ, പ്രസ്തുത താമസദിവസത്തിന് ഏഴ് ദിവസത്തിനുമുമ്പ് അയച്ച് മുറികൾ ബുക്ക് ചെയ്യാവുന്നതാണ്.

അതാത് ദിവസങ്ങളിലോ, തൊട്ടടുത്ത ദിവസങ്ങളിലോ IB-കളിൽ മുറികൾ ഒഴിവുള്ളപക്ഷം അതാത് IB-കളുടെ ചുമതല വഹിക്കുന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വൈൽഡ് ലൈഫ് വാർഡൻ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്ക് നേരിട്ട് മുറികൾ ബുക്ക് ചെയ്യാവുന്നതാണ്.

(സി) ഫോറസ്റ്റ് ഐ.ബി.-കളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗിക മേൽവിലാസവും ഫോൺ നമ്പരും അനുബന്ധമായി ചേർക്കുന്നു*.

**വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ**

79 (2617) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനും സംരക്ഷിത പാർക്കുകളുടെ മാനേജ്മെന്റിനും കേന്ദ്ര സഹായത്തോടെ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യയുടെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) നഗര ഹരിതാഭ പരിപാലന പദ്ധതിക്കായും സാമൂഹ്യ വനവൽക്കരണം വ്യാപിപ്പിക്കുന്നതിനായും നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; മൂന്നുകോടി വൃക്ഷത്തൈകൾ നടാനുള്ള പരിപാടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കാർബൺ ന്യൂട്രൽ വയനാട് എന്ന പ്രഖ്യാപനം നടപ്പാക്കാനായുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; സ്വകാര്യ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സഹായത്തോടെ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി. രാജ്യത്തെ വനസമ്പത്ത് വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, വനങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക, സോഷ്യൽ ഫോറസ്ട്രി-അഗ്രോഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം ജനങ്ങളുടെ ജീവിതനിലവാര വർദ്ധനവ്, കാവുസംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, പ്രകൃതിജന്യമായ ഇന്ധനങ്ങളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയും ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി പരമാവധി കാർബൺ സംഭരണത്തോടൊപ്പം ജൈവവൈവിദ്ധ്യം, ജലം, ജൈവപിണ്ഡം തുടങ്ങിയ പാരിസ്ഥിതിക സേവനങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള സമഗ്രമായ ഹരിതവൽക്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി രാജ്യത്ത് നടപ്പാക്കിവരുന്നത്.

പദ്ധതിയുടെ ടി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് 5 ഉപദൗത്യങ്ങളിലായി താഴെപ്പറയുന്ന കാര്യങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്.

1) പ്രക്ഷീണ വനങ്ങളുടെ ഗുണമേന്മ ഉയർത്തി അവ നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ശോഷണവിധേയമായ ഇടതൂർന്ന വനം, നാമമാത്രമായ വനാവരണമുള്ള പ്രക്ഷീണവനം, പുൽമേടുകൾ എന്നിവിടങ്ങളിൽ നിർദ്ദിഷ്ട പ്രവർത്തനങ്ങൾ നടത്തുകയെന്നതാണ് ഒന്നാം ഉപദൗത്യം വിഭാവന ചെയ്യുന്നത്.

2) രണ്ടാം ഉപദൗത്യം വനാവരണം വർദ്ധിപ്പിക്കലും ജൈവവ്യവസ്ഥയുടെ പുനർ നിർമ്മാണവും ഉദ്ദേശിച്ചിട്ടുള്ളതാണ്. വനവും വനേതരമേഖലയും ഈ ദൗത്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കണ്ടൽവനങ്ങൾ ഈ ദൗത്യത്തിന്റെ പരിധിയിൽ വരുന്നു.

3) മൂന്നാം ഉപദൗത്യം ലക്ഷ്യം വയ്ക്കുന്നത് നഗര-ഉപനഗര പ്രദേശങ്ങളിൽ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനാണ്.

4) കാർഷിക വനവൽക്കരണവും സാമൂഹ്യവനവൽക്കരണവും ഉൾപ്പെട്ടതാണ് നാലാം ഉപമിഷൻ. കാർഷിക വനവത്കരണം ത്വരിതപ്പെടുത്തുക, മരങ്ങൾ നട്ട് കാറ്റിനെ ചെറുക്കാൻ ശേഷിയുള്ള സംരക്ഷണ കവചം തീർക്കുക, കനാലുകൾ, റോഡുകൾ എന്നിവയുടെ ഓരത്ത് ലഭ്യമായ പ്രദേശങ്ങളിൽ വൃക്ഷം വച്ചുപിടിപ്പിക്കൽ എന്നിവയാണ് ഈ ദൗത്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കർമ്മപരിപാടികൾ.

5) ശോഷിത തണ്ണീർത്തടങ്ങളുടെ പുനർനിർമ്മാണമാണ് അഞ്ചാമത് ഉപദൗത്യത്തിലൂടെ നടപ്പാക്കുന്നത്. കായലുകൾ, അന്താരാഷ്ട്ര റാംസർ കൺവെൻഷൻ, അംഗീകൃത തണ്ണീർത്തടങ്ങൾ, വനമേഖലയിലുൾപ്പെട്ട ജലാശയങ്ങൾ, ചതുപ്പുകൾ എന്നിവ ഈ ദൗത്യത്തിന്റെ പരിധി യിൽപ്പെടുന്നു.

മേൽ ഉപദൗത്യങ്ങളോടൊപ്പം വനശോഷണകാരകമായ വിറകുപയോഗം പടിപടിയായി കുറച്ചുകൊണ്ട് വരുന്നതിനായി വനാനുബന്ധമേഖലകളിൽ ഇന്ധനക്ഷമത കൂടുതലുള്ള അടുപ്പുകൾ, എൽ.പി.ജി. തുടങ്ങിയവ പ്രചരിപ്പിക്കുന്നതിനും പാരമ്പര്യേതര ഇന്ധനങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നൽകുന്നു.

(ബി) സംസ്ഥാനത്ത് അർബൻ ഫോറസ്ട്രി എന്ന പദ്ധതിയിലൂടെ വിവിധ ഏജൻസി കളുടെ സഹായത്തോടെ തലസ്ഥാന നഗരത്തെ ഹരിത നഗരമാക്കുന്നതിനുള്ള പദ്ധതി 2014-ൽ ആരംഭിച്ചിരുന്നു. നഗരങ്ങളിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനും മലിനീകരണം കുറയ്ക്കുന്നതിനും ഹരിതാഭമാക്കുന്നതിനുമായിട്ടാണ് അർബൻ ഫോറസ്ട്രി പദ്ധതി രൂപീകരിച്ചത്. ലഭ്യമായ സ്ഥലങ്ങളിൽ സ്ഥലത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടുകൂടിയും വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് വരുന്നു. വൃക്ഷത്തൈകൾ നട്ട് പരമാവധി രണ്ട് വർഷം വരെയുള്ള പരിചരണം വനം വകുപ്പ് നടത്തുന്നു. തുടർന്ന് മരങ്ങളുടെ സംരക്ഷണ ചുമതല വൃക്ഷത്തൈകൾ നട്ടിരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പുകൾക്കാണ്.

സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് വിവിധയിനം വൃക്ഷത്തൈകൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ, സർക്കാർ ഇതര സംഘടനകൾ എന്നിവയുടെ സഹായ സഹകരണത്തോടെ സാമൂഹിക വനവൽക്കരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. വഴിയോരത്തണൽ, തീരവനം, കുട്ടിവനം, നേച്ചർ അപ്രീസിയേഷൻ സെന്റർ, നക്ഷത്രവനം, ഔഷധത്തോട്ടം തുടങ്ങിയ പദ്ധതികൾ വനവൽക്കരണം ലക്ഷ്യമിട്ട് നടപ്പാക്കിവരുന്നവയാണ്. സ്വകാര്യ ഭൂമികളിൽ വനവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിനും തടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി 10 ഇനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോൽസാഹന ധനസഹായം നൽകിവരുന്നു. വനവൽക്കരണ പ്രവർത്തനങ്ങളിലും മറ്റ് പരിസ്ഥിതി സംരക്ഷണ മേഖലകളിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്കും/ സംഘടനകൾക്കും ജില്ലാ അടിസ്ഥാനത്തിൽ എല്ലാ വർഷവും വനമിത്ര പുരസ്കാരം നൽകിവരുന്നു. കൂടാതെ കാവ്, കണ്ടൽവനങ്ങൾ എന്നിവ സംരക്ഷിച്ച് പരിപാലിച്ചുപോരുന്ന വ്യക്തി/സംഘടനകൾക്ക് പ്രോൽസാഹന ധനസഹായം നൽകിവരുന്നുണ്ട്.

മൂന്ന് കോടി വൃക്ഷത്തൈകൾ നടുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിക്കാതെ വന്നത് ഫണ്ടിന്റെ അപര്യാപ്തതമൂലമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 14 കോടി രൂപയാണ് സാമൂഹ്യവനവൽക്കരണ വിഭാഗത്തിന് തൈ ഉൽപ്പാദനത്തിനായി അനുവദിച്ചിരുന്നത്. എന്നാൽ 3 കോടി വൃക്ഷത്തൈകൾ തയ്യാറാക്കുന്നതിനായി 50 കോടി രൂപ വകയിരുത്തേണ്ടതുണ്ട്.

(സി) വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട പ്രദേശങ്ങളെയാണ് കാർബൺ ന്യൂട്രൽ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പദ്ധതിക്ക് വേണ്ടതായ പ്രാരംഭപ്രവർത്തനങ്ങളും പ്രോജക്ടുകളും മീനങ്ങാടി ഗ്രാമപഞ്ചായത്താണ് നടപ്പിലാക്കിവരുന്നത്. വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ഉൽപ്പാദിപ്പിക്കുന്ന മരത്തൈകൾ ഈ പദ്ധതിയുടെ പ്രവൃത്തിക്കായി ആവശ്യമായി വരുന്നമുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്ന് പഞ്ചായത്ത് അധികൃതർ വയനാട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ അറിയിച്ചിട്ടുണ്ട്.

**വനവിസ്തൃതി**

80 (2618) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തെ വനവിസ്തൃതി എത്രയാണെന്നും വനഭൂമി അനുപാതം എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) വനവൽക്കരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചുവെന്നും ഇതിൽ കേന്ദ്രവിഹിതം എത്രയാണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വനവിസ്തൃതി 11,524.411 ചതുരശ്ര കി.മീറ്ററാകുന്നു. ഇതിൽ റിസർവ് വനം 9,339.186 ചതുരശ്ര കി.മീറ്ററും നിർദ്ദിഷ്ട റിസർവ് 84.218 ചതുരശ്ര കി.മീറ്ററും നിക്ഷിപ്ത വനം 1,763.757 ചതുരശ്ര കി.മീറ്ററും പരിസ്ഥിതിലോല പ്രദേശം 137.22 ചതുരശ്ര കി.മീറ്ററും ആകുന്നു. വനഭൂമിയുടെ അനുപാതം ആകെയുള്ള ഭൂവിസ്തൃതിയുടെ 29.65% ആകുന്നു.

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ വനവൽക്കരണ പ്രവർത്തനങ്ങൾക്കായി 31-1-2019 വരെ ആകെ 12,129.090 ലക്ഷം രൂപ ചെലവഴിച്ചു. ഇതിൽ കേന്ദ്ര വിഹിതം 2,045.939 ലക്ഷം രൂപയാണ്.

## വനസംരക്ഷണ സമിതി

81 (2619) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനമേഖലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ ഒഴിച്ചു കൂടാനാവാത്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിന് വന സംരക്ഷണ സമിതിയെ അക്രെഡിറ്റഡ് ഏജൻസിയായി നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

വനാശ്രിത സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടാണ് പങ്കാളിത്ത വന പരിപാലന പരിപാടി കേരളത്തിൽ നടപ്പിലാക്കിവരുന്നത്. വനാശ്രിതരായ സമൂഹങ്ങൾ അംഗങ്ങളായ വന സംരക്ഷണ സമിതികൾ വനം വകുപ്പ് നടപ്പിലാക്കുന്ന വിവിധ വനവൽക്കരണ-സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളായി പ്രവർത്തിച്ചുവരുന്നു. ഇതുവഴി തൊഴിൽ ലഭിക്കുന്നതിനും ജീവനോപാധി വർദ്ധിപ്പിക്കുന്നതിനും അവർക്ക് സാധിക്കുന്നു. എന്നിരുന്നാലും വനസംരക്ഷണ സമിതി അംഗങ്ങൾ പ്രാദേശിക ജനവിഭാഗത്തിൽപ്പെട്ടവരായതിനാൽ അവർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്ന സാങ്കേതിക കാര്യങ്ങളിലുള്ള അറിവ് വളരെ പരിമിതമാണ്. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങളിൽ അക്രെഡിറ്റഡ് ഏജൻസിയായി വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളെ നിശ്ചയിക്കുന്നത് പ്രായോഗികമല്ല.

## കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടി

82 (2620) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി വനഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും അത് തിരിച്ചുപിടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) എത്ര ഹെക്ടർ വനഭൂമിയാണ് ഇപ്രകാരം സ്വകാര്യ വ്യക്തികൾ കയ്യേറിയിട്ടുള്ളതെന്ന് ഡിവിഷൻ തിരിച്ച് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ വനഭൂമി തിരിച്ച് പിടിക്കുവാൻ സാധിച്ചു; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പുതുതായിട്ടുണ്ടാകുന്ന കയ്യേറ്റശ്രമങ്ങളെല്ലാം അപ്പപ്പോൾത്തന്നെ ഒഴിപ്പിച്ചുവരുന്നുണ്ട്. പുതിയ കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾത്തന്നെ തടയുകയും ഇപ്രകാരമുള്ള പുതിയ കയ്യേറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. 1-1-1977-നുശേഷമുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഒ.പി. 18467/2002, 1947/2003 എന്നീ നമ്പർ കേസ്സുകളിൽ 4-9-2015-ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കയ്യേറിയ ഭൂമിയിൽനിന്നും കയ്യേറ്റക്കാർക്ക് സമയപരിധിവച്ച് ഒഴിഞ്ഞ് പോകാൻ നോട്ടീസുകൾ നൽകിവരുന്നു. എന്നാൽ തദ്ദേശീയ രാഷ്ട്രീയ, സാമുദായിക സംഘടനകളുടെയും കയ്യേറ്റക്കാരുടെയും സംഘടിതമായ ചെറുത്തുനിൽപ്പിനെത്തുടർന്ന് ഒഴിപ്പിക്കൽ നടപടികളിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 8-11-2002-ലെ ജി.ഒ. (എം.എസ്.) നമ്പർ 69/20 02/വനം പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി കമ്മിറ്റി വർഷത്തിൽ രണ്ട് പ്രാവശ്യം യോഗം ചേരുകയും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ അവലോകനം ചെയ്യുന്നതുമാണ്. അതുപോലെതന്നെ സർക്കിൾ കൺസർവേറ്റർമാർ ചെയർമാൻമാർ ആയ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും 6-3-2003-ലെ ജി.ഒ. (എം.എസ്.) 15/03/വനം പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിലേക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപ്പടി കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗംകൂടി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

വനഭൂമി കയ്യേറ്റം ചെറുക്കുന്നതിനും വനഭൂമി സംരക്ഷിക്കുന്നതിനും വനാതിർത്തികളിൽ ജണ്ടകൾ, കയ്യാലകൾ എന്നിവ നിർമ്മിക്കുകയും നശിച്ചതും നിലവിലുള്ളതുമായവയുടെ അറ്റകുറ്റപ്പണികൾ നടത്തിയും നിരന്തരമായി അതിർത്തി പരിശോധന, പട്രോളിംഗ് എന്നിവ നടത്തിയും കയ്യേറ്റശ്രമങ്ങൾ സംബന്ധിച്ച് വിവരശേഖരണം നടത്തിയും കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് കർശന നിയമനടപടികൾ സ്വീകരിച്ചും വരുന്നു. 2016-17-ൽ 12500 ജണ്ടകളും 2017-18-ൽ 14416 ജണ്ടകളും നിർമ്മിച്ച് വനാതിർത്തികൾ വേർതിരിച്ചിട്ടുണ്ട്. 1-4-2018-ൽ ഇപ്രകാരം ജണ്ടകൾ നിർമ്മിച്ച് വേർതിരിക്കുവാനുള്ള വനാതിർത്തിയുടെ നീളം ഉദ്ദേശം 2013 കി.മീ. ആണെന്ന് (ഉദ്ദേശം 45060 ജണ്ടകൾ) തിട്ടപ്പെടുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലും ഉദ്ദേശം 15000 ജണ്ടകൾ നിർമ്മിച്ച് ഏകദേശം 700 കി.മീ. വനാതിർത്തികൾകൂടി വേർതിരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വനാതിർത്തികൾ വേർതിരിക്കുന്നതിന് വന ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനായി 2016-17 മുതൽ 180 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് സർവ്വേ പരിശീലനം നൽകിക്കഴിഞ്ഞു. കൂടാതെ 30 പേരുടെ പരിശീലനം നടന്നുവരുന്നുമുണ്ട്.

(ബി) 31-3-2017-ലെ കണക്കുകൾ പ്രകാരം സ്വകാര്യ വ്യക്തികൾ കയ്യേറിയിട്ടുള്ള, ഒഴിപ്പിക്കേണ്ട വനഭൂമിയുടെ ഡിവിഷൻ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പാലക്കാട് ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ മണ്ണാർക്കാട് ഡിവിഷനിൽ 4.856 ഹെക്ടർ വനഭൂമി തിരിച്ചുപിടിച്ചു. കണ്ണൂർ നോർത്തേൺ സർക്കിളിന്റെ പരിധിയിൽപ്പെട്ട സൗത്ത് വയനാട് ഡിവിഷനിൽ 87.4214 ഹെക്ടർ, കോഴിക്കോട് ഡിവിഷനിൽ 10.107 ഹെ്കടർ, കണ്ണൂർ ഡിവിഷനിൽ 10.93 ഹെക്ടർ എന്നിവ തിരിച്ചുപിടിച്ചിട്ടുണ്ട്. കോട്ടയം ഹൈറേഞ്ച് സർക്കിൾ പരിധിയിൽ കോതമംഗലം ഡിവിഷനിൽ 3.24 ഹെക്ടറും മൂന്നാർ ഡിവിഷനിൽ 0.5 ഹെക്ടറും ചേർത്ത് ആകെ 03.74 ഹെക്ടർ തിരിച്ചുപിടിച്ചിട്ടുണ്ട്. വൈൽഡ് ലൈഫ്, പാലക്കാട് സർക്കിളിന്റെ പരിധിയിൽ വരുന്ന പീച്ചി ഡിവിഷനിൽ 1.214 ഹെക്ടർ വനഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. തൃശ്ശൂർ സെൻട്രൽ സർക്കിളിൽ തൃശ്ശൂർ വനം ഡിവിഷനിൽ 0.0234 ഹെക്ടർ വനഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്താകെയായി 118.2918 ഹെക്ടർ വനഭൂമി തിരിച്ചുപിടിക്കാൻ സാധിച്ചിട്ടുണ്ട്.

**പരിസ്ഥിതി ദുർബ്ബല പ്രദേശ നിയമപ്രകാരം ഏറ്റെടുത്ത വനഭൂമി**

83 (2621) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ദുർബ്ബല പ്രദേശ നിയമം നിലവിൽ വന്നതിനുശേഷം നാളിതുവരെ ഈ നിയമപ്രകാരം എത്ര ഹെക്ടർ വനഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇപ്രകാരം ഏറ്റെടുത്ത വനഭൂമി ഉടമകൾക്ക് വിട്ടുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടറെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ നിയമപ്രകാരം വനഭൂമി ഏറ്റെടുത്തത് സംബന്ധിച്ച് എത്ര കേസ്സുകൾ കോടതിയിൽ നിലവിലുണ്ട്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരമുള്ള എത്ര കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും അതിൽ എത്ര കേസ്സുകളിൽ സർക്കാരിന് അനുകൂലമായി വിധി ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 14092.8998 ഹെക്ടർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്.

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇപ്രകാരം ഏറ്റെടുത്ത വനഭൂമി ഇ.എഫ്.എൽ. നിയമം 2003 10 (A), 19(3)(b) എന്നീ വകുപ്പുകൾ പ്രകാരവും ഇ.എഫ്.എൽ. OA, MFA കേസ്സുകളുടെ വിധിയുടെ അടിസ്ഥാനത്തിലും 13.4268 ഹെക്ടർ ഉടമകൾക്ക് വിട്ടുനൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 151 OA കേസ്സുകൾ കോഴിക്കോട്, പാലക്കാട്, കൊല്ലം ട്രിബ്യൂണലുകളിൽ നിലവിലുണ്ട്. കൂടാതെ 124 MFA, 18 SLP, 109 WP(C), 2 CCC എന്നീ കേസ്സുകളും നിലവിലുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു. കഴിഞ്ഞ മാസത്തിൽ (ജനുവരി 2019-ൽ) കോഴിക്കോട് ട്രിബ്യൂണലിൽ 5 കേസ്സുകൾ സർക്കാരിന് അനുകൂലമായും ഒരു കേസ്സ് ഒ.എ. അപേക്ഷകന് അനുകൂലമായും വിധിയായിട്ടുണ്ട്.

**വനം കയ്യേറിയ കർഷകർ**

84 (2622) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-1977-ന് മുമ്പ് വനം കയ്യേറിയ കർഷകർക്ക് പട്ടയം നൽകുന്നതിന് കേന്ദ്രത്തിന്റെ അനുമതി ലഭിച്ച പ്രകാരം കോന്നി ഫോറസ്റ്റ് ഡിവിഷനിൽ എത്ര ഹെക്ടർ ഭൂമി പട്ടയം നൽകുന്നതിനായി കൈമാറിയിട്ടുണ്ട്;

(ബി) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നൽകിയ ഏതെങ്കിലും പട്ടയം ഈ സർക്കാർ റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-1-1977-ന് മുമ്പ് വനം കയ്യേറിയ കർഷകർക്ക് കേന്ദ്രാനുമതിയോടുകൂടി 54.1432 ഹെക്ടർ വനഭൂമിക്ക് കോന്നി ഡിവിഷനിൽ പട്ടയം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പത്തനംതിട്ട ജില്ലയിൽ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായ 1-1-1977-നുമുൻപുള്ള 6362 ആൾക്കാരുടെ കയ്യേറ്റങ്ങൾ ആകെ 1970.04 ഹെക്ടർ ഉള്ളതായി കണ്ടെത്തിയിട്ടുള്ളതാണ്. ആയത് വനം കയ്യേറ്റഭൂമി തന്നെയാണ്. ആയതിന്റെ സ്റ്റാറ്റസ് റിസർവ് ഫോറസ്റ്റുമാണ്. സംയുക്ത പരിശോധനയിൽ ഉൾപ്പെട്ട ടി ഭൂമിക്കാണ് കേന്ദ്ര സർക്കാരിന്റെ 1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമ പ്രകാരമുള്ള അനുമതിയില്ലാതെ പട്ടയം നൽകിയതും തുടർന്ന് റദ്ദാക്കുകയും ചെയ്യപ്പെട്ടത്. ഈ വിഷയത്തിൽ 1-1-1977-നുമുൻപുള്ള വനഭൂമി കയ്യേറ്റങ്ങൾ ക്രമീകരിച്ച് പട്ടയം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ 1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമത്തിൻകീഴിലുള്ള അനുമതി അനിവാര്യമാണ്. ഇപ്രകാരമുള്ള കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെ വനഭൂമിക്ക് നൽകിയിട്ടുള്ള പട്ടയങ്ങൾ നിയമവിരുദ്ധമാകയാലാണ് ആയവ റദ്ദുചെയ്തിട്ടുള്ളത്.

**വനം കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി**

85 (2623) ശ്രീ. പി .ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്ന 5-9-2015-ലെ ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ;

(ബി) 1977-ന് ശേഷം എത്ര ഹെക്ടർ വനഭൂമി അന്യായമായി കയ്യേറ്റക്കാർ കൈവശപ്പെടുത്തിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്;

(സി) വനഭൂമി കയ്യേറിയവരുടെ ചെറുത്തുനിൽപ്പിനെ തുടർന്ന് കയ്യേറ്റം ഒഴിപ്പിക്കുവാനുള്ള ശ്രമം ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഡി) വിവിധ കോടതികളിൽ വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒ.പി. നമ്പർ 18467/02 (എസ്), ഒ.പി. നമ്പർ 1947/03 (എസ്) എന്നിവയിലെ സംയുക്ത വിധി 4-9-2015-ലാണ് ഉണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി അനുസരിച്ച് വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്ന സംഗതിയിൽ വളരെ കുറഞ്ഞ രീതിയിലുള്ള പുരോഗതിയേ ഉണ്ടായിട്ടുള്ളൂ.

പ്രാദേശികമായ സാമൂഹിക രാഷ്ട്രീയ വിഭാഗങ്ങളുടെ ശക്തമായ എതിർപ്പുകളും കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തുനിൽപ്പും തദ്വാര ഉണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങളും വിവിധ കോടതികളിൽ കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് തീർപ്പാകാതെ കിടക്കുന്ന വ്യവഹാരങ്ങളുംമൂലമാണ് വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി വിധി നടപ്പിലാക്കുവാൻ പറ്റാത്തത്.

(ബി) വനം വകുപ്പ് 2015-16 സാമ്പത്തിക വർഷം വരെ നടത്തിയ കണക്കെടുപ്പ് അനുസരിച്ച് 1-1-1977-നുശേഷമുള്ള 7810.10 ഹെക്ടർ വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ളതായി കണ്ടെത്തിയിട്ടുണ്ട്. സംയുക്ത പരിശോധന പൂർത്തിയാക്കാത്ത സ്ഥലങ്ങളിൽ ആയത് പൂർത്തിയാകുന്ന മുറയ്ക്ക് 1-1-1977-നുശേഷമുള്ള കയ്യേറ്റങ്ങളുടെ വിസ്തൃതി വർദ്ധിച്ചുവരാവുന്നതാണ്.

(സി) പ്രാദേശികമായ സാമൂഹിക രാഷ്ട്രീയ വിഭാഗങ്ങളുടെ ശക്തമായ എതിർപ്പുകളും കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തുനിൽപ്പും തദ്വാര ഉണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങളും വിവിധ കോടതികളിൽ കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് തീർപ്പാകാതെ കിടക്കുന്ന വ്യവഹാരങ്ങളുംമൂലമാണ് വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള ശ്രമത്തിൽനിന്നും താൽക്കാലികമായി പിന്മാറേണ്ടി വന്നിട്ടുള്ളത്.

(ഡി) വനം കയ്യേറ്റവുമായി ബന്ധപ്പെട്ട കേസ്സുകൾ പലവിധത്തിലുള്ള അപ്പീലുകളിൽപ്പെട്ട് വരുന്നതിനാൽ ടി കേസ്സുകൾ തീർപ്പായി കിട്ടുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. കേസ്സുകൾ തീർപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## വനഭൂമി സംബന്ധമായ കേസ്സുകൾ

86 (2624) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോടതി വിധി പ്രകാരം വനഭൂമി സ്വകാര്യ വ്യക്തികൾക്കോ പ്ലാന്റേഷൻ ഉടമകൾക്കോ വിട്ടുകൊടുക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഹെക്ടർ വനഭൂമി ഇപ്രകാരം വിട്ട് കൊടുത്തുവെന്നും ഏതൊക്കെ ഡിവിഷനുകളിലാണ് വനഭൂമി വിട്ട് കൊടുത്തതെന്നും വ്യക്തമാക്കുമോ;

(സി) കേസ്സുകൾ ശരിയായ രീതിയിൽ നടത്താത്തതുമൂലമാണ് കോടതികളിൽ പരാജയപ്പെടുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വനഭൂമി സംബന്ധമായ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് വിദഗ്ധരായ വക്കീലന്മാരുടെ സേവനം ഉറപ്പാക്കുന്നതിനും വനഭൂമി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കോടതിവിധിയുടെ അടിസ്ഥാനത്തിൽ വിട്ടുകൊടുക്കേണ്ടതായി വന്നിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | ഡിവിഷൻ | വിട്ടുകൊടുത്ത വനഭൂമി (ഹെക്ടർ) |
|---|---|---|
| 1 | നിലമ്പൂർ നോർത്ത് | 0.10117 |
| 2 | പാലക്കാട് | 19.9375 |
| 3 | നെന്മാറ | 28.8224 |
| 4 | പീച്ചി വൈൽഡ്ലൈഫ് | 0.5785 |
| | ആകെ | 49.43957 |

(സി) ഇല്ല. അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിൽ സീനിയർ ഗവൺമെന്റ് പ്ലീഡർമാർ ഉൾപ്പെടെയുള്ള പരിചയ സമ്പന്നരായ അഭിഭാഷകരാണ് വനം കേസ്സുകൾ കൈകാര്യം ചെയ്തുവരുന്നത്.

(ഡി) ഉത്തരം (സി)യുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

## റോഡ് നിർമ്മാണത്തിന് വനം വകുപ്പ് അനുമതി

87 (2625) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദുർഘട മേഖലകളിലേയ്ക്കുള്ള പി.ഡബ്ല്യു.ഡി. റോഡ് നിർമ്മാണ പ്രോജക്ടുകൾക്ക് വനം വകുപ്പ് അനുമതി നൽകാത്ത സാഹചര്യമുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

ഇല്ല. എന്നാൽ കേന്ദ്ര വനസംരക്ഷണ നിയമവും ചട്ടങ്ങളും പാലിച്ച് ലഭിക്കുന്ന അപേക്ഷകളിന്മേൽ പരിശോധന നടത്തി ഒരു ഹെക്ടർ വരെയുള്ള വനഭൂമി വനേതര ആവശ്യങ്ങൾക്ക് കേരള സർക്കാരിൽനിന്നും ഒരു ഹെക്ടറിൽ കൂടുതലുള്ള വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിക്കേണ്ടതുണ്ട്. കഴുതുരുട്ടിറോഡ്, താമരശ്ശേരി ചുരം റോഡ് തുടങ്ങി ദുർഘട മേഖലകളിലേക്കുള്ള റോഡുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

**വനവൽക്കരണത്തിനും വനസംരക്ഷണത്തിനുമായി ലഭിച്ച തുക**

88 (2626) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവൽക്കരണത്തിനും വനസംരക്ഷണത്തിനുമായി 2017-18, 2018-19 വർഷങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽനിന്നും നാളിതുവരെ ചെലവഴിച്ചതെത്രയെന്നും ഇതിലൂടെ പുതുതായി ഉണ്ടാക്കിയ വനത്തിന്റെ വിസ്തൃതി എത്രയെന്നും വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) വനവൽക്കരണത്തിനും വനസംരക്ഷണത്തിനുമായി കേന്ദ്ര സർക്കാരിൽനിന്ന് 2017-18, 2018-19 വർഷങ്ങളിൽ യഥാക്രമം 2657.325 ലക്ഷം രൂപയും 2429.712 ലക്ഷം രൂപയുമാണ് (2019 ജനുവരി 31 തീയതി വരെ) ലഭ്യമായിട്ടുള്ളത്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ 2548.826 ലക്ഷം രൂപയും 2018-19 വർഷത്തിൽ 2045.939 ലക്ഷം രൂപയും (2019 ജനുവരി 31 തീയതി വരെ) ചെലവഴിച്ചിട്ടുണ്ട്.

നിലവിലുള്ള വനമേഖലയിലെ വനവൽക്കരണത്തിനും വനസംരക്ഷണ പ്രവൃത്തി കൾക്കുമായിട്ടാണ് ടി തുക വകയിരുത്തിയിട്ടുള്ളതും വിനിയോഗിക്കുന്നതും. ഈ പദ്ധതി പ്രവർത്തനങ്ങളിലൂടെ വനവിസ്തൃതിയിലുള്ള വർദ്ധനവ് ലക്ഷ്യമിടുന്നില്ല.

**അക്കേഷ്യ മരങ്ങൾക്ക് പകരം ഫലവൃക്ഷങ്ങൾ**

89 (2627) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കേഷ്യ മരം വരൾച്ചയ്ക്ക് കാരണമാകുന്നതായി ശാസ്ത്രീയമായ ഏതെങ്കിലും പഠനം വഴി വനം വകുപ്പ് സ്ഥിരീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന തരത്തിലുള്ള ഏതെങ്കിലും പദ്ധതി വനംവകുപ്പ് നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അക്കേഷ്യ മരം വരൾച്ചയ്ക്ക് കാരണമാകുന്നതായി ശാസ്ത്രീയമായ പഠനംവഴി വനം വകുപ്പ് സ്ഥരീകരിച്ചിട്ടില്ല.

(ബി) 2012-13 മുതൽ 'വനദീപ്തി' എന്ന പദ്ധതി കേരള വനം വകുപ്പ് നടപ്പിലാക്കിവരുന്നു. നിലവിൽ അക്കേഷ്യ മരങ്ങൾ മുറിച്ച് മാറ്റുന്ന തോട്ടങ്ങളിൽ തദ്ദേശീയ ഫലവൃക്ഷങ്ങളും ഔഷധ വൃക്ഷങ്ങളും വിവിധയിനം വൃക്ഷങ്ങളും നട്ടുപിടിപ്പിക്കുന്ന പദ്ധതിയാണ് 'വനദീപ്തി'. കൊല്ലം ജില്ലയിലെ പത്തുപാറ എന്ന സ്ഥലത്ത് 2012-13 വർഷത്തിൽ 5.7 ഹെക്ടറും തിരുവനന്തപുരം ജില്ലയിൽ ഇളമ്പ്രക്കോട് എന്ന സ്ഥലത്ത് 2013-14 വർഷത്തിൽ 20.8 ഹെക്ടറും ഇപ്രകാരമുള്ള വനദീപ്തി തോട്ടങ്ങൾ ഉണ്ടാക്കി പരിപാലിച്ചുവരുന്നുണ്ട്. കൂടാതെ 2017-18 മുതൽ ജനവാസ കേന്ദ്രങ്ങൾക്ക് സമീപമുള്ള പ്രദേശങ്ങളിൽ അക്കേഷ്യ തോട്ടങ്ങൾ വെട്ടിമാറ്റി മലവേപ്പ് തുടങ്ങിയ പ്രാദേശിക വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചുവരുന്നു.

**ഷൊർണ്ണൂർ മണ്ഡലത്തിലെ വനം വകുപ്പ് പ്രവർത്തനങ്ങൾ**

90 (2628) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഈ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; ഇതുവരെ എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ മണ്ഡലത്തിൽ അനങ്ങൻമല ഇക്കോ ടൂറിസം സെന്ററിന്റെ ഇരുവശങ്ങളിലുമായി ബാരിക്കേഡ് നിർമ്മാണം, ഗേറ്റ് നിർമ്മാണം എന്നീ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) മേൽ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| പ്രവൃത്തികൾ | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| അനങ്ങൻമല ഇക്കോ ടൂറിസം സെന്ററിന്റെ ഇരുവശങ്ങളിലുമായി ബാരിക്കേഡ് നിർമ്മാണം | 1,40,000 | 1,35,362 |
| ഗേറ്റ് നിർമ്മാണം | 35,000 | 22,070 |
| ആകെ | 1,75,000 | 1,57,432 |

**തട്ടേക്കാട് പക്ഷി സങ്കേതം**

91 (2629) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇവ കൂടാതെ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇവിടെയെത്തുന്ന സന്ദർശകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പക്ഷി സങ്കേതത്തിൽ പുതുതായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാനാണ് നിലവിൽ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തട്ടേക്കാട് പക്ഷിസങ്കേതത്തിൽ എത്തിച്ചേരുന്ന സഞ്ചാരികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം വനസംരക്ഷണ പ്രവർത്തനങ്ങൾക്കുകൂടി പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ സഞ്ചാരികൾക്കായി വിശ്രമസ്ഥലങ്ങളും ഇരിപ്പിടങ്ങളും ക്രമീകരിച്ചു. കൂടാതെ, പുഴയോട് ചേർന്ന് നടപ്പാത നിർമ്മിച്ചു. പ്രകൃതി പഠനത്തിനെത്തുന്ന കുട്ടികൾക്കായി മിനിഡോർമിറ്ററി നവീകരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തി. പക്ഷികളെക്കുറിച്ച് പുതുതലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിനായി "Introductory Course in Ornithology & Bird Watching" എന്ന പരിശീലന പരിപാടി സംഘടിപ്പിച്ചു. കൂടാതെ പ്രകൃതി സംരക്ഷണത്തിന്

പ്രാധാന്യം വിളിച്ചോതുന്ന ഡോക്യുമെന്ററികൾ കാണുന്നതിനുള്ള സൗകര്യം Salim Ali Movie House-ൽ ഏർപ്പെടുത്തി. കുട്ടികൾക്കും പക്ഷികളെ അറിയാൻ താൽപ്പര്യം ഉള്ളവർക്കുമായി 206 പക്ഷികളുടെ വിവരങ്ങൾ അടങ്ങിയ 'Midland Birds of Kerala' എന്ന പുസ്തകം പ്രസിദ്ധീകരിച്ച് ഇക്കോഷോപ്പ് വഴി വിറ്റുവരുന്നു. സഞ്ചാരികൾക്കായി പെഡൽ ബോട്ട് സംവിധാനം ഏർപ്പെടുത്തി. കുട്ടമ്പുഴ Govt HSS സ്കൂളിൽ Biodiversity പാർക്കിൽ നടപ്പാത നിർമ്മാണം പൂർത്തിയാക്കി. വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ദിവസവേതന ജീവനക്കാർക്ക് യൂണിഫോം, റെയിൻകോട്ട്, ഷൂ എന്നിവ വിതരണം ചെയ്തു. EDC-യുടെ ആഭിമുഖ്യത്തിൽ തദ്ദേശീയർക്ക് ദിവസ വേതന അടിസ്ഥാനത്തിൽ തൊഴിൽ നൽകിവരുന്നു.

(ബി) കാട്ടിലേക്കുള്ള ട്രക്കിംഗ് സൗകര്യം ലഭ്യമാണ്. സന്ദർശകർക്കായി വനത്തിൽ ക്യാമ്പിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി വനത്തിൽ വാച്ച് ടവർ, വ്യൂ ടവർ, ട്രീ ഹട്ട് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധയിനങ്ങളായ ചിത്രശലഭങ്ങൾ ഉൾക്കൊള്ളുന്ന ബട്ടർഫ്ലൈ ഗാർഡനും പക്ഷികളെക്കുറിച്ചുള്ള പഠനത്തിനായി ഇന്റർപ്രെട്ടേഷൻ സെന്ററും സഞ്ചാരികൾക്കായി പക്ഷി സങ്കേതത്തിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ പെരിയാർ നദിയിലൂടെയുള്ള ബോട്ടിംഗ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) വനസംരക്ഷണ പ്രവർത്തനങ്ങളും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങളും ഉദ്ദേശിക്കുന്നു. കൂടാതെ, പാർക്കിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വിശ്രമസ്ഥലങ്ങൾ ക്രമീകരിക്കുക, പ്രദേശം പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനുള്ള നടപടികൾ എന്നിവ പരിഗണനയിലുണ്ട്.

**കാട്ടുതീ തടയുന്നതിന് താൽക്കാലിക ജീവനക്കാർ**

92 (2630) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് വനപ്രദേശങ്ങളിൽ കാട്ടുതീ തടയുന്നതിന് താല്കാലിക ജീവനക്കാരെ നിയമിക്കാറുണ്ടോ; എങ്കിൽ അവരുടെ നിയമനം എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ വർഷം എത്ര താൽക്കാലിക ജീവനക്കാരെ ഇക്കാര്യത്തിനായി നിയോഗിച്ചു; അവർക്ക് നൽകുന്ന ദിവസവേതനം എത്രയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വേനൽക്കാലത്ത് വനപ്രദേശങ്ങളിൽ കാട്ടുതീ തടയുന്നതിന് താൽക്കാലിക ജീവനക്കാരെ നിയമിക്കാറുണ്ട്. പ്രസ്തുത ജീവനക്കാരെ എൻ.എം.ആർ. പ്രകാരം ദിവസവേതന അടിസ്ഥാനത്തിലാണ് നിയോഗിക്കാറുള്ളത്. വനസംരക്ഷണ സമിതി അംഗങ്ങളെയും ആദിവാസി വിഭാഗത്തിൽപ്പെട്ടവരെയും വനത്തിന്റെ സമീപവാസികളെയുമാണ് ഇത്തരത്തിൽ നിയോഗിക്കാറുള്ളത്.

(ബി) കഴിഞ്ഞ വർഷം 2770 താൽക്കാലിക ജീവനക്കാരെ ഇക്കാര്യത്തിനായി നിയോഗിച്ചു. 630 രൂപ നിരക്കിലാണ് ദിവസ വേതനം നൽകിയിട്ടുള്ളത്.

**ആനകളുടെ സംരക്ഷണം**

93 (2631) ശ്രീ. പി. കെ. ശശി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഐ.ബി. സതീഷ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനകളുടെയും നാട്ടാനകളുടെയും സംരക്ഷണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആന ഉടമകളുടെ വിശദാംശങ്ങൾ, ആനകളുടെ ഭാരം, അളവുകൾ തുടങ്ങിയവ തിരിച്ചറിയുന്നതിനുള്ള മൈക്രോ ചിപ്പുകൾ എന്നിവ സഹിതം നാട്ടാനകളുടെ ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കിയിട്ടുണ്ടോ;വിശദമാക്കുമോ;

(സി) തിരുവനന്തപുരത്ത് കോട്ടൂരിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) തിരുനെല്ലി-കുദ്രക്കോട് എലിഫെന്റ് കോറിഡോർ സ്ഥാപിക്കുന്നതിനായി ഏറ്റെടുത്ത ഭൂമി വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കാട്ടാനകളുടെയും നാട്ടാനകളുടെയും സംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

നാട്ടാനകളോടുള്ള ക്രൂരത ഒഴിവാക്കാനും മികച്ച പരിപാലനം ഉറപ്പാക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ സർക്കുലറുകൾ ഇറക്കിയിട്ടുള്ളതും നിർദ്ദേശങ്ങൾ ആന ഉടമസ്ഥരും പാപ്പാന്മാരും പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നുമുണ്ട്.

നാട്ടാനകളോട് ക്രൂരത കാണിച്ചുവെന്ന് ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ടവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. നാട്ടാനകളുടെ സഞ്ചാരവും ജോലിഭാരവും നിരീക്ഷിക്കുന്നതിലേക്കായി ഓൺലൈൻ മോണിറ്ററിംഗ് പോർട്ടൽ രൂപീകരിച്ചിട്ടുള്ളതും നാട്ടാനയുടെ വിവരങ്ങൾ യഥാസമയം അപ്‌ലോഡ് ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 96 ആനകളെ ഇത്തരത്തിൽ നിരീക്ഷിച്ചുവരുന്നു.

വർദ്ധിച്ചുവരുന്ന നാട്ടാനകളുടെ മരണനിരക്കിന്റെ കാരണങ്ങൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും സമിതിയുടെ നിർദ്ദേശാനുസരണം 40 വയസ് കഴിഞ്ഞ എല്ലാ ആനകൾക്കും മെഡിക്കൽ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ പൊതുപരിപാടികളിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് 512 നാട്ടാനകളുടെ ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. കാട്ടാനകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രോജക്ട് എലിഫന്റ് പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ആനകളുടെ ശാരീരികമായ എല്ലാ അളവുകളും നിലവിലെ കൈവശക്കാരന്റെയും പാപ്പാന്മാരുടെയും വിവരങ്ങളും ആനയെ തിരിച്ചറിയാനുള്ള ഫോട്ടോകളും ആനയിൽ ഘടിപ്പിച്ചിട്ടുള്ള മൈക്രോചിപ്പ് നമ്പരിന്റെ വിവരവും ആനയ്ക്ക് ലഭ്യമാക്കിയിരിക്കുന്ന പാർപ്പിട സൗകര്യത്തിന്റെ വിവരവും ചട്ടപ്രകാരം ആനയ്ക്ക് സൂക്ഷിക്കേണ്ട രേഖകളുടെ വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 512 നാട്ടാനകളുടെ ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ മദപ്പാടിലുള്ള 5 നാട്ടാനകളുടെ രക്ത സാമ്പിളുകൾ ശേഖരിക്കുവാൻ കഴിയാത്തതിനാൽ ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ടി നാട്ടാനകളുടെ രക്ത സാമ്പിളുകൾ ശേഖരിച്ച് ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) തിരുവനന്തപുരത്ത് കോട്ടൂരിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രഖ്യാപനം 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. കിഫ്ബിയിൽനിന്നും 105 കോടി രൂപ അനുവദിക്കുവാനും തീരുമാനിച്ചിരുന്നു. 50 ആനകളെവരെ പാർപ്പിക്കാനുള്ള സൗകര്യം, കുട്ടിയാനകളെ പരിചരിക്കുന്നതിനുള്ള സൗകര്യം, ആധുനിക വെറ്ററിനറി ആശുപത്രി, ആനകൾക്ക് ഭക്ഷണം തയ്യാറാക്കുന്നതിനുള്ള ആധുനിക അടുക്കള, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ആന മ്യൂസിയം, ജലാശയങ്ങളുടെ നിർമ്മാണം, സന്ദർശകർക്കുള്ള സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ 108.21 കോടി രൂപയുടെ പദ്ധതി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് 71.92 കോടി രൂപ കിഫ്ബിയിൽനിന്നും 17-1-2019-ൽ അനുവദിച്ചിട്ടുണ്ട്. ഈ ജോലികൾക്കുള്ള സാങ്കേതികാനുമതി നൽകുന്ന നടപടി ഇപ്പോൾ നടന്നുവരുന്നു.

(ഡി) തിരുനെല്ലി-കുദ്രക്കോട് എലിഫന്റ് കോറിഡോർ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത എലിഫന്റ് കോറിഡോർ സ്ഥാപിക്കുന്നതിനായി 18 ഏക്കർ സ്ഥലം ഏറ്റെടുത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

## കണ്ണൂർ ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണം

94 (2632) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ആകെ വനാതിർത്തി എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) വനാതിർത്തിയിൽ വന്യമൃഗങ്ങളുടെ ആക്രമണം രൂക്ഷമായ എത്ര സ്ഥലങ്ങളിൽ സോളാർ വേലി കെട്ടിയിട്ടുണ്ട്; സോളാർ വേലി കെട്ടുന്നതിന് കിലോമീറ്ററിന് എത്ര തുക ചെലവ് വരുമെന്ന് അറിയിക്കുമോ;

(സി) കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി- പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ കാട്ടുപോത്ത്, പുലി തുടങ്ങിയ വന്യമൃഗങ്ങളെ കാണാനിടയായത് കണക്കിലെടുത്ത് അവിടത്തെ ജനങ്ങളുടെ ഭീതി അകറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വന്യ ജീവികളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ ആകെ വനാതിർത്തി 503.35 കി.മീ. ആണ് (അന്തർ സംസ്ഥാന വനാതിർത്തി ഉൾപ്പെടെ).

(ബി) വനാതിർത്തിയിൽ വന്യമൃഗങ്ങളുടെ ആക്രമണം രൂക്ഷമായ താഴെപ്പറയുന്ന സ്ഥലങ്ങളിൽ സോളാർ വേലി കെട്ടിയിട്ടുണ്ട്.

| റെയിഞ്ച് | പ്രദേശം | ദൂരം (കി.മീ.) |
|---|---|---|
| (1) | (2) | (3) |
| തളിപ്പറമ്പ് | മാമ്പൊയിൽ-നമ്പ്യാർമല | 8 |
| | ചീക്കാട് കോളനി | 1 |
| | വഞ്ചിയം-കാഞ്ഞിരക്കൊല്ലി | 4 |
| | മഞ്ഞപ്പുല്ല്-വൈതൽക്കുണ്ട് | 4 |
| | പീടികക്കുന്ന്-മാട്ടറ | 6 |
| | മൂന്നാംകുപ്പ്-വഞ്ചിയം | 4 |
| | ഊരാട്-പൊട്ടൻപ്ലാവ് | 4 |

| (1) | (2) | (3) |
|---|---|---|
| കൊട്ടിയൂർ | വാളത്തോട്-എടൂപ്പുഴ | 10 |
| | ശാന്തിഗിരി | 2 |
| | ചപ്പമല | 2 |
| | നെല്ലിയോടി | 6 |
| | പൊട്ടൻതോട് | 4 |
| | കുനംപള്ള | 2 |
| | ഏലപ്പീടിക | 7.5 |
| | പരിപ്പുതോട് | 4 |
| | അമ്പായത്തോട് | 8.5 |
| | പന്നിയാംമല | 0.80 |
| | കരിയിൽ-തുടിമരം | 3.80 |
| ആറളം | പരിപ്പുതോട്-55 ഏരിയ വരെ | 2 |
| | ഉരുപ്പുകുന്ന്-പരിപ്പുതോട് വരെ | 2 |
| | പൂക്കുണ്ട്-നരിക്കടവ് വരെ | 2 |
| | പടത്തിപ്പാറ-കരിയംകാപ്പ് വരെ | 2 |
| | തുള്ളൻപാറ-നരിക്കടവ് വരെ | 2 |
| | വളയംചാൽ-തുള്ളൻപാറ വരെ | 1 |
| | ആകെ | 92.6 കി.മീ. |

1 കി.മീ. സോളാർ വേലി നിർമ്മിക്കുന്നതിന് 1,85,500 രൂപ ചെലവ് വരും.

(സി) കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ കാട്ടുപോത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടിരുന്നുവെങ്കിലും നിലവിൽ ടി പ്രദേശങ്ങളിൽ കാട്ടുപോത്ത് ഒന്നുംതന്നെ ഇല്ല എന്നതിനാൽ അതുമായി ബന്ധപ്പെട്ട പരാതി കഴിഞ്ഞ ആറ് മാസത്തോളമായി ലഭിച്ചിട്ടില്ല. ടി പ്രദേശങ്ങളിൽ അടുത്തിടെയായി പുലി ഇറങ്ങിയതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചതിൽ വനം വകുപ്പ് ജീവനക്കാർ നേരിട്ട് ജനങ്ങളോടൊപ്പം പരിശോധന നടത്തിയിരുന്നുവെങ്കിലും പുലിയുടെ കാൽപാടോ സാന്നിധ്യമോ സ്ഥിരീകരിക്കുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും പരാതി ലഭിക്കുന്ന മുറയ്ക്ക് പ്രദേശങ്ങളിൽ വനം വകുപ്പ് ജീവനക്കാർ പരിശോധന നടത്തുകയും പ്രത്യേകിച്ച് രാത്രികാല പരിശോധനയിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) വന്യ ജീവികളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കൃഷിക്കാരിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി നഷ്ടപരിഹാരം നിർണ്ണയിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

## കണ്ണൂർ ജില്ലയിൽ വന്യമൃഗാക്രമണം തടയാൻ സൗരോർജ്ജവേലി

95 (2633) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കഴിഞ്ഞ ഏഴ വർഷത്തിനിടയിൽ ഏതെല്ലാം പ്രദേശത്താണ് വന്യമൃഗാക്രമണം തടയാൻ സൗരോർജ്ജവേലി കെട്ടിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) അനുമതി ലഭിച്ചിട്ടുള്ള ഏതെല്ലാം പ്രദേശത്താണ് ഇനിയും സൗരോർജ്ജവേലി കെട്ടാനുള്ളതെന്നും ആയതിന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ വന്യമൃഗാക്രമണം തടയാൻ സൗരോർജ്ജവേലി നിർമ്മിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രദേശം | ദൂരം (കി.മീ.) |
|---|---|
| (1) | (2) |
| പരിപ്പുതോട് - 55 ഏരിയ വരെ | 2 |
| ഉരുപ്പുകുന്ന് - പരിപ്പുതോട് വരെ | 2 |
| പൂക്കുണ്ട് - നരിക്കടവ് വരെ | 2 |
| പടത്തിപ്പാറ - കരിയംകാപ്പ് വരെ | 2 |
| തുള്ളൻപാറ - നരിക്കടവ് വരെ | 2 |
| വളയംചാൽ - തുള്ളൻപാറ വരെ | 1 |
| മാമ്പോയിൽ - നമ്പ്യാർമല | 8 |
| ചീക്കാട് കോളനി | 1 |
| വഞ്ചിയം - കാഞ്ഞിരക്കൊല്ലി | 4 |
| മഞ്ഞപ്പുല്ല് - വൈതൽക്കുണ്ട് | 4 |

| (1) | (2) |
|---|---|
| പീടികക്കുന്ന് - മാട്ടറ | 6 |
| മൂന്നാംകുപ്പ്-വഞ്ചിയം | 4 |
| ഊരാട് - പൊട്ടൻപ്ലാവ് | 4 |
| വാളത്തോട് - എടപ്പുഴ | 10 |
| ശാന്തിഗിരി | 2 |
| ചപ്പമല | 2 |
| നെല്ലിയോടി | 6 |
| പൊട്ടൻതോട് | 4 |
| കുനംപള്ള | 2 |
| ഏലപ്പീടിക | 7.5 |
| പരിപ്പുതോട് | 4 |
| അമ്പായത്തോട് | 8.5 |
| പന്നിയാംമല | 0.80 |
| കരിയിൽ-തുടിമരം | 3.80 |

(ബി) അനുമതി ലഭിച്ചിട്ടുള്ള താഴെപ്പറയുന്ന പ്രദേശങ്ങളിൽ സൗരോർജ്ജവേലി കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്

| പ്രദേശം | ദൂരം (കി.മീ.) |
|---|---|
| കുനംപള്ള കോളനി | 4 |
| താഴെ പാൽച്ചുരം - മേലെ പാൽച്ചുരം | 1.5 |
| കോളിത്തട്ട് - പന്നിയാൻ മല | 2 |
| അമ്പായത്തോട് - ആശ്രമം ജംഗ്ഷൻ | 7 |
| വാളത്തോട് - കീഴ്പള്ളി സെക്ഷൻ | 2 |
| പൊട്ടിച്ചിപ്പാറ - തുടിമരം | 5 |
| അട്ടയോളി - കളിയോട്ടുംപാറ | 1 |
| പീടികക്കുന്ന് - ആടാംപാറ | 6 |
| മന്ദംചേരി മുതൽ പാൽച്ചുരം | 4 |

## വന്യജീവി ആക്രമണങ്ങൾ പ്രതിരോധിക്കുവാൻ നടപടി

96 (2634) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിൽ നിന്നും സംരക്ഷണത്തിനായി കിഫ്ബിയുടെ ധനസഹായത്തോടെ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) വന്യജീവികൾക്ക് കുടിവെള്ളവും ഭക്ഷണവും കാട്ടിനുള്ളിൽത്തന്നെ ഉറപ്പ് വരുത്തുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിക്കായി നബാർഡിൽ നിന്നും എന്ത് ധനസഹായമാണ് ലഭ്യമാക്കി യിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി കേരളാ ഇൻഫ്രാ സ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)ന്റെ ഫണ്ട് ഉപയോഗിച്ച് റെയിൽ ഫെൻസ്, ആന പ്രതിരോധ മതിലുകൾ, സൗരോർജ്ജ വേലി, ക്രാഷ് ഗാർഡ് ഫെൻസിംഗ്, മാറ്റി പാർപ്പിക്കൽ എന്നിവയുള്ള ഒരു പദ്ധതി സർക്കാർ അംഗീകരിച്ച് നടപ്പിലാക്കുന്നു. നൂറ് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ ഒന്നാംഘട്ട നടത്തിപ്പിനായി ഇരുപത്തിയഞ്ച് കോടി രൂപ വകയിരുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ 101.50 കി.മീ. സൗരോർജ്ജവേലിയും 0.41 കി.മീ. ആന പ്രതിരോധ മതിലും 16 കി.മീ. റെയിൽ ഫെൻസും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രോജക്ട് നടത്തിപ്പിനായി സംസ്ഥാന വന വികസന ഏജൻസിയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന നിലയിൽ അംഗീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, തെൻമല, പുനലൂർ, മണ്ണാർക്കാട്, പാലക്കാട്, നോർത്ത് വയനാട് എന്നീ വനം ഡിവിഷനുകളിൽ ഈ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 136.70 കി.മീ. സോളാർ ഫെൻസിംഗ്, 42 കി.മീ. ക്രാഷ്ഗാർഡ് ഫെൻസിംഗ്, 0.30 കി.മീ. ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിക്കുന്നതിനും 497 കുടുംബങ്ങളെ വന്യജീവി സംഘർഷം രൂക്ഷമായ മേഖലയിൽ നിന്നും സുരക്ഷിത ഇടങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുമായി 73 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, തെൻമല, പുനലൂർ, മണ്ണാർക്കാട്, പാലക്കാട്, സൗത്ത് വയനാട്, വയനാട് വൈൽഡ് ലൈഫ്, നിലമ്പൂർ സൗത്ത്, കോഴിക്കോട്, കണ്ണൂർ എന്നീ വനം ഡിവിഷനുകളിലാണ് രണ്ടാംഘട്ടത്തിൽ പദ്ധതികൾ നടപ്പാക്കുന്നത്.

(ബി) വന്യജീവികൾക്ക് കുടിവെള്ളവും ഭക്ഷണവും കാട്ടിനുള്ളിൽത്തന്നെ ഉറപ്പ് വരുത്തുവാൻ വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്തെ കാടുകളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കാട്ടിനുള്ളിലെ ചെക്ക്ഡാമുകളും 500-ഓളം ജലസ്രോതസ്സുകളും നവീകരിച്ചു. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിച്ചുവരുന്നു. വനത്തിനുള്ളിലെ വയലുകൾ സംരക്ഷിക്കുന്നതിനും അതുവഴി മഴക്കാലത്ത് പരമാവധി ജല സംഭരണം ഉറപ്പുവരുത്തി സമീപ പ്രദേശത്തുള്ള നീരുറവകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി വന്യമൃഗങ്ങൾ ഭക്ഷണത്തിനും വെള്ളത്തിനുംവേണ്ടി ജനവാസ മേഖലയിലേയ്ക്കിറങ്ങുന്നത് ഒരു പരിധിവരെ തടയുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) നബാർഡിൽ നിന്നും ധനസഹായം ലഭിക്കുന്നില്ല.

**വന്യജീവി ആക്രമണത്തിൽ നിന്നും സംരക്ഷിക്കാൻ നടപടി**

97 (2635) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവികളുടെ ആക്രമണം ചെറുക്കുന്നതിനായി ഷൊർണ്ണൂർ മണ്ഡലത്തിലെ കുളക്കാടൻ മലയുടെ അതിർത്തിയിൽ കമ്പിവേലി കെട്ടി സംരക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

വന്യജീവികളുടെ ആക്രമണം ചെറുക്കുന്നതിനായി ഷൊർണ്ണൂർ മണ്ഡലത്തിലെ കുളക്കാടൻ മലയുടെ അതിർത്തിയിൽ കമ്പിവേലി കെട്ടി സംരക്ഷിക്കുവാൻ നിലവിൽ പദ്ധതികളൊന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല.

**വന്യമൃഗങ്ങളുടെ ആക്രമണം**

98 (2636) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് ശാശ്വത പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതിവർഷം ശരാശരി ഇരുപതോളം മനുഷ്യർ വന്യജീവി സംഘർഷത്തിന്റെ ഭാഗമായി വനത്തിനുള്ളിലോ വനാതിർത്തികളിലോ വച്ച് കൊല്ലപ്പെടുന്നുണ്ട്. കൂടാതെ, നിരവധി പേർക്ക് പരിക്കേൽക്കുകയും വലിയ തോതിലുള്ള കൃഷിനാശവും

സംഭവിക്കുന്നുണ്ട്. വനാതിർത്തിയിൽ അധിവസിക്കുന്ന നല്ലൊരു വിഭാഗം ജനങ്ങൾ വന്യജീവി സംഘർഷം കാരണം കടുത്ത സാമ്പത്തിക നഷ്ടവും മാനസിക സംഘർഷങ്ങളും നേരിടുന്നു.

(ബി)വന്യജീവി ആക്രമണങ്ങളിൽ നിന്നും ജനങ്ങളെയും കൃഷി മേഖലയെയും സംരക്ഷിക്കുവാൻ വനം വകുപ്പ് താഴെപ്പറയുന്ന പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു:

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, റെയിൽ ഫെൻസിംഗ്, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവയുടെ നിർമ്മാണം;

2. വനത്തിന് പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ച് വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ;

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാര പഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം;

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ;

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർ ക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ;

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ;

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജല സംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ;

9. വനത്തിനകത്തും വനാതിർത്തികളിലും താമസിക്കുന്ന ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനുള്ള നടപടികൾ;

10. വനം വകുപ്പിന്റെ ആന ക്യാമ്പിൽ തെരഞ്ഞെടുത്ത ആനകൾക്ക് കുങ്കി പരിശീലനം നൽകി വന്യജീവി ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ പട്രോളിംഗിന് നിയോഗിക്കൽ.

## കാട്ടുപന്നികളുടെ ശല്യം

99 (2637) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നികളുടെ ശല്യം വർദ്ധിക്കുന്നതുമൂലം കൃഷിക്കാർ ബുദ്ധിമുട്ടുന്നതായ വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷി നശിപ്പിക്കാനെത്തുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് കൃഷിക്കാർക്ക് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) കാട്ടുപന്നി ശല്യം നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി & സി) വർദ്ധിച്ചുവരുന്ന ഇത്തരത്തിലുള്ള മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിന് പൊതുജനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് 2011-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പലപ്പോഴായി കാലാവധി ദീർഘിപ്പിച്ച മേൽ ഉത്തരവിന്റെ കാലാവധി 2016 മാർച്ച് മാസത്തിൽ അവസാനിച്ചു. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം മനുഷ്യനോ സ്വത്തിനോ നാശമുണ്ടാക്കുന്ന കാട്ടുപന്നികളെ ഒഴിവാക്കുന്നതിന് വൈൽഡ് ലൈഫ് വാർഡനുള്ള അധികാരം ഡി.എഫ്.ഒ.-മാർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകുന്നതിനും ആയതിന് സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ചും വിശദമായ നിർദ്ദേശങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കാട്ടുപന്നികളെ 'വെർമിൻ' ആയി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ 12-11-2018-ൽ കൂടിയ സംസ്ഥാന വന്യജീവി ബോർഡ് യോഗം തീരുമാനം കൈക്കൊണ്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## വന്യമൃഗാക്രമണത്തിൽ പരിക്കേറ്റവർക്ക് സഹായം

100 (2638) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ആക്രമണംമൂലം 2017-18-ലും 2018-19-ൽ നാളിതുവരെയും മരണമടഞ്ഞവരുടെയും പരിക്കേറ്റവരുടെയും എണ്ണം വെളിപ്പെടുത്തുമോ;

(ബി) വന്യമൃഗാക്രമണത്തിൽ പരിക്കേറ്റാൽ എന്തെല്ലാം സഹായമാണ് നൽകുന്നതെന്നും പ്രസ്തുത കാലയളവിൽ എത്ര പേർക്ക് സഹായം നൽകി എന്നും ഇനി എത്ര പേർക്ക് സഹായം നൽകാൻ അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) കാട്ടാനയുടെ ആക്രമണംമൂലം ഗുരുതരമായി പരിക്കേറ്റ പയ്യാവൂർ പഞ്ചായത്തിലെ പാടാൻകവലയിലെ റോസമ്മയ്ക്ക് ഇതിനോടകം എന്തു സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വന്യമൃഗാക്രമണംമൂലം 2017-18-ലും 2018-19-ൽ നാളിതുവരെയും മരണമടഞ്ഞവരുടെയും പരിക്കേറ്റവരുടെയും (പാമ്പുകടി ഉൾപ്പെടെ) എണ്ണം ചുവടെ ചേർക്കുന്നു.

| മരണപ്പെട്ടവർ | 2017-18 | 2018-19 (6-2-2019 വരെ) |
|---|---|---|
| പാമ്പുകടിയേറ്റ് | 102 | 66 |
| വന്യമൃഗ ആക്രമണംമൂലം | 34 | 31 |
| പരിക്കേറ്റവർ | 849 | 852 |

(ബി) 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ.17/2018/വനം പ്രകാരം വന്യമൃഗാക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് ഒരു ലക്ഷം രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ പട്ടികവർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും) നഷ്ടപരിഹാരമായി നൽകിവരുന്നു. പ്രസ്തുത കാലയളവിൽ 1272 പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. 429 പേർക്ക് നഷ്ടപരിഹാരം നൽകുവാൻ അവശേഷിക്കുന്നുണ്ട്.

(സി) പയ്യാവൂർ പഞ്ചായത്തിലെ പാടാൻകവലയിലെ ശ്രീമതി റോസമ്മയ്ക്ക് പരിക്കേറ്റത് കാട്ടാനയുടെ ആക്രമണം മൂലമല്ല. കാട്ടുപന്നിയുടെ ആക്രമണംമൂലം പരിക്കേറ്റ ശ്രീമതി റോസമ്മയ്ക്ക് ചികിത്സയ്ക്ക് മുൻകൂർ തുകയായി 80,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്.

**കുളമ്പുരോഗ വ്യാപനം തടയുവാൻ നടപടി**

101 (2639) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുളമ്പുരോഗം സ്ഥിരീകരിക്കുകയുണ്ടായോ; എങ്കിൽ രോഗത്തിന്റെ വ്യാപനം തടയുന്നതിനായി കൈക്കൊണ്ട പ്രതിരോധ നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) തമിഴ്നാട്ടിൽ കുളമ്പുരോഗം സ്ഥിരീകരിക്കുകയും കാലിച്ചന്തകൾ അടയ്ക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അവിടെ നിന്ന് കേരളത്തിലേക്ക് കന്നുകാലികളെ കൊണ്ടുവരുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കുളമ്പുരോഗം സ്ഥിരീകരിച്ചിട്ടുണ്ട്. രോഗത്തിന്റെ വ്യാപനം തടയുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

- അസുഖം വന്ന കാലികളെ ചികിത്സിച്ചു.
- രോഗബാധ റിപ്പോർട്ട് ചെയ്ത പ്രദേശത്തിന് ചുറ്റുമുള്ള പ്രദേശങ്ങളിലെ കന്നുകാലികൾക്ക് കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് നടത്തി.
- കന്നുകാലികളുടെ ട്രാൻസ്പോർട്ടേഷൻ നിയന്ത്രിച്ചു.
- രോഗനിയന്ത്രണത്തിനായി 3375 കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് നടത്തി.
- ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂർ പരിശോധന ശക്തമാക്കി.

(ബി) ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) തമിഴ്നാട്ടിൽ കുളമ്പുരോഗം സ്ഥിരീകരിക്കുകയും കാലിച്ചന്തകൾ അടയ്ക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അവിടെ നിന്നും കേരളത്തിലേയ്ക്ക് കന്നുകാലികളെ കൊണ്ടുവരുന്നത് തടയുകയും ചെക്ക്പോസ്റ്റുകളിൽ 24 മണിക്കൂർ പരിശോധന ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

**കന്നുകാലികളുടെ എണ്ണത്തിലെ കുറവ്**

102 (2640) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലികളുടെ എണ്ണത്തിൽ ക്രമാതീതമായ കുറവ് ഉണ്ടാകുന്നുവെന്ന 2018-ലെ സാമ്പത്തിക അവലോകന റിപ്പോർട്ടിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കന്നുകാലികളുടെ വംശവർദ്ധനവിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) നാടൻ കന്നുകാലികളെ സംരക്ഷിക്കുന്ന പദ്ധതികൾ വിജയപ്രദമാണോ; അല്ലെങ്കിൽ പ്രസ്തുത ജനുസ്സുകളെ സംരക്ഷിക്കുന്ന കർഷകർക്ക് പ്രത്യേക ധനസഹായവും മൃഗസംരക്ഷണ പരിരക്ഷയും ഉറപ്പുവരുത്തുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 2003-ൽ 21.22 ലക്ഷം കന്നുകാലികൾ ഉണ്ടായിരുന്നത് 2007-ലെ സെൻസസ് പ്രകാരം 17.40 ലക്ഷം കന്നുകാലികളായി കുറയുകയും 2012-ലെ സെൻസസ് പ്രകാരം 13.29 ലക്ഷം കന്നുകാലികളായി വീണ്ടും കുറയുകയും ചെയ്തിട്ടുണ്ട്.

(ബി)

- സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന പദ്ധതികളായ കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നിവയ്ക്കായി 2018-19-ൽ ആകെ 60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സബ്സിഡി നിരക്കിൽ പശുക്കുട്ടികൾക്ക് തീറ്റ നൽകുന്ന ഈ രണ്ട് പദ്ധതികളിലുമായി 2016-17-ൽ എൻറോൾ ചെയ്ത 73,538 കന്നുകുട്ടികൾക്ക് രണ്ടാം വർഷ സഹായം നൽകിവരുന്നതോടൊപ്പം 2017-18-ൽ പുതിയതായി 35070 കന്നുകുട്ടികളെക്കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. ആർ.കെ.വി.വൈ. ധനസഹായം ഉപയോഗിച്ച് സ്പെഷ്യൽ ഗോവർദ്ധിനി എന്ന പേരിൽ 10000 കന്നുകുട്ടികളെക്കൂടി 2017-18-ൽ എൻറോൾ ചെയ്തുകഴിഞ്ഞു. ആയതിന് ആറ് കോടി പത്ത് ലക്ഷത്തി അമ്പതിനായിരം രൂപ (6,10,50,000 രൂപ) വകയിരുത്തിയിരുന്നു. 2017-18-ൽ ആകെ 118608 കന്നുകുട്ടികൾക്ക് പദ്ധതി സഹായം ലഭ്യമാക്കിയിട്ടുണ്ട്.

- മൃഗാശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 12 കോടിയിൽ നിന്നും 15 കോടി രൂപയായി വർദ്ധിപ്പിച്ചു.

- രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 65-ൽ നിന്നും 85 ആയി വർദ്ധിപ്പിച്ചു. 2018-19-ൽ 20 ബ്ലോക്ക് കൂടി ഉൾപ്പെടുത്തി ആകെ 105 ബ്ലോക്കിൽ ഈ സേവനം ലഭ്യമാകുന്നതാണ്.

- കന്നുകാലികളുടെ മരണംമൂലവും ഉല്പാദന ശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് കേരളത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കന്നുകാലി

ഇൻഷ്വറൻസ് പദ്ധതികൾ നിലവിലുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായത്തോടെ എൻ.എൽ.എം. 2016-17 ഇൻഷ്വറൻസ് പദ്ധതി വഴി 21214 ഉരുക്കളെ ഇൻഷ്വർ ചെയ്ത് പദ്ധതി പൂർത്തീകരിച്ചു. കേരള സർക്കാരിന്റെ ധനസഹായത്തോടെ ആരംഭിച്ച ഗോസമൃദ്ധി 2017-18 ഇൻഷ്വറൻസ് പദ്ധതിയിലൂടെ 60000 ഉരുക്കളെ ഇൻഷ്വർ ചെയ്യുവാൻ ലക്ഷ്യമിടുകയും 6-2-2019 വരെ 59093 ഉരുക്കളെ ഇൻഷ്വർ ചെയ്യുകയും പദ്ധതി തുടർന്ന് വരികയും ചെയ്യുന്നു. കേരളത്തിൽ ഉരുക്കളെയും ഉരുവിന്റെ ഉടമയായ കർഷകരെയും ഇൻഷ്വർ ചെയ്യുവാനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ എൻ.എൽ.എം. പ്ലസ് 2017-18 പദ്ധതിയും കേരള സർക്കാരിന്റെ ധനസഹായത്തോടെ ഗോസമൃദ്ധി പ്ലസ് 2018-19 പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. എൻ.എൽ.എം. പ്ലസ് പദ്ധതിയിൽ 7793 ഉരുക്കളെയും അവയുടെ ഉടമസ്ഥരായ കർഷകരെയും ഗോസമൃദ്ധി പ്ലസ് പദ്ധതിയിൽ 39270 ഉരുക്കളെയും അവയുടെ ഉടമസ്ഥരായ കർഷകരെയും ഇൻഷ്വർ ചെയ്യുവാൻ ലക്ഷ്യമിടുന്നു. എൻ.എൽ.എം. പ്ലസ്, ഗോസമൃദ്ധി പ്ലസ് പദ്ധതികൾ 8-11-2018-ലാണ് ആരംഭിച്ചതെങ്കിലും 6-2-2019 വരെ 9101 ഉരുക്കളെയും അവയുടെ ഉടമസ്ഥരായ കർഷകരെയും ഇൻഷ്വർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ലഭ്യമായതിൽ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കാണ് ഈ പദ്ധതികൾക്കുള്ളത്. ഒരു വർഷം, മൂന്ന് വർഷം എന്നീ കാലയളവുകളിലേക്ക് പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണ്. പൂർണ്ണമായും മൃഗസംരക്ഷണ വകുപ്പിന്റെ ഇൻഷ്വറൻസ് മാനേജ്മെന്റ് പോർട്ടൽ വഴി സുതാര്യമായി പദ്ധതി നടപ്പിലാക്കിവരുന്നു.

- ഇതിന് പുറമേ ഇൻഷ്വറൻസ് പരിരക്ഷ, മറ്റ് മാർഗ്ഗങ്ങളിൽ നിന്നുള്ള നഷ്ടപരിഹാരം എന്നിവ ലഭിക്കാത്ത കർഷകർക്ക് തങ്ങളുടെ ഉരുക്കൾ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിന് ദുരന്തനിവാരണ ഫണ്ടിൽ ഒരു കോടി രൂപ 2017-18 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ വിതരണം പൂർത്തിയായി.

- സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിന് അനുസൃതമായി, ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ എല്ലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും കൃത്യസമയത്ത് കെ.എൽ.ഡി. ബോർഡ് എത്തിക്കുന്നു.

- പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി, കാനഡയിൽ നിന്നും ലിംഗ നിർണ്ണയം നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 420 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

- വളരെ ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽ നിന്നും നാല് വിത്തുകാളകളെ ഡെന്മാർക്കിൽ നിന്നും മാട്ടുപ്പെട്ടി ഫാമിലേക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു.

- നാടൻ ജനുസ്സുകളായ വെച്ചൂർ, സഹിവാൾ എന്നിവയിൽ നിന്നും കൂടുതൽ കുട്ടികളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്നതിനായി "ഭ്രൂണമാറ്റ പദ്ധതി" കേന്ദ്ര സർക്കാരിന്റെ "രാഷ്ട്രീയ ഗോകുൽ മിഷൻ" പദ്ധതിയിൻ കീഴിൽ കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

(സി) വിജയപ്രദമാണ്. പ്രസ്തുത ജനുസ്സുകളെ സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് നടപ്പിലാക്കുന്നുണ്ട്.

- വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ അതേ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ബീജംകൊണ്ട് കുത്തിവയ്ക്കുന്നതിനായി ഈ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ഗാഢശീതീകരിച്ച ബീജമാത്രകൾ, സംസ്ഥാനത്തിനകത്തെ ആവശ്യമുള്ള എല്ലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും കെ.എൽ.ഡി. ബോർഡ് ലഭ്യമാക്കുന്നുണ്ട്.

- വെച്ചൂർ, കാസർഗോഡ് കുള്ളൻ ഇനങ്ങളിൽപ്പെട്ട നാടൻ ജനുസ് പശുക്കളെ വളർത്തുന്ന കർഷകർക്ക്, ഒറ്റത്തവണ ധനസഹായമായി 10,000 രൂപാവീതം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകിവരുന്നു. വിവിധ ജില്ലകളിലായി ഇതിനോടകം 880 കർഷകർക്ക് ഈ ധനസഹായം വിതരണം ചെയ്തുകഴിഞ്ഞു.

- ഭാരതത്തിലെ അംഗീകൃത നാടൻ ജനുസ്സുകളെ ശാസ്ത്രീയമായി സംരക്ഷിച്ചുപോരുന്ന കർഷകർക്കും നാടൻ ജനുസ്സിൽപ്പെട്ട വർഗ്ഗഗുണമുള്ള ഉരുക്കളെ ശാസ്ത്രീയമായി പരിപാലിക്കുന്ന സംഘടനകൾ, സൊസൈറ്റികൾ, കർഷക കൂട്ടായ്മകൾ എന്നിവർക്കും പുരസ്കാരങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുന്നു.

- കേരളത്തിന്റെ തനത് നാടൻ ജനുസ്സായ വെച്ചൂർ പശുക്കൾക്കായി പ്രത്യേക പ്രജനന പദ്ധതി നടപ്പിലാക്കുന്നു. ഈ കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 79 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

- നാടൻ ജനുസ്സുകളായ സഹിവാൾ, വെച്ചൂർ എന്നീ പശുക്കളിൽ ഭ്രൂണമാറ്റം നടത്തി ഈ ജനുസ്സുകളുടെ കൂടുതൽ പശുക്കുട്ടികളെ ഉൽപ്പാദിപ്പിക്കുന്നതിനായി 2.48 കോടി രൂപയുള്ള കേന്ദ്ര സർക്കാർ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും പദ്ധതി നടപ്പിലാക്കി തുടങ്ങുകയും ചെയ്തിട്ടുണ്ട്.

**കടബാധ്യതയിലായ കോഴി കർഷകർ**

103 (2641) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം കോഴികർഷകരുടെ ഉപജീവനത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാലാവസ്ഥാ വ്യതിയാനംമൂലം കോഴികളും കോഴിക്കുഞ്ഞുങ്ങളും ചത്തൊടുങ്ങിയതിന്റെ ഫലമായി കടബാദ്ധ്യതയിലായ കോഴികർഷകർക്ക് കടങ്ങൾ തിരിച്ചടയ്ക്കുന്നതിനുള്ള സാവകാശം ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) കോഴികർഷകരെ പീഡിതകർഷകരുടെ വിഭാഗത്തിൽപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാലാവസ്ഥാ വ്യതിയാനംമൂലം കോഴി വളർത്തൽ മേഖലയിൽ ഉണ്ടാകുന്ന നഷ്ടം സംബന്ധിച്ച പഠനങ്ങൾ മൃഗസംരക്ഷണ വകുപ്പ് നടത്തിയിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമല്ല.

(ബി) കാലാവസ്ഥാ വ്യതിയാനംമൂലം കോഴികളും കോഴിക്കുഞ്ഞുങ്ങളും ചത്തൊടുങ്ങിയതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകൾ മൃഗസംരക്ഷണ വകുപ്പിന് ലഭിച്ചിട്ടില്ല. കടബാധ്യത എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട പദ്ധതികളും നിലവിലില്ല.

(സി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

**ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ പ്രവർത്തനം**

104 (2642) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> :
<u>ശ്രീ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> :
<u>ശ്രീ. ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ നിർവ്വഹിച്ച വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ഇവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) കന്നുകാലികളെ വളർത്തുന്നവർക്ക് ആവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിന് പ്രസ്തുത വിഭാഗം ജീവനക്കാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഈ വിഭാഗം ജീവനക്കാരുടെ ഫീൽഡ് ഡ്യൂട്ടി കാര്യക്ഷമവും സത്യസന്ധവുമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)

1. പശു, എരുമ എന്നിവയിൽ കൃത്രിമ ബീജാധാനം നടത്തുക.

2. കൃത്രിമ ബീജാധാനം നടത്തി 3 മാസത്തിനുശേഷം ഗർഭ പരിശോധന നടത്തുക.

3. രാവിലെ 9 മുതൽ 9.30 വരെ ഫീൽഡ് വർക്ക് നടത്തി ഫീൽഡ് നോട്ട് ബുക്കിൽ ദിവസേന രേഖപ്പെടുത്തുക.

4. പശു, എരുമ എന്നീ മൃഗങ്ങളിൽ വന്ധ്യത ഉള്ളതായി ബോധ്യപ്പെട്ടാൽ ചികിത്സയ്ക്കായി അടുത്തുള്ള വെറ്ററിനറി സർജന് റിപ്പോർട്ട് ചെയ്യുക.

5. കർഷകരുടെ മൃഗങ്ങൾക്ക് പ്രാഥമിക ശുശ്രൂഷാ മരുന്നുകൾ വിതരണം ചെയ്യുക.

6. പുൽകൃഷിയുടെ വ്യാപനം പ്രോത്സാഹിപ്പിക്കുക.

7. മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതുമായ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വെറ്ററിനറി സർജനെ സഹായിക്കുക.

8. മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ കർഷകരിൽ എത്തിക്കുക.

9. പ്രതിരോധ കുത്തിവയ്പ്പ് പ്രവർത്തനങ്ങൾ നടത്തുക. പ്രഥമ ശുശ്രൂഷ പ്രവർത്തനങ്ങൾ നടത്തുക.

10. ഓഫീസ് പ്രവർത്തനങ്ങളിൽ വെറ്ററിനറി സർജനെ സഹായിക്കുക.

11. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ മൃഗങ്ങളുടെ പ്രതിരോധ കുത്തിവയ്പ്പ് നടത്തുമ്പോൾ തൽസമയം ഓൺലൈൻ റിപ്പോർട്ട് ചെയ്യുകയും കൂടാതെ കൃത്രിമ ബീജസങ്കലനം നടത്തുമ്പോൾ INAPH സോഫ്റ്റ്‌വെയറിൽ തൽസമയം എൻട്രി നടത്തുകയും ചെയ്യുക.

(ബി) ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും വകുപ്പ് ഇലക്ട്രോണിക് ടാബ് വിതരണം നടത്തുകയും സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം ഇവർ കർഷക ഭവനങ്ങൾ സന്ദർശിക്കുമ്പോൾ കർഷകരുടെ വിവരം, അവർ വളർത്തുന്ന മൃഗങ്ങളുടെ വിവരം എന്നിവ തൽസമയം തന്നെ ടാബിൽ രേഖപ്പെടുത്തുവാനും ജിയോ മാപ്പിംഗ് നടത്തുവാനും അതുവഴി വകുപ്പിന് കൃത്യമായ നിരീക്ഷണത്തിനും കർഷകർക്ക് വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും സഹായകരമാണ്. ഇവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് RAHC വഴിയും അതാത് മൃഗാശുപത്രി വഴിയും ഇവരുടെ പ്രവർത്തനം വിലയിരുത്തുന്നു. മൃഗങ്ങളുടെ പ്രതിരോധ കുത്തിവയ്പുമായി ബന്ധപ്പെട്ട് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് സ്ക്വാഡ് അലവൻസ് നൽകിവരുന്നു. കൂടാതെ സാമ്പിൾ സർവ്വേ നടത്തുന്നതിന് പ്രത്യേക അലവൻസും നൽകിവരുന്നു.

(സി) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ കന്നുകുട്ടികളുടെ വെരിഫിക്കേഷൻ നടത്തുകയും എല്ലാ മാസവും കന്നുക്കുട്ടി തീറ്റ നൽകുന്നതിന്റെ ഗുണഭോക്തൃ വിഹിതം സ്വീകരിക്കുകയും ചെയ്യുന്നു. തദവസരത്തിൽ കന്നുകുട്ടികളെ വളർത്തുന്നതിനുവേണ്ട ശാസ്ത്രീയമായ രീതികളെക്കുറിച്ചുള്ള അറിവ് അവർ കർഷകർക്ക് പകർന്ന് കൊടുക്കുകയും ചെയ്യുന്നു. വകുപ്പിന്റെ സേവനപരിധിയിൽ വരുന്ന കേരളത്തിലെ എല്ലാ പക്ഷിമൃഗാദികളുടെയും ഉടമകളുടെ വീടുകൾ അക്ഷാംശത്തിന്റെയും രേഖാംശത്തിന്റെയും അടിസ്ഥാനത്തിൽ ഭൂപടത്തിൽ അടയാളപ്പെടുത്തുന്നതിനായി വികസിപ്പിക്കപ്പെട്ട ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ഭൂമികയിലൂടെ കർഷകരുടെ രജിസ്ട്രേഷൻ പ്രക്രിയയും നടത്തിവരുന്നു.

ഇവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ മൃഗസംരക്ഷണ ഓഫീസുകളും ഇ-ഫയലിംഗ് സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്. അതുവഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവനം ഓഫീസ് ഫയലുകൾ കൈകാര്യം ചെയ്യുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് കാര്യക്ഷമമായ സേവനം ലഭിക്കുന്നതിന് സഹായകരമാകുന്നു.

എല്ലാ ദിവസവും ഫീൽഡ് വിസിറ്റ് നടത്തുമ്പോൾ കർഷകർക്കുവേണ്ട കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന 20-ാമത് കന്നുകാലി സെൻസസ് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ ആണ് നിർവ്വഹിക്കുന്നത്. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ മൃഗങ്ങളുടെ പ്രതിരോധ കുത്തിവയ്പ് നടത്തുമ്പോൾ തൽസമയം ഓൺലൈൻ റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ കൃത്രിമ ബീജസങ്കലനം നടത്തുമ്പോൾ INAPH സോഫ്റ്റ്‌വെയറിൽ തൽസമയം എൻട്രി ചെയ്യുന്നു.

(ഡി) ഈ വിഭാഗം ജീവനക്കാരുടെ ഫീൽഡ് ഡ്യൂട്ടി കാര്യക്ഷമവും സത്യസന്ധവുമായി നടക്കുന്നുണ്ട്.

**മുല്ലശ്ശേരി പഞ്ചായത്തിൽ വെറ്ററിനറി പോളി ക്ലിനിക്**

105 (2643) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളുടെ എണ്ണം വളരെ കൂടുതലുള്ള മുല്ലശ്ശേരി പഞ്ചായത്തിൽ കർഷകർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി, ഇപ്പോൾ പ്രവർത്തിച്ചു വരുന്ന വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പോളി ക്ലിനിക്കിനാവശ്യമായ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ മുല്ലശ്ശേരി പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന വെറ്ററിനറി ഡിസ്പൻസറിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുവാൻ തൽക്കാലം നിർവ്വാഹമില്ല.

(ബി) നിലവിൽ വെറ്ററിനറി പോളിക്ലിനിക്കുകൾ ഇല്ലാത്ത താലൂക്കുകൾക്കാണ് മുൻഗണന നൽകുന്നത്. ഇതിനുപുറമെ ടി താലൂക്കിലുള്ള കന്നുകാലികളുടെ എണ്ണം, കൈകാര്യം ചെയ്യുന്ന കേസ്സുകളുടെ എണ്ണം, സ്ഥാപനം ആരംഭിക്കാൻവേണ്ട അടിസ്ഥാന സൗകര്യ ലഭ്യത എന്നിവ മാനദണ്ഡമാക്കിയും ആവശ്യമുള്ള തസ്തികകൾ ലഭ്യമാക്കിയുമാണ് പോളിക്ലിനിക്കുകൾ ആരംഭിക്കുന്നത്.

**അഴുത ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസ്**

106 (2644) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മണ്ഡലത്തിലെ വിസ്തൃതി കൂടിയ ഏഴ് പഞ്ചായത്തുകൾ ഉൾപ്പെടുന്ന അഴുത ബ്ലോക്ക് പഞ്ചായത്തിൽ മൃഗാശുപത്രികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തനതായ ഒരു അസിസ്റ്റന്റ് പ്രോജക്ട് ഓഫീസ് നിലവിലില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിനായി അഴുത ബ്ലോക്ക് പഞ്ചായത്തിൽ ഒരു അസിസ്റ്റന്റ് പ്രോജക്ട് ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ പീരുമേട്, ഇടുക്കി താലൂക്കുകളിലുള്ള സ്ഥാപനങ്ങൾ കട്ടപ്പന RAHC-യുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**കൊല്ലം ജില്ലയിൽ കുളമ്പുരോഗ നിയന്ത്രണ നടപടി**

107 (2645) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എത്ര കന്നുകാലിചന്തകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്നും കുളമ്പുരോഗം പടർന്നു പിടിച്ചതിനെത്തുടർന്ന് ഏതെല്ലാം കാലിചന്തകൾ നിർത്തിവച്ചുവെന്നും വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ജില്ലയിലെ കുളമ്പുരോഗ വ്യാപനം നിയന്ത്രണവിധേയമായിട്ടുണ്ടോ; കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയുടെ പല ഭാഗത്തും അനധികൃത കാലിചന്തകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിയന്ത്രിക്കുന്നതിനായി, നിർത്തിവച്ചിരിക്കുന്ന കാലിചന്തകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലയിൽ മാരാരിത്തോട്ടം, വയ്യാങ്കര, പാരിപ്പിള്ളി എന്നീ മൂന്ന് കന്നുകാലിച്ചന്തകൾ പ്രവർത്തിക്കുന്നു. കുളമ്പുരോഗം പടർന്ന് പിടിച്ചതിനെ തുടർന്ന് മേൽ മൂന്ന് കാലിച്ചന്തകളുടെയും പ്രവർത്തനം നിർത്തിവയ്പ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ജില്ലാ കളക്ടർക്ക് നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കൊല്ലം ജില്ലയിൽ കുളമ്പുരോഗ വ്യാപനം നിയന്ത്രണ വിധേയമായിട്ടുണ്ട്. രോഗവ്യാപനം തടയുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

- അസുഖം വന്ന കാലികളെ ചികിത്സിച്ചു;
- രോഗബാധ റിപ്പോർട്ട് ചെയ്ത പ്രദേശത്തിന് ചുറ്റുമുള്ള പ്രദേശങ്ങളിലെ കന്നുകാലികൾക്ക് കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നടത്തി;
- കന്നുകാലികളുടെ ട്രാൻസ്പോർട്ടേഷൻ നിയന്ത്രിച്ചു;
- രോഗനിയന്ത്രണത്തിനായി 3375 കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നടത്തി;
- ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂർ പരിശോധന ശക്തമാക്കി;

(സി) കൊല്ലം ജില്ലയിൽ അനധികൃത കാലിച്ചന്തകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ കുളമ്പുരോഗം നിയന്ത്രണ വിധേയമായതിനാൽ മേൽ സൂചിപ്പിച്ച മൂന്ന് കാലിച്ചന്തകളും തുറന്ന് പ്രവർത്തിപ്പിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്.

**അങ്കമാലി നിയോജകമണ്ഡലത്തിലെ വളർത്തുമൃഗങ്ങളുടെ നഷ്ടം**

108 (2646) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തിൽ, അങ്കമാലി നിയോജകമണ്ഡലത്തിലെ ആട്, പശു, പോത്ത്, പന്നി തുടങ്ങിയ വളർത്തുമൃഗങ്ങളുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വളർത്തു മൃഗങ്ങൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ പേരും വിലാസവും സഹിതം ലഭ്യമാക്കാമോ;

(സി) ഉപജീവനത്തിനായി വായ്പ എടുത്ത് മൃഗങ്ങളെ വളർത്തിയിരുന്ന കർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കുവാൻ അവരുടെ വായ്പാ കുടിശ്ശിക പൂർണമായും എഴുതിത്തള്ളുന്നതിനും പുതിയ വളർത്തു മൃഗങ്ങളെ വാങ്ങുന്നതിനായി പലിശരഹിത വായ്പ നൽകുന്നതിനും തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉപജീവനത്തിനായി വായ്പയെടുത്ത് മൃഗങ്ങളെ വളർത്തിയിരുന്ന കർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കാൻ അവരുടെ വായ്പാ കുടിശ്ശിക പൂർണ്ണമായും എഴുതിത്തള്ളുന്നതിനും പുതിയ വളർത്തുമൃഗങ്ങളെ വാങ്ങുന്നതിനായി പലിശരഹിത വായ്പ നൽകുന്നതിനും നിലവിൽ തീരുമാനമെടുത്തിട്ടില്ല. എന്നാൽ പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം 17.89 കോടി രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിതമായ 7 ജില്ലകളിൽ 11 ആടുകൾ അടങ്ങുന്ന 1000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 6.6 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകന് ഇതുപ്രകാരം യൂണിറ്റ് ഒന്നിന് 59,400 രൂപ പദ്ധതിയുടെ ധനസഹായമായി ലഭിക്കും. എന്നാൽ നവകേരള സൃഷ്ടി പ്രകാരമുള്ള 77 കോടി രൂപയുടെ പുനരധിവാസ പദ്ധതിയിൽ പശു വളർത്തൽ, കിടാരി പരിപാലനം, കന്നുകുട്ടി പരിപാലനം, പന്നി വളർത്തൽ, കോഴി വളർത്തൽ, താറാവ് വളർത്തൽ എന്നീ പദ്ധതികളും കന്നുകാലി ഫാമുകളുടെ യന്ത്രവൽക്കരണം, തൊഴുത്ത് നിർമ്മാണം എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ചെറ്റച്ചൽ ഡെയറി സയൻസ് കോളേജ്**

109 (T*2647) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതുര ഗ്രാമപഞ്ചായത്തിലെ ചെറ്റച്ചലിൽ ആരംഭിക്കുന്ന സർക്കാർ ഡെയറി സയൻസ് കോളേജിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായി; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ സർക്കാർ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു; തുടർനടപടികൾക്ക് കാലതാമസം ഉണ്ടായതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ എന്തെല്ലാമാണ്; അറിയിക്കാമോ?

ഉത്തരം

(എ) വിതുര, ചെറ്റച്ചൽ എന്നിവിടങ്ങളിൽ സ്ഥലം ലഭിച്ചിട്ടില്ലാത്തതിനാൽ ഇപ്പോൾ കോളേജ് തിരുവനന്തപുരം കൈമനത്തുള്ള ബി.എസ്.എൻ.എൽ. - ആർ.ടി.സി.സി. വാടക കെട്ടിടത്തിൽ താൽക്കാലികമായി പ്രവർത്തിച്ചുവരുന്നു.

(ബി & സി) ചെറ്റച്ചൽ, വിതുര എന്നിവിടങ്ങളിൽ സ്ഥലം ലഭിച്ചിട്ടില്ലാത്തതിനാൽ ക്ഷീര വകുപ്പിന്റെ കീഴിലുള്ള മുട്ടത്തറ സീവേജ് ഫാമിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കോളേജിന്റെ പ്രവർത്തനം അവിടേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പെരിന്തൽമണ്ണയിൽ പ്രളയത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടമായവർ**

110 (2648) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ താറാവ്, കോഴി, കന്നുകാലികൾ തുടങ്ങിയവ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരം കർഷകർക്ക് പുതിയവ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ പ്രളയത്തിൽ മൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിന് ജില്ലാ കളക്ടറിൽ നിന്നും 10,00,000 രൂപയും മൃഗസംരക്ഷണ വകുപ്പിൽ നിന്നും 26,54,300 രൂപയും അനുവദിച്ചിരുന്നു. ആയതുപ്രകാരം മലപ്പുറം ജില്ലാ ഓഫീസർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ എല്ലാ കർഷകർക്കും നിലവിലെ മാനദണ്ഡം അനുസരിച്ച് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഇത്തരം കർഷകർക്കായി പ്രത്യേകം പദ്ധതികൾ നിലവിലില്ല. എന്നാൽ നവകേരള സൃഷ്ടിപ്രകാരമുള്ള 77 കോടി രൂപയുടെ പുനരധിവാസ പദ്ധതിയിൽ പശു വളർത്തൽ, കിടാരി പരിപാലനം, കന്നുകുട്ടി പരിപാലനം, പന്നിവളർത്തൽ, കോഴി വളർത്തൽ, താറാവ് വളർത്തൽ എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

111 (2649) ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. കെ. രാജൻ :

ശ്രീ. വി. ആർ. സുനിൽ കുമാർ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദന മേഖലകളിൽ സ്വയം പര്യാപ്തത നേടുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആട് വളർത്തൽ യൂണിറ്റിന് പ്രത്യേക സഹായം ലഭ്യമാക്കുമോ; പദ്ധതിക്ക് നല്കുന്ന സബ്സിഡി സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ;

(സി) മാംസം ആവശ്യത്തിനായുള്ള പോത്ത്കുട്ടി വളർത്തൽ പദ്ധതിയിൽ നല്കുന്ന സബ്സിഡി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഡി) ആയൂർ തോട്ടത്തറയിലെ നവീന ഹാച്ചറിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ഇ) പശുക്കളുടെ പ്രതിദിന പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(എഫ്) ആധുനിക സൗകര്യങ്ങളുള്ള ഹൈടെക് ഡെയറി ഫാമുകൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ജി) ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമായ കറവക്കാരുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (ARD) പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത എന്ന സർക്കാർ ലക്ഷ്യം മുൻനിർത്തി പുതുതായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണിത്. മൃഗസംരക്ഷണ മേഖലയിലെ കർഷകർ എടുത്തിട്ടുള്ള ലോണുകളുടെ പലിശയിനത്തിൽ സബ്സിഡി, ഇടത്തരം ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, കാള/പോത്തുകുട്ടി വളർത്തൽ പദ്ധതി, മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിന് സഹായം, ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹായം പോലുള്ള വിവിധങ്ങളായ പരിപാടികളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം 6.25 കോടി രൂപ നീക്കിവച്ചിരിക്കുന്നു.

ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി

2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ

3. ക്ഷീര കർഷകർക്കുള്ള ആവശ്യാധിഷ്ഠിത സഹായം

4. ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ

5. ക്ഷീര കർഷക ക്ഷേമനിധിയിലൂടെയുള്ള ധനസഹായങ്ങൾ

കൂടാതെ 2016-17 മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ സമഗ്ര ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി ഒരു ഗ്രാമപഞ്ചായത്തിൽ 50 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ക്ഷീരഗ്രാമം പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ധനസഹായ തുക |
|---|---|---|
| 1 | ഒരു പശു യൂണിറ്റ് | 33,000 |
| 2 | രണ്ട് പശു യൂണിറ്റ് | 66,000 |
| 3 | അഞ്ച് പശു യൂണിറ്റ് | 1,77,000 |
| 4 | പത്ത് പശു യൂണിറ്റ് | 3,66,000 |
| 5 | അഞ്ച് കിടാരി യൂണിറ്റ് | 98,800 |
| 6 | പത്ത് കിടാരി യൂണിറ്റ് | 1,96,400 |
| 7 | കറവ യന്ത്രം | 25,000 |
| 8 | ഗോകുലം ഡെയറി യൂണിറ്റ് | 1,80,000 |
| 9 | ആവശ്യാധിഷ്ഠിത സഹായം | 50,000 |
| 10 | കാലിത്തൊഴുത്ത് | 50,000 |
| 11 | ശാസ്ത്രീയമായി കാലിത്തൊഴുത്ത് | 1,00,000 |

അത്യുല്പാദനശേഷിയും ഉയർന്ന ജനിതക ഗുണവുമുള്ള കറവപ്പശുക്കളെ കർഷകർക്ക് ലഭ്യമാക്കുന്നതിനായി 2018-19 വർഷത്തിൽ 100 കിടാരികൾ അടങ്ങിയ "ഹീഫർ പാർക്ക്" എന്ന പദ്ധതി, തെരഞ്ഞെടുത്ത നാല് ക്ഷീര സംഘങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. ഇതിനായി ഒരു ഹീഫർ പാർക്കിന് 19,37,500 രൂപയാണ് സബ്സിഡിയായി നൽകുന്നത്.

(ബി) ഗോട്ട് സാറ്റലൈറ്റ് പദ്ധതിയിലൂടെ തെരഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) മൃഗസംരക്ഷണ വകുപ്പുവഴി നൽകിവരുന്നു. അഞ്ച് പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന 1200 യൂണിറ്റുകൾ 2018-19-ൽ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒരു യൂണിറ്റിന് 25,000 രൂപയാണ് ധനസഹായം. ആകെ 300 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2018-19-ൽ ആരംഭിച്ച അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. ആകെ 150 യൂണിറ്റിന് 150 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ് സ്റ്റോക്ക് മിഷനുകീഴിൽ 10 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 59,400 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. ആകെ 1000 യൂണിറ്റിന് 594 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

(സി) 2-3 മാസം പ്രായമുള്ള പോത്തുകുട്ടിയെ വാങ്ങുന്നതിന് ഒരു കർഷകന് 10,000 രൂപ വീതം സംസ്ഥാനത്തെ 1250 ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നു.

(ഡി) ആയൂർ ഹാച്ചറി നവീകരണത്തിന് ആർ.കെ.വി.വൈ. 2015-16 പദ്ധതിയിൽ 5.81 കോടി രൂപ അനുവദിക്കുകയുണ്ടായി. 3.7 കോടി രൂപ ലഭിച്ചു. ആയതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തോടടുക്കുന്നു. ഹാച്ചറിയിലേക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റ് സാമഗ്രികളും വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഇ) ചിട്ടയായ ശാസ്ത്രീയ പ്രജനന മാർഗ്ഗങ്ങൾ അവലംബിക്കുക വഴി പശുക്കളുടെ പ്രതിദിന പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പശുക്കളുടെ പ്രതിദിന ഉൽപ്പാദനം 10.25 ലിറ്ററായി ഉയർന്നിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതികൾ വഴി പശുക്കുട്ടികളുടെ ഉൽപ്പാദനശേഷി വികസിപ്പിക്കുവാൻ കഴിയുന്നു. സമയബന്ധിതമായി വിരയിളക്കൽ, ധാതുലവണ മിശ്രിതത്തിന്റെ ഉപയോഗം, തീറ്റപ്പുൽ കൃഷിയുടെ വ്യാപനം എന്നീ നടപടികൾ വഴിയും പശുക്കളുടെ പ്രതിദിന പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

(എഫ്) ഉണ്ട്. കൊല്ലം ജില്ലയിലെ കുര്യോട്ടുമലയിൽ പ്രവർത്തിക്കുന്ന ഹൈടെക് ഡെയറി ഫാം.

(ജി) ക്ഷീര കർഷകർ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നമായ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് മുഖേന കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഒരു ഗുണഭോക്താവിന് 25,000 രൂപ ധനസഹായം നൽകുന്നു. 2018-19-ൽ സംസ്ഥാനത്ത് 184 ഗുണഭോക്താക്കൾക്ക് 46,00,000 രൂപ നൽകിയിട്ടുണ്ട്.

**ക്ഷീര വകുപ്പിന്റെ ഇൻഷ്വറൻസ് പദ്ധതി പ്രീമിയം**

112 (2650) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലിത്തീറ്റയുടെയും വൈക്കോലിന്റെയും പശുക്കളുടെയും അമിതമായ വില വർദ്ധനവുമൂലം പശുപരിപാലനം വളരെയധികം പ്രതിസന്ധി നേരിടുന്ന ഈ കാലഘട്ടത്തിൽ ക്ഷീരവകുപ്പിന്റെ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയിൽ 50% സബ്സിഡി സർക്കാരും 25% മിൽമയും 25% കർഷകരും നൽകുന്ന രീതി പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്കായി 2018-19 വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ആനുപാതിക വിഹിതം ഓരോ കർഷകനും ലഭിക്കുന്നതാണ്. ഓരോ കർഷകനും 600 രൂപ പ്രകാരം പ്രീമിയം തുക മിൽമയിൽ നിന്നും അനുവദിക്കുന്നതാണ്. കൂടാതെ കർഷകർ പാൽ നൽകുന്ന ക്ഷീര സംഘങ്ങളിൽ നിന്നും സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പ്രീമിയം തുക നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ തുകകൾ കഴിച്ചുള്ള പ്രീമിയം തുക മാത്രമേ കർഷകർ അടയ്ക്കേണ്ടതായി വരുന്നുള്ളൂ. ഇതിന് പുറമെ എറണാകുളം മേഖലാ യൂണിയൻ ക്ഷീരവികസന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്ക് കീഴിൽ കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി വിഹിതമായി 18 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയൻ ക്ഷീരകർഷകർക്കും കന്നുകാലികൾക്കും കുറഞ്ഞ നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ അംഗസംഘങ്ങളിലെ ക്ഷീരകർഷകർക്ക് തങ്ങളുടെ ഉരുക്കളെ ഇൻഷ്വർ ചെയ്യാൻ മുടക്കുന്ന പ്രീമിയം തുകയുടെ പകുതി മേഖലാ യൂണിയൻ സബ്സിഡിയായി നൽകുന്നുണ്ട്. ഉരു ഒന്നിന് ഈ തുക പരമാവധി 1500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

**ക്ഷീരമേഖലയിലേക്ക് കൂടുതൽ കർഷകർ**

113 (2651) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപജീവനമാർഗ്ഗം എന്നതിലുപരിയായി വാണിജ്യാടിസ്ഥാനത്തിൽ സംഘടിത രീതിയിൽ ക്ഷീരമേഖലയിലേക്ക് കൂടുതൽ കർഷകരെ കൊണ്ടുവരുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എത്ര തുകയാണ് വകയിരുത്തിയത്; എത്ര തുക ഇതിനകം ചെലവഴിച്ചു എന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതിയിലൂടെ പാലുല്പാദനത്തിൽ കൈവരിച്ച നേട്ടം എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ക്ഷീരമേഖലയിലേക്ക് വാണിജ്യാടിസ്ഥാനത്തിൽ കൂടുതൽ കർഷകരെ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം പത്ത്, ഇരുപത് കറവപ്പശുക്കൾ അടങ്ങിയ യൂണിറ്റിനുള്ള പദ്ധതി പ്രധാനമായും വാണിജ്യാടിസ്ഥാനത്തിൽ ക്ഷീരമേഖലയിലേയ്ക്ക് കർഷകരെ കൊണ്ടുവരുന്നത് ഉദ്ദേശിച്ച് നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം യന്ത്രവൽക്കരണത്തിലൂടെ ഉല്പാദനച്ചെലവ് കുറച്ച് കർഷകർക്ക് കൂടുതൽ മെച്ചപ്പെട്ട ആദായം ഉറപ്പാക്കുന്നതിന് കഴിയുന്നുണ്ട്. പത്ത് പശു യൂണിറ്റിന് 3,66,000 രൂപയും 20 പശു യൂണിറ്റിന് 7 ലക്ഷം രൂപയുമാണ് ധനസഹായമായി നൽകുന്നത്. വാണിജ്യാടിസ്ഥാനത്തിൽ തരിശുഭൂമിയിലും മറ്റും തീറ്റപ്പുൽക്കൃഷി നടത്തി തീറ്റപ്പുല്ലിന്റെ വിപണനം ക്ഷീര സംഘം മുഖേന നടത്തുന്നതിനുള്ള സാഹചര്യമുണ്ടാക്കിയതിനാലും കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേന 100 കിടാരികൾ അടങ്ങിയ ഹീഫർ പാർക്ക് സ്ഥാപിക്കുന്നതിന് തുടക്കമിട്ടത് കൂടുതൽ ജനിതക ഗുണവും ഉല്പാദന ക്ഷമതയുമുള്ള കറവപ്പശുക്കളെ കർഷകർക്ക് ലഭ്യമാക്കുന്നതിനും അതുവഴി കൂടുതൽ കർഷകരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനുമാണ്.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ 10 പശു യൂണിറ്റിന് 53 കർഷകർക്ക് ധനസഹായം നൽകുന്നതിന് 193.98 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 20 പശു യൂണിറ്റിന് 3 കർഷകർക്ക് ധനസഹായം നൽകുന്നതിന് 21 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ 67 ഹെക്ടർ സ്ഥലത്ത് തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന് 62.315 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി പൂർത്തിയാക്കിവരുന്നു. കൂടാതെ ഒരു ഹീഫർ പാർക്കിന് 19,37,500 രൂപയാണ് സബ്സിഡിയായി നൽകുന്നത്.

(സി) ക്ഷീരവികസന വകുപ്പ് നടത്തിയ പദ്ധതികളുടെ ഫലമായി 2016-17 വർഷം ക്ഷീരസംഘങ്ങൾ വഴിയുള്ള പാലുല്പാദനം പ്രതിദിനം 16.27 ലക്ഷം ലിറ്ററായിരുന്നത് 2018-2019 വർഷത്തിൽ പ്രതിദിനം 18.42 ലക്ഷം ലിറ്ററായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സംഭരണത്തിൽ ഏകദേശം 13% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ പ്രവർത്തനംകൂടി കണക്കിലെടുത്താണ് പ്രമുഖ മാധ്യമസ്ഥാപനമായ ഇന്ത്യാ ടുഡേ രാജ്യത്തെ മികച്ച ക്ഷീരോല്പാദക സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തതും അവാർഡ് നൽകിയതും. സംസ്ഥാനത്ത് നിലവിൽ ആവശ്യമുള്ള പാലിന്റെ ഏകദേശം 83% ഉല്പാദിപ്പിക്കുന്നുവെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

**വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ട കർഷകർക്ക് ധനസഹായം**

114 (2652) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തെ തുടർന്ന് കന്നുകാലി-ക്ഷീരമേഖലകളിൽ ഉണ്ടായ വലിയതോതിലുള്ള നാശനഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പശു, കിടാരി, ആട്, പോത്ത്, എരുമ, പന്നി, കോഴി, താറാവ് തുടങ്ങിയ ജീവികളുടെ വലിയ അളവിലുണ്ടായ നാശം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പല വിഭാഗം വളർത്തുമൃഗങ്ങളുടെ കൂട്ടായ നാശം സംഭവിച്ച കർഷകർക്ക് 90000 രൂപ പരമാവധി ധനസഹായം എന്നതിന് പകരമായി നഷ്ടത്തിന്റെ തോതനുസരിച്ച് ഓരോ വിഭാഗത്തിനും പ്രത്യേകം നഷ്ടം കണക്കാക്കി ധനസഹായം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രളയബാധിതമായ 7 ജില്ലകളിൽ 11 ആടുകൾ അടങ്ങുന്ന 1000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 6.6 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. കർഷകന് ഇതുപ്രകാരം യൂണിറ്റൊന്നിന് 59,400 രൂപ പദ്ധതിയുടെ ധനസഹായമായി ലഭിക്കും. നവകേരള സൃഷ്ടിപ്രകാരം 77 കോടി രൂപയുടെ പുനരധിവാസ പദ്ധതിയിൽ പശു വളർത്തൽ, കിടാരി പരിപാലനം, കന്നുകുട്ടി പരിപാലനം, പന്നിവളർത്തൽ, കോഴി വളർത്തൽ, താറാവ് വളർത്തൽ എന്നീ പദ്ധതികളും കന്നുകാലി ഫാമുകളുടെ യന്ത്രവൽക്കരണം തൊഴുത്ത് നിർമ്മാണം എന്നിവയും ഉൾപ്പെടുന്നു.

(സി) തൽക്കാലം പരിഗണനയിലില്ല.

**ക്ഷീര ഉല്പാദനം**

115 (2653) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുണ്ടായ പ്രളയംമൂലം ക്ഷീരോൽപ്പാദനത്തിൽ കുറവുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറവ് നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് പ്രളയംമൂലം ക്ഷീരോല്പാദനത്തിൽ കുറവുണ്ടായിട്ടുണ്ട്. ക്ഷീര സംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 2-5 ലക്ഷം ലിറ്ററിന്റെ കുറവുണ്ടായിരുന്നു. പാലുല്പാദനത്തിൽ ഉണ്ടായ കുറവ് ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് അടിയന്തര സഹായമായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയ സമയത്ത് കാലികൾക്ക് നൽകുന്നതിനായി 28887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണ വകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ, മേഖലാ യൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ 104.64 ലക്ഷം രൂപയുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ദേശീയ ക്ഷീരവികസന ബോർഡിൽ നിന്നും 494 മെ.ടൺ കാലിത്തീറ്റയും 160 മെ.ടൺ സൈലേജും 21 മെ.ടൺ ഉണക്കപ്പുല്ലും ആന്ധ്രാപ്രദേശ് മൃഗസംരക്ഷണ വകുപ്പിൽ നിന്നും 20 ടൺ കാലിത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതമായി 22 കോടി രൂപ വിനിയോഗിച്ച് ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക (ലക്ഷം) |
|---|---|---|---|---|
| 1 | ഗോദാനം (2 പശു യൂണിറ്റ്) | 33000 | 1200 | 396 |
| 2 | 2 പശു യൂണിറ്റ് | 66000 | 900 | 594 |
| 3 | അവശ്യാധിഷ്ഠിത സഹായം | 50000 | 1500 | 750 |
| 4 | കാലിത്തൊഴുത്ത് | 50000 | 630 | 315 |
| 5 | യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയ കാലിത്തൊഴുത്ത് | 100000 | 100 | 30 |

കൂടാതെ വയനാട്, ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ Donate a cow എന്ന പദ്ധതി പ്രകാരം ഇതിനോടകം ആലപ്പുഴ ജില്ലയിൽ 96 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 64 കറവപ്പശുക്കളെയും 200 കിടാരികളെയും പാലക്കാട് ജില്ലയിൽ 8 കിടാരികളെയും എറണാകുളം ജില്ലയിൽ 6 കറവപ്പശുക്കളെയും പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങൾ നേരിട്ട് പ്രളയ ദുരിതത്തിൽ ബുദ്ധിമുട്ടനുഭവിച്ച ക്ഷീര കർഷകർക്ക് കാലിത്തീറ്റ, വയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ നൽകുകയും നാശനഷ്ടം സംഭവിച്ച കാലിത്തൊഴുത്ത് പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള സഹായവും നൽകിയിട്ടുണ്ട്.

**ക്ഷീരഗ്രാമം പദ്ധതി**

116 (2654) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ആരംഭിച്ച ക്ഷീരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ക്ഷീരഗ്രാമം പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18 ഗ്രാമപഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. പട്ടിക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | നിയോജകമണ്ഡലം | പദ്ധതി നടപ്പാക്കിയ സാമ്പത്തിക വർഷം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ഏരൂർ | പുനലൂർ | 2016-17 |
| 2 | ഉദയനാപുരം | വൈക്കം | 2016-17 |
| 3 | വെള്ളാങ്കല്ലൂർ | കൊടുങ്ങല്ലൂർ | 2016-17 |
| 4 | ചിറയിൻകീഴ് | ചിറയിൻകീഴ് | 2017-18 |
| 5 | ഇടമുളയ്ക്കൽ | പുനലൂർ | 2017-18 |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | മണ്ണഞ്ചേരി | ആലപ്പുഴ | 2017-18 |
| 7 | ചാഴൂർ | നാട്ടിക | 2017-18 |
| 8 | പറളി | കോങ്ങോട് | 2017-18 |
| 9 | വെമ്പായം | നെടുമങ്ങാട് | 2018-19 |
| 10 | മേലില | പത്തനാപുരം | 2018-19 |
| 11 | തൊടിയൂർ | കരുനാഗപ്പള്ളി | 2018-19 |
| 12 | വയലാർ | ചേർത്തല | 2018-19 |
| 13 | കോലഴി | വടക്കാഞ്ചേരി | 2018-19 |
| 14 | കണ്ണമംഗലം | വേങ്ങര | 2018-19 |
| 15 | വട്ടംകുളം | തവനൂർ | 2018-19 |
| 16 | ചെറുവണ്ണൂർ | പേരാമ്പ്ര | 2018-19 |
| 17 | തില്ലങ്കേരി | മട്ടന്നൂർ | 2018-19 |
| 18 | പനത്തടി | കാഞ്ഞങ്ങാട് | 2018-19 |

ഈ പദ്ധതി പ്രകാരം 2018-19 വർഷം മുതൽ ഒരു ഗ്രാമ പഞ്ചായത്തിൽ 50 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി തുക |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ഒരു പശു യൂണിറ്റ് | 40 | 33,000 |
| 2 | രണ്ട് പശു യൂണിറ്റ് | 35 | 66,000 |
| 3 | അഞ്ച് പശു യൂണിറ്റ് | 7 | 1,77,000 |
| 4 | പത്ത് പശു യൂണിറ്റ് | 6 | 3,66,000 |
| 5 | അഞ്ച് കിടാരി യൂണിറ്റ് | 3 | 98,800 |
| 6 | പത്ത് കിടാരി യൂണിറ്റ് | 3 | 1,96,400 |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | കറവയന്ത്രം | | 25,000 |
| 8 | ഗോകുലം ഡെയറി യൂണിറ്റ് | 1 | 1,80,000 |
| 9 | അവശ്യാധിഷ്ഠിത സഹായം | 25 | 50,000 |
| 10 | കാലിത്തൊഴുത്ത് | 8 | 50,000 |
| 11 | ശാസ്ത്രീയ കാലിത്തൊഴുത്ത് | 8 | 1,00,000 |

(ബി) 2018-19 വർഷത്തിൽ പാലക്കാട് ജില്ലയിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നില്ല.

## പാലിന്റെ ഗുണമേന്മ പരിശോധന

117 (2655) ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പാൽ പരിശോധനയ്ക്ക് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടും അന്യസംസ്ഥാനങ്ങളിൽ നിന്നും മായം കലർന്ന പാൽ കൊണ്ടുവന്ന് വിതരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) പരിശോധനകൾ കൂടുതൽ കർശനമാക്കി മായം കലരാത്ത പാൽ വിതരണം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി പ്രദേശങ്ങളിൽ പാൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ പാൽ പരിശോധനാ ചെക്ക്പോസ്റ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഈ ചെക്ക്പോസ്റ്റുകളിൽ പാലിന്റെ ഗുണനിലവാരം, അല്ലത, മായം എന്ന ഗണത്തിൽപ്പെടുന്ന പദാർത്ഥങ്ങൾ എന്നിവ കലർത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും പരിശോധനയിൽ മായം കലർത്തിയതായി കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട രണ്ട് അതിർത്തി ചെക്ക്പോസ്റ്റുകളായ മീനാക്ഷിപുരം, ആര്യങ്കാവ് എന്നിവിടങ്ങൾ വഴി കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് മാത്രമേ നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളൂ. പാറശ്ശാല ചെക്ക്പോസ്റ്റിൽ പാൽ പരിശോധനാ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനത്തും പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഗുണനിലവാരം കുറവായതും മായം കലർത്തിയതുമായ പാൽ സാമ്പിളുകൾ കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) മായം കലരാത്ത പാൽ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ക്ഷീരവികസന വകുപ്പിന്റെ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ആഫീസ് മുഖേനയും ബ്ലോക്ക് തലത്തിലുള്ള ക്ഷീര വികസന ആഫീസ് മുഖേനയും പ്രധാനമായും ക്ഷീരസഹകരണ സംഘങ്ങളിലെ പാലിന്റെ ഗുണനിലവാര പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കിവരുന്നു. മായം കലർന്ന പാൽ കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം നിയമപരമായ നടപടി ഭക്ഷ്യസുരക്ഷാ വകുപ്പാണ് സ്വീകരിച്ചുവരുന്നത്.

**അന്യസംസ്ഥാന പാലിന്റെ ഗുണനിലവാരം**

118 (2656) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഗുണനിലവാരം കുറഞ്ഞ പാൽ വിപണനം ചെയ്യുന്നത് തടയുന്നതിന് എന്തൊക്കെ ആധുനിക സംവിധാനമാണ് നിലവിലുള്ളതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി പ്രദേശങ്ങളിൽ പാൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ പാൽ പരിശോധനാ ചെക്ക്പോസ്റ്റ് സംവിധാനം

ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഈ ചെക്ക്പോസ്റ്റുകളിൽ പാലിന്റെ ഗുണനിലവാരം, അല്ലത, മായം എന്ന നിലയിലുള്ള പദാർത്ഥങ്ങൾ എന്നിവ കലർത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും പരിശോധനയിൽ മായം കലർത്തിയതായി കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

തമിഴ്നാട്, കർണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളിൽ നിന്നും മിൽമ പാൽ സ്വീകരിക്കുന്നുണ്ട്. ഇങ്ങനെ സ്വീകരിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷം മാത്രമാണ് സ്വീകരിക്കുന്നത്.

മിൽമ ഡെയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾകൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമേയുള്ള എൻ.എ.ബി.എൽ. അക്രെഡിറ്റഡ് ലാബുകൾ വഴി മിൽമയുടെ ഡെയറികൾ ഹെവിമെറ്റൽസ്, ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ് / ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഗുണനിയന്ത്രണ ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ആഫീസ് മുഖാന്തരം വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞതോ മായം കലർന്നതോ ആയ പാൽ വിപണിയിൽ കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

തിരുവനന്തപുരത്ത് എൻ.എ.ബി.എൽ. അക്രെഡിറ്റേഷനോടുകൂടി സ്റ്റേറ്റ് ഡെയറി ലാബ് പ്രവർത്തിക്കുന്നുണ്ട്. ഈ ലാബിൽ പാലിലെ രാസ, അണുനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

**ക്ഷീരമേഖലയുടെ പുനരുദ്ധാരണം**

119 (2657) <u>ശ്രീ. ജെയിംസ് മാത്യു :</u>
<u>ശ്രീ. എം. രാജഗോപാലൻ</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ :</u>
<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരമേഖലയുടെ പുനരുദ്ധാരണത്തിനായി ക്ഷീര നവോത്ഥാനം എന്ന പ്രളയ പുനരധിവാസപദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ;

(ബി) ക്ഷീരകർഷകർക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തെരഞ്ഞെടുക്കപ്പെട്ട ക്ഷീരോല്പാദന സഹകരണ സംഘങ്ങളെ ക്ഷീര വിജ്ഞാ\ന കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) തെരഞ്ഞെടുക്കപ്പെടുന്ന ക്ഷീരസഹകരണ സംഘങ്ങളിൽ നൂറ് കിടാരികൾ ഉൾപ്പെടുന്ന കിടാരി പാർക്കുകൾ സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ക്ഷീരവികസന വകുപ്പ് ക്ഷീര മേഖലയുടെ പുനരുദ്ധാരണത്തിനായി 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

(ബി) ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക (ലക്ഷം) |
|---|---|---|---|---|
| 1 | ഗോദാനം (ഒരു പശു യൂണിറ്റ്) | 33000 | 1200 | 396 |
| 2 | രണ്ട് പശു യൂണിറ്റ് | 66000 | 900 | 594 |
| 3 | അവശ്യാധിഷ്ഠിത ധനസഹായം | 50000 | 1500 | 750 |
| 4 | കാലിത്തൊഴുത്ത് | 50000 | 630 | 315 |
| 5 | ശാസ്ത്രീയ കാലിത്തൊഴുത്ത് | 100000 | 100 | 30 |

(സി) ക്ഷീരോല്പാദക സഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും ക്ഷീര വിജ്ഞാന വ്യാപന കേന്ദ്രങ്ങളുമാക്കി മാറ്റുന്നതിന് 2018-19 വർഷത്തിൽ 284 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി പൂർത്തിയാക്കിവരുന്നു. വിജ്ഞാന വ്യാപന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് വേണ്ടിയുള്ള പ്രധാന പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ധനസഹായ തുക |
|---|---|---|
| 1 | 2 | 3 |
| 1 | ഫാർമർ ഫെസിലിറ്റേഷൻ സെന്റർ | 5.25 ലക്ഷം |
| 2 | ഇൻഫർമേഷൻ കിയോസ്ക് | 1.10 ലക്ഷം |
| 3 | എ.എം.സി. യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം | 1.10 ലക്ഷം |

| 1 | 2 | 3 |
|---|---|---|
| 4 | ക്ഷീര സംഘങ്ങൾക്കുള്ള വർഗ്ഗീസ് കുര്യൻ അവാർഡ് | 1 ലക്ഷം |
| 5 | ക്ഷീര സംഘങ്ങൾക്ക് പ്രോസസിംഗ് പ്ലാന്റും മറ്റും സ്ഥാപിക്കുന്നതിനുള്ള സഹായം | 50 ലക്ഷം |
| 6 | ക്ഷീര സംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം | 1 ലക്ഷം |
| 7 | ക്ഷീര സംഘങ്ങൾക്ക് പാൽ സംഭരണമുറി, സ്റ്റോറേജ് റൂം എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം | 3.75 ലക്ഷം |

(ഡി) സംസ്ഥാനത്ത് അത്യുല്പാദന ശേഷിയുള്ള കറവപ്പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ക്ഷീര സംഘങ്ങളിൽ നൂറ് കിടാരികൾ അടങ്ങിയ 4 ഹീഫർ പാർക്ക് സ്ഥാപിക്കുന്നതിനായി 2018-19 വർഷം 77.5 ലക്ഷം രൂപ വകയിരുത്തി പദ്ധതി പൂർത്തീകരിച്ചുവരുന്നു. ഒരു ഹീഫർ പാർക്കിന് ആകെ 58,71,211 രൂപ ചെലവഴിക്കുമ്പോൾ 19,37,500 രൂപ സബ്സിഡിയായി നൽകുന്നു.

**ക്ഷീരമേഖലയുടെ പുനരുദ്ധാരണം**

120 (2658) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിൽ ക്ഷീരവികസന വകുപ്പിനും ക്ഷീര മേഖലക്കും ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നാശം സംഭവിച്ച കാലിത്തൊഴുത്ത് പുനർ നിർമ്മിക്കുന്നതിനും കാലിത്തൊഴുത്ത് പുതുതായി നിർമ്മിക്കുന്നതിനും നൽകുന്ന സഹായങ്ങൾ അറിയിക്കുമോ;

(സി) കറവപ്പശുക്കളെ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ക്ഷീരകർഷകരുടെ ആവശ്യത്തിനനുസരിച്ച് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പ്രളയശേഷം ക്ഷീരമേഖലയുടെ പുനരുദ്ധാരണത്തിനും ക്ഷീരകർഷകരെ പുനരധിവസിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷീരമേഖലയ്ക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ ക്ഷീര മേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. പ്രളയത്തിൽ 5163 കറവപ്പശുക്കൾ, 1089 കിടാരികൾ, 5166 കന്നുകുട്ടികൾ, 527 എരുമകൾ എന്നിവ നഷ്ടപ്പെട്ട് പോയതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ 10612 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 7730 കാലിത്തൊഴുത്ത് ഭാഗികമായും നശിച്ചുപോയിട്ടുണ്ട്.

പ്രളയത്തിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ ഏകദേശം 2.5 ലക്ഷം ലിറ്റർ കുറവുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) പ്രളയത്തിന്റെ ഭാഗമായി നാശം സംഭവിച്ച കാലിത്തൊഴുത്ത് പുനർ നിർമ്മിക്കുന്നതിനും പുതുതായി നിർമ്മിക്കുന്നതിനും ക്ഷീരകർഷകർക്ക് അവശ്യാധിഷ്ഠിത സഹായത്തിൽ ഉൾപ്പെടുത്തി ചെലവഴിച്ച തുകയുടെ 50 ശതമാനം പരമാവധി 50,000 രൂപ വരെ ധനസഹായം നൽകുന്നുണ്ട്. കൂടാതെ പ്രളയ ദുരിതത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച കർഷകരെ സഹായിക്കുന്നതിനായി നടപ്പിലാക്കിവരുന്ന ഫ്ലഡ് റിലീസ് റീഹാബിലിറ്റേഷൻ പദ്ധതി പ്രകാരം കാലിത്തൊഴുത്ത് നിർമ്മാണത്തിനും നവീകരണത്തിനുമായി 630 കർഷകർക്ക് 50,000 രൂപ വീതവും ശാസ്ത്രീയമായ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് 100 പേർക്ക് ഒരു ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നുണ്ട്.

(സി) പദ്ധതിയുണ്ട്. ക്ഷീരവികസന വകുപ്പ് പ്രളയ ദുരിതത്തിൽ ബുദ്ധിമുട്ടുന്ന കർഷകരെ സഹായിക്കുന്നതിനായി 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് പ്രോഗ്രാമാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയിൽ 1200 ഒരു പശു യൂണിറ്റും 900 രണ്ട് പശു യൂണിറ്റുമാണ് നടപ്പിലാക്കുന്നത്. ഒരു പശു യൂണിറ്റിന് 33000 രൂപയും രണ്ട് പശു യൂണിറ്റിന് 66000 രൂപയുമാണ് ധനസഹായമായി നൽകുന്നത്.

(ഡി) ആവശ്യത്തിന്റെ സാധ്യത പരിശോധിച്ചും അതത് സമയത്തെ മാനദണ്ഡങ്ങ ൾക്ക് വിധേയമായും സാമ്പത്തിക സ്ഥിതിക്കനുസരിച്ചും നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പ്രളയത്തിൽ ക്ഷീരമേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് അടിയന്തര സഹായമായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള ധസഹായമായി 181 ലക്ഷം രൂപയും വയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്. പ്രളയ

ദുരിതാശ്വാസത്തിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പിന്റെ നിർദ്ദേശം പ്രകാരം ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണ വകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ, മേഖലാ യൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ 104.64 ലക്ഷം രൂപയുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ദേശീയ ക്ഷീരവികസന ബോർഡിൽ നിന്നും 494 മെ.ടൺ കാലിത്തീറ്റയും 160 മെ.ടൺ സൈലേജും 21 മെ.ടൺ ഉണക്കപ്പുല്ലും ആന്ധ്രാപ്രദേശ് മൃഗസംരക്ഷണ വകുപ്പിൽ നിന്നും 20 ടൺ കാലിത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതമായി 22 കോടി രൂപ വിനിയോഗിച്ച് ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം പ്രധാനമായും താഴെപ്പറയുന്ന പ്രകാരമാണ് നടപ്പിലാക്കുന്നത്:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക (ലക്ഷം) |
|---|---|---|---|---|
| 1 | ഗോദാനം | 33000 | 1200 | 396 |
| 2 | രണ്ട് പശു യൂണിറ്റ് | 66000 | 900 | 594 |
| 3 | അവശ്യാധിഷ്ഠിത ധനസഹായം | 50000 | 1500 | 750 |
| 4 | കാലിത്തൊഴുത്ത് | 50000 | 630 | 315 |
| 5 | യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയ കാലിത്തൊഴുത്ത് | 100000 | 100 | 30 |

കൂടാതെ വയനാട്, ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ 'Donate a cow' എന്ന പദ്ധതി പ്രകാരം ഇതിനോടകം ആലപ്പുഴ ജില്ലയിൽ 96 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 64 കറവപ്പശുക്കളെയും 200 കിടാരികളെയും പാലക്കാട് ജില്ലയിൽ 8 കിടാരികളെയും എറണാകുളം ജില്ലയിൽ 6 കറവപ്പശുക്കളെയും പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ

നിർദ്ദേശ പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ നേരിട്ട് പ്രളയ ദുരിതത്തിൽ ബുദ്ധിമുട്ടനുഭവിച്ച ക്ഷീരകർഷകർക്ക് കാലിത്തീറ്റ, വയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ നൽകുകയും നാശനഷ്ടം സംഭവിച്ച കാലിത്തൊഴുത്ത് പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള സഹായവും നൽകിയിട്ടുണ്ട്.

**ഉപയോഗ ശൂന്യമായ അരിയും നെല്ലും ഉപയോഗിച്ചുള്ള കാലിത്തീറ്റ**

121 (2659) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ ഉപയോഗശൂന്യമായ അരിയും നെല്ലും കാലിത്തീറ്റയായി രൂപാന്തരപ്പെടുത്തി സംസ്ഥാനത്ത് വിതരണം ചെയ്യുവാനുള്ള സാധ്യത ഇല്ലാതാക്കുവാൻ മൃഗസംരക്ഷണ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഉപയോഗ ശൂന്യമായ അരിയും നെല്ലും കാലിത്തീറ്റയായി പോലും ഉപയോഗിക്കരുതെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കർശനമായ നിരീക്ഷണം നടത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) നിലവിൽ മൃഗസംരക്ഷണ വകുപ്പിന് കാലിത്തീറ്റ നിർമ്മാണത്തിനും വിതരണം നടത്തുന്നവർക്കും മേൽ നിയന്ത്രണ അധികാരമില്ല. സംസ്ഥാനത്ത് തീറ്റ നിർമ്മാണം നടത്തുന്ന സ്ഥാപനങ്ങൾ ഇത്തരത്തിൽ കേടായ അരിയും നെല്ലും കാലിത്തീറ്റയായി ഉപയോഗിക്കുവാൻ പാടില്ലാത്തതാകുന്നു. സർക്കാർ പരിശോധിച്ചുവരുന്ന കേരള ലൈവ് സ്റ്റോക്ക് ഫീഡ് ആന്റ് മിനറൽ മിക്ച്ചർ ആക്ട് നിലവിൽ വന്നാൽ മാത്രമേ നിയമപരമായി ഇത്തരം കാര്യങ്ങളിൽ വകുപ്പിന് നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**മൃഗശാലകളുടെ നവീകരണം**

122 (2660) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗശാലകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ:

ഉത്തരം

തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗശാലകളുടെ നവീകരണത്തിനായി ജലപക്ഷികൾക്ക് വേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, സ്ത്രീ സൗഹാർദ്ദപരമായി, വിശ്രമ മുറിയോട് ചേർന്ന് ടോയ്‌ലെറ്റ് ആന്റ് മദേഴ്സ് ഫീഡിംഗ് സെന്റർ, അക്വേറിയത്തിന്റെ

നവീകരണം, ഇന്ത്യൻ കാട്ടുപോത്തുകൾക്ക് വേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, നീർനായയെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വംശനാശ ഭീഷണി നേരിടുന്ന വന്യമൃഗങ്ങളെ സന്ദർശകർക്ക് പരിചയപ്പെടുത്തുന്നതിനുവേണ്ടി ഇന്റർപ്രട്ടേഷൻ സെന്ററിന്റെ നിർമ്മാണം, ചിത്രശലഭങ്ങൾക്ക് വേണ്ടിയുള്ള പാർക്കിന്റെ നിർമ്മാണം, മൃഗശാലാ സ്റ്റോറിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നിവ ആരംഭിച്ചിട്ടുണ്ട്. കാണ്ടാമൃഗ കൂടിന്റെ പരിബന്ധനത്തിലെ ഓടയുടെ നിർമ്മാണം, മ്ലാവിന്റെ കൂടിന്റെ അറ്റകുറ്റപ്പണികൾ, കടുവ കൂടുകളുടെ അറ്റകുറ്റപ്പണികൾ, കറുത്ത അരയന്നങ്ങൾക്ക് വേണ്ടിയുള്ള പരിബന്ധനം, ജിറാഫ്, സീബ്ര എന്നീ മൃഗങ്ങളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനത്തിന്റെ റെക്ടിഫിക്കേഷൻ ജോലികൾ, മൃഗശാലയുടെ മതിലിന്റെ അറ്റകുറ്റപ്പണികൾ, കുരങ്ങൻ കൂടുകളുടെ നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് അനുമതി നൽകുകയും പന്നിമാൻകൂട്, കൃഷ്ണമൃഗത്തിന്റെ കൂട്, സിംഹത്തിന്റെ പരിബന്ധനത്തിലെ നൈറ്റ് ഷെൽട്ടറുകൾ, ഫീഡിംഗ് ക്യൂബിക്കിൾ, ക്രാൾ, ഗെയ്റ്റിനോട് ചേർന്ന മതിൽ, ഒട്ടകപ്പക്ഷി കൂടിന്റെ അറ്റകുറ്റപ്പണികൾ എന്നിവ 2019-20 സാമ്പത്തിക വർഷത്തെ ഗ്രീൻബുക്ക് പദ്ധതിയിൽ അനുമതി ലഭ്യമായിട്ടുണ്ട്.

തൃശ്ശൂർ മൃഗശാലയിൽ അനാക്കോണ്ട പാമ്പുകൾക്ക് വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം, ഉരഗങ്ങളുടെ പരിബന്ധനത്തിന്റെ അറ്റകുറ്റപ്പണി, സിംഹം, കടുവ, പുള്ളിപ്പുലി എന്നിവയുടെ കൂടുകളുടെയും മാൻ, ഒട്ടകപ്പക്ഷി, എമു, മയിൽ എന്നിവയുടെ കൂടുകളുടെയും അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മൃഗശാലയെ വലിയ മൃഗശാലകളുടെ പട്ടികയിലേയ്ക്ക് ഉയർത്തി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം മൃഗശാലയിലേക്ക് നാഗാലാന്റ് മൃഗശാലയിൽ നിന്നും ഒരു ജോഡി ഹിമാലയൻ ബ്ലാക്ക് കരടികളെയും കാൺപൂർ മൃഗശാലയിൽ നിന്നും ഒരു ജോഡി കഴുതപ്പുലികളെയും ലഭ്യമാക്കിയിട്ടുണ്ട്. വിദേശത്ത് നിന്നും ജിറാഫ്, സീബ്ര, വെള്ളസിംഹം, ബ്ലാക്ക് ജാഗ്വാർ എന്നീ മൃഗങ്ങളെ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള വാട്ടർ അതോറിറ്റി പദ്ധതികൾ**

123 (2661) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോക ബാങ്ക്, എ.ഡി.ബി. ലോണുകൾ ഉപയോഗിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാണ് കേരള വാട്ടർ അതോറിറ്റി നടപ്പാക്കി വരുന്നത്; വിശദമാക്കാമോ?

ഉത്തരം

ലോക ബാങ്കിന്റെ ലോൺ ഉപയോഗിച്ച് ജല അതോറിറ്റിയിൽ നിലവിൽ പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ എ.ഡി.ബി.-യുടെ ലോൺ ഉപയോഗിച്ച് തിരുവനന്തപുരം കോർപ്പറേഷനിൽ ഭാഗികമായും കൊച്ചി കോർപ്പറേഷനിലും സമീപ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. കൂടാതെ വിതരണ ശൃംഖല ഒഴികെ മറ്റെല്ലാ ഘടകങ്ങളും പൂർത്തിയായിവരുന്ന ഏതാനും ചില മുനിസിപ്പാലിറ്റികളിലും സമീപ പഞ്ചായത്തുകളിലും പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള ഘടകങ്ങൾ എ.ഡി.ബി. ലോൺ ഉപയോഗിച്ച് ചെയ്യുവാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

**പണിപൂർത്തിയാകാത്ത ജലസേചന പദ്ധതികൾ**

124 (2662) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ .എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർത്തീകരിക്കേണ്ട സമയപരിധിയും ചെലവഴിക്കേണ്ട തുകയും അതിക്രമിച്ചിട്ടും പണി പൂർത്തിയാകാതെ കിടക്കുന്ന വൻകിട ജലസേചന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും സമയപരിധി നിശ്ചയിക്കുന്നതിനും ഏതെങ്കിലും സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ നിഗമനങ്ങൾ എന്തെല്ലാമാണ്;

(ഡി) സമയബന്ധിതമായി ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) പണി പൂർത്തിയാകാതെ കിടക്കുന്ന വൻകിട ജലസേചന പദ്ധതികൾ ഇല്ല. എന്നാൽ ഇടത്തരം ജലസേചന പദ്ധതികളായ മൂവാറ്റുപുഴവാലി, ഇടമലയാർ, ബാണാസുരസാഗർ, കാരാപ്പുഴ ഇവ ഇനിയും പൂർത്തീകരിക്കുവാനുള്ളവയാണ്.

(ബി & സി) ഉണ്ട്. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അംഗങ്ങളുള്ള ഒരു സാങ്കേതിക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഡി) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രൂപവൽക്കരിച്ച സാങ്കേതിക കമ്മിറ്റിയുടെ വിലയിരുത്തൽ പ്രകാരം മൂവാറ്റുപുഴവാലി, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ എന്നീ ജലസേചന പദ്ധതികൾ സത്വരമായി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു.

## ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പുതിയ പദ്ധതികൾ

125 (2663) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഇപ്പോൾ എത്ര വാട്ടർ ട്രീറ്റ്മെൻറ് പ്ലാന്റുകൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) നിലവിൽ എത്ര സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാന്റുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസേചന വകുപ്പ് പുതിയതായി നടപ്പിലാക്കിവരുന്ന ഹരിതകേരളം പദ്ധതിയുടെ കീഴിൽ 2017-18, 2018-19 വർഷങ്ങളിലായി അംഗീകാരം നൽകി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ശീർഷകങ്ങളായി 6625.65 കോടി രൂപയുടെ പ്രധാന പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകുകയുണ്ടായി. നബാർഡ്, സ്റ്റേറ്റ് പ്ലാൻ, എം.എൽ.എ. എ.ഡി.എസ്., കിഫ്ബി, അമൃത് എന്നീ ശീർഷകങ്ങളിൽ ലഭിച്ച പദ്ധതികളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു:

| നമ്പർ | ശീർഷകം | എണ്ണം | തുക (കോടിയിൽ) |
|---|---|---|---|
| 1 | നബാർഡ് | 12 | 188.26 |
| 2 | സ്റ്റേറ്റ് പ്ലാൻ | 1282 | 930.94 |
| 3 | എം.എൽ.എ. എ.ഡി.എസ്. | 70 | 49.34 |
| 4 | കിഫ്ബി | 71 | 4222.76 |
| 5 | അമൃത് - വാട്ടർ സപ്ലൈ | 156 | 1036.91 |
| | അമൃത് - സ്വീവറേജ് | 113 | 197.44 |
| | ആകെ | 1704 | 6625.65 |

ഈ പദ്ധതികളുടെ വിശദ വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഐ.ഡി.ആർ.ബി. മുഖേന ലോകബാങ്ക് ധനസഹായത്തോടുകൂടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ 42 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി നടപ്പിലാക്കി വരുന്നു.

ജലനിധി ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ ഭാഗികമായോ പൂർണ്ണമായോ നിലച്ച പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാരിന്റെ കാലത്ത് 2018-19 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2012-19 കാലയളവിൽ നടപ്പിലാക്കുന്ന ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് 905 കുടിവെള്ള പദ്ധതികൾ പണി പൂർത്തീകരിച്ച് തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടുണ്ട്. അതുവഴി 147286 കുടുംബങ്ങളിലെ 5.72 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിച്ചുവരുന്നു. കൂടാതെ 40092 ശുചിത്വ യൂണിറ്റുകളും 507 ഭൂജല സംവർദ്ധന യൂണിറ്റുകളും ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്.

കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള "മഴവെള്ള സംഭരണം - ഭൂജല പരിപോഷണം" പരിപാടിയുടെ ഭാഗമായി 19 ഗ്രാമപഞ്ചായത്തുകളിലെ 3101 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ചുനൽകി. കൂടാതെ സംസ്ഥാനത്തെ 840 സർക്കാർ സ്കൂളുകളിലും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. ഈ കാലയളവിൽ 18.27 കോടി രൂപ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. കിണർ റീ-ചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നെയ്യാർ ഡാമിലെ ജലം കരമനയാറ്റിലേക്ക് എത്തിക്കുന്നതിന് കാപ്പുകാട്ട് നിന്നും കമ്പിൾമൂട് തോട് തുടക്ക ഭാഗത്തേക്കുള്ള 2 കി.മീ. ഭാഗം തടസ്സം മാറ്റി വൃത്തിയാക്കുന്നതിനും ശേഷിക്കുന്ന 7 കി.മീ. ദൂരം തോട് വൃത്തിയാക്കി ജലം കരമനയാറ്റിലേക്ക് ഒഴുക്കുന്നതിനും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ സാധിച്ചു.

ടൂറിസം ഡിപ്പാർട്ട്മെന്റ് ഫണ്ടും എം.എൽ.എ. വികസന ഫണ്ടും വിനിയോഗിച്ചുകൊണ്ട് നെയ്യാർഡാമിനെ ഒരു ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള 4.65 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു.

കൂടാതെ ഇടമലയാർ ജലസേചന പദ്ധതി, പെരിയാർവാലി ജലസേചന പദ്ധതി, പമ്പാ ജലസേചന പദ്ധതി, കല്ലട ജലസേചന പദ്ധതി എന്നീ പദ്ധതികളുടെ വിവിധ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ സംസ്ഥാനത്ത് നിലവിൽ 218 വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുണ്ട്.

1. തിരുവനന്തപുരം - 27
2. കൊല്ലം - 13
3. പത്തനംതിട്ട - 15
4. കോട്ടയം - 13
5. ആലപ്പുഴ - 12
6. എറണാകുളം - 34
7. ഇടുക്കി - 7
8. തൃശ്ശൂർ - 28
9. മലപ്പുറം - 15
10. പാലക്കാട് - 15
11. കോഴിക്കോട് - 8
12. കണ്ണൂർ - 9
13. വയനാട് - 11
14. കാസർഗോഡ് - 11

ജലനിധി പദ്ധതിയിൽ ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ ഒന്ന് വീതവും തൃശ്ശൂർ ജില്ലയിൽ രണ്ടും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിച്ചിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിൽ രണ്ട് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുണ്ട്. തിരുവനന്തപുരം - 1, എറണാകുളം (കൊച്ചി) - 1.

**ഹരിത കേരള മിഷൻ**

126 (2664) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിത കേരള മിഷന്റെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

2017-18 സാമ്പത്തിക വർഷത്തിൽ ഹരിത കേരള മിഷൻ പദ്ധതിയിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ 7 കുളങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 6 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

## പൂർത്തീകരിച്ച ആറ് കുളങ്ങൾ

1. കുഴൽമന്ദം പഞ്ചായത്തിലെ ഗണപതിക്ഷേത്രക്കുളം - 1.23 ലക്ഷം
2. ആലത്തൂർ പഞ്ചായത്തിലെ അനന്തൻ കുളം - 0.87 ലക്ഷം
3. വണ്ടാഴി പഞ്ചായത്തിലെ പൈതലക്കുളം - 0.725 ലക്ഷം
4. കിഴക്കഞ്ചേരി പഞ്ചായത്തിലെ കരുമനശ്ശേരി ഗ്രാമക്കുളം - 1.33 ലക്ഷം
5. മേലാർകോട് പഞ്ചായത്തിലെ കർക്കടകക്കോട് കുളം - 0.73 ലക്ഷം
6. എരുമയൂർ പഞ്ചായത്തിലെ ചാത്തൻ കുളം - 1.16 ലക്ഷം

2018-19 സാമ്പത്തിക വർഷത്തിൽ എം.ഐ. ക്ലാസ് - 2 ഹരിത കേരളം മിഷന്റെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ വണ്ടാഴി ഗ്രാമപഞ്ചായത്തിൽ പൈതലക്കുളത്തിന്റെ പുനരുദ്ധാരണത്തിന് 30,00,000 രൂപയ്ക്ക് (മുപ്പത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുള്ളതും ടി പ്രവൃത്തിയുടെ ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## കുളിമാട് ശുദ്ധജല വിതരണ പദ്ധതി

127 (2665) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളിമാട് പ്ലാന്റിന്റെ മൊത്തം ശേഷി എത്രയാണ്;

(ബി) 'ജിക്ക' പദ്ധതി വന്നശേഷം എത്ര ശേഷിയാണ് ഉപയോഗപ്പെടുത്തുന്നത്;

(സി) അവശേഷിക്കുന്ന ശേഷി ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(ഡി) ചാത്തമംഗലം പഞ്ചായത്തിലെ കിണർ ചരിഞ്ഞതുമൂലം ഉപയോഗശൂന്യമായ എൻ.സി.പി.സി. കുടിവെള്ള പദ്ധതിക്ക് മോട്ടോർ വച്ച് ടാങ്കിലേക്ക് നേരിട്ട് വെള്ളം ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) പുതുതായി വിഭാവനം ചെയ്യുന്ന പദ്ധതിയിലെ ഒന്നാം ഘട്ടത്തിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) 72 എം.എൽ.ഡി.

(ബി) 54 എം.എൽ.ഡി.

(സി) മുക്കം, കൊടുവള്ളി എന്നീ നഗരസഭകളും സമീപ ഏഴ് പഞ്ചായത്തുകളും ഉൾപ്പെടുത്തിയിട്ടുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 10 എം.എൽ.ഡി. വെള്ളം മുക്കം മുനിസിപ്പാലിറ്റിക്കും കാരശ്ശേരി പഞ്ചായത്തിനുംവേണ്ടി മേൽ പ്ലാന്റിൽ നിന്നും ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കോഴിക്കോട് എൻ.ഐ.റ്റി.-യിലേക്കുള്ള ജലവിതരണ പദ്ധതി, എം.വി.ആർ. ക്യാൻസർ സെന്ററിലേക്കുള്ള ജലവിതരണ പദ്ധതി എന്നീ പ്രവൃത്തികൾക്കായി 2 ½ എം.എൽ.ഡി. വെള്ളം കുളിമാട് പ്ലാന്റിൽ നിന്നും ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ഉണ്ട്. പ്രസ്തുത കുടിവെള്ള പദ്ധതിയിലേക്ക് ബൾക്ക് മീറ്റർ സ്ഥാപിച്ച് കുളിമാട് പ്ലാന്റിൽ നിന്നും ആവശ്യമായ കുടിവെള്ളം ലഭ്യമാക്കാൻ 85 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| പ്രവൃത്തി | തുക (ലക്ഷം) |
|---|---|
| 50000 ലിറ്റർ ശേഷിയുള്ള സമ്പ് നിർമ്മാണം | 10 |
| പമ്പ് ഹൗസ് നിർമ്മാണം | 4 |
| 2400 മീറ്റർ 160 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കൽ | 35 |
| പമ്പ് സെറ്റ് സ്ഥാപിക്കൽ | 16 |
| വൈദ്യുതീകരണ പ്രവൃത്തികൾ | 5 |
| ബൾക്ക് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി | 1 |
| റോഡ് പുനരുദ്ധീകരണം | 14 |
| ആകെ | 85 |

(ഇ) ഉൾപ്പെടുത്തിയിട്ടില്ല. രണ്ടാം ഘട്ടത്തിലാണ് ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തിയത്.

**മലപ്പുറം മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

128 (2666) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ 2018-19, 2019-20 വർഷങ്ങളിൽ ജലസേചന വകുപ്പ് (മേജർ and മൈനർ, കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുടെ കീഴിൽ ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായ വിവിധ പദ്ധതികൾ വിശദീകരിക്കാമോ;

(ബി) ഓരോ പദ്ധതികളുടെയും നിലവിലുള്ള സ്ഥിതിയും പുരോഗതിയും വെളിപ്പെടുത്താമോ;

(സി) നിർമ്മാണ പുരോഗതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ-സി) മലപ്പുറം മണ്ഡലത്തിൽ 2018-19, 2019-20 വർഷങ്ങളിൽ ജലസേചന വകുപ്പിന്റെ കീഴിൽ ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി മലപ്പുറം മണ്ഡലത്തിൽ 2018-19 വർഷത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി അനുമതി നൽകി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. മലപ്പുറം കുടിവെള്ള പദ്ധതിയുടെ ഭാഗമായ കോട്ടക്കുന്ന് റോഡ് ജംഗ്ഷൻ മുതൽ കെ.എസ്.ആർ.ടി.സി. സ്റ്റാന്റ് വരെയുള്ള പഴയ എ.സി. / ജി.ഐ. പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 19.00 ലക്ഷം - ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

2. മലപ്പുറം കുടിവെള്ള പദ്ധതിയുടെ ഭാഗമായ എ.കെ. റോഡ് ജംഗ്ഷൻ മുതൽ മഞ്ചേരി റോഡ് ജംഗ്ഷൻ വരെയുള്ള പഴയ കേടായ എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 26.00 ലക്ഷം - ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

3. മലപ്പുറം കുടിവെള്ള പദ്ധതി - താമരക്കുളം റോഡിൽ പഴയതും കേടായതുമായ എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 21.00 ലക്ഷം - ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

4. മലപ്പുറം കുടിവെള്ള പദ്ധതി - ചാമക്കയം-ഉക്കുപാലം റോഡിൽ പമ്പ് ഹൗസിന് സമീപം പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 18.50 ലക്ഷം - ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

5. ആനക്കയം കുടിവെള്ള പദ്ധതി - കടുക്ക സിറ്റി - പന്തല്ലൂർ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - 3.60 ലക്ഷം - പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്.

6. മലപ്പുറം കുടിവെള്ള പദ്ധതി - ശുദ്ധീകരണ ശാലയുടെയും പമ്പ് ഹൗസിന്റെയും അറ്റകുറ്റപ്പണി - 15.00 ലക്ഷം - വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

7. മേൽമുടി കുടിവെള്ള പദ്ധതി - പുതിയ പമ്പ് ഹൗസ് / ഷിഫ്റ്റ് റൂം നിർമ്മാണം - 18.00 ലക്ഷം - പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്.

8. മലപ്പുറം കുടിവെള്ള പദ്ധതി - ഓഫീസ് കെട്ടിടത്തിന്റെ റിപ്പയറും പുനരുദ്ധാരണവും അനുബന്ധ ഇലക്ട്രിക് റിപ്പയർ ജോലികളും - 10.00 ലക്ഷം - വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

2019-20 വർഷത്തിലെ കേരള ജല അതോറിറ്റിയുടെ പദ്ധതികൾ അന്തിമമാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നദികൾക്ക് കുറുകെ ബണ്ടാരകൾ നിർമ്മിക്കുന്നതിന് പദ്ധതി**

129 (2667) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിന്റെ ഭാഗമായി നദികൾക്ക് കുറുകെ ഫൈബർ റീഇൻഫോഴ്സ്ഡ് പോളിമർ ഷട്ടറോട്ടുകൂടിയ ബണ്ടാരകൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി കിഫ്ബിയിൽ നിന്നും എന്ത് ധനസഹായമാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ്, വയനാട്, പാലക്കാട്, പത്തനംതിട്ട എന്നീ 4 ജില്ലകളിലെ 5 നദികളിൽ പൈലറ്റ് പദ്ധതിയായി ബണ്ടാരകൾ നിർമ്മിക്കുന്നതിനും അവ ഡിസൈൻ ചെയ്യുന്നതിനുമുള്ള പ്രാരംഭ നടപടികൾ ചർച്ച ചെയ്ത് ആരംഭിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ 20 നദികളിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ വകയിരുത്തിയിട്ടുള്ള 600 കോടി രൂപയിൽ നിന്നും കാസർഗോഡ്, വയനാട്, പാലക്കാട്, പത്തനംതിട്ട എന്നീ 4 ജില്ലകളിലെ 5 നദികളിൽ 175 കോടി രൂപ ചെലവിൽ പൈലറ്റ് പദ്ധതിയായി ബണ്ടാരകൾ നിർമ്മിക്കുന്നതിലേയ്ക്കായി 175 കോടി രൂപ അനുവദിക്കുന്നതിനുള്ള നിർദ്ദേശം കിഫ്ബിയുടെ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള അനുമതി 18-8-2018-ലെ സ.ഉ.(സാധാ) നമ്പർ 609/2018/ജ.വി.വ. പ്രകാരം നൽകുകയുണ്ടായി. ഇതനുസരിച്ചുള്ള തുടർ നടപടികൾ എടുത്തുവരികയാണ്.

**കുട്ടനാട്ടിൽ നടപ്പിലാക്കിയ പദ്ധതികൾ**

130 (2668) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ വെള്ളപ്പൊക്കം, ജലത്തിലെ ഉപ്പുരസം എന്നിവ നിയന്ത്രിക്കുന്നതിനും, ജലനിർഗ്ഗമന സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി ജലസേചന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) ഉപ്പു ജലം നിയന്ത്രിക്കുന്നതിനും, പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുമുള്ള തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) കെ.ഇ.എൽ. പദ്ധതികളുടെ പുരോഗതിയും പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചത് വഴി ഉണ്ടായ നേട്ടങ്ങളും വിശദമാക്കാമോ;

(ഡി) തോട്ടപ്പള്ളി സ്പിൽവേയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഇ) കുട്ടനാട്ടിന്റെ പാരിസ്ഥിതിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായി രണ്ടാം കുട്ടനാട് പാക്കേജ് നടപ്പാക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലിന്റെയും നവീകരണം, ലീഡിംഗ് ചാനലിലേക്ക് ജലമെത്തുന്ന തോടുകളുടെ ആഴം കൂട്ടലും നവീകരണവും, കുട്ടനാടിലെ തോടുകളുടെയും കനാലുകളുടെയും ആഴവും വീതിയും കൂട്ടി ജല നിർഗമന ശേഷി വർദ്ധിപ്പിക്കൽ, കുട്ടനാടിലെ പാടശേഖരങ്ങളിലെ പുറം ബണ്ടുകൾ ബലപ്പെടുത്തൽ എന്നിവയാണ് ഇതിനായി നടപ്പിലാക്കുന്ന പദ്ധതികൾ.

കുട്ടനാട്ടിലെ കൃഷി സ്ഥലങ്ങളിലേയ്ക്ക് ഉപ്പുവെള്ളം എത്തുന്നത് തടയുവാനായി നിരവധി റെഗുലേറ്റിംഗ് സ്ട്രക്ച്ചറുകൾ നിർമ്മിച്ചിട്ടുണ്ട്. തണ്ണീർമുക്കം ബാരേജ്, തോട്ടപ്പള്ളി സ്പിൽവേ, തൃക്കുന്നപ്പുഴ ലോക്ക്, അന്ധകാരനഴി, പെന്നഡി തുടങ്ങിയ റെഗുലേറ്ററുകൾ ഇതിനായി സ്ഥാപിച്ചിട്ടുള്ളതാണ്. എല്ലാ വർഷവും ഡിസംബറിൽ ലവണാംശത്തിന്റെ സാന്ദ്രത കൃഷി വകുപ്പ് നിരന്തരം പരിശോധിക്കുകയും ലവണാംശം 2.10 മില്ലി mhos ആകുന്ന മുറയ്ക്ക് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൃഷി, ജലസേചന വകുപ്പ്, മത്സ്യബന്ധനം, കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രതിനിധികൾ, ജനപ്രതിനിധികൾ എന്നിവർ ചേർന്ന് ഷട്ടറുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്ന തീയതികൾ തീരുമാനിക്കുന്നതാണ്. ഇതുകൂടാതെ മൈനർ ഇറിഗേഷൻ വിഭാഗം വിവിധ ഭാഗങ്ങളിലായി അറുന്നൂറിലേറെ ഓരുമുട്ടുകൾ നിർമ്മിച്ച് ഉപ്പുവെള്ളം തടയുന്നുണ്ട്.

(ബി) തണ്ണീർമുക്കം ബണ്ടിന്റെ ഒന്നും രണ്ടും ഘട്ടങ്ങളുടെ പണികൾ 1975-ൽ പൂർത്തീകരിച്ചിരുന്നതാണ്. മൂന്നാം ഘട്ട സിവിൽ പ്രവൃത്തികളിൽ 93 ശതമാനവും ഇലക്ട്രിക്കൽ വർക്കുകൾ 85 ശതമാനവും പൂർത്തിയായിട്ടുണ്ട്.

റോഡിനായി ഉപയോഗിച്ചിരുന്ന പഴയ മൺചിറയിലേയും മൂന്നാം ഘട്ട നിർമ്മാണത്തിനായി സ്ഥാപിച്ച പുതിയ മൺചിറയിലെയും മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി മാത്രമാണ് പ്രധാനമായും പൂർത്തീകരിക്കാനുള്ളത്. മണ്ണിന്റെ അവകാശം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സുകൾ നിലവിലുള്ളതിനാൽ പ്രവൃത്തികൾ ഭാഗികമായി തടസ്സപ്പെട്ടിട്ടുണ്ട്.

(സി) 1. കെ.ഇ.എൽ.-1

നെടുമുടി പഞ്ചായത്തിൽ ഉൾപ്പെട്ട 14 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണവും അനുബന്ധ പ്രവൃത്തികളും ഉൾപ്പെടുന്ന ഈ പദ്ധതിക്ക് 2010-ൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു. ഈ സ്കീമിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും 31-3-2016-നകം പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ചെലവഴിച്ച തുക - 19.92 കോടി.

കൈവരിച്ച നേട്ടങ്ങൾ: ഈ സ്കീമിൽ ഉൾപ്പെട്ട പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണവും അനുബന്ധ പ്രവൃത്തികളും നടപ്പാക്കിയതിനുശേഷം പ്രസ്തുത പാടശേഖരങ്ങളിൽ രണ്ട് കൃഷി നടപ്പാക്കിവരുന്നു. കർഷകർക്ക് വിത്ത്, വളം, വിളവെടുത്ത നെല്ല് എന്നിവ സുഗമമായി പാടശേഖരങ്ങളിൽ എത്തിക്കാനും വിപണനത്തിനും സൗകര്യമായിട്ടുണ്ട്. രണ്ട് കൃഷി നടപ്പാക്കിയതുമൂലം നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

2. കെ.ഇ.എൽ.-2

കായൽ ഭാഗത്തെ നാല് പാടശേഖരങ്ങളുടെയും ഗ്രൂപ്പ്-9-ൽപ്പെട്ട 5 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളും അവയ്ക്കിടയിലുള്ള കൊച്ചാർ തുറക്കുന്ന പ്രവൃത്തിയും ഉൾപ്പെടുന്ന ഈ പദ്ധതിക്ക് 2010-ൽ കേന്ദ്രാനുമതി ലഭിച്ചു. ഈ സ്കീമിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും 30-9-2016-ൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 26-11-2016-ൽ ഉണ്ടായ വേലിയേറ്റത്തിൽ ഡി-ബ്ലോക്കിന്റെ കുണ്ടരിക്കുഴി എന്നറിയപ്പെടുന്ന വളരെയധികം ആഴമുള്ള ഭാഗത്ത് മടവീഴ്ച സംഭവിച്ചു. പ്രസ്തുത ഭാഗത്ത് ബണ്ട് പുനർനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. നാളിതുവരെ ചെലവഴിച്ച തുക - 126.03 കോടി.

കൈവരിച്ച നേട്ടങ്ങൾ: ഈ പദ്ധതിയിലൂടെ കുട്ടനാട്ടിൽ ഒഴുകിയെത്തുന്ന അധിക ജലത്തിനെ വേമ്പനാട്ട് കായലിലേക്ക് ഒഴുക്കി വിടുന്നതിന് സാധ്യമായി. റാണി-ചിത്തിര കായൽ നിലങ്ങളിൽ നീണ്ട ഇടവേളയ്ക്കുശേഷം കൃഷി പുനരാരംഭിച്ചു. പൈലും സ്ലാബും ഉപയോഗിച്ച് ബണ്ട് ബലപ്പെടുത്തിയ പാടശേഖരങ്ങളിൽ കൃഷി നടപ്പാക്കിവരുന്നു. നെല്ലുല്പാദനത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

3. കെ.ഇ.എൽ.-3

കോട്ടയം, ആലപ്പുഴ ജില്ലകളിലായി 231 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 379.05 കോടി രൂപ വരുന്ന പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും 11-ാം പദ്ധതിയിൽ 106.13 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഈ തുകയ്ക്കുള്ള 94 പാടശേഖരങ്ങളിലെ 57 പ്രവൃത്തികൾ അറേഞ്ച് ചെയ്തു. 57 പ്രവൃത്തികളിൽ 46 പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു. നാളിതുവരെ ചെലവഴിച്ച തുക - 87.02 കോടി.

കൈവരിച്ച നേട്ടങ്ങൾ: 46 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണം നടന്നതുമൂലം 2818 ഹെക്ടർ പാടശേഖരത്ത് രണ്ടാം കൃഷി / മീൻ വളർത്തൽ ചെയ്യുവാൻ സാധിച്ചു. ഇതിലൂടെ നെല്ലിന്റെ ഉത്പാദനം വളരെയധികം കൂട്ടാൻ കഴിഞ്ഞു.

4. കെ.ഇ.എൽ.-4

ഓണാട്ടുകരയിലെ ജലനിർഗ്ഗമന തോടുകളെല്ലാം തന്നെ എക്കലടിഞ്ഞും പോളയും മറ്റ് ജലസസ്യങ്ങളും നിറഞ്ഞ് നീരൊഴുക്ക് തടസ്സപ്പെട്ടുകയും 20 വർഷങ്ങളോളമായി നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങളെല്ലാംതന്നെ നാശോന്മുഖമായും ചെയ്തിരിക്കുകയായിരുന്നു. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഓണാട്ടുകര പ്രദേശത്തെ നീരൊഴുക്ക് തോടുകൾ ശുചിയാക്കുന്നതിനും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും എഫ്.എം.പി. (ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാം) സ്കീം നടപ്പിലാക്കുവാൻ തീരുമാനിച്ചു. അപ്രകാരം ഓണാട്ടുകര പ്രദേശത്തെ 12 വാട്ടർ ഷെഡ്ഡുകൾ നവീകരിക്കുന്നതിന് 252.75 കോടി രൂപയ്ക്ക് എഫ്.എം.പി. സ്കീമിൽ 26-4-2011-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ.425/2011/ഡബ്ല്യു.ആർ.ഡി. പ്രകാരം ഭരണാനുമതി നൽകി. പ്രസ്തുത സ്കീമിന് 248.39 കോടി രൂപയ്ക്ക് സെൻട്രൽ വാട്ടർ കമ്മീഷന്റെയും പ്ലാനിംഗ് കമ്മീഷന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ഓണാട്ടുകര പ്രദേശത്തെ 12 വാട്ടർഷെഡ്ഡുകൾ നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾക്ക് 2010 ഷെഡ്യൂൾ റേറ്റ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുകയും വർക്കുകൾ ടെണ്ടർ ചെയ്യുകയും ചെയ്തു. കരാറുകാരുടെ ഭാഗത്തുനിന്നും വേണ്ടത്ര പ്രതികരണമുണ്ടായില്ല. തുടർന്ന് 2012 ഷെഡ്യൂൾ റേറ്റ് പ്രകാരം എസ്റ്റിമേറ്റുകൾ പരിഷ്കരിക്കുകയും കരിപ്പുഴ, കരിങ്ങാലിൽച്ചാൽ എന്നീ വാട്ടർഷെഡ്ഡുകളുടെ വലിയ തുകയ്ക്കുള്ള എസ്റ്റിമേറ്റ് ചെറിയ എസ്റ്റിമേറ്റുകളായി വിഭജിക്കുകയും ചെയ്തു. അപ്രകാരം 12 വാട്ടർഷെഡ്ഡുകളിലായി 44 വർക്കുകളുണ്ട്. ഇതിൽ 43 എസ്റ്റിമേറ്റുകൾക്കും സാങ്കേതികാനുമതി നൽകുകയും ടെണ്ടർ ചെയ്യുകയും ചെയ്തു. 5 വാട്ടർ ഷെഡ്ഡുകളിലായി 23 വർക്കുകൾക്ക് കരാറുകാരുടെ പ്രതികരണമുണ്ടായി.

21 വർക്കുകൾക്ക് എഗ്രിമെന്റ് വച്ച് പണി പുരോഗമിക്കുന്നു. 9 വർക്കുകൾ പൂർത്തിയായി. നാളിതുവരെ ചെലവഴിച്ച തുക - 55.83 കോടി.

കൈവരിച്ച നേട്ടങ്ങൾ:

| | | |
|---|---|---|
| സംരക്ഷണം നടത്തിയ ഏരിയ | - | 5834 ഹെക്ടർ |
| പൂർത്തീകരിച്ച ബണ്ടിന്റെ നീളം | - | 33.6 കി.മീ. |
| മോട്ടോർ തറ / ഷെഡ് | - | 1 എണ്ണം |
| പൈപ്പ് കൾവർട്ട് | - | 11 എണ്ണം |
| ഫുട്ട് ബ്രിഡ്ജ് | - | 17 എണ്ണം |
| വി.സി.ബി. | - | 3 എണ്ണം |
| റാംപ് വിത്ത് കടവ് | - | 27 എണ്ണം |

(ഡി) തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണത്തിനായുള്ള ആദ്യഘട്ട പദ്ധതിക്ക്

22-10-2013-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1141/2013/ഡബ്ല്യൂ.ആർ.ഡി. എന്ന ഉത്തരവ് പ്രകാരം അനുവദിച്ച ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സ്പിൽവേയുടെ നിലവിലുള്ള 40 ഷട്ടറുകളും മാറ്റി സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിച്ചു. സ്പിൽവേയുടെ കിഴക്ക് ഭാഗത്തുള്ള കായൽ ഭാഗികമായി ഡ്രഡ്ജിംഗ് നടത്തി. ഈ പദ്ധതിക്ക് ഇതുവരെ 8.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

തോട്ടപ്പള്ളി പൊഴിമുഖത്ത് നീരൊഴുക്കിന് തടസ്സമായി നിൽക്കുന്ന സാമൂഹിക വനവത്കരണത്തിന്റെ ഭാഗമായി വച്ചുപിടിപ്പിച്ച മരങ്ങൾ നീക്കംചെയ്യുന്നതിന് നടപടിയെടുത്തുവരുന്നു.

നീരൊഴുക്കിന് തടസ്സമായി സ്പിൽവേ ചാനലിൽ പൊഴിമുഖത്ത് അടിഞ്ഞുകൂടുന്ന ധാതുമണലിന്റെ ഗുണപരിശോധന നടത്തുന്നതിനും കോമ്പറ്റിറ്റീവ് ബിഡ്ഡിംഗിലൂടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനും മണലിന്റെ അളവ് സംബന്ധമായ വിഷയങ്ങൾ സുതാര്യമായി നടപ്പിലാക്കുന്നതിനും വേ ബ്രിഡ്ജ് സ്ഥാപിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

2019-20-ലെ ബഡ്ജറ്റിൽ രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിക്കുകയും തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലിന്റെയും നവീകരണത്തിന് തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

1. ശാസ്ത്രീയ പഠനത്തോടെ പൊഴിമുഖത്ത് പുലിമുട്ട് സ്ഥാപിക്കുക;
2. സ്പിൽവേ മുതൽ കടൽ വരെയുള്ള ചാനലിന്റെ തീരം സംരക്ഷിക്കുക;
3. തോട്ടപ്പള്ളിയിലേക്ക് പമ്പ, അച്ചൻകോവിൽ നദികളിലൂടെ എത്തുന്ന പ്രളയജലം സുഗമമായി ഒഴുകിയെത്തുന്ന ചാനലുകളും തോടുകളും നവീകരിക്കുക;
4. ആവശ്യമായ സ്ഥലങ്ങളിൽ ഫ്ലഡ് റെഗുലേറ്ററുകൾ സ്ഥാപിക്കുക;
5. സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതിനായുള്ള വൈദ്യുതീകരണ പ്രവൃത്തികൾ ചെയ്യുക;
6. സ്പിൽവേ സ്ട്രക്ചറിലെ മെക്കാനിക്കൽ വർക്കുകൾ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുക.

(ഇ) കുട്ടനാട് പാക്കേജിന്റെ പാരിസ്ഥിതിക സുരക്ഷ ഉറപ്പുവരുത്തുന്നതിനും പാക്കേജിന്റെ ഭാഗമായി കായലും ജലാശയങ്ങളും ശുചീകരിക്കുകയും പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ജനപങ്കാളിത്തത്തോടെ നീക്കം ചെയ്ത്, ചെളി വാരി കായലിന് ആഴം കൂട്ടുകയും പുറം ബണ്ടുകൾ പുനർ നിർമ്മിക്കുകയും ബലപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ആയതിനുള്ള പദ്ധതികൾക്കായി 2019-20-ലെ ബഡ്ജറ്റിൽ 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## വെള്ളപ്പൊക്കം നിയന്ത്രിക്കാൻ ആധുനിക സംവിധാനങ്ങൾ

131 (2669) ശ്രീ. എ. എം. ആരിഫ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ കനത്ത പ്രളയം കണക്കിലെടുത്ത് പെരിയാർ, ചാലക്കുടി നദീതീരങ്ങളിലും കുട്ടനാട്ടിലേയ്ക്ക് ഒഴുകുന്ന നദികളിലും റിയൽ ടൈം ഫ്ളഡ് വാണിംഗ് സംവിധാനം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) നദികളുടെ പരിപാലനത്തിനായും വെള്ളപ്പൊക്കമുണ്ടാകുന്ന സ്ഥലങ്ങളിൽ ജലനിയന്ത്രണത്തിനായും റിവർ ബേസിൻ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഡാമുകൾക്ക് നിരീക്ഷണ സംവിധാനവും ഇൻസ്ട്രുമെന്റേഷനും ഏർപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2018 ആഗസ്റ്റിൽ സംസ്ഥാനത്തുണ്ടായ കനത്ത പ്രളയം ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട നദീതടങ്ങളായ പെരിയാർ, ചാലക്കുടി അതുപോലെതന്നെ കുട്ടനാടിലേയ്ക്ക് പ്രവഹിക്കുന്ന പമ്പ, മീനച്ചിൽ, അച്ചൻകോവിൽ, മണിമല, മൂവാറ്റുപുഴ എന്നീ നദീതടങ്ങളിലും വെള്ളപ്പൊക്ക പ്രവചന സംവിധാനം സജ്ജീകരിക്കുവാനുള്ള നടപടിക്രമങ്ങൾ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന് കീഴിൽ ആരംഭിച്ചുകഴിഞ്ഞു.

(ബി) നദികളുടെ സമഗ്രപരിപാലനവും സംരക്ഷണവും ലക്ഷ്യമിട്ട് "സംസ്ഥാന നദീതട അതോറിറ്റി" രൂപീകരിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്തിനകത്തെ നദികളെ നദീതടാടിസ്ഥാനത്തിൽ സംരക്ഷിക്കുക, നദീതട പദ്ധതികൾ ആസൂത്രണം ചെയ്യുക, പാരിസ്ഥിതിക ആഘാതം കുറയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക, നദികളുടെ നാശത്തിനിടയാക്കുന്ന പ്രവൃത്തികൾ നിയന്ത്രിക്കുക, ജലവിഭവത്തിന്റെ സുസ്ഥിരവികസനം ഉറപ്പുവരുത്തുക, ജലവിഭവ ചൂഷണം നിയന്ത്രിക്കുക, ജലഗുണനിലവാരം നിലനിർത്താനാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, നദികളിൽ മതിയായ നീരൊഴുക്ക് ഉറപ്പുവരുത്തുക, നദികളിലെ ജലഉപയോഗവുമായി ബന്ധപ്പെട്ടുവരുന്ന ജലതർക്കങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ സർക്കാരിനോട് ശിപാർശ ചെയ്യുക, നദീതടാസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ ക്യാച്ച്മെന്റ് നിർദ്ദേശിക്കുക, ജലമലിനീകരണം

തടയുന്നതിനുള്ള നടപടികൾ ഉറപ്പാക്കുക, പൊതുജനങ്ങൾക്കിടയിൽ അവബോധമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, നദികളുമായി ബന്ധപ്പെട്ട അന്തർ സംസ്ഥാന വിഷയങ്ങളും മറ്റ് തർക്കങ്ങളും ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട നയപരമായ വിഷയങ്ങളെ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുക തുടങ്ങിയ ചുമതലകളാണ് പ്രധാനമായും അതോറിറ്റിയിൽ വരിക.

(സി) കേന്ദ്ര ജലകമ്മീഷന്റെ നിർദ്ദേശ പ്രകാരം ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഡാമുകളിലെ ഇൻസ്ട്രുമെന്റേഷനുകൾക്കായി 10 കോടി രൂപയുടെ പ്രൊപ്പോസലുകൾ Dam Rehabilitation and Improvement Project-ൽ ഉൾപ്പെടുത്തി അംഗീകാരത്തിന് കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ചിട്ടുണ്ട്.

പദ്ധതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. ഇതിൽ flood forecasting, integrated reservoir operation എന്നിവയ്ക്കാവശ്യമായ ഇൻസ്ട്രുമെന്റ്സും ഉൾപ്പെടുത്തിയിട്ടുണ്ട്.

**കായൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ**

132 (2670) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ചിലവന്നൂർ കായൽ കയ്യേറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കയ്യേറ്റം തടയുന്നതിനും കയ്യേറിയ പ്രദേശം അളന്ന് തിട്ടപ്പെടുത്തുന്നതിനും സർവ്വേ വകുപ്പിൽ നിന്നും ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(സി) കയ്യേറിയ സ്ഥലങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടി അറിയിക്കാമോ?

ഉത്തരം

(എ-സി) എറണാകുളം ജില്ലയിലെ ചിലവന്നൂർ കായലിലും പരിസര പ്രദേശങ്ങളിലുമുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന ചുമതല റവന്യൂ വകുപ്പിനും കോർപ്പറേഷനുമുള്ളതാണ്.

**നദീജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ**

133 (2671) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുതും വലുതുമായ നദികളിലെ ജലത്തിന്റെ ഗുണനിലവാരം പരിതാപകരമായ സ്ഥിതിയിലാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ അവ മെച്ചപ്പെടുത്തി ഗുണനിലവാരമുള്ള ജലസ്രോതസ്സുകളാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) നീരൊഴുക്ക് നിലച്ച ആറുകൾ പുനരുജ്ജീവിപ്പിക്കുവാൻ നടത്തിയ ശ്രമങ്ങൾ എത്ര മാത്രം വിജയിച്ചു; വിശദാംശം നൽകാമോ;

(ഡി) പുനരുജ്ജീവിപ്പിച്ചവ വീണ്ടും പഴയ സ്ഥിതിയിലേക്ക് മടങ്ങുന്നുവെന്ന വാർത്തകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ നദികളിലെയും കായലുകളിലെയും ജലഗുണനിലവാരം കുറവാണെന്നുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട റിപ്പോർട്ട് കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, കോഴിക്കോട് നടത്തിയിട്ടുള്ള നദീജല ഗുണനിലവാര പഠനങ്ങളാണ്.

(ബി) നദികളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും മാലിന്യവും ചെളിയും നീക്കം ചെയ്ത് ശുദ്ധിയാക്കുന്നതിനുള്ള പ്രവർത്തനം ഹരിത കേരളം മിഷന്റെ ഭാഗമായി ജനപങ്കാളിത്തത്തോടെ ഏറ്റെടുത്തിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി" പദ്ധതിയാണ് ജലസേചന വകുപ്പുമായി നേരിട്ട് ബന്ധപ്പെട്ടുവരുന്നത്. ഇതിന്റെ ഭാഗമായി രണ്ട് വിധത്തിലുള്ള ഇടപെടലുകളാണ് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചിട്ടുള്ളത്. ഒന്ന്, ജനകീയമായി നടപ്പാക്കുന്ന നദി/ജല സ്രോതസ്സ് ശുചീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതിക പിന്തുണ/സഹായം ലഭ്യമാക്കുക എന്നതാണ്. രണ്ടാമതായി, മേൽപ്പറഞ്ഞ ശുചീകരണ പ്രവർത്തനം നടന്നയിടങ്ങളിൽ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിനും കാർഷികാവശ്യത്തിന് ജലം എത്തിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കുക. ഇതോടൊപ്പം നദികളുടെ സമഗ്ര പുനഃസ്ഥാപനം ലക്ഷ്യമിട്ടുള്ള നീർത്തട മാസ്റ്റർ പ്ലാനുകൾ രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനം. ഇത് നടന്നുവരുന്നു.

ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി നഗരപ്രദേശങ്ങളോട് ചേർന്നുവരുന്ന നദീഭാഗങ്ങളിൽ പ്രത്യേകിച്ച് പാലങ്ങളിൽ നിന്ന് മാലിന്യം നേരിട്ട് പുഴയിൽ നിക്ഷേപിക്കുന്നത് തടയുന്നതിനായി കമ്പിവേലി നിർമ്മിക്കുന്ന പ്രവർത്തനവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ, മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെയുള്ള ശിക്ഷാനടപടികളും ശക്തമാക്കിയിട്ടുണ്ട്. കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്ട്, 2018 പ്രകാരം ശിക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) മണൽ / മണ്ണ് അടിഞ്ഞും മാലിന്യ നിക്ഷേപംകൊണ്ടും നീരൊഴുക്ക് നിലച്ച ആറുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനം ഹരിത കേരളം മിഷന്റെ ഭാഗമായി ഏറ്റെടുക്കുകയും ജലസേചന വകുപ്പ് ആവശ്യമായ സാങ്കേതികസഹായം നൽകുകയും ചെയ്തിട്ടുണ്ട്. വരട്ടാർ, മീനച്ചിലാർ-മീനന്തരയാർ-കൊടൂരാർ, പള്ളിക്കലാർ, കുട്ടമ്പേരൂരാർ എന്നിവ മികച്ച മാതൃകകളാണ്. നീരൊഴുക്ക് പുനഃസ്ഥാപിക്കാനും ജനങ്ങൾക്ക് കാർഷികാവശ്യത്തിനും ഉപയോഗപ്പെടുന്ന വിധത്തിൽ ഇവയെ മാറ്റിയെടുക്കാനും സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം വർഷങ്ങളായി കൃഷി ഇല്ലാതിരുന്ന പാടശേഖരങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തി കൃഷി പുനരാരംഭിക്കാനും അതുവഴി ഉല്പാദന വർദ്ധനവ് നേടാനും കഴിഞ്ഞിട്ടുണ്ട്.

(ഡി) പുനരുദ്ധരിച്ച ജലസ്രോതസ്സുകൾ പഴയ സ്ഥിതിയിലേക്ക് മടങ്ങാനുള്ള സാധ്യതയുണ്ടെന്ന് ആദ്യ ഘട്ടത്തിൽത്തന്നെ വിലയിരുത്തൽ നടത്തിയതിൻപ്രകാരം ജനകീയ കൂട്ടായ്മ നിലനിർത്തിയും തൊഴിലുറപ്പ് പദ്ധതി വിവിധ വകുപ്പുകളുടെ ഏകോപനം എന്നിവ സാധ്യമാക്കിയും പുനരുദ്ധരിച്ച നദികളും മറ്റ് ജലസ്രോതസ്സുകളും മെച്ചപ്പെട്ട അവസ്ഥയിൽ നിലനിർത്തുന്നതിന് തുടർനടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം നീരൊഴുക്ക് നിലനിർത്താനാവശ്യമായ നിർമ്മിതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ ഇടങ്ങളിൽ തടയണ, ചപ്പാത്തുകൾക്ക് പകരം പാലം / കൾവർട്ട്, വശങ്ങളിൽ നിന്നുള്ള മണ്ണൊലിപ്പ് തടയുന്നതിനായി കയർ ഭൂവസ്ത്രം വിരിക്കൽ, ശാസ്ത്രീയ പഠനത്തിനുശേഷം ആവശ്യമെങ്കിൽ അടിഞ്ഞുകൂടിയ മണൽ / മണ്ണ് എന്നിവ മാറ്റുന്നതിനുള്ള പ്രവർത്തനം എന്നീ നടപടികൾ സ്വീകരിച്ചതിനൊപ്പം ഓരോ നദീതടത്തിന്റെയും / ചെറു നീർത്തടത്തിന്റെയും പുനരുജ്ജീവനത്തിന് സമഗ്ര നീർത്തട പ്ലാനുകൾ, മാസ്റ്റർ പ്ലാനുകൾ എന്നിവയ്ക്ക് രൂപം കൊടുക്കുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു.

**കരമനയാർ, കിള്ളിയാർ എന്നിവയുടെ സംരക്ഷണം**

134 (2672) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമനയാർ, കിള്ളിയാർ എന്നിവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് റൈറ്റ്സ് എന്ന സ്ഥാപനം നടത്തിയ പഠനത്തിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആറുകളുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ജനകീയ പങ്കാളിത്തത്തോടുകൂടി കിള്ളിയാർ സംരക്ഷണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് (കെ.ആർ.എസ്.എം.) പദ്ധതിയിലുൾപ്പെടുത്തി കരമനയാറിലും കിള്ളിയാറിലും നഗരാതിർത്തിക്കുള്ളിലുള്ള പാലങ്ങളിൽ കമ്പി വേലികൾ സ്ഥാപിച്ച് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടഞ്ഞിട്ടുണ്ട്.

ആവശ്യമുള്ള ഭാഗങ്ങളിൽ ജനപ്രതിനിധികളുടെ ശിപാർശയനുസരിച്ച് സംരക്ഷണ ഭിത്തി നിർമ്മിച്ചുവരുന്നുണ്ട്. നദികളിലും തോടുകളിലുമുള്ള മാലിന്യങ്ങളെ ഒഴിവാക്കുന്നതിലേക്ക് നഗരസഭയും ജലസേചന വകുപ്പും ജലഅതോറിറ്റിയും മലിനീകരണ നിയന്ത്രണ ബോർഡും സംയുക്തമായി പ്രവർത്തിക്കുന്നു.

റൈറ്റ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരമന-കിള്ളി നദികളിൽ സ്വീവേജ് മാലിന്യം കലരുന്നത് തടയുന്നതിനായി കെ.ആർ.എസ്. പ്രോജക്ട്, അമൃത് സ്റ്റേറ്റ് പ്ലാൻ, എം.എൽ.എ. ഫണ്ട് തുടങ്ങിയവയിൽ ഉൾപ്പെടുത്തി 193 കോടി രൂപയുടെ വിവിധ പണികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇവയിൽ മാൻഹോളുകളുടെ പുനരുദ്ധാരണം, സ്വീവേജ് സംവിധാനം പുതിയ വാർഡുകളിലേക്ക് ദീർഘിപ്പിക്കൽ, പമ്പുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെടുന്നു. പാർവതീ പുത്തനാറിൽ മാലിന്യം കലരുന്നത് ഒഴിവാക്കുവാനായി മുട്ടത്തറയിലെ സ്റ്റില്ലിംഗ് ചേമ്പറിൽ നിന്നും മലിനജലം ട്രീറ്റ്മെന്റ് പ്ലാന്റിൽ നേരിട്ടെത്തിക്കുന്ന പൈപ്പ് ലൈനിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പണികളും നടന്നുവരുന്നു.

(സി) ജനകീയ പങ്കാളിത്തത്തോടെ ജലസേചന വകുപ്പ്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നെടുമങ്ങാട് മുനിസിപ്പാലിറ്റി എന്നിവയുടെ നേതൃത്വത്തിൽ ആനാട് മുതൽ വഴയില വരെ കിള്ളിയാർ മാലിന്യമുക്തമാക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. വഴയില മുതൽ പള്ളത്ത് കടവ് വരെയുള്ള പ്രദേശങ്ങളിലും കിള്ളിയാർ മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. കരമന, കിള്ളിയാർ ഇവ മാലിന്യമുക്തമാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി ശുചിത്വമിഷൻ, ഇറിഗേഷൻ വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം കോർപ്പറേഷൻ, മലിനീകരണ നിയന്ത്രണ ബോർഡിലെ സാങ്കേതിക വിദഗ്ദ്ധർ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് നടപടിയെടുത്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അശാസ്ത്രീയമായ മണൽ വാരൽ**

135 (2673) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലും മറ്റ് ജലസ്രോതസ്സുകളിലും അശാസ്ത്രീയമായ ഡ്രഡ്ജിംഗ്, മണൽ വാരൽ മുതലായവ നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് വേണ്ട കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) നദികളിൽ നിന്നുള്ള മണൽവാരൽ നടത്തുന്നത് ശാസ്ത്രീയമായ സാന്റ് ഓഡിറ്റിംഗിന് ശേഷമായിരിക്കണമെന്നതാണ് നിയമം. എന്നാൽ, ചിലയിടങ്ങളിൽ അശാസ്ത്രീയമായ മണൽവാരൽ നടക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

**പാടിയപ്പുഴക്ക് കുറുകെ ട്രാക്ടർവെ-കം-ബ്രിഡ്ജ്**

136 (2674) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ കണ്ണൂർ, കാസർഗോഡ് ജില്ലകളെ തമ്മിൽ വേർതിരിക്കുന്ന പാടിയപ്പുഴക്ക് കുറുകെ ട്രാക്ടർവെ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി നേരത്തെ തയ്യാറാക്കിയ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ തയ്യാറാക്കാൻ കാലതാമസം വരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തൃക്കരിപ്പൂർ പഞ്ചായത്തിലെ പാടിയപ്പുഴയ്ക്ക് കുറുകെ ക്രോസ് ബാർ-കം-ബ്രിഡ്ജ് നിർമ്മിക്കാൻ ഉദ്ദേശിച്ച സ്ഥലം തലിച്ചാലം SWECB-യുടെ ആയക്കെട്ട് ഏരിയയിൽ വരുന്നതിനാൽ ക്രോസ് ബാർ ഒഴികെ പാലത്തിനായുള്ള പ്രൊപ്പോസൽ ജലസേചന ഉദ്ദേശ്യമില്ലെന്ന കാരണത്താൽ ഏറ്റെടുത്തില്ല. എന്നാൽ ട്രാക്ടർ വേ ചെയ്യുന്നതിലൂടെ കൃഷിക്കാർക്ക് സാധന സാമഗ്രികൾ കൊണ്ടുവരാൻ പ്രയോജനപ്പെടുന്നതാണ്. ഈ പ്രവൃത്തി കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തുന്നതിന് ജില്ലാ സമിതി നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റി 29-1-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 59/2018/P&EA രൂപീകരിച്ചിട്ടുള്ളതുകൊണ്ട് പുതിയ രൂപകല്പന സംബന്ധിച്ച വിഷയം മേൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തി തീരുമാനമെടുക്കുന്നതിന് നടപടി എടുത്തുവരുന്നു.

**ജലാശയങ്ങൾക്ക് സമീപമുള്ള കീടനാശിനി, രാസവള പ്രയോഗം**

137 (2675) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്ന വീര്യം കൂടിയ കീടനാശിനികളും രാസവളങ്ങളും സമീപത്തുള്ള ജലാശയങ്ങളിൽ കലർന്ന് അവയെ വിഷമയമാക്കുകയും പൊതുജനാരോഗ്യത്തിന് ഭീഷണി ഉണ്ടാക്കുകയും ചെയ്യുന്ന വിവരം ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. ജലത്തിലുണ്ടാകുന്ന ഏതുതരം മലിനീകരണവും പൊതുജനാരോഗ്യത്തിനും ജൈവ സമ്പത്തിനും ഭീഷണിയാണ്. ഇത് ഒഴിവാക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ വിവിധ ഏജൻസികൾ നടത്തിവരുന്നുണ്ട്. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വികസനം കാർഷിക ക്ഷേമ വകുപ്പ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചാരണം നടത്തുന്നത് ഉചിതമാകും.

ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കുള്ള ശിക്ഷ വർദ്ധിപ്പിച്ചുകൊണ്ടുള്ള കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി ബിൽ, 2018-ന് കേരള നിയമസഭയുടെ അംഗീകാരം 21-6-2018-ന് ലഭ്യമായിട്ടുണ്ട്. ഇതനുസരിച്ച് ശിക്ഷയുടെ കാലാവധി ചുരുങ്ങിയത് ഒരു വർഷവും പരമാവധി മൂന്ന് വർഷവുമായി വർദ്ധിപ്പിക്കുകയും പിഴ പരമാവധി രണ്ട് ലക്ഷം രൂപയാക്കുകയും ചെയ്തിട്ടുണ്ട്.

**പ്രളയത്തെ തുടർന്ന് ആറൻമുള മണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങൾ**

138 (2676) <u>ശ്രീമതി. വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള മണ്ഡലത്തിൽ പ്രളയത്തെ തുടർന്ന് ആറ്റുതീരങ്ങൾ ഇടിഞ്ഞ് ഉണ്ടായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ആറ്റുതീരങ്ങൾ ഇടിഞ്ഞ് വീടുകൾ, കൃഷിഭൂമി എന്നിവയ്ക്ക് സംഭവിച്ച നഷ്ടങ്ങൾ പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിവരങ്ങൾ നൽകാമോ;

(സി) നാശനഷ്ടത്തിനിരയായവർക്ക് എന്ത് ആശ്വാസനടപടികൾ ലഭ്യമാക്കിയിട്ടുണ്ട്;

(ഡി) തീരങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സംരക്ഷണ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആറന്മുള മണ്ഡലത്തിൽ പ്രളയത്തെ തുടർന്ന് ആറ്റതീരങ്ങൾ ഇടിഞ്ഞുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കി എസ്റ്റിമേറ്റുകൾ ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും തയ്യാറാക്കിയിട്ടുണ്ട്.

(ബി-ഇ) ഇക്കാര്യം ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

പദ്ധതിയിനത്തിൽ റീ-അപ്രോപ്രിയേഷൻ മുഖാന്തിരം ഫ്ലഡ് കൺട്രോൾ ഹെഡ്ഡിൽ അനുവദിച്ച തുകയിൽ ഉൾപ്പെടുത്തി അച്ചൻകോവിലാറിന്റെയും പമ്പയാറിന്റെയും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ പരിശോധിച്ചുവരുന്നു.

പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ ജലസേചന വകുപ്പിന്റെ പ്രളയാനന്തര പ്രവർത്തനങ്ങൾക്കായി SDRF-ൽ നിന്നും ലഭിച്ച തുകയിൽ ഉൾപ്പെടുത്തി ആറന്മുള മണ്ഡലത്തിലെ അത്യാവശ്യ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് SDRF-ന്റെ നോംസ് പ്രകാരം തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നു.

**കനാലുകളുടെ പണി**

139 (2677) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരമല്ലൂർ, മേതല ലിഫ്റ്റ് ഇറിഗേഷൻ കനാലുകൾ കമ്മീഷൻ ചെയ്തെങ്കിലും പുതിയ സ്ലൂയിസ് കനാലുകളുടെ പണി പൂർത്തീകരിക്കാത്തതിനാലും, കൂടുതൽ ശക്തിയുള്ള മോട്ടോറുകൾ സ്ഥാപിക്കാത്തതുമൂലവും ആയക്കെട്ട് പ്രദേശങ്ങളിൽ ആവശ്യമായ ജലസേചനം നടത്തുവാൻ ഇപ്പോൾ സാധിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രദേശവാസികൾക്ക് ഉപയോഗപ്രദമാകും വിധം ജലസേചനസൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി സ്ലൂയിസ് കനാലുകളുടെ പണി വേഗത്തിൽ പൂർത്തീകരിക്കുന്നതിനും കൂടുതൽ ശക്തിയുള്ള മോട്ടോറുകൾ സ്ഥാപിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. മേതല ലിഫ്റ്റിന്റെ മോട്ടോർ പ്രവർത്തനരഹിതമായിരുന്നത് പ്രവർത്തന സജ്ജമാക്കുകയും മേതല, ഇരമല്ലൂർ ലിഫ്റ്റുകളുടെ ആയക്കെട്ട് ഏരിയായിൽ ജലസേചന സൗകര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മേതല ലിഫ്റ്റിന്റെയും ഇരമല്ലൂർ ലിഫ്റ്റിന്റെയും 40 എച്ച്.പി. മോട്ടോറുകൾ രണ്ടെണ്ണം വച്ച് ഓരോ ലിഫ്റ്റിലും വർക്ക് ചെയ്യുന്നുണ്ട്. ആഴ്ചയിൽ ആറ് ദിവസവും ഏഴ് മണിക്കൂർ വീതം പമ്പ് ചെയ്ത് ആവശ്യമായ ജലസേചന സൗകര്യം ഒരുക്കുന്നുണ്ട്.

(സി) സ്ലൂയിസ് കനാലുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിൽ തയ്യാറാക്കിയിട്ടില്ല. മോട്ടോറിന്റെ ശക്തി വർദ്ധിപ്പിക്കേണ്ട സാഹചര്യം നിലവിലില്ല.

## കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ തോടുകൾ, ആറുകൾ, ഏലാകൾ എന്നിവയുടെ സംരക്ഷണം

140 (2678) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ തോടുകൾ, ആറുകൾ, ഏലാകൾ എന്നിവയുടെ സംരക്ഷണത്തിനായി ജലവിഭവ വകുപ്പിൽ നിന്നും കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) വിവരം അനുബന്ധമായി ചേർക്കുന്നു*.

## കോട്ടത്തോട് നവീകരണം

141 (2679) ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കോട്ടത്തോട് നവീകരണത്തിന് എം.എൽ.എ-യുടെ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് മൈനർ ഇറിഗേഷൻ കാണിക്കുന്ന അലംഭാവവും സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽ നിന്നും പ്രവൃത്തി തടസ്സപ്പെടുത്തുന്നതിനുള്ള ഇടപെടലുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) തടസ്സങ്ങളും കാലതാമസവും ഒഴിവാക്കി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്

(ബി&സി) പ്രസ്തുത പ്രവൃത്തിയുടെ ആദ്യം തയ്യാറാക്കിയ ഡിസൈനിൽ മാറ്റം വരുത്തേണ്ടതായി വന്നു. മാറ്റങ്ങൾ വരുത്തിയ എസ്റ്റിമേറ്റ് എത്രയും വേഗം സാങ്കേതികാനുമതിക്കായി സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പ്രളയം രൂക്ഷമാകുന്നതിന് കാരണമായ സാഹചര്യം**

142 (2680) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാലത്ത് സംയുക്തജലനിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെ കേരളത്തിലേക്ക് വെള്ളം തുറന്നുവിട്ടത് കേരളത്തിലെ പ്രളയം രൂക്ഷമാകുന്നതിന് കാരണമായ സാഹചര്യത്തിൽ ഇത് ഇനിയും ആവർത്തിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ജലവിഭവ വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; പ്രളയകാലത്ത് മുല്ലപെരിയാർ ഡാമിലെ ജലനിരപ്പ് 141 അടിയായി ഉയർത്തി നിർത്തുന്നതിന് തമിഴ്നാട് ശ്രമിച്ചത് പ്രളയം കൂടുതൽ വഷളാക്കിയ സാഹചര്യം കേന്ദ്രസർക്കാരിനെയും കോടതിയേയും അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ എന്നിവയെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ നിയന്ത്രണം നിർവ്വഹിക്കുന്ന ജെ.ഡബ്ല്യു.ആർ. ബോർഡ് ഈ മൂന്ന് നദികളിലേയും പ്രളയ നിയന്ത്രണത്തിന് വ്യക്തമായ ഇടപെടലുകൾ വളരെ നേരത്തെ തന്നെ നടത്തിയിട്ടുണ്ടായിരുന്നു. ഈ ദിവസങ്ങളിൽ പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ ഉപവൃഷ്ടി പ്രദേശങ്ങളിൽ (sub-catchments) കനത്ത മഴ ഉണ്ടായിരുന്നതിനാൽ സർക്കാർപതി പവർഹൗസ് പൂർണ്ണ ശേഷിയിൽ പ്രവർത്തിപ്പിക്കുന്നത് കോണ്ടൂർ കനാൽ തകരുന്നതിനും (breach), ആയത് കേരളത്തിലെ പ്രളയത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നതിനുമുള്ള സാധ്യതകൾ നിലനിന്നിരുന്നു. ഈ സാഹചര്യവും സാധ്യതകളും കണക്കിലെടുത്താണ് പ്രളയ സമയത്ത് സർക്കാർപതി പവർഹൗസിലെ ഉൽപ്പാദനം കുറഞ്ഞ അളവിൽ നടത്തിയത്. സാങ്കേതികമായി സാധ്യമായ എല്ലാ operational arrangements-ഉം തകിടം മറിക്കുന്ന രീതിയിൽ ഷോളയാർ-വാൽപ്പാറ-പറമ്പിക്കുളം മേഖലയിലുണ്ടായ കനത്ത മഴയാണ് പ്രളയക്കെടുതി രൂക്ഷമാക്കിയത്. പ്രളയശേഷം അടിയന്തരമായി ജെ.ഡബ്ല്യു.ആർ. ബോർഡ് യോഗം ചേരാൻ കേരളം നിരന്തരമായി ആവശ്യപ്പെട്ടെങ്കിലും തമിഴ്നാടിന്റെ ഭാഗത്തു നിന്നും അനുകൂലമായ പ്രതികരണമുണ്ടായില്ല. പ്രളയകാലത്ത് മാത്രമല്ല എല്ലാ സമയങ്ങളിലും സംയുക്ത ജലക്രമീകരണ ബോർഡിന്റെ അംഗീകാരമില്ലാതെ വെള്ളം തിരിച്ചുവിടുന്ന ഏതു വിധത്തിലുള്ള നടപടിയും പറമ്പിക്കുളം-ആളിയാർ കരാറിന്റെ ലംഘനമാണ്. പ്രളയസമയത്ത് ഒഴുക്കിവിട്ട വെള്ളത്തിന്റെ ഒരു ഭാഗം കരാർ പ്രകാരം കേരളത്തിന് ഈ ജലവർഷത്തിൽ ലഭ്യമാക്കേണ്ട വെള്ളത്തിന്റെ കണക്കിൽപ്പെടുത്തണമെന്ന് ഇക്കഴിഞ്ഞ 28-1-2019-ന് ചേർന്ന ജെ.ഡബ്ല്യു.ആർ.

ബോർഡ് യോഗത്തിൽ തമിഴ്നാട് ആവശ്യപ്പെടുകയും കേരളം അത് നിരാകരിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള കരാർ ലംഘനങ്ങൾ യഥാസമയം തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ മിക്കവാറും എല്ലാ റിസർവോയറുകളിലെയും ജലനിരപ്പ്, ജൂലൈ രണ്ടാമത്തെ ആഴ്ചയിൽ സമ്പൂർണ്ണ ജലനിരപ്പിനോട് അടുത്തായിരുന്നു. പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ റിസർവോയറുകളിൽ നിന്നും കേരത്തിലേയ്ക്കുള്ള സ്പിൽ കുറയ്ക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിരുന്നു. പദ്ധതിയിലെ റിസർവോയറുകളിൽ നിന്നും കേരളത്തിലേയ്ക്കുള്ള സ്പിൽ ഡിസ്ചാർജ് 5000 ക്യുസെക്സിൽ നിജപ്പെടുത്തണമെന്ന് തമിഴ്നാടിനോട് പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. 7-7-2018 മുതൽ തമിഴ്നാട്, കേരളത്തിലേയ്ക്കുള്ള സ്പിൽ കുറയ്ക്കുന്നതിനുവേണ്ടി അവർക്ക് സാധ്യമായ പരമാവധി അളവിൽ (ഏകദേശം 1100 ക്യുസെക്സ്) വെള്ളം തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോയിരുന്നു. ആഗസ്റ്റ് 14 മുതൽ 17 വരെയുള്ള തീയതികളിലുണ്ടായ മഴ വളരെ ശക്തമായതിനാൽ 5000 ക്യുസെക്സ് എന്ന തോതിൽനിന്ന് കൂടുതലായി റിസർവ്വോയറുകൾ തുറക്കേണ്ടിവന്നു. ഡാമുകളുടെ സുരക്ഷയെ ബാധിക്കുമെന്നതിനാലാണ് ഇപ്രകാരം ചെയ്യാൻ നിർബന്ധിതരായത്.

പ്രളയത്തെ മുൻകൂട്ടി കണ്ടുകൊണ്ട് പ്രളയക്കെടുതി കുറയ്ക്കുന്നതിനുവേണ്ടി ജെ.ഡബ്ല്യു.ആർ. ബോർഡ് കൈക്കൊണ്ട നടപടികളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കേന്ദ്ര ജല കമ്മീഷനാണ് ഇതുമായി ബന്ധപ്പെട്ട പഠനം നടത്തിയിട്ടുള്ളത്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 141 അടിയായി ഉയർത്തി നിർത്തിയ തമിഴ്നാടിന്റെ നടപടിയെക്കുറിച്ച് മുല്ലപ്പെരിയാർ മേൽനോട്ട സമിതിയേയും ഉപസമിതിയേയും അറിയിച്ചിരുന്നു. അതിനോടൊപ്പം കേരള സർക്കാർ ഈ വിഷയം കേന്ദ്ര സർക്കാരിനെയും ബഹു. സുപ്രീം കോടതിയെയും അറിയിച്ചിട്ടുണ്ട്. 2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ, അഡ്വ. റസ്സൽ ജോയ് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത പൊതുതാല്പര്യ ഹർജിയിലുള്ള 2018 ആഗസ്റ്റ് 16-ലെ ബഹു. സുപ്രീം കോടതി വിധി പ്രകാരം, 2018 ആഗസ്റ്റ് 17-ന്, കേന്ദ്ര ജലവിഭവ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ കേരള-തമിഴ്നാട് അംഗങ്ങൾ ഉൾപ്പെട്ട National Executive Committee-യുടെ സബ് കമ്മിറ്റിയുടെ അടിയന്തര യോഗം ചേരുകയുമുണ്ടായി. ഈ യോഗത്തിൽ, മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 141 അടിയായി ഉയർത്തി നിർത്തണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടെങ്കിലും സ്ഥിതിഗതികൾ കമ്മിറ്റിയെ ബോധ്യപ്പെടുത്താൻ കേരളത്തിന് കഴിഞ്ഞ സാഹചര്യത്തിൽ, കമ്മിറ്റിയിൽ തീരുമാനിക്കുകയുണ്ടായി. തുടർന്ന് മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഏറ്റവും കുറഞ്ഞത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

139 അടിയിലേക്കെങ്കിലും താഴ്ത്തിക്കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാനും അണക്കെട്ടിന്റെ താഴെയുള്ള പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് വെള്ളം നിയന്ത്രിതമായി തുറന്നു വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും തമിഴ്നാടിനോട് ബഹു. സുപ്രീംകോടതി നിർദ്ദേശിച്ചു. തുടർന്ന് ഈ കേസ്സുമായി ബന്ധപ്പെട്ട് അന്തിമ വിധി വരുന്നതുവരെ എല്ലാ കക്ഷികളും 2018 ആഗസ്റ്റ് 17-ലെ ഇടക്കാല ഉത്തരവ് പിൻതുടരണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഡാമുകളുടെ കാര്യത്തിൽ കേരളവും തമിഴ്നാടും തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്തുന്നതിനായി ഉപസമിതി യോഗങ്ങൾ തമ്മിലുള്ള ഇടവേളകൾ കുറയ്ക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്.

## ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

143 (2681) ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഏതൊക്കെ ഡാമുകളിലാണ് ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന ലോക ബാങ്ക് പദ്ധതി നടപ്പിലാക്കിയതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ലോക ബാങ്ക് അനുവദിച്ച തുകയുടെ എത്ര ശതമാനം ചെലവഴിച്ചു;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ ഡാമുകളിൽ പ്രളയംമൂലം എന്തെങ്കിലും നാശനഷ്ടം ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട്), മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി തുടങ്ങിയ 16 ഡാമുകൾ/ബാരേജുകൾ/ റെഗുലേറ്ററുകളാണ് DRIP പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(ബി) ഇതിലേക്കായി ലഭിച്ച 360 കോടി രൂപയിൽ നാളിതുവരെ 55.69% (200.47കോടി രൂപ) ചെലവഴിച്ചു.

(സി) പരിശോധിച്ചു വരുന്നു.

## ഡാമുകളുടെ പരിസരങ്ങളിൽ താമസിക്കുന്നവർ നേരിടേണ്ടിവന്ന പ്രശ്നങ്ങൾ

144 (2682) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തിൽ ഡാമുകളുടെ പരിസരങ്ങളിൽ താമസിക്കുന്നവർ നേരിടേണ്ടി വന്ന പ്രശ്നങ്ങൾ പഠിക്കുവാൻ ഡാം സേഫ്റ്റി അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകുമോ;

(ബി) ഫ്ലഡ് മാപ്പിംഗ് പോലുള്ള നടപടിക്രമങ്ങൾ നേരത്തെ പരിശോധിച്ചിരുന്നുവെങ്കിൽ ഇത്രയും വലിയ ദുരന്തം ഉണ്ടാകുമായിരുന്നില്ലെന്ന കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(സി) ഡാമുകളുടെ പരിസരവാസികളുടെ പ്രശ്നങ്ങൾ കാലാവസ്ഥാ വകുപ്പും കേന്ദ്രസർക്കാരിന്റെ ഏജൻസികളും ഡാമുകളുടെ ചുമതലയുള്ള അതോറിറ്റിയെയും സ്ഥാപനത്തെയും നേരത്തെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) ജലസേചന വകുപ്പിലെ ഡാമുകളെല്ലാം കൃഷി, കുടിവെള്ളം, വൈദ്യുതോൽപ്പാദനം എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിനായാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. മഴക്കാലത്ത് FRL വരെ ജലം സംഭരിക്കുകയും നിലവിലുള്ള ഗൈഡ്‌ലൈൻ അനുസരിച്ച് അധികജലം നിയന്ത്രിതമായി തുറന്നു വിടുകയുമാണ് ചെയ്തുവരുന്നത്. 2018 ആഗസ്റ്റ് മാസത്തിലെ സമാനതകളില്ലാത്ത പ്രളയത്തിന്റെ അടിസ്ഥാനത്തിൽ ഫ്ലഡ് ഫോർകാസ്റ്റിംഗ്, ഇന്റഗ്രേറ്റഡ് റിസർവോയർ ഓപ്പറേഷൻ എന്നിവയ്ക്കാവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

DRIP പദ്ധതിയിൽ ഉൾപ്പെടുത്തി CWC, 14 ഡാമുകളുടെ Inundation map തയ്യാറാക്കിയിട്ടുണ്ട്. CWC തയ്യാറാക്കിയ Inundation map ഉപയോഗിച്ച് EAP തയ്യാറാക്കി CWC-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) അറിയിച്ചിട്ടില്ല.

**ഭൂതത്താൻകെട്ട് പദ്ധതി**

145 (2683) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമായ ഭൂതത്താൻകെട്ടിൽ ബാരേജിന് താഴെയുള്ള നദീതീരം കെട്ടി സംരക്ഷിക്കുകയും, നടപ്പാതകൾ നിർമ്മിച്ച് ഇവിടെയെത്തുന്നവർക്ക് പുഴയുടെ തീരഭംഗി ആസ്വദിക്കുന്നതിനും, പുഴയിലിറങ്ങി കളിക്കുന്നതിനും വേണ്ട സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ഡ്രിപ്പ്(Dam Rehabilitation Improvement Programme) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര തുകയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളതെന്നും, പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ടൂറിസ്റ്റുകൾ ഏറെയെത്തുന്നതും, പ്രദേശത്തിന്റെ വികസനത്തിന് വലിയ സാധ്യതകളുള്ളതുമായ പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) ഒരു കോടി രൂപയുടെ പ്രൊപ്പോസൽ;

ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP)-ന്റെ കാലാവധി അവസാനിക്കുന്നത് 2020 ജൂൺ മാസത്തിലാണ്. അതിനുശേഷം മാത്രമേ രണ്ടാം ഘട്ട പദ്ധതികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

ഡാം സേഫ്റ്റി റിവ്യൂ പാനൽ (DSRP)-ന്റെ എസ്റ്റിമേറ്റ് പരിശോധനയും ശിപാർശയും കഴിഞ്ഞശേഷം രണ്ടാംഘട്ട പദ്ധതികൾക്ക് കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. DSRP രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കടലുണ്ടിപ്പുഴയിലെ മണ്ണാൻകടവിൽ പുതിയ തടയണ**

146 (2684) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കടലുണ്ടിപ്പുഴയിൽ നാമ്പ്രാണി ചെക്ക്ഡാമിന് പകരം പുതിയ തടയണ നിർമ്മിക്കുന്നതിനുവേണ്ടി പുഴയുടെ ഘടന പഠിക്കുന്നതിനുള്ള സർവ്വേ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) സർവ്വേ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പുതിയ ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) നാമ്പ്രാണി ചെക്ക്ഡാം പുനർനിർമ്മിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ മലപ്പുറം നഗരസഭ, കോഡൂർ പഞ്ചായത്ത് എന്നിവിടങ്ങളിലെ ജനങ്ങളുടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്ന തരത്തിൽ കടലുണ്ടിപ്പുഴയിലെ മണ്ണാൻകടവിൽ പുതിയ തടയണ നിർമ്മിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കടലുണ്ടിപ്പുഴയുടെ ഘടന പഠിക്കുന്നതിനുള്ള സർവ്വേ പ്രവൃത്തികൾക്ക് എഗ്രിമെന്റ് വച്ച് പ്രവൃത്തി പുരോഗതിയിലാണ്.

(സി) വാട്ടർ അതോറിറ്റിയും ജലസേചന വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയാൽ മാത്രമേ സാധ്യത വ്യക്തമാകുകയുള്ളൂ.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ കടൽ ഭിത്തി നിർമ്മാണം**

147 (2685) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ തകർന്ന കടൽ ഭിത്തികൾ പുനർനിർമ്മിക്കുന്നതിനും പുതിയ കടൽ ഭിത്തികൾ നിർമ്മിക്കുന്നതിനും എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്; ഭരണാനുമതി ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ കേടുപാടുകൾ സംഭവിച്ച കടൽഭിത്തി പുനർനിർമ്മിക്കുന്നതിന് 9.46 കോടി രൂപയുടെ 4 എസ്റ്റിമേറ്റുകൾ സർക്കാർ പരിശോധിച്ചു വരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പ്രവർത്തനങ്ങൾ**

148 (2686) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജകമണ്ഡല പരിധിയിൽ മേജർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം നടത്തിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്**

149 (2687) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി 36 കോടി രൂപ അനുവദിച്ച ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് 2018 ഡിസംബറിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങളിൽ എന്തെല്ലാം തുടർനടപടികൾ എടുത്തുവെന്ന് വിശദമാക്കാമോ;

(സി) വള്ളിക്കുന്ന് മണ്ഡലത്തിലെ മണ്ണട്ടാംപാറ അണക്കെട്ടിന്റെ ബലക്ഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജലസേചന/കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് കൂടിയ യോഗത്തിൽ ഇരുമ്പോത്തിങ്ങൽ പദ്ധതിയുടെ പാലം ഒഴിവാക്കി റെഗുലേറ്റർ മാത്രമായി നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് അറിയിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് സാങ്കേതികമായി പ്രായോഗികമല്ലെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. പരമാവധി ജലം സംഭരിക്കുകയെന്ന ലക്ഷ്യത്തോടെ റെഗുലേറ്റർ നിർമ്മിക്കുന്നതിനായുള്ള സ്ഥാനം ബന്ധപ്പെട്ട ഫീൽഡ് ഉദ്യോഗസ്ഥർ പരിശോധന നടത്തി തീരുമാനിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. മണ്ണട്ടാംപാറ അണക്കെട്ടിനെ ബലപ്പെടുത്തി ജലച്ചോർച്ച തടയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ പുരോഗതിയിലാണ്.

**പിറവം നിയോജകമണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ**

150 (2688) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗത്തിൽ കുളം, കിണർ പുനരുദ്ധാരണത്തിനായി എത്ര പദ്ധതി നിർദ്ദേശങ്ങൾ നിലവിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(ബി) ഓരോ പദ്ധതി നിർദ്ദേശവും നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മൈനർ ഇറിഗേഷൻ വിഭാഗത്തിൽ കിണറിന്റെ പുനരുദ്ധാരണത്തിനായി പദ്ധതികളൊന്നുംതന്നെ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. കുളത്തിന്റെ പുനരുദ്ധാരണത്തിനായി 6 (ആറ്) പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിൽ ഇറിഗേഷൻ മേഖലയിലെ നാശനഷ്ടങ്ങൾ

151 (2689) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയക്കെടുതികൾമൂലം പാലക്കാട് ജില്ലയിൽ ഇറിഗേഷൻ മേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ ജലവിഭവ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

ഉണ്ട്. പ്രളയക്കെടുതികൾമൂലം ജലസേചന വകുപ്പിന് പാലക്കാട് ജില്ലയിൽ (വൻകിട, ചെറുകിട) പദ്ധതികളുൾപ്പെടെയുണ്ടായ നാശനഷ്ടങ്ങൾ 74.39 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്.

## മൂവാറ്റുപുഴയിൽ നിർമ്മിക്കുന്ന ചെക്ക് ഡാം

152 (2690) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂണ്ടി ജല ശുദ്ധീകരണശാലയ്ക്കായി മൂവാറ്റുപുഴയിൽ നിർമ്മിക്കുന്ന ചെക്ക് ഡാമിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ചൂണ്ടി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് മൂവാറ്റുപുഴ ആറിനു കുറുകെ നിർമ്മിക്കുന്ന തടയണയുടെ 65 ശതമാനം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത തടയണയുടെ പൂർത്തീകരണ കാലാവധി 4-7-2019 ആണ്. പ്രസ്തുത കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ പരിശ്രമിച്ചുവരുന്നു.

## ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമി

153 (2691) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സിവിൽ സ്റ്റേഷന് കിഴക്ക് വശത്തായി ഇറിഗേഷൻ വകുപ്പിന്റെ കൈവശം നിലവിൽ എത്ര സെന്റ് ഭൂമി ഉണ്ട്; സർവ്വേ നമ്പർ, റീ സർവ്വേ നമ്പർ എന്നിവയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ നിലവിൽ എത്ര കെട്ടിടങ്ങളുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ കീഴിൽ കൊയിലാണ്ടി സിവിൽ സ്റ്റേഷന് കിഴക്ക് വശത്തുള്ള ഭൂമി സംബന്ധിച്ച വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

1. ഭൂമിയുടെ അളവ് - 108.18 സെന്റ്

2. സർവ്വേ നമ്പർ -52/1എ

3. റീ-സർവ്വേ നമ്പർ -39/1ബി

ഇതിൽ 35 സെന്റ് സ്ഥലം കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ജലസംഭരണി നിർമ്മിക്കുന്നതിനുമായി വിട്ടുനൽകിയിട്ടുണ്ട്. 4.50 സെന്റ് സ്ഥലം മത്സ്യഗ്രാമം കുടിവെള്ള പദ്ധതിക്ക് കിണർ കുഴിക്കുന്നതിനുവേണ്ടി അനുമതി നൽകിയിട്ടുണ്ട്.

പ്രസ്തുത ഭൂമിയിൽ ഒരു ഓഫീസ് കെട്ടിടവും 2 ക്വാർട്ടേഴ്സുകളും ഉണ്ടായിരുന്നതിൽ ക്വാർട്ടേഴ്സുകൾ രണ്ടും ജലസംഭരണി നിർമ്മാണത്തിനായി പൊളിച്ചുമാറ്റിയിട്ടുണ്ട്.

കൊയിലാണ്ടി സിവിൽ സ്റ്റേഷന് കിഴക്ക് വശത്തായി കൊയിലാണ്ടി മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, കൊയിലാണ്ടി എം.ഐ. സെക്ഷൻ എന്നീ കാര്യാലയങ്ങൾ സ്ഥിതിചെയ്യുന്ന കൈവശഭൂമിയുടെ വ്യക്തമായ അളവ് നിർണ്ണയിച്ചുകിട്ടുന്നതിന് റവന്യൂ അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട്.

മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, മൈനർ ഇറിഗേഷൻ സെക്ഷൻ ഉൾപ്പെടുന്ന കെട്ടിടം നിലവിലുണ്ട്. മറ്റു വിവരങ്ങൾ സർവ്വേ ചെയ്തു കിട്ടിയതിനുശേഷമേ ലഭ്യമാവുകയുള്ളൂ.

**സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് റിപ്പോർട്ട്**

154 (2692) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്തുടനീളം വെള്ളത്തിന്റെയും മണ്ണിന്റെയും ഘടന മാറിയത് പരിസ്ഥിതി സന്തുലനാവസ്ഥയെ ബാധിക്കുമെന്ന് പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റും സംസ്ഥാന ഭൂവിനിയോഗ ബോർഡും നടത്തിയ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; കണ്ടെത്തലുകൾ എന്തെല്ലാം;

(സി) വെള്ളത്തിന്റെയും മണ്ണിന്റെയും ഘടനമാറിയത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നദികളിലും പുഴകളിലും കിണറുകളിലും ജലം വറ്റുന്നകാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്തുടനീളം വെള്ളത്തിന്റെയും മണ്ണിന്റെയും ഘടന മാറിയത് പരിസ്ഥിതി സന്തുലനാവസ്ഥയെ ബാധിക്കുമെന്ന പഠന റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ നദികളിലെ വെള്ളത്തിന്റെ കുറവും ഭൂഗർഭ ജലനിരപ്പിലുണ്ടായ താഴ്ചയും സംബന്ധിച്ച് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റിന്റെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മണ്ണിന്റെ ഘടന മാറിയത് പരിസ്ഥിതി സന്തുലനാവസ്ഥയെ ബാധിക്കുമെന്ന ബന്ധപ്പെട്ട ശിപാർശകളൊന്നുംതന്നെ പ്രസ്തുത റിപ്പോർട്ടിൽ നൽകിയിട്ടില്ല.

(ബി) നദികളിലെ വെള്ളത്തിന്റെ കുറവും ഭൂഗർഭ ജലനിരപ്പിലുണ്ടായ താഴ്ചയും സംബന്ധിച്ച് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റിന്റെ പഠനറിപ്പോർട്ടിന്റെയും പാലക്കാട് ജില്ലയിലെ ഗായത്രി ഉപനീർത്തടം ഉൾപ്പെടുന്ന പ്രദേശത്ത് നടത്തിയ പഠനം സംബന്ധിച്ച കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ റിപ്പോർട്ടിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രളയാനന്തരം മണ്ണിന്റെ ഘടനയിലുണ്ടായിട്ടുള്ള വ്യതിയാനം ജലസംഭരണ ശേഷിയിൽ വരുത്തിയ മാറ്റങ്ങളും ഇതോടൊപ്പം ശക്തമായ പ്രളയത്തിൽ നദികളുടെ അടിത്തട്ടിലുണ്ടായ മാറ്റവും കണക്കിലെടുത്ത് ഭാവിയിൽ ജലസേചന വകുപ്പിന്റെ വിവിധ ഇടപെടലുകൾ പ്രകൃതിക്ക് യോജിച്ച തരത്തിലാകണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം സമഗ്ര നീർത്തട പ്ലാനുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള മുൻഗണനാക്രമവും പരിഗണിക്കും. അതുകൊണ്ടുതന്നെ ഓരോ നീർത്തടത്തിലും ജല സംരക്ഷണത്തോടൊപ്പം പരിസ്ഥിതി സംരക്ഷണവും സാധ്യമാകും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രളയത്തിലുണ്ടായ കുത്തൊഴുക്കിനെത്തുടർന്ന് നദികളുടെ അടിത്തട്ട് താഴ്ന്നത്, നദികളുടെ അടിത്തട്ടിൽ ചെളിയും എക്കലും അടിഞ്ഞ് രൂപപ്പെട്ട സുഷിരങ്ങളില്ലാത്ത പ്രതലം (impermeable layer formation), ജലം തടഞ്ഞുനിർത്തി നീരൊഴുക്ക് സ്ഥായിയാക്കുകയും ഭൂജല പോഷണം സാധ്യമാക്കുകയും ചെയ്തിരുന്ന നിർമ്മിതികൾ/പ്രകൃതിദത്തമായവ ഒലിച്ചു പോയത്, ഭൂവിനിയോഗത്തിൽ വന്ന മാറ്റം കാരണം ഭൂജല പോഷണത്തിൽ സംഭവിച്ച കുറവ് തുടങ്ങിയവ നദികളിലും കിണറുകളിലും ജലലഭ്യത കുറയുവാൻ കാരണമായിട്ടുണ്ട്.

ഡിസംബർ 2018-ലെ ഭൂജലവിതാനം ഡിസംബർ 2017-ലെ ഭൂജലവിതാനവുമായി താരതമ്യ പഠനം നടത്തിയതിൽ നിന്നും സംസ്ഥാനത്ത് നിരീക്ഷണ കിണറുകളിൽ 63 ശതമാനം കിണകറുകളിലും ഭൂജല വിതാനത്തിൽ കുറവുണ്ടായതായി കാണുന്നു. ഇതിൽ ഭൂരിഭാഗം കിണറുകളിലും ഭൂജല വിതാനത്തിലെ കുറവ് 0.5 m-ന് താഴെയാണ്.

നിമ്നോന്നതമായ ഭൂപ്രകൃതിയും ചെറിയ കാലയളവിൽ കൂടുതൽ മഴ ലഭിച്ചതും, ഭൂതലത്തിൽ മഴവെള്ളത്തിന് ഊർന്നിറങ്ങാനുള്ള സമയ ലഭ്യതക്കുറവും ഭൂജല സംപോഷണം നടക്കുന്നതിന് കാലതാമസമുണ്ടാക്കുകയും ഉപരിതല ജലപ്രവാഹമായി പ്രദേശത്തെ മേൽ മണ്ണിനെ ഒഴുക്കി പുഴകളിലും നദികളിലും താഴ്ന്ന പ്രദേശങ്ങളിലും നിക്ഷേപിക്കുകയും ചെയ്ത സാഹചര്യവും സംജാതമായിട്ടുണ്ട്. ഇതുമൂലം ജലഭൃതങ്ങൾ (aquifer) സംപോഷണം ചെയ്യപ്പെടാതിരിക്കാൻ കാരണമായിട്ടുണ്ട്. കൂടാതെ വൃഷ്ടിപ്രദേശങ്ങളിൽ തുടർച്ചയായ മഴയുടെ ആധിക്യംകൊണ്ട് നദിയിലെ അടിത്തട്ടിലെ മണ്ണ് ഒരു പരിധിവരെ ഒഴുകിപ്പോയതിനാൽ നദിയിൽനിന്നും സമീപത്തെ ജലഭൃതങ്ങളിലേയ്ക്ക് ഒഴുകിക്കൊണ്ടിരിക്കുന്ന ഭൂജല പ്രവാഹം തിരിച്ച് ജലഭൃതങ്ങളിൽ നിന്നും നദിയിലേയ്ക്ക് ഒഴുകുന്ന സ്ഥിതി (baseflow) ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിൽ ഇത്തരം പ്രദേശങ്ങളിലെ കിണറുകളിലെ ജലനിരപ്പ് കുറയുവാൻ കാരണമായിട്ടുണ്ട്.

**കൊയിലാണ്ടി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമി**

155 (2693) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സിവിൽ സ്റ്റേഷന് സമീപം തെക്ക് ഭാഗത്തായി ഇറിഗേഷൻ വകുപ്പിന്റെ കൈവശം എത്ര സെന്റ് ഭൂമി ഉണ്ട്; ആയതിന്റെ സർവ്വെ നമ്പർ, റീസർവ്വെ നമ്പർ; എന്നിവ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലത്ത് ഏതെങ്കിലും തരത്തിലുള്ള വികസനപ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ചീഫ് എഞ്ചിനീയർ (ഐ&എ)-യുടെ അധീനതയിൽ കൊയിലാണ്ടി സിവിൽ സ്റ്റേഷന് സമീപം തെക്ക് ഭാഗത്തായി പന്തലായനി വില്ലേജിൽ ഉൾപ്പെടുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ഭൂമിയുടെ അളവ്-17.63 സെന്റ്

സർവ്വേ നമ്പർ-118/1

റീസർവ്വേ നമ്പർ- 4/3 എ

പ്രസ്തുത ഭൂമിയിൽ ഇപ്പോൾ കെട്ടിടങ്ങളില്ല.

**കുഴൽ കിണറുകളിലെ വെള്ളം**

156 (2694) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭൂഗർഭ ജലസ്രോതസ്സുകളിൽ സാധാരണയായി കണ്ടുവരാറുള്ള ലവണങ്ങളായ ഫ്ലൂറൈഡ്, ക്ലോറൈഡ്, അയൺ എന്നിവ കൂടുതലുള്ള കുഴൽക്കിണറുകളിലെ വെള്ളം റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് മുഖേന ശുദ്ധീകരിച്ച് വീണ്ടും ഉപയോഗിക്കുന്ന സംവിധാനം കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ആർ.ഒ. പ്ലാന്റ് ഉപയോഗിച്ച് ശുദ്ധീകരിക്കുന്നതിന് കേരള ജല അതോറിറ്റി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 2016-19 വർഷക്കാലത്തെ നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റി സർക്കാരിന് ഇത് സംബന്ധിച്ച് നൽകിയ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിലെ 20 സ്ഥലങ്ങളിലും തിരുവനന്തപുരം ജില്ലയിലെ പൂവാറിലെ 3 വാർഡുകളിലുമുള്ള കുഴൽക്കിണറുകളിൽ നിന്നുള്ള ഭൂഗർഭജലം റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് മുഖേന ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന ചെറുകിട പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ ഉൾപ്പെടുത്തിയുള്ള വൻകിട പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

കേരള വാട്ടർ അതോറിറ്റി സുരക്ഷിതമായ ഉപരിതല ജലസ്രോതസ്സുകൾ അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് വിഭാവന ചെയ്ത് നടപ്പിലാക്കുന്നത്.

(സി) പരിശോധിച്ചുവരുന്നു. 2016-19 വർഷക്കാലത്തെ നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കുട്ടനാട് പ്രദേശത്തെ പ്രളയബാധിത പ്രദേശങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കുടിവെള്ള വിതരണം സാധ്യമാക്കുന്നതിലേയ്ക്കായി ആവശ്യമായ സ്ഥലങ്ങളിൽ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

പഞ്ചായത്തുകളിൽ സ്ഥാപിച്ച പ്ലാന്റുകളുടെ എണ്ണം താഴെപ്പറയുന്നു:

നീലംപേരൂർ-6, കാവാലം-5, പുളിങ്കുന്ന്-3, എടത്വ-3, പുളിക്കീഴ്-2, നെടുമുടി-കൈനകരി-1, തകഴി-1, തലവടി-1

## ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ നടപടി

157 (2695) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലം കുറയുന്നതിനാൽ കുഴൽകിണർ കുഴിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) പാറക്കുളങ്ങളിലെ വെള്ളം ഉപയോഗ യോഗ്യമാണോ എന്ന് പരിശോധിച്ച് ഏറ്റെടുക്കാൻ ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം റവന്യൂ വകുപ്പ് നൽകിയിട്ടുള്ളതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രതിവർഷം ശരാശരി മൂന്ന് മീറ്ററോളം ജലനിരപ്പ് താഴുന്നതിനാൽ ഭൂഗർഭ ജലം വർദ്ധിപ്പിക്കാൻ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ;

(ഇ) നൈസർഗികമായ ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ മുന്നോട്ട് വച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം; അറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) 2002 ആക്ടിലെ വകുപ്പ് 21(2)A, B പ്രകാരം ചട്ടലംഘനം നടത്തിയിട്ടുണ്ടെന്ന് ബോധ്യമാകുന്ന പക്ഷം ആദ്യ കുറ്റത്തിന് 2,000 രൂപവരെയുള്ള പിഴയും രണ്ടാമത്തേയും അതിനു ശേഷവുമുള്ള കുറ്റത്തിന് ആറ് മാസക്കാലം വരുന്ന തടവുശിക്ഷയോ, 10,000 രൂപവരെ ആകാവുന്ന പിഴയോ ആണ് നിഷ്കർഷിച്ചിട്ടുള്ളത്.

(സി) വരൾച്ച 2017-മായി ബന്ധപ്പെട്ട് ജില്ലയിലെ പാറക്കുളങ്ങൾ കണ്ടെത്തേണ്ടതും അവ കുടിവെള്ള ഉപയോഗത്തിന് പര്യാപ്തമാണോയെന്ന് പരിശോധിച്ചശേഷം അവ ഏറ്റെടുക്കുന്നതിനായി നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും, കൂടാതെ ഇത്തരം ജലസ്രോതസ്സുകളിൽ നിന്നും മറ്റുള്ളവർ ജലചൂഷണം നടത്തുന്നത് തടയേണ്ടതാണെന്നും ദുരന്തനിവാരണ വകുപ്പ് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശപ്രകാരം മൈനർ ഇറിഗേഷൻ തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും റവന്യൂ വകുപ്പിലെ തഹസീൽദാർമാർക്കും കർശന നിർദ്ദേശം നൽകിയതിന്റെയടിസ്ഥാനത്തിൽ ഉപയോഗശൂന്യമായ പാറക്കുളങ്ങളിൽ നിന്നും കുടിവെള്ളം വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ഡി) ജല വകുപ്പ് പ്ലാൻ പദ്ധതിയായ ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ ഭൂജലവിതാനം ഉയർത്തുന്നതിനായി തുറന്ന കിണർ/റീചാർജ്ജ് പിറ്റ്/കുഴൽകിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

ഭൂജല വകുപ്പ് 2016-17 സാമ്പത്തിക വർഷം, ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതിയിൻ കീഴിൽ 40 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചതിൽ 41 തുറന്ന കിണർ/റീചാർജ്ജ് പിറ്റ് എന്നീ പദ്ധതികൾ വിവിധ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 39.68 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 157 ലക്ഷം രൂപ പ്രസ്തുത പദ്ധതിയിൽ അനുവദിച്ചതിൽ നിന്നും 83 തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതികൾ വിവിധ ജില്ലകളിലും, 5 കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണ പദ്ധതികൾ ഇടുക്കി ജില്ലയിലും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 124.32 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 350 ലക്ഷം രൂപ പ്രസ്തുത പദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്. ജില്ലകളിൽ നിന്നും ലഭ്യമായ വിവിധ പ്രൊപ്പോസലുകളിന്മേൽ 97 തുറന്ന കിണർ/ റീചാർജ്ജ് പിറ്റ് പദ്ധതികൾക്കും, 5 കുഴൽകിണൽ റീചാർജ്ജ് പദ്ധതികൾക്ക് കാസർഗോഡ് ജില്ലയ്ക്കുമായി ആകെ 190 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 24 തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) പ്രകൃതിദത്തമായ ജലസ്രോതസ്സുകളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കുളങ്ങൾ, തോടുകൾ എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്തുവരുന്നു. ഇവയുടെ സംരക്ഷണം കൂടുതൽ ശാസ്ത്രീയവും സുസ്ഥിരവുമാക്കി മാറ്റുന്നതിനായി നീർത്തട പ്ലാനുകൾ രൂപപ്പെടുത്തുന്ന പ്രവർത്തനം ഹരിത കേരള മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി" യുടെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ പൂർത്തിയാക്കുന്ന നീർത്തട

പ്ലാനുകൾ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളാക്കിമാറ്റി, നദീതടാടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ/ ഏജൻസികൾ/ ഗവേഷണ സ്ഥാപനങ്ങൾ/ സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ മണ്ണ്, ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ ഹരിത കേരളം ശീർഷകത്തിൽ ലഭിച്ച തുക വിനിയോഗിച്ച് കുളങ്ങളുടെ നവീകരണവും ഏറ്റെടുത്തിട്ടുണ്ട്. ഇതോടൊപ്പം നദികളുടെ ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങളും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുത്തിട്ടുണ്ട്.

## ഇരവിപേരൂർ - തോട്ടപ്പുഴശ്ശേരി - കോയിപ്രം പഞ്ചായത്തുകളിലെ ശുദ്ധജല വിതരണ പദ്ധതി

158 (2696) <u>ശ്രീമതി.വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപേരൂർ - തോട്ടപ്പുഴശ്ശേരി - കോയിപ്രം പഞ്ചായത്തുകൾക്കായി കിഫ്ബി ധനസഹായ പ്രകാരം പ്രഖ്യാപിച്ച ശുദ്ധജല വിതരണ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചോ; വിശദാംശങ്ങൾ നൽകാമോ;

(സി) പദ്ധതി വഴി എത്ര പേർക്ക് ജലം ലഭ്യമാക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു;വ്യക്തമാക്കാമോ;

(ഡി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്?

<u>ഉത്തരം</u>

(എ) കിഫ്ബി 2017-18-ൽ ഉൾപ്പെട്ട പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി, കോയിപ്പുറം പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടി രണ്ടാംഘട്ടത്തിൽ 85 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

(ബി) കിഫ്ബി 2017-18-ൽ ഉൾപ്പെട്ട പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി, കോയിപ്പുറം, പഞ്ചായത്തുകളിലേയ്ക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ രണ്ടാംഘട്ടത്തിൽ ട്രാൻസ്മിഷൻ മെയിനുകളും ജലസംഭരണികളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി, കോയിപ്രം എന്നീ പഞ്ചായത്തുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ (സംസ്ഥാന പദ്ധതി) ഭാഗമായുള്ള ജലശുദ്ധീകരണശാല, കിണർ എന്നിവയ്ക്കായിട്ടുള്ള സ്ഥലം ഏറ്റെടുപ്പ് ജോലികൾ പുരോഗമിച്ചുവരുന്നു.

ജലശുദ്ധീകരണശാലയ്ക്ക് കോയിപ്രം വില്ലേജിൽ ബ്ലോക്ക് നമ്പർ 21-ൽപ്പെട്ട റീ-സർവ്വേ നമ്പർ 53/1-ൽ 350 സെന്റ് സ്ഥലവും വഴിയ്ക്കായി ബ്ലോക്ക് നമ്പർ 21-ൽപ്പെട്ട റീസർവ്വേ നമ്പർ 52/12-ൽ 8 സെന്റ് സ്ഥലവും, കിണറിനും പമ്പ് ഹൗസിനും സബ്സ്റ്റേഷനുമായി ബ്ലോക്ക് നമ്പർ 22-ൽപ്പെട്ട റീസർവ്വേ നമ്പർ 485/19-ൽപ്പെട്ട 30 സെന്റ് സ്ഥലവും ഏറ്റെടുക്കാൻ G.O.(Rt) No.1064/2017/WRD dated 29-12-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിലേയ്ക്കുള്ള ആദ്യ ഗഡുവായി 87.71 ലക്ഷം രൂപ സ്പെഷ്യൽ തഹസീൽദാർ എൽ.എ.(ജി.ഐ.) പത്തനംതിട്ടയ്ക്ക് എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ്, കണ്ടിജൻസി ചാർജ്ജ് വകയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രതിദിനം 35 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലക്കുവേണ്ടി ഉദ്ദേശിച്ചിരുന്ന സ്ഥലമെടുക്കുന്നതിനെതിരെ വസ്തു ഉടമ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)No.5149/2018 ഫയൽ ചെയ്യുകയും തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 30-10-2018-ലെ വിധി പ്രകാരം വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പ്രസ്തുത പരാതിക്കാരിയുമായി ഹിയറിംഗ് നടത്തി പരാതിയിന്മേൽ തീർപ്പു കൽപ്പിക്കുന്നതിനായി നിർദ്ദേശിക്കുകയും ചെയ്തതു പ്രകാരം 15-2-2018-ന് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയത്തിൽവച്ച് നടത്തിയ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഏകദേശം 1.64 ലക്ഷം ജനങ്ങൾക്ക്.

(ഡി) ഒന്നാം ഘട്ടത്തിലെ ശുദ്ധീകരണ ശാലയ്ക്കുള്ള സ്ഥലം ഇതുവരെയും ലഭ്യമായിട്ടില്ല. കൂടാതെ രണ്ടാം ഘട്ടത്തിലും ടാങ്കുകൾക്കുവേണ്ടി സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. വിതരണശൃംഖലയും സ്ഥാപിക്കേണ്ടതുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**വരൾച്ച നേരിടുന്നതിനുള്ള പദ്ധതികൾ**

159 (2697) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് ഉണ്ടാകുന്ന വരൾച്ച നേരിടുന്നതിനായി വാട്ടർ അതോറിറ്റി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) വറ്റാത്ത ജലസ്രോതസ്സുകൾ കണ്ടെത്തി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉദ്ദേശിക്കുന്നുണ്ട്. ഇതുസംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

1. സ്രോതസ്സുകളിൽ ഇപ്പോൾ നിലവിലുള്ള ജലം സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനായി മേഖലാ ചീഫ് എഞ്ചിനീയർമാർക്ക് ഡിസംബർ മാസം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായ സാഹചര്യം വിലയിരുത്തി താൽക്കാലിക തടയണ നിർമ്മാണം, ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ, തുടങ്ങി അത്യാവശ്യ മുൻകരുതൽ പ്രവൃത്തികൾ ആവശ്യാനുസരണം പൂർത്തിയാക്കിയിട്ടുണ്ട്.

3. പുതിയ കിണർ കുഴിക്കൽ, കേടായതും കാര്യക്ഷമത കുറഞ്ഞതുമായ പമ്പ്/മോട്ടോർ തുടങ്ങിയവ നന്നാക്കൽ, ഇന്റർകണക്ഷൻ, ടാങ്കർ ലോറിക്ക് ജലം നിറയ്ക്കാനുള്ള സൗകര്യമൊരുക്കൽ തുടങ്ങി ജലവിതരണം സുഗമമായി നടത്തിക്കൊണ്ടു പോകാനുള്ള വിവിധയിനം പ്രവൃത്തികൾ പ്രാദേശികമായ ആവശ്യങ്ങൾക്കനുസരിച്ച് നടപ്പാക്കുന്നതാണ്.

4. സാധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക്ഡാമുകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കുവാനുള്ള പദ്ധതികൾ പരിഗണനയിലാണ്.

5. ലഭ്യമായ ജലം വേണ്ട രീതിയിൽ സംരക്ഷിക്കുവാൻ ആവശ്യമായ മുൻകരുതൽ എടുക്കുവാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

6. പൈപ്പിലൂടെയുള്ള ജലവിതരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ധനലഭ്യതയ്ക്കനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്.

7. എല്ലാ കാലത്തും ജലലഭ്യത ഉറപ്പുവരുത്താൻവേണ്ടി കാലപ്പഴക്കം ചെന്ന പൈപ്പുകൾ, പമ്പുകൾ, മോട്ടോറുകൾ മറ്റു അനുബന്ധ സാമഗ്രികൾ എന്നിവ മാറ്റി സ്ഥാപിച്ചും വിതരണ ശൃഖലയിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും, ജലചൂഷണം, ജലദുരുപയോഗം എന്നിവ തടയുന്നതിനുവേണ്ടി ബോധവൽക്കരണം നടത്തിയും നടപടികൾ സ്വീകരിക്കുന്നുണ്ട്.

8. ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകൾ സാധ്യമായ രീതിയിൽ സംരക്ഷിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

9. വരൾച്ചാ സമാനമായ സാഹചര്യമുണ്ടായാൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ അവലോകന യോഗത്തിൽ നിർദ്ദേശിക്കപ്പെട്ട അടിയന്തര പരിഹാര മാർഗ്ഗങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, നീരൊഴുക്ക് സുഗമമാക്കുക എന്നീ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നുണ്ട്. നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർ കം ബ്രിഡ്ജുകളും നിർമ്മിക്കുവാനുള്ള പദ്ധതികൾ പരിഗണനയിലാണ്.

ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകൾ സാധ്യമായ രീതിയിൽ സംരക്ഷിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ദീർഘകാലാടിസ്ഥാനത്തിൽ ഭൂജല സ്രോതസ്സുകളെ വരൾച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പ്ലാൻ പദ്ധതി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നു.

## എ.ഡി.ബി.-യുടെ ധനസഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതികൾ

160 (2698) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ എ.ഡി.ബി.യുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിൽ എന്തെങ്കിലും കാലതാമസം നേരിടുന്നുണ്ടോ; വിശദമാക്കാമോ;

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലാണ് എ.ഡി.ബി. പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം (ഭാഗികം), കൊച്ചി എന്നീ നഗരങ്ങളിൽ എ.ഡി.ബി-യുടെ ധനസഹായത്താൽ 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കുന്നതിനുള്ള സർവ്വേ പ്രവൃത്തികൾ എ.ഡി.ബി. നിയോഗിച്ച കൺസൾട്ടൻസി വഴി പൂർത്തീകരിച്ചുവരുന്നു.

(ബി) പഴക്കംചെന്ന പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സംസ്ഥാന പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തി, അമൃത്, കിഫ്ബി എന്നിവയിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നും റോഡ് മുറിക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനുള്ള കാലതാമസം പ്രവൃത്തിയെ ബാധിക്കാറുണ്ട്.

(സി) കാലതാമസം ഒഴിവാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായും മറ്റ് ബന്ധപ്പെട്ട വകുപ്പുമായും ബന്ധപ്പെട്ട് ഉന്നതതല യോഗങ്ങൾ സംഘടിപ്പിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

## ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിന് കർമ്മ പരിപാടി

161 (2699) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) ഇതിനുള്ള ധനസമാഹരണം എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദീകരിക്കാമോ?

### ഉത്തരം

(എ) പഴയ പൈപ്പുലൈനുകളിലെ ചോർച്ചകളാണ് പ്രധാനമായും ജലവിതരണത്തെ ബാധിക്കുന്നത്. നിലവിൽ ചോർച്ചമൂലമുള്ള ജലനഷ്ടം കുറയ്ക്കുവാനായി ലീക്കുകൾ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ ചെയ്ത് പരിഹരിക്കുന്നതിലേയ്ക്കായി റണ്ണിംഗ് കോൺട്രാക്ട്, ബ്ലൂ ബ്രിഗേഡ്, എന്നീ സംവിധാനവും പ്രവർത്തിച്ചുവരുന്നു. പുറമേ കാണപ്പെടാത്ത ലീക്കുകൾ കണ്ടുപിടിച്ച് പരിഹരിക്കാൻവേണ്ടി ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നു. കാലപ്പഴക്കം ചെന്ന പൈപ്പുകളാണ് കൂടുതലും പൊട്ടുന്നത് എന്നതിനാൽ ഇത്തരം പൈപ്പുകൾ കണ്ടെത്തി സംസ്ഥാന ബഡ്ജറ്റ് (State Plan Fund), തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികൾ, കിഫ്ബി, നബാർഡ്, അമൃത് പദ്ധതി എന്നിവയിലുൾപ്പെടുത്തി അവ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ എം.എൽ.എ./എം.പി-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൈപ്പുകൾ മാറ്റി സ്ഥാപിച്ച് ജലനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ജല മോഷണം തടയുന്നതിനായി ആന്റി തെഫ്റ്റ് സ്ക്വാഡും പ്രവർത്തിച്ചുവരുന്നു.

കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും ജലലഭ്യത കുറഞ്ഞു വരുന്ന നദീതീര പദ്ധതികളുടെ കാച്ച്മെന്റ് ഏരിയയിൽ താൽക്കാലിക തടയണകൾ സ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തിയും ചെളി കയറി അടഞ്ഞു പോകുന്ന ഇൻഫിൽട്രേഷൻ ഗ്യാലറികളുടെ അറ്റകുറ്റപ്പണികൾ തീർത്ത് പ്രവർത്തനക്ഷമമാക്കിയും കുഴൽകിണറുകളിലും ഇൻടേക്ക് വെല്ലുകളിലും സ്ഥാപിച്ചിട്ടുള്ള മോട്ടോറുകളുടെയും പമ്പുസെറ്റുകളുടെയും പ്രവർത്തനക്ഷമത കൂട്ടിയും നിലവിൽ വിതരണ ശൃംഖല ഇല്ലാത്ത പ്രദേശങ്ങളിൽ ജലലഭ്യതയനുസരിച്ച് പുതിയ വിതരണ ശൃംഖലകൾ സ്ഥാപിച്ചും ജലദൗർലഭ്യമുള്ള പ്രദേശങ്ങളിലെ വിതരണ ശൃംഖലകളും ജലലഭ്യത കൂടിയ വിതരണ ശൃംഖലകളും തമ്മിൽ കൂട്ടി യോജിപ്പിച്ചും ജലമർദ്ദംമൂലം കേടാകുന്ന പഴയ എ.സി.

പൈപ്പുകൾ മാറ്റി പകരം വിതരണ ശൃംഖല സ്ഥാപിച്ചും വിതരണ പമ്പിംഗ് ലൈനിലുള്ള അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിച്ച് ജലനഷ്ടം പരിഹരിക്കുന്നതിനും ജലചൂഷണം തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചും പൈപ്പ് ലൈൻ വഴി വെള്ളം എത്തിച്ചേരാത്ത പ്രദേശങ്ങളിലെ ടാങ്കറുകൾ വഴി ജലവിതരണം നടത്തിയും ആധുനിക ട്രീറ്റ്മെന്റ് സംവിധാനം വഴി (RO plant) കുടിക്കാനുള്ള ശുദ്ധജലം തീർത്ഥാടന കേന്ദ്രങ്ങളിലും ശബരിമല, മാരാമൺ, ചെറുകോൽപ്പുഴ, കുട്ടനാട്ടിലെ ജലവിതരണ പദ്ധതികളുടെ പ്രയോജനം ലഭിക്കാത്ത പ്രദേശങ്ങളിലും നടപ്പിലാക്കി സംസ്ഥാനത്തെ ശുദ്ധജലവിതരണം മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രൊപ്പോസലുകൾക്ക് 433.33 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. അവയിൽ 7 സർക്കിളുകളിലെ 76 പ്രൊപ്പോസലുകൾക്ക് 294.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ശേഷിക്കുന്ന 4 സർക്കിളുകളിലെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്. 2017-18-ൽ ഉൾപ്പെട്ടിട്ടുള്ള 35 പദ്ധതികൾക്ക് സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും അവയിൽ 21 കുടിവെള്ള പദ്ധതികൾക്ക് 1140.784 കോടി രൂപയുടെ ധനസഹായത്തിനുള്ള അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുമുണ്ട്. മേൽ പദ്ധതികളിൽ 4 പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ശേഷിക്കുന്ന 14 കുടിവെള്ള പദ്ധതികൾ (മതിപ്പ് തുക 1144.50 കോടി രൂപ) കിഫ്ബിയുടെ പരിഗണനയിലാണ്. 2018-19-ൽ ഉൾപ്പെട്ട 2 കിഫ്ബി പദ്ധതികൾക്ക് 262.5 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ആയത് കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് (State Plan Fund), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികൾ, കിഫ്ബി, നബാർഡ്, അമൃത് പദ്ധതി എന്നിവയിൽനിന്ന് കണ്ടെത്തുന്നു.

**ശുദ്ധജല വിതരണ പദ്ധതികൾ**

162 (2700) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ 37 ശുദ്ധജല വിതരണ പദ്ധതികൾക്കായി കിഫ്ബിയിൽ നിന്നും ഇതിനകം എത്ര തുക അനുവദിച്ചു; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിന്റേയും നിലവിലെ സ്ഥിതിയും എത്ര തുക ഓരോ പദ്ധതിക്കും ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ 36 കിഫ്ബി പദ്ധതികളിൽ തത്വത്തിൽ അംഗീകാരം നൽകിയ 35 പദ്ധതികളിൽ 21 കുടിവെള്ള പദ്ധതികൾക്ക് 1140.784 കോടി രൂപയുടെ ധനസഹായത്തിനുള്ള അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാകുകയും അവയിൽ 4 പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 35 പദ്ധതികളിൽ ശേഷിക്കുന്ന 14 കുടിവെള്ള പദ്ധതികൾ (മതിപ്പ് തുക 1144.50 കോടി രൂപ) കിഫ്ബിയുടെ പരിഗണനയിലാണ്. കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തിയ 36 പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു. *

പദ്ധതിയ്ക്കുവേണ്ടി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**പ്രളയത്തിൽ തകർന്ന കുടിവെള്ള പദ്ധതികൾ**

163 (2701) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന കുടിവെള്ള പദ്ധതികൾ ഉൾപ്പെടെയുള്ള ജലവിതരണ പദ്ധതികൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ജലവിഭവ വകുപ്പ് നിശ്ചിത സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വിവിധ വകുപ്പുകളുമായി ഏകോപിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

ഉത്തരം

(എ) പ്രളയത്തിൽ കേടുപാടുവന്ന ജലവിതരണ പദ്ധതികൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി രണ്ട് പദ്ധതികൾ ഒഴികെ മറ്റെല്ലാ പദ്ധതികളും പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്. ഇനിയും കുടിവെള്ള വിതരണം പുനഃസ്ഥാപിക്കുവാനുള്ള രണ്ടു പദ്ധതികൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന സമയക്രമം താഴെ കൊടുത്തിരിക്കുന്നു.

| പദ്ധതി | ജില്ല | പുനഃസ്ഥാപിക്കുന്ന തീയതി |
|---|---|---|
| കോടഞ്ചേരി-കണ്ടപ്പൻചാൽ-കുരോട്ടുപാറ | കോഴിക്കോട് | 28-2-2019 |
| അരയാഞ്ഞിലിമൺ | പത്തനംതിട്ട | 31-5-2019 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രളയാനന്തര പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിവരുന്നു.

**കാസർഗോഡ് ജില്ലയിലെ കുടിവെള്ളപദ്ധതി**

164 (2702) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽപ്പെടുത്തി കാസർഗോഡ് ജില്ലയിലെ കാസർഗോഡ് മുനിസിപ്പാലിറ്റിയിലും ചെമ്മനാട് പഞ്ചായത്തിലും കുടിവെള്ളം എത്തിക്കുന്ന പദ്ധതിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്തെന്ന് വിശദമാക്കാമോ;

(സി) ചെമ്മനാട് പഞ്ചായത്തിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് തടസ്സം ഉണ്ടായ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ചട്ടഞ്ചാൽ വ്യവസായ പാർക്കിലെ ഉയർന്ന ഒഴിഞ്ഞ സ്ഥലം ഇതിനായി ആവശ്യപ്പെടുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഒന്നാം ഘട്ടത്തിന് 76 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) 4 പാക്കേജുകളായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ മൂന്ന് പാക്കേജുകളുടെ 70 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. എന്നാൽ നാലാം പാക്കേജിൽ ഉൾപ്പെട്ട ചെമ്മനാട് പഞ്ചായത്തിലെ ജലസംഭരണി നിർമ്മിക്കേണ്ട സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല. പ്രസ്തുത സ്ഥലത്തിന്റെ സാമൂഹ്യാഘാത പഠനം നടക്കുന്നതായി കാസർഗോഡ് ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) അറിയിച്ചിട്ടുണ്ട്.

(സി) ചെമ്മനാട് പഞ്ചായത്തിൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജലസംഭരണി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ പരിസ്ഥിതി ആഘാതപഠനം നടന്നുവരികയാണെന്ന് ബന്ധപ്പെട്ട കാസർഗോഡ് (ലാന്റ് അക്വിസിഷൻ) ഡെപ്യൂട്ടി കളക്ടറുടെ ഓഫീസിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ജലസംഭരണി നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ചട്ടഞ്ചാൽ വ്യവസായ പാർക്കിലെ ഒഴിഞ്ഞ സ്ഥലം ഇതുവരെ പരിഗണിച്ചിട്ടില്ല. സാധ്യതാ പഠനം നടത്തിയശേഷം നിശ്ചയിക്കപ്പെട്ട സ്ഥലം ലഭ്യമാകാത്ത ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത സ്ഥലം സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കാൻ സാധിക്കുന്നതാണ്.

**കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ**

165 (2703) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ ശുദ്ധജലം ലഭ്യമാക്കുവാനായി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണ്; അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിനും കിഫ്ബിയിൽ നിന്നും ഇതിനകം അനുവദിച്ച തുക എത്രയെന്നും ചെലവാക്കിയ തുകയെത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ ശുദ്ധജലം ലഭ്യമാക്കുവാനായി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളും അവയിൽ ഓരോന്നിനും കിഫ്ബിയിൽ നിന്നും ഇതിനകം അനുവദിച്ച തുകയും ചെലവാക്കിയ തുകയും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

**കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി**

166 (2704) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) ഇവിടത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്;

(സി) കിഫ്ബിയിൽ നിന്നും ഇതിലേക്കായി എന്ത് തുക ഇതിനകം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം 3 പാക്കേജുകളിലായി പുരോഗമിച്ചുവരുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) കുട്ടനാടിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി " കുട്ടനാട് കുടിവെള്ള പദ്ധതി രണ്ടാംഘട്ടം" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിനനുസരിച്ച് കിഫ്ബിയിൽ ഉൾപ്പെടുത്തി 289 കോടി രൂപയുടെ പുതിയ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റിയുടെ ബൾക്ക് വാട്ടർ സപ്ലൈ

167 (2705) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ബൾക്ക് വാട്ടർ സപ്ലൈയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് എന്തെങ്കിലും നിർദ്ദേശം വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ടോ;

(ബി) 2017-2018-ൽ സ്ഥാപനത്തിനുണ്ടായ ലാഭ-നഷ്ട കണക്ക് വിലയിരുത്താമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

| ക്രമ നമ്പർ | വാർഷിക വരവ് 2017-18 | രൂപ (കോടിയിൽ) |
|---|---|---|
| 1 | വെള്ളക്കരത്തിൽ നിന്നുള്ള വരുമാനം | 591.45 |
| 2 | കേരള സർക്കാർ പദ്ധതിയേതര വിഹിതം | 312.24 |
| 3 | കേന്ദ്ര സർക്കാരിൽ നിന്നുള്ള വിഹിതവും മറ്റു വരുമാനവും | 49.38 |
| | ആകെ വരവ് (A) | 953.07 |

| വാർഷിക ചെലവ് 2017-18 | രൂപ (കോടിയിൽ) |
|---|---|
| ശമ്പളവും കരാർ വേതനവും | 480.67 |
| പ്രതിമാസ പെൻഷൻ | 221.35 |
| കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി-യും മറ്റു പെൻഷൻ ആനുകൂല്യങ്ങളും | 106.40 |
| വൈദ്യുതി ചെലവ് | 281.44 |
| അറ്റകുറ്റപ്പണികളുടെ ചെലവ് | 78.19 |
| മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 61.59 |
| വായ്പാ തിരിച്ചടവും പലിശയും | 16.00 |
| ആകെ ചെലവ് (B) | 1245.64 |
| കമ്മി (A-B) | 292.57 |

തേയ്മാനചെലവും (ഡിപ്രീസിയേഷൻ) സർക്കാർ വായ്പയുടെ പലിശയും പരിഗണിക്കാതെയാണ് വാർഷിക കമ്മി കണക്കാക്കിയിരിക്കുന്നത്. വർഷങ്ങളായി കേരള വാട്ടർ അതോറിറ്റി റവന്യൂ കമ്മിയിലാണ് പ്രവർത്തിച്ചുവരുന്നത്. സർക്കാരിൽനിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധിവരെ സഹായകമാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ളക്കരത്തിൽ വർദ്ധനവുണ്ടാകുന്നില്ല.

**ജലവിതരണ പദ്ധതികൾക്ക് സൗരോർജ്ജം**

168 (2706) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണ പദ്ധതികൾക്കായി വൈദ്യുതി ചാർജ്ജിനത്തിൽ വൻതുക ചെലവഴിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിന് വാട്ടർ അതോറിറ്റി ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അതോറിറ്റി പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആലോചിച്ചിട്ടുണ്ട്.

(ബി) സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിനായി സ്റ്റേറ്റ് പ്ലാൻ 2018-19 ഇന്നവേറ്റീവ് ടെക്നോളജീസ് ആന്റ് മോഡേൺ മാനേജ്മെന്റ് പ്രാക്ടീസസ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തി 6 പ്രവൃത്തികൾക്ക് 307 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* പാലക്കാട് ജില്ലയിൽ ജലവിഭവ വകുപ്പിന്റെ (കേരള വാട്ടർ അതോറിറ്റി-ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്) അധീനതയിൽ വരുന്ന സ്ഥലങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ച് സൗരോർജ്ജം ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ ഏൽപ്പിച്ചിട്ടുള്ളതും ആയത് (DER) വിശദമായ പരിശോധനയിലുമാണ്. ഇതുകൂടാതെ ജില്ലാതലത്തിൽ സോളാർ പാനൽ സ്ഥാപിക്കാൻ അനുയോജ്യമായ രണ്ട് ഏക്കറിൽ കൂടുതൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിസ്തൃതിയുള്ള കേരള വാട്ടർ അതോറിറ്റിയുടെയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെയും സ്ഥലങ്ങളും കേരള വാട്ടർ അതോറിറ്റിയുടെ 100 സ്ക്വയർ മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള ടാങ്കുകളും കെട്ടിടങ്ങളും കണ്ടെത്തി ഈ സ്ഥലങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനാവശ്യമായ വിവര ശേഖരണം നടത്തിവരികയാണ്. ജില്ലാതലത്തിലുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

**വാട്ടർ ടാങ്കുകൾ വൃത്തിയാക്കുവാനുള്ള സംവിധാനങ്ങൾ**

169 (2707) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള വാട്ടർ ടാങ്കുകൾ കാലാകാലങ്ങളിൽ വൃത്തിയാക്കുവാൻ വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഉദ്യോഗസ്ഥർ യഥാസമയം ഇത് പാലിക്കുന്നുണ്ടോ എന്ന് അതോറിറ്റി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ;

(സി) വാട്ടർ ടാങ്കുകൾ പലതും യഥാസമയം വൃത്തിയാക്കാത്തതുമൂലം മാലിന്യം കലർന്ന കുടിവെള്ളം വിതരണം ചെയ്യപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ വ്യക്തമായ വിശദ വിവരം നൽകാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള വാട്ടർ ടാങ്കുകൾ കാലാകാലങ്ങളിൽ കഴുകി വൃത്തിയാക്കുന്നതിന് ഒരു വർഷത്തെ അറ്റകുറ്റപ്പണിയിൽ ഉൾപ്പെടുത്തിയോ ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് കരാറുകാരെ ഏർപ്പെടുത്തിയോ കൃത്യമായ ഇടവേളകളിൽ വൃത്തയാക്കി വരുന്നുണ്ട്. കൂടാതെ ജലത്തിൽ മാലിന്യങ്ങൾ കലരാനിടയാകുകയോ/ പുഴയിൽ കലക്കൽ കൂടുകയോ ചെയ്യുന്ന സമയം പമ്പിംഗ് നിർത്തിവച്ച് പ്രത്യേകം ടാങ്ക് കഴുകി വൃത്തിയാക്കാറുണ്ട്.

(ബി) പരിശോധിക്കുന്നുണ്ട്. യഥാസമയം കരാറുകാരൻ ഉദ്യോഗസ്ഥരുടെ നിർദ്ദേശമനുസരിച്ച് അവരുടെ മേൽനോട്ടത്തിലാണ് ടാങ്ക് വൃത്തിയാക്കുന്നത്. ആയത് ഇൻസിഡന്റ് റിപ്പോർട്ടിൽ രേഖപ്പെടുത്താറുമുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോങ്കയം കുടിവെള്ള പദ്ധതിയുടെ നവീകരണ പ്രവൃത്തികൾ**

170 (2708) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ കോങ്കയം കുടിവെള്ള പദ്ധതിയുടെ നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് പകരം കോഡൂർ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും ശുദ്ധജല വിതരണമെത്തിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുവാൻ കേരള വാട്ടർ അതോറിറ്റി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) മുപ്പത് വർഷത്തോളം പഴക്കമുള്ള കോങ്കയം കുടിവെള്ള പദ്ധതിയുടെ നവീകരണ ജോലികൾ ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഡൂർ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ശുദ്ധീകരിച്ച വെള്ളം എത്തിക്കുന്നതിനുവേണ്ടി 17.79 കോടി രൂപയുടെ ഡീറ്റയിൽ എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഡി.ഇ.ആർ.) കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ എം.എൽ.എ-യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 1.52 കോടി രൂപയും മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 20 ലക്ഷം രൂപയും ഉപയോഗിച്ച് കോഡൂർ പഞ്ചായത്തിലെ വാർഡ് നമ്പർ 7, 8, 10, 12, 13, 14, 15, 17, 18 (ഭാഗികമായി)- ലേക്ക് ശുദ്ധീകരിച്ച ജലം എത്തിക്കുന്നതിനുവേണ്ടി നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന ഒതുക്കുങ്ങൽ പൊന്മള പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ ദീർഘിപ്പിച്ചിട്ടുണ്ട്. ഒതുക്കുങ്ങൽ പൊന്മള പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി ഈ പ്രദേശത്തേക്ക് ശുദ്ധജലം എത്തിക്കുവാൻ കഴിയും.

(ബി) കോഡൂർ പഞ്ചായത്തിനായുള്ള പദ്ധതിയുടെ അനിവാര്യത സ്രോതസ്സിന്റെ പര്യാപ്തത, പദ്ധതി ഗുണഭോക്താക്കളുടെ വിവരം എന്നിവ സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് പ്ലാനിംഗ് ആന്റ് ഡിസൈൻ (പി.പി.ഡി.) വിഭാഗവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) നിലവിലുള്ള പദ്ധതിയുടെ നവീകരണം ഇപ്പോൾ പരിഗണനയിലില്ല. എന്നിരുന്നാലും ധനസ്രോതസ്സിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത നവീകരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്.

## ഹരിപ്പാട് കേന്ദ്രമാക്കി വാട്ടർ അതോറിറ്റിയുടെ പുതിയ ഡിവിഷൻ

171 (2709) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കേന്ദ്രമാക്കി വാട്ടർ അതോറിറ്റിയുടെ ഒരു പുതിയ ഡിവിഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും പ്രസ്തുത നിർദ്ദേശത്തിന്റെ നിലവിലെ അവസ്ഥ എന്തെന്നും ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഹരിപ്പാട് കേന്ദ്രമാക്കി കേരള വാട്ടർ അതോറിറ്റിയുടെ ഒരു പുതിയ ഡിവിഷൻ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ആലപ്പുഴ ജില്ലാ വികസന സമിതി യോഗത്തിന്റെ പ്രമേയം ആലപ്പുഴ ജില്ലാ കളക്ടർ മുഖാന്തരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. ആയതിന്മേൽ 8-2-2019-ലെ കെ.ഡബ്യൂ.എ/ജെ.ബി/ഇ2(എ)1585/2019 നമ്പർ കത്ത് പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി മധ്യമേഖലാ ചീഫ് എഞ്ചിനീയറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമം

172 (2710) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മണ്ഡലത്തിലെ തമ്പാനൂർ, വഴുതക്കാട്, ജഗതി, ഫോർട്ട് തുടങ്ങി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം മണ്ഡലത്തിലെ ഫോർട്ട് തമ്പാനൂർ, ജഗതി ഭാഗങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ചിലയിടങ്ങളിൽ ജലക്ഷാമമുള്ളതായി പരാതികൾ വരുമ്പോൾ അത്തരം സ്ഥലങ്ങളിൽ വാൽവുകൾ ക്രമീകരിച്ച് ജലവിതരണം കാര്യക്ഷമമാക്കാറുണ്ട്. വഴുതക്കാട് ഭാഗത്തെ

വിവിധ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുന്നതിനായി അമൃത് പദ്ധതിയിൽപ്പെടുത്തി കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ചുവരുന്നു. കൂടാതെ ജിക്ക/ജൻറം പദ്ധതിയിൽ സ്ഥാപിച്ച പൈപ്പുകൾ നിലവിലുള്ള പൈപ്പുമായി ബന്ധിപ്പിച്ച് ജലലഭ്യത മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും പുരോഗമിക്കുന്നുണ്ട്. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി അമൃത് പദ്ധതിയിലുൾപ്പെടുത്തി അരുവിക്കരയിൽ കേരള ജല അതോറിറ്റിയുടെ സ്ഥലത്ത് 75 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും നിർമ്മിച്ച് നിലവിലുള്ള ജല വിതരണക്കുഴലുകൾ വഴി തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും ശുദ്ധജലം എത്തിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. ഇതിന് അമൃത് പദ്ധതിയിലുൾപ്പെടുത്തി 70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നെയ്യാർ ഡാമിന് അടുത്തായി 120 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിച്ച് ഇതിൽനിന്നും 100 എം.എൽ.ഡി. ശുദ്ധജലം തിരുവനന്തപുരം നഗരത്തിൽ എത്തിക്കാനായി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള പദ്ധതിക്ക് 60 കോടി രൂപ സ്റ്റേറ്റ് പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. ജല ശുദ്ധീകരണശാലയുടെ ദർഘാസിന്റെ പ്രാഥമിക നടപടികൾ നടന്നുവരുന്നു. പൈപ്പ്‌ലൈൻ സ്ഥാപിക്കലിനും അനുബന്ധ ഘടകങ്ങൾക്കുമുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാൻ സാധിക്കും. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി വാൽവുകൾ ക്രമീകരിച്ചും ലീക്കുകൾ യഥാസമയം പരിഹരിച്ചും കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ചും നടപടി സ്വീകരിക്കുന്നുണ്ട്.

സ്മാർട്ട് സിറ്റിയുടെ ഭാഗമായ "ഏരിയ ബെയ്സ്ഡ് ഡെവലപ്മെന്റ്" (എ.ബി.ഡി.) പ്രദേശങ്ങൾ ഉൾപ്പെടെ തിരുവനന്തപുരം നഗരത്തിന്റെ ഹൃദയ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ (എ.ഡി.ബി.) ധനസഹായത്തോടുകൂടി 24x7 ശുദ്ധജല വിതരണ സമ്പ്രദായം നടപ്പിലാക്കുന്ന പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

**പൂക്കോട്ടൂർ-മൊറയൂർ-മുൽപ്പക സമഗ്ര കുടിവെള്ള പദ്ധതി**

173 (2711) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ-മൊറയൂർ-മുൽപ്പക സമഗ്ര കുടിവെള്ള പദ്ധതിയുടെ സർവ്വേ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് (ഡി.ഇ.ആർ.) തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് പദ്ധതിക്ക് എത്രയും വേഗം ഭരണാനുമതി നൽകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ-മൊറയൂർ-മൂൽപ്പക പഞ്ചായത്തുകൾക്കുള്ള 24 MLD-യുടെ സമഗ്ര കുടിവെള്ള പദ്ധതി ഇൻവെസ്റ്റിഗേഷൻ ഘട്ടത്തിലാണ്. പദ്ധതി ചാലിയാർ സ്രോതസ്സാക്കി ഡിസൈൻ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ രൂപകൽപ്പന പ്രാരംഭഘട്ടത്തിലാണ്. സർവ്വേ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി&സി) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടില്ല. ഡി.എ.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക സർവ്വേ വിവിധ ഘടകങ്ങളുടെ അനുയോജ്യമായ സ്ഥലം, വിശദമായ സർവ്വേ ഇവ നടത്തേണ്ടതുണ്ട്. പ്രധാന ഘടകങ്ങളുടെ സർവ്വേ, ഡിസ്ട്രിബ്യൂഷൻ പൈപ്പുകളുടെ സർവ്വേ ഇവ തുടർന്ന് നടത്തുകയും ഡിസൈൻ ചെയ്യുകയുമാണ് ചെയ്യുന്നത്.

**കേരള വാട്ടർ അതോറിറ്റിയിലെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി**

174 (2712) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ കേരള വാട്ടർ അതോറിറ്റിയിൽ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി യഥാസമയം പ്രൊമോഷൻ നൽകാത്തതിന്റെ കാരണം എന്താണ്;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ 2019-ൽ ഡി.പി.സി. കൂടാത്തതിന് എന്താണ് കാരണം; ഇതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വിജിലൻസ് ക്ലിയറൻസ് 'ഹയർ' ഡി.പി.സി.-ക്ക് 2019 ലേക്ക് ലഭിക്കാത്ത എ.ഇ., എ.ഇ.ഇ., ഇ.ഇ.-എസ്.ഇ/ഡി.ഐ.ഇ., എസ്.എസ്,ഡി.എ. എന്നീ വിഭാഗത്തിലെ ഉദ്യോഗസ്ഥർ ആരെല്ലാം;

(സി) കേരള വാട്ടർ അതോറിറ്റിയിൽ എത്ര ഒഴിവുകൾ ഡി.പി.സി. കൂടാത്തതിനാൽ നിലവിലുണ്ട്; കാറ്റഗറി തിരിച്ച് എണ്ണം വ്യക്തമാക്കാമോ;

(ഡി) 2019-ലെ ഹയറും- ലോവറും ഡി.പി.സി.കൾ എന്ന് ചേരും; അറിയിക്കാമോ;

(ഇ) സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 2018-ൽ കേരള വാട്ടർ അതോറിറ്റിയിൽ ഡിപ്പാർട്ട്മെന്റൽ പ്രൊമേഷൻ കമ്മിറ്റി കൂടി യഥാസമയം പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) 2019-ൽ ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായി കാണുന്നില്ല.

ഹയർ ഡി.പി.സി. വിജിലൻസ് ക്ലിയറൻസ് ലഭിക്കാത്ത ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ - എക്സിക്യൂട്ടീവ് എഞ്ചിനിയർ

1. Sri. K. S. Praveen
2. Sri.T. N. Surendran
3. Sri. Suresh K
4. Sri. Chandrakumar C. R
5. Sri. Hari. N. R
6. Sri. Subramonian R
7. Sri.Vijils. D

ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ - സീനിയർ സൂപ്രണ്ട്

കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പുന:ക്രമീകരണം പൂർത്തീകരിക്കുന്നതിന്റെ പ്രക്രിയ നടന്നു വരുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വിജിലൻസ് ക്ലിയറൻസ് ആവശ്യമായി വരികയുള്ളൂ.

(സി) ഹയർ ഡി.പി.സി.-യിൽപ്പെടുന്ന കാറ്റഗറികളിലെ ഒഴിവുകൾ താഴെ പറയും പ്രകാരമാണ്:

| ക്രമ നമ്പർ | തസ്തിക | ഒഴിവുകൾ |
|---|---|---|
| 1 | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 1 |
| 2 | സീനിയർ സൂപ്രണ്ട് | 10 |
| 3 | ചീഫ് എഞ്ചിനീയർ | 1 |
| 4 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 |
| 5 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 11 |

(ഡി) തീയതി തീരുമാനിച്ചിട്ടില്ല.

(ഇ) സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റിയിൽ പുതിയ സെക്ഷൻ

175 (2713) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ പുതിയ സെക്ഷനുകൾ, സബ് ഡിവിഷൻ ഓഫീസുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ജോലിഭാരം കൂടുതലുള്ള മേഖലകളിൽ പൊതുജനങ്ങൾക്ക് പെട്ടെന്ന് സേവനം ലഭ്യമാക്കാൻ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. ജോലിഭാരം കൂടുതലുള്ള മേഖലകളിൽ പുതിയ ഓഫീസുകളുടെ ആവശ്യകത വരുമ്പോഴും ജനപ്രതിനിധികൾ, ബന്ധപ്പെട്ട അധികാരികൾ എന്നിവരിൽ നിന്നും ലഭിക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിലും ആവശ്യകതയനുസരിച്ച് പ്രൊപ്പോസൽ തയ്യാറാക്കി കേരള വാട്ടർ അതോറിറ്റി ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ബോർഡ് തീരുമാനമനുസരിച്ച് സെക്ഷനുകൾ, സബ് ഡിവിഷൻ ഓഫീസുകൾ എന്നിവ ആരംഭിക്കുകയും ചെയ്യുന്നു.

## കേരള വാട്ടർ അതോറിറ്റിയിൽ കൂടുതൽ തസ്തികകൾ

176 (2714) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടുകൾ ലഭ്യമാക്കാമോ; ഇത് നടപ്പാക്കുവാൻ എന്താണ് തടസ്സമെന്നത് അറിയിക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർ തസ്തികയുടെ അടിസ്ഥാന യോഗ്യത എന്താണെന്ന് വെളിപ്പെടുത്താമോ;

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ കൂടുതൽ തസ്തികകൾ ആവശ്യമുണ്ടോ; അത് സൃഷ്ടിക്കാൻ ശ്രമമുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

പ്രസ്തുത റിപ്പോർട്ട് സ്ഥാപന ശാക്തീകരണത്തിനായി വാട്ടർ അതോറിറ്റിയിൽ രൂപീകരിച്ച ഹൈലെവൽ കമ്മിറ്റി വിലയിരുത്തുകയും ആയതിലെ ഏതാനും നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവ ടി കമ്മിറ്റിയുടെയും വാട്ടർ അതോറിറ്റി ബോർഡിന്റെയും അനുമതി ലഭ്യമാക്കേണ്ടതുണ്ട്.

(ബി) ഉണ്ട്.

1966-ലെ കേരള പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സ്പെഷ്യൽ റൂൾസ് ആണ് കേരള വാട്ടർ അതോറിറ്റിയിലെ ടെക്നിക്കൽ ജീവനക്കാർക്കായി നിലവിലുള്ളത്. ഇത് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 1966-ലെ കേരള പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സ്പെഷ്യൽ റൂൾസിൽ ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്ററുടെ തസ്തിക ഉൾപ്പെടുത്തിയിട്ടില്ല. 5-3-1993-ലെ സ.ഉ.(എം.എസ്) നമ്പർ 47/93/എൽ.എ.ഡി. പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്ററുടെ തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ യോഗ്യത നിഷ്കർഷിച്ചിട്ടില്ലാത്തിനാൽ കേരള വാട്ടർ അതോറിറ്റിയുടെ 139-ാമത് ബോർഡ് യോഗത്തിന്റെ 3307 തീരുമാനപ്രകാരം ഡാറ്റ ബേസ് അഡ്മിനിസ്ട്രേറ്റർ തസ്തികയ്ക്ക് താഴെപറയുന്ന യോഗ്യതകൾ നിശ്ചയിക്കുകയുണ്ടായി.

1. By promotion from the cadre of Assistant Data Base Administrator (ADBA) having minimum 8 years experience within the cadre failing which

2. By direct recruitment from among the persons with Master Degree in Computer Applications (MCA with one year experience).

(ഡി) പരിശോധിച്ചുവരുന്നു.

**അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ്**

177 (2715) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയുടെ അംഗീകാരത്തിനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചത് എന്നാണെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എന്തൊക്കെ മാനദണ്ഡങ്ങളാണ് സംഘടനകളുടെ അംഗീകാരത്തിനായി പാലിക്കേണ്ടത്; കേരള വാട്ടർ അതോറിറ്റി ആക്ട് പ്രകാരം എ.കെ.ഡബ്ല്യൂ.എ.ഒ.-യുടെ അംഗീകാരത്തിന് എന്ത് തടസ്സങ്ങളാണ് ഉള്ളത്; വാട്ടർ അതോറിറ്റി ബോർഡ് തീരുമാനം എന്താണ്; വ്യക്തമാക്കാമോ;

(സി) 2018 ഫെബ്രുവരി മാസത്തിന് ശേഷം എന്തൊക്കെ കാര്യങ്ങളാണ് ഇത് സംബന്ധിച്ച് ജലവിഭവ വകുപ്പ് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുള്ളത്; ഇത് സംബന്ധിച്ച കത്തിന്റെയും ഉത്തരവിന്റെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) വാട്ടർ അതോറിറ്റിയിൽ ഏത് ഉദ്യോഗസ്ഥന്റെ മേശപ്പുറത്താണ് പ്രസ്തുത വിഷയം തീരുമാനം എടുക്കാതെ പെന്റിംഗ് ആയിരിക്കുന്നത്; കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയുടെ അംഗീകാരത്തിനായി 1-4-2014-ലെ കത്ത് മുഖേന ടി സംഘടനയുടെ ജനറൽ സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു.

(ബി) 1960-ലെ ഗവൺമെന്റ് സെർവ്വന്റ്സ് കോൺടക്ട് റൂൾസ്, റൂൾ-77 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. (ആയത് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*.) ആയത് പാലിച്ച് മാത്രമേ അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയ്ക്ക് അംഗീകാരം നൽകാൻ സാധിക്കുകയുള്ളൂ.

7-4-2017-ലെ കേരള വാട്ടർ അതോറിറ്റിയുടെ 391-ാമത് ബോർഡ് യോഗ തീരുമാനം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു*. ആയതിലെ തീരുമാന പ്രകാരം ടി സംഘടനയുടെ അംഗീകാരത്തിനായി ലഭിച്ച അപേക്ഷ സർക്കാരിന്റെ തീരുമാനത്തിനായി സമർപ്പിക്കുക എന്നതാണ്.

(സി) 1-3-2018-ലെ WS-C2/126/2017/WRD നമ്പർ കത്ത് പ്രകാരവും തുടർന്നുള്ള 19-6-2018, 11-10-2018 തീയതികളിലെ ഓർമ്മക്കുറിപ്പ് പ്രകാരവും (ടി കത്തുകളുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം 3, 4, 5 ആയി ചേർത്തിട്ടുണ്ട്*.) ചുവടെ പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

1. AKWAO-യുടെ Bye-law-യിലെ 6(a)-യിൽ സൂചിപ്പിച്ചിരിക്കുന്ന തസ്തികകളുടെ കേഡർ ബലം എത്രയാണെന്നും ടി തസ്തികയിൽ ഉള്ളവർക്ക് മറ്റ് ഏതെങ്കിലും അംഗീകൃത സംഘടന നിലവിലുണ്ടോ എന്നുമുള്ള വിവരങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. കേരള വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക Gazetted post ആണോയെന്നും AKWAO സംഘടനയുടെ Bye-law-യിലെ 6(a)-യിൽ ഉൾപ്പെട്ടിരിക്കുന്ന തസ്തികകളെല്ലാം സമാന കാറ്റഗറിയിൽ (Gazetted or non- gazetted) ഉള്ളതാണോ എന്നുമുള്ള വിവരങ്ങൾ.

3. കേരള വാട്ടർ അതോറിറ്റിയിൽ റഫറണ്ടം മുഖേന അംഗീകാരം ലഭിച്ച രണ്ട് സർവ്വീസ് സംഘടനകൾ നിലവിലിരിക്കെ പുതിയൊരു സംഘടനയുടെ ആവശ്യകത എന്താണെന്ന് വ്യക്തമാക്കുന്ന വിവരങ്ങൾ. കൂടാതെ, (1) AKWAO എന്ന സംഘടനയ്ക്ക് രൂപം നൽകി അസോസിയേഷൻ രൂപീകൃതമാക്കുന്നതിന് തീരുമാനം കൈക്കൊണ്ട ആദ്യ പൊതുയോഗത്തിന്റെ മിനിട്ട്സ്, വ്യക്തിഗത അംഗത്വ ഫോമിന്റെ പകർപ്പ്

(2) 7-4-2017-ലെ 391-മത് ബോർഡ് യോഗത്തിൽ AKWAO സംഘടനയുടെ അംഗീകാരം സംബന്ധിച്ച് കൈക്കൊണ്ട തീരുമാനത്തിന്റെ പകർപ്പ് എന്നിവയാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(ഡി) അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയ്ക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം 1-3-2018-ലെ WSC2/126/2017/WRD നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയുടെ അംഗീകൃത സംഘടനകളിൽ നിന്നും അംഗീകാരം ആവശ്യപ്പെട്ടിട്ടുള്ള സംഘടനയിൽ അംഗമായിട്ടുള്ളവരിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലുള്ളവരിൽനിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റാബ്ലിഷ്മെന്റ് ഇ.1 സെക്ഷനാണ് കൈകാര്യം ചെയ്യുന്നത്. ഓഫീസ് നടപടികളുടെ ഭാഗമായി ടി ഫയൽ 8-2-2019 മുതൽ എസ്റ്റാബ്ലിഷ്മെന്റ് സീനിയർ സൂപ്രണ്ടിന്റെ മേശപ്പുറത്താണ്.

**കോന്നി മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ**

178 (2716) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മെഡിക്കൽ കോളേജിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ നടക്കുന്ന പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും ഇനി എത്ര രൂപ വേണ്ടിവരുമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ തുക നിലവിൽ നീക്കിയിരിപ്പുണ്ടോ; ഇല്ലെങ്കിൽ ആയത് കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സീതത്തോട്, നിലക്കൽ, പ്ലാപ്പള്ളി ഒന്നാംഘട്ട പദ്ധതിയുടെ നിലവിലെ അവസ്ഥ ഇനം തിരിച്ച് വിശദീകരിക്കാമോ;

(എഫ്) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക നിലവിൽ വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് കണ്ടെത്താൻ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഈ പദ്ധതിയുടെ കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ, ട്രീറ്റ്മെന്റ് പ്ലാന്റ്, ഉന്നതതല സംഭരണി എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) 1. കിണറിന്റെ നിർമ്മാണം ആരംഭിച്ചു.

2. റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി 70 ശതമാനം പൂർത്തിയായി.

3. പ്രതിദിനം 5 ദശലക്ഷം ലിറ്റർ (MLD) ശേഷിയുള്ള ജല ശുദ്ധീകരണ ശാലയുടെയും 10 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭണിയുടെയും പ്രവൃത്തികൾ 62 ശതമാനം പൂർത്തീകരിച്ചു.

4. ട്രാൻസ്ഫോർമർ, പമ്പ്സെറ്റ് എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) ടി പദ്ധതിക്കായി 31-1-2019-വരെ 164.87 ലക്ഷം രൂപ ചെലവഴിച്ചു. നിലവിലുള്ള കരാറുകാരുടെ കുടിശ്ശിക തുക 225.37 ലക്ഷം രൂപ സഹിതം 1233.13 ലക്ഷം രൂപ പദ്ധതിക്കായി വേണ്ടിവരും.

(ഡി) കോന്നി മെഡിക്കൽ കോളേജിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭരണാനുമതിയിൽ ഉൾപ്പെടുത്തിയ ഒന്നാം ഘട്ടത്തിലെ ഘടകങ്ങൾ ഭരണാനുമതി തുകയായ 1398 ലക്ഷത്തിന് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

രണ്ടാം ഘട്ടമായി ടി പദ്ധിയിൽ അരുവാപ്പലം പഞ്ചായത്തിലെ 4 വാർഡുകളിൽ വിതരണ ശൃംഖല സ്ഥാപിക്കാനും വിഭാവനം ചെയ്തിട്ടുണ്ട്. ആയതിനുവേണ്ടി സർവ്വേ നടപടികൾ പൂർത്തീകരിച്ച് വിതരണ ശൃംഖലയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി അനുയോജ്യമായ ധനസ്രോതസ്സ് കണ്ടെത്തി ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്.

(ഇ) 1. കിണർ, പമ്പ്ഹൗസ് എന്നിവയുടെ നിർമ്മാണം 92 ശതമാനം പൂർത്തീകരിച്ചു.

2. പ്രതിദിനം 13 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം 95 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു.

3. റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ ബിൽഡിംഗ് എന്നിവയുടെ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി വരുന്നു.

(എഫ്) സീതത്തോട്, നിലയ്ക്കൽ, പ്ലാപ്പള്ളി കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 909 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ഇതിൽ ഇൻടേക്ക് കിണറും പമ്പ് ഹൗസും ജലശുദ്ധീകരണശാലയും പണിയാൻ 709 ലക്ഷം രൂപ ചെലവാകും. പ്രസ്തുത ഭരണാനുമതിയിൽ ഉൾപ്പെടുത്തിയ സീതത്തോട്, നിലയ്ക്കൽ, പ്ലാപ്പള്ളി രണ്ടാം ഘട്ട പദ്ധതിക്ക് നബാർഡിൽ നിന്നും 1-2-2019-ൽ 120 കോടി രൂപ അടങ്കൽ തുകയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

**പീരുമേട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

179 (2717) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഭരണാനുമതി ലഭ്യമാക്കിയതും നടപ്പിലാക്കിവരുന്നതും പൂർത്തീകരിച്ചതുമായ കുടിവെള്ള പദ്ധതികളുടെ പേര് വിവരം, അടങ്കൽ തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികൾക്കായി ആശ്രയിക്കുന്ന ജലസ്രോതസ്സുകളിലെ ജല ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നടപ്പിലാക്കിവരുന്ന പദ്ധതികൾ

1. സ്റ്റേറ്റ് പ്ലാൻ 2017-18-ൽപ്പെടുത്തി കുമളി പഞ്ചായത്തിലെ മലയോര മേഖലയിലെ അൺകവേർഡ് ഏരിയായിലേക്കുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള ജോലി അടങ്കൽ തുക-3 കോടി രൂപ. ടി പദ്ധതി രണ്ട് പാക്കേജുകളിലായി തിരിച്ച് പണികൾ 98 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

2. കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തി അയ്യപ്പൻ കോവിൽ പഞ്ചായത്ത് കുടിവെള്ള വിതരണ പദ്ധതിയിൽ പീരുമേട് താലൂക്ക്, അയ്യപ്പൻ കോവിൽ പഞ്ചായത്ത് ഉടങ്ങിയ പീരുമേട് നിയോജകമണ്ഡലത്തിലെ സ്ഥലങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന 47.50 കോടി രൂപയുടെ പദ്ധതിക്ക് 26-12-2007-ന് തത്വത്തിൽ അംഗീകാരം നൽകുകയും തുടർന്ന് ടി പദ്ധതിക്ക് 46.424 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും 13-11-2018-ന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു.

3. സ്റ്റേറ്റ് പ്ലാൻ 2018-19-ൽ ഏലാപ്പാറയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി പീരുമേട് പഞ്ചായത്തിലെ പൈപ്പ്ലൈൻ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി (അടങ്കൽ തുക 15.35 കോടി രൂപ) നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്.

<u>പൂർത്തീകരിച്ച പദ്ധതികൾ</u>

- കുമളി പഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതിയുടെ വിപുലീകരണം

- എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പെരുവന്താനം പഞ്ചായത്തിലെ നെടിയോരം ഭാഗത്തേക്കുള്ള പൈപ്പ് നീട്ടൽ പദ്ധതി (അടങ്കൽ തുക-15 ലക്ഷം രൂപ).

(ബി) ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ആഴം കൂട്ടുകയും ചെളി നീക്കം ചെയ്യുകയും ചെയ്തുവരുന്നു. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് മാലിന്യ നിക്ഷേപം ഇല്ലെന്ന് ഉറപ്പുവരുത്തുകയും വിതരണം ചെയ്യുന്ന ജലം ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കുകയും ചെയ്യുന്നു.

**കോതമംഗലം മണ്ഡലത്തിലെ ജലക്ഷാമത്തിന് പരിഹാരം**

180 (2718) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വായനശാല പടിയിൽ കൂടി ഒഴുകി കോതമംഗലം പുഴയിൽ പതിക്കുന്ന പെരിയാർ വാലി കനാലിലെ ജലം വായനശാല പടിക്ക് സമീപത്തുനിന്ന് കിഴക്കോട്ട് സബ് കനാലുണ്ടാക്കി കുത്തുകുഴി തോട്ടിലേക്ക് ഒഴുക്കിയാൽ കോതമംഗലം മുനിസിപ്പാലിറ്റിയുടെ കിഴക്കൻ പ്രദേശങ്ങളിലും, കവളങ്ങാട് പഞ്ചായത്തിന്റെ പടിഞ്ഞാറ് പ്രദേശങ്ങളിലും നേരിടുന്ന ജലക്ഷാമത്തിന് പരിഹാരം കാണുവാൻ കഴിയും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് പ്രദേശവാസികൾ സമർപ്പിച്ചിട്ടുള്ള നിവേദനം പരിഗണനയിലാണോ; പ്രസ്തുത നിവേദനത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടിയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) പ്രദേശവാസികൾ സമർപ്പിച്ചിട്ടുള്ള പ്രസ്തുത നിവേദനത്തിൽ അനുകൂല തീരുമാനമെടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിക്കാനാവുന്നതാണ്.

(ബി &സി) പ്രസ്തുത നിവേദനം ജലവിഭവ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

**കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതി**

181 (2719) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ വരുന്ന വേങ്ങര മിനി ശുദ്ധീകരണശാല പ്രവർത്തനയോഗ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതിയുടെ കിണർ, പമ്പ്സെറ്റ്, പമ്പിംഗ് മെയിൻ, ശുചീകരണ ശാല, ജലസംഭരണികൾ ആയതിലേയ്ക്കുള്ള പൈപ്പ്ലൈൻ എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. വിതരണ ശൃംഖലയുടെ പ്രവൃത്തി 80 ശതമാനം പൂർത്തിയായിട്ടുണ്ട്.

എന്നാൽ തോട്ടശ്ശേരിയറ വലിയപറമ്പ് റോഡിൽ പി.ഡബ്ല്യൂ.ഡി.-യിൽ റോഡ് റെസ്റ്റൊറേഷൻ തുക അടവാക്കിയിട്ടും ഇതേവരെ റോഡ് കുഴിച്ച് പൈപ്പ് ഇടാനുള്ള അനുമതി ലഭ്യമായിട്ടില്ല. മേൽപ്പറഞ്ഞ റോഡിലെ പൈപ്പ് ഇടാനുള്ള അനുമതിയും വേങ്ങര മിനി ശുദ്ധീകരണശാല ജലസംഭരണിയിൽ നിന്നും പെരുപ്പടിമല സംഭരണിയിലേയ്ക്ക് പമ്പ് ചെയ്യാനാവശ്യമായ വൈദ്യുതി കണക്ഷനും ലഭ്യമായാൽ മാത്രമേ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

വൈദ്യുതി കണക്ഷനുവേണ്ടി ബന്ധപ്പെട്ട അപേക്ഷ വേങ്ങര കെ.എസ്.ഇ.ബി.-യിൽ സമർപ്പിച്ചുവെങ്കിലും നിലവിലുള്ള കുടിശ്ശികയായ 2,21,75,175 രൂപ അടവാക്കിയാൽ മാത്രമേ വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയുള്ളൂവെന്ന നിലപാടാണ് കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ളത്.

(സി) വേങ്ങര മിനി ശുദ്ധീകരണശാല പ്രവർത്തനക്ഷമമാണ്.

**കണ്ണോത്ത് കുടിവെള്ള പദ്ധതി**

182 (2720) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കണ്ണോത്ത് കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര വീടുകളിലാണ് ഗാർഹിക കണക്ഷൻ നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) അപേക്ഷിച്ച മുഴുവൻപേർക്കും കണക്ഷൻ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) വെങ്കിടങ്ങ് പഞ്ചായത്തിലെ കുടിവെള്ളപ്രശ്നത്തിന് പ്രസ്തുത പദ്ധതി വഴി പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 31-3-2018-ൽ പൂർത്തീകരിച്ചു.

(ബി) 249 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(സി) കണക്ഷൻ ലഭിക്കുന്നതിനായി 400 അപേക്ഷകൾ ലഭിക്കുകയും ഇതിൽ 249 പേർ എഗ്രിമെന്റ് ഒപ്പിടുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് വച്ച 249 പേർക്കും കണക്ഷൻ നൽകിയിട്ടുണ്ട്.

(ഡി) വെങ്കിടങ്ങ് പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. വെങ്കിടങ്ങ് പഞ്ചായത്തിലെ മെയിൻ റോഡുകളിൽ മാത്രമാണ് ഈ പദ്ധതിയുടെ പൈപ്പ്ലൈൻ ഉള്ളത്. ഡിസ്ട്രിബ്യൂഷൻ ലൈനുള്ള സ്ഥലത്തെല്ലാം ജലമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി**

183 (2721) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി പരിധിയിൽ വരുന്ന വിവിധ പഞ്ചായത്തുകളിൽ നിലവിൽ ഗുണഭോക്തൃ സമിതികളുടെയും ഗ്രാമപഞ്ചായത്തുകളുടെയും നിയന്ത്രണത്തിലുള്ള ചെറുകിട ഗ്രാമീണ പദ്ധതികൾ ശുദ്ധജലം ലഭ്യമല്ലാത്തതിനാൽ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ചെറുകിട പദ്ധതികളിലേക്ക് മീറ്റർ സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിന് നിയമതടസ്സമുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് മീറ്റർ സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നിരക്ക് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾക്ക് മീറ്റർ സ്ഥാപിച്ച് കുടിവെള്ള വിതരണം തുടങ്ങുന്നതിന് ആരുമായാണ് ഉടമ്പടി വയ്ക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിക്ക് ഇത്തരം ചെറുകിട പദ്ധതികളിലേയ്ക്ക് ബൾക്ക് മീറ്റർ സ്ഥാപിച്ച് നിയമാനുസൃതമായി കുടിവെള്ളം വിതരണം ചെയ്യാവുന്നതാണ്.

(സി) കേരള വാട്ടർ അതോറിറ്റി ബൾക്ക് സപ്ലൈ വഴി കിലോ ലിറ്ററിന് 6 രൂപ നിരക്കിലാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്.

(ഡി) സ്രോതസ്സ് വറ്റിയ ടി പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് കെ.ആർ.ഡബ്ല്യൂ.എസ്.എ., പഞ്ചായത്ത് ഗുണഭോക്തൃ സമിതികൾ എന്നിവരുടെ സഹകരണത്തോടെ കെ.ഡബ്ല്യൂ.എ.-യുമായി ചേർന്ന് ശുദ്ധീകരിച്ച ജലം ടി പദ്ധതികളിലെ ഗുണഭോക്തൃ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് 2019-20 സാമ്പത്തിക വർഷം പദ്ധതി രൂപീകരിക്കുന്നുണ്ട്.

നിലവിൽ രണ്ടാംഘട്ട ജലനിധി പദ്ധതിയിൽ നടപ്പാക്കുന്ന ബൾക്ക് വാട്ടർ സ്കീം മാതൃകയിൽ പഞ്ചായത്തും, കേരള വാട്ടർ അതോറിറ്റിയും ഇതിനായി ഉടമ്പടിയിൽ ഏർപ്പെടണം.

**മൂത്തേത്ത് കോളനിയിലെ കുടിവെള്ളക്ഷാമം**

184 (2722) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരസഭയിലെ മൂത്തേത്ത് കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 2017-18 ലെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് കുഴൽ കിണർ നിർമ്മിക്കുന്നതിന് നിർദ്ദേശിച്ചിരുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പ്രായോഗിക തടസ്സങ്ങളുണ്ടോ; വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) കരുനാഗപ്പള്ളി നഗരസഭയിലെ മൂത്തേത്ത് കടവ് കോളനിയിൽ ട്യൂബ് വെൽ നിർമ്മിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ട്യൂബ്‌വെൽ നിർമ്മാണത്തിന് ഭൂജല വകുപ്പ് കൊല്ലം ജില്ലാ ഓഫീസ് മുഖേന 13-9-2018-ൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ ചവറ, കരുനാഗപ്പള്ളി, കുലശേഖരപുരം പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തികൾക്ക് സമീപ കാലങ്ങളിൽ ദർഘാസ് ക്ഷണിക്കുകയുണ്ടായെങ്കിലും കരാറുകാരുടെ വിമുഖതമൂലം അത്തരം പ്രവൃത്തികൾ ഒന്നുംതന്നെ സമയബന്ധിമായി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ടി ട്യൂബ്‌വെൽ നിർമ്മാണം ഭൂജലവകുപ്പിനെ ഏൽപ്പിക്കാനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ചാലിശ്ശേരി-പാവറട്ടി കുടിവെള്ള പദ്ധതി**

185 (2723) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിശ്ശേരി-പാവറട്ടി കുടിവെള്ള പദ്ധതിയുടെ ഭാഗമായി പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്;

(സി) പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിലെ ജനങ്ങൾക്ക് പ്രയോജനകരമായ പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി പാവറട്ടി റീജിയണൽ ശുദ്ധജലവിതരണ പദ്ധതിക്ക് 4-3-2014-ലെ ഉത്തരവുപ്രകാരം 1725 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയിൽ തൃശ്ശൂർ ജില്ലയിലെ മണലൂർ നിയമസഭാ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടിരുന്നില്ല. ഈ പദ്ധതിയിൽ ഉൾപ്പെട്ട 29 MLD

ശുദ്ധീകരണശാലയുടെ കപ്പാസിറ്റി 33 MLD ആക്കി ഉയർത്തി പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകൾക്കുകൂടി പ്രയോജനം ലഭ്യമാക്കണമെന്ന ആവശ്യമുയർന്ന സാഹചര്യത്തിൽ ഈ പഞ്ചായത്തുകൾക്ക് ശുദ്ധജല ലഭ്യതയ്ക്കായി 1360 ലക്ഷം രൂപയ്ക്ക് പുതിയ ഒരു പദ്ധതിക്ക് 1-3-2016-ൽ NRDWP സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയുണ്ടായി.

ഈ പദ്ധതി പ്രകാരം പാവറട്ടി റീജിയണൽ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച് 33 MLD പ്ലാന്റിൽനിന്ന് പ്രസ്തുത പഞ്ചായത്തുകൾക്ക് ആവശ്യമായ 4 MLD ശുദ്ധജലം പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന ഉന്നതതല സംഭരണികളിൽ ശേഖരിക്കാനാണ് വിഭാവനം ചെയ്തത്. താഴെ പറയുന്ന ഘടകങ്ങളാണ് ഈ ഭരണാനുമതിയിൽ ഉണ്ടായിരുന്നത്.

1. ശുദ്ധീകരിച്ച ജലം പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന ഉന്നതതല സംഭരണികളിൽ എത്തിക്കുന്നതിനായി ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ;

2. പാവറട്ടി പഞ്ചായത്തിൽ 6.7 ലക്ഷം ലിറ്റർ ശേഷിയും മുല്ലശ്ശേരി പഞ്ചായത്തിൽ 5.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണികളുടെ നിർമ്മാണം;

3. പാവറട്ടി റീജിയണൽ ശുദ്ധജലവിതരണ പദ്ധതിയിലെ ശുദ്ധീകരണശാല 29 MLD-യിൽ നിന്ന് 33 MLD ആയി ഉയർത്തുന്നതിനും ട്രാൻസ്ഫോർമർ, പമ്പ്സെറ്റ് തുടങ്ങിയ അനുബന്ധ പ്രവൃത്തികൾക്കുമുള്ള ചെലവിന്റെ അപ്പോർഷൻ കോസ്റ്റ്;

NRDWP സ്കീമിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഗ്രാവിറ്റിമെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി (561 ലക്ഷം രൂപ) സംസ്ഥാന പദ്ധതിയിൽപ്പെടുത്തി ഏറ്റെടുക്കുകയും 5 കി.മീ. നീളത്തിൽ പൈപ്പ്ലൈനുകൾ സ്ഥാപിക്കുകയും ചെയ്തു. ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി പൊതുമരാമത്ത് വകുപ്പിൽനിന്ന് റോഡ് കട്ടിംഗിനും റെയിൽ ക്രോസ് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

NRDWP സ്കീമിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഉന്നതതല സംഭരണികളുടെ നിർമ്മാണ പ്രവൃത്തികളുടെ ആദ്യ ദർഘാസ് റദ്ദ് ചെയ്യേണ്ടിവന്നു. തുടർന്ന് സംസ്ഥാന പദ്ധതി 2018-19-ൽ ഉൾപ്പെടുത്തി 20-8-2018-ലെ G.O.(Rt)No.615/2018/WRD പ്രകാരം 350 ലക്ഷം രൂപയ്ക്ക് ഇതിനായി ഭരണാനുമതി നല്കി. തുടർന്ന് ഇതിന്റെ ദർഘാസ് വീണ്ടും ക്ഷണിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ നടപടികൾ സ്വീകരിച്ച് വരുന്നു.

ഈ ഉന്നതതല സംഭരണികളിൽനിന്ന് പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകളിലേയ്ക്ക് ശുദ്ധജലവിതരണം നടത്താനായി വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി ഈ പദ്ധതിയുടെ അടുത്ത ഘട്ടമായി (54.8 കോടി രൂപയുടെ) വിഭാവനം ചെയ്ത്

അനുയോജ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തി അനുമതിക്കായുള്ള നടപടികൾ നടന്നുവരുന്നു. ഈ പ്രവൃത്തികൂടി പൂർത്തിയായാൽ മാത്രമേ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

(ബി-ഡി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

186 (2724) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന എത്ര കുടിവെള്ള പദ്ധതികൾക്ക് തുക അനുവദിച്ചിരുന്നു;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്ന്

(ബി&സി) ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**തൃക്കരിപ്പൂർ ആന്റ് അഡ്ജോയിനിംഗ് വില്ലേജ് പ്രോജക്ട്**

187 (2725) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂരിലെയും സമീപ മണ്ഡലങ്ങളിലെയും കുടിവെള്ളപ്രശ്നം ശാശ്വതമായി പരിഹരിക്കാൻ ഉതകുന്ന തരത്തിൽ വിഭാവനം ചെയ്ത തൃക്കരിപ്പൂർ ആന്റ് അഡ്ജോയിനിംഗ് വില്ലേജ് പ്രോജക്ടിന് ഈ വർഷം തന്നെ അംഗീകാരം നൽകാൻ കഴിയുമോ; വ്യക്തമാക്കാമോ;

(ബി) കടലോര ഗ്രാമങ്ങളും തീരദേശദ്വീപ് പഞ്ചായത്തും ഉൾപ്പെട്ട ഇവിടെ ഉപ്പ് വെള്ളത്തെ ആശ്രയിക്കുന്ന ജനങ്ങൾക്ക് ഈ പദ്ധതിയിലൂടെ കുടിവെള്ളം എത്തിക്കാൻ അടിയന്തര നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) കാസർഗോഡ് ജില്ലയിലെ നിലിക്കോട് പഞ്ചായത്തിനും തീരദേശ പഞ്ചായത്തുകളായ തൃക്കരിപ്പൂർ, പടന്ന, വലിയപറമ്പ്, ചെറുവത്തൂർ എന്നിവയ്ക്കും കണ്ണൂർ ജില്ലയിലെ കരിവള്ളൂർ - പെരളം, കാങ്കോൽ-ആലപ്പടൻ എന്നീ പഞ്ചായത്തുകൾക്കും വേണ്ടി വിഭാവനം ചെയ്തിട്ടുള്ള 162 കോടി രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതിയുടെ സർവ്വേ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കുടിവെള്ള വിതരണം പുനഃസ്ഥാപിക്കുന്നതിന് നടപടി**

188 (2726) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെത്തുടർന്ന് കോങ്ങാട് മണ്ഡലത്തിലെ പറളി പ്രദേശത്ത് ഭാരതപ്പുഴയിലുണ്ടായിരുന്ന തടയണ തകർന്നുപോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) ഇതുമൂലം ഈ പ്രദേശത്തെ കുടിവെള്ള വിതരണം തകരാറിലായത് പുനസ്ഥാപിക്കുന്നതിനും പുതിയ തടയണ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രളയത്തെത്തുടർന്ന് പറളി പഞ്ചായത്തിലെ പഴയ റെയിൽവേ സ്റ്റേഷന് സമീപത്ത് ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള തടയണയുടെ വലത് ബണ്ട് തകർന്നുപോയിരുന്നു. തുടർന്ന് കരഭാഗം വെള്ളത്തിൽ കുത്തിയൊലിച്ച് പോകുകയും റെയിൽ പാളം വെള്ളപ്പൊക്ക ഭീഷണി നേരിടുകയും ചെയ്തു. പൊളിഞ്ഞ കരഭാഗം കൂടുതൽ സ്ഥലത്തേക്ക് വ്യാപിക്കാതിരിക്കാനും റെയിൽപാളത്തെ സംരക്ഷിക്കുന്നതിനുമായി 7.06 ലക്ഷം രൂപയുടെ അടിയന്തര പ്രവൃത്തിക്ക് സാമ്പത്തികാനുമതി നല്കുകയും പ്രസ്തുത പ്രവൃത്തി ക്വട്ടേഷൻ വഴി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പ്രസ്തുത തടയണയുടെ തകർന്നുപോയ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി 10.9 ലക്ഷം രൂപയുടെ സാമ്പത്തികാനുമതിയും ഭരണാനുമതിയും നല്കി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രസ്തുത തടയണയുടെ ജലച്ചോർച്ച തടയുന്നതിനുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്ക് 96 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. സങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ പറളി തടയണയിൽ വെള്ളം സംഭരിക്കുന്നതിനും പഞ്ചായത്തിന് കുടിവെള്ള വിതരണം നടത്തുന്നതിനും സാധിക്കുന്നതാണ്.

## കിണറുകൾ ഉപയോഗശൂന്യമായ സാഹചര്യം

189 (2727) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ പ്രളയബാധിത മേഖലയിൽ ഇടിഞ്ഞുതാഴ്ന്നതിന്റെയും ചെളി അടിഞ്ഞുകൂടിയതിന്റെയും ഫലമായി ഉറവ നശിച്ച് കിണറുകൾ ഉപയോഗശൂന്യമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം നശിച്ച കിണറുകളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(സി) ഈ നിയോജകമണ്ഡലത്തിലെ ഏതു പ്രദേശത്താണ് ഈ പ്രതിഭാസം കൂടുതലായി കണ്ടത്; വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം ഉപയോഗശൂന്യമായ കിണറുകൾ പൂർവ്വ സ്ഥിതിയിലാക്കാൻ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂജല വകുപ്പ് ആറന്മുള മണ്ഡലത്തിൽ പ്രളയത്തിൽ നശിച്ച 25 കുഴൽക്കിണറുകളുടെ കണക്ക് ശേഖരിച്ചിട്ടുണ്ട്.

(സി&ഡി) ആറന്മുള പഞ്ചായത്തിലാണ് കൂടുതൽ പ്രവൃത്തികളും ഭൂജല വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്. ആറന്മുള മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികളുടെ കിണറുകളിലെ പ്രളയത്തിൽ അടിഞ്ഞ ചെളിയും മാലിന്യവും പ്രളയം കഴിഞ്ഞ ഉടൻ തന്നെ നീക്കം ചെയ്ത് കേരള വാട്ടർ അതോറിറ്റി പമ്പിംഗ് പുനഃരാരംഭിച്ചിട്ടുണ്ട്. ആറന്മുള മണ്ഡലത്തിൽ 6 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും 5 കുഴൽക്കിണർ അറ്റകുറ്റപ്പണികളും 14 കുഴൽക്കിണർ വൃത്തിയാക്കൽ പ്രവൃത്തികളും ഭൂജലവകുപ്പ് നടത്തി പൊതുജനങ്ങൾക്ക് കുടിവെള്ളത്തിനായി ഉപയോഗപ്രദമാക്കിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും കിണറുകൾ വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം

190 (2728) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിക്കുന്നതിന് അനുമതി നൽകിയിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചുവെന്നും നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി)

1. കൊട്ടാരക്കര പഞ്ചായത്തിലെ വേലംകോണംചിറ

2. കുളക്കട പഞ്ചായത്തിലെ വെണ്ടാർചിറ

15 ലക്ഷം രൂപ വീതം അടങ്കൽ തുക വരുന്ന 2 പ്രവൃത്തികളും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഓർഡർമൂലം തുടങ്ങിയിട്ടില്ല.

**കേരള വാട്ടർ അതോറിറ്റിയെ കെ.എ.എസ്. കേഡറിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

191 (2729) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയെ കെ.എ.എസ്.കേഡറിൽ ഉൾപ്പെടുത്താൻ വാട്ടർ അതോറിറ്റി ജീവനക്കാരുടെ സംഘടനകൾ ജലവിഭവ വകുപ്പ് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ സംഘടനകളാണ് ഇത് സംബന്ധിച്ച് കത്ത് നൽകിയിട്ടുള്ളത്; എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

കേരള വാട്ടർ അതോറിറ്റിയെ കെ.എ.എസ്. കേഡറിൽ ഉൾപ്പെടുത്തണമെന്ന് അംഗീകൃത സംഘടനകളൊന്നും ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച് അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (AKWAO) എന്ന സംഘടന നൽകിയ നിവേദനം പരിശോധിച്ചുവരുന്നു.

**തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിക്കാൻ നടപടി**

192 (2730) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി താല്പര്യം സംരക്ഷിക്കുന്നതിനായി, പ്ലാന്റേഷൻ മേഖലയിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിക്കാൻ സർക്കാർ നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ബി) തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച ചർച്ചകൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. ബാധകമാക്കുന്നതിനും പ്രത്യേക ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി പൂട്ടികിടക്കുന്ന എം.എം.ജെ. പ്ലാന്റേഷൻസ്, പീരുമേട് ടീ കമ്പനി, ബോണക്കാട് മഹാവീർ പ്ലാന്റേഷൻസ് എന്നീ തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ തോട്ടം ഉടമകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിക്കാനുള്ള ഡിമാന്റ് തൊഴിലാളി യൂണിയനുകൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്തു വരുന്നു.

(സി) തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിനായി 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ടിൽ ഭേദഗതി വരുത്തുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. കേരളത്തിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിനായി രണ്ട് കിടക്കമുറികളും, ഒരു ഹാളും, അടുക്കളയും, ടോയ്‌ലെറ്റും അടക്കം 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീട് വച്ച് നൽകുന്നതിനായി 'ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം' എന്ന പദ്ധതി ഭവനം ഫൗണ്ടേഷൻ മുഖേന ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിലെ ആദ്യഘട്ട വീട് നിർമ്മാണ പ്രവർത്തനങ്ങൾ ഈ മാസം തന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**നല്ല തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് നടപടി**

193 (2731) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ട് തൊഴിൽ മേഖലയിൽ നിലനിന്നിരുന്ന അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുവാൻ ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) നോക്കുകൂലി നിരോധിച്ച ശേഷവും പല സ്ഥലങ്ങളിലും ഈ പ്രവണത നിലനിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൊഴിൽ മേഖലയിൽ ഒരു നല്ല തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) ഇക്കാര്യത്തിൽ എന്തൊക്കെ ബോധവൽക്കരണ നടപടികളാണ് തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 30-4-2018-ലെ സ.ഉ. (സാധാ) നമ്പർ 511/2018/ തൊഴിൽ പ്രകാരം ചുമട്ടു തൊഴിലാളി മേഖലയിലെ അനാരോഗ്യ പ്രവണതകൾ അവസാനിപ്പിച്ചു കൊണ്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് നിയമവിരുദ്ധമായി കണക്കാക്കുന്നതും അപ്രകാരം പ്രവർത്തിക്കുന്നവർക്കെതിരെ ചട്ടപ്രകാരം മേൽനടപടികൾ സ്വീകരിക്കുന്നതുമാണ്. നിശ്ചയിക്കപ്പെട്ട നിരക്കിനേക്കാൾ അധിക/അമിതകൂലി കൈപ്പറ്റിയത് ശ്രദ്ധയിൽപ്പെട്ടാൽ ചുമട്ടുതൊഴിലാളി നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനും പണം തിരികെ വാങ്ങിക്കൊടുക്കുന്നതിനും അസിസ്റ്റന്റ് ലേബർ ഓഫീസർ/ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ സത്വര നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ചുമട്ടുതൊഴിലാളി നിയമ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതായ ഗാർഹികാവശ്യത്തിനുള്ള കയറ്റിറക്ക്, കാർഷികോൽപ്പന്നങ്ങളുടെ കയറ്റിറക്ക് എന്നിവയ്ക്ക് തൊഴിലുടമയ്ക്ക് ഇഷ്ടമുള്ളവരെ ജോലിക്ക് അതാത് മേഖലയിലെ നിശ്ചയിക്കപ്പെട്ട കൂലി നൽകി നിയോഗിക്കാവുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉദ്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും തൊഴിലിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിക്കുകയും അതിലൂടെ ലിംഗസമത്വം ഉറപ്പുവരുത്തുകയും ചെയ്യുക, ന്യായമായ മെച്ചപ്പെട്ട വേതനം, തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പു വരുത്തി തൊഴിലാളികൾക്ക് മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പിലാക്കി തൊഴിൽ സമൂഹത്തിന് സേവനകാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യസംരക്ഷണവും ഉറപ്പു വരുത്തുക, തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് സംരംഭക സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക എന്നിവയിലൂടെ സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ തൊഴിൽനയം പ്രഖ്യാപിച്ചിട്ടുണ്ട്. തൊഴിലാളി-

തൊഴിലുടമ ബന്ധം ഊട്ടിയുറപ്പിക്കുന്നതിനായി സ്ഥാപനങ്ങൾക്ക് ഗ്രേഡ് നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നു വെന്ന് ഉറപ്പുവരുത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിവിധ വ്യവസായബന്ധ സമിതികൾ കൃത്യമായി കൂടുകയും തൊഴിൽ അന്തരീക്ഷം സമാധാനപരവും സൗഹൃദപൂർണ്ണവുമായിരിക്കാൻ ശ്രമിക്കാറുണ്ട്.

സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഓരോ ജില്ലയിലും ഗാർഹിക/നിർമ്മാണമേഖലയിൽ ഏകീകൃത ചുമട്ട്കൂലി പ്രാബല്യത്തിൽ വരുത്തുകയും അത് എല്ലാ ജില്ലകളിലും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) തൊഴിലിടങ്ങളിൽ ജില്ലാ ലേബർ ഓഫീസർമാർ മുഖാന്തരം എല്ലാ ജില്ലകളിലും ബോധവത്കരണവും മെഡിക്കൽ ക്യാമ്പുകളും നടപ്പിലാക്കുന്നുണ്ട്. കൂടാതെ തൊഴിലാളികളുടെ വേതനം ഉറപ്പുവരുത്തുന്ന വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം തൊഴിലുടമകൾക്കും ജീവനക്കാർക്കും ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട് കൂടാതെ തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിടം നൽകുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ബ്രോഷറുകൾ, ഹ്രസ്വചിത്രം എന്നിവ തയ്യാറാക്കി വ്യാപകമായി പ്രചരിപ്പിച്ചിട്ടുണ്ട്. ചൈൽഡ് ലേബർ നിരോധനവുമായി ബന്ധപ്പെട്ട് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ബ്രോഷറുകൾ, സ്റ്റിക്കറുകൾ വ്യാപകമായി പ്രചരിപ്പിച്ചിട്ടുണ്ട്. 2018 ജനുവരി മാസം ബോണ്ടഡ് ലേബർ നിരോധനവുമായി ബന്ധപ്പെട്ട് കൊച്ചിയിൽ സെമിനാർ നടത്തിയിട്ടുണ്ട്. വിവിധ വ്യവസായ ബന്ധ സമിതികൾ കൃത്യമായി കൂടുകയും തൊഴിൽ അന്തരീക്ഷം സമാധാനപരവും സൗഹൃദപൂർണ്ണവുമായിരിക്കാൻ ശ്രദ്ധിക്കാറുമുണ്ട്.

**തൊഴിൽ മേഖലയിൽ സ്ത്രീകൾ നേരിടുന്ന അസമത്വം**

194 (2732) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ പങ്കാളിത്തത്തിലും വേതനത്തിലും സംസ്ഥാനത്തെ സ്ത്രീകൾ അസമത്വം നേരിടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്ത നിരക്ക് 30.81 ശതമാനം മാത്രമാണെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) കേരളത്തിലെ ഗ്രാമീണ മേഖലയിൽ കാർഷിക ജോലികൾക്ക് പുരുഷന് കിട്ടുന്ന ശരാശരി കൂലി 683.93 രൂപയും സ്ത്രീക്ക് ലഭിക്കുന്നത് 477.5 രൂപയും ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ തൊഴിൽ മേഖലയിലെ സ്ത്രീ പുരുഷ അസമത്വം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിശോധിക്കുകയുണ്ടായി. തൊഴിൽ വകുപ്പിൽ നിലവിൽ ലഭ്യമായ കണക്കുകളനുസരിച്ച് വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലാളികളിൽ സ്ത്രീകളുടെ പങ്കാളിത്ത നിരക്ക് 37.6 ശതമാനമാണ്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ കാർഷികമേഖലയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് സർക്കാരിന്റെ നിലവിലുള്ള 9-5-2017-ലെ സ.ഉ. (അച്ചടി) നമ്പർ.39/2017/തൊഴിൽ വിജ്ഞാപനപ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനമാണ് നിശ്ചയിച്ചിട്ടുള്ളത്. 1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾപ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പുവരുത്തുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പുവരുത്തി സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പാക്കിയും സേവനകാലയളവിലും അതിനു ശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**തൊഴിൽ കമ്മീഷൻ**

195 (2733) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും തൊഴിൽ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ;

(ബി) തൊഴിലാളി വിഭാഗത്തിന്റെ ദീർഘകാലത്തെ ആവശ്യമെന്ന നിലയിൽ തൊഴിൽ കമ്മീഷൻ രൂപീകരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

## തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ

196 (2734) ശ്രീ. സി. ദിവാകരൻ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി സി. കെ. ആശ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വികസനത്തിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്നായ ഉൽപാദന പരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഈ സർക്കാർ വന്നതിനുശേഷമുള്ള പുരോഗതി വ്യക്തമാക്കുമോ;

(ബി) അസംഘടിത മേഖലയിലെ തൊഴിൽ സുരക്ഷിതത്വമില്ലായ്മ, തൊഴിൽ ഉയർച്ചയ്ക്കുള്ള സാധ്യതക്കുറവ്, തൊഴിൽ ഉടമയിൽ നിന്നുള്ള സുരക്ഷിതത്വമില്ലായ്മ എന്നീ ദുരിത സാഹചര്യങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ ഘടനാപരമായ മാറ്റം ഉൾക്കൊണ്ടുകൊണ്ട് ഉയർന്നുവരുന്ന മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള നൈപുണ്യ വികസനത്തിന് ഊന്നൽ നല്കി നടത്തുന്ന പരിപാടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 1) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന കെസ്റു പദ്ധതി പ്രകാരം 1845 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

2) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയായ മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് പദ്ധതിപ്രകാരം 194 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

3) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ

വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട് എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന ശരണ്യ പദ്ധതി പ്രകാരം 10497 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

4) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി 1-11-2016-ലെ സ.ഉ.(പി) നമ്പർ 174/2016/തൊഴിൽ പ്രകാരം "കൈവല്യ" എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ നടപ്പിലാക്കിയ ഈ നൂതന പദ്ധതിയിൻ കീഴിൽ 631 പുതിയ സംരംഭങ്ങൾ ആരംഭിക്കുകയുണ്ടായി.

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി ഓർഡിനൻസ് വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി ഓർഡിനൻസ് സെക്ഷൻ 20(ii) പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ആവശ്യമായ സുരക്ഷ ഉറപ്പുവരുത്തിക്കൊണ്ട് ജോലിക്ക് നിയോഗിക്കാവുന്നതാണ്. അപ്രകാരം ജോലി ചെയ്യിപ്പിക്കുന്നപക്ഷം 5 പേരടങ്ങുന്ന ഗ്രൂപ്പായും അതിൽ 2 പേർ സ്ത്രീകളായിരിക്കുകയും ചെയ്യേണ്ടതാണ്. ടി ജീവനക്കാർക്ക് അവരുടെ താമസസ്ഥലം വരെയുള്ള യാത്രാസൗകര്യവും തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ടതുണ്ട്. കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടം 6 ബി പ്രകാരം സ്ഥാപനങ്ങളിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനായി കംപ്ലെയിന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്നും തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഇൻസ്പെക്ടർമാർ പരിശോധിക്കുന്നുണ്ട്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടേതുൾപ്പെടെ കാലാവധി പൂർത്തിയായ 26 തൊഴിൽ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തി വരുന്നു. ഇപ്രകാരം കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി)

1. കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 50-നും മധ്യേയുള്ള കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാത്തവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരമാവധി 1,00,000 രൂപ വായ്പയായി അനുവദിക്കുന്നു. വായ്പത്തുകയുടെ 20% സബ്സിഡിയായി സംരംഭകരുടെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

2. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 45-നും മധ്യേയുള്ള (പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും, പട്ടികജാതി/ പട്ടികവർഗ്ഗ/ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാത്തവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം

ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബ്ബുകളുടെ ലോൺ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്.

3. <u>ശരണ്യ</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട് എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000 രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50% പരമാവധി 25,000 രൂപ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 50,000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്.

4. <u>കൈവല്യ</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി 1-11-2016-ലെ സ.ഉ.(പി) നമ്പർ 174/2016/തൊഴിൽ പ്രകാരം കൈവല്യ എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4) സ്വയംതൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാല് ഘടക പദ്ധതികൾ ഉണ്ട്. ഇവയിൽ ഒന്നോ ഒന്നിൽ കൂടുതലോ ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്വയംതൊഴിൽ വായ്പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിലേക്കായി 50% പരമാവധി 25,000 (ഇരുപത്തയ്യായിരം രൂപ) സബ്സിഡിയോടുകൂടി 50,000 (അൻപതിനായിരം രൂപ) വരെ പലിശരഹിത വായ്പ നൽകുന്നു. പ്രോജക്ടിന് ആവശ്യമെന്ന് കണ്ടാൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. കപ്പാസിറ്റി ബിൽഡിംഗിൽ വിവിധ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനവും നൽകി വരുന്നു. കൂടാതെ ഭിന്നശേഷിക്കാരുടെ യോഗ്യതയ്ക്കും അഭിരുചിക്കും അനുസരിച്ചുള്ള ട്രെയിനിംഗും സോഫ്റ്റ് സ്കിൽ ട്രെയിനിംഗും മറ്റു പരിശീലനങ്ങളും നൽകി വരുന്നു.

(ഡി & ഇ) മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള നൈപുണ്യ വികസനത്തിന് ഊന്നൽ നൽകി പുതിയ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ട് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയായ എംപ്ലോയബിലിറ്റി സെന്ററുകളെ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ, ഗ്യാപ് എന്നിവ വിവിധ അസെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകിവരുന്നു. ഇപ്രകാരം തൊഴിൽ നൈപുണ്യം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

**ബാംബൂ തൊഴിലാളി ക്ഷേമനിധി ബോർഡ്**

197 (2735) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഈറ്റ, കാട്ടുവള്ളി,തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത ബോർഡിന് എത്ര ഓഫീസുകൾ ഉണ്ട്; ഈ ഓഫീസുകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെയും എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 1) പെൻഷൻ-ക്ഷേമനിധിയിൽ അംഗത്വം നേടി 60 വയസ്സിനുശേഷം വിരമിക്കുന്ന തൊഴിലാളികൾക്ക് പദ്ധതി പെൻഷനും ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപ് (5-8-2000) 60 വയസ് കഴിഞ്ഞതിനാൽ ക്ഷേമനിധിയിൽ അംഗത്വം എടുക്കാൻ സാധിക്കാതെ വരികയും ഈ മേഖലയിൽ 3 വർഷത്തിൽ കുറയാതെ ജോലി ചെയ്തിട്ടുള്ളതുമായ തൊഴിലാളികൾക്ക് പദ്ധതി ഇതര പെൻഷനും തൊഴിലെടുക്കാൻ സാധിക്കാത്ത തരത്തിൽ അവശതയുള്ള തൊഴിലാളികൾക്ക് അവശതാപെൻഷനും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ നൽകുന്നു. (സർക്കാർ ഗ്രാന്റ്)

2) സാമ്പത്തിക താങ്ങൽ സഹായം - ബോർഡ് അംഗത്വം എടുത്ത് ഒരു വർഷം പൂർത്തിയായ തൊഴിലാളികൾക്ക് പ്രതിവർഷം 1250 രൂപ നൽകുന്നു. (സർക്കാർ ഗ്രാന്റ്)

3) പ്രസവ ധനസഹായം- സ്ത്രീതൊഴിലാളികൾക്ക് ഒരു പ്രസവത്തിന് 15000 രൂപ ധനസഹായം (1000 രൂപ ബോർഡ് വിഹിതം, 14,000 രൂപ സർക്കാർ വിഹിതം)

4) സ്കോളർഷിപ്പ്- എസ്.എസ്.എൽ.സി. പരീക്ഷയിൽ 65% മാർക്കിൽ കൂടുതൽ വാങ്ങി ആദ്യ തവണ പാസാകുന്ന അംഗത്തിന്റെ മക്കൾക്ക്. ഒരു വർഷം 20 പേർക്കാണ് ടി ആനുകൂല്യം നൽകിവരുന്നത്. (ബോർഡിന്റെ തനതുഫണ്ട് ഉപയോഗിച്ച്)

5) വിവാഹധനസഹായം (അംഗത്വ കാലാവധി ഒരു വർഷം മുതൽ 2 വർഷം വരെ 2000, 2 വർഷം മുതൽ 3 വർഷം വരെ 2500, 3 വർഷത്തിന് മുകളിൽ 3000)

6) ചികിത്സാസഹായം- പരമാവധി 10,000 രൂപ വരെ.

7) മരണാനന്തരസഹായം - അംശദായമായി ബോർഡിൽ ഒടുക്കിയിട്ടുള്ള തുകയും തത്തുല്യമായ തുക ബോർഡ് വിഹിതവും.

(ബി) കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഒരു ഓഫീസ് ആണ് ഉള്ളത്. ടി ഓഫീസ് എറണാകുളം ജില്ലയിൽ അങ്കമാലിയിലാണ് പ്രവർത്തിക്കുന്നത്. ഈ ബോർഡിൽ സ്ഥിരം ജീവനക്കാരില്ല. ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല എറണാകുളം ജില്ല ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-ന് നൽകിയിട്ടുണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 2 പേർ ജോലി ചെയ്യുന്നുണ്ട്. ( അക്കൗണ്ട്സ് ഓഫീസർ 1, ക്ലാർക്ക് 1 )

**വേതനസുരക്ഷാ പദ്ധതി**

198 (2736) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേതനസുരക്ഷാ പദ്ധതി ഇതുവരെ ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കി;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ എന്തൊക്കെയാണ്; ഏത് ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) എല്ലാ ജില്ലകളിലും എന്നു മുതൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ കഴിയും; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും വേതനസുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിൽ വകുപ്പിന്റെ ഏതെങ്കിലും അസിസ്റ്റന്റ് ലേബർ ഓഫീസിൽ ഓൺലൈൻ ആയി രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതും പദ്ധതിയിൽ അംഗമായിട്ടുള്ള 23 ബാങ്കുകളിൽ ഏതിലെങ്കിലും കറന്റ് അക്കൗണ്ട് ഉള്ളതുമായ സ്ഥാപനങ്ങൾക്ക് ബാങ്ക് അക്കൗണ്ട് വിവരങ്ങളും തൊഴിലുടമയുടെ മൊബൈൽ നമ്പർ ഉൾപ്പെടെയുള്ള മറ്റ് വിവരങ്ങളും രേഖപ്പെടുത്തിയ താല്പര്യപത്രം ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർക്ക് സമർപ്പിച്ച് വേതന സുരക്ഷാ പദ്ധതി മുഖേന വേതന വിതരണം നടത്താവുന്നതാണ്. സോഫ്റ്റ്‌വെയർ നിർമ്മാണവും പരിപാലനവും കെൽട്രോൺ മുഖേന നിർവ്വഹിച്ചുകൊണ്ട് ലേബർ കമ്മീഷണർ ആണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

(സി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

**തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിത സാഹചര്യം**

199 (2737) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന രഹിതരും ഭൂരഹിതരുമായ തോട്ടം തൊഴിലാളികൾക്ക് വീട് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത് സംബന്ധിച്ച് ഭവനം ഫൗണ്ടേഷൻ എന്തെങ്കിലും നിർദ്ദേശം സർക്കാരിന് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിത സാഹചര്യം വളരെ പരിതാപകരമാണെന്നത് വസ്തുതയാണെന്നിരിക്കെ അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ആലോചിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ഡി) 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം തൊഴിലാളികൾക്ക് മതിയായ സൗകര്യം തൊഴിലുടമകൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് എന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ മേഖലയിലെ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി അവരെ ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾക്കൊള്ളിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുന്നതിനായി രണ്ട് കിടക്കമുറികളും ഒരു ഹാളും അടുക്കളയും ടോയ്‌ലെറ്റും അടക്കം 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീട് വച്ച് നൽകുന്ന ഭവനപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) തോട്ടം മേഖലയിൽ സ്വന്തം വീട് പദ്ധതിക്കായി മറ്റൊരു പദ്ധതിയിലും പെടാത്ത, സ്വന്തമായി സ്ഥലമുണ്ടെങ്കിലും വീടില്ലാത്ത തോട്ടം തൊഴിലാളികൾക്കും സ്വന്തമായി സ്ഥലവും വീടുമില്ലാത്ത തോട്ടം തൊഴിലാളികൾക്കും സർക്കാർ അംഗീകൃത ഏജൻസി മുഖേന ടേൺ കീ അടിസ്ഥാനത്തിൽ വീടു വച്ച് നൽകുന്ന പദ്ധതിയുടെ ഭാഗമായി ഭവനം ഫൗണ്ടേഷൻ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുകയും സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി വീട് നിർമ്മിച്ച് നൽകുക എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയിൽ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനുമായി ബന്ധപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും മെച്ചപ്പെട്ട ആധുനിക ചികിത്സാസൗകര്യം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി തോട്ടം മേഖലയിൽ ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിന് ഇതുസംബന്ധിച്ച ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ തോട്ടം മേഖലയുടെയും തൊഴിലാളികളുടെയും ക്ഷേമം മുൻനിർത്തി സമഗ്രമായ ഒരു പ്ലാന്റേഷൻ പോളിസി നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) 1951-ലെ പ്ലാന്റേഷൻസ് ലേബർ നിയമത്തിലെയും 1959-ലെ കേരള പ്ലാന്റേഷൻസ് ലേബർ ചട്ടങ്ങളിലെയും വ്യവസ്ഥകൾ തോട്ടം ഉടമകൾ പാലിക്കുന്നുണ്ടോ എന്ന് സംസ്ഥാന പ്ലാന്റേഷൻ ഇൻസ്പെക്ടർമാരും ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസും പരിശോധിച്ച് ഉറപ്പുവരുത്തുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

## ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം

200 (2738) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ പൂർണ്ണ വിവരങ്ങളടങ്ങിയ വിവരശേഖരണം സർക്കാർ നടത്തിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) അപകട മരണം സംഭവിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മോട്ടോർ ആക്സിഡന്റ് ക്ലെയിം കേസ്സുകൾ പ്രാഥമിക നടപടികൾക്ക് ശേഷം അവരുടെ സംസ്ഥാനത്തേക്ക് മാറ്റുന്നതിന് സൗകര്യമുണ്ടോ; വിശദീകരിക്കുമോ;

(ഡി) മരണം സംഭവിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതശരീരം സ്വദേശത്തെത്തിക്കുന്നതിന് എന്തെല്ലാം സഹായം സംസ്ഥാന സർക്കാർ നൽകുന്നുവെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് "ആവാസ്" എന്ന ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് "ആവാസ് " പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ഇൻ പേഷ്യന്റ് ചികിത്സ സംസ്ഥാനത്തെ ചിസ് പ്ലസ് പദ്ധതിയിൽ എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം അംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് കൂടി ഉറപ്പുവരുത്തുന്നതാണ് ഈ പദ്ധതി. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങിയ മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കാൻ കഴിയും വിധത്തിലുള്ള വിവിധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് ഈ പദ്ധതിയിലൂടെ നൽകിവരുന്നത്. ആധാർ കാർഡിന്റെ മാതൃകയിൽ, ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡ് സവിശേഷ തിരിച്ചറിയൽ നമ്പർ ക്യൂ.ആർ കോഡ് എന്നിവ ഉണ്ടായിരിക്കും. "ആവാസ്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 5-2-2019

തീയതി വരെ 360176 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൻകീഴിൽ 55,475 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ പ്രത്യേക അധികാരങ്ങളൊന്നും നിലവിലില്ല.

(ഡി) സംസ്ഥാനത്തിനകത്ത് മരണം സംഭവിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) ഭൗതിക ശരീരം എംബാം ചെയ്ത് സ്വദേശത്തേക്ക് എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവാകുന്ന തുകയോ അല്ലെങ്കിൽ പരമാവധി 50,000 രൂപയോ ഏതാണ് കുറവ് അത് കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ നിന്നും നൽകുന്നതാണ്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ**

201 (2739) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളിൽ കുറ്റവാസനയുള്ളവരും ഉണ്ടെന്ന കാര്യം കണക്കിലെടുത്ത് ഇവർക്ക് തിരിച്ചറിയൽ കാർഡ് ഉൾപ്പെടെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നുവന്ന് പ്രവൃത്തിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിപ്രകാരം മരണാനന്തര ആനുകൂല്യം (25,000 രൂപ), അപകടമരണ ധനസഹായം (രണ്ട് ലക്ഷം രൂപ), ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം (50,000 രൂപ വരെ), ചികിത്സാ ധനസഹായം (20,000 രൂപ വരെ), ടെർമിനൽ ബെനിഫിറ്റ് (25,000 രൂപ മുതൽ 50,000 രൂപ വരെ), പ്രസവ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം (1000 രൂപ മുതൽ 3000 രൂപ വരെ) തുടങ്ങിയ ആനുകൂല്യങ്ങളും നൽകി വരുന്നു. സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

"അപ്നാഘർ" പദ്ധതിയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്നതിന്റെ ആദ്യ സംരംഭം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ലാറ്റ് നിർമ്മാണത്തിലൂടെ പൂർത്തിയായിട്ടുണ്ട്. ഈ മാതൃകയിൽ പാർപ്പിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(ബി) കേരളത്തിലേക്ക് വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം കൂടി ലക്ഷ്യമിട്ടാണ് ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ അംഗീകൃത ഏജൻസികൾ മുഖേന നൽകുന്ന ആധാർ, പാസ്പോർട്ട്, ഇലക്ഷൻ ഐ.ഡി., ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയ ഏതെങ്കിലും തിരിച്ചറിയൽ രേഖ അടിസ്ഥാനമാക്കി ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികൾക്കാണ് ആവാസ് കാർഡ് നൽകപ്പെടുന്നത്. ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങിയ മറ്റ് വകുപ്പുകൾക്കുകൂടി ടി ആവാസ് കാർഡ് മുഖേന രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കാൻ കഴിയും. ഇത്തരത്തിൽ വിവിധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് ആവാസ് പദ്ധതിയിലൂടെ നൽകി വരുന്നത്.

**ആവാസ് പദ്ധതി**

202 (2740) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവാസ് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ ഇവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നത് എപ്രകാരമാണ്; വിശദാംശം നൽകുമോ;

(ഡി) പദ്ധതി ആരംഭിച്ചതുമുതൽ നാളിതുവരെയായി എത്ര പേർ അംഗമായിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) ആവാസ് പദ്ധതി പ്രകാരം നാളിതുവരെയായി എത്ര തൊഴിലാളികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് "ആവാസ്" എന്ന ഇൻഷ്വറൻസ് പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തിട്ടുള്ളത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് " ആവാസ്" പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ സംസ്ഥാനത്തെ ചിസ് പ്ലസ് പദ്ധതിയിൽ എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നതാണ്. അരോഗ്യ ഇൻഷ്വറൻസിനോടൊപ്പം അംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസും ഉറപ്പുവരുത്തുന്ന പദ്ധതിയാണിത്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങിയ മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കാൻ കഴിയും വിധത്തിലുള്ള വിവിധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് ഈ പദ്ധതിയിലൂടെ നൽകിവരുന്നത്. ആധാർ കാർഡിന്റെ മാതൃകയിൽ, ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡ് സവിശേഷ തിരിച്ചറിയൽ നമ്പർ ക്യൂ.ആർ കോഡ് എന്നിവ ഉണ്ടായിരിക്കും. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ അംഗീകൃത ഏജൻസികൾ മുഖേന നൽകുന്ന ആധാർ, പാസ്പോർട്ട്, ഇലക്ഷൻ ഐ.ഡി., ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയ ഏതെങ്കിലും തിരിച്ചറിയൽ രേഖ അടിസ്ഥാനമാക്കിയാണ് ആവാസ് കാർഡ് നൽകപ്പെടുന്നത്.

(ഡി) 5-2-2019 വരെ ആവാസ് പദ്ധതി പ്രകാരം 360176 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 36593 |
| കൊല്ലം | 18477 |
| പത്തനംതിട്ട | 18577 |
| ആലപ്പുഴ | 26486 |
| കോട്ടയം | 23791 |
| തൃശ്ശൂർ | 32505 |

| | |
|---|---|
| ഇടുക്കി | 13552 |
| എറണാകുളം | 72045 |
| പാലക്കാട് | 18553 |
| മലപ്പുറം | 22485 |
| കോഴിക്കോട് | 32451 |
| വയനാട് | 9432 |
| കണ്ണൂർ | 23001 |
| കാസർഗോഡ് | 12228 |
| ആകെ | 360176 |

(ഇ) ആവാസ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇതരസംസ്ഥാന തൊഴിലാളികൾക്ക് നാളിതുവരെയായി അപകടമരണ ഇൻഷ്വറൻസ് തുകയായി 12 ലക്ഷം രൂപയും ചികിത്സാ ധനസഹായമായി 50,706 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

**ആവാസ് പദ്ധതി**

203 (2741) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആവിഷ്കരിച്ച ആവാസ് പദ്ധതി വിജയപ്രദമാണോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) 25 ലക്ഷത്തിലധികം അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് ജോലി നോക്കുമ്പോഴും അവരിൽ വളരെ ചെറിയ ഒരു ശതമാനം മാത്രമാണ് പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായത് എന്നതിനാൽ പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനും കൂടുതൽ പേരെ ഇതിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഭവനം ഫൗണ്ടേഷൻ നടപ്പിലാക്കിയ അപ്നാഘർ പദ്ധതി എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ പ്രാവർത്തികമാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത തൊഴിലാളികൾക്കായി അപകട മരണ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ,

(ഇ) ഇവരെ ആയുഷ് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻഷ്വറൻസ് ആനുകൂല്യം വിപുലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) "ആവാസ് " പദ്ധതി വിജയപ്രദമായി നടന്നുവരികയാണ്. കേരള സംസ്ഥാനത്ത് എത്തിച്ചേരുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളേയും ആവാസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആവാസ് പദ്ധതിയിൽ കൂടുതൽ പേരെ ചേർക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ ഡ്രൈവ് നടത്തുകയും പദ്ധതി പ്രചരണാർത്ഥം ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ബോർഡുകൾ തയ്യാറാക്കി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തീയേറ്റർ, റേഡിയോ എന്നിവ വഴി പരസ്യങ്ങൾ നൽകുകയും മൈക്ക് പ്രചരണം, ലഘുലേഖാ വിതരണം, മെഡിക്കൽ ക്യാമ്പുകളിൽ നടത്തുന്ന ബോധവത്കരണം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ലേബർ ക്യാമ്പുകൾ, തൊഴിലാളികൾ ജോലി ചെയ്യുന്ന തൊഴിലിടങ്ങൾ, വിശ്രമ കേന്ദ്രങ്ങൾ എന്നിവ സന്ദർശിച്ച് അവലോകനം നൽകുക തുടങ്ങിയവയിലൂടെ ആവാസ് പദ്ധതി പ്രചരണം, സംസ്ഥാനത്തിനകത്തുള്ള എല്ലാ ഇതരസംസ്ഥാന തൊഴിലാളികളിലും എത്തിച്ച്, അവരെ ആവാസ് പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഇതരസംസ്ഥാന തൊഴിലാളികളുടെ സൗകര്യാർത്ഥം ഫെസിലിറ്റേഷൻ സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്.

(സി) എറണാകുളം - കളമശ്ശേരി സ്കീം

കിൻഫ്രാ ഹൈ-ടെക് പാർക്കിൽ ഭവനം ഫൗണ്ടേഷൻ കേരള ഒരു ഏക്കർ ഭൂമി പാട്ടത്തിനെടുത്തു. അപ്നാഘർ പ്രോജക്ട് - കളമശ്ശേരി സ്കീമിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി നടന്നുവരുന്നു.

കോഴിക്കോട് - രാമനാട്ടുകര സ്കീം

ഹോസ്റ്റൽ സ്ഥാപിക്കുന്നതിനായി രാമനാട്ടുകര, കിൻഫ്രാ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിൽ ഭവനം ഫൗണ്ടേഷൻ കേരള ഒരു ഏക്കർ ഭൂമി പാട്ടത്തിനെടുത്തു. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കായി 2 ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസ് നൽകിവരുന്നുണ്ട്.

(ഇ) ആയുഷ്മാൻ ഭാരത് പദ്ധതി കേന്ദ്ര സർക്കാർ ഇന്ത്യയിലെ മുഴുവൻ ദുർബ്ബല വിഭാഗങ്ങൾക്കുവേണ്ടി രൂപീകരിച്ച പദ്ധതിയാകുന്നു. ഇതര സംസ്ഥാന തൊഴിലാളിക്ക് അവരുടെ സ്വന്തം നാട്ടിൽ ഈ പദ്ധതിയിൽ അംഗമാകാൻ സാധിക്കുന്നതാണ്. ആ രീതിയിൽ പദ്ധതിയിൽ അംഗമായ ഇതര സംസ്ഥാന തൊഴിലാളിക്ക് കേരളത്തിൽ ചികിത്സ ലഭ്യമാകുന്നതാണ്.

**തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് ഇരിപ്പിട സൗകര്യം**

204 (2742) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ സ്ഥാപനങ്ങളിൽ പകുതിയിലേറെയും അവിടത്തെ വനിതാ ജീവനക്കാരുൾപ്പെടെയുള്ള ജീവനക്കാർക്ക് മതിയായ ഇരിപ്പിട സൗകര്യം ഒരുക്കിയിട്ടില്ല എന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; വ്യക്തമാക്കാമോ;

(ബി) കേരള ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് നിയമം 2018-ൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം എല്ലാ തൊഴിൽ സ്ഥാപനങ്ങളിലും തൊഴിലാളികൾക്ക് മതിയായ ഇരിപ്പിട സൗകര്യം ഒരുക്കേണ്ടതുണ്ടോ ;

(സി) ഈ നിയമപ്രകാരം ഒരു തൊഴിലാളിക്ക് ലഭിക്കേണ്ട ഇരിപ്പിട സൗകര്യം ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചു. 20-12-2018-ൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിലും തുടർന്നു നടത്തിയ ജില്ലാതല സ്ക്വാഡുകളിലുമായി 20 തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന സംസ്ഥാനമൊട്ടാകെയുള്ള 230 സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഇരിപ്പിടസൗകര്യം ഏർപ്പെടുത്താത്തതുൾപ്പെടെ കണ്ടെത്തിയ നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചു വരുകയുമാണ്. 2-2-2019-ൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ സംസ്ഥാനമൊട്ടാകെയുള്ള 358 സ്ഥാപനങ്ങളിൽ പരിശോധന നടത്തി. ഇതിൽ 237 സ്ഥാപനങ്ങളിൽ ഇരിപ്പിട സൗകര്യം നൽകിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇരിപ്പിട സൗകര്യം ഏർപ്പെടുത്താത്തതായി കണ്ടെത്തിയ 121 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി & സി) ഉണ്ട്. ജീവനക്കാർക്ക് ഇരിപ്പിടം നൽകുന്നത് തൊഴിലുടമയുടെ ഉത്തരവാദിത്വം ആണെന്ന് തൊഴിലുടകളെ ബോധവൽക്കരിക്കുന്നതിനായി, തൊഴിൽ വകുപ്പ് ലഘുലേഖകൾ വിതരണം നടത്തിയിട്ടുണ്ട്. ജില്ലാതല സ്ക്വാഡ് പരിശോധനകൾ

നടത്തുമ്പോഴും അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ സ്ഥാപന പരിശോധനാവേളയിലും പ്രസ്തുത നിയമ ഭേദഗതിപ്രകാരമുള്ള സൗകര്യങ്ങൾ തൊഴിലുടമ ഏർപ്പെടുത്തി നൽകുന്നുണ്ടോയെന്ന് പരിശോധിച്ചുവരുന്നുണ്ട്. കൂടാതെ 20-12-2018, 2-2-2019 തീയതികളിൽ സംസ്ഥാനമൊട്ടാകെ സ്പെഷ്യൽ പരിശോധനയും നടത്തിയിട്ടുണ്ട്. പരാതി, പ്രശ്നപരിഹാരം എന്നിവയ്ക്കായി തൊഴിൽ വകുപ്പിൽ കോൾ സെന്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## തോട്ടട ഇ.എസ്.ഐ. ആശുപത്രി

205 (2743) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൂടുതൽ മേഖലകളിലേക്ക് ഇ.എസ്.ഐ.-യുടെ ആനുകൂല്യം വ്യാപിപ്പിച്ചത് കണക്കിലെടുത്ത് കണ്ണൂർ തോട്ടടയിലുള്ള ഇ.എസ്.ഐ. ആശുപത്രിയിലെ ബെഡ് ഒക്യുപൻസി സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഇതിനെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

തോട്ടട ഇ.എസ്.ഐ. ആശുപത്രിയെ ഇ.എസ്.ഐ. കോർപ്പറേഷൻ ഏറ്റെടുത്ത് സൂപ്പർ സ്പെഷ്യാലിറ്റി ആയി ഉയർത്തുന്നതിനുള്ള ശിപാർശ സംസ്ഥാന സർക്കാർ ഇ.എസ്.ഐ. കോർപ്പറേഷന് സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ഇ.എസ്.ഐ. കോർപ്പറേഷൻ നിരസിച്ചു. ടി ആശുപത്രിയിൽ കാർഡിയോളജി, നെഫ്രോളജി, മെഡിക്കൽ ഓങ്കോളജി, ന്യൂറോളജി തുടങ്ങിയ യൂണിറ്റുകൾ ആരംഭിച്ച് സംസ്ഥാന സർക്കാർ തലത്തിൽ സൂപ്പർ സ്പെഷ്യാലിറ്റിയാക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ടി സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്ന മുറയ്ക്ക് ആശുപത്രിയുടെ ബെഡ് ഒക്യുപൻസി വർദ്ധിക്കുന്നതാണ്.

## നോൺ ബാങ്കിംഗ് ബിസിനസ്സ്/പ്രൈവറ്റ് മേഖലയിൽ മിനിമം വേതനം

206 (2744) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺ ബാങ്കിംഗ് ബിസിനസ്സ്/പ്രൈവറ്റ് മേഖലയിൽ മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിൽ സ്റ്റേ നീക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേഖലയിലെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; വിശദമാക്കാമോ;

(ഡി) പ്രസ്തുത മേഖലയിലെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികൾക്ക് നേരെ നടക്കുന്ന ദ്രോഹനടപടികൾ അവസാനിപ്പിക്കുന്നതിനും ശക്തമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിക്കുന്നതിലേക്കുള്ള പ്രാഥമിക വിജ്ഞാപനം 28-7-2016-ലെ തീയതിയിൽ 20549/ഇ1/2015/തൊഴിൽ നമ്പറായി സർക്കാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ആയത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ള കാരണം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനീസ് വെൽഫെയർ അസോസിയേഷൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) 26803/2017 നമ്പർ റിട്ട് ഹർജിയിന്മേൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്.

(സി) തൊഴിൽ മേഖലയിലെ തൊഴിൽ തർക്കങ്ങളിൽ നടപടിയെടുക്കുന്നത് 1947-ലെ വ്യവസായതർക്ക നിയമ പ്രകാരമാണ്. ടി നിയമ പ്രകാരം സംസ്ഥാനത്തെ ലേബർ കമ്മീഷണർ മുതൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1 വരെയുള്ള ഉദ്യോഗസ്ഥരെ അനുരഞ്ജന ഓഫീസർമാരായി നിയോഗിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. നോൺ ബാങ്കിംഗ് മേഖലയുമായി ബന്ധപ്പെട്ട തർക്കങ്ങൾ അനുരഞ്ജന ഉദ്യോഗസ്ഥർ മുമ്പാകെ സമർപ്പിച്ച് പരിഹാരം തേടാവുന്നതാണ്.

(ഡി) നോൺ ബാങ്കിംഗ് മേഖലയിലെ തൊഴിൽ തർക്കങ്ങൾ അനുരഞ്ജന ഉദ്യോഗസ്ഥർ മുമ്പാകെ ലഭിക്കുമ്പോൾ, ടി ഉദ്യോഗസ്ഥർ അനുരഞ്ജന ചർച്ചകൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നു. തൊഴിലാളികൾക്ക് നേരെ നടക്കുന്ന ദ്രോഹ നടപടികൾ തൊഴിൽ നിയമത്തിന്റെ പരിധിയിൽ വരുന്നതാണെങ്കിൽ ആയത് സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-ക്ക് പരാതി നൽകിയാൽ പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിക്കുന്നതാണ്.

**സർക്കാരിന് നൽകേണ്ട സീനിയറേജ്**

207 (2745) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി നിയോഗിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ സർക്കാരിന് നൽകേണ്ട സീനിയറേജ് സംബന്ധിച്ച് നൽകിയ ശിപാർശ എന്തായിരുന്നു;

(ബി) പ്രസ്തുത ശിപാർശ മറികടന്ന് സീനിയറേജ് പൂർണ്ണമായും ഒഴിവാക്കുവാൻ തീരുമാനിച്ചതുമൂലം ഒരു വർഷം എത്രകോടി രൂപയുടെ നഷ്ടം ആണ് സർക്കാരിന് ഉണ്ടായിട്ടുള്ളത്;

(സി) ഈ ഇളവ് വൻകിട തോട്ടം മേഖലയിലും ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ ഹാരിസൺ പോലുള്ള വൻകിടക്കാർക്ക് പ്രതിവർഷം ലഭിക്കുന്ന ലാഭം എത്രയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ച് മാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം എന്നതായിരുന്നു ശിപാർശ. പ്രസ്തുത ശിപാർശ പ്രകാരമാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുള്ളത്.

(സി) ഉണ്ട്. കണക്കാക്കിയിട്ടില്ല.

**കുണ്ടംകുഴിയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ**

208 (2746) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോര ഗ്രാമീണ പഞ്ചായത്തായ ബേഡഡുക്കയിലെ കുണ്ടംകുഴിയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) പരിശോധിച്ചു വരുന്നു.

**തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി**

209 (2747) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) യുവജനങ്ങൾക്ക് ആവശ്യമായ തൊഴിൽ നൈപുണ്യം നേടിക്കൊടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വ്യാവസായിക പരിശീലന വകുപ്പിലെ ടെക്നിക്കൽ, മിനിസ്റ്റീരിയൽ ജീവനക്കാരുടെ നൈപുണ്യ വികസനത്തിനായി സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് (SUIIT) മുഖേന പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ വിവിധ സർക്കാർ/സ്വകാര്യ ഐ.ടി.ഐ. കളിൽ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലൂടെ തൊഴിൽ നൈപുണ്യ പരിശീലനം നൽകിവരുന്നു. കൂടാതെ അപ്രന്റീസ്ഷിപ്പ് പരിശീലന പദ്ധതിപ്രകാരം സംസ്ഥാനത്ത് വിവിധ എസ്റ്റാബ്ലിഷ്മെന്റുകളിൽ ട്രെയിനികൾക്ക് പരിശീലനം നൽകിവരുന്നുണ്ട്.

തൊഴിലന്വേഷകരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ആഗോളതലത്തിലെ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുമായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)

2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട നൈപുണ്യവികസന ഇൻസ്റ്റിറ്റ്യൂട്ട്)

3. കൗശൽ കേന്ദ്രങ്ങൾ

4. നൈപുണ്യ വികസന കേന്ദ്രങ്ങളുടെ അക്രഡിറ്റേഷൻ

5. ഡിസൈൻ മേഖലയിലെ ഉപരി വിദ്യാഭ്യാസത്തിനും പരിശീലനത്തിനും കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

കൂടാതെ ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് താഴെ പറയുന്ന നൈപുണ്യ വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു:

i. എംപ്ലോയബിലിറ്റി സെന്ററുകൾ

ii. കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

ഇതോടൊപ്പം യുവാക്കളുടെ നൈപുണ്യവികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി കൗശൽ വികാസ് യോജനയും KASE മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

**സാനിട്ടറി ഹെൽത്ത് ഇൻസ്പെക്ടർ ട്രേഡ് സർട്ടിഫിക്കറ്റിന് അംഗീകാരം**

210 (2748) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/സ്വകാര്യ ഐ.ടി.ഐ.-കളിൽ സാനിട്ടറി ഹെൽത്ത് ഇൻസ്പെക്ടർ ട്രേഡിൽ വിജയകരമായി പരിശീലനം പൂർത്തീകരിച്ചവർക്ക് പരിശീലനം സിദ്ധിച്ച മേഖലയിൽ തൊഴിലവസരങ്ങൾ ലഭിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാനിട്ടറി ഹെൽത്ത് ഇൻസ്പെക്ടർ ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, പ്രസ്തുത ട്രേഡിൽ പരിശീലനം ലഭിച്ചവർക്ക് നിയമനം ലഭിക്കേണ്ടതായിട്ടുള്ള തസ്തികകളിലേക്കുള്ള യോഗ്യതയായി പി.എസ്.സി. അംഗീകരിച്ചിട്ടില്ല എന്നുള്ളത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ട്രേഡ് സർട്ടിഫിക്കറ്റിന് അംഗീകാരം ലഭിക്കുന്നതിനും പ്രസ്തുത ട്രേഡിൽ പരിശീലനം പൂർത്തിയാക്കിയവർക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് നടത്തിയിരുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് സർട്ടിഫിക്കറ്റ്, മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യതകളുടെ സമാന യോഗ്യതയായി പരിഗണിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (NTC), നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് (NAC) എന്നീ സർട്ടിഫിക്കറ്റുകാർക്കും കൂടി പ്രയോജനപ്പെടുന്ന വിധത്തിൽ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**താഴേക്കോട് വനിതാ ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

211 (2749) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ താഴേക്കോട് വനിതാ ഐ.ടി.ഐ.-യ്ക്ക് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ശിപാർശ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) താഴേക്കോട് വനിതാ ഐ.ടി.ഐ.-യ്ക്കായി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**സർക്കാർ ഐ.ടി.ഐ.-യുടെ വികസനം**

212 (2750) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ പള്ളിപ്പാട് പഞ്ചായത്തിലുള്ള സർക്കാർ ഐ.ടി.ഐ.-യുടെ വികസനത്തിനായി നടത്താൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ഐ.ടി.ഐ. കെട്ടിടത്തിൽ രണ്ട് നില കൂടി പുതുതായി നിർമ്മിക്കുവാൻ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിൻമേൽ എന്ത് നടപടി സ്വീകരിച്ചു;വ്യക്തമാക്കുമോ;

(സി) അടിയന്തരമായി പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) നിലവിലുള്ള ട്രേഡുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പള്ളിപ്പാട് ഐ.ടി.ഐ.-യിൽ ലഭ്യമാണ്. ടി ഐ.ടി.ഐ.-യുടെ നിലവിലുള്ള കെട്ടിടത്തിന് മുകളിൽ രണ്ട് നിലകൾ കൂടി പണികഴിപ്പിക്കുന്നതിലേക്കായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന ട്രേഡുകൾക്കായാണ് ടി നിലകൾ വിഭാവനം ചെയ്തിരിക്കുന്നത്. പുതിയ ട്രേഡുകൾക്ക് അനുമതി ലഭിക്കുന്ന മുറയ്ക്കു മാത്രമേ ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ സാധിക്കുകയുള്ളൂ.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം**

213 (2751) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങളിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) വിവിധ വകുപ്പുകളിലെ അദ്ധ്യാപക തസ്തികകൾ ഉൾപ്പെടെയുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെയുള്ള താല്ക്കാലിക നിയമനങ്ങൾ വ്യാപകമായിട്ടുള്ളതിനാൽ ഇത്തരം ജീവനക്കാർക്ക് നിശ്ചിത ശമ്പള സ്കെയിലുകളും ആനുകൂല്യങ്ങളും ലഭിക്കുന്നതിന് തടസ്സം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സമഗ്രമായി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനങ്ങളിൽ കുറവ് സംഭവിച്ചിട്ടില്ല. 2016 വർഷത്തിൽ 10,334, 2017-ൽ 11647, 2018-ൽ 12887 പേർക്കും ആണ് നിയമനം ലഭിച്ചിട്ടുള്ളത്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നടത്തുന്ന നിയമനങ്ങളിൽ ശമ്പള സ്കെയിൽ പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്നുണ്ട്. എല്ലാ താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നടത്താവൂ എന്ന പൊതു നിർദ്ദേശം നിലവിലുണ്ട്.

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സമഗ്രമായി നവീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികളുടെ നൈപുണ്യവികസനം ലക്ഷ്യമിട്ടുകൊണ്ട് എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ തുടങ്ങിയ പദ്ധതികളും കരിയർ വികസനം ലക്ഷ്യമിട്ടുകൊണ്ട് കരിയർ ഡെവലപ്മെന്റ് സെന്ററുകളും നടപ്പിലാക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പരമാവധി ലഭ്യമാക്കുന്നതിന് നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1) <u>എംപ്ലോയബിലിറ്റി സെന്റർ</u>

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തികവർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാനസർക്കാർ ആവിഷ്കരിച്ച നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം

നൽകുകയും ഇപ്രകാരം തൊഴിൽ നൈപുണ്യം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ധാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

2) <u>മോഡൽ കരിയർ സെന്റർ</u>

നമ്മുടെ സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് അവരുടെ യോഗ്യതയ്ക്കും അഭിരുചിക്കും അനുയോജ്യമായ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ നേടാൻ അവസരമൊരുക്കുക, വിദ്യാർത്ഥികളുടെ അഭിരുചിയും താല്പര്യവും ശാസ്ത്രീയമായി അപഗ്രഥിച്ച് അവർക്കനുയോജ്യമായ ഉന്നത പഠന കോഴ്സുകൾ കണ്ടെത്തുവാൻ സഹായിക്കുക, മത്സര പരീക്ഷാ പരിശീലനം നൽകുക തുടങ്ങി ഒരു വ്യക്തിക്ക് നല്ലൊരു കരിയർ രൂപപ്പെടുത്തുന്നതിനാവശ്യമായ എല്ലാ സൗകര്യവും സൗജന്യമായി പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയിൽ ആരംഭിച്ചിട്ടുള്ള സ്ഥാപനമാണ് മോഡൽ കരിയർ സെന്റർ. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായാണ് മോഡൽ കരിയർ സെന്റർ ആരംഭിച്ചിട്ടുള്ളത്. കരിയർ കൗൺസിലിംഗ്, സ്കിൽ മാപ്പിംഗ്, ICT ലാബ്, സോഫ്റ്റ് സ്കിൽ പരിശീലനങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. സ്വകാര്യ മേഖലയിലെ ഉദ്യോഗദായകരുമായി കൈകോർത്തുകൊണ്ടു കൃത്യമായ ഇടവേളകളിൽ മോഡൽ കരിയർ സെന്റർ ജോബ് ഫെയറുകളും പ്ലേസ്മെന്റ് ഡ്രൈവുകളും സംഘടിപ്പിച്ചു വരുന്നു. എല്ലാ മേഖലയിലുമുള്ള തൊഴിൽ അവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് കണ്ടെത്തി നൽകുന്നതിനായി കാറ്റഗറി തിരിച്ചു പ്ലേസ്മെന്റ് ഡ്രൈവുകൾ സംഘടിപ്പിക്കുന്നു.

3) <u>കരിയർ ഡെവലപ്മെന്റ് സെന്റർ</u>

സംസ്ഥാന സർക്കാർ തൊഴിൽനയപ്രകാരം ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയിർ ഡെവലപ്മെന്റ് സെന്റർ. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തെഴിൽ മേഖലയിലെയും നൂതന പ്രവണതകളെകുറിച്ചും

കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെകുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതികവിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ടു ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ്, റെസ്യൂമെ പ്രിപ്പറേഷൻ, പ്രി-ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ, വിവിധ മത്സരപരീക്ഷാ പരിശീലനങ്ങൾ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ സെന്ററിൽനിന്നും ലഭിക്കുന്നതാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും പാലോടും ആലപ്പുഴ ജില്ലയിലെ കായംകുളത്തും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

4) <u>നിയുക്തി മെഗാ ജോബ് ഫെയർ</u>

അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കിവരുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതിയുടെ ഭാഗമായി 2015 വർഷം മുതൽ നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയർ സംഘടിപ്പിച്ചുവരുന്നുണ്ട്. തികച്ചും സൗജന്യമായാണ് ഇത്തരം തൊഴിൽ മേളകൾ നടത്തിവരുന്നത്. നിയുക്തി പോലുള്ള ജോബ് ഫെയറുകൾ വഴി ഉദ്യോഗദായകരെയും ഉദ്യോഗാർത്ഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന് ഉദ്യോഗദായകർക്ക് അവരുടെ ഒഴിവുകൾക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ നേരിട്ട് സെലക്ട് ചെയ്യാവുന്നതും ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം ഉദ്യോഗദായകരുടെ വിവിധ ഒഴിവുകളിലേക്ക് നടത്തപ്പെടുന്ന ഇന്റർവ്യൂവിൽ പങ്കെടുത്തു അർഹമായ തൊഴിൽ നേടാനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു.

5) <u>കമ്പ്യൂട്ടറൈസേഷൻ</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ, പുതുക്കൽ, അധിക യോഗ്യത ചേർക്കൽ തുടങ്ങിയ പ്രവൃത്തികൾ ഓൺ ലൈൻ ആക്കിയിട്ടുണ്ട്. കൂടാതെ വകുപ്പിലെ മുഴുവൻ ഓഫീസുകളിലും ഈ സാമ്പത്തികവർഷം ഇ-ഓഫീസ് നടപ്പാക്കുന്നതാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർ

214 (T 2752) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്ന എത്ര പേർ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത് ഇവർ എത്രകാലമായി കാത്തിരിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇവരിൽ ഏതെല്ലാം വിഷയത്തിൽപ്പെട്ട ബിരുദധാരികളും മറ്റു യോഗ്യതയുള്ളവരുമുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) ഇവരിൽ ഭിന്നശേഷിക്കാരായ എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവരിൽ എത്രപേർക്ക് എപ്പോൾ തൊഴിൽ നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നവരുടെ കണക്ക് ജില്ല തിരിച്ച് അനുബന്ധമായി കൊടുക്കുന്നു.*

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകളിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ഓരോ ഒഴിവിനും നിശ്ചയിക്കപ്പെട്ടിട്ടുള്ള യോഗ്യത, പ്രായപരിധി എന്നിവയ്ക്കനുസരിച്ച് ഓരോ വിഭാഗത്തിനും വ്യത്യസ്തമായിരിക്കും. ആകയാൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ എത്ര കാലമായി കാത്തിരിക്കുന്നു എന്ന് വ്യക്തമാക്കാൻ കഴിയില്ല.

(സി) വിഷയം തിരിച്ച് ബിരുദധാരികളുടെ കണക്ക് ലഭ്യമല്ല. നിലവിലെ കണക്ക് (30-11-2018) പ്രകാരം 324131 (മൂന്ന് ലക്ഷത്തി ഇരുപത്തിനാലായിരത്തി ഒരുനൂറ്റിമുപ്പത്തിയൊന്ന്) ബിരുദധാരികളും പ്രൊഫഷണൽ ബിരുദ യോഗ്യതയുള്ള 136519 (ഒരു ലക്ഷത്തി മുപ്പത്തിയാറായിരത്തി അഞ്ഞൂറ്റി പത്തൊൻപത്) പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) നിലവിൽ (30-11-2018) 72223 ഭിന്നശേഷിക്കാർ ഉണ്ട്.

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് എപ്പോൾ തൊഴിൽ നൽകുമെന്ന് വ്യക്തമാക്കാൻ നിർവ്വാഹമില്ല. ഉദ്യോഗദായകർ ഒഴിവുകൾ അറിയിക്കുന്നതനുസരിച്ചും ജോബ് ഫെസ്റ്റുകളിലൂടെയും എംപ്ലോയബിലിറ്റി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സെന്റർ മുഖാന്തരവും ആണ് ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം നൽകാൻ സാധിക്കുന്നത്. ഉദ്യോഗദായകർ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യുമ്പോൾ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി, സംവരണം, വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിങ്ങനെ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നാമനിർദ്ദേശം ചെയ്യുന്നത്.

## വേൾഡ് സ്കിൽസ് ലൈസിയം

215 (2753) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ (കെ.എ.എസ്.ഇ.) കീഴിൽ ഒരു വേൾഡ് സ്കിൽസ് ലൈസിയം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

സംസ്ഥാനത്തിന്റെ നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അവയ്ക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു ഏകീകൃത സംവിധാനം പ്രാവർത്തികമാക്കുന്നതി നായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിനെ (KASE) സ്കിൽ സെക്രട്ടേറിയറ്റായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ വിചക്ഷണർ, വ്യവസായ പ്രമുഖർ, വിവിധ സ്ഥാപനങ്ങൾ/വകുപ്പുകൾ എന്നിവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ടുകൊണ്ട് സ്കിൽ സെക്രട്ടേറിയറ്റിന് ഒരു തിങ്ക് ടാങ്ക് (think - tank) ആയി വേൾഡ് സ്കിൽ ലൈസിയം (World Skill Lyceum) രൂപീകരിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. സ്കിൽ ലൈസിയം സ്ഥാപിക്കുന്നതി നായുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## എംപ്ലോയബിലിറ്റി സെന്ററുകൾ

216 (2754) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ജോയി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച വിദ്യാഭ്യാസമുള്ള തൊഴിൽരഹിതരായ യുവജനങ്ങൾക്ക് മെച്ചപ്പെട്ട തൊഴിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും അത് അർഹരായ ഉദ്യോഗാർത്ഥികളിൽ എത്തിക്കാനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ;

(ഡി) തൊഴിൽ ദാതാക്കളുമായി സഹകരിച്ച് ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നതിനും ഉദ്യോഗാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത സെന്ററുകൾ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നത്; സെന്ററിന്റെ പ്രവർത്തനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) യുവജനങ്ങൾക്ക് മെച്ചപ്പെട്ട തൊഴിൽ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. <u>കരിയർ ഡെവലപ്മെന്റ് സെന്റർ</u>

സംസ്ഥാന സർക്കാർ തൊഴിൽനയപ്രകാരം ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെകുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതികവിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ്, റെസ്യൂമെ പ്രിപ്പറേഷൻ, പ്രീ-ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ, വിവിധ മത്സരപരീക്ഷാ പരിശീലനങ്ങൾ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. കരിയർ ഡെവലപ്മെന്റ്

സെന്ററുകളിൽ കരിയർ കൗൺസിലർ, ഐ.ടി. ഓഫീസർ എന്നീ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ലഭ്യമാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നീ സ്ഥലങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

2. മോഡൽ കരിയർ സെന്റർ

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയിൽ ആരംഭിച്ചിട്ടുള്ള സ്ഥാപനമാണ് മോഡൽ കരിയർ സെന്റർ. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് യോഗ്യതയ്ക്കും അഭിരുചിക്കും അനുയോജ്യമായ സ്വകാര്യമേഖലയിലെ തൊഴിൽ അവസരങ്ങൾ നേടാൻ അവസരമൊരുക്കുകയാണ് മോഡൽ കരിയർ സെന്ററുകളുടെ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികളുടെ അഭിരുചിയും താൽപ്പര്യവും ശാസ്ത്രീയമായി അപഗ്രഥിച്ച് അവർക്കനുയോജ്യമായ ഉന്നത പഠനകോഴ്സുകൾ കണ്ടെത്തുവാൻ സഹായിക്കുക, മത്സര പരീക്ഷാ പരിശീലനം നൽകുക തുടങ്ങി ഒരു വ്യക്തിക്ക് നല്ലൊരു കരിയർ രൂപപ്പെടുത്തുന്നതിനാവശ്യമായ എല്ലാ സൗകര്യവും സൗജന്യമായി സെന്റർ മുഖേന പ്രദാനം ചെയ്തുവരുന്നു. കരിയർ കൗൺസിലിംഗ്, സ്കിൽ മാപ്പിംഗ്, ICT ലാബ്, സോഫ്റ്റ് സ്കിൽ പരിശീലനങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. സ്വകാര്യ മേഖലയിലെ ഉദ്യോഗദായകരുമായി കൈകോർത്തുകൊണ്ട് കൃത്യമായ ഇടവേളകളിൽ ജോബ് ഫെയറുകളും പ്ലേസ്മെന്റ് ഡ്രൈവുകളും സംഘടിപ്പിച്ചു വരുന്നു. എല്ലാ മേഖലകളിലുമുള്ള തൊഴിൽ അവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് കണ്ടെത്തി നൽകുന്നതിനായി കാറ്റഗറി തിരിച്ചുള്ള പ്ലേസ്മെന്റ് ഡ്രൈവുകളും ഇതിനൊപ്പം സംഘടിപ്പിക്കുന്നുണ്ട്.

(ബി&സി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 2012-13 സാമ്പത്തികവർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തിവരുന്നു. ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും സോഫ്റ്റ് സ്കില്ലുകൾക്കും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന പരിശീലനം ലഭ്യമാക്കുന്നു. തൊഴിലധിഷ്ഠിത പരിശീലനം

ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം തൊഴിൽ നൈപുണ്യം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ധാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഫണ്ടിന്റെയും സ്ഥലത്തിന്റെയും ലഭ്യതയ്ക്കനുസരിച്ച് ശേഷിക്കുന്ന ജില്ലകളിൽ കൂടി എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## ഡ്രൈവർ തസ്തികയുടെ പുനർനാമകരണം

217 (2755) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിലെ ഡ്രൈവർ തസ്തിക മോട്ടോർ ഡ്രൈവർ എന്നാക്കി ഉത്തരവായി എങ്കിലും ആയത് ഇനിയും നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കി, മോട്ടോർ ഡ്രൈവർ എന്ന് പുനർനാമകരണം പ്രാബല്യത്തിൽ വരുത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യാവസായിക പരിശീലന വകുപ്പിലെ, കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. ടി ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവാകുന്ന മുറയ്ക്ക് പുനർനാമകരണം പ്രാബല്യത്തിൽ വരുന്നതാണ്.

**തൊഴിലിടങ്ങളിലെ സുരക്ഷ**

218 (2756) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. ജോയി :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകരമായ വ്യവസായ ബന്ധം വളർത്തിയെടുത്ത് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വ്യാപാര സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ; തൊഴിലാളി ശ്രേഷ്ഠ അവാർഡ് നൽകാൻ തീരുമാനമായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) വ്യവസായ ബന്ധസമിതികളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദപരവും സുരക്ഷിതവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ഡി) തൊഴിലിടങ്ങളിലെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും തൊഴിൽ ജന്യരോഗങ്ങൾ തടയുന്നതിനും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, കേരള ഫാക്ടറീസ് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിക്കുകയും തൊഴിലുടമകൾ തൊഴിലാളികൾക്ക് നൽകുന്ന സേവന വേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി അംഗീകരിക്കാനും ആയതിന് സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകുന്നതിനും സർക്കാർ തീരുമാനിച്ചിരുന്നു. ആയതിൻപ്രകാരം 2017 വർഷത്തെ ഗ്രേഡിംഗ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആകെ 941 അപേക്ഷകൾ ലഭിക്കുകയുണ്ടായി. ആയതിൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ഗ്രേഡിംഗിനായി 446 സ്ഥാപനങ്ങളെ പരിഗണിക്കുകയും ഇതിൽ 271 സ്ഥാപനങ്ങൾ വജ്ര ഗ്രേഡിനും 119 സ്ഥാപനങ്ങൾ സുവർണ്ണ ഗ്രേഡിനും 56 സ്ഥാപനങ്ങൾ രജത ഗ്രേഡിനും അർഹമായി. ടി സ്ഥാപനങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ 15-10-2018-ൽ എറണാകുളത്ത് വച്ച് നടന്ന ചടങ്ങിൽ ബഹു. തൊഴിൽ വകുപ്പുമന്ത്രി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

കേരളത്തിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന മികച്ച തൊഴിലാളികളെ കണ്ടെത്തി അംഗീകാരം നൽകുന്നതിനുള്ള തൊഴിൽ ശ്രേഷ്ഠ അവാർഡ് പദ്ധതി നടപ്പിലാക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി) 1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മെച്ചപ്പെട്ട വേതനം ലഭിക്കുന്ന തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗസമത്വം ഉറപ്പുവരുത്തി സ്ത്രീതൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പാക്കി സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു.

2018-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിക്കും രാവിലെ 6 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി മതിയായ സുരക്ഷ ഉറപ്പുവരുത്തിക്കൊണ്ട് ജോലിക്ക് നിയോഗിക്കാവുന്നതാണ്. അപ്രകാരം ജോലി ചെയ്യിപ്പിക്കുന്നപക്ഷം 5 പേർ അടങ്ങുന്ന ഗ്രൂപ്പായും അതിൽ 2 പേർ സ്ത്രീകൾ ആയിരിക്കുകയും ചെയ്യേണ്ടതാണ്. ടി ജീവനക്കാർക്ക് അവരുടെ താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യവും തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ടതുണ്ട്. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടം 6 B പ്രകാരം സ്ഥാപനങ്ങളിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനായി കംപ്ലെയിന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധിച്ചുവരുന്നുണ്ട്.

(ഡി) തൊഴിലിടങ്ങളിൽ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി ഫാക്ടറി ഇൻസ്പെക്ടർമാർ ഫാക്ടറി നിയമത്തിലെ സുരക്ഷാ ആരോഗ്യ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുവരുന്നു. കൂടാതെ തൊഴിലാളികൾക്കും മാനേജ്മെന്റിനും സുരക്ഷിതത്വ ആരോഗ്യ പരിശീലന ക്ലാസ്സുകൾ വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലന കേന്ദ്രത്തിലും സുരക്ഷാരഥം എന്ന പരിശീലന വാഹനം ഉപയോഗിച്ചും നടത്തി വരുന്നു. തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ സംരക്ഷിച്ചുകൊണ്ട് പ്രവർത്തന മികവ് പ്രകടമാക്കി അപകടങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്ന ഫാക്ടറികൾക്ക് വകുപ്പ് സേഫ്റ്റി അവാർഡുകൾ നൽകി വരുന്നു. തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനായി

വകുപ്പിന്റെ കീഴിലുള്ള കൊല്ലത്തെ ഒക്യുപ്പേഷണൽ ഹെൽത്ത് റിസർച്ച് സെന്ററിലെ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറി തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നു. 2017-18, 2018-19 എന്നീ വർഷങ്ങളിൽ കയർ, കശുവണ്ടി, മെറ്റൽ ക്രഷർ, സീ ഫുഡ് പ്രോസസ്സിംഗ്, പാക്കിംഗ് എന്നീ മേഖലകളിൽ തൊഴിൽജന്യ രോഗ നിർണ്ണയ സർവ്വേ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിൽ ടെക്സ്റ്റൈൽ, ഇലക്ട്രോപ്ലേറ്റിംഗ് ഇലക്ട്രോണിക്സ്, വെൽഡിംഗ് എന്നീ മേഖലകളിൽ തൊഴിൽജന്യ രോഗനിർണ്ണയ സർവ്വേ നടത്തുവാൻ ലക്ഷ്യമിടുന്നുണ്ട്.

**ഫാക്ടറികൾക്കും വ്യാപാര വാണിജ്യ സ്ഥാപനങ്ങൾക്കും ഗ്രേഡിംഗ്**

219 (2757) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടറികൾക്കും വ്യാപാര വാണിജ്യ സ്ഥാപനങ്ങൾക്കും അവയുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥാപനങ്ങളുടെ മത്സരക്ഷമത, വാണിജ്യപരമായ വിശ്വാസ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനും തൊഴിലാളി-തൊഴിലുടമ ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നതിനും ഈ സംവിധാനം എത്രത്തോളം പ്രയോജനപ്രദമാകുന്നുവെന്ന് അറിയിക്കാമോ;

(ഡി) ഏതെല്ലാം മേഖലകളിലും സ്ഥാപനങ്ങളിലുമാണ് ഇപ്രകാരം ഗ്രേഡിംഗ് സംവിധാനം നടപ്പിലാക്കുന്നത്;

(ഇ) ഇത് സംബന്ധിച്ച് തൊഴിലാളി, തൊഴിലുടമ പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. താഴെ പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്.

- മികച്ച തൊഴിൽദാതാവ്
- സംതൃപ്തരായ തൊഴിലാളികൾ

- മികവുറ്റ തൊഴിൽ അന്തരീക്ഷം
- തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം
- സ്ത്രീ സൗഹൃദ അന്തരീക്ഷം
- തൊഴിലാളികളുടെ ക്ഷേമം
- തൊഴിലിടങ്ങളിലെ സുരക്ഷ

(സി) സംസ്ഥാനത്തെ ഫാക്ടറികളെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളെയും നിയമപാലനം, ക്ഷേമപ്രവർത്തനങ്ങൾ, മിനിമം വേതനം നടപ്പിലാക്കൽ, സ്ത്രീ സൗഹൃദ തൊഴിൽ അന്തരീക്ഷം, ശുചിത്വം, ഉപഭോക്തൃ സേവനം തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും മികച്ച ഗുണനിലവാരം പുലർത്തുന്ന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും ഗ്രേഡുകൾ നൽകുകയും ചെയ്യുന്നതിലൂടെ ടി മാനദണ്ഡങ്ങൾ തൊഴിൽ സ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നതിനും മികച്ച ഗ്രേഡുകൾ കരസ്ഥമാക്കുന്നതിനും സ്ഥാപനങ്ങൾക്കിടയിൽ മത്സരക്ഷമത ഉണ്ടാകുകയും ആയതിലൂടെ വാണിജ്യപരമായ വിശ്വാസ്യത വർദ്ധിക്കുകയും, തൊഴിലാളി- തൊഴിലുടമ ബന്ധം കാര്യക്ഷമമാകുന്നതുമാണ്

(ഡി) താഴെപ്പറയുന്ന മേഖലകളിലാണ് ഗ്രേഡിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്:

1. ഹോസ്പിറ്റലുകൾ
2. ടെക്സ്റ്റൈൽ ഷോപ്പുകൾ
3. ഹോട്ടൽ-റെസ്റ്റോറന്റുകൾ
4. ജ്വല്ലറികൾ
5. സെക്യൂരിറ്റി സ്ഥാപനങ്ങൾ
6. ഐ.ടി.സ്ഥാപനങ്ങൾ
7. സ്റ്റാർ ഹോട്ടലുകൾ
8. നിർമ്മാണ മേഖല

കൂടാതെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 20-ഉം അതിൽ കൂടുതൽ തൊഴിലാളികളുള്ള ഫാക്ടറികളിൽ പ്രാഥമികമായി ഗ്രേഡിംഗ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഗ്രേഡിംഗ് സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-10-2016-ൽ തീയതിയിൽ തൊഴിൽ സ്ഥാപന ഉടമകളുടെ അസോസിയേഷനുകളുടെയും വ്യാപാരി, വ്യവസായി അസോസിയേഷനുകളുടെയും സംസ്ഥാനതല യോഗവും, 18-1-2017-ൽ തീയതിയിൽ വിവിധ തൊഴിലാളി യൂണിയൻ പ്രതിനിധികളുടെ യോഗവും വിളിച്ച് ചേർത്തിരുന്നു. ടി യോഗത്തിൽ പങ്കെടുത്ത വിവിധ സംഘടനാ പ്രതിനിധികൾ മുന്നോട്ട് വച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൂടി അടിസ്ഥാനമാക്കിയാണ് ഗ്രേഡിംഗ് സംവിധാനം രൂപീകരിച്ചിട്ടുള്ളത്.

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ്**

220 (2758) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിന് അനുവദിക്കുന്ന ബജറ്റ് തുക പൂർണ്ണമായും ഫലപ്രദമായും ചെലവഴിക്കുന്നതിനും ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് അനുവദിക്കുന്ന തുകയിൽ, മരുന്നുകളും മറ്റ് ചികിത്സാ ഉപകരണങ്ങളും വാങ്ങാൻ അനുവദിക്കുന്ന തുക പൂർണ്ണമായും ഉപയോഗിച്ച് ഗുണഭോക്താക്കളുടെ ഉപയോഗത്തിനായി ആശുപത്രികളിലും ഡിസ്പെൻസറികളിലും മരുന്നുകളും ഉപകരണങ്ങളും വാങ്ങി നൽകുന്നുണ്ട്. പ്ലാൻ/നോൺ പ്ലാൻ മുഖാന്തരം അനുവദിക്കുന്ന തുകയിലൂടെ ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കും ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുകയും നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**അബ്കാരി കേസ്സുകളിലെ കുറ്റപത്രം**

221 (2759) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി കേസ്സുകളിൽ കേസെടുത്ത ഉദ്യോഗസ്ഥൻ തന്നെ കുറ്റപത്രം സമർപ്പിക്കാൻ പാടില്ലെന്ന് സുപ്രീം കോടതി ഉത്തരവ് നിലവിലുണ്ടോ;

(ബി) കേസെടുത്ത ഉദ്യോഗസ്ഥനേക്കാൾ സീനിയറായ ഉദ്യോഗസ്ഥൻ അന്വേഷിച്ച് കുറ്റപത്രം സമർപ്പിക്കണമെന്നാണോ പ്രസ്തുത ഉത്തരവിൽ പറയുന്നതെന്ന് വ്യക്തമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എങ്കിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത അബ്കാരി കേസ്സുകളിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധന വേണ്ടിവരുമോ;

(ഡി) എങ്കിൽ എത്ര കേസ്സുകളിൽ ഈ വിധം പുനഃപരിശോധന ആവശ്യമായി വരുമെന്ന് അറിയിക്കുമോ;

(ഇ) കുറ്റപത്രം സമർപ്പിച്ച കേസ്സുകളിൽ പുന:പരിശോധന നടത്തുന്നതിന് കോടതിയുടെ അനുമതി ആവശ്യമാണോ;

(എഫ്) എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) നിലവിലുണ്ട്. ബഹു. സുപ്രീംകോടതിയുടെ ക്രിമിനൽ അപ്പീൽ 1880/2011 കേസിലെ ഉത്തരവ് പ്രകാരം എൻ.ഡി.പി.എസ്. കേസുകൾ കണ്ടെടുത്ത ഉദ്യോഗസ്ഥൻ തന്നെ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കാൻ പാടില്ലായെന്നും കേസ്സെടുത്ത ഉദ്യോഗസ്ഥനേക്കാൾ സീനിയറായ ഉദ്യോഗസ്ഥൻ തന്നെ എൻ.ഡി.പി.എസ്. കേസ്സുകളിൽ അന്വേഷിച്ച് കുറ്റപത്രം സമർപ്പിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(സി & ഡി) കഴിഞ്ഞ 5 വർഷത്തിനിടയിൽ രജിസ്റ്റർ ചെയ്ത 13868 അബ്കാരി കേസുകളിൽ പുനഃപരിശോധന വേണ്ടി വരും.

(ഇ) ആവശ്യമാണ്.

(എഫ്) ബഹു. സുപ്രീംകോടതി വിധി അബ്കാരി കേസുകളിൽ ബാധകമാക്കി വരുന്നതിനാൽ കുറ്റപത്രം സമർപ്പിച്ച കേസുകളിൽ തുടരന്വേഷണത്തിനായി ബന്ധപ്പെട്ട കോടതികളിൽ നിന്നും അനുമതി വാങ്ങി നടപടി സ്വീകരിച്ചുവരുന്നു.

**പത്തനംതിട്ടയിൽ എക്സൈസ് ടവർ**

222 (2760) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടയിൽ എക്സൈസ് ടവർ സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികൾ ഏതുഘട്ടത്തിലാണ്;

(ബി) പ്രസ്തുത എക്സൈസ് ടവർ എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പത്തനംതിട്ട എക്സൈസ് ടവർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട സ്ഥലം റവന്യൂ വകുപ്പ് അളന്ന് തിട്ടപ്പെടുത്തി വാല്യൂ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത വസ്തുവിൽ സ്ഥിതിചെയ്യുന്ന 2 കെട്ടിടങ്ങളുടെ വില നിശ്ചയിച്ച് പി.ഡബ്ല്യൂ.ഡി. റിപ്പോർട്ട് ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ District Level Fare Value Committee (DLFC), State Level Empower Committee (SLEC) എന്നിവ ചേർന്ന് തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. അതിൻ പ്രകാരം അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പരാമർശ വസ്തു വാങ്ങുന്നതിന് എഗ്രിമെന്റ് വയ്ക്കാവുന്നതും റവന്യൂ വകുപ്പ് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് എക്സൈസ് ടവർ പ്രവർത്തന സജ്ജമാക്കുവാൻ സാധിക്കുന്നതുമാണ്.

**മയക്കുമരുന്നിന്റെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം**

223 (2761) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി, മലപ്പുറം ജില്ലകളിലെ ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിന് ജനമൈത്രി എക്സൈസ് സർക്കിൾ ഓഫീസ് രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽ ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; ഇതിലൂടെ എക്സൈസ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിൽ എന്ത് പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്;

(സി) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം അഴിമതി രഹിതമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ) 14-7-2017-ലെ സ.ഉ.(കൈ) 59/17/നി.വ. പ്രകാരം മലപ്പുറം ജില്ലയിലെ നിലമ്പൂർ, ഇടുക്കി ജില്ലയിലെ ദേവികുളം എന്നീ സ്ഥലങ്ങളിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപകീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഇല്ല.

(സി)

1. വിവിധ ലൈസൻസുകൾക്കായുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും ആയതിലേക്കുള്ള തുടർനടപടികളും ഓൺലൈൻ മുഖാന്തരമാക്കിയിട്ടുണ്ട്. ആയതിലൂടെ സേവനം സുതാര്യമാക്കുന്നതിനും ഇടനിലക്കാരെ ഒഴിവാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.
2. ഇ-ഫയലിംഗ് നടപ്പിലാക്കി.
3. ഓഫീസുകളിലും പരിസരത്തും സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.
4. അഴിമതി കണ്ടെത്തുന്ന പക്ഷം അത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പന**

224 (2762) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016, 2017, 2018 എന്നീ വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷൻ വഴി എത്ര കോടി രൂപയുടെ മദ്യം വിറ്റിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ;

(ബി) മദ്യവർജ്ജന ബോധവൽക്കരണത്തിനായി വൻതുക ചെലവഴിച്ചിട്ടും ഓരോ വർഷം കഴിയുന്തോറും മദ്യ ഉപഭോഗം കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതെന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കഴിഞ്ഞ 3 വർഷത്തെ മദ്യവിൽപ്പനയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു:

| വർഷം | തുക (കോടിയിൽ) |
|---|---|
| 2015-16 | 11,577 |
| 2016-17 | 12,134 |
| 2017-18 | 12,937 |
| 2018-19 (2018 ഡിസംബർ വരെ) | 10,844 |

(ബി) മദ്യത്തിന്റെ വിപത്തിനെ കുറിച്ച് സർക്കാർ നടത്തുന്ന ബോധവൽക്കരണ പരിപാടികളിലൂടെ മദ്യത്തോടുള്ള ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം സൃഷ്ടിക്കുവാൻ സാധിക്കുമെന്ന കരുതുന്നു. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തിവരുന്നു. പ്രസ്തുത ബോധവത്കരണത്തിലൂടെ മദ്യത്തോടുള്ള ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം ഉണ്ടായതായും മദ്യ ഉപഭോഗത്തിൽ നേരിയ കുറവ് വന്നതായും കണ്ടെത്തിയിട്ടുണ്ട്.

മദ്യ വിലയിൽ ഉണ്ടായിട്ടുള്ള വർദ്ധനവാണ് വിൽപ്പന തുക വർദ്ധനവിന് കാരണമായി കാണുന്നത്. ജനുവരി 2014 മുതൽ ജൂൺ 2016 വരെയുള്ള 30 മാസങ്ങളിലെ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന ജൂലൈ 2016 മുതൽ ഡിസംബർ 2018 വരെയുള്ള 30 മാസങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിൽപ്പനയിൽ 11.99 ലക്ഷം കെയ്സിന്റെ കുറവ് കാണുന്നു. ഈ കാലയളവിൽ ബിയറിന്റെ വിൽപ്പനയിലും 18.38 ലക്ഷം കെയ്സിന്റെ കുറവ് ഉണ്ടായിട്ടുണ്ട്.

**വർദ്ധിക്കുന്ന ലഹരി ഉപഭോഗം തടയാൻ നടപടി**

225 (2763) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി ഉപയോഗത്തിൽ കേരളം രാജ്യത്ത് രണ്ടാം സ്ഥാനത്താണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലഹരി വർജ്ജന ബോധവൽക്കരണ പരിപാടികൾ പലതും നടത്തിയിട്ടും എക്സൈസ് വകുപ്പ് പരിശോധന ശക്തമാക്കിയിട്ടും സംസ്ഥാനത്ത് ലഹരി ഉപഭോഗം വർദ്ധിക്കുന്നതിന്റെ സാഹചര്യം വ്യക്തമാക്കുമോ;

(സി) ലഹരി കടത്തിന്റെയും വിൽപ്പനയുടെയും പേരിൽ പിടിക്കപ്പെടുന്നവർക്ക് ദീർഘകാല ജയിൽ ശിക്ഷയും കനത്ത പിഴയും ഉറപ്പുവരുത്തുന്നതടക്കമുള്ള ശക്തമായ നിയമനിർമ്മാണം നടത്തുമോ;

(ഡി) സർക്കാർ ആരംഭിച്ചിട്ടുള്ള ലഹരി വിമോചന കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തമാക്കുന്നതിനും കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് ലഹരി ഉപഭോഗം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മദ്യത്തെ അപേക്ഷിച്ച് മയക്കമരുന്ന് കൈവശം വച്ച് കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം എളുപ്പമാണ്. ഈ വസ്തുത കണക്കിലെടുത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി മയക്കമരുന്ന കേസ്സുകൾ കൂടുതൽ കണ്ടുപിടിക്കുന്നതിനും മയക്കമരുന്ന് വ്യാപനത്തെ തടയുന്നതിനും എക്സൈസ് വകുപ്പ് നിതാന്ത പരിശ്രമം നടത്തിവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയതിന്റെ ഫലമായി കേസ്സുകൾ കൂടുതലായി കണ്ടെടുക്കുന്നതിനാലാണ് സംസ്ഥാനത്ത് ലഹരി ഉപഭോഗം വർദ്ധിക്കുന്നതായുള്ള റിപ്പോർട്ടുകൾ ഉണ്ടാകുന്നത്.

(സി) ലഹരി കടത്തിന്റെയും വിൽപ്പനയുടെയും പേരിൽ പിടിക്കപ്പെടുന്നവർക്ക് ദീർഘകാല ജയിൽശിക്ഷയും കനത്ത പിഴയും ഉറപ്പുവരുത്തുന്ന എൻ.ഡി.പി.എസ്. നിയമം നിലവിലുണ്ട്. എങ്കിലും ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തതുമൂലം മേൽ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ഈ വസ്തുത പരിഗണിച്ച് കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ്. നിയമം പരിഷ്കരിക്കുവാൻ കേന്ദ്ര ഗവൺമെന്റിലേക്ക് സംസ്ഥാന സർക്കാർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുള്ള ലഹരി വിമോചന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ലഹരി വിമോചന കേന്ദ്രങ്ങൾ**

226 (2764) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ലഹരി വിമോചന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ വ്യാജ മദ്യത്തിന്റെ ഉപയോഗം കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കുറവ് ആളുകൾ മറ്റു ലഹരികളുടെ ഉപയോഗം ആരംഭിക്കുന്നതുകൊണ്ടാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഡീ-അഡിക്ഷൻ സെന്ററുകൾ ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ചെക്ക്പോസ്റ്റുകളുടെ ആധുനികവൽക്കരണം, രാത്രികാല പട്രോളിംഗ്, വാഹന പരിശോധനകൾ, ബോർഡർ പട്രോളിംഗ് തുടങ്ങിയവയിലൂടെ എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. എല്ലാ ലൈസൻസ്ഡ് സ്ഥാപനങ്ങളിലും കൃത്യമായി പരിശോധന നടത്തി സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കയച്ച് അംഗീകൃത മദ്യം മാത്രമേ വില്പന നടത്തുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. കള്ളവാറ്റ്, സ്പിരിറ്റ്, സെക്കന്റ്സ് തുടങ്ങിയ വ്യാജമദ്യങ്ങൾ ഇല്ലായ്മ ചെയ്യുവാൻ ഫലപ്രദമായി സാധിച്ചിട്ടുണ്ട്. വ്യാജമദ്യത്തിന്റെ ഉല്പാദനം/ വിതരണം / ഉപയോഗം എന്നിവ ശ്രദ്ധയിൽപ്പെടുന്ന ഘട്ടത്തിൽ അതിനെതിരെ അതിശക്തമായ നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വ്യാജ മദ്യത്തിന്റെയും മറ്റു ലഹരി വസ്തുക്കളുടെയും ഉപയോഗം തടയുന്നതിനുള്ള കർശനമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്.

**ലഹരി മുക്തരാകുന്നവരെ നിരീക്ഷണ വിധേയമാക്കുന്നതിന് നടപടി**

227 (2765) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ മദ്യ നയത്തിന്റെ ഭാഗമായി മദ്യത്തിന്റെ ഉപയോഗം വർദ്ധിച്ചുവെന്നത് വസ്തുതയല്ലേ;

(ബി) ഇതുമൂലം ലഹരിക്ക് അടിമപ്പെടുന്ന ചെറുപ്പക്കാരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരക്കാരെ ലഹരിയിൽ നിന്നും മുക്തമാക്കുവാൻ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ; എങ്കിൽ എത്ര ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചു;

(ഡി) പ്രസ്തുത ഡീ-അഡിക്ഷൻ സെന്ററുകളിൽ നിന്നും ചികിത്സ കഴിഞ്ഞ് മടങ്ങുന്നവർ വീണ്ടും ലഹരിയുടെ ലോകത്തിലേക്ക് മടങ്ങുന്നില്ലായെന്ന് ഉറപ്പ് വരുത്തുവാൻ എന്തെങ്കിലും സംവിധാനം ഉണ്ടോ;

(ഇ) ഇല്ലെങ്കിൽ അത്തരക്കാരെ നിരീക്ഷിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും വിമുക്തിയുടെ ആഭിമുഖ്യത്തിൽ പ്രത്യേക സംവിധാനം ഒരുക്കുമോ?

<u>ഉത്തരം</u>

(എ) ജനുവരി 2014 മുതൽ ജൂൺ 2016 വരെയുള്ള കാലയളവിൽ 535.49 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യവും 326.27 ലക്ഷം കെയ്സ് ബിയറുമാണ് വിൽപ്പന നടന്നിട്ടുള്ളത്. അതേ അവസരത്തിൽ 2016 ജൂലൈ മുതൽ 2018 ഡിസംബർ

വരെയുള്ള കാലയളവിൽ 523.50 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യവും 307.89 ലക്ഷം കെയ്സ് ബിയറുമാണ് വിൽപ്പന നടന്നിട്ടുള്ളത്. ഈ കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പനയിൽ 11.99 ലക്ഷം കെയ്സിന്റെ കുറവും ബിയറിന്റെ വില്പനയിൽ 18.38 ലക്ഷം കെയ്സിന്റെ കുറവും ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായതായി കാണാവുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ " വിമുക്തി" യുടെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി&ഇ) തുടർ ബോധവൽക്കരണങ്ങൾക്കാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ

228 (2766) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി മുക്ത കേരളം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന വിമുക്തി മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിജയത്തിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

### ഉത്തരം

(എ) മദ്യം - മയക്കുമരുന്ന് - പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക എന്നിവയാണ് വിമുക്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മദ്യവർജ്ജന സമിതിയടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജന പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുകയാണ് വിമുക്തി മിഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) "വിമുക്തി" മിഷന്റെ പ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളതാണ്. വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്തുമാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തിയിട്ടുണ്ട്. ഫിഷറീസ് വകുപ്പുമായി സഹകരിച്ച് തീരദേശമേഖലകൾ കേന്ദ്രീകരിച്ച് വിവിധങ്ങളായ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പട്ടികജാതി-പട്ടിക വർഗ്ഗ വകുപ്പുകൾ, സാമൂഹ്യനീതി വകുപ്പ് എന്നിവയുമായി സഹകരിച്ച് കൊണ്ട് ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് ആദിവാസി യുവാക്കൾക്ക് തൊഴിൽ പരിശീലനം, പി.എസ്.സി. പരീക്ഷാ പരിശീലനം, ആദിവാസി യുവാക്കളുടെ കലാ കായിക ടീമുകൾ രൂപീകരിക്കൽ, ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകൽ എന്നിങ്ങനെ വിവിധങ്ങളായ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**ചാലക്കുടി താലൂക്ക് ആശുപത്രിയിൽ വിമുക്തി പദ്ധതി**

229 (2767) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളും സൗകര്യങ്ങളുമാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) വിമുക്തി പദ്ധതി അനുവദിച്ചിട്ടുള്ള ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ഇതിന്റെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതെല്ലാമാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) മദ്യം - മയക്കമരുന്ന് - പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക എന്നിവയാണ് വിമുക്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നിലവിൽ കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ലഹരിവിരുദ്ധ സന്ദേശങ്ങൾ പകരുന്നതിനായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുന്നുണ്ട്. ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എക്സൈസ് ഓഫീസുകൾ എന്നിവിടങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുണ്ട്. ആയവ വഴി ലഭ്യമാകുന്ന പരാതികൾ പരിഗണിക്കുവാനും നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നല്കിയിട്ടുണ്ട്.

വിമുക്തിയുടെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ആരംഭിച്ച ഡീ-അഡിക്ഷൻ സെന്ററുകളിൽ ലഹരിക്ക് അടിമപ്പെട്ടവർക്ക് കൗൺസിലിംഗും ചികിത്സയും നല്കിവരുന്നുണ്ട്. ലഹരിക്ക് അടിമപ്പെട്ടവർക്കും ലഹരിയുടെ പാതയിലേയ്ക്ക് വഴുതിപ്പോകാനിടയുള്ളവർക്കും വിമുക്തി മിഷന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കൗൺസിലിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളതും ടെലഫോൺ മുഖാന്തരവും ആവശ്യമുള്ള പക്ഷം നേരിട്ടും രാവിലെ എട്ടുമണി മുതൽ രാത്രി എട്ടുമണി വരെ കൗൺസിലിംഗ് നല്കുന്നതിനായി സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതാണ്

(ബി) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ആരംഭിച്ച ഡീ-അഡിക്ഷൻ സെന്ററിൽ പത്ത് കിടക്കകളോടെ കിടത്തി ചികിത്സയടക്കം നൽകാൻ കഴിയും വിധം എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ടി ഡീ-അഡിക്ഷൻ സെന്ററിൽ ഒരു അസിസ്റ്റന്റ് സർജന്റെ കേഡറിലുള്ള മെഡിക്കൽ ഓഫീസർ, ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒരു സൈക്ക്യാട്രിക് സോഷ്യൽ വർക്കർ, മൂന്ന് സ്റ്റാഫ് നഴ്സ് എന്നിങ്ങനെ താത്കാലിക തസ്തികകൾ ഉണ്ട്.

**ടോഡി ബോർഡ് രൂപീകരണം**

230 (2768) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് ചെത്ത് വ്യവസായത്തെ പുനഃസംഘടിപ്പിച്ച് വൈവിദ്ധ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി ടോഡി ബോർഡ് രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്;

(ബി) പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്ത് പല ഭാഗങ്ങളിലും കള്ള് എന്ന പേരിൽ വ്യാജകള്ള് വ്യാപകമായി വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കള്ള് വ്യവസായത്തെ തന്നെ തകർക്കുന്ന ഇത്തരം പ്രവൃത്തികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ടോഡി ബോർഡ് രൂപീകരണം പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കള്ള് വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുക, ഉപഭോക്താക്കൾക്ക് ശുദ്ധമായ കള്ള് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക, കള്ളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക, കള്ള് ഉല്പാദനത്തിന് ഉതകുന്ന അത്യുല്പന്ന ശേഷിയുള്ള വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക, തൊഴിലാളികൾക്കും പുതുതായി ഈ മേഖലയിൽ വരുന്നവർക്കും ആവശ്യമായ പരിശീലനം നൽകുക, ശുദ്ധമായ കള്ള് ചെത്തിയെടുക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് പരിഹരിച്ച് കള്ള് വ്യവസായത്തിന്റെ പരിപോഷണത്തിനായി വിവിധ പരിപാടികൾ നടപ്പിലാക്കുക എന്നിവ ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കള്ള്ഷാപ്പുകളിൽ വ്യാജകള്ള് വിൽപ്പന നടക്കുന്നില്ലായെന്ന് ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് ഉടനീളമുള്ള കള്ള് ഷാപ്പുകളിൽ നിന്ന് എക്സൈസ് ഉദ്യോഗസ്ഥർ നിരന്തരം സാമ്പിളുകൾ ശേഖരിക്കുകയും രാസപരിശോധന നടത്തിവരികയും ചെയ്യുന്നു. വ്യാജകള്ളിന്റെ വിൽപ്പന ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ കള്ള് ഷാപ്പ് ലൈസൻസുകൾ റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കള്ളിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മൂന്ന് എക്സൈസ് മേഖലകളിലായി മൂന്ന് മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികൾ എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ ചുമതലയിൽ പ്രവർത്തിച്ചു വരുന്നു. ഈ ലാബുകൾ കള്ള് ഷാപ്പുകളുടെ പ്രവർത്തനവേളയിൽ തന്നെ സാമ്പിളുകൾ ശേഖരിച്ച് തത്സമയം പരിശോധന നടത്തി വിൽക്കപ്പെടുന്ന കള്ള് വ്യാജ കള്ളല്ലായെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 1391, 1398 എന്നീ നമ്പർ ചോദ്യങ്ങൾക്കുള്ള തിരുത്തിയ ഉത്തരം

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 14-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിൽ 3-12-2018-ലെ നക്ഷത്ര ചിഹ്നമിടാത്ത 1391, 1398 എന്നീ നമ്പർ ചോദ്യങ്ങൾക്ക് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടികൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. *

## III അടിയന്തരപ്രമേയ നോട്ടീസ്

രാഷ്ട്രീയ കൊലപാതകങ്ങളിലെ ഗൂഢാലോചന

മി. സ്പീക്കർ: റൂൾ 50 പ്രകാരം ചെയറിന് ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. അത് കഴിഞ്ഞ ദിവസം കോടതിയിൽ സമർപ്പിച്ച ഒരു കുറ്റപത്രവുമായി ബന്ധപ്പെട്ടതാണ്. വർഷങ്ങൾക്ക് മുമ്പ് സംഭവിച്ച ഒരു കാര്യത്തെ സംബന്ധിച്ച് കോടതിയിൽ സമർപ്പിക്കപ്പെട്ട ഒരു കുറ്റപത്രം നിയമസഭയിൽ അടിയന്തരപ്രമേയമായി വരാനുള്ള സാഹചര്യമുണ്ടെന്ന് തോന്നുന്നില്ല. നൽകിയ നോട്ടീസിൽ എവിടെയും സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും പ്രതിപാദിച്ചിട്ടില്ല. അടിയന്തരപ്രമേയത്തിന്റെ സാഹചര്യം നിലനിൽക്കുന്നില്ല എന്നാണ് ചെയറിന് തോന്നുന്നത്. അതുകൊണ്ട് പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന വിവരം ഖേദപൂർവ്വം അറിയിക്കുകയാണ്. .....(ബഹളം).....റൂൾ 52 (ix) തീർച്ചയായും പരിശോധിക്കേണ്ടതാണ്. അതിൽ 'സംസ്ഥാന ഗവൺമെന്റിന് കാര്യമില്ലാത്ത ഒരു സംഗതിയെ സംബന്ധിച്ചാകരുത് പ്രമേയം' എന്നാണ് പറയുന്നത്. അതുകൊണ്ട് ഈ പ്രമേയം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് പറഞ്ഞ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ റൂൾ 53 പ്രകാരം ട്രൈബ്യൂണൽ, കമ്മീഷൻ മുതലായവയുടെ മുമ്പാകെയുള്ള സംഗതികളെപ്പറ്റിയാണ് ചർച്ചയ്ക്കുള്ള പ്രമേയത്തിൽ പറയുന്നത്; 'സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയോ കമ്മീഷനോ അന്വേഷണകോടതിയോ അങ്ങനെയുള്ള സംഗതി പരിഗണിക്കുന്നതിന് ഹാനികരമാകാൻ സാദ്ധ്യതയില്ലെന്ന്

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

സ്പീക്കർക്ക് ബോദ്ധ്യം വരുന്നപക്ഷം, അദ്ദേഹത്തിന് തന്റെ വിവേചനാധികാരം പ്രയോഗിച്ച് അന്വേഷണവിചാരണയുടെ നടപടിക്രമത്തേയോ വിഷയത്തേയോ അവസ്ഥയേയോ സംബന്ധിക്കുന്ന വിധത്തിലുള്ള സംഗതി സഭയിൽ ഉന്നയിക്കുന്നതിന് അനുവദിക്കാവുന്നതാണ് എന്നാണ്. മാത്രമല്ല ബഹുമാനപ്പെട്ട സഭതന്നെ 12-3-2008-ൽ കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകം എന്ന പ്രശ്നത്തിൽ കേരള ഹൈക്കോടതിയുടെ ഒരു പരാമർശത്തെ സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്; അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുമുണ്ട്. 18-3-2013-ൽ കടൽക്കൊലയുമായി ബന്ധപ്പെട്ട് ഇറ്റാലിയൻ നാവികരുടെ ജാമ്യാപേക്ഷ എതിർക്കാത്ത പ്രശ്നവും ഉന്നയിച്ചിട്ടുണ്ട്. 8-7-2013-ൽ സോളാർ കേസ്സിൽ ശ്രീ. മല്ലേരി ശ്രീധരൻ നായർ കോടതിയിൽ കൊടുത്ത ഒരു സ്റ്റേറ്റ്മെന്റിനെ സംബന്ധിച്ചും അടിയന്തരപ്രമേയം അവതരിപ്പിക്കാൻ അനുമതി കൊടുത്തിട്ടുണ്ട്. 21-1-2014-ൽ പാമോയിൽ കേസ്സിൽ തൃശ്ശൂർ വിജിലൻസ് കോടതി കേസ് എഴുതിത്തള്ളണമെന്ന ആവശ്യവും സൂര്യനെല്ലി കേസ്സിൽ 4-2-2014-ൽ ശ്രീ. പി. ജെ. കുര്യനെ പ്രതി ചേർക്കണമോയെന്ന ആവശ്യവും ഉന്നയിച്ചിട്ടുണ്ട്. 15-12-2015-ൽ തൃശ്ശൂർ വിജിലൻസ് കോടതി ശ്രീ. കെ. ബാബുവിനെതിരെ Quick Verification നടത്താൻ ഉത്തരവ് ....... ഞാൻ പൂർത്തീകരിക്കട്ടെ. ഈ നിയമസഭയുടെതന്നെ, ഞാനിവിടെ ചൂണ്ടിക്കാണിച്ച ആറോളം സംഭവങ്ങൾ ഗവൺമെന്റുമായി ബന്ധപ്പെട്ടതൊന്നുമല്ല. മുമ്പ് നിയമസഭ ചേർന്നുകൊണ്ടിരുന്നപ്പോൾ കൂത്തുപറമ്പ് വെടിവയ്പ്പുമായി ബന്ധപ്പെട്ട് കമ്മീഷന്റെ ഒരു പരാമർശമുണ്ടായതിന്റെ പേരിൽ എം. വി. രാഘവനെ ഈ സഭയിൽ കയറ്റരുതെന്ന് പറഞ്ഞ് സമരം നടത്തിയ ആളുകളാണിവർ.

<u>മി. സ്പീക്കർ</u>: പ്ലീസ്.... പ്ലീസ്..... അങ്ങിരിക്കൂ.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇവിടത്തെ ഒരു എം.എൽ.എ. ആയ ശ്രീ. റ്റി. വി. രാജേഷിനെതിരെയും ശ്രീ. പി. ജയരാജനെതിരെയും കുറ്റപത്രം സമർപ്പിച്ചൊരു കേസാണിത്. ഗൗരവമുള്ള കേസാണ്. ഈ സഭയിൽ അതുന്നയിക്കാനുള്ള അവകാശം ഞങ്ങൾക്കില്ലെങ്കിൽ പിന്നെ എവിടെയാണ് ഉന്നയിക്കേണ്ടത്? ..... (ബഹളം)..... ഇതംഗീകരിക്കാൻ നിവൃത്തിയില്ലാത്ത കാര്യമാണ്.

(അടിയന്തരപ്രമേയം ഉന്നയിക്കുന്നതിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് റൂൾ 52 (iii)-ൽ പറയുന്നത്, 'പ്രമേയം അടുത്ത കാലത്തുണ്ടായ ഒരു പ്രത്യേക സംഗതിയെക്കുറിച്ച് മാത്രമുള്ളതായിരിക്കണം' എന്നാണ്. റൂൾ 52 (ix)-ൽ പറയുന്നത്, 'സംസ്ഥാന ഗവൺമെന്റിന് കാര്യമില്ലാത്ത ഒരു സംഗതിയെ സംബന്ധിച്ചാകരുത് പ്രമേയം' എന്നാണ്. റൂൾ 52 (ix) പ്രകാരം സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട ഒന്നും ഈ നോട്ടീസിൽ പ്രതിപാദിച്ചിട്ടില്ല. വർഷങ്ങൾക്ക് മുമ്പ് നടന്ന സംഭവത്തെക്കുറിച്ച് കോടതിയിൽ സമർപ്പിച്ച ഒരു കുറ്റപത്രമാണ്. അതിനെ അടിയന്തരപ്രാധാന്യമുള്ള വിഷയമായി നിയമസഭ ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് ചെയറിന്റെ നിലപാട്. ... (ബഹളം)..... നോട്ടീസിൽ എവിടെയും പറഞ്ഞിട്ടില്ല. ഈ കുറ്റപത്രത്തിൽ, ഗവൺമെന്റുമായി ബന്ധപ്പെട്ട വിഷയമോ ഗവൺമെന്റുമായുള്ള വിമർശനങ്ങളോ ഒന്നും ഈ നോട്ടീസിലില്ല. ....... (ബഹളം)..... അതിന് നിർവ്വാഹമില്ല. ദയവായി സഹകരിക്കണം. രാജ്യത്തെ പല നീതിപീഠങ്ങളുടെ മുന്നിലും കുറ്റപത്രങ്ങൾ സമർപ്പിക്കപ്പെടാറുണ്ട്. അതുമായി ബന്ധപ്പെട്ട് ഒരു ചർച്ച അടിയന്തരപ്രാധാന്യത്തോടെ കൊണ്ടുവരുന്നതിൽ യുക്തിയില്ല. ... (ബഹളം)..... ദയവായി സീറ്റിലേയ്ക്ക് പോകണം. പ്ലീസ്..... പ്ലീസ്....അടിയന്തരപ്രമേയം അനുവദിക്കാൻ നിർവ്വാഹമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങയുടെ പരാമർശം വളരെ ദൗർഭാഗ്യകരമായിപ്പോയി. സർവ്വശ്രീ സണ്ണി ജോസഫ്, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നിവർ കൊടുത്ത നോട്ടീസിൽ കാര്യങ്ങൾ വളരെ വ്യക്തമാണ്. രാഷ്ട്രീയ കൊലപാതകങ്ങൾ ഇല്ലാതാക്കാൻ നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിലുള്ള നടപടികൾ പോലീസ് സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് അതിലുള്ളത്.

മി. സ്പീക്കർ: അതൊരു അടിയന്തരപ്രാധാന്യമുള്ള കാര്യമല്ല. ഇന്നലെയോ ഇന്നോ നടന്ന കാര്യമല്ലല്ലോ?

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ സർ,.....(ബഹളം).... ഞാനൊന്ന് പറഞ്ഞ് തീർക്കട്ടെ. ആറ് സന്ദർഭങ്ങൾ ഈ സഭയിൽ ഉന്നയിച്ച കാര്യമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.

മി. സ്പീക്കർ: സബ്ജൂഡീസുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അങ്ങ് പറഞ്ഞത്. .....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല : അതുകൊണ്ടല്ല. .....(ബഹളം).......

മി. സ്പീക്കർ: കോടതിയുടെ പരിഗണനയിലുള്ള വിഷയം കൊണ്ടല്ല...

ശ്രീ. രമേശ് ചെന്നിത്തല: സർ, കോടതിയിൽ പരിഗണനയിലുള്ള കാര്യമാണ്. അങ്ങ് അങ്ങനെ പറയരുത്.

മി. സ്പീക്കർ: ആ വിഷയത്തിന്റെ പേരിലല്ല അനുവദിക്കേണ്ടതില്ല എന്നുപറയുന്നത്. .....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, കോടതിയുടെ പരിഗണനയിലിരുന്ന കാര്യങ്ങൾ തന്നെയാണ്.

മി. സ്പീക്കർ: ദയവായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കാര്യങ്ങൾ മനസ്സിലാക്കുക...

ശ്രീ. രമേശ് ചെന്നിത്തല : സർ, ഞാനൊന്ന് പറയട്ടെ.

മി. സ്പീക്കർ: അങ്ങ് പറഞ്ഞല്ലോ. നിങ്ങൾ (ഭരണപക്ഷ അംഗങ്ങൾ) സീറ്റിൽ പോയിരിക്കണം. Please go to your seats.

ശ്രീ. രമേശ് ചെന്നിത്തല: സർ, കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണെന്നാണല്ലോ അങ്ങ് പറഞ്ഞത്.

മി. സ്പീക്കർ: അതല്ല പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ അങ്ങ് പറഞ്ഞു അടിയന്തരസ്വഭാവമില്ലെന്ന്. ഇത് അടിയന്തരസ്വഭാവമുള്ള കാര്യമാണ്.

മി. സ്പീക്കർ: റൂൾ 52 (ix)....

ശ്രീ. രമേശ് ചെന്നിത്തല: സർ, കൊലക്കുറ്റത്തിന് കുറ്റപത്രം സമർപ്പിച്ച ഒരു എം.എൽ.എ. ഈ സഭയിലുണ്ടെന്നുള്ളത് ഗൗരവമുള്ള കാര്യമല്ലേ?...... (ബഹളം)...... ഞങ്ങളത് ഉന്നയിക്കേണ്ട കാര്യമല്ലേ?

മി. സ്പീക്കർ: ഞാനതിന്റെ മെരിറ്റിലേയ്ക്ക് കടക്കുന്നില്ല. മെരിറ്റും ഡീ-മെരിറ്റും ചെയറിന് ബാധകമല്ല. അത്തരം സാഹചര്യങ്ങൾ ഇതിന് മുമ്പുണ്ടായിട്ടില്ല ...(ബഹളം).... സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട ഒരു വാചകംപോലും എഴുതിത്തന്ന പ്രമേയത്തിലില്ല. .....(ബഹളം).... ചെയറിനോട് തർക്കിച്ചിട്ട് കാര്യമില്ല. പരിഗണിക്കാൻ നിർവ്വാഹമില്ല. .....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാനത് വായിച്ചല്ലോ. ആറ് തവണ ഇവിടെ ഇത്തരം വിഷയങ്ങൾ ഉന്നയിച്ചിട്ടുണ്ട്. മാത്രമല്ല, ഈ രാഷ്ട്രീയ കൊലപാതകങ്ങൾ ഇല്ലാതാക്കാൻ നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ പോലീസ് നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. .....(ബഹളം).... അത് നോട്ടീസിൽ പറയുന്ന കാര്യമല്ലേ?

മി. സ്പീക്കർ: ഒരടിയന്തരപ്രമേയത്തിന് സാദ്ധ്യതയില്ല. പ്രതിപക്ഷത്തിന് ഈ കാര്യം സബ്മിഷനായി ഉന്നയിക്കാം.

Shri Ramesh Chennithala: Sir, This is a fit case for adjournment motion. ഇത് അടിയന്തര സ്വഭാവമുള്ള കാര്യമാണ്. ഈ സഭയിലെ ഒരു എം.എൽ.എ.-ക്കെതിരെ കൊലക്കുറ്റത്തിന് കുറ്റപത്രം കൊടുത്തിരിക്കുകയാണ്.

മി. സ്പീക്കർ: വർഷങ്ങൾക്ക് മുമ്പ് നടന്ന ഒരു സംഭവമാണ്. അതിലൊരു കുറ്റപത്രം സമർപ്പിച്ചത് അടിയന്തരപ്രാധാന്യമുള്ള വിഷയമായി സഭയിൽ കൊണ്ടുവരാൻ നിർവ്വാഹമില്ല. ദയവായി സഹകരിക്കണം. നിങ്ങൾക്ക് ഈ വിഷയം ഒന്നാമത്തെ സബ്മിഷനായി സഭയിൽ കൊണ്ടുവരാൻ അനുവാദം നൽകും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് അടിയന്തരപ്രാധാന്യമുള്ള വിഷയം തന്നെയാണ്. പ്രതിപക്ഷത്തിന്റെ അവകാശമാണ്. .....(ബഹളം).... ഇതവതരിപ്പിക്കാനുള്ള അധികാരവും അവകാശവും ഞങ്ങൾക്കുണ്ട്.

മി. സ്പീക്കർ: ഇത് സഭയിൽ സബ്മിഷനിലൂടെ നിങ്ങൾക്ക് കൊണ്ടുവരാം. .....(ബഹളം).... ചട്ടങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കും വിധേയമായിട്ടുമാത്രമേ കാര്യങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ......(ബഹളം)...... സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാം; അങ്ങേയ്ക്ക് തന്നെ ആദ്യത്തെ സബ്മിഷനായി അവതരിപ്പിക്കാം. പ്ലീസ്..... പ്ലീസ്..... ദയവായി സീറ്റിലേയ്ക്ക് പോകണം. .....(ബഹളം)....പ്ലീസ്..... പുസ്തകങ്ങളും ചട്ടവുമായി ബന്ധപ്പെട്ടതാണ് സ്പീക്കറുടെ നീതി. പ്ലീസ്..... .(ബഹളം).... ഈ വിഷയം സഭയിൽ കൊണ്ടുവരാനുള്ള അവസരം നൽകാം. .....(ബഹളം).... ദയവായി സീറ്റിലേയ്ക്ക് പോകണം. പ്ലീസ്..... ദയവായി സഹകരിക്കണം.....(ബഹളം).... ഈ സാഹചര്യത്തിൽ അടുത്ത നടപടിയിലേയ്ക്ക് കടക്കേണ്ടിവരും. ദയവായി സീറ്റിലേയ്ക്ക് പോകണം. ചട്ടപ്രകാരം അടിയന്തരപ്രമേയം അവതരിപ്പിക്കാൻ നിർവ്വാഹമില്ല. വിഷയം സഭയിൽ കൊണ്ടുവരാനുള്ള അവസരം തരാം. ദയവായി സീറ്റിലേയ്ക്ക് പോകണം. .....(ബഹളം).... ദയവായി സഹകരിക്കണം. പ്ലീസ്......(ബഹളം).... അടുത്ത നടപടിയിലേയ്ക്ക് കടക്കേണ്ടിവരും. അവസാന ദിവസം ഇങ്ങനെ അവസാനിപ്പിക്കുന്നത് ബുദ്ധിമുട്ടാണ്, ഖേദകരമാണ്. ദയവായി നിങ്ങൾ സീറ്റിലേയ്ക്ക് പോകണം.

ഓർഡർ.....ഓർഡർ...... ശ്രദ്ധ ക്ഷണിക്കലിനും സബ്മിഷനുകൾക്കുമുള്ള മറുപടികൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. *

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ്-1 പ്രകാരം

(i) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 14/2019 | ജി.ഒ.(ആർറ്റി.) നമ്പർ 80/2019/ഹോം. | 7-1-2019 | അല്ല |
| 2 | 43/2019 | ജി.ഒ.(ആർറ്റി.) നമ്പർ 54/2019/ഹോം. | 6-1-2019 | അല്ല |
| 3 | 45/2019 | നമ്പർ 61646/എസ്.എസ്.എ.2/ 2015/ഹോം. | 18-1-2019 | അല്ല |
| 4 | 51/2019 | ജി.ഒ.(പി.) നമ്പർ 1/2019/ ഹോം. | 14-1-2019 | അല്ല |

(ii) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ ണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 4/2019 | ജി.ഒ.(പി.)നമ്പർ 22/2018/ ഐ.ഡി. | 18-12-2018 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ട്രാൻസ്ഫോർമേഴ്സ് & ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | ആട്ടോകാസ്റ്റ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

(iii) ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 952/2018 | ജി.ഒ.(പി.) നമ്പർ 215/ 2018/ ടാക്സസ് | 31-12-2018 | അല്ല |
| 2 | 32/2019 | ജി.ഒ.(പി.) നമ്പർ 6/ 2019/റ്റി.ഡി. | 16-1-2019 | അല്ല |
| 3 | 33/2019 | ജി.ഒ.(പി.) നമ്പർ 7/ 2019/റ്റി.ഡി. | 16-1-2019 | അല്ല |
| 4 | 48/2019 | ജി.ഒ.(പി.) നമ്പർ 11/ 2019/ടാക്സസ് | 19-1-2019 | അല്ല |
| 5 | 49/2019 | ജി.ഒ.(പി.) നമ്പർ 12/2019/ടാക്സസ് | 19-1-2019 | അല്ല |
| 6 | 76/2019 | ജി.ഒ.(പി.) നമ്പർ 15/ 2019/ടാക്സസ് | 28-1-2019 | അല്ല |
| 7 | 77/2019 | ജി.ഒ.(പി.) നമ്പർ 16/2019/ടാക്സസ് | 28-1-2019 | അല്ല |
| 8 | 78/2019 | ജി.ഒ.(പി.) നമ്പർ 17/2019/ടാക്സസ് | 28-1-2019 | അല്ല |
| 9 | 79/2019 | ജി.ഒ.(പി.) നമ്പർ 18/2019/ടാക്സസ് | 28-1-2019 | അല്ല |
| 10 | 80/2019 | ജി.ഒ.(പി.) നമ്പർ 19/2019/ടാക്സസ് | 28-1-2019 | അല്ല |
| 11 | 81/2019 | ജി.ഒ.(പി.) നമ്പർ 22/2019/ടാക്സസ് | 29-1-2019 | അല്ല |
| 12 | 92/2019 | ജി.ഒ.(പി.) നമ്പർ 23/2019/ടാക്സസ് | 31-1-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2017-18 | കേരള സർക്കാരിനെ സംബന്ധിച്ച ഫിനാൻസ് അക്കൗണ്ട്സും (വാല്യം 1&2) അപ്രോപ്രിയേഷൻ അക്കൗണ്ട്സും | ബാധകമല്ല |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2005-06, 2006-07 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |

(iv) ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 602/2017 | ജി.ഒ. (പി.) നമ്പർ 61/2017/ എച്ച്.&എഫ്.ഡബ്ല്യൂ.ഡി. | 20-9-2017 | അതെ |
| 2 | 35/2019 | ജി.ഒ. (പി.) നമ്പർ 2/2019/ എച്ച്.&എഫ്.ഡബ്ല്യൂ.ഡി. | 16-1-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഔഷധി | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

(v) പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 913/2018 | ജി.ഒ.(പി.) നമ്പർ 201/2018/റ്റിഡി. | 17-12-2018 | അല്ല |
| 2 | 41/2019 | ജി.ഒ.(പി.) നമ്പർ 3/2019/റ്റിഡി. | 16-1-2019 | അല്ല |
| 3 | 42/2019 | ജി.ഒ.(പി.) നമ്പർ 4/2019/റ്റിഡി. | 16-1-2019 | അല്ല |
| 4 | 52/2019 | ജി.ഒ.(പി.) നമ്പർ 10/2019/റ്റിഡി. | 18-1-2019 | അല്ല |

(vi) തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 711/2018 | ജി.ഒ.(പി.) നമ്പർ 90/2018/എൽ.ബി.ആർ. | 10-8-2018 | അതെ |
| 2 | 908/2018 | ജി.ഒ.(പി.)നമ്പർ 108/2018/എൽ.ബി.ആർ. | 13-12-2018 | അല്ല |
| 3 | 5/2019 | സ.ഉ. (അച്ചടി) നമ്പർ 1/2019/തൊഴിൽ | 1-1-2019 | അല്ല |
| 4 | 27/2019 | ജി.ഒ.(പി.) നമ്പർ 1/2019/റ്റി.ഡി. | 14-1-2019 | അല്ല |
| 5 | 28/2019 | ജി.ഒ.(പി.) നമ്പർ 2/2019/റ്റി.ഡി. | 14-1-2019 | അല്ല |
| 6 | 31/2019 | ജി.ഒ.(പി.) നമ്പർ 4/2019/എൽ.ബി.ആർ. | 9-1-2019 | അല്ല |
| 7 | 50/2019 | ജി.ഒ.(പി.) നമ്പർ 6/2019/എൽ.ബി.ആർ. | 12-1-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആന്റ് റിസർച്ച് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

(vii) ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 8/2019 | ജി.ഒ.(പി.) നമ്പർ 1/2019/സി.എ.ഡി. | 4-1-2019 | അല്ല |
| 2 | 17/2019 | സ.ഉ.(പി.)നമ്പർ 20/2018/ഭ.പൊ.വി.വ. | 20-12-2018 | അല്ല |

(viii) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 1/2019 | ജി.ഒ.(പി.)നമ്പർ 178/2018/കോ-ഓപ്. | 21-12-2018 | അല്ല |
| 2 | 2/2019 | ജി.ഒ.(പി.) നമ്പർ 179/2018/കോ-ഓപ്. | 21-12-2018 | അല്ല |
| 3 | 12/2019 | ജി.ഒ.(പി.) നമ്പർ 4/2019/കോ-ഓപ്. | 7-1-2019 | അല്ല |
| 4 | 19/2019 | ജി.ഒ.(പി.) നമ്പർ 175/2018/കോ-ഓപ്. | 18-12-2018 | അല്ല |
| 5 | 20/2019 | ജി.ഒ.(പി.) നമ്പർ 176/2018/കോ-ഓപ്. | 18-12-2018 | അല്ല |
| 6 | 21/2019 | ജി.ഒ.(പി.) നമ്പർ 177/2018/കോ-ഓപ്. | 20-12-2018 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 7 | 22/2019 | ജി.ഒ.(പി.) നമ്പർ 180/2018/കോ-ഓപ്. | 21-12-2018 | അല്ല |
| 8 | 23/2019 | ജി.ഒ.(പി.) നമ്പർ 181/2018/കോ-ഓപ്. | 22-12-2018 | അല്ല |
| 9 | 24/2019 | ജി.ഒ.(പി.) നമ്പർ 184/2018/കോ ഓപ്. | 28-12-2018 | അല്ല |
| 10 | 25/2019 | ജി.ഒ.(പി.) നമ്പർ 185/2018/കോ-ഓപ്. | 30-12-2018 | അല്ല |
| 11 | 66/2019 | ജി.ഒ.(പി.) നമ്പർ 8/2019/കോ-ഓപ്. | 14-1-2019 | അല്ല |
| 12 | 67/2019 | ജി.ഒ.(പി.) നമ്പർ 5/2019/കോ-ഓപ്. | 14-1-2019 | അല്ല |
| 13 | 68/2019 | ജി.ഒ.(പി.) നമ്പർ 7/2019/കോ-ഓപ്. | 14-1-2019 | അല്ല |
| 14 | 69/2019 | ജി.ഒ.(പി.) നമ്പർ 11/2019/കോ-ഓപ്. | 21-1-2019 | അല്ല |
| 15 | 73/2019 | ജി.ഒ.(പി.) നമ്പർ 12/2019/കോ-ഓപ്. | 21-1-2019 | അല്ല |
| 16 | 87/2019 | ജി.ഒ.(പി.) നമ്പർ 6/2019/കോ-ഓപ്. | 14-1-2019 | അല്ല |

(ix) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 15/2019 | ജി.ഒ.(പി.) നമ്പർ 91/2018/എൽ.എസ്.ജി.ഡി. | 14-12-2018 | അല്ല |
| 2 | 39/2019 | ജി.ഒ.(എം.എസ്.) നമ്പർ 1/2019/എൽ.എസ്.ജി.ഡി. | 3-1-2019 | അല്ല |
| 3 | 40/2019 | ജി.ഒ.(എം.എസ്.) നമ്പർ 2/2019/എൽ.എസ്.ജി.ഡി. | 3-1-2019 | അല്ല |

(x) മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | സ്റ്റേറ്റ് ഫിഷറീസ് റിസർച്ച് മാനേജ്മെന്റ് സൊസൈറ്റി | 2013-14<br>2014-15 | ഓഡിറ്റ് റിപ്പോർട്ട് | അതെ |

(xi)വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

(xii) ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | മഹാത്മാഗാന്ധി സർവകലാശാല | 2011-12<br>2012-13 | വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | മഹാത്മാഗാന്ധി സർവകലാശാല | 2017 | വാർഷിക റിപ്പോർട്ട് (വാല്യം 1&2) | അതെ |
| 3 | കേരള സർവകലാ ശാല | 2012-13<br>2013-14 | വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 4 | കോഴിക്കോട് സർവകലാശാല | 2013-14<br>2015-16 | വാർഷിക കണക്കുകൾ | അതെ |

(2) ലിസ്റ്റ് -2 പ്രകാരം (ചട്ടം 47-(2) അനുസരിച്ചുള്ളത്)

(i) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 176, പതിനൊന്നാം സമ്മേളനത്തിലെ 1969, പതിമൂന്നാം സമ്മേളനത്തിലെ 52, 79, 2065, 3807, 3843, 3894 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(ii) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2422 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(iii) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 3275, 3294 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(iv) ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 3742 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(v) ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 562, പതിമൂന്നാം സമ്മേളനത്തിലെ 4166 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(vi) ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 3529, പതിമൂന്നാം സമ്മേളനത്തിലെ 3946, 3959 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(vii) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 707, 773, 4321 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(viii) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 3613 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## V. ചട്ടങ്ങളുടെ ഭേദഗതിയുടെ പരിഗണന

നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല.

## VI. നിയമനിർമ്മാണകാര്യം

(i) 2019-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2019-ലെ കേരള ധനകാര്യ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള

2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതി നോട്ടീസ് നൽകിയിട്ടുള്ള അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികളും വിയോജനക്കുറിപ്പുകളും അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

രണ്ടാം വകുപ്പ്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ശ്രീ. കെ. എൻ. എ. ഖാദറിന്റെ 235-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതികളോടെ ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

235. In section 2(sa) proposed to be inserted in the principal Act by Clause 2(iv), the symbol " " "after the words "Kerala State Co-operative Bank" shall be deleted.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 235-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ശ്രീ. പി. ടി. തോമസിന്റെ 238-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലിയുടെ 368-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

238. In the marginal heading to section 14A proposed to be inserted in the principal Act by Clause 3, for the word "Provision" substitute the word "Provisions".

368. In section 14A(4) proposed to be inserted in the principal Act by Clause 3, after the word "creditor" the words "or debtor" shall be inserted.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

331. In section 14A(3) proposed to be inserted in the principal Act by Clause 3, after the words "deposits or" the word "closing" shall be inserted.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):സർ, ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 238, 368 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒമ്പതാം വകുപ്പ്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ശ്രീ. എ. പി. അനിൽ കുമാറിന്റെ 409-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

409. In section 74B proposed to be substituted in the principal Act by Clause 9, before the word "State" the word "Kerala" shall be inserted.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 409-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. കടകംപള്ളി സുരേന്ദ്രൻ)</u>: സർ, ശ്രീ. എൻ. ഷംസുദ്ദീന്റെ 483-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

483. In section 74H(8) proposed to be inserted in the principal Act by Clause 10, the figures "21" shall be substituted with "twenty one".

ബില്ലിന്റെ 10-ാം ഖണ്ഡപ്രകാരം ചേർത്ത 10(C) അധ്യായത്തിലെ 74H വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ താഴെ പറയുംപ്രകാരം ഒരു വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

"Notwithstanding anything contained in section 15 of this Act, on and from the date of amalgamation of the transferor banks and the transferee bank, the transferor banks shall cease to exist and its registration shall stand cancelled:

Provided that no new registration certificate is required for the transferee bank."

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

(ഭേദഗതിയില്ല)

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

(iii) 2019-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2019-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2019-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): .....മൈക്ക് ഓഫ്....

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രസ്താവന നടത്തിയതിനുശേഷം യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2019-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

## VII അവകാശലംഘന പ്രശ്നങ്ങൾ

I. അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: സംസ്ഥാനത്തെ മൂന്ന് ബ്രൂവറികൾക്കും ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ ഒരു കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റിനും അനുമതി നൽകിയതിനെതിരെ പ്രതിപക്ഷനേതാവ് പത്രസമ്മേളനത്തിൽ ഉന്നയിച്ച വിഷയങ്ങളുടെ പേരിൽ എക്സൈസ് വകുപ്പ് പത്രക്കുറിപ്പിറക്കിയ നടപടി അദ്ദേഹത്തെ സമൂഹമധ്യത്തിൽ അവഹേളിക്കുന്നതിനുള്ള ശ്രമമാണെന്നും പ്രതിപക്ഷനേതാവിന്റെ പ്രത്യേക അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണെന്നും

ആരോപിച്ചുകൊണ്ട് എക്സൈസ് വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ആശാ തോമസിനെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ആശാ തോമസിന്റെ വിശദീകരണം തേടിയിരുന്നു. ഡോ. ആശാ തോമസ് സമർപ്പിച്ച വിശദീകരണത്തിൽ, തന്റെ അറിവോടെയോ അനുമതിയോടെയോ എക്സൈസ് വകുപ്പിൽ നിന്നും നോട്ടീസിൽ പരാമർശിച്ച രീതിയിലുള്ള ഒരു പത്രക്കുറിപ്പ് പുറപ്പെടുവിച്ചിട്ടില്ലായെന്നും പ്രസ്തുത പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആഭ്യന്തര അന്വേഷണം നടത്തുകയും എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരാരും അത്തരമൊരു പത്രക്കുറിപ്പ് പുറത്തിറക്കിയിട്ടില്ലായെന്ന് അവർ രേഖാമൂലം തന്നിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

ബ്രൂവറി ലൈസൻസ് വിഷയത്തിൽ എക്സൈസ് വകുപ്പിന്റേതായി വന്ന പത്രക്കുറിപ്പിന്മേൽ പ്രസ്തുത വകുപ്പിനോ, അഡീഷണൽ ചീഫ് സെക്രട്ടറിക്കോ യാതൊരുവിധ അറിവോ ഉത്തരവാദിത്വമോ ഇല്ലായെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫിന് അവകാശ ലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

8-12-2018-ൽ കെ.എസ്.യു. പ്രവർത്തകർ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് സംബന്ധിച്ച് 10-12-2018-ലെ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സബ്മിഷനുള്ള നോട്ടീസിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രേഖാമൂലം നൽകിയ മറുപടിയിൽ, സമരക്കാർക്ക് പരിക്കുപറ്റിയത് അവരെ പോലീസ് ജലപീരങ്കി ഉപയോഗിച്ച് പിരിച്ചുവിടുമ്പോൾ പിന്തിരിഞ്ഞോടിയപ്പോൾ സംഭവിച്ചതാണെന്ന് പറഞ്ഞത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിനും യഥാർത്ഥവിവരം സഭയിൽനിന്ന് മറച്ചുവയ്ക്കണമെന്ന ദുരുദ്ദേശ്യത്തോടുകൂടിയാണെന്നും ആയത് സഭയുടെയും അംഗങ്ങളുടെയും പ്രത്യേക അവകാശങ്ങളുടേയും ലംഘനമാണെന്നുമാരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ഹൈബി ഈഡൻ ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം തേടുകയുണ്ടായി. അതിൽ 8-12-2018-ന് കെ. എസ്. യു. പ്രവർത്തകർ സെക്രട്ടേറിയറ്റ് മെയിൻഗേറ്റിന് മുൻവശത്ത് ഗതാഗതം തടസ്സപ്പെടുത്തുകയും അക്രമാസക്തരായി ബാരിക്കേഡുകൾ തള്ളിനീക്കി സെക്രട്ടേറിയറ്റിനുള്ളിൽ പ്രവേശിക്കുവാൻ ശ്രമിക്കുകയും പോലീസ് ആവശ്യപ്പെട്ടിട്ടും പരിഞ്ഞുപോകാത്തതിനെത്തുടർന്ന് ബഹുമാനപ്പെട്ട

എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നിർദ്ദേശാനുസരണം ജലപീരങ്കിയുപയോഗിച്ച് പിരിച്ചുവിടുകയാണുണ്ടായതെന്നും പിന്തിരിഞ്ഞ് ഓടുന്നതിനിടെയുണ്ടായ വീഴ്ചയിലാണ് മൂന്ന് കെ.എസ്.യു. പ്രവർത്തകർക്കും ഒരു പത്രപ്രവർത്തകനും പരിക്കുപറ്റിയതെന്നും പരിക്കുപറ്റിയവരെ പോലീസ് തന്നെ ജനറലാശുപത്രിയിൽ എത്തിക്കുകയും പ്രാഥമിക ചികിത്സയ്ക്കുശേഷം അവർ സ്വമേധയാ ആശുപത്രിയിൽനിന്നും പോകുകയും ചെയ്തിട്ടുള്ളതാണെന്നും വ്യക്തമാക്കിയിരിക്കുന്നു. ഔദ്യോഗികമായി ലഭ്യമായ രേഖകളുടേയും വസ്തുതകളുടേയും അടിസ്ഥാനത്തിലാണ് ഇതുസംബന്ധിച്ച കാര്യങ്ങൾ സഭയിൽ പ്രസ്താവിച്ചതെന്നും ബോധപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കുന്ന നടപടിയുണ്ടായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. ഹൈബി ഈഡന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

6-12-2018-ൽ ചോദ്യോത്തരവേളയിൽ, ശബരിമലയിലെ അന്നദാനം സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ഉപചോദ്യത്തിന്, ഒരു സംഘടനയുടെ നേതൃത്വത്തിലും അന്നദാനം നടത്തുന്നില്ലായെന്ന് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ 20-11-2018-ൽ പുറത്തിറക്കിയ ഉത്തരവിന് വിരുദ്ധമാണെന്നും പ്രസ്തുത ഉത്തരവ് മറച്ചുവച്ചുകൊണ്ട് സഭയെ മനഃപൂർവ്വമായി തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളതെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ഡോ. എം. കെ. മുനീർ ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണത്തിൽ 20-11-2018-ൽ തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ ശബരിമല എക്സിക്യൂട്ടീവ് കമ്മീഷണർക്ക് അയച്ച കത്തുപ്രകാരം നിശ്ചിത വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് അയ്യപ്പ സേവാ സമിതിക്ക് അന്നദാനം നടത്തുന്നതിന് അനുമതി നൽകിയതെന്നും അന്നദാനത്തിന്റെ മേൽനോട്ടവും നിയന്ത്രണവും പൂർണ്ണമായും ദേവസ്വം ബോർഡിന്റെ ചുമതലയിലായിരിക്കണമെന്ന് വ്യവസ്ഥയുണ്ടെന്നും അന്നദാനത്തിനാവശ്യമായ സാമഗ്രികൾ അയ്യപ്പസേവാസമിതി അവരുടെ ചെലവിൽ സപ്ലൈ ചെയ്യണമെന്ന്

നിഷ്കർഷിച്ചിട്ടുണ്ടെന്നും അയ്യപ്പ സേവാ സമിതി സ്വന്തം ചെലവിൽ ലഭ്യമാക്കുന്ന സാധനസാമഗ്രികൾ ഉപയോഗിച്ച് ദേവസ്വം ബോർഡിന്റെ പൂർണ്ണ ചുമതലയിലാണ് അന്നദാനം നടത്തുന്നതെന്നുള്ളതിനാലാണ് ഒരു സംഘടനയുടെ നേതൃത്വത്തിലും അന്നദാനം നടത്തുന്നില്ലെന്ന് മറുപടി നൽകിയതെന്നും ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം വസ്തുതാപരമായി നിലനിൽക്കുന്നതാണെന്ന് കാണുന്നതിനാൽ ബഹുമാനപ്പെട്ട അംഗം ഡോ. എം. കെ. മുനീറിന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

6-12-2018-ൽ നിയമസഭയിൽ മറുപടി നൽകവേ ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ഹിന്ദു ഐക്യവേദി സംസ്ഥാന അദ്ധ്യക്ഷ ശ്രീമതി കെ. പി. ശശികല, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 60 ശതമാനം ജീവനക്കാരും ക്രിസ്ത്യാനികളാണെന്ന് പ്രസംഗിച്ചുവെന്ന് തെറ്റായ പ്രസ്താവന നടത്തിയെന്നും ആയത് സഭയുടെ അവകാശലംഘനമാണെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ഒ. രാജഗോപാൽ ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ വിശദീകരണം തേടുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിൽ ശ്രീമതി കെ. പി. ശശികല മതസ്പർദ്ദ വളർത്താവുന്ന തരത്തിൽ വൈകാരികമായ ഭാഷയിൽ പ്രസംഗിക്കുകയും പ്രചരണം നടത്തുകയും ചെയ്യുന്ന കാര്യം നവമാധ്യമങ്ങളിലൂടെ വിപുലമായി പ്രചരിച്ചിട്ടുണ്ടെന്നും ഇപ്രകാരം പ്രചരിച്ച പ്രസ്തുത പ്രസംഗങ്ങളിൽ "ദേവസ്വത്തിലെ ജീവനക്കാരിൽ 60 ശതമാനം ക്രിസ്ത്യാനികളാണെന്ന സത്യം നമുക്ക് എത്രപേർക്കറിയാം" എന്ന് പ്രസ്താവിച്ചിട്ടുണ്ടെന്നും പറയുന്നു. പ്രസ്തുത പ്രസംഗത്തിലെ പരാമർശങ്ങൾ ദുരുദ്ദേശ്യത്തോടെയുള്ള ദുഷ്പ്രചരണത്തിന് ഉപയോഗിക്കുന്നത് തടയണമെന്ന നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് സഭയിൽ, നോട്ടീസിനാധാരമായ പരാമർശം നടത്തിയതെന്ന് വിശദീകരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന ദുരുദ്ദേശ്യത്തോടെ നടത്തിയ കാര്യമല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. ഒ. രാജഗോപാലിന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

II. <u>പരിഗണനയിലിരിക്കുന്നവ</u>

കേരള ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയിലേക്ക് ശ്രീ. കെ. ടി. അബീദിന്റെ നിയമനം സംബന്ധിച്ച് 11-12-2018-ലെ 3699-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ശ്രീ. കെ. ടി. ജലീൽ നൽകിയ മറുപടിയിലും 4-12-2018-ന് അടിയന്തരപ്രമേയ നോട്ടീസിന്മേലുള്ള മുഖ്യമന്ത്രിയുടെ വിശദീകരണത്തിലും (ഒരേ വിഷയത്തിന്മേൽ) നൽകിയിട്ടുള്ളത് വ്യത്യസ്തമായ മറുപടിയാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയെ മനഃപൂർവ്വമായി തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളതെന്നും ആയത് സഭയുടേയും അംഗങ്ങളുടേയും പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്നുമാരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. പാറക്കൽ അബ്ദുല്ലയും പതിനാലാം സമ്മേളനത്തിൽ 30-1-2019-ന് പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറുമായി ബന്ധപ്പെട്ട സബ്മിഷന് ബഹുമാനപ്പെട്ട മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സഭയിൽ നൽകിയ മറുപടി വസ്തുതാ വിരുദ്ധമാണെന്നും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും ആയത് സഭയുടെയും അംഗങ്ങളുടെയും പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. അബ്ദു റബ്ബും 5-2-2018-ന് താൻ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് നൽകിയിരുന്ന നിവേദനത്തിലെ ഒരു പേജ് മാറ്റി മറ്റൊരു പേജ് കൂട്ടിച്ചേർത്ത് വ്യാജരേഖ ചമച്ച് കോഴിക്കോട് നടത്തിയ പത്രസമ്മേളനത്തിൽ നൽകിയെന്നും യൂത്ത് ലീഗ് സംസ്ഥാന നേതാവ് ശ്രീ. പി. കെ. ഫിറോസ് കുപ്രചരണം നടത്തിയിരിക്കുകയാണെന്നും നിയമസഭാംഗം എന്ന നിലയിൽ താൻ നൽകിയ കത്ത് മാറ്റം വരുത്തി പ്രചരിപ്പിച്ചത് സഭാംഗമെന്ന നിലയിലുള്ള തന്റെ അവകാശത്തെ ലംഘിക്കുന്നതാണെന്നും ആയതിനാൽ ശ്രീ. പി. കെ. ഫിറോസിനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ജെയിംസ് മാത്യുവും നൽകിയിട്ടുള്ള നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്.

# VIII പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

# IX അവലോകനം

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. ജനുവരി മാസം 25-ാം തീയതി ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് ഈ സമ്മേളനം ആരംഭിച്ചത്. 2019-2020 വർഷത്തെ ബഡ്ജറ്റ് ജനുവരി 31-ാം തീയതി സഭയിൽ അവതരിപ്പിച്ചു.

പതിനാലാം സമ്മേളനം ആകെ പത്ത് ദിവസമാണ് സമ്മേളിച്ചത്. അതിൽ ബഹുമാനപ്പെട്ട ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം ചർച്ച ചെയ്യുന്നതിനായി രണ്ട് ദിവസവും ബഡ്ജറ്റിന്റെ പൊതു ചർച്ചയ്ക്കായി മൂന്ന് ദിവസവും വിനിയോഗിച്ചു. കഴിഞ്ഞ വർഷത്തെപ്പോലെ സമ്പൂർണ്ണ ബഡ്ജറ്റ് മാർച്ച് 31-ന് മുമ്പ് പാസ്സാക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ ഈ സാമ്പത്തിക വർഷത്തെ ആദ്യ നാല് മാസത്തേയ്ക്കായി വോട്ട് ഓൺ അക്കൗണ്ടും 2018-2019 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനകളും സഭ ചർച്ച ചെയ്തു പാസ്സാക്കി. അതോടൊപ്പം അതുമായി ബന്ധപ്പെട്ട ധനവിനിയോഗ ബില്ലുകളും സഭ പാസ്സാക്കുകയുണ്ടായി. നിയമനിർമ്മാണ കാര്യവുമായി ബന്ധപ്പെട്ട് 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ഈ സമ്മേളനത്തിൽത്തന്നെ പാസ്സാക്കുകയും ചെയ്തു.

ഈ സമ്മേളനത്തിൽ എട്ട് അടിയന്തരപ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസ് സഭ പരിഗണിച്ചു. 240 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 2768 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. അതിൽ 24 ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. വാക്കാൽ മറുപടി നൽകിയ പ്രസ്തുത ചോദ്യങ്ങളിന്മേൽ സഭാതലത്തിൽ 184 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെടുകയും മറുപടി പറയുകയും ചെയ്തു.

16 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളിലൂടെയും 99 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ ജനകീയ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു.

സംസ്ഥാനത്ത് മാരകമായ കീടനാശിനികൾ നിരോധിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തുകയുണ്ടായി. 2018-ലെ സാമ്പത്തികാവലോകനം, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ഫിനാൻസ് അക്കൗണ്ട്സ്, അപ്രോപ്രിയേഷൻ അക്കൗണ്ട്, സംസ്ഥാന എക്സ്പെൻഡിച്ചർ റിവ്യൂ കമ്മറ്റിയുടെ മൂന്നാമത് റിപ്പോർട്ട് എന്നിവ നടപ്പു സമ്മേളനത്തിൽ സഭയുടെ മേശപ്പുറത്തു വയ്ക്കുകയുണ്ടായി.

നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള "ഫെസ്റ്റിവൽ ഓൺ ഡെമോക്രസി" ലോകത്തുതന്നെ ശ്രദ്ധേയമായൊരു ജനാധിപത്യ ഇടപെടലാണ്. അതുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര തലത്തിൽ ഒരു സ്റ്റുഡന്റ്സ് പാർലമെന്റ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ഈ മാസം 23, 24, 25 തീയതികളിലായി നടത്താനിരിക്കുകയാണ്. പ്രസ്തുത പരിപാടിയുടെ വിശദാംശങ്ങൾ അടങ്ങുന്ന ക്ഷണക്കത്ത് പ്രത്യേകമായി അംഗങ്ങൾക്ക് എത്തിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ വിജയിപ്പിക്കുന്നതിനാവശ്യമായ സഹകരണം ബന്ധപ്പെട്ട എല്ലാവരുടേയും ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ചെയർ ഇത്തരുണത്തിൽ അഭ്യർത്ഥിക്കുന്നു.

പത്ത് ദിവസം നീണ്ടുനിന്ന ഈ സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച സഭാനേതാവിനോടും മറ്റു മന്ത്രിമാരോടും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും മറ്റെല്ലാ അംഗങ്ങളോടും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടത്തിപ്പിനായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലേതടക്കമുള്ള എല്ലാ ഉദ്യോഗസ്ഥർക്കും സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യ-മാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ.... ഓർഡർ....സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ രാവിലെ 10.39-ന് സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

## SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Fourteenth Session of the Fourteenth Kerala Legislative Assembly with effect from February 12, 2019 at the conclusion of its sitting.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം 2019 ഫെബ്രുവരി 12-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

V. K. Babu Prakash,
*Secretary.*

## അനുബന്ധം-I

നക്ഷത്രചിഹ്നമിടാത്ത 1391,1398 എന്നീ നമ്പർ ചോദ്യങ്ങൾക്കുള്ള തിരുത്തിയ ഉത്തരം.

**ഗുരുപുരം പെട്രോൾ പമ്പിന് നൽകിയ എൻ.ഒ.സി.**

1. (1391) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് പാണത്തൂർ സ്റ്റേറ്റ് ഹൈവേയിൽ ഗുരുപുരത്തിനടുത്ത് പുതിയ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് എൻ.ഒ.സി. നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് പെട്രോൾ പമ്പ് സ്ഥാപിക്കാൻ കണ്ടീഷണൽ എൻ.ഒ.സി. എന്ന അനുമതി നൽകാറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ നൽകിയ എൻ.ഒ.സി.-ക്കെതിരെ ഒരു സ്വകാര്യ വ്യക്തി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ റവന്യൂ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) അന്വേഷണത്തിൽ ചട്ടവിരുദ്ധമായ എന്തൊക്കെ നടപടികളാണ് വിജിലൻസ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) റവന്യൂ വിജിലൻസിന്റെ അന്വേഷണത്തിന്റെ ഭാഗമായി ക്രമവിരുദ്ധമായി നൽകിയ എൻ.ഒ.സി. ക്യാൻസൽ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇല്ലെങ്കിൽ നൽകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ;

(എഫ്) റവന്യൂ വിജിലൻസിന്റെ കണ്ടെത്തൽ മറികടന്ന് ചട്ടവിരുദ്ധമായി നൽകിയ എൻ.ഒ.സി.-ക്ക് സാധൂകരണം വരുത്തുന്നതിന് കുറഞ്ഞ കാലയളവിലേയ്ക്ക് റോഡ് ആക്സസ് ആയി വരുന്ന റവന്യൂ ഭൂമി ലീസിന് വാങ്ങുന്നതിനുള്ള ഗൂഢ പദ്ധതിയുമായി ബന്ധപ്പെട്ടവർ നീങ്ങുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ജി) ചട്ടവിരുദ്ധമായി നൽകിയ ഈ എൻ.ഒ.സി. ക്യാൻസൽ ചെയ്ത് ഇത് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുന്ന വിഷയം പരിഗണനയി ലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇല്ലെങ്കിൽ എൻ.ഒ.സി. ക്യാൻസൽ ചെയ്യാനും നടപടി എടുക്കാതിരിക്കാനുമുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലാ കളക്ടറേറ്റിൽ നിന്നും ഡി3-34389/17 ആയി 17-3-2018-ൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് നിരാക്ഷേപ പത്രം അുവദിച്ചിട്ടുണ്ട്. പമ്പ് സ്ഥാപിക്കുന്ന സ്വകാര്യ ഭൂമിയോട് ചേർന്ന് കിടക്കുന്ന സർക്കാർ ഭൂമിക്ക് പാട്ടം അനുവദിച്ച ശേഷം മാത്രം പമ്പിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കണം എന്ന വ്യവസ്ഥയിലാണ് നിരാക്ഷേപ പത്രം അനുവദിച്ചത്.

(ബി) പെട്രോളിയം ആക്ട് & റൂൾസ് പ്രകാരമുള്ള നിബന്ധനകൾ ഉൾപ്പെടുത്തിയാണ് സാധാരണയായി പെട്രോൾ പമ്പുകൾക്ക് എൻ.ഒ.സി. നൽകി വരുന്നത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ പെട്രോൾ പമ്പിന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ നിബന്ധനകൾക്ക് പുറമേ ചില പ്രത്യേക നിബന്ധനകൾ കൂടി ഉൾപ്പെടുത്തി എൻ.ഒ.സി. അനുവദിച്ച് വരുന്നുണ്ട്. ഉദാഹരണമായി പമ്പ് തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലം തീരപ്രദേശ ങ്ങളോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നതെങ്കിൽ തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി കൂടി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ എന്നുള്ള തരത്തിലുള്ള നിബന്ധന കൂടി ഉൾപ്പെടുത്താറുണ്ട്.

(സി) ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർ അന്വേഷണം നടത്തി 10-8-2018-ൽ സി-328/2018-ാം നമ്പരായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഉത്തരമേഖലാ റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ അന്വേഷണ റിപ്പോർട്ടിലെ ശിപാർശകൾ ചുവടെ ചേർക്കുന്നു:

1. പട്ടയ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് ഭ്രൂമിയിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് അനുവാദം നൽകിയിരിക്കുന്നത്.

2. കാഞ്ഞങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെയും വെള്ളരിക്കുണ്ട് തഹസിൽദാരുടെയും ശിപാർശകൾ മറികടന്ന് എ.ഡി.എം. നിരാക്ഷേപ പത്രം അനുവദിച്ചു.

3. നിർദ്ദിഷ്ട സ്ഥലത്തേയ്ക്ക് ലീസ് മുഖേന എ.ഡബ്ല്യൂ ഭൂമി ലഭിക്കാതെ തന്നെ പെട്രോൾ ബങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന സ്ഥിതി ഉണ്ടായി.

4. എ.ഡി.എം., എൻ.ഒ.സി. നൽകിയതുമൂലം വളരെയധികം വിലമതിക്കുന്ന സർക്കാർ എ.ഡബ്ല്യു. ഭൂമി സർക്കാരിന് നഷ്ടപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചു.

5. പെട്രോൾ ബങ്കിന്റെ നിർമ്മാണ പ്രവൃത്തികൾ, ലീസ് അനുവദിക്കുന്നതിനും മുമ്പ് തന്നെ ആരംഭിക്കുകയും ടി വിഷയം പരാതിയായി എ.ഡി.എം.-ന് ലഭിച്ചിട്ടും അദ്ദേഹം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ ഉത്തരവ് നൽകിയില്ല.

(ഇ) നിയമപരമല്ലാതെ സർക്കാർ ഭൂമി, വഴി സൗകര്യം ആയി ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത് നിർത്തിവയ്ക്കുന്നതിനും എ.ഡബ്ല്യൂ ഭൂമി ഉപയോഗിക്കുന്നതിൽനിന്നും കക്ഷിയെ തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) തുടർനടപടികൾ സ്വീകരിക്കുന്നതിനായി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ കളക്ടറോട് ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.

**കോഴിക്കോട് മുൻ കളക്ടറിനെതിരെ ചുമത്തിയ പിഴ**

2 (1398) <u>ശ്രീ. പി. സി. ജോർജ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മുൻ കളക്ടർക്കെതിരെ ധനകാര്യ പരിശോധനാ വിഭാഗം 19,00,000 രൂപ പിഴ ചുമത്തി റവന്യൂ വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ റവന്യൂ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(സി) ധനകാര്യ വകുപ്പ് നൽകുന്ന റിപ്പോർട്ട് പതിനാല് ദിവസങ്ങൾക്കകം നടപ്പിലാക്കണം എന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ മേൽ റിപ്പോർട്ട് നടപ്പിലാക്കാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി അനുയോജ്യമല്ലാത്ത വാഹനങ്ങൾ വാങ്ങുകയും അവ താലൂക്കുതല സ്ക്വാഡുകൾക്ക് അനുവദിക്കാതിരിക്കുകയും ചെയ്തത് വഴി സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടമായ 11,76,688 രൂപ 8-9-2015 മുതൽ 18% പലിശയടക്കം കണക്കാക്കി കോഴിക്കോട് മുൻ കളക്ടറിൽ നിന്നും റിക്കവർ ചെയ്യേണ്ടതാണെന്നും താലൂക്കുതല മണൽ സ്ക്വാഡിന് വാങ്ങിയ വാഹനം തഹസിൽദാർക്ക് അനുവദിച്ചു നൽകാതെ സ്വകാര്യ ആവശ്യങ്ങൾക്കായി ഉപയോഗിച്ച 21-9-2015 മുതൽ 10-2-2017 വരെ ഓടിയ 31852 കി.മീറ്ററിന് ആർ.എം.എഫ്.-ൽ നിന്നും ചെലവഴിച്ച തുകയായ 2,91,353 രൂപയിൽ തിരിച്ചടച്ച തുകയായ 82,680 രൂപ കുറവ് ചെയ്തു ബാക്കി തുകയായ 2,08,673 രൂപ റിക്കവർ ചെയ്തു ആർ.എം. എഫ്. ലേയ്ക്ക് അടയ്ക്കേണ്ടതാണെന്നും സർക്കാരിനുണ്ടായ ഇരട്ടി ചെലവ്/നഷ്ടം പരിഗണിച്ച് 2014-2016-ൽ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും അധികമായി ചെലവഴിച്ച തുകയായ 5,52,613 രൂപ ഈടാക്കി ആർ.എം.എഫ്. ലേയ്ക്ക് അടവാക്കേണ്ടതാണെന്നും ശിപാർശ ചെയ്തിട്ടുണ്ട്.

<u>(ബി & സി) ധനകാര്യ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ട് അടങ്ങുന്ന ഫയൽ പരിശോധനയിലാണ്. ആയതിൻമേൽ ഉത്തരവാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.</u>

## അനുബന്ധം II

### ശ്രദ്ധക്ഷണിക്കൽ

1. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകൽ സംബന്ധിച്ച് ശ്രീ. ഒ. ആർ. കേളു, എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി:

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിന് എല്ലാ ഭൂരഹിത പട്ടികവർഗ്ഗക്കാർക്കും ഭൂമി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗങ്ങളിലെ 2824 പേർക്ക് 3123.62 ഏക്കർ ഭൂമി വിതരണം ചെയ്യുകയും 686 പേർക്ക് 1493 ഏക്കർ ഭൂമിയുടെ വനാവകാശ രേഖ നൽകുകയും ചെയ്തു. 283 പേർക്ക് 149.03 ഏക്കർ ഭൂമി വാങ്ങിനൽകി. നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതിപ്രകാരം 1589 പേർക്ക് 1309.54 ഏക്കർ വിതരണം ചെയ്തു. എറണാകുളം ജില്ലയിൽ 99 പേർക്ക് 10 സെന്റ് വീതം റവന്യൂ ഭൂമിയും പന്തപ്രയിൽ 67 പേർക്ക് 134 ഏക്കർ ഭൂമിയും കല്ലട ജലസേചന പദ്ധതി പ്രദേശത്തുള്ള 43 പേർക്ക് 10.75 ഏക്കർ ഭൂമിയും നൽകി. പാലക്കാട് ജില്ലയിലെ വല്ലങ്കി വില്ലേജിൽ 87 പേർക്ക് 17.40 ഏക്കർ ഭൂമി വിതരണം ചെയ്തു.

സംസ്ഥാനത്ത് നിലവിൽ 11474 പട്ടികവർഗ്ഗക്കാർ ഭൂരഹിതരായിട്ടുണ്ട്. കൈവശമുള്ള ഭൂമിക്ക് വനാവകാശരേഖ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച 6923 പേരുണ്ട്. വനാവകാശരേഖ ലഭിക്കുന്നതിന് ഗ്രാമസഭ (630), എസ്.ഡി.എൽ.സി. (6092), ഡി.എൽ.സി. (201) എന്നിവയിൽ പെൻഡിംഗുള്ള അപേക്ഷകൾ പരിശോധിച്ച് ആയവ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും അനുമതി ലഭിച്ച 19002 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽ നാളിതുവരെ 4072.19 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ വിതരണയോഗ്യമായ 4000 ഏക്കറോളം വരുന്ന അവശേഷിക്കുന്ന നിക്ഷിപ്ത വനഭൂമി വനം വകുപ്പ് വിതരണത്തിന് കൈമാറാത്ത സാഹചര്യം പരിശോധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 29-1-2019-ന് റവന്യൂ, വനം-വന്യജീവി, പട്ടികവർഗ്ഗക്ഷേമം വകുപ്പുമന്ത്രിമാരുടെയും വകുപ്പ് സെക്രട്ടറിമാരുടെയും യോഗം ബഹുമാനപ്പെട്ട

മുഖ്യമന്ത്രി വിളിച്ച് ചേർക്കുകയും നടപടി ഫെബ്രുവരി മാസത്തിൽത്തന്നെ പൂർത്തീകരിക്കുവാൻ കർശന നിർദ്ദേശം വിവിധ വകുപ്പുകൾക്ക് നൽകിയിരിക്കുകയുമാണ്. ഏതെങ്കിലും കാരണവശാൽ വാസയോഗ്യമല്ലാത്ത ഭൂമി ഉള്ളതായി കാണുന്നുവെങ്കിൽ പകരം വാസയോഗ്യമായ ഭൂമി കണ്ടെത്തുവാനും വനം വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 283 പേർക്ക് 149.03 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. 3-3-2018-ലെ 21/18/പ.ജ.പ.വ.വി.വ. സർക്കാർ ഉത്തരവുപ്രകാരം പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അതിൻപ്രകാരം ജില്ലാ കളക്ടർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ണൂർ, അട്ടപ്പാടി ഒഴികെ മറ്റിടങ്ങളിൽ നിന്നും 689 ഭൂവുടമകളിൽ നിന്നും 1674.77 ഏക്കർ ഭൂമി വില്പനയ്ക്ക് ലഭിച്ചിട്ടുമുണ്ട്. ടി ഭൂമി പഞ്ചായത്ത് കമ്മിറ്റി പരിശോധന നടത്തി ശിപാർശ ചെയ്യുന്നവ ജില്ലാതലത്തിൽ ഒരിക്കൽക്കൂടി പരിശോധിച്ച് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

2018 ആഗസ്റ്റ് മാസമുണ്ടായ പ്രളയത്തെത്തുടർന്ന് പഞ്ചായത്ത് തലത്തിൽ ഭൂമി പരിശോധനയ്ക്ക് കാലതാമസം നേരിട്ടു. പഞ്ചായത്തുതല കമ്മിറ്റിയിൽ ഉൾപ്പെട്ട വില്ലേജാഫീസർ, പഞ്ചായത്ത് സെക്രട്ടറിമാർ, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ എന്നിവർക്ക് പ്രളയത്തിനുശേഷമുള്ള പ്രവർത്തനങ്ങളിൽ ചുമതലയേറ്റെടുത്ത് പ്രവർത്തിക്കേണ്ടിവന്നതാണ് ആയതിനുള്ള പ്രധാന കാരണം. 161 ഭൂവുടമകളുടെ 428.21 ഏക്കർ ഭൂമി ആദ്യഘട്ട ഭൂമി പരിശോധന കഴിഞ്ഞ് ജില്ലാ കളക്ടർമാർക്ക് സമർപ്പിച്ചിട്ടുണ്ട്. അതിൽ ഫെബ്രുവരി മാസംതന്നെ നടപടികൾ പൂർത്തീകരിക്കുവാനാവശ്യമായ കാര്യങ്ങൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗത്തിൽ തീരുമാനിക്കുകയും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ വകുപ്പ് മുഖേനയുള്ള പട്ടയവിതരണം, ലാൻഡ് ബാങ്ക് വഴി ടി.ആർ.ഡി.എം. മുഖേന ഭൂമി വാങ്ങിനൽകൽ എന്നിവ വഴി മുഴുവൻ ഭൂരഹിത പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സമയബന്ധിതമായി ഭൂമി വിതരണം സാധ്യമാക്കാനാണ് പരിശ്രമിക്കുന്നത്.

2. തൊഴിൽ ഉറപ്പാക്കൽ സംബന്ധിച്ച് ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി നൽകിയ മറുപടി:

അശാസ്ത്രീയമായും യുക്തിരഹിതമായും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിച്ചത് വഴിയുണ്ടായ നിലവാരത്തകർച്ച പരിഹരിക്കുന്നതിനും എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനും ബിരുദധാരികൾക്ക് തൊഴിൽലഭ്യത ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ആദ്യപടിയായി സാങ്കേതിക സർവ്വകലാശാലയുടെ അധികാര സ്ഥാനങ്ങൾ ജനാധിപത്യപരമായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. AICTE-യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വകാര്യ-സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

അന്തർദ്ദേശീയ തലത്തിൽത്തന്നെ സാങ്കേതിക വിദ്യാഭ്യാസ മേഖലകളിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖല നവീകരിക്കുന്നതിന് അടുത്ത അധ്യയന വർഷം മുതൽ പാഠ്യപദ്ധതി സമൂലം പരിഷ്കരിക്കുന്നതിന് തീരുമാനമെടുത്തു കഴിഞ്ഞു.

എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടുകൂടി താൽപ്പര്യം പ്രകടിപ്പിച്ച 66 എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്റർ (Advanced Skill Development Centre-ASDC) ആരംഭിക്കുവാനും ആയതിൽ തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ നൈപുണ്യ പരിശീലന കോഴ്സുകൾ നടപ്പിലാക്കുവാനും സർക്കാർ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിലൂടെ (ASAP) പദ്ധതിയിടുന്നു. തദനുസരണമായ ഡിഗ്രിയോ ഡിപ്ലോമയോ നൽകി പ്രാപ്തരാക്കുവാൻ എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി ഇന്റേൺഷിപ്പ് നൽകാനുള്ള പദ്ധതി അസാപ്പും എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയും ആവിഷ്കരിച്ചുവരുന്നു.

വിദ്യാഭ്യാസ മേഖലയിൽ നൂതന സാങ്കേതിക വിദ്യയിൽ നൈപുണ്യം നേടിയ വിചക്ഷണന്മാരുമായി സംവദിക്കാനുള്ള അവസരങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാറുണ്ട്. തുടർപരിശീലനത്തിനായി സർക്കാർ തലത്തിലുള്ള സ്റ്റാർട്ടപ്പ്, അസാപ് തുടങ്ങിയ സ്ഥാപനങ്ങളും അവസരങ്ങൾ നൽകുന്നുണ്ട്. ക്യാമ്പസ്

സെലക്ഷൻപോലുള്ള വേദികളിൽ വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്. നിർമ്മിത ബുദ്ധി, ത്രീഡി പ്രിന്റിംഗ്, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ പ്രയോഗിക്കാനുള്ള അടിസ്ഥാനതത്വങ്ങൾ അതാത് എഞ്ചിനീയറിംഗ് ശാഖകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എഞ്ചിനീയറിംഗ് മേഖലയിലെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി കോഴ്സുകൾ പരിഷ്കരിച്ച് നവീന ബ്രാഞ്ചുകൾ തുടങ്ങുന്ന കാര്യം അക്കാദമിക് കൗൺസിലിന്റെ പരിഗണനയിലാണ്.

തൊഴിൽ മാന്ദ്യം കണക്കിലെടുത്ത് എഞ്ചിനീയറിംഗ് ബിരുദധാരികളെ സാങ്കേതിക രംഗത്ത് സംരംഭകരായി വളർത്തിയെടുക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് വിദ്യാർത്ഥികളുടെ സംരംഭകശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## സബ്മിഷൻ

1. ദേവികുളം സബ് കളക്ടറെ അധിക്ഷേപിച്ചത് സംബന്ധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി:

കേരളത്തിന്റെ സവിശേഷമായ പരിസ്ഥിതിയുടെയും കാലാവസ്ഥയുടെയും നിലനിൽപ്പിന് പശ്ചിമഘട്ടത്തിനും പ്രത്യേകിച്ച് മൂന്നാർ പ്രദേശത്തിനും അതീവ പ്രാധാന്യമുണ്ടെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പാരിസ്ഥിതിക സംരക്ഷണം ലക്ഷ്യമാക്കിക്കൊണ്ട് മൂന്നാർ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചത്.

WP(C) No.34095/2007(s), WP(C) NO. 1801/2010 എന്നീ കേസ്സുകളിൽ Hon'ble ചീഫ് ജസ്റ്റിസും Hon'ble ജസ്റ്റിസുമുൾപ്പെടുന്ന ഡിവിഷൻ ബഞ്ച് 21-1-2010-ന് പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം റവന്യൂ അധികാരികളും തദ്ദേശ സ്വയംഭരണ അധികാരികളും പോലീസും വനം വകുപ്പധികാരികളും കോടതി ഉത്തരവിനനുസൃതമായവ ഒഴികെയുള്ള ഒരു നിർമ്മാണ പ്രവർത്തനങ്ങളും റവന്യൂ വകുപ്പിന്റെ എൻ.ഒ.സി.-യും പഞ്ചായത്തിന്റെ അനുവാദവുമില്ലാതെ മൂന്നാർപ്രദേശത്ത് നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്ന് ഉത്തരവിടുകയുണ്ടായി.

പ്രസ്തുത വിധിന്യായത്തിനനുസൃതമായി റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ മൂന്നാർ പ്രദേശത്ത് യാതൊരു തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ പാടില്ലെന്ന നിർദ്ദേശം നൽകിക്കൊണ്ടും സാധാരണക്കാരായ ആളുകൾക്ക് വീട് വയ്ക്കുന്നതിനായി എൻ.ഒ.സി. നൽകുന്നതിന് ദേവികുളം സബ് കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

മൂന്നാറിൽ ടാറ്റാ ടീ കമ്പനിയുടെ കൈവശമുണ്ടായിരുന്ന ഭൂമിയിൽ നിന്നും മൂന്നാർ പഞ്ചായത്തിന് പാർക്കിംഗ് ആവശ്യത്തിനുമാത്രം നൽകിയ ഭൂമിയിലാണ് പഞ്ചായത്ത്, നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്. പ്രസ്തുത നിർമ്മാണം അനധികൃതമാണെന്ന് കാണിച്ച് ദേവികുളം സബ് കളക്ടർക്ക് ലഭിച്ച പരാതിയിന്മേൽ 5-2-2019-ന് സ്റ്റോപ് മെമ്മോ നൽകുകയാണ് ചെയ്തത്. ഈ ഉത്തരവ് പഞ്ചായത്ത് സെക്രട്ടറി 6-2-2019-ന് കൈപ്പറ്റിയിട്ടുണ്ട്. 27-9-2017-ലെ ജില്ലാ കളക്ടറുടെ സർക്കുലർ പ്രകാരവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പൊതു ആവശ്യത്തിനായി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ദേവികുളം സബ് കളക്ടറുടെ പരിശോധനയ്ക്കും എൻ.ഒ.സി.-ക്കും വിധേയമായി മാത്രം നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പക്ഷേ, ഇപ്പോൾ പരാമർശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി എൻ.ഒ.സി. ലഭിക്കാൻ സബ് കളക്ടർ മുമ്പാകെ പഞ്ചായത്ത് അപേക്ഷ നൽകിയിട്ടില്ല. എന്നാൽ 8-2-2019-ന് പഞ്ചായത്ത് സെക്രട്ടറി ഡി.പി.സി. അംഗീകരിച്ച പദ്ധതിയാണിതെന്നും ആയതിനാൽ എൻ.ഒ.സി. നൽകണമെന്നും ആവശ്യപ്പെട്ട് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയതായി അറിയുന്നു. ഇക്കഴിഞ്ഞ പ്രളയകാലത്ത് അഞ്ച് ദിവസം വെള്ളത്തിൽ മുങ്ങിക്കിടന്ന പ്രദേശത്താണ് യു.ഡി.എഫ്. നേതൃത്വത്തിലുള്ള ഭരണസമിതി ഭരിക്കുന്ന പഞ്ചായത്ത്, നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതെന്നുകൂടി നാം കാണേണ്ടതുണ്ട്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവും അതിനനുസൃതമായി പുറപ്പെടുവിച്ചിട്ടുള്ള നിയമപരമായ നിർദ്ദേശങ്ങളും ലംഘിക്കപ്പെട്ടെന്ന രേഖാമൂലമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ നിയമവിധേയമായ നടപടികളാണ് സബ് കളക്ടർ സ്വീകരിച്ചത്. ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങളെ അവഗണിക്കുകയും നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ എത്തിയ ഉദ്യോഗസ്ഥരെ സംഘടിതമായി കൃത്യനിർവ്വഹണത്തിൽ നിന്നും തടയാനുമുള്ള ശ്രമമാണ് അവിടെ പഞ്ചായത്ത് പ്രസിഡന്റിന്റെയും മറ്റ് ജനപ്രതിനിധികളുടെയും നേതൃത്വത്തിലുണ്ടായത്. ഈ വിഷയവുമായി ബന്ധപ്പെട്ട് അവരുടെ ഭാഗത്തുന്നിന്നും ഉദ്യോഗസ്ഥരെ അവഹേളിക്കുന്ന തരത്തിലുള്ള ചില പ്രസ്താവനകൾ നടത്തിയതായി

ആക്ഷേപമുണ്ട്. ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ. ഈ വിഷയവുമായി ബന്ധപ്പെട്ട് തന്നെ അധിക്ഷേപിച്ചതായി ആരോപിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് പരാതി നൽകിയിട്ടുള്ളതായും അറിയിക്കുന്നു.

ദേവികുളം സബ് കളക്ടർ ഈ വിഷയങ്ങൾ ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതായും അറിയുന്നു. മൂന്നാർ പ്രദേശത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ സംരക്ഷിക്കാനും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയും ഭൂ നിയമങ്ങളും നടപ്പാക്കാനും സർക്കാർ മുന്നോട്ട് പോകുകതന്നെ ചെയ്യും.

2. <u>പയ്യന്നൂരിൽ പോലീസ് കൺട്രോൾ റൂം പ്രവർത്തനം തുടങ്ങുന്നത് സംബന്ധിച്ച് ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി:</u>

കണ്ണൂർ ജില്ലയിലെ പയ്യന്നൂരിലും മലപ്പുറം ജില്ലയിലെ താനൂരും പോലീസ് കൺട്രോൾ റൂമുകൾ ആരംഭിക്കുന്നതിന് 19-6-2018-ലെ ഉത്തരവ് നമ്പർ (Ms)103/2018/ആഭ്യന്തരം പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതും ഒരു പോലീസ് ഇൻസ്പെക്ടർ ഉൾപ്പെടെ 40 തസ്തികകൾ വീതം അനുവദിച്ചിട്ടുള്ളതുമാണ്.

പഴയ പയ്യന്നൂർ സി.ഐ. ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം കൺട്രോൾ റൂം പ്രവർത്തിക്കുന്നതിനായി ലഭ്യമാണ്. പോലീസ് ഇൻസ്പെക്ടറെ നിയമിച്ച് കൺട്രോൾ റൂമിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

3. <u>സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ മിനിമം ബാലൻസ് ഇല്ലാത്തതിന് പിഴയീടാക്കുന്നത് സംബന്ധിച്ച് ശ്രീ. പി. ടി. തോമസ്, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി:</u>

1969-70 കാലഘട്ടത്തിലുയർന്നുവന്ന ശക്തമായ സമ്മർദ്ദങ്ങളെത്തുടർന്ന് ദേശസാൽക്കരണം വഴി ബാങ്കുകൾക്ക് മാനവിക കാഴ്ചപ്പാട് സൃഷ്ടിക്കാൻ അന്നത്തെ ഭരണാധികാരികൾ തയ്യാറായി. ഈ നടപടി കുറഞ്ഞ പലിശയിലുള്ള കാർഷിക വായ്പകളും ഐ.ആർ.ഡി.പി. പോലുള്ള പദ്ധതികളും ഒരു പരിധിവരെ ചെറുകിട കർഷകരെയും സമൂഹത്തിലെ താഴെ തട്ടിലുള്ളവരെയും സഹായിച്ചിരുന്നു. എന്നാൽ 1990-കൾ മുതൽ ആഗോളവൽക്കരണ കാഴ്ചപ്പാടുകൾ വിവിധ മേഖലകളിൽ സ്വാധീനം ചെലുത്തിയതിന്റെ ഭാഗമായി ബാങ്കിംഗ് മേഖലയിലുൾപ്പെടെ ഘടനാപരമായ പല മാറ്റങ്ങളുമുണ്ടായി. ഇത് ജനകീയ താൽപ്പര്യങ്ങളെ ഹനിക്കപ്പെടുന്ന സ്ഥിതി രൂപപ്പെടുത്തുകയും ചെയ്തു. പല വിധത്തിലാണ് ഇത് ജനങ്ങളിൽ പ്രതിസന്ധി സൃഷ്ടിച്ചത്.

മിനിമം ബാലൻസില്ലാത്തതിനാൽ സാധാരണക്കാരുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ബാങ്കുകൾ പിഴ ഈടാക്കുന്നുവെന്ന പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽവന്നിരുന്നു. ഇക്കാര്യത്തിൽ സംസ്ഥാനതല ബാങ്കിംഗ് സമിതിയോട് സർക്കാർ റിപ്പോർട്ട് തേടുകയും പ്രസ്തുത റിപ്പോർട്ട് പ്രകാരം മിനിമം ബാലൻസ് നിബന്ധനകൾ ഉള്ളവയും ഇല്ലാത്തവയുമെന്ന രീതിയിൽ ബാങ്കുകളിൽ വിവിധതരം സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുമുണ്ട്. അതുകൊണ്ട് പൊതുജനങ്ങൾക്ക് മിനിമം ബാലൻസ് നിഷ്കർഷിച്ചിട്ടില്ലാത്തതും തങ്ങൾക്കനുയോജ്യമായതുമായ അക്കൗണ്ടുകൾ തെരഞ്ഞെടുക്കാൻ കഴിയുമെന്ന കാര്യമാണ് അവർ പറഞ്ഞിട്ടുള്ളത്.

മിനിമം ബാലൻസ് നിബന്ധനകളില്ലാത്ത അക്കൗണ്ടുകളിൽ നിന്നും പിഴ ഈടാക്കിയതായി പരാതികളൊന്നും ലഭിച്ചിട്ടില്ലെന്നാണ് സംസ്ഥാനതല ബാങ്കിംഗ് സമിതി അറിയിച്ചത്.

മിനിമം ബാലൻസിന് താഴെ തുക അക്കൗണ്ടിലുണ്ടാകുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുമെന്നറിഞ്ഞിട്ടും അത് കണക്കിലെടുക്കാതെ അക്കൗണ്ടുടമയ്ക്ക് ബാങ്കുകൾ പണം നൽകുന്ന സ്ഥിതി നിലവിലുണ്ട്. ഇത്തരത്തിൽ പണം നൽകിയതുകൊണ്ട് മിനിമം ബാലൻസിനെക്കാൾ കുറഞ്ഞ തുക അക്കൗണ്ടിലുണ്ടാകുന്ന സ്ഥിതിവിശേഷവും രൂപപ്പെടുന്നു. ഈ സാഹചര്യം ബാങ്കുകൾ തന്നെ സൃഷ്ടിച്ചശേഷം അക്കൗണ്ടിൽ മിനിമം ബാലൻസില്ലെന്ന് പറഞ്ഞ് പിഴയീടാക്കുന്ന തെറ്റായ സ്ഥിതിയും നിലനിൽക്കുന്നുണ്ട്. മിനിമം ബാലൻസില്ലെന്നുപറഞ്ഞ് പിഴയീടാക്കുന്ന രീതി ഒരു കാരണവശാലും അംഗീകരിക്കാനാവുന്നതല്ല.

അതേസമയം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വിവിധ സേവനങ്ങൾക്ക് അമിത ചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽ വന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആയത് അടിയന്തരമായി പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ധനകാര്യമന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

ബാങ്കുകളുടെ പ്രവർത്തനങ്ങൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിഷ്കർച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരമായതിനാൽ ബാങ്കുകളുടെ നയപരമായ കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് ഇടപെടുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടലിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതാണ്.

4. കാഞ്ഞിരപ്പള്ളിയിൽ സ്പോർട്സ് സ്കൂൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഡോ. എൻ. ജയരാജ്, എം.എൽ.എ.-യുടെ സബ്മിഷന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി:

കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഗവൺമെന്റ് ഹൈസ്കൂളിൽ ആരംഭിക്കുന്ന സ്പോർട്സ് സ്കൂളിന്റെ ഭാഗമായി സിന്തറ്റിക് ഫുട്ബോൾ ഗ്രൗണ്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ള ആവശ്യം.

കായിക അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കായിക യുവജനകാര്യ വകുപ്പ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്. കാഞ്ഞിരപ്പള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി എം.എൽ.എ. സമർപ്പിച്ച നിവേദനം സർക്കാർ പരിഗണിക്കുകയും 28-5-2018-ലെ സ.ഉ (സാധാ) നമ്പർ 108/2018/കാ.യു.വ ഉത്തരവുപ്രകാരം കായിക യുവജനകാര്യാലയത്തിന്റെ '4202-03-102-94-കായിക അടിസ്ഥാനസൗകര്യം (പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്നും 2.16 കോടി രൂപ ചെലവ് ചെയ്ത് സിന്തറ്റിക് ഫുട്ബോൾ ഗ്രൗണ്ട് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

എന്നാൽ നിലവിൽ സർക്കാർ ഏറ്റെടുത്തിട്ടുള്ള പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ധനം കണ്ടെത്തുന്നതിനായി എല്ലാ സർക്കാർ വകുപ്പുകളുടെയും ധനവിനിയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് പ്ലാൻ ഫണ്ട് പദ്ധതികൾ പുനരവലോകനം ചെയ്ത് അനുവദിക്കപ്പെട്ട പദ്ധതികളിൽ 20 ശതമാനം കുറവ് വരുത്തുവാൻ തീരുമാനിച്ചിരുന്നു. അപ്രകാരം കുറവ് വരുത്തുന്നതിന്റെ ഭാഗമായി റദ്ദ് ചെയ്ത കായിക യുവജനകാര്യ വകുപ്പിന്റെ വിവിധ പദ്ധതികളിൽ കാഞ്ഞിരപ്പള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ സിന്തറ്റിക് ഫുട്ബോൾ ടർഫ് സ്ഥാപിക്കുന്ന പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ നടപ്പ് സാമ്പത്തികവർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നിർവ്വാഹമില്ല.

5. ദേവികുളത്ത് പട്ടയം കൈവശമുള്ളവരുടെ ഭൂനികുതി സ്വീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി:

ദേവികുളം താലൂക്കിൽ കാലാകാലങ്ങളിൽ അനുവദിക്കപ്പെട്ട പട്ടയങ്ങളിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയ കേസ്സുകൾ, റീ-സർവ്വേ, അപാകതകൾ പരിഹരിക്കേണ്ട കേസ്സുകൾ, കോടതി വ്യവഹാരം നിലനിൽക്കുന്ന കേസ്സുകൾ

എന്നിവയിൽ മാത്രമാണ് ഭൂനികുതി സ്വീകരിക്കാതിരിക്കുന്നത്. പട്ടയങ്ങളിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയ കേസ്സുകളിൽ വിവിധ തലത്തിലുള്ള പരിശോധന നടത്തി പട്ടയം സാധൂകരിച്ച് നൽകിക്കൊണ്ടും അദാലത്തുകൾ മുഖേന റീ-സർവ്വേ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടും സാധാരണക്കാരായ ജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടും ഭൂനികുതി സ്വീകരിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തിവരികയാണ്.

6. ഉപാധിരഹിത പട്ടയം നൽകുന്നത് സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി:

1960-ലെ കേരള ഭൂമി പതിവ് നിയമപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിവിധ ചട്ടങ്ങളനുസരിച്ചാണ് സംസ്ഥാനത്ത് സർക്കാർ ഭൂമി പതിച്ചുനൽകുന്നത്. വിവിധ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഉപാധികൾക്ക് വിധേയമായി മാത്രമേ നിലവിൽ ഭൂമി പതിച്ചുനൽകുന്നതിന് സാധിക്കുകയുള്ളൂ. നിലവിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ ഭൂമി പതിച്ചു നൽകുന്നതിനുള്ള, 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകളിൽ ജനോപകാരപ്രദമായ പല ഇളവുകളും നൽകി ഭേദഗതി വരുത്തിയിട്ടുണ്ട്. കൈവശമുള്ള ഭൂമി പതിച്ചുനൽകുന്ന കേസ്സുകളിൽ ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിലവിൽ കാലപരിധി പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. 17-8-2017-ലെ ജി.ഒ.(പി)60/2017/ആർ.ഡി. ഭേദഗതി പ്രകാരം കൈവശമുള്ള ഭൂമി പതിച്ച് നൽകുന്നതിനുണ്ടായിരുന്ന വരുമാനപരിധി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കൈവശമില്ലാത്ത ഭൂമി പതിച്ചുനൽകുന്ന സംഗതികളിൽ ടി ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള കാലപരിധി 25 വർഷത്തിൽ നിന്നും 12 വർഷമായി കുറവ് ചെയ്തിട്ടുണ്ട്. കൈവശഭൂമി പതിച്ചുകിട്ടുന്നതും കൈവശമില്ലാത്ത ഭൂമി പതിച്ചുകിട്ടുന്നതും ഉപയോഗിച്ച് വിവിധ ധനകാര്യ സ്ഥാപങ്ങളിലും ബാങ്കുകളിലും ഈട് വച്ച് വായ്പയെടുക്കുന്നതിന് വ്യവസ്ഥ ചെയ്തതുകൂടാതെ കർഷകർ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ കർഷകർക്കുതന്നെ മുറിക്കാൻ അവകാശം നൽകുന്നതിനുള്ള വ്യവസ്ഥയും കൊണ്ടുവന്നു. കൈവശമുള്ള ഭൂമി പതിച്ചുനൽകുന്നതിനും കൈവശമില്ലാത്തവർക്ക് ഭൂമി പതിച്ചുനൽകുന്നതിനും പ്രത്യേകം പ്രത്യേകം ഫോറങ്ങൾ വ്യവസ്ഥ ചെയ്തു.

പഞ്ചായത്ത് പ്രദേശങ്ങളിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങളനുസരിച്ചും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളനുസരിച്ചുമാണ് ഭൂമി പതിവ്

നടപടികൾ സ്വീകരിച്ചുവരുന്നത്. കൂടാതെ 1-1-1977-ന് മുമ്പ് കൈവശമുള്ള വനഭൂമി പതിച്ചുനൽകൽ, വ്യാവസായികാവശ്യം, കർഷകത്തൊഴിലാളികളുടെ പുനരധിവാസം, റബ്ബർ പ്ലാന്റേഷൻ, വയനാട് കോളനൈസേഷൻ സ്കീം, ഏലം, തേയില, കോഫി എന്നിവയ്ക്കെല്ലാം പ്രത്യേകം ഭൂമി പതിവ് ചട്ടങ്ങൾ നിലവിലുണ്ട്. ടി ചട്ടങ്ങൾക്ക് വിധേയമായിട്ടാണ് ഭൂമി പതിച്ചുനൽകിവരുന്നത്.

7. നാട്ടികയിൽ സപ്ലൈകോ ഗോഡൗൺ നിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീമതി ഗീതാ ഗോപി, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്ക് നാട്ടിക വില്ലേജ് സർവ്വേ 321/3-ലുൾപ്പെട്ട 0.2024 ഹെക്ടർ ഭൂമി സിവിൽ സപ്ലൈസ് ഗോഡൗൺ നിർമ്മിക്കുന്നതിനായി കൈമാറുന്നതിനുള്ള ഭൂമി കൈമാറ്റ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് 2-6-2018-ൽ ജില്ലാകളക്ടർ സമർപ്പിച്ചിരുന്നു. 5-6-2018-ലെ റവന്യൂ (എ) വകുപ്പിന്റെ ജി.ഒ.(പി) നമ്പർ 31/2018/റവ നമ്പർ ഉത്തരവുപ്രകാരം പഞ്ചായത്ത് പരിധിയിൽ 50സെന്റ് വരെയുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് ജില്ലാ കളക്ടറെ അധികാരപ്പെടുത്തി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി കൈമാറുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ടി പ്രൊപ്പോസൽ കളക്ടർക്ക് മടക്കി അയച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ നടപടി സ്വീകരിച്ചുവരവെ ടി വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സപ്ലൈകോ എന്നത് സിവിൽ സപ്ലൈസ് വകുപ്പിന് കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായതിനാൽ സേവന വകുപ്പുകൾക്ക് ഭൂമി നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുവാദം നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം സപ്ലൈകോയ്ക്ക് ഭൂമി നൽകാൻ കഴിയില്ലായെന്നതിനാൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശം ക്രമപ്രകാരമല്ലെന്നും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്നും കൂടാതെ സപ്ലൈകോയ്ക്ക് കമ്പോളവില ഈടാക്കി ഭൂമി പതിച്ചു നൽകുന്നതിനോ/പാട്ട വ്യവസ്ഥയിൽ നൽകുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ജില്ലാ കളക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കുന്നതാണ്.

8. ഉദയംപേരൂർ കുടിവെള്ള പദ്ധതി സംബന്ധിച്ച് ശ്രീ. എം. സ്വരാജ്, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി:

തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ ഉദയംപേരൂർ പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 28 കോടി രൂപയുടെ

വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ധനലഭ്യത പരിശോധിച്ചുവരുന്നു.

9. തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമം സംബന്ധിച്ച് ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി:

തിരുവനന്തപുരം നഗരത്തിലേയ്ക്കാവശ്യമായ കുടിവെള്ളം വിതരണം ചെയ്യുന്നത് പ്രധാനമായും അരുവിക്കരയിൽ സ്ഥാപിച്ചിട്ടുള്ള 3 ശുദ്ധീകരണ ശാലകൾ വഴിയും വെള്ളയമ്പലം, വെള്ളായണി, തിരുമല, പാറാമല എന്നിവിടങ്ങളിലെ ശുദ്ധീകരണശാലകളിൽ നിന്നുമാണ്. അരുവിക്കരയിൽ കേരള ജല അതോറിറ്റിയുടെ സ്ഥലത്ത് 75 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധഘടകങ്ങളും നിർമ്മിച്ച് ശുദ്ധജല വിതരണം നടത്തുന്നതിനായി അമൃത് പദ്ധതിയിലുൾപ്പെടുത്തി 70 കോടി രൂപയുടെ ജലശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

അരുവിക്കരയിൽ നിന്നുള്ള നിലവിലെ പമ്പിംഗ് കാര്യക്ഷമമാക്കുന്നതിനായി നാല് പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി 2019 ആഗസ്റ്റ് മാസത്തോടെ പൂർത്തിയാകുമ്പോൾ 10 എം.എൽ.ഡി. അധികം ജലം തിരുവനന്തപുരം നഗരത്തിലേയ്ക്കെത്തിക്കാൻ സാധിക്കും.

നഗരപ്രദേശങ്ങളിലെ പൈപ്പുകളിൽ പുറത്ത് വരാത്ത ചോർച്ചകൾ കണ്ടുപിടിച്ച് തടയുന്നതിനായി ഒരു ലീക്ക് ഡിറ്റക്ഷൻ ടീം പ്രവർത്തിക്കുന്നുണ്ട്.

കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റുന്നതിന് സംസ്ഥാന പദ്ധതിയിലും അമൃത് പദ്ധതിയിലും തിരുവനന്തപുരം നഗരസഭയുടെ നിക്ഷേപ പ്രവൃത്തിയിലുമുൾപ്പെടുത്തി വിവിധ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്.

നെയ്യാർഡാമിൽ നിന്നും തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള ഒരു പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. നെയ്യാർഡാമിനടുത്തായി 120 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാല നിർമ്മിച്ച് അവിടെ നിന്ന് 100 എം.എൽ.ഡി. ശുദ്ധജലം തിരുവനന്തപുരം നഗരത്തിനും 20 എം.എൽ.ഡി. ശുദ്ധജലം മറുകിൽ, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്കും എത്തിക്കുകയെന്നതാണ് ഈ പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ ജലശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിനായി 60 കോടി രൂപ സ്റ്റേറ്റ് പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്.

പൈപ്പ്ലൈൻ സ്ഥാപിക്കലും അനുബന്ധ ഘടകങ്ങൾക്കും കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാൻ സാധിക്കും.

കൂടാതെ സ്മാർട്ട് സിറ്റിയുടെ ഭാഗമായ "ഏരിയ ബെയ്സ്ഡ് ഡെവലപ്മെന്റ് (എ.ബി.ഡി.) പ്രദേശങ്ങളുൾപ്പെടെ തിരുവനന്തപുരം നഗരത്തിന്റെ ഹൃദയ പ്രദേശങ്ങളുൾപ്പെടുത്തി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ (എ.ഡി.ബി.) ധനസഹായത്തോടുകൂടി 24x7 ശുദ്ധജല വിതരണ സമ്പ്രദായം നടപ്പിലാക്കുന്ന പദ്ധതി പ്രാരംഭഘട്ടത്തിലാണ്.

മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി തിരുവനന്തപുരം നഗരത്തിലെ ജല ലഭ്യതക്കുറവ് ശാശ്വതമായി പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

10. <u>പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള രാത്രികാല ബസ് സർവ്വീസുകൾ സംബന്ധിച്ച് ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി</u>:

കെ.എസ്.ആർ.ടി.സി. പത്തനംതിട്ട ഡിപ്പോയിൽ നിന്നും തിരുവല്ല വഴി കോട്ടയം/എറണാകുളം ഭാഗത്തേക്ക് പ്രതിദിനം ആറ് ബസ്സുകളുപയോഗിച്ച് 42 റൗണ്ട് ട്രിപ്പുകൾ നടത്തിവരുന്നു. ടി സർവ്വീസുകൾക്ക് ശരാശരി 19,000 രൂപ വീതം പ്രതിദിനം വരുമാനം ലഭിക്കുന്നുണ്ട്. ഇവ കൂടാതെ എറണാകുളം, കോട്ടയം, ചങ്ങനാശ്ശേരി, തിരുവല്ല തുടങ്ങിയ മറ്റ് ഡിപ്പോകളിൽ നിന്നുമുള്ള 10 സർവ്വീസുകളും പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി. നടത്തിവരുന്നു. എന്നാൽ രാത്രി 10 മണിക്ക് തിരുവല്ലയിലേയ്ക്ക് സർവ്വീസ് നടത്തിയതിനുശേഷം പത്തനംതിട്ട ഡിപ്പോയിൽ നിന്നും പുലർച്ചെയാണ് അടുത്ത സർവ്വീസ് ആരംഭിക്കുന്നത്. രാത്രി 10 മണിക്കും 12 മണിക്കുമിടയിൽ പത്തനംതിട്ട ഡിപ്പോയിൽ നിന്നും പുതുതായി സർവ്വീസ് ആരംഭിക്കുന്നത് കോർപ്പറേഷന് സാമ്പത്തികമായി ഗുണകരമാകുമെന്ന് കരുതുന്നില്ല. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന കണ്ടക്ടർ വിഭാഗം ജീവനക്കാരെ ഒഴിവാക്കിയതിനാൽ കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ അപര്യാപ്തതയും നിലവിലുണ്ട്. രാത്രികാലത്ത് ടി റൂട്ടിൽ അതത് മേഖലകളിൽ നിന്നുള്ള സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുമെങ്കിൽ മാത്രം യാത്രക്കാർക്ക് കൂടുതൽ സൗകര്യമൊരുക്കുന്നതിനായി ട്രിപ്പുകൾ ക്രമീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

11. <u>കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. ആർ. രാമചന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി</u>:

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 6-12-2018-ലെ ഉത്തരവുപ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന കണ്ടക്ടർ വിഭാഗം ജീവനക്കാരെ പിരിച്ചുവിട്ടിരുന്നു. ആയതിന്റെ ഭാഗമായി കരുനാഗപ്പള്ളി യൂണിറ്റിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 38 ജീവനക്കാരെയും ജോലിയിൽ നിന്ന് മാറ്റി നിർത്തുകയുണ്ടായി. ആയതുമൂലം പ്രസ്തുത സമയത്ത് കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നുള്ള 35 സർവ്വീസുകൾ പ്രതിദിനം റദ്ദ് ചെയ്യേണ്ടി വന്നു. ആയതിൽ 25 സർവ്വീസുകൾ ഇതിനകം പുനഃസ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മറ്റ് ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് പരമാവധി യാത്രാക്ലേശം ഒഴിവാക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. മുഖാന്തരം നിയമിതരായ കണ്ടക്ടർമാർ ജോലിക്ക് ഹാജരാകുന്ന മുറയ്ക്ക് അവശേഷിച്ച ഷെഡ്യൂളുകൾ കൂടി പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

12. <u>മാടായിപ്പള്ളി ചരിത്ര സ്മാരകമായി സംരക്ഷിക്കുന്നത് സംബന്ധിച്ച് ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.-യുടെ സബ്മിഷന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടി:</u>

ചരിത്രപരമായോ പുരാവസ്തു, ശാസ്ത്ര സംബന്ധമായോ കലാശില്പപരമായോ, കൗതുകപ്രദമായതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ നിർമ്മാണമോ, എടുപ്പോ, സ്മാരകമോ ആണ് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുവരുന്നത്. മാടായിപ്പള്ളി, 1968-ലെ പുരാവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന പക്ഷം ആയത് പരിശോധിച്ച് പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. മാടായിപ്പള്ളിയിൽ നിന്നോ പരിസരപ്രദേശത്തുനിന്നോ പുരാവസ്തു വകുപ്പിന് ചരിത്രാവശിഷ്ടങ്ങളൊന്നും തന്നെ ഇതിനകം ലഭിച്ചിട്ടില്ല. ഈ പ്രദേശത്തിന്റെയും പള്ളിയുടെയും പ്രാധാന്യം എനിക്കും നേരിട്ടറിയാവുന്നതാണ്. പ്രസ്തുത സ്മാരകത്തിൽ മ്യൂസിയം സജ്ജീകരിക്കുന്നതുൾപ്പെടെ, ബഹുമാനപ്പെട്ട കല്ല്യാശ്ശേരി എം.എൽ.എ. റ്റി. വി. രാജേഷിന്റെ നിവേദനത്തിന്റെ കൂടിയടിസ്ഥാനത്തിൽ ഇതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

13. <u>ഇടുക്കി ജില്ലയിലെ കർഷക ആത്മഹത്യകൾ സംബന്ധിച്ച് ശ്രീ. പി. ജെ. ജോസഫ്, എം.എൽ.എ.-യുടെ സബ്മിഷന് കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടി:</u>

സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിനുശേഷം കർഷകരെ കൈപിടിച്ചു യർത്തുന്നതിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതിനിടെയാണ് ഇടുക്കി ജില്ലയിൽ മൂന്ന് കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് വന്നിരിക്കുന്നത്. വെള്ളത്തുവൽ കൃഷിഭവൻ പരിധിയിൽ ആനവിരട്ടി കോട്ടയ്ക്കലിൽ വീട്ടിൽ ശ്രീ. രാജു, വാത്തുക്കുടി കൃഷിഭവൻ പരിധിയിൽ മേരിഗിരി സ്വദേശി താന്നിക്കാട്ട് കാലവീട്ടിൽ ശ്രീ. സന്തോഷ്, വാഴത്തോപ്പ് കൃഷിഭവൻ പരിധിയിൽ നെല്ലിപ്പുഴ കവലയിൽ ശ്രീ. ജോണി മത്തായി എന്നിവരാണ് ജീവനൊടുക്കിയത്. ശ്രീ. രാജു, മകന്റെ പേരിൽ ബിസിനസ്സ് ആവശ്യത്തിനായി ഓവർ ഡ്രാഫ്റ്റായി 10 ലക്ഷം രൂപയെടുത്തിട്ടുള്ളതായി മനസ്സിലാക്കുന്നു. ബിസിനസ്സ് തകർച്ചയും ഇതുമൂലമുണ്ടായ സാമ്പത്തിക നഷ്ടവുമാണ് ആത്മഹത്യയിലേയ്ക്ക് നയിച്ചതെന്നാണ് പ്രാഥമിക നിഗമനം. ആത്മഹത്യ ചെയ്ത ശ്രീ. സന്തോഷ് എന്നയാൾ, സഹോദരിയുടെ സ്ഥലം ഈടുനൽകി കെ.എസ്.എഫ്.ഇ.-യിൽ നിന്ന് ചിട്ടി ലോൺ ആയി 10 ലക്ഷം രൂപ എടുത്തത് തിരിച്ചടയ്ക്കാത്തതുമൂലം ജപ്തി നടപടികളായതിനെത്തുടർന്നാണ് ജീവനൊടുക്കിയത്. ശ്രീ. ജോണി മത്തായി ഇടുക്കി യൂണിയൻ ബാങ്കിൽ നിന്നും കാർഷിക വായ്പയായി 95,000 രൂപയും വാഴത്തോപ്പ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 1,06,000 രൂപയും വായ്പയെടുത്തിട്ടുണ്ട്. തിരിച്ചടവ് ഇനത്തിൽ 43,000 രൂപ കുടിശ്ശികയുള്ളതായി അറിയുന്നു. എന്നാൽ ഇദ്ദേഹത്തിനെതിരെ ജപ്തി നടപടികളൊന്നുമില്ല. ഇവരുടേത് കർഷക ആത്മഹത്യ പരിധിയിൽ വരുമോയെന്ന കാര്യം പരിശോധിച്ചു വരികയാണ്.

2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്തൊട്ടാകെ 236649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ മാത്രം 19001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ഇടുക്കി ജില്ലയിൽ മാത്രം 83782 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചുപോയതായും ആകെ 35870.8 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചതായും കണക്കാക്കിയിട്ടുണ്ട്. മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ, ദുരിതത്തിലായ കർഷകരെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരികയാണ്.

കൃഷിനാശവും കിടപ്പാടം നഷ്ടപ്പെട്ടതുംമൂലം ബഹുഭൂരിപക്ഷം കർഷകരും ഇന്ന് വലിയ മാനസിക സമ്മർദ്ദത്തിലാണ്. ഈ സാഹചര്യത്തിൽ കർഷകർക്കാവശ്യമായ മാനസികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകി അവരെ കൈപിടിച്ചുയർത്തേണ്ടതും അനിവാര്യമാണ്. പ്രളയത്തിൽ കൃഷിനാശം സംഭവിച്ച

കർഷകർക്ക് നാളിതുവരെ 204.9905 കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ പ്രളയബാധിതരായ കർഷകർക്ക് 11.798 കോടി രൂപയുടെ ധനസഹായം നൽകിക്കഴിഞ്ഞു. ഇതിനുപുറമേ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിലുൾപ്പെടുത്തി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ആദ്യഗഡുവായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് ലഭിച്ച 41.55 കോടി രൂപയിൽ നിന്ന് 8.646 കോടി രൂപ ഇടുക്കി ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്.

മഴക്കെടുതിമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസമെത്തിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം കാർഷിക കടങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾക്കും 2018 ജൂലൈ 31 മുതൽ ഒരു വർഷത്തേയ്ക്ക് സംസ്ഥാന സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയബാധിത ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ ഓവർ ഡ്യൂ ആയിട്ടുണ്ടെങ്കിൽ അവ പുനഃക്രമീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ, സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ആവശ്യങ്ങൾക്കായി എടുത്തിട്ടുള്ള കാർഷിക, വിദ്യാഭ്യാസ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2018 ഒക്ടോബർ 12 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവായിട്ടുള്ളതാണ്.

കൃഷിനാശംമൂലം ദുരിതത്തിലായ കർഷകർക്ക് ആത്മവിശ്വാസവും മാനസിക പിന്തുണയും കൈത്താങ്ങും നൽകി കൃഷിയിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനും കാർഷിക മേഖലയിൽ ഉറപ്പിച്ചു നിർത്തുന്നതിനുമുള്ള പദ്ധതികളാണ് സംസ്ഥാന സർക്കാരും കൃഷി വകുപ്പും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഈ അവസരത്തിൽ മൂന്ന് കർഷകർ ജീവനൊടുക്കിയ സംഭവം തികച്ചും വേദനാജനകമാണ്. സർക്കാർ പുറപ്പെടുവിച്ച മൊറട്ടോറിയത്തിന് വിരുദ്ധമായി ഏതെങ്കിലും ധനകാര്യ സ്ഥാപനം ജപ്തിയുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിൽ അത്തരം ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ആത്മഹത്യ ചെയ്തവർ നിലവിൽ കൃഷി ചെയ്തുവരുന്ന കർഷകരായതുകൊണ്ട് അവരുടെ കുടുംബങ്ങൾക്ക് സഹായധനം അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

14. '<u>കേരളം ഓർമ്മ സൂചിക 2019'-ൽ മന്നത്ത് പത്മനാഭന്റെ പേരും ചിത്രവും ഉൾപ്പെടുത്താത്തത് സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ. -യുടെ സബ്മിഷന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി:</u>

കേരള സാഹിത്യ അക്കാദമിയുടെ 'കേരളം ഓർമ്മസൂചിക 2019' എന്ന പേരിൽ പുറത്തിറക്കിയ പുസ്തകത്തിൽ മന്നത്ത് പത്മനാഭന്റെ പേരും ചിത്രവും ഒഴിവാക്കി നവോത്ഥാന നായകരുടെ ചിത്രം പ്രസിദ്ധീകരിച്ചത് ആക്ഷേപകരമാണെന്നതാണ് സബ്മിഷന്റെ വിഷയം.

കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക മുന്നേറ്റത്തിന് പുരോഗമനകരമായ വീക്ഷണവും ഉള്ളടക്കവും സംഭാവന ചെയ്ത്, സാമൂഹ്യപരിവർത്തനത്തിന് നേതൃത്വം കൊടുത്ത ഒട്ടനവധി പേരെ നാം സാമൂഹ്യ പരിഷ്കർത്താക്കളായും സാമുദായിക പരിഷ്കർത്താക്കളായും നവോത്ഥാന നായകരായും വിശേഷിപ്പിച്ചുപോരുന്നുണ്ട്. അത്തരത്തിൽപ്പെട്ട പ്രമുഖരുടെ മുഴുവൻ പേരോ പട്ടികയോ പ്രസിദ്ധീകരിക്കാൻ സംസ്ഥാന സർക്കാർ, സാഹിത്യ അക്കാദമിയെ ചുമതലപ്പെടുത്തുകയോ സാഹിത്യ അക്കാദമി അത്തരത്തിലൊരു സംരംഭം ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

ഇവിടെ സൂചിപ്പിച്ച 'കേരളം ഓർമ്മസൂചിക 2019' എന്ന പുസ്തകത്തിൽ സാഹിത്യ അക്കാദമിയെ സംബന്ധിച്ചും സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ സാംസ്കാരിക സംഘങ്ങളെ സംബന്ധിച്ചും സാഹിത്യ അക്കാദമി നൽകിവരുന്ന വിവിധ അവാർഡുകളെ സംബന്ധിച്ചും ചുരുക്കം ചില പ്രശസ്ത സാഹിത്യകാരന്മാരെ സംബന്ധിച്ചും ചില നവോത്ഥാന നായകരെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാലിവ സമഗ്രമായി എല്ലാ വിഭാഗം ആൾക്കാരെയും ഉൾക്കൊള്ളുന്ന ഒന്നല്ല.

ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 52-ാം വാർഷികത്തോടനുബന്ധിച്ച് സംസ്ഥാന സർക്കാർ 2018 നവംബർ മാസത്തിൽ പി.ആർ.ഡി. വഴി തമസോമഃ ജ്യോതിർഗമയ എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത പുസ്തകത്തിൽ മുൻകാലങ്ങളിൽ കേരളത്തിൽ നടന്ന നവോത്ഥാന പ്രക്ഷോഭചരിത്രത്തിലെ ചില ഭാഗങ്ങളും ചില നവോത്ഥാന നായകരുടെ ചിത്രങ്ങളും വിവരണങ്ങളും നൽകിയിട്ടുണ്ട്. എന്നാലതും സമഗ്രമായി എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഔദ്യോഗിക വിജ്ഞാപനമോ പട്ടികയോ അല്ല.

2018 നവംബറിൽ പി.ആർ.ഡി. ഇറക്കിയ പ്രസ്തുത പുസ്തകത്തിലെ 45-ാം പേജിൽ മന്നത്ത് പത്മനാഭനെ സംബന്ധിച്ച് വിശദമായ കുറിപ്പും അദ്ദേഹത്തിന്റെ കളർ ഫോട്ടോയും പ്രാധാന്യത്തോടുകൂടി മറ്റിതര നവോത്ഥാന നായകർക്കൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽനിന്നുതന്നെ സർക്കാരിന് മന്നത്ത് പത്മനാഭന്റെ സാമൂഹ്യ പരിഷ്കർത്താവെന്ന നിലയിലുള്ള സ്ഥാനത്തെ സംബന്ധിച്ച് മതിപ്പും അംഗീകാരവുമുണ്ടെന്ന് വ്യക്തമാണ്. ക്ഷേത്രപ്രവേശന സത്യാഗ്രഹ സമരകാലത്ത് അവർണ്ണർക്കും സാർവ്വത്രികമായി ക്ഷേത്രപ്രവേശനത്തിന് അർഹതയുണ്ടെന്ന് പ്രഖ്യാപിച്ച് അവരോട് അനുഭാവസൂചകമായി മന്നത്ത് പത്മനാഭൻ സവർണ്ണജാഥ സംഘടിപ്പിച്ചിട്ടുണ്ട്. നായർ സമുദായത്തിനകത്തെ അനാചാരങ്ങളും വിശിഷ്യാ

സ്ത്രീകൾ നേരിട്ടിരുന്ന അപമാനകരമായ സാഹചര്യങ്ങളും മാറ്റിമറിക്കുന്നതിലും സാമുദായിക-സാമൂഹ്യ പരിഷ്കർത്താവെന്ന നിലയിൽ മന്നത്ത് പത്മനാഭൻ വഹിച്ച പങ്ക് നിസ്തുലമാണ്.

മേൽ വിവരിച്ചപോലെ സാഹിത്യ അക്കാദമി സൂചിക എന്ന നിലയിൽ തയ്യാറാക്കിയ ഒരു പുസ്തകത്തെ സംബന്ധിച്ച് ഇത്തരത്തിലൊരു വിവാദം സൃഷ്ടിക്കേണ്ട കാര്യമില്ല. തെറ്റിദ്ധാരണ പരത്തുന്ന പ്രചരണങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണ്.

15. <u>വയനാട് ജില്ലയിലെ ഭൂരഹിത ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ സംബന്ധിച്ച് ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി:</u>

വയനാട് ജില്ലയിൽ ഭൂരഹിതരായ 8261 കുടുംബങ്ങളുള്ളതായി പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്. ഇവർക്ക് വിവിധ പദ്ധതികളിലൂടെ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. നിക്ഷിപ്ത വനഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ, വനാവകാശപ്രകാരമുള്ള കൈവശരേഖ നൽകൽ തുടങ്ങിയവയാണ് ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ.

വനാവകാശ നിയമം 2006 പ്രകാരം ഇതുവരെ 4398 പേർക്ക് 3312.27 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പുതിയതായി ലഭിച്ച 726 അപേക്ഷകളിൽ പകുതിയോളം പേരുടെ ഭൂമിയിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചു; ശേഷിക്കുന്നവ ഉടനെ പൂർത്തീകരിച്ച് എസ്.ഡി.എൽ.സി., ഡി.എൽ.സി. തീരുമാനമെടുത്ത് കൈവശരേഖ ഉടനടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിലുൾപ്പെടുത്തി നൽകുന്നതിനായി വയനാട് ജില്ലയിൽ ലഭിച്ച 103 അപേക്ഷകളിലുൾപ്പെട്ട 254.24 ഏക്കർ ഭൂമി പഞ്ചായത്തുതല സമിതിയും ജില്ലാതല സമിതിയും പരിശോധനകൾ പൂർത്തീകരിക്കുകയും വില നിർണ്ണയിച്ച് ഭൂമി വാങ്ങുന്നതിന്റെ നടപടികളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടമായി വെള്ളപ്പൊക്ക ബാധിതമായ 6 കോളനികളിലെ 144 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 6 കോടി രൂപ അനുവദിച്ചു. ടി ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നൽകാൻ അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ അവശേഷിക്കുന്ന അളവ് നിക്ഷിപ്ത വനഭൂമി കണ്ടെത്തി വിതരണം

ചെയ്യുന്നതിന് റവന്യൂ, വനം വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. 29-1-2019-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗതീരുമാനപ്രകാരം ഇനി വിതരണത്തിന് അവശേഷിക്കുന്ന നിക്ഷിപ്ത വനഭൂമിയിൽ വാസയോഗ്യമായ ഭൂമി കണ്ടെത്തി ഫെബ്രുവരി മാസംതന്നെ വിതരണ യോഗ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ ആരംഭിച്ചിട്ടുണ്ട്.

ഭൂമി വാങ്ങിനൽകൽ, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നിവയിലൂടെ വയനാട്ടിലെ ഭൂരഹിതരുടെ പ്രശ്നം പരിഹരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

വയനാട് ജില്ലയിൽ 1000-ത്തോളം കുടുംബങ്ങൾ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ 2012 മുതൽ 28 കേന്ദ്രങ്ങളിലായി വനഭൂമി കയ്യേറി കുടിൽ വച്ച് താമസിച്ചുവരുന്നുണ്ട്. ഇതിൽ പല കുടുംബങ്ങൾക്കും അവരുടെ സ്വന്തം സ്ഥലത്ത് റേഷൻ കാർഡും വോട്ടർപട്ടികയിൽ പേരുമുണ്ട്. ഇതിൽ ചില സംഘടനകൾ വനാവകാശ നിയമത്തിന്റെ അർഹതാ തീയതി, 2005 ഡിസംബറിൽ നിന്നും 2012 വരെ ഉയർത്തണമെന്നാണ് ആവശ്യപ്പെടുന്നത്. വനാവകാശ നിയമം കേന്ദ്രനിയമമായതിനാൽ ഈ വിഷയം പരിഗണിക്കാൻ സംസ്ഥാന സർക്കാരിന് കഴിയുന്നതല്ല. ആദിവാസി പുനരധിവാസ വികസന പദ്ധതിപ്രകാരം ഭൂമി അനുവദിക്കപ്പെടുന്ന കുടുംബങ്ങൾക്ക് താൽക്കാലിക ഷെഡ് നിർമ്മാണത്തിനായി 5000 രൂപയ്ക്ക് അർഹതയുണ്ട്. വനാവകാശ നിയമത്തിലെ വ്യവസ്ഥകൾപ്രകാരം അർഹരായവർക്ക് ഭൂമി അനുവദിക്കപ്പെടുന്ന മുറയ്ക്ക് ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

16. <u>പട്ടികജാതി വികസന വകുപ്പ് വഴി നൽകുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സംബന്ധിച്ച് ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി:</u>

കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരമുള്ള Government of India പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് കേന്ദ്ര സർക്കാരിലെ Ministry of Social Justice and Empowerment പുറത്തിറക്കിയ മാർഗ്ഗരേഖയിലെ (1-4-2018 മുതൽ പ്രാബല്യത്തിൽ വന്നത്) clause VI (III)-നുതാഴെയുള്ള നോട്ട് പ്രകാരം " The fee claimed against management quota seats, spot admission seat in any institution/university will not be reimbursed" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന മറ്റ് നിർദ്ദേശങ്ങൾക്ക് പുറമെയാണ് ഈ വ്യവസ്ഥ പുതുതായി ചേർത്തിട്ടുള്ളത്.

ഈ സാഹചര്യത്തിൽ മാനേജ്മെന്റ് ക്വാട്ട/സ്പോട്ട് അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് Government of India സ്കോളർഷിപ്പിന് അർഹത നിഷേധിക്കപ്പെടണമെന്നാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമല്ല. മറിച്ച് Government of India സ്കോളർഷിപ്പ് അതാത് സംസ്ഥാനങ്ങളിലെ മെരിറ്റ് സീറ്റുകൾക്കായി സർക്കാർ അംഗീകരിച്ച ഫീസ്/ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസിന്റെ തോതിൽ അനുവദിച്ചു നൽകുമോയെന്ന കാര്യത്തിൽ സംശയ നിവൃത്തിക്കായി Ministry of Social Justice and Empowerment വകുപ്പിന്റെ ഉപദേശം ആരാഞ്ഞിരുന്നു. 24-9-2018-ലെ 299/എ/2/2018 പ.ജ.പ.വ.വി.വ. കത്ത് പ്രകാരമാണ് കേന്ദ്ര സർക്കാരിനോട് വിശദീകരണം ആവശ്യപ്പെട്ടത്. മറുപടി ലഭ്യമാകാത്തതിനാൽ 30-1-2019-ന് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം ഈ കാര്യം വീണ്ടും ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

ടി നിബന്ധനയ്ക്ക് കീഴിൽ വരുന്ന വിദ്യാർത്ഥികൾക്ക് Government of India-യുടെ വിശദീകരണം വരുന്ന മുറയ്ക്ക് മാത്രമേ കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് അനുവദിക്കാൻ കഴിയുകയുള്ളൂ എന്ന സ്ഥിതിയുണ്ട്. ഈ വിഷയം അടിയന്തരമായി പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

17. <u>ഷോളയാർ ഗിരിജൻ വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി:</u>

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ പരിയാരം വില്ലേജിൽ മലക്കപ്പാറ ആസ്ഥാനമാക്കി 5-2-1973-ൽ രജിസ്റ്റർ ചെയ്തതും 14-2-1973-ൽ പ്രവർത്തന മാരംഭിച്ചതും വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനിൽ മാത്രം പ്രവർത്തന പരിധിയുള്ളതുമായ ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘത്തിന്റെ അംഗങ്ങൾ വളരെയേറെ പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. വനവിഭവങ്ങൾ ശേഖരിച്ചും കാപ്പി, ഏലം, മഞ്ഞൾ മുതലായവ കൃഷി ചെയ്തും വിഭവങ്ങൾ സംഘം വഴി വിപണനം നടത്തിയുമാണ് സംഘത്തിലെ ഭൂരിഭാഗം അംഗങ്ങളും പ്രധാനമായും ഉപജീവനം നടത്തിവന്നിരുന്നത്. സംഘത്തിന് സ്വന്തമായി വനമേഖലയിൽ 203 ഏക്കറോളം സ്ഥലവും സർക്കാർ സഹായങ്ങളാൽ പണിത കെട്ടിടങ്ങൾ, ഗോഡൗണുകൾ, വാഹനം എന്നിവയുമുണ്ട്.

സംഘത്തിന്റെ ഭരണസമിതി കാലാനുസൃതമായി പുനഃസംഘടിപ്പിക്കുന്നതിനായി 24-2-2018-ലെ സ.ഉ.(സാധാ)നമ്പർ 108/2018/സഹ. പ്രകാരം ടി സംഘത്തിലെ ഭരണസമിതി അംഗങ്ങളുടെ എണ്ണം 15 ആയി നിജപ്പെടുത്തിക്കൊണ്ട് ഉത്തരവായിരുന്നു. നിലവിലുള്ള എക്സ് -ഒഫീഷ്യോ അംഗങ്ങളുടെ എണ്ണം 12-ൽ നിന്നും 8 ആയി കുറച്ചുകൊണ്ട് അവശേഷിക്കുന്ന 6 അംഗങ്ങളെ സംഘത്തിൽ പൊതു അംഗങ്ങളായിട്ടുള്ളവരിൽനിന്നും തെരഞ്ഞെടുക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് നിയമാവലി ഭേദഗതി ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ സബ് കളക്ടർ/ആർ.ഡി.ഒ., ചാലക്കുടി എം.എൽ.എ., മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചാലക്കുടി അസിസ്റ്റന്റ് ഡയറക്ടർ (കൃഷി വകുപ്പ്) അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ/സെക്രട്ടറി, പട്ടികവർഗ്ഗ വികസന ഓഫീസർ, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരെ എക്സ്-ഒഫീഷ്യോ അംഗങ്ങളായി ഭരണസമിതി ക്രമപ്പെടുത്തുന്നതിന് അംഗീകാരം നൽകിക്കൊണ്ട് സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ) 27-6-2018-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിനെത്തുടർന്ന് സംഘത്തിൽ ഭരണസ്തംഭനമൊഴിവാക്കുന്നതിനും ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനുമായി മൂന്ന് സഹകരണ ഇൻസ്പെക്ടർമാർ അടങ്ങുന്ന ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കുകയും 15-10-2018-ന് ചുമതലയേറ്റ് ടി കമ്മിറ്റി ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനും ഫണ്ട് സമാഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ ടി സംഘത്തെ സംബന്ധിക്കുന്ന വിഷയം സഹകരണ വകുപ്പിന്റെ പുനർജ്ജനി പദ്ധതി യോഗത്തിൽ അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ടി സംഘത്തിന് വനവിഭവ ശേഖരണത്തിലുണ്ടായ നഷ്ടം നികത്തുന്നതിനും വനവിഭവ ശേഖരണം നടത്തി വിപണനത്തിനുള്ള റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനും പട്ടികജാതി, പട്ടികവർഗ്ഗ ഫെഡറേഷനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയിൽ ചർച്ച ചെയ്ത് തൃശ്ശൂർ ജില്ലയിലെ ഭരണസമിതി അംഗത്തിന്റെയും സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെയും ശിപാർശയുടെ അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ട് നൽകുന്ന കാര്യം പരിഗണനയിലാണ്.

(18) <u>വയനാട് മെഡിക്കൽ കോളേജ് സംബന്ധിച്ച് ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി നൽകിയ മറുപടി:</u>

വയനാട് ജില്ലയിൽ നിർദ്ദിഷ്ട സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കണമെന്നതാണ് സബ്മിഷനിലെ ആവശ്യം.

24-3-2012 -ലെ G.O.(Ms)No.98/2012/H&FWD ഉത്തരവുപ്രകാരം വയനാട് ജില്ലയിൽ ഒരു പുതിയ സർക്കാർ മെഡിക്കൽ കോളേജ് തുടങ്ങാൻ തീരുമാനിച്ചു. 1-10-2013 -ലെ G.O.(Ms) No.401/2013/ H&FWD ഉത്തരവുപ്രകാരം ചന്ദ്രപ്രഭ ചാരിറ്റബിൾ ട്രസ്റ്റ് സൗജന്യമായി നൽകിയ 50 ഏക്കർ സ്ഥലത്താണ് ഉപാധിക ളോടെ മെഡിക്കൽ കോളേജ് നിർമ്മിക്കുവാൻ തീരുമാനിച്ചത്. 4-12-2013-ലെ G.O.(Rt)No.1589/2013/H&FWD ഉത്തരവ് പ്രകാരം M/S Safe Matrix India (P)Ltd-നെ ആർക്കിടെക്ച്ചർ ഡിസൈൻ കൺസൽട്ടന്റായി ഉൾപ്പെടുത്താൻ തീരുമാനിക്കുകയുണ്ടായി. 5-2-2016 -ലെ G.O.(Rt)No.412/ 2016/H& FWD പ്രകാരം വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ (മടക്കിമലയിൽ) 50 ഏക്കർ 12 സെന്റ് ഭൂമി മെഡിക്കൽ കോളേജ് നിർമ്മിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. 26-11-2013-ലെ G.O(Ms)No.455/2013/H&FWD ഉത്തരവുപ്രകാരം നിർദ്ദിഷ്ട വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി.

15-2-2016-ലെ G.O.(Rt)No.489/2016/H&FWD ഉത്തരവുപ്രകാരം NABARD-RIDF ലോൺ 34.85 കോടിയും സംസ്ഥാന വിഹിതം 6.15 കോടി രൂപയും അനുവദിച്ചെങ്കിലും NABARD-RIDF-ൽ നിന്നും തുക റിലീസ് ചെയ്തു നൽകിയിട്ടില്ല. 23-12-2015-ലെ സ.ഉ.(സാധാ) നമ്പർ 4073/15/ ആ.കു.വ. പ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി നൽകുകയും പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തു. 23-11-2017-ലെ G.O.(Rt)No.3331/2017/ H&FWD ഉത്തരവുപ്രകാരം INKEL-നെ വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചു. മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, അക്കാദമിക് ബ്ലോക്ക്, അക്കോമഡേഷൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനും അനുബന്ധ സൗകര്യങ്ങളൊരുക്കുന്ന തിനുമായി 6,25,38,52,931 രൂപയുടെ പദ്ധതി KIIFB സഹായത്തോടെ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം അപ്രോച്ച് റോഡിന്റെ തുടർ പ്രവർത്തനങ്ങൾക്കായി 12.9 കോടി രൂപയുടെ ഭരണാനുമതി 7-6-2018-ലെ G.O.(Rt)No.1837/2018/H&FWD ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്.

നിർദ്ദിഷ്ട വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്ട് തിരുവനന്തപുരം ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ പഠനവിധേയമാക്കുകയും ടി ഭൂമിയിൽ മെഡിക്കൽ കോളേജ് നിർമ്മിക്കുന്നതിന് നിബന്ധനകൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, ഈ മേഖലയിൽ

Soil:Rock റേഷ്യോയിൽ മണ്ണിന്റെ അളവ് കൂടുതലായതിനാൽ വിദഗ്ദ്ധപഠനം നടത്തുന്നത് ഉചിതമായിരിക്കുമെന്ന് വിലയിരുത്തിയതിനാൽ വസ്തുനിഷ്ഠമായ പഠനം ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ Special Purpose Vehicle ആയ INKEL-നോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ അനുയോജ്യമായ മറ്റൊരു സ്ഥലം വാങ്ങുന്നതിനും നിർമ്മാണമാരംഭിക്കുന്നതിനുമുള്ള പണം കിഫ്ബിയിൽ നിന്ന് ലഭ്യമാക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

19. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് സംബന്ധിച്ച് ശ്രീ. പി. ടി. എ. റഹീം, എം.എൽ. എ.-യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി നൽകിയ മറുപടി:

സംസ്ഥാന സർക്കാരും സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും മാനേജ്മെന്റുകളും തമ്മിലേർപ്പെട്ടിരുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് 2016-17 അദ്ധ്യയനവർഷം വരെ എം.ബി.ബി.എസ്-ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നടത്തിയിരിക്കുന്നത്. എന്നാൽ ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് 2017-18 അദ്ധ്യയനവർഷം മുതൽ അഡ്മിഷൻ ആന്റ് ഫീ റെഗുലേറ്ററി കമ്മിറ്റി നിർണ്ണയിക്കുന്ന ഫീസ് നിരക്കിലാണ് സ്വാശ്രയ മെഡിക്കൽ പ്രവേശനം നടന്നുവരുന്നത്.

2. അഡ്മിഷൻ ആന്റ് ഫീ റെഗുലേറ്ററി കമ്മിറ്റി നിർണ്ണയിക്കുന്ന ഫീസ് നിരക്കിൽ പ്രവേശനം നേടുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുവെന്ന് കണ്ടെത്തിയതിനെത്തുടർന്നാണ് അത്തരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് NRI വിഭാഗത്തിലെ ഫീസിൽ നിന്നും 5 ലക്ഷം രൂപ നീക്കി വച്ച് കോർപ്പസ് ഫണ്ട് രൂപീകരിക്കാൻ തീരുമാനിക്കുകയും അതിനെത്തുടർന്ന് 6-6-2018-ലെ GO(Ms) 107/2018/H&FWD നമ്പർ ഉത്തരവുപ്രകാരം സർക്കാർ ഒരു സ്കോളർഷിപ്പ് സ്കീം നടപ്പാക്കി, അതിനുള്ള റെഗുലേഷൻസ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമുൾപ്പെടെയുള്ളവ സ്കോളർഷിപ്പിന്റെ ധനാഗമന മാർഗ്ഗങ്ങളാണെങ്കിലും NRI വിഭാഗത്തിലെ ഓരോ അഡ്മിഷനിൽ നിന്നും

നീക്കിവയ്ക്കാവുന്ന 5 ലക്ഷം രൂപ മാത്രമാണ് നിലവിലെ ധനസ്രോതസ്സ്. അർഹരായ കുട്ടികളുടെ പട്ടിക തയ്യാറാക്കുന്നതിനായി അംഗീകരിച്ചിട്ടുള്ള സൂചകങ്ങളും അവയുടെ വെയിറ്റേജും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സൂചകങ്ങൾ | വെയിറ്റേജ് മാർക്ക് | റിമാർക്സ് |
|---|---|---|---|
| 1 | 2 | 3 | 4 |
| A | കായികശേഷിക്കുറവിനെ അടിസ്ഥാനമാക്കിയുള്ള സൂചകങ്ങൾ | | |
| 1 | മാരകമായ രോഗങ്ങൾ - കാൻസർ, വൃക്കകളുടെ തകരാറ്, പക്ഷാഘാതം, എയ്ഡ്സ്, സ്ഥിരമായ കുഷ്ഠം, ഹൃദ്രോഗം എന്നിവ | 6 | |
| 2 | സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ സ്വകാര്യ മേഖലയിലോ സ്ഥിര വരുമാനമുള്ള തൊഴിലില്ലാത്തവർ | 6 | |
| | ആകെ | 12 | |
| B | പ്രത്യേക വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾ/ മുഖ്യ തൊഴിലനുസരിച്ച് പ്രത്യേക പരിഗണന നൽകുന്ന കുടുംബങ്ങൾ | | |
| | 1. കൂലിവേല<br>2. കർഷകത്തൊഴിലാളി<br>3. പരമ്പരാഗത മീൻപിടുത്തക്കാർ<br>4. പട്ടികവർഗ്ഗം<br>5. കെട്ടിട നിർമ്മാണ പണിസഹായി<br>6. മത്സ്യ വ്യാപാരവുമായി ബന്ധപ്പെട്ടവർ<br>7. ഹോട്ടൽ തൊഴിലാളികൾ<br>8. ചെറുകിട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ<br>9. തയ്യൽക്കട/തയ്യൽജോലി/എംബ്രോയിഡറി<br>10. കയർ തൊഴിലാളി<br>11. ചുമട്ടു തൊഴിലാളി<br>12. വർക്ക് ഷോപ്പ് തൊഴിലാളികൾ<br>13. തട്ടുകട/പെട്ടിക്കട നടത്തുന്നവർ<br>14. തോട്ടം തൊഴിലാളി<br>15. അന്യ ഗൃഹങ്ങളിൽ വീട്ടുജോലി<br>16. കശുവണ്ടിത്തൊഴിലാളി | 20 | |

| 1 | 2 | 3 | 4 |
|---|---|---|---|
| | 17. സ്വർണ്ണപ്പണിക്കാർ<br>18 ബീഡിത്തൊഴിലാളി<br>19. തെങ്ങ്/പന കയറ്റ തൊഴിലാളി<br>20. ബാർബർ<br>21. ഇരുമ്പു പണിക്കാർ (കൊല്ലപ്പണി)<br>22. നെയ്ത്ത്<br>23. പച്ചക്കറിക്കച്ചവടം<br>24.ഭക്ഷ്യേതര വസ്തുക്കൾ കൊണ്ടു നടന്ന് വിൽക്കുന്നവർ<br>25. ലോട്ടറി ടിക്കറ്റ് വിൽപന<br>26. മത്സ്യ സംസ്കരണശാലകളിൽ ജോലി ചെയ്യുന്നവർ<br>27. വഴിയോര വാണിഭക്കാർ<br>28. കരകൗശലത്തൊഴിലാളി<br>29. മൺപാത്ര ചട്ടം 304 പ്രകാരം നിർമ്മാണം<br>30. ഈറ, മുള, പനമ്പ് പണിക്കാർ<br>31. അലക്കുകാർ<br>32. ആശ്രയ ഗുണഭോക്താവ്<br>ആകെ(ബി) | 20 | |
| C | ഉടമസ്ഥാവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള സൂചകങ്ങൾ | | |
| 1 | വീട് വയ്ക്കുന്നതിന് ഭൂമിയില്ല | 10 | |
| 2 | പുറമ്പോക്കിൽ താമസിക്കുന്നവർ | 20 | |
| 3 | വീടിന്റെ സ്ഥിതി | | |
| | എ. സ്വന്തമായി വീടില്ല | 10 | |
| | ബി. കുടിൽ | 7 | |
| | സി. ഓല/പുല്ല് മേഞ്ഞത് | 5 | |
| | ഡി. ഓടിട്ടത് | 3 | |
| | ഇ. ഭാഗികമായി പൂർത്തിയായത്/ ജീർണ്ണിച്ചത് | 3 | |
| 4 | 500 മീറ്റർ ചുറ്റളവിൽ കുടിവെള്ളം ലഭ്യമല്ല/ കുന്നിൻ പ്രദേശങ്ങളിൽ 100 മീറ്ററിനുള്ളിൽ ലഭ്യമല്ല/വാഹന സൗകര്യമില്ല | 5 | |
| 5 | വൈദ്യുതി ലഭ്യമല്ല | 5 | |
| | ആകെ (സി) | 68 | |
| | ആകെ(എ+ബി+സി) | 100 | |

നോട്ട്- താഴെപ്പറയും പ്രകാരമുള്ള കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികളെ BPLവിഭാഗ കുട്ടികളുടെ പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

1. സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടികവർഗ്ഗക്കാർ ഒഴികെ)

2. സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ലാറ്റോ ഉള്ളവർ

3. നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ (ഏക ഉപജീവനമാർഗ്ഗമായ ടാക്സി ഒഴികെ)

4. കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ സ്വകാര്യ ജോലിയിൽ നിന്നോ 25,000 രൂപയിലധികം പ്രതിമാസ വരുമാനമുള്ളവർ. ചട്ടം 304 പ്രകാരം.

3. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ അർഹരായവർക്ക് മാത്രമാണ് സാമ്പത്തിക സഹായം ലഭിക്കേണ്ടതുള്ളതെന്നതിനാൽ ജില്ലാ കളക്ടർമാർ മുഖേന അന്വേഷണം നടത്തി അർഹത ഉറപ്പുവരുത്തിയശേഷം മാത്രമാണ് സ്കോളർഷിപ്പ് വിതരണം ചെയ്യുക.

4. NRI വിഭാഗത്തിലെ അഡ്മിഷനിൽ നിന്നും നീക്കിവയ്ക്കുന്ന തുക മുഴുവനും സ്കോളർഷിപ്പായി വിതരണം ചെയ്യുക എന്നല്ല, മറിച്ച് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഏറ്റവും അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും ധനസഹായം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മുപ്പതോ അതിൽ കൂടുതലോ വെയിറ്റേജ് മാർക്ക് കിട്ടുന്നവർക്ക് മാത്രമായി സ്കോളർഷിപ്പ് പരിമിതപ്പെടുത്തിയിരിക്കുന്നത്. സ്കോളർഷിപ്പിന് അർഹരായവരുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇവ പൂർത്തിയായാൽ മാത്രമേ അപേക്ഷിച്ചവരിൽ എത്ര പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്നത് സംബന്ധിച്ച കൃത്യമായ കണക്കെടുപ്പിന് കഴിയുകയുള്ളൂ.

5. എം.ബി.ബി.എസ്. കോഴ്സിന് പ്രവേശനം നേടുമ്പോൾ ആദ്യ വർഷത്തെ ഫീസ്, പ്രവേശന പരീക്ഷാ കമ്മീഷണറാണ് ഈടാക്കുന്നത്. അതിനാൽ സ്കോളർഷിപ്പ് പദ്ധതിക്ക് ആദ്യ വർഷം ലഭിക്കുന്ന 5 ലക്ഷം രൂപ കോർപ്പസ് ഫണ്ടിൽ വകയിരുത്താൻ കഴിയുന്നതാണ്. എന്നാൽ രണ്ടാം വർഷം മുതൽ ഇപ്രകാരം ഫീസ് ഒടുക്കുന്നതിന് ചില കോളേജുകൾ വിമുഖത പ്രകടിപ്പിക്കുന്നുണ്ട്. മാത്രവുമല്ല 2017-18 വർഷത്തിൽ നല്ലൊരു പങ്ക് NRI സീറ്റുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയതും കോർപ്പസ് ഫണ്ടിൽ ഗണ്യമായ കുറവുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്.

6. ഈ സാഹചര്യത്തിൽ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി സ്കോളർഷിപ്പിന്റെ എണ്ണം വർദ്ധിപ്പിച്ചാൽ എല്ലാ വിദ്യാർത്ഥികൾക്കും സാമ്പത്തികസഹായം നൽകാൻ കഴിയാത്ത സാഹചര്യവുമുണ്ടാകുന്നതാണ്. മാത്രമല്ല, സർക്കാർ ബഡ്ജറ്റിൽ നിന്നും ധനവിഹിതം നൽകാൻ കഴിയുന്ന സാഹചര്യമല്ല നിലവിലുള്ളത്; പ്രത്യേകിച്ച് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ (Rebuild Kerala) പശ്ചാത്തലത്തിൽ.

20. <u>ആലുവ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. അൻവർസാദത്ത്, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതി യും വനിത-ശിശു വികസനവും വകുപ്പുമന്ത്രി നൽകിയ മറുപടി:</u>

ആലുവ മുനിസിപ്പാലിറ്റിയിൽ ആറര ഏക്കറോളം സ്ഥലത്തായി സ്ഥിതി ചെയ്യുന്ന പ്രധാന സർക്കാർ ആശുപത്രിയാണ് ആലുവ ജില്ലാ ആശുപത്രി. താലൂക്കാസ്ഥാന ആശുപത്രിയായി പ്രവർത്തിച്ചിരുന്ന ടി സ്ഥാപനത്തെ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ജില്ലാ ആശുപത്രിയായി ഉയർത്തിയത്. നിലവിൽ 227 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ സ്ഥാപനത്തിൽ ശരാശരി പ്രതിദിന ഒ.പി.1500-ഉം ഐ.പി. 160-ഉമാണ്. എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ ലഭ്യമായ ബ്ലഡ് ബാങ്ക്, 28 ഡയാലിസിസ് മെഷീനുകളുള്ള ഡയാലിസിസ് യൂണിറ്റ്, ഹീമോഫീലിയ ചികിത്സാകേന്ദ്രം, സ്പോർട്സ് മെഡിസിൻ യൂണിറ്റ്, ആർത്രോസ്കോപ്പിക് കീഹോൾ സർജറി യൂണിറ്റ്, എൻ.ബി.ഐ.സി.യു., സി.റ്റി.സ്കാൻ, അൾട്രാസൗണ്ട് സ്കാൻ, മാമോഗ്രാം, എക്സ്റേ, ഓപ്പറേഷൻ തിയേറ്റർ, ന്യൂബോൺ ഐ.സി.യു. തുടങ്ങിയവയും നാല് മുറികളോടുകൂടിയ ഐസൊലേഷൻ വാർഡ് സൗകര്യവും ഈ ആശുപത്രിയിൽ ലഭ്യമാണ്. കൂടാതെ ജില്ലാ പഞ്ചായത്ത് മുഖേന ജെറിയാട്രിക് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്. എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് ഫുള്ളി ഓട്ടോമാറ്റിക് ബയോകെമിസ്ട്രി അനലൈസർ, ഇ.എസ്.ആർ. അനലൈസർ തുടങ്ങിയ സജ്ജീകരണങ്ങളോടുകൂടിയ ലാബും ഈ ആശുപത്രിയിൽ പ്രവർത്തനക്ഷമമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഒരു ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയും രണ്ട് ഡയാലിസിസ് ടെക്നീഷ്യന്റെ തസ്തികകളും ഇവിടെ സൃഷ്ടിച്ചിട്ടുണ്ട്. ഈ ആശുപത്രിയിൽ മൊത്തം

സ്റ്റാഫ് സ്ട്രെംഗ്ത് 168 ആണ്. നിലവിൽ 152 പേർ ജോലി ചെയ്യുന്നുണ്ട്. ഈ ആശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗത്തിൽ താഴെപ്പറയും പ്രകാരം ഡോക്ടർമാരുടെ 16 തസ്തികകളുണ്ട്.

| | | |
|---|---|---|
| കൺസൽട്ടന്റ് (ഗൈനക്കോളജി) | - | 1 |
| കൺസൽട്ടന്റ് (അനസ്തേഷ്യ) | - | 1 |
| കൺസൽട്ടന്റ് (ഓർത്തോപീഡിക്) | - | 1 |
| കൺസൽട്ടന്റ് (ജനറൽ സർജറി) | - | 1 |
| കൺസൽട്ടന്റ് (പീഡിയാട്രിക്സ്) | - | 1 |
| ജൂനിയർ കൺസൽട്ടന്റ് | - | 11 |

(ഓർത്തോ - 1, അനസ്തേഷ്യ- 1, പീഡിയാട്രിക്സ് -1, ഗൈനക്കോളജി -2, ഇ.എൻ.ടി-2, ഒഫ്ത്താൽമോളജി-1, സൈക്യാട്രി-1, ജനറൽ മെഡിസിൻ-1, ഡെർമറ്റോളജി-1)

ഇതിൽ ഇ.എൻ.ടി. വിഭാഗത്തിൽ രണ്ട് ജൂനിയർ കൺസൽട്ടന്റുള്ളതിൽ ഒരാൾ ക്രമീകരണ വ്യവസ്ഥയിൽ എറണാകുളം ജനറലാശുപത്രിയിൽ ജോലി ചെയ്തുവരുന്നു. പീഡിയാട്രിക്സ്, സർജറി വിഭാഗങ്ങളിൽ കൺസൽട്ടന്റ് തസ്തികയിൽ ഓരോ ഒഴിവ് വീതം നിലവിലുണ്ട്. ഇത് പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജനറൽ കേഡറിൽ ഡെന്റൽ സർജൻ ഉൾപ്പെടെ താഴെപ്പറയും പ്രകാരം ഡോക്ടർമാരുടെ 11 അനുവദനീയ തസ്തികകളാണുള്ളത്.

| | | |
|---|---|---|
| അസിസ്റ്റന്റ് ഡയറക്ടർ/സൂപ്രണ്ട് | - | 1 |
| ആർ.എം.ഒ. | - | 1 |
| അസിസ്റ്റന്റ് സർജൻ | - | 4 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | - | 4 |
| ഡെന്റൽ സർജൻ | - | 1 |

ഈ തസ്തികകളിലെല്ലാം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇവരെയൊന്നും ജോലിക്രമീകരണ വ്യവസ്ഥയിൽ മറ്റു സ്ഥാപനങ്ങളിലേയ്ക്ക് നിയമിച്ചിട്ടില്ല. ഇതിനുപുറമെ എൻ.എച്ച്.എം.-ൽ നിന്നും നിയമിക്കപ്പെട്ടിട്ടുള്ള 4 മെഡിക്കൽ

ഓഫീസർമാരുൾപ്പെടെ 17 പേർ ജോലി ചെയ്തുവരുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| Medical Officer (Dialysis) | - | 2 |
| Medical Officer (Haemophilia) | - | 1 |
| Medical Officer (PP Unit) | - | 1 |
| JPHN (Urban) | - | 1 |
| JPHN (Delivery point) | - | 1 |
| Staff Nurse (P&P) | - | 1 |
| Physiotherapist (Haemophilia) | - | 1 |
| Data entry operator (Haemophilia) | - | 1 |
| Lab Technician (Haemophilia) | - | 1 |
| Staff Nurse (Haemophilia) | - | 2 |
| P.R.O | - | 1 |
| Nurse (RBSK) | - | 1 |
| Dietician (NCD) | - | 1 |
| Staff Nurse (NCD) | - | 1 |
| Data entry operator (NCD) | - | 1 |
| Total | - | 17 |

കൂടാതെ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ നിയമിക്കപ്പെട്ട രണ്ട് സ്റ്റാഫ് നഴ്സും ഒരു കൗൺസിലറും (Haemophilia) ഇപ്പോഴും തുടരുന്നുണ്ട്.

21. <u>വൃക്കരോഗികൾക്ക് താലൂക്കാശുപത്രികൾ വഴി മരുന്ന് നൽകുന്നത് സംബന്ധിച്ച് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി നൽകിയ മറുപടി:</u>

ആരോഗ്യ വകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികൾക്കുമാവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വാങ്ങി വിതരണം ചെയ്യുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്നുപട്ടികയിൽ (അവശ്യ മരുന്ന് പട്ടിക, സ്പെഷ്യാലിറ്റി മരുന്ന് പട്ടിക, ക്യാൻസർ രോഗ ചികിത്സയ്ക്കാവശ്യമായ മരുന്ന് പട്ടിക) നിന്നും വകുപ്പ് ഡയറക്ടർമാർ മുൻകൂട്ടി തയ്യാറാക്കി നൽകുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ, മരുന്നുകളും അനുബന്ധ സാമഗ്രികളും ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരസ്വഭാവമുള്ള സുതാര്യ ഇ-ദർഘാസുകളിലൂടെ സംഭരിച്ച് അതത് സർക്കാർ ആശുപത്രികളിലേയ്ക്ക് മുൻകൂട്ടി സമർപ്പിച്ച ഇൻഡന്റുകളുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ സൗജന്യമായിട്ടാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം ചെയ്യുന്നത്.

2018-19 സാമ്പത്തിക വർഷത്തെ മരുന്നു പട്ടികയിൽ വൃക്കരോഗ സംബന്ധമായ ചികിത്സയ്ക്കായി ഉപയോഗിക്കാവുന്ന താഴെപ്പറയുന്ന മരുന്നുകളാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം ചെയ്യുന്നത്.

| Sl. No. | Drug code | Drug Name | Strength | Unit | Category |
|---|---|---|---|---|---|
| 1 | D24167C | അസത്ത്തിയോപ്രൈൻ ടാബ് IP (AZATHIOPRINE TAB IP) | 50 mg | 1 No. | Anticancer |
| 2 | D13046 | ക്ലോണിഡൈൻ ടാബ് IP (CLONIDINE TAB IP) | 100 mcg | 1 No. | Essential drugs |
| 3 | D32000 | സൈക്ലോസ്പോറിൻ ക്യാപ് IP(CYCLOSPORINE CAP IP) | 100 mg | 1 No. | Speciality drugs |
| 4 | D32001 | മൈക്കോഫിനോലേറ്റ് മോഫെറ്റിൽ ടാബ് IP (MYCOPHENOLATE MOFETIL TAB IP) | 500 mg | 1 No. | |
| 5 | D32002 | ടാക്റോലിമസ് ക്യാപ് IP (TACROLIMUS CAP IP) | 1 mg | 1 No. | |

2018-19 സാമ്പത്തികവർഷത്തെ സൗജന്യമരുന്ന് സംഭരണ-വിതരണ പ്രക്രിയയ്ക്ക് ആനുപാതികമായി വൃക്ക മാറ്റിവച്ച രോഗികൾക്ക് നൽകിവരുന്ന സൈക്ലോസ്പോറിൻ (100mg), മൈക്കോഫിനോലേറ്റ് മോഫെറ്റിൽ (500mg), ടാക്റോലിമസ് (1mg) എന്നീ മൂന്നിനം സ്പെഷ്യാലിറ്റി മരുന്നുകൾ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ സൗജന്യമായി നൽകിവരുന്നു.

സർക്കാർ മെഡിക്കൽ കോളേജുകളൊഴികെ മറ്റൊരു ആരോഗ്യ സ്ഥാപനങ്ങളിലും വൃക്ക മാറ്റിവച്ച രോഗികൾക്കുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നില്ല. എന്നാൽ വൃക്കരോഗവുമായി ബന്ധപ്പെട്ട രോഗികൾക്ക് രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിനാവശ്യമായി വരുന്ന ക്ലോണിഡൈൻ (100mg) എന്ന ഗുളിക മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറലാശുപത്രികൾ, താലൂക്കാശുപത്രികൾ എന്നീ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലൂടെ ഡയാലിസിസ് ചികിത്സയോടനുബന്ധിച്ച് സൗജന്യമായി നൽകിവരുന്നു.

അർബുദരോഗ ചികിത്സയ്ക്കുള്ള മരുന്നുകളുടെ ഗണത്തിൽപ്പെട്ട അസത്ത്യോപ്രൈൻ (50mg) എന്ന ഗുളിക സർക്കാർ മെഡിക്കൽ കോളേജുകൾക്ക് പുറമേ സൗജന്യ അർബുദചികിത്സ നൽകിവരുന്ന ജില്ലാ ആശുപത്രികൾ, ജനറലാശുപത്രികൾ, താലൂക്കാസ്ഥാന ആശുപത്രികൾ എന്നീ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലൂടെ സൗജന്യമായി നൽകിവരുന്നുണ്ട്.

22. <u>ട്രെയിനുകൾ വൈകിയോട്ടുന്നത് സംബന്ധിച്ച് ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി</u>:

രാജ്യത്താകെയുള്ള 68 ഡിവിഷനുകളിൽ ട്രെയിൻ സമയക്രമം പാലിക്കുന്നതിൽ ദക്ഷിണ റെയിൽവേയ്ക്ക് കീഴിലുള്ള പാലക്കാട് ഡിവിഷൻ 32-ാം സ്ഥാനത്തും തിരുവനന്തപുരം ഡിവിഷൻ 63-ാം സ്ഥാനത്തുമാണ്. തിരുവനന്തപുരം ഡിവിഷന് കീഴിൽ നിന്നും സർവ്വീസ് നടത്തുന്ന 100 ട്രെയിനുകളിൽ 45 എണ്ണം മാത്രമാണ് സമയക്രമം പാലിക്കുന്നത്. ട്രെയിനുകൾ അവയ്ക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേഗതയിൽ സർവ്വീസ് നടത്തുന്നതിന് സാധിക്കുന്നില്ല. ആയതിനാൽ മിക്ക ട്രെയിനുകളും മണിക്കൂറിൽ 30 കിലോമീറ്ററിലും താഴെ വേഗത്തിലാണ് സർവ്വീസ് നടത്തുന്നത്. ഇത് ദേശീയ ശരാശരിയേക്കാൾ വളരെ താഴെയാണ്. ഇത്തരത്തിൽ സമയക്രമം പാലിക്കാത്തതുമൂലം യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകളനുഭവപ്പെടുന്നു.

യഥാസമയം ട്രെയിനുകൾ സർവ്വീസ് നടത്തുന്നതിനുപകരം ട്രെയിനുകൾ എത്തിച്ചേരാൻ അധികമായി എടുക്കുന്ന സമയത്തെ (Buffer time) പ്രസ്തുത ട്രെയിനുകൾ എത്തിച്ചേരേണ്ട സമയമായി പുനഃക്രമീകരിക്കുന്ന സമീപനമാണ് തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകൾ സ്വീകരിച്ചിട്ടുള്ളത്. 2016 ആഗസ്റ്റ് മാസത്തിൽ അങ്കമാലിക്ക് സമീപം കറുകുറ്റിയിലുണ്ടായ ട്രെയിൻപാളം തെറ്റലിനെത്തുടർന്ന് ദീർഘകാലമായി മുടങ്ങിക്കിടന്നിരുന്ന റെയിൽപാളങ്ങളുടെയും പാലങ്ങളുടെയും

അറ്റകുറ്റപ്പണികൾ അടിയന്തരമായി പൂർത്തിയാക്കണമെന്ന ആവശ്യം സർക്കാർ കേന്ദ്ര റെയിൽ മന്ത്രാലയത്തെ അറിയിച്ചിരുന്നു. അതിനെത്തുടർന്ന് പാളങ്ങൾ മാറ്റുന്നതുൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ നടന്നുവരികയാണ്. നിലവിൽ രാത്രിയിൽ നാല് മണിക്കൂറും പകൽ ഒന്നര മണിക്കൂറും ട്രെയിനുകൾ ക്രമപ്പെടുത്തിയാണ് അറ്റകുറ്റപ്പണികൾ നടത്തുന്നത്. 2018 -ൽ 95 കിലോമീറ്റർ റെയിൽപാളം മാറ്റി സ്ഥാപിച്ചിട്ടുണ്ട്. 100 കിലോമീറ്റർ റെയിൽപാളംകൂടി തൻവർഷം മാറ്റി സ്ഥാപിക്കുന്നതിനുള്ള പരിശ്രമത്തിലാണ് റെയിൽവേ. ഈ പ്രവൃത്തികൾ മൺസൂൺ ആരംഭിക്കുന്നതിന് മുമ്പ് പൂർത്തിയാക്കേണ്ടതുണ്ട്.

ട്രെയിനുകൾ എത്തിച്ചേരുന്നതിനുണ്ടാകുന്ന കാലതാമസത്തിന് അറ്റകുറ്റപ്പണികളുടെയും പാത ഇരട്ടിപ്പിക്കലിന്റെയും കാരണമാണ് റെയിൽവേ ഉയർത്തുന്നത്. റെയിൽവേയുടെ ബാക്കിയുള്ള പാളം മാറ്റി സ്ഥാപിക്കുന്നതുൾപ്പെടെയുള്ള ജോലികൾ അടിയന്തരമായി പൂർത്തിയാക്കണമെന്നും യാത്രക്കാർക്ക് ഒട്ടേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന ട്രെയിനുകളുടെ വൈകിയോട്ടം അവസാനിപ്പിക്കുന്നതിനും അശാസ്ത്രീയമായ സമയക്രമനിർണ്ണയം പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 14-6-2018-നും റെയിൽവേയുടെ ചുമതലയുള്ള മന്ത്രി 24-6-2018-നും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി ശ്രീ. പീയുഷ് ഗോയലിന് കത്തുകളയച്ചിട്ടുണ്ട്. ഈ വിഷയം വീണ്ടും റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

23. <u>ചെങ്ങറയിലെ സെൻട്രി ഫ്യൂജ്ഡ് ലാറ്റക്സ് ഫാക്ടറിയിൽ ടാങ്കർ വൃത്തിയാക്കുന്നതിനിടെ വിഷവാതകം ശ്വസിച്ച് മരണം സംഭവിച്ചത് സംബന്ധിച്ച് ശ്രീ. അടൂർ പ്രകാശ്, എം.എൽ.എ.-യുടെ സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടി:</u>

പത്തനംതിട്ട ജില്ലയിൽ മലയാലപ്പുഴയിൽ ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കുമ്പഴ എസ്റ്റേറ്റ് സെൻട്രിഫ്യൂഗൽ ലാറ്റക്സ് ഫാക്ടറിയിൽ 2019 ജനുവരി മാസം 6-ാം തീയതി വൈകുന്നേരം ഫാക്ടറിയിലെ മലിനജല ശുദ്ധീകരണ പ്ലാന്റിലെ Sludge Tank വൃത്തിയാക്കിയ വെള്ളം ഫാക്ടറിയിലെ റബ്ബർ ലാറ്റക്സ് കൊണ്ടുവരുന്ന ടാങ്കറിൽ ശേഖരിച്ച് ഫീൽഡിൽ ഒഴുക്കികളഞ്ഞശേഷം തിരികെയെത്തി ടാങ്കർ വൃത്തിയാക്കുന്ന ഘട്ടത്തിലാണ് അപകടം സംഭവിച്ചത്. ടാങ്കർ ലോറിയുടെ അകവശം വൃത്തിയാക്കുന്ന ജോലിയിലേർപ്പെട്ടിരുന്ന മണികണ്ഠൻ ബോധരഹിതനായി ടാങ്കറിനുള്ളിൽ വീഴുകയും തുടർന്ന് മണികണ്ഠനെ രക്ഷിക്കാനിറങ്ങിയ സുനീഷ് കുമാർ, അനന്തരാമൻ എന്നിവർ ബോധരഹിതരാകുകയും ഉടൻതന്നെ മൂന്നുപേരെയും പത്തനംതിട്ട സ്വകാര്യ ആശുപത്രിയിൽ എത്തിയ്ക്കുകയുമുണ്ടായി. എന്നാൽ ആശുപത്രിയിലെത്തിച്ച സമയം സുനീഷ് കുമാർ മരണപ്പെട്ടിരുന്നു. മറ്റു രണ്ടുപേരും ചികിത്സാനന്തരം സുഖംപ്രാപിച്ചിട്ടുണ്ട്.

ടാങ്കർ ലോറിയുടെ ടാങ്കിനകവശം വൃത്തിയാക്കുന്ന അവസരത്തിലാണ് അപകടം സംഭവിച്ചിട്ടുള്ളത്. ടാങ്കർ വൃത്തിയാക്കുന്ന സമയം ടാങ്കിനുള്ളിൽ ഓക്സിജന്റെ അഭാവമുണ്ടായതുമൂലമാണ് തൊഴിലാളികൾക്ക് ബോധക്ഷയമുണ്ടായതെന്നും ഒരാൾ മരണപ്പെടാനിടയായതെന്നും പ്രാഥമിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഫാക്ടറിയിൽ ഓക്സിജന്റെ അഭാവമുള്ളിടത്ത് ഇറങ്ങുന്നതിനുള്ള Self contained breathing apparatus ഉപയോഗിക്കുന്നതിനുള്ള പരിശീലനം ലഭിച്ചവരായിരുന്നു അപകടത്തിൽപ്പെട്ടവർ. അപകടസമയത്ത് ഇവർ ഈ മുൻകരുതൽ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നില്ല. ഇക്കാര്യത്തിൽ ഒപ്പം ജോലിയിലുണ്ടായിരുന്ന രാജേന്ദ്രപ്രസാദിന്റെ മൊഴി അടിസ്ഥാനമാക്കി അസ്വാഭാവിക മരണത്തിന് മലയാലപ്പുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 23/19 ആയി കേസ് രജിസ്റ്റർ ചെയ്യുകയും എസ്റ്റേറ്റ് സീനിയർ മാനേജർ അനൂപ് ത്യാഗരാജൻ, ഡെപ്യൂട്ടി മാനേജർ പി. എ. ചെറിയാൻ എന്നിവരെ കേസ്സിൽ പ്രതികളായി അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടിട്ടുള്ളതുമാണ്. ആലപ്പുഴ വർക്ക് കോമ്പൻസേഷൻ കമ്മീഷനിൽ 8,28,920 രൂപ കമ്പനി കെട്ടിവച്ചിട്ടുണ്ട്.

അപകടത്തെപ്പറ്റി ചെങ്ങന്നൂർ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർ വിശദമായ അന്വേഷണം നടത്തിവരികയാണ്. ഫാക്ടറി നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനമുണ്ടായതായി അന്വേഷണത്തിൽ ബോധ്യപ്പെടുന്ന പക്ഷം മാനേജ്മെന്റിനെതിരെ ചട്ടപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

24. <u>ടൂറിസം മേഖലയിലെ ഹോംസ്റ്റേ റസിഡൻഷ്യൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ. -യുടെ സബ്മിഷന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടി</u>:

സംസ്ഥാനത്തെ ടൂറിസം വികസനം മുൻനിർത്തിയാണ് വിനോദസഞ്ചാര വകുപ്പ് ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ പദ്ധതി ആവിഷ്കരിച്ചത്. നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് നമ്മുടെ നാടിന്റെ സംസ്കാരവും ജീവിതരീതികളും അനുഭവവേദ്യമാകുകയും തദ്ദേശീയർക്ക് വരുമാനം ഉറപ്പാക്കുകയും ചെയ്യുകയെന്നതാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഇതോടൊപ്പംതന്നെ കേരളത്തിലെ സംസ്കാരം, പാചകരീതികൾ എന്നിവ വിദേശികൾക്കിടയിൽ പ്രചരിപ്പിക്കുക യെന്നതും പദ്ധതിയുടെ ഉദ്ദേശ്യമായിരുന്നു. കേരളത്തിൽ ഹോംസ്റ്റേ നടത്തുന്ന ബഹുഭൂരിപക്ഷവും സാധാരണ കുടുംബങ്ങളാണ്. വീടിന്റെ ഉടമസ്ഥർ ആ വീടുകളിൽത്തന്നെയാണ് താമസിക്കുന്നത്. അതുകൊണ്ടുതന്നെ വലിയ ഹോട്ടലുകളുടെയും റിസോർട്ടുകളുടെയും ഗണത്തിൽ ചെറിയ ഹോം സ്റ്റേകൾ കൊമേഴ്സ്യൽ കാറ്റഗറിയിലുൾപ്പെടുന്നത് ഒട്ടും ഗുണകരമാണെന്ന് കാണുന്നില്ല. നിലവിൽ

വൈദ്യുതി ചാർജ്ജിനെ സംബന്ധിച്ചിടത്തോളം ഹോംസ്റ്റേകളെ റസിഡൻഷ്യൽ ഇനത്തിൽത്തന്നെയാണ് പരിഗണിക്കുന്നത്. എന്നാൽ കെട്ടിടനികുതിയും വാട്ടർ ചാർജ്ജും കൊമേഴ്സ്യൽ നിരക്കിലാണ് ഈടാക്കുന്നത്. വലിയ സാമ്പത്തിക ബാധ്യതയാണ് ഇത് ഉടമസ്ഥർക്കുണ്ടാക്കുന്നത്. ഹോം സ്റ്റേ സംരംഭകരുടെ സംഘടന ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബന്ധപ്പെട്ട വകുപ്പുകളുമായി ഒരു പ്രാഥമിക ചർച്ച ഇതിനകം നടത്തിയിട്ടുമുണ്ട്. ഹോം സ്റ്റേ സംവിധാനം നിലനിൽക്കേണ്ടത് സംസ്ഥാനത്തെ ടൂറിസം വികസനത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണ്. ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഇക്കാര്യത്തിൽ ആവശ്യമാണ്. ഇതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ ഒരു യോഗം അടിയന്തരമായി വിളിച്ചുകൂട്ടി ചർച്ച ചെയ്ത് വിഷയം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

25. <u>മധുരകമ്പനി പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടി:</u>

തോപ്പുംപടി അരൂർ ദേശീയപാതയിലെ പഷ്ണിത്തോട് പാലത്തിന് സമാന്തരമായി പഷ്ണിത്തോടിന് കുറുകെ പണിയുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് മധുരകമ്പനി പാലം. ഈ പാലത്തിന്റെ നിർമ്മാണത്തിനായി 2018-19 സാമ്പത്തികവർഷം ജോൺ ഫെർണാണ്ടസ്, എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി 2 കോടി 22 ലക്ഷം രൂപയുള്ള ഭരണാനുമതിക്ക വേണ്ടി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രൊപ്പോസൽ അംഗീകാരത്തിനുവേണ്ടി ധനകാര്യ വകുപ്പിന് അയയ്ക്കുകയും ധനകാര്യ വകുപ്പ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തു.

പ്രൊപ്പോസൽ പരിശോധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർ താഴെ പറയുന്ന technical comments രേഖപ്പെടുത്തി.

- അപ്രോച്ച് റോഡിനുള്ള പ്രൊവിഷൻ നൽകിയിട്ടില്ല. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 'പാലത്തിന്റെ ഭാഗം' നിർമ്മാണം നടത്തുന്നതിന് മാത്രമേ ഫണ്ട് നൽകിയിട്ടുള്ളൂ (നിലവിലുള്ള 6 മീറ്റർ റോഡുപയോഗിച്ച് ഇപ്പോൾ പാലം വാഹനസൗകര്യത്തിന് ഉപയോഗിക്കാവുന്നതാണ്). ഭാവിയിൽ ടി റോഡിന് 12 മീറ്റർ വീതിയാക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നഗരസഭ സ്വീകരിച്ചുവരുന്നു.

- തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രത്യേക ഡിസൈൻ വിംഗ് ഇല്ലാത്തതുകൊണ്ട് കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി ഒരു പ്രൈവറ്റ് കൺസൾട്ടന്റായ എസ്റ്റീം ഡെവലപ്പേഴ്സ് (Esteem Developers) ആണ് കോർപ്പറേഷനുവേണ്ടി ഡിസൈൻ തയ്യാറാക്കിയത്. മേൽ സൂചിപ്പിച്ചിട്ടുള്ള ന്യൂനതകൾ കൺസൾട്ടന്റും ചീഫ് ടെക്നിക്കൽ എക്സാമിനറുമായുള്ള മീറ്റിംഗിൽ പരിഹരിക്കാവുന്നതാണ്.

- GSB filling ഉപയോഗിക്കുന്നത് പാടില്ലെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരാമർശം പ്രസ്തുത മീറ്റിംഗിൽ ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

പ്രസ്തുത വിഷയങ്ങളെല്ലാം എറണാകുളം കളക്ടർ, എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ 2-2-2019-ൽ വിളിച്ചുചേർത്ത മീറ്റിംഗിൽ ചർച്ച ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ഉടനെതന്നെ വീണ്ടും യോഗം ചേർന്ന് ചീഫ് ടെക്നിക്കൽ എക്സാമിനറുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

26. വെള്ളപ്പൊക്ക ബാധിത വീടുകളുടെ നഷ്ടം തിട്ടപ്പെടുത്തുന്നതുസംബന്ധിച്ച് ശ്രീ. സജി ചെറിയാൻ, എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടി:

പ്രളയത്തിൽ നഷ്ടപ്പെട്ടതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകളുടെ പുനർനിർമ്മാണം ഏറ്റവും പ്രധാനമാണെന്ന വിലയിരുത്തലിന്റെ ഭാഗമായി വീടുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും ഡിജിറ്റൽ അടിസ്ഥാന വിവര ശേഖരണം നടത്തുന്നതിന് 3-9-2018-ലെ 18/2018/ഡി.എം.ഡി. ഉത്തരവുപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. വിവരശേഖരണവും ക്രോഡീകരണവും പരിശോധനയും കമ്പ്യൂട്ടറധിഷ്ഠിതമായി വേഗത്തിൽ പൂർത്തിയാക്കുന്നതിനായി ദുരന്ത ബാധിതമായ എല്ലാ വീടുകളുടെയും നിലവിലുള്ള സ്ഥിതി ഒരു മൊബൈൽ ആപ്പ് വഴി കെട്ടിടത്തിന്റെ അഥവാ സ്ഥലത്തിന്റെ ഫോട്ടോഗ്രാഫ് അടക്കം എത്രയുംവേഗം രേഖപ്പെടുത്തി ലഭ്യമാക്കുന്നതിനായി ഐ.ടി. മിഷനും ഐ.കെ.എം.-ഉം ചേർന്ന് തയ്യാറാക്കിയ റീ-ബിൽഡ് കേരള എന്ന മൊബൈൽ ആപ്പ് മുഖേന സന്നദ്ധപ്രവർത്തകരുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സഹായത്തോടെ ഡിജിറ്റൽ വിവര ശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. നാശനഷ്ടത്തിന്റെ തോത് കണക്കാക്കുന്നത് സംബന്ധിച്ച തർക്കമുണ്ടാകുന്ന പക്ഷം ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് അപ്പലേറ്റ് അതോറിറ്റിയായി അതത് ജില്ലാ കളക്ടറെ നിയമിച്ച് ഉത്തരവായിരുന്നു.

വെള്ളപ്പൊക്ക ബാധിത വീടുകൾക്കുണ്ടായ നാശനഷ്ടം മേൽപ്പറഞ്ഞ രീതിയിൽ തിട്ടപ്പെടുത്തി പ്രസിദ്ധീകരിച്ചു. ആയതിൻമേൽ അപ്പീലുകൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത അപ്പീൽ അപേക്ഷകളിന്മേലുള്ള പുനഃപരിശോധനയും തിട്ടപ്പെടുത്തലും ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി അപ്പലേറ്റ് അതോറിറ്റിമാർ സ്വീകരിച്ചുവരുന്നു.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പൂർണ്ണമായി തകർന്ന വീടുകളുടെ സംയുക്ത പരിശോധനയിൽ ആദ്യഘട്ടമായി ഉൾപ്പെടുത്തിയ 147 ഗുണഭോക്താക്കളിൽ സമ്മതപത്രം ഹാജരാക്കിയ 87 പേർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള 95,100 രൂപ വീതം വിതരണം ചെയ്തിട്ടുള്ളതും ഒന്നാം ഘട്ടം പൂർത്തീകരിച്ച് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയ 10 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള രണ്ടാംഘട്ടമായ 1,52,450 രൂപ വീതം നൽകിയിട്ടുള്ളതും കൂടാതെ ഏഴ് പേർക്കുകൂടി തുക നൽകുന്നതിനുള്ള നടപടിക്രമം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പ്രളയംമൂലം 15% ഭവനനാശം സംഭവിച്ച 3487 ഗുണഭോക്താക്കളും 16%-ത്തിനും 29%-ത്തിനും ഇടയ്ക്ക് ഭവനനാശം സംഭവിച്ച 1632 ഗുണഭോക്താക്കൾക്കും ധനസഹായം നൽകിയിട്ടുള്ളതാണ്.

പ്രളയഭവന നാശവുമായി ബന്ധപ്പെട്ട് അപ്പലേറ്റ് അതോറിറ്റികളിൽ ലഭിക്കുന്ന അപ്പീൽ അപേക്ഷകളിൽ പരിശോധന നടത്തി എത്രയും പെട്ടെന്ന് തീരുമാനം എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അപ്രകാരം അപ്പീൽ അപേക്ഷകളിൽ തീരുമാനം കൈക്കൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ അർഹമായ ധനസഹായം എത്രയും പെട്ടെന്ന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

27. നെല്ലിയാമ്പതിയിലെ പ്ലാന്റേഷൻ ലേബർ ക്വാർട്ടേഴ്സ് പുനർ നിർമ്മിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച് ശ്രീ. കെ. ബാബു, എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടി:

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിലെ തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്വാർട്ടേഴ്സ് നിലവിൽ എസ്റ്റേറ്റ് ഉടമകളാണ് പരിപാലിക്കുന്നത്. ക്വാർട്ടേഴ്സ് ശോചനീയമായ അവസ്ഥയിലാണുള്ളതെങ്കിലും നിലവിൽ എസ്റ്റേറ്റ് പാഡികൾ പുനർനിർമ്മിക്കാൻ പഞ്ചായത്തിന് കഴിയുകയില്ല.

2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ അതിവർഷംമൂലം നെല്ലിയാമ്പതിയിലെ തോട്ടം തൊഴിലാളികൾ താമസിക്കുന്ന പാഡികളിൽ ഏതാനും എണ്ണം പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. ഇപ്രകാരം പൂർണ്ണമായും നശിപ്പിക്കപ്പെട്ട

ലയങ്ങളുൾപ്പെടുന്ന തോട്ട ഭൂമി വനംവകുപ്പിൽ നിന്നും ലീസ് വ്യവസ്ഥയിൽ നൽകപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ വനം വകുപ്പിന്റെ അനുമതി ലഭ്യമാകാത്തതുമൂലമാണ് മേൽപ്പറഞ്ഞ ലയങ്ങളുടെ പുനർനിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മേൽപ്പറഞ്ഞ പാഡികളിലെ തൊഴിലാളികളെ നിലവിൽ മറ്റ് ലയങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിച്ചിട്ടുള്ളത്.

വനം വകുപ്പിന്റെയും തൊഴിൽ നൈപുണി വികസന വകുപ്പിന്റെയും അനുമതിയോടെ ഈ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് തുടർനടപടി സ്വീകരിക്കാം.

28. <u>അഷ്ടമുടിക്കായലിലെ കക്കകളുടെ സംരക്ഷണം സംബന്ധിച്ച് ശ്രീ. എൻ. വിജയൻ പിള്ള, എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി നൽകിയ മറുപടി.</u>

ഇന്ത്യയിൽ നിന്നുള്ള കക്ക കയറ്റുമതിയുടെ 80%-വും 3000-ത്തോളം പേർക്ക് ഉപജീവനം നൽകുന്നതും അഷ്ടമുടിക്കായലിലെ കക്കയാണ്. ഇന്ത്യയിൽ ആദ്യമായി Marine Stewardship Council (MSC) സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ള ഏക ജലവിഭവമാണ് അഷ്ടമുടിക്കായലിലെ കക്ക. അഷ്ടമുടിക്കായലിലെ കക്കയുടെ സുസ്ഥിരത ഉറപ്പാക്കാനും കൂടിയ മാർക്കറ്റ് വാല്യൂ ലഭിക്കുന്നതിനുമായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ-ചെയർമാനും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായും ശാസ്ത്രജ്ഞരും wwfindia പ്രതിനിധി, പഞ്ചായത്ത് പ്രസിഡന്റുമാർ, കക്ക തൊഴിലാളി നേതാക്കൾ, കക്ക തൊഴിലാളികൾ എന്നിവർ അംഗങ്ങളുമായി കക്ക സമ്പത്ത് പരിപാലന സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ കക്ക സമ്പത്തിന്റെ പരിപാലനത്തിന്റെ ഭാഗമായി 1993 മുതൽ എല്ലാ വർഷവും അഷ്ടമുടിക്കായലിൽ ഡിസംബർ ഒന്ന് മുതൽ ഫെബ്രുവരി അവസാനം വരെ മൂന്ന് മാസം കക്കവാരൽ നിരോധന ഉത്തരവ് ജില്ലാ ഭരണകൂടം പുറപ്പെടുവിക്കാറുണ്ട്. കക്കയ്ക്ക് പൊതുവെ വില കുറവാണെങ്കിലും ജപ്പാനിലേയ്ക്കുള്ള കയറ്റുമതിയിലൂടെ അഷ്ടമുടിക്കായലിലെ കക്കയ്ക്ക് നല്ല വില കിട്ടിത്തുടങ്ങി. കൂടാതെ പൊടി കക്ക വാരി നശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ ആയത് തടയുന്നതിന് ശക്തമായ കായൽ പട്രോളിംഗ് നടത്തി അനധികൃത കക്ക വാരൽ നടക്കുന്നില്ലെന്ന് ഫിഷറീസ് വകുപ്പ് ഉറപ്പാക്കുന്നുണ്ട്.

CMFRI നടത്തിയ പഠനത്തിൽ 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ ഉദ്ദേശം 50% കക്ക വിഭവശോഷണം സംഭവിച്ചതായും 4.19 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെളിയും മാലിന്യങ്ങളും

നീക്കം ചെയ്യുന്നതിനായി 2014-ൽ ഇൻലാൻഡ് നാവിഗേഷൻ വിഭാഗം വഴി ഒരു പദ്ധതി നടപ്പിലാക്കിയിരുന്നുവെങ്കിലും ചെളി നിക്ഷേപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കുവാൻ പഞ്ചായത്തിന് കഴിയാതെ വന്നതിനാൽ 70% മാത്രം പൂർത്തീകരിക്കുകയുണ്ടായി. കായലിൽ അടിഞ്ഞുകൂടിയ മണ്ണും മറ്റ് മാലിന്യങ്ങളും ഡ്രെഡ്ജ് ചെയ്ത് നീക്കം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നീണ്ടകര പാലം മുതൽ മാമ്മൻതുരുത്ത് വഴി ദളവാപുരം പാലം വഴി ഡ്രെഡ്ജ് ചെയ്യുന്നതിനുള്ള 300 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ദളവാപുരം പാലത്തിന് താഴെ നിന്നും ബണ്ട് നീക്കം ചെയ്യുന്നതിനുള്ള ഇനവും ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

29. നിറമരുതൂരിൽ ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വില്ലേജിൽ സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച് ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി നൽകിയ മറുപടി.

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ നിറമരുതൂർ വില്ലേജിൽ സർവ്വേ നമ്പർ 334/2-ലുൾപ്പെട്ട ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മത്സ്യത്തൊഴിലാളികളുടെ മക്കളുടെ കായിക പ്രവർത്തനങ്ങൾക്ക് പ്രയോജനകരമാകുന്ന തരത്തിൽ ഒരു മിനി സ്റ്റേഡിയം സ്ഥാപിക്കുന്ന കാര്യം ഫിഷറീസ് വകുപ്പിന്റെ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ട് സ്ഥല പരിശോധന നടത്തുന്നതിന് വകുപ്പുതല ഉദ്യോഗസ്ഥരുൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി സ്ഥല പരിശോധന നടത്തി നിറമരുതൂരിലെ ഗ്രൗണ്ട് സ്റ്റേഡിയമായി ഉയർത്തി മത്സ്യത്തൊഴിലാളി സമൂഹത്തിന് പ്രയോജനകരമാകത്തക്ക വിധത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി ശിപാർശ സമർപ്പിക്കുന്നതിന് പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി സ്ഥലം അളന്ന് തിട്ടപ്പെടുത്തി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2019-20 സാമ്പത്തികവർഷം ആരംഭത്തിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

30. <u>മങ്കയം ഇക്കോട്ടൂറിസം പദ്ധതി സംബന്ധിച്ച് ശ്രീ. ഡി . കെ. മുരളി, എം.എൽ.എ.-യുടെ സബ്മിഷന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി നൽകിയ മറുപടി</u>:

തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയിഞ്ചിലെ പെരിങ്ങമ്മല സെക്ഷൻ പരിധിയിൽ കുരിശ്ശടി ഭാഗത്തുള്ള വെള്ളച്ചാട്ടവും അനുബന്ധ അരുവിയും ടൂറിസ്റ്റുകളുടെ ആകർഷണ കേന്ദ്രങ്ങളായതിനാൽ 2006-ൽ മങ്കയം വനസംരക്ഷണ സമിതി രൂപീകരിച്ച് മങ്കയം ഇക്കോടൂറിസം ആരംഭിക്കുകയുണ്ടായി. മങ്കയം വനസംരക്ഷണ സമിതിയുടെ പരിചരണ പ്രദേശത്തിനുള്ളിൽ താമസിക്കുന്ന വിവിധ ജനവിഭാഗങ്ങളെ ഉൾപ്പെടുത്തി അവരെ ഗൈഡുമാരായി നിയോഗിച്ച് മങ്കയം ഇക്കോടൂറിസം കഴിഞ്ഞ 12 വർഷങ്ങളായി പരാതിരഹിതമായി പ്രവർത്തിച്ചുവരികയായിരുന്നു. പെരിങ്ങമ്മല ബ്രൈമൂർ റോഡിന്റെ ഇടതുഭാഗത്തുള്ള വെള്ളച്ചാട്ടവും അരുവിയും സന്ദർശിക്കുവാനെത്തുന്ന ടൂറിസ്റ്റുകൾക്ക് സ്ഥലപരിമിതിമൂലം മികച്ച സൗകര്യങ്ങളൊന്നുംതന്നെ ഒരുക്കിയിട്ടില്ല. എന്നിരുന്നാലും ടിക്കറ്റ് കൗണ്ടറും വാഹനങ്ങൾ പരിശോധിക്കുവാൻ ഒരു ചെക്ക്പോസ്റ്റും ശുചിമുറിയും ഡ്രസ് ചെയിഞ്ചിംഗ് റൂമും അവിടെ ലഭ്യമാണ്. ഒരു ദിവസം ശരാശരി നൂറോളം വിനോദസഞ്ചാരികൾ സ്ഥലം സന്ദർശിക്കുമായിരുന്നു.

19-10-2018-ൽ മങ്കയം ഇക്കോടൂറിസം, കുടുംബത്തോടൊപ്പം കാണാനെത്തിയ സംഘത്തിലെ 16 വയസ്സുള്ള ഒരാൺകുട്ടി ഒഴുക്കിൽപ്പെട്ട് മരണപ്പെടുകയും തുടർന്ന് മങ്കയം ടൂറിസം കേന്ദ്രം താൽക്കാലികമായി അടച്ചിടുകയുമുണ്ടായി. 'ഇടിഞ്ഞാർ മങ്കയം ഇക്കോടൂറിസം ആക്ഷൻ കൗൺസിൽ' എന്ന പേരിൽ ഒരുകൂട്ടം ആൾക്കാരുടെ പ്രതിഷേധത്തെത്തുടർന്നും മങ്കയം ഇക്കോടൂറിസത്തിലെ സുരക്ഷാവീഴ്ചകളെക്കുറിച്ച് മനസ്സിലാക്കി ആയത് പരിഹരിക്കുന്നതിനും കൂടിയായിട്ടായിരുന്നു മങ്കയം ഇക്കോടൂറിസം താൽക്കാലികമായി അടച്ചിട്ടത്. തുടർന്ന് കാര്യശേഷിയുള്ള ചെറുപ്പക്കാരെ നിയോഗിക്കണമെന്നും ഇടിഞ്ഞാർ വാർഡിലെ മുഴുവൻ ജനങ്ങളെയും ഇക്കോടൂറിസം പദ്ധതിയിലുൾപ്പെടുത്തണമെന്നും ആവശ്യപ്പെടുകയും ടി ആവശ്യങ്ങൾ പരിഹരിക്കുന്നതുവരെ മങ്കയം ഇക്കോടൂറിസത്തിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നത് തടയുമെന്നും ആക്ഷൻ കൗൺസിൽ പ്രഖ്യാപിക്കുകയുണ്ടായി. പല തവണ മങ്കയം ഇക്കോടൂറിസത്തിന്റെ പ്രവേശനകവാടത്തിൽ ടൂറിസം പ്രവർത്തകരും ആക്ഷൻ കൗൺസിൽ പ്രവർത്തകരും തമ്മിൽ ഇക്കാര്യം പറഞ്ഞ് വാക്കേറ്റവും സംഘർഷാവസ്ഥയും ഉണ്ടായിട്ടുള്ളതാണ്. വർഷങ്ങളായി മങ്കയം വനസംരക്ഷണ സമിതിയുടെ നേതൃത്വത്തിലും നിയന്ത്രണത്തിലും പ്രവർത്തിച്ചുകൊണ്ടിരുന്ന വനസംരക്ഷണ സമിതി അംഗങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായ മങ്കയം ഇക്കോടൂറിസത്തിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നതും ഇക്കോടൂറിസം

ജോലികൾ ഇടിഞ്ഞാർ വാർഡിലെ മുഴുവൻ ജനങ്ങൾക്കും നൽകണമെന്നുമുള്ള ആക്ഷൻ കൗൺസിലിന്റെ ആവശ്യം മങ്കയം വനസംരക്ഷണ സമിതിക്കാർക്ക് സ്വീകാര്യമല്ലായിരുന്നു. പലതവണ ഇരുകൂട്ടരെയും അനുനയിപ്പിക്കാൻ ശ്രമിച്ച് താൽക്കാലികമായൊരു സമാധാന അന്തരീക്ഷം സൃഷ്ടിച്ചുവെങ്കിലും ശാശ്വത പരിഹാരത്തിനായി മങ്കയം ഇടിഞ്ഞാർ വനസംരക്ഷണ ഭരണസമിതി അംഗങ്ങൾ, ആക്ഷൻ കൗൺസിൽ പ്രതിനിധികൾ, വാർഡ് മെമ്പർ, പാലോട് സബ് ഇൻസ്പെക്ടർ, ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച മറ്റ് രാഷ്ട്രീയ കക്ഷി നേതാക്കൾ എന്നിവരെ ഉൾപ്പെടുത്തി ചർച്ച ചെയ്ത് രമ്യതയിലെത്തിക്കുന്നതിനായി 7-1-2019-ന് വൈകുന്നേരം 4 മണിക്ക് പാലോട് റെയിഞ്ചോഫീസിൽ വച്ച് ഒരു യോഗം ചേരുകയുണ്ടായി. അതിലും സമന്വയത്തിലെത്തിച്ചേരാൻ കഴിഞ്ഞില്ല. നിലവിലുള്ള സുരക്ഷാ ക്രമീകരണങ്ങൾക്കുശേഷം മങ്കയം ഇക്കോട്ടൂറിസം പഴയപടി പ്രവർത്തിക്കട്ടെയെന്നും മങ്കയം ഇടിഞ്ഞാർ വനസംരക്ഷണ സമിതികളെ സംയോജിപ്പിക്കുന്ന വിഷയം അടുത്ത തിരുവനന്തപുരം വനവികസന ഏജൻസിയുടെ യോഗത്തിലോ അല്ലാതെയോ ഡിപ്പാർട്ട്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കാമെന്നുള്ള പാലോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ തീരുമാനം ചെവിക്കൊള്ളാതെ ഇടിഞ്ഞാർ ആക്ഷൻ കൗൺസിൽ അനുകൂലികൾ ബഹളംവച്ച് പ്രതിഷേധത്തിൽ പിരിയുകയാണുണ്ടായത്.

നിയമപ്രകാരം മറ്റ് വനസംരക്ഷണ സമിതി അംഗങ്ങളെ ഇക്കോട്ടൂറിസത്തിൽ ജോലിക്കെടുക്കുന്നതിന് ഇക്കോട്ടൂറിസം നടത്തുന്ന മങ്കയം വനസംരക്ഷണ സമിതിയുടെ പൊതുയോഗം അംഗീകരിക്കുകയും ആയത് തിരുവനന്തപുരം വനവികസന ഏജൻസി ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതുമുണ്ട്. നിലവിൽ മങ്കയം ഇക്കോട്ടൂറിസത്തിൽ ജോലി ചെയ്യുന്നവർക്ക് വളരെ തുച്ഛമായ തൊഴിൽ ദിനങ്ങൾ മാത്രമേ ലഭിക്കുന്നുള്ളൂ. സീസണല്ലാത്ത കാലയളവിൽ സഞ്ചാരികളുടെ എണ്ണം തീരെ കുറവാണ്. സുരക്ഷാ സൗകര്യങ്ങളൊരുക്കി മങ്കയം ഇക്കോട്ടൂറിസം പുനരാരംഭിക്കുമ്പോൾ മേൽ നിയമവശങ്ങൾകൂടി പരിഗണിച്ച് മാത്രമേ മറ്റ് വനസംരക്ഷണ സമിതി അംഗങ്ങളെ ഇക്കോട്ടൂറിസത്തിലുൾപ്പെടുത്താൻ കഴിയുകയുള്ളൂ.